# കറുത്ത കുർബ്ബാന

## ഞാൻ നടന്ന വഴികൾ

ഫാ. അലോഷ്യസ് ഡി. ഫെർണാന്റസ്



242

# കറുത്ത കുർബ്ബാന

## ഞാൻ നടന്ന വഴികൾ

സ്നേഹബഹുമാനപൂർവ്വം

[illegible]

Aloysius
(അലോഷ്യസ്)
05.08.2005
0477-2287602

PG Library & Research Center

8439

# കറുത്ത കുർബ്ബാന

## ഞാൻ നടന്ന വഴികൾ

ഫാ. അലോഷ്യസ് ഡി. ഫെർണാന്റസ്

പ്രസാധനം, വിതരണം

ബിഷപ് ഡോ. പൗലോസ് മാർ പൗലോസ് ഫൗണ്ടേഷൻ
ഫോർ സോഷ്യോ - കൾച്ചറൽ ഡവലപ്മെന്റ്
തൃശൂർ - 18

വില - 130 രൂപ

242

*malayalam language*
***karutha kurbana***
*njan nadanna vazhikal*
*memoirs*
*fr. aloysius d. fernandez*
*copy rights reserved*
*cover design: a. v. pratheesh, praxis, changanacherry*
*type setting: jcic paravoor, alappuzha - 14*
*layout: presanna kumar o. p.*
*published and distributed by: bishop dr. poulose mar poulose foundation for socio-cultural development, thrissur - 08*
*first impression: june 2005*
*copies: 1000*
*printed at: nambothil offset printers, mavelikara*
*price: rs 130/-*

“അക്ഷരം അഗ്നിയാണ്
അത്, അടിമയുടെ കയ്യിലെ
അവസാനത്തെ ആയുധമാണ് ”

## സമർപ്പണം

കഴിഞ്ഞ കാലത്തിന്റെ ദുഷിച്ച നീതികൾ
അക്ഷരം നിഷേധിച്ചപ്പോഴും
അനുഭവങ്ങളുടെ തീച്ചോലകളിൽ നിന്നും
വീക്ഷണവ്യക്തതയും, നിശ്ചയദാർഢ്യവും,
പോരാട്ട വീറും, സമരസ്ഥൈര്യവും പൊരുതി നേടിയ
എന്റെ ജീവിതപ്രവർത്തനങ്ങളുടെ പ്രചോദനവും ശക്തിയുമായ
പത്തനംതിട്ട ലക്ഷംവീടു കോളനിയിലെ
ശോശാമ്മച്ചി എന്ന ശോശാ ജോർജിന് ...
അവർ ഉൾപ്പെടുന്നതും പ്രതിനിധീകരിക്കുന്നതുമായ
ചവിട്ടിത്താഴ്ത്തപ്പെട്ട ദലിതകോടികൾക്ക് ...
നിസ്വരും ചൂഷണവിധേയരും നിസ്സഹായരുമായ
ദരിദ്രകോടികൾക്ക്
സവിനയം ...

# സമർപ്പണ ഗാനം

ഏഴഴകാർന്ന കറുപ്പിൻ കൈകളിൽ
തഴമ്പിന്റെ വേദന വിങ്ങുമ്പോൾ
കറുകറുത്ത പ്രഭാതങ്ങൾക്കായ്
കറുത്ത മക്കളാം നമുക്ക് പാടാം ....

വെറും കയ്യാൽ വേട്ടയ്ക്കിറങ്ങൂ
വേദനയേറുന്ന നെഞ്ചുമായിന്ന് (2)
വേദാന്തമറിയണം വേദനയാൽ
പിന്നെയുദിക്കണം കറുത്ത സൂര്യൻ .. (2)
ചുടു ചുവപ്പൻ ചോരയൊഴുകും
നമ്മുടെ കറുത്ത നിഴലുകൾ
നാം ചവിട്ടുമ്പോൾ
നമ്മെ ചവിട്ടുന്നു നാം
നമ്മുടെ നെഞ്ചിൽ ചവിട്ടുന്നു നാം .. (2)

കറുപ്പിന്റെ അമ്മയാം കാലമേ നീ
കാടിന്റെ അമ്മയാം കാലമേ നീ .. (2)
തമസിലും പുഷ്പിക്കും ഉണ്മയെ
ഞങ്ങൾ തേടുന്നാ കറുത്ത സൂര്യനെ
കറുത്ത സൂര്യനെ

*(കടപ്പാട് - സണ്ണി കവിക്കാട്)*



## പ്രസാധകക്കുറിപ്പ്

ജീവിതത്തന്റെ പച്ചയാഥാർത്ഥ്യങ്ങളോട് സംവദിക്കുന്നതാവണം വിശ്വാസം എന്ന് പൗലോസ് മാർ പൗലോസ് തിരുമേനി വിശ്വസിച്ചു. എന്നാൽ മനുഷ്യന്റെ അനുദിന ജീവിതത്തിൽ നിന്നും അവനെ മുറിച്ചുമാറ്റി മേധാവിത്ത വ്യവസ്ഥയുടെ അടിമയാക്കിതീർക്കലാണ് സെമിനാരി വിദ്യാഭ്യാസം. ഒരോ സെമിനാരികളിലും മനുഷ്യത്വം മരിക്കുന്നതിന്റെയും, വ്യക്തിയെ യന്ത്രസമാനനായി പരുവപ്പെടുത്തു

ന്നതിന്റെയും നേർചിത്രങ്ങൾ മലയാളിക്കുമുൻപിൻ ആദ്യമായി വരച്ചു കാട്ടപ്പെടുകയാണ് "കറുത്ത കുർബാന"യിലൂടെ. മലയാളത്തിന് ഇനിയും അപരിചിതമായ ഒരു മേഖലതന്നെയാണ് പൗരോഹിത്യ ജീവിതം. സാമാന്യജനത്തിന്റെ അനുദിന ജീവിതത്തിൽനിന്നും എത്രയോ അകലെയാണ് പുരോഹിതന്മാരും അരമനകളും എന്ന യാഥാർത്ഥ്യം തിരിച്ചറിയുകയും, തന്റെ തന്നെ പൗരോഹിത്യ ശുശ്രൂഷയെ ജനനന്മയിൽ ഊന്നിയ വേറൊന്നായി മാറ്റി തീർക്കുവാനുള്ള ഒരു പുരോഹിതന്റെ ആത്മാന്വേഷണങ്ങളുടെ രേഖകൂടിയാണ് ഈ കൃതി. അസാധാരണമായ ഈ ജീവിത കഥ പൗരോഹിത്യത്തിന്റെ സാധാരണതകളെ ചോദ്യം ചെയ്യുമ്പോൾ ചകിതമാവുക ക്രൈസ്തവ സാമുദായികതയുടെ കാപട്യങ്ങളാണ്. മതം, പൗരോഹിത്യം, സന്യസ്തം, വിശ്വാസ ആവിഷ്ക്കാരം ഇവയൊക്കെ മനുഷ്യനെ കൂടുതൽ മനുഷ്യനാക്കുന്ന സംരംഭങ്ങളായിരിക്കണമെന്ന് ഉറച്ചു വിശ്വസിക്കുന്ന ഫാ. അലോഷ്യസ് ഡി. ഫെർണാണ്ടസിന്റെ ആത്മാന്വേഷണം പ്രസിദ്ധീകരിക്കുന്നതിൽ ഞങ്ങൾക്ക് അതീവ ചാരിതാർത്ഥ്യമുണ്ട്. മലയാളികൾ സുമനസോടെ ഈ ഗ്രന്ഥത്തെ എതിരേൽക്കുമെന്നുള്ള പ്രത്യാശയോടെ ജനതയുടെ വിമോചനപോരാട്ടങ്ങൾക്ക് വെളിച്ചം പകരുന്ന ഒരു ജ്വാല കൂടി ഇവിടെ തെളിക്കട്ടെ.

**ബിഷപ് ഡോ. പൗലോസ് മാർ പൗലോസ് ഫൗണ്ടേഷൻ**
**ഫോർ സോഷ്യോ-കൾച്ചറൽ ഡവലപ്മെന്റ്**
**പ്രവർത്തകർ**

# ഉള്ളടക്കം


അവതാരിക 17

സക്കറിയ

1. കുടുംബം: വിശ്വാസത്തിന്റെ വേറിട്ട പൈതൃകം 19

കുടുംബത്തിന്റെ ഭൗതികസാഹചര്യങ്ങൾ

അമ്മാമ്മ

എനിക്കു മൂന്ന് അമ്മമാർ

അല്ലി അച്ചാച്ചനും ഞാനും

കൂട്ടുകുടുംബാനുഭവത്തിന്റെ മാധുര്യം

കുടുംബ പ്രാർത്ഥന

വിശുദ്ധ അന്തോനീസും 101 അപ്പവും

2. അപ്പാപ്പൻ: ജീവിതം തന്നെയാണ് സന്ദേശം 33

അദ്ധ്വാനം = അപ്പാപ്പൻ

3. ദൈവവഴിയിലേയ്ക്ക് നയിച്ച പിടിവാശി 39

4. ആദ്യകുർബ്ബാന: വ്യവസ്ഥാപിത വിശ്വാസത്തിന്റെ ആദ്യനിഷേധം 42

5. എന്റെ വിദ്യാലയം: ദൈവത്തികലേയ്ക്ക് 44

ആദ്യകാല അദ്ധ്യാപകവൃന്ദം

ചില ഇളവുകൾ

6. സെമിനാരിയിലേയ്ക്ക് നയിച്ച ജനഗണമന 46

7. നാലു വ്യക്തിത്വങ്ങൾ 49

8. ക്രിസ്റ്റി അച്ചന്റെ അടിയും
ഏലിയാസച്ചന്റെ 'മൂലവും മൂടും' എന്റെ പാറ്റായും 52
9. പതിനാലാം വയസ്സിൽ 'ആയിരം ചാവുദോഷങ്ങൾ' 55
10. പുണ്യങ്ങളുടെ കണക്കുപുസ്തകം 57
11. വെസ്റ്റിഷൻ: ജൈവികചോദന വിലക്കപ്പെട്ട കനിയോ ? 59
12. അപ്പാപ്പന്റെ ദർശനങ്ങൾക്കു
ഫാ. എമീലിയൂസിന്റെ താത്വികാടിത്തറ 66
13. അദ്ധ്വാനത്തിന്റെ ദൈവശാസ്ത്രവും
സ്നേഹത്തിന്റെ സാമ്പത്തിക ശാസ്ത്രവും 70
സഭാ വിജ്ഞാനീയവും ഫാ. ഫിലിപ്പും
കണക്കറിഞ്ഞുകൂടാത്ത കൂട്ടുകാരൻ
14. വികസിതമാകുന്ന അജപാലനലോകം 73
മനുഷ്യസ്നേഹിയായ റെക്ടറച്ചൻ
സെമിനാരി പരിഷ്കരണം: ഒരു രഹസ്യ അജണ്ട
ഭവനരഹിതർക്കു വീട്
15. ഒരു വൈദികനിൽ നിന്ന് നിങ്ങൾ എന്തു പ്രതീക്ഷിക്കുന്നു ? 77
എന്റെ ആദ്യത്തെ നേതൃത്വക്യാമ്പ്
ഡൈനാമിക് റ്റീം
പാസ്റ്ററൽ ഓറിയന്റേഷൻ സെന്റ(POC)റിന്റെ ആരംഭം
കുമ്പളത്ത് സഹകരണാടിസ്ഥാനത്തിൽ റോഡ്
ആദ്യത്തെ ഇടവക ശുശ്രൂഷാനുഭവം
16. യേശു പറയുന്നതും പുരോഹിതർ പ്രവർത്തിക്കുന്നതും 84
പട്ടത്വ ശുശ്രൂഷ
പൗരോഹിത്യജീവിത സ്പന്ദനങ്ങൾ
ആദ്യവിശുദ്ധവാരാചരണം
17. മരണത്തിനും മായ്ക്കാനാവാത്തവർ 92
അപ്പാപ്പന്റെ അസുഖവും മരണവും
ഏലിയാസ് ജോസച്ചനും ഞാനും
18. ഓർമ്മയിലൊരു ജോൺ 100
ആരാധനയിൽ സജിവ പങ്കാളിത്തം

19. രണ്ടു ശരികൾ ഏറ്റുമുട്ടുന്നു 103
ബിഷപ് ജെറോമും ളോഹയും
കൊറോണാമ്മച്ചി എന്റെ വൈദികജീവിതത്തിൽ
20. നിന്ദിതരുടെയും പീഡിതരുടെയും ക്രിസ്തു 107
ഒരു കുടികിടപ്പു സമരം
നൂറനാട് കുഷ്ഠരോഗാശുപത്രി പഠിപ്പിച്ച പാഠം
21. കല്ലിന്മേൽ കല്ലു ശേഷിക്കാതെ 110
നൂറനാടു പള്ളിയും ഇലവുംതിട്ട കുരിശടിയും
വൈദികരുടെ ചെറുസംഘം
സമൂഹ്യക്ഷേമപ്രവർത്തനങ്ങൾ
22. വഴിത്തിരിവുണ്ടാക്കിയ ചോദ്യങ്ങളുടെ ഘോഷയാത്ര 115
ബോധവൽക്കരണ ഇടപെടലുകൾ
ശാസ്ത്രീയ സാമൂഹ്യാപഗ്രഥനം: വേറിട്ടൊരു നോട്ടം
23. ആനയെ തോല്പിച്ച പനിനീർപുഷ്പം 120
ജോസഫ് പിതാവിനു സ്വീകരണം
24. മനം നോവിക്കുന്ന ഒസ്യത്ത് 122
ചാത്തൻ പുല്ലൻ വേലത്താനോടു കാട്ടിയ നീതികേട്
25. ദരിദ്രരുടെ സ്വന്തം അൾത്താര 124
ഇലവുംതിട്ടയിലെ യുവജനസംഘം
പലിശമാഫിയായ്ക്കെതിരെ
26. മന്ത്രവാദിയും കുട്ടിപ്പിശാചും അച്ചനും 127
മദ്യവും മല്ലപ്പുഴശ്ശേരി മലയും
മന്ത്രവാദിയും കുട്ടിപ്പിശാചും അച്ചനും ഒന്ന്
27. ജെറുശലേമിലെ ചാട്ടവാർ 130
28. മനുഷ്യനീതിയും ദൈവനീതിയും 132
QSSSന്റെ ജനകീയ ആരോഗ്യപ്രവർത്തകർ
മതബോധനക്യാമ്പ് - മാറ്റത്തിലേയ്ക്ക്
പള്ളിമേട - ആദ്യത്തെ കുടുംബം
മനുഷ്യനീതിയും ദൈവനീതിയും രണ്ട്
29. പള്ളിമേടയിൽ സ്ത്രീ അന്തിയുറങ്ങുകയോ ? 137

30. ജീവിക്കുന്ന കുർബ്ബാന 140
മറക്കാനാവാത്ത കുർബ്ബാന
ആത്മപരിശോധനയ്ക്ക് ഒരു വിശുദ്ധവാരം
കുർബ്ബാന അപരർക്ക് ആത്മദാനം
ഇതാ ദരിദ്രനായ ക്രിസ്തു - ആമേൻ
31. കൂടുതൽ ജനപക്ഷത്തേയ്ക്ക് അഥവാ
കൂടുതൽ ദൈവപക്ഷത്തേയ്ക്ക് 148
സാർവ്വത്രികമായി ചിന്തിക്കുക,
പ്രാദേശികമായി പ്രവർത്തിക്കുക
ഇങ്ക്വിലാബ് സിന്ദാബാദ്
ജനകീയഗാനങ്ങൾ: മാറ്റത്തിന്റെ സ്വരം
പള്ളിമേട - ഒരു തുറന്ന കുടുംബാനുഭവം
ജനകീയ ക്രിസ്തുമസ് - ദരിദ്രർക്കു സദ്വാർത്ത
ആദ്യത്തെ സമരസംഘാടനം
32.എനിക്കൊരനുജൻ 160
33. എന്റെ കൂട്ടുകാരി 162
34. കാപട്യങ്ങളുടെ നിര 170
വ്യക്തിപര പുണ്യത്തിന്റെ പൊള്ളത്തരം
വ്യവസ്ഥാപിത കുടുംബത്തിന്റെ കാപട്യങ്ങൾ
പാൽ കുടിക്കാൻ പശുവിനെ വാങ്ങണോ?
35. ഇടവകയിൽ ഒരു പാർലമെന്ററി പരീക്ഷണം 179
പടപ്പക്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി (PSSS)
ജനാധിപത്യ പ്രക്രിയയിലൂടെ ഒരു ഇടവകകമ്മിറ്റിയോ ?
നെഞ്ചിനു നേരേ ഉയർന്ന കഠാര
36. ബൈബിൾ: മാറ്റപ്രക്രിയയ്ക്കു പ്രേരകശക്തി 182
ബൈബിൾ വിതരണവും പഠനവും
കുരിശടിക്കൃഷിയ്ക്കെതിരെ
നിരാഹാരസമരം - ആത്മദാനത്തിന്റെ പ്രതീകം

37. വെളുത്ത കുർബ്ബാനയും കറുത്ത കുർബ്ബാനയും 187

കുർബ്ബാനയിൽ വിവേചനമോ?

രാഷ്ട്രീയ ധ്രുവീകരണം - എന്റെ സേവന നേട്ടം

വലിച്ചെറിയപ്പെട്ട സ്തോത്രകാഴ്ച

38. കണക്കു പറഞ്ഞ് ... വില പേശി ... സ്വർഗ്ഗത്തിലേയ്ക്ക് 194

39. സൗഹൃദവലയം 197

എടുത്തുപറയേണ്ട ചില വൈദികർ

മരണത്തെ അതിജീവിക്കും സുഹൃത്ബന്ധം

40. അണ്ണാണ്ണനും ലീലചേട്ടത്തിയും എന്റെ വൈദികജീവിതവും 203

41. ദരിദ്രപക്ഷം 207

ജോസഫ് പിതാവും ഞാനും

ദരിദ്രപക്ഷത്ത് ഉറച്ചുനില്ക്കാൻ ചെറുവൈദികസംഘം

42. അമേരിക്കയിലേയ്ക്ക് 213

ബോസ്റ്റൻ കോളേജിലെ പഠനം

ഒന്നുകിൽ ദൈവം, അല്ലെങ്കിൽ പണം

43. ബ്രസീലിലേയ്ക്ക് 217

44. ഈസ്റ്റ് ജർമ്മനിയിലേയ്ക്ക് 222

45. ജനജാഗ്യതിയുടെ തുടക്കം 224

മാധ്യമം സാമൂഹ്യമാറ്റത്തിന്

ഇനി 99,999 അടി മതി

46. ജസ്സിയും ബോസ്ക്കോയും 229

ജസ്സിയും ജനജാഗൃതിയും

ബോസ്ക്കോയും ഞാനും

47. എന്റെ രാഷ്ട്രീയ നിലപാട് 233

48. ബദൽ അന്വേഷണ കൂട്ടായ്മ 235

49. ഇപ്പോൾ അലോഷ്യസ് ആര് ? 237

ബിഷപ് സ്റ്റാൻലിയും ഞാനും

ബിഷപ് സ്റ്റാൻലിയുടെ ജനജാഗൃതി സന്ദർശനം

50. ഇപ്പോൾ ഞാൻ ഒരു 'കൂടുതൽ' പുരോഹിതനാണ് 245

അനുബന്ധം -1 249

അനുബന്ധം - 2 250

# ഒരു വാക്ക്

ഇത് ഒരന്വേഷണക്കുറിപ്പാണ്. പരമ്പരാഗത ക്രൈസ്തവ കുടുംബസാഹചര്യത്തിൽ ജനിച്ചുവളർന്ന ഞാൻ, യേശുവിന്റെ യഥാർത്ഥ പാത കണ്ടെത്താനുള്ള ഉദ്യമത്തിൽ നടന്നുനീങ്ങിയ വഴികളിലേയ്ക്കുള്ള ഒരെത്തിനോട്ടം. ക്രൈസ്തവവിശ്വാസത്തിന്റെ ദൈവശാസ്ത്ര അടിത്തറയിൽ വേരൂന്നിക്കൊണ്ടുള്ള ഒരു തെരയൽ. മനുഷ്യവിമോചന പന്ഥാവിൽ സാമാന്യജനത്തോടൊപ്പം നിലപാടെടുത്ത് നടന്നു നീങ്ങുന്നതിൽ നിശ്ചയദാർഢ്യം. ദൈവം, മതം, വിശ്വാസം, ധാർമ്മികത, സമൂഹം, കുടുംബം - ഇവിടൊക്കെത്തന്നെ നേരു ചികയാനുള്ള ഉത്സുകത, അഭിവാഞ്ഛ. ഇവയുടെയൊക്കെ ഒരു ബാഹ്യപ്രകാശനമാണീ പുസ്തകം.

ഇതിൽ കണക്കുകൂട്ടിയിട്ടുള്ള ക്ലിപ്തമായ ക്രമത്തിലല്ല ഓർമ്മകൾ കുറിച്ചിരിക്കുന്നത്. ഓർമ്മയുടെ ലോകത്തിന്റെ ചെറിയൊരംശം മാത്രമാണ് ഇവിടെ കുറിച്ചിരിക്കുക. കൂടുതൽ ക്രമത്തിനും ക്ലിപ്തതയ്ക്കും ചിട്ടപ്പെടുത്തലിനും പോകാഞ്ഞതുകൊണ്ടുതന്നെ എഴുത്തിന്റെ സ്വാഭാവികത നിലനിർത്താൻ സാധിച്ചു എന്നാണു ഞാൻ കരുതുക.

ആദ്യന്തം എഴുത്തിനു വിശ്വാസത്തിന്റെ മാനമുണ്ട്. അത് എന്റെ ജീവിതത്തിന്റെ ഒരു മുഖമാണ്. ആ ഒരു മുഖം മാത്രമേ ഇവിടെ പ്രധാനമായും അനാവരണം ചെയ്തിട്ടുള്ളു എന്ന വലിയ പരിമിതി ഈ പുസ്തകത്തിനുണ്ട്. വിമോചന പോരാട്ടത്തിന്റേതും ജനകീയ മുന്നേറ്റത്തിന്റേതുമായ ഒരു മുഖം ഇനിയും പ്രകാശം കാണേണ്ടതുണ്ട് എന്നാണെന്റെ ചിന്ത.

ഈ പുസ്തകം എഴുതുമ്പോൾ ജീവിതത്തിൽ എന്നെ വഴിനടത്തിയതിൽ പങ്കുവഹിച്ച പതിനായിരക്കണക്കിനു വ്യക്തികളെ നിറഞ്ഞ സ്നേഹത്തോടെ സ്മരിക്കുന്നു. ഒപ്പം ഇതിന് അവതാരിക താല്പര്യപൂർവ്വം എഴുതിത്തന്ന, മലയാളിയുടെ നാവായ ശ്രീ. സക്കറിയ, ചിന്തോദ്ദീപമായ കവർ ഡിസൈൻ ചെയ്ത ചങ്ങനാശ്ശേരി പ്രാക്സിസിലെ ശ്രീ. എ. വി. പ്രതീഷ്, ടൈപ്പ് സെറ്റിംഗ് മനോഹരമായി ചെയ്തുതന്ന ശ്രീ. ഒ. പി. പ്രസന്നകുമാർ, എഡിറ്റ് ചെയ്തു പ്രൂഫ് നോക്കാൻ സഹായിച്ച സർവ്വശ്രീ ഡോ. ജോർജ്ജ് കെ. അലക്സ്, പി. വി. വേണുഗോപാൽ, കൊച്ചുമോൾ, എൻ. ജി. ശാസ്ത്രി, സി. പി. സുധാകരൻ, എ. ജോൺസൺ, സെബാസ്റ്റ്യൻ വട്ടമറ്റം എന്നിവരെ ഹൃദയത്തിൽ സൂക്ഷിക്കുന്നു. ഈ പുസ്തകം മനോഹരമായി അച്ചടിച്ചിറക്കാൻ സന്നദ്ധത കാട്ടിയ ബിഷപ് ഡോ. പൗലോസ് മാർ പൗലോസ് ഫൗണ്ടേഷന് ഹൃദയംഗമമായ നന്ദി.

ക്രിയാത്മകമായ മാറ്റത്തെ കൊതിക്കുന്ന ഓരോരുത്തർക്കുമായി ഈ ചെറിയ കൃതി ജനസമക്ഷം ഏല്പിക്കട്ടെ.

*21. 06. 2005* *ഫാ. അലോഷ്യസ് ഡി. ഫെർണാന്റസ്*

# അവതാരിക
## സക്കറിയ

'കറുത്ത കുർബ്ബാന' ഒരു അസാധാരണ ഗ്രന്ഥമാണ്. വളരെ വിരളമായേ, പ്രത്യേകിച്ചും കേരളത്തെപ്പോലെ മുഖംമൂടിയണിഞ്ഞ ഒരു സമൂഹത്തിലും മലയാളത്തെപ്പോലെ മുഖംമൂടിയണിയാൻ വിരുതുള്ള ഒരു ഭാഷയിലും, ഇത്തരമൊരു ആത്മകഥ ലഭിക്കാറുള്ളു. ഫാ. അലോഷ്യസ് എന്ന കത്തോലിക്കാ പുരോഹിതൻ ഈ പുസ്തകത്തിൽ തന്റെ ജീവിതകഥ തുറന്നു പറയുന്നു. ഫാ. അലോഷ്യസ്, പൗരോഹിത്യം ഉപേക്ഷിച്ചിട്ടില്ലാത്ത, എന്നാൽ വഴിമാറി നടക്കുന്ന, പുരോഹിതനാണ്. അങ്ങനെ ചെയ്യുന്ന അനവധി ക്രൈസ്തവപുരോഹിതന്മാരിലൊരാളാണ് അദ്ദേഹമെന്ന് എനിക്കറിയാം. പക്ഷേ അദ്ദേഹം സധൈര്യം തന്നെത്തന്നെ അഭിമുഖീകരിക്കുന്നു; തന്റെ സഭയെയും സമൂഹത്തെയും അഭിമുഖീകരിക്കുന്നു. ഫാ. അലോഷ്യസ് തന്റെ ജീവിതത്തിനും വിശ്വാസത്തിനും കർമ്മത്തിനും പൗരോഹിത്യത്തിനും നേരേ തിരിച്ചുപിടിക്കുന്ന ഈ കണ്ണാടി കാണിച്ചുതരുന്ന കാഴ്ചകൾ മലയാളത്തിന്റെ ചട്ടക്കൂട്ടിൽ അസാധാരണമാണ്. ഫാ. അലോഷ്യസ് എഴുത്തുകാരനല്ല, സാമൂഹികപ്രവർത്തകനാണ്. പക്ഷേ അദ്ദേഹം തന്റെ കാര്യമാത്രപ്രസക്തവും ദൃഢവും അനാർഭാടവു

മായ എഴുത്തിലൂടെ ശക്തിമത്തായ ഗദ്യമാണ് സൃഷ്ടിക്കുന്നത്. അതിലൂടെത്തന്നെ ശക്തിയേറിയ സത്യവും അദ്ദേഹം സൃഷ്ടിക്കുന്നു. മലയാളഭാഷയുടെ, നമുക്കു സുപരിചിതമായ, സാഹിത്യപരമായ കൂട്ടിക്കുഴയലുകൾ പലപ്പോഴും സത്യത്തെ മറയ്ക്കുകയാണോ ചെയ്യുന്നത് എന്ന ചിന്ത ഇത് ഉണർത്തുന്നു. മലയാളം ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും, നൃത്തം പഠിക്കുന്ന കുട്ടിയെപ്പോലെ ചുവടുവയ്പ്പുകളുടെയും മുറകളുടെയും തലത്തിൽ കുടുങ്ങിക്കിടക്കുകയാണെന്നത് അത്ഭുതപ്പെടുത്തുന്ന വാസ്തവമാണ്. മെയ്മറന്ന് നൃത്തം ചവിട്ടുന്ന നർത്തകിയെ കാണാനില്ല. ഫാ. അലോഷ്യസിന്റെ പ്രായോഗികഗദ്യത്തിന്റെ ലളിതമായ ഉറപ്പുകൾ വായനക്കാരെ സന്തോഷിപ്പിക്കും.

മസ്തിഷ്ക്ക പ്രക്ഷാളനങ്ങളെ ചോദ്യംചെയ്യാനും, സ്വന്തമായ ആന്തരികാസ്വസ്ഥതകൾ നിർമ്മിക്കാനും, അവയുടെ തീപ്പൊരികൾ വിതറുന്ന വെളിച്ചത്തിലൂടെ ഒറ്റയ്ക്ക് സഞ്ചരിക്കാനും തയ്യാറായ ഒരു പുരോഹിതൻ തുറന്നുപിടിയ്ക്കുന്ന ജീവിതവാതിലാണ് 'കറുത്ത കുർബ്ബാന'. സമകാലീന ക്രൈസ്തവപൗരോഹിത്യത്തിന്റെ അസംഖ്യം കാണാപ്പുറങ്ങളിലേയ്ക്ക് അതു നമ്മെ നയിക്കുന്നു. ഒപ്പം, ഫാ. അലോഷ്യസ്, ഇവിടെ സൃഷ്ടിക്കുന്നതു നാട്ടുചരിത്രത്തിന്റെയും കുടുംബകഥകളുടെയും അപ്രതീക്ഷിത വ്യക്തിത്വങ്ങളുടെയും ഒരു സമാന്തരാഖ്യാനം കൂടിയാണ്. ഒരു ഏകാന്തപഥികന്റെ വഴിത്താരയുടെ ഈ പിടിച്ചിരുത്തുന്ന കഥ വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കാൻ എനിക്കു വളരെ ആഹ്ലാദമുണ്ട്. ഫാ. അലോഷ്യസിന് അദ്ദേഹത്തിന്റെ ജീവിതപ്പാതയിൽ എല്ലാ അഭ്യുദയങ്ങളും നേരുന്നു.

തിരുവനന്തപുരം
04. 03. 2004

# 1

## കുടുംബം: വിശ്വാസത്തിന്റെ വേറിട്ട പൈതൃകം

ഒരു കുടുംബത്തിൽ രണ്ടു പേർ ഒരേ പേരിൽ. പലരും ചോദിച്ചിട്ടുള്ള കാര്യമാണിത്. ഇതിന് ഒരു കഥയുണ്ട്. എന്റെ ജനനം കുണ്ടറ എൽ. എം. എസ്. ആശുപത്രിയിലായിരുന്നു. അന്ന് അമ്മാമ്മയുടെ അടുത്ത കട്ടിലിൽ കിടന്നിരുന്നത് അഞ്ചുതെങ്ങിൽ നിന്നു വന്ന ഒരു സ്ത്രീ ആയിരുന്നു. രണ്ടു കുടുംബങ്ങളും ഏറെ അടുത്തു. അവർ പരസ്പരം കുഞ്ഞുങ്ങളുടെ തല തൊട്ട കുടുംബങ്ങളാകാൻ തീരുമാനിച്ചു. അങ്ങനെ അവർ എന്റെ തല തൊടാൻ കുമ്പളം പള്ളിയിലെത്തി. തലതൊടുന്ന മാതാപിതാക്കളുടെ അവകാശമാണ് പേരു നിശ്ചയിക്കുക. അവർ എനിക്ക് അലോഷ്യസ് എന്ന പേരു നൽകി. ജ്യേഷ്ഠൻ ഒരു അലോഷ്യസ് ഉണ്ടെന്ന് ഓർമ്മിപ്പിച്ചപ്പോൾ, 'ഞങ്ങൾ തലതൊടുന്ന കുഞ്ഞിന്റെ പേര് അലോഷ്യസ് തന്നെ' എന്നവർ തീർത്തുപറഞ്ഞു. അങ്ങനെ ഞാനും അലോഷ്യസായി. പക്ഷേ വീട്ടിലും നാട്ടിലെ സ്കൂളിലും എല്ലാവരുമെന്നെ രാജൻ എന്നാണു വിളിച്ചിരുന്നത്. ഇന്നും അവർ മിക്കവരും 'രാജനച്ചൻ' എന്നാണു വിളിക്കുക.

കൊല്ലം ജില്ലയിൽ, മുളവന വില്ലേജിൽ, പേരയം പഞ്ചായത്തിൽ വലിയ വിള പൊയ്ക കുടുംബത്തിൽ 1947 ആഗസ്റ്റ് 29-നു ജനിച്ചു. അന്നു ചിങ്ങമാസത്തിലെ തിരുവോണ ദിവസമായിരുന്നു. അപ്പൻ ദാവീദ് വസ്ത്യൻ ഫെർണാന്റസ്; അമ്മ ത്രേസ്യമ്മ. ഞങ്ങൾ അപ്പനെ അപ്പാപ്പൻ എന്നും അമ്മയെ അമ്മാമ്മ എന്നുമാണു വിളിച്ചിരുന്നത്. ഞങ്ങൾ 10 മക്കൾ. ഞാൻ അവസാനത്തെ സന്തതി.

എല്ലാംകൊണ്ടും തീർത്തും ഒരു പരമ്പരാഗത കത്തോലിക്കാ കുടുംബപശ്ചാത്തലം. അപ്പാപ്പനു മൂന്നു സഹോദരന്മാരും 4 സഹോദരിമാരും അങ്ങനെ 8 പേർ. അവരിൽ ഒരു കന്യാസ്ത്രീ, നേരെ മൂത്തതും നേരെ ഇളയതും രണ്ടു വൈദികർ, ഒരു സഹോദരിയുടെ മകൻ വൈദികനാകാൻ പഠിക്കുന്നതിനിടയിൽ രോഗം മൂലം മരിച്ചു. മറ്റൊരു സഹോദരിയുടെ ഒരു മകൾ കന്യാസ്ത്രീ, ഒരു മകൻ വൈദിക പട്ടത്തിൽ ഡീക്കൻ വരെ പഠിച്ചു. ജ്യേഷ്ഠ സഹോദരന്റെ രണ്ടു മക്കൾ വൈദികർ. അങ്ങനെ വൈദികപാരമ്പര്യമുള്ള കുടുംബം.

അമ്മാമ്മയോ അടിയുറച്ച ഈശ്വരവിശ്വാസി. ദീർഘമായ പ്രാർത്ഥന - അതായിരുന്നു അമ്മാമ്മയുടെ ജീവിതചര്യയിൽ പ്രധാനം. അമ്മാമ്മയുടേത് അപ്പാപ്പന്റേതു പോലെതന്നെ വിശിഷ്ടമായൊരു കുടുംബമായിരുന്നു. പൊന്നുപോലെയായിരുന്നു അമ്മാമ്മയെ വളർത്തിയത് എന്നൊക്കെ പറഞ്ഞു കേട്ടിട്ടുണ്ട്. രണ്ടു സഹോദരന്മാരെപ്പറ്റിയും ഒരു അനുജത്തിയെപ്പറ്റിയും അറിയാം. അവരുടെ കുടുംബങ്ങളെപ്പറ്റിയും. മറ്റു തലമുറബന്ധങ്ങളിൽപ്പെട്ടവരുമായി കാര്യമായ ബന്ധമോ ഇടപെടലോ ഇല്ലായിരുന്നു. പക്ഷേ അപ്പാപ്പന്റെ കുടുംബത്തിലെ പല തലമുറകളിലുള്ള ബന്ധുക്കളുമായി ബന്ധവും ഇടപെടലും വളർത്താൻ വേണ്ട സഹായം വേണ്ടപ്പെട്ടവർ ചെയ്തിരുന്നു. നോക്കണേ പുരുഷമേധാവിത്തത്തിന്റെ പ്രവർത്തനശൈലി. ഒരേ തരം ബന്ധം - ഒന്നു വളർത്തപ്പെടുന്നു; മറ്റേതു വിസ്മൃതിയിലാക്കപ്പെടുന്നു. ആർക്കും അതിലൊരു നഷ്ടമോ കുറ്റബോധമോ പ്രത്യേകതയോ ഇല്ലതാനും.

അമ്മാമ്മ 10 പ്രസവിച്ചു. ആദ്യത്തേതു രണ്ടു പെൺമക്കൾ - ബേബി(വറീതാൾ)യും മേരിയും. പിന്നെ രണ്ട് ആൺമക്കൾ - ആൻസലും അലോഷ്യസും. പിന്നെ മൂന്നു പിഞ്ചുകുഞ്ഞുങ്ങൾ പ്രസവത്തിലേ മരിച്ചു. തുടർന്നു മൂന്ന് ആൺമക്കൾ - ജോസഫ്, ബ്രൗൺലി (അല്ലി), ഞാൻ (രാജൻ). സഹോദരികളെ യഥാക്രമം ബേബിയക്കാക്ക, മേരിയക്കാക്ക എന്നും സഹോദരന്മാരെ ആൻസലച്ചാച്ചൻ, അണ്ണാണ്ണൻ, ജോസഫച്ചാച്ചൻ, അല്ലിയച്ചാച്ചൻ എന്നുമാണു ഞാൻ വിളിച്ചിരുന്നത്. പലർക്കും ഈ ഇരട്ടിപ്പ് തമാശയായി തോന്നുകയും എന്നെ കളിയാക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഇതു കൂടുതൽ ബഹുമാനത്തിന്റെ അടയാളമെന്ന രീതിയിൽ തുടരുന്നതിലാണ് ഞാൻ തൃപ്തി കണ്ടെത്തിയത്.

ഏറ്റം ഇളയ സന്തതിയെന്ന നിലയിൽ എല്ലാവരുടെയും പ്രത്യേക സ്നേഹവും പരിഗണനയും ലാളനയും എനിക്ക് ഒത്തിരി ലഭിച്ചിരുന്നു.

### കുടുംബത്തിന്റെ ഭൗതികസാഹചര്യങ്ങൾ

കുമ്പളത്തു മിക്കവരും അപ്പാപ്പനെ വിളിച്ചിരുന്നതു 'മുതലാളി' അല്ലെങ്കിൽ 'ദാവീദ് അമ്മാച്ചൻ' എന്നായിരുന്നു. അമ്മാമ്മയെ അമ്മാമ്മയെന്നോ 'മാന' എന്നോ ആയിരുന്നു വിളിച്ചിരുന്നത്. ഒരുവിധം ഭൂസ്വത്തുള്ള ഒരു അടിത്തട്ടു മദ്ധ്യവർഗ്ഗ കുടുംബം. കുമ്പളത്തും പടപ്പക്കരയിലും കണ്ണനെല്ലൂരിലും പിന്നെ നാന്തിരിക്കലിലും കുറച്ചു ഭൂസ്വത്തുണ്ട്. വീട്ടിൽ തന്നെ കച്ചവടം നടത്താൻ വേണ്ടി ഒരു മുറിയുണ്ടായിരുന്നു - 'സാമാന മുറി'. കയർ പിരിപ്പിക്കലും കൊപ്രാ ബിസിനസ്സും തേങ്ങാ പാട്ടമെടുക്കലും ഒക്കെ ഞാൻ ചെറുതായി ഓർക്കുന്നു. റേഷൻകടയുൾപ്പെടെയുള്ള ഈവക വ്യവസായങ്ങളൊക്കെ കാര്യമായി നടത്തിയിരുന്നെന്നും പ്രായമായതോടെ ഓരോന്നും

നിർത്തിവരികയാണെന്നും അമ്മാമ്മ പറഞ്ഞു ഞാൻ മനസ്സിലാക്കി. കല്യാണം കഴിച്ച് അവർ രണ്ടും വലിയവിളയിൽ നിന്നും വലിയവിള പൊയ്കയിലേയ്ക്കു മാറി താമസമായപ്പോൾ 50 സെന്റു വസ്തുവും അതു വിറ്റാൽ കിട്ടുന്നതിന്റെ നൂറിരട്ടി കടവുമായാണു പുതിയ താമസം തുടങ്ങിയത്. ജീവിതഭാരം കൊണ്ട് പലവട്ടം ജീവനൊടുക്കാൻ ചിന്തിച്ചിട്ടുള്ള കാര്യവും അമ്മാമ്മ എന്നോടു വെളിപ്പെടുത്തിയത് ഉൾക്കിടിലത്തോടെ ഞാൻ സ്മരിക്കുന്നു.

**അമ്മാമ്മ**

തീർത്തും സ്നേഹസമ്പന്നയായിരുന്നു അമ്മാമ്മ. കർശനവും കഠിനവും കൃത്യവുമായ ജീവിതരീതി. ആരു വന്നാലും അവർക്കെല്ലാം ആഹാരം തൃപ്തിയോടെയും സന്തോഷത്തോടെയും വിളമ്പിക്കൊടുക്കും. സാധാരണനിലയിൽ ദേഷ്യപ്പെടുകയില്ല. വളരെ വിരളമായേ അമ്മാമ്മ ദേഷ്യപ്പെട്ടു കണ്ടിട്ടുള്ളു. അങ്ങനെ ഞങ്ങളോടു ദേഷ്യപ്പെട്ടാൽ നേർത്ത പുളിങ്കമ്പു കൊണ്ട് ഒന്നിനു പുറത്ത് ഒൻപതു എന്നു പറഞ്ഞുകൊണ്ടു നല്ല അടി തരും. അമ്മാമ്മയുടെ സ്നേഹം ഞങ്ങൾ മക്കൾക്കു മാത്രമായിരുന്നില്ല. നാട്ടിലുള്ള എല്ലാവരോടും അഗാധസ്നേഹമുണ്ടായിരുന്നു. ബിസിനസ്സിലെ പൈസ എടുക്കാൻ അപ്പാപ്പൻ അനുവദിച്ചിരുന്നില്ല. അതുകൊണ്ട് തേങ്ങ അടത്തുമ്പോൾ കുറച്ചു തേങ്ങ അപ്പാപ്പനറിയാതെ മാറ്റിയിട്ടു വിൽക്കും. ആ പൈസയും പിടിയരിയും മറ്റും വിറ്റുകിട്ടുന്ന പൈസയും അമ്മാമ്മയുടെ സ്വന്തം പൈസയാണ്. അതുകൊണ്ട് എന്തെങ്കിലും സമ്മാനങ്ങൾ മക്കൾക്കും കൊച്ചുമക്കൾക്കും ബന്ധുക്കൾക്കും നാട്ടുകാർക്കും കൊടുക്കുന്ന രീതിയും അമ്മാമ്മയ്ക്കുണ്ടായിരുന്നു.

കുമ്പളത്തിനു കിഴക്കുള്ള ഓണമ്പലത്തു താമസിക്കുന്ന പിന്നോക്ക സമുദായത്തിലെ ഒരു കുടുംബത്തിലെ മൂത്ത മകനെ വീട്ടിൽ നിർത്തിയാണ് പഠിപ്പിച്ചത്. ഞങ്ങൾ മക്കളിൽ ഒരാളെപ്പോലെ. പേരു വാസുദേവൻ. അദ്ദേഹത്തിനു ജോലി കിട്ടി. പൊലീസ് ഡിപ്പാർട്ട്മെന്റിൽ നല്ലൊരു സ്ഥാനത്തെത്തി റിട്ടയേർഡ് ആയി. അദ്ദേഹമൊരിക്കൽ എന്റടുത്തു പറഞ്ഞു: "നിങ്ങളുടെയും എന്റെയുമൊക്കെ വളർച്ചയുടെ യഥാർത്ഥ കാരണം അമ്മാമ്മയുടെ കണക്കില്ലാത്ത അപാരമായ സ്നേഹവും നിറഞ്ഞ വിശ്വാസത്തോടെയുള്ള നിരന്തര പ്രാർത്ഥനയുമാണ്." വല്ലപ്പോഴുമൊക്കെ അദ്ദേഹം വന്ന് അമ്മാമ്മയെ തന്റെ വീട്ടിലേയ്ക്കു കൂട്ടിക്കൊണ്ടുപോകുമായിരുന്നു. അങ്ങനെ പോകുമ്പോൾ ഒരാഴ്ച അമ്മാമ്മയ്ക്കു പൂർണ്ണവിശ്രമം. അവിടെ എല്ലാവർക്കും അമ്മാമ്മയുടെ സാന്നിധ്യം ഒരുത്സവം പോലെയായിരുന്നു. ഇങ്ങനെ പോകുമ്പോൾ ചിലപ്പോഴൊക്കെ എന്നെയും കൂട്ടിക്കൊണ്ടുപോകുമായിരുന്നു.

അമ്മാമ്മയ്ക്ക് മക്കളിലുണ്ടായിരുന്ന സ്വാധീനം സീമാതീതമായിരുന്നു. ആൻസലച്ചാച്ചനെ നേരേനിർത്താൻ അമ്മാമ്മയുടെ സ്നേഹത്തിനേ കഴിയുമായി

രുന്നുള്ളൂ എന്നു ചേട്ടത്തി പറഞ്ഞത് ഞാനോർക്കുന്നു. ലീലചേട്ടത്തിയും അണ്ണാണ്ണനും പറഞ്ഞ മറ്റൊരു അനുഭവകഥയുണ്ട്. ഏതോ സാഹചര്യത്തിൽ അവരുടെ നാന്തിരിക്കൽ വീട്ടിൽ അണ്ണാണ്ണൻ മദ്യപിക്കാൻ തുടങ്ങി. ഏതാണ്ട് എല്ലാ ദിവസവും മദ്യപിക്കുന്ന രീതിയായി. ചേട്ടത്തി ഗതികെട്ട് ഒരുദിവസം സ്കൂളിൽ പഠിപ്പിക്കാൻ പോയവഴി അണ്ണാണ്ണനറിയാതെ കുമ്പളത്തു പോയി അമ്മാമ്മയെ വിവരം ധരിപ്പിച്ചു. അണ്ണാണ്ണനെ ഒന്നു കാണണമെന്നുള്ള കുറിപ്പ് അമ്മാമ്മ ഒരാൾ വഴി കൊടുത്തയച്ചു. അണ്ണാണ്ണൻ കുമ്പളത്തു വന്നു. അമ്മാമ്മയുടെ ചോദ്യം: "നിന്നെ കുടിക്കാൻ ആരു പഠിപ്പിച്ചു? ഞാനോ? അതോ നിന്റെ അപ്പനോ?" ഈ രീതിയിൽ കുറിക്കുകൊള്ളുന്ന കുറച്ചു ചോദ്യങ്ങൾ. അണ്ണാണ്ണൻ കാൽക്കൽ വീണ് ഇനി കുടിക്കുകയില്ല എന്ന് അമ്മാമ്മയ്ക്കു വാക്കു നല്കി. ആ വാക്ക് അണ്ണാണ്ണൻ മരണം വരെ പാലിക്കുകയും ചെയ്തു. ജോസഫച്ചാച്ചനും അല്ലിയച്ചാച്ചനും ഏറെ തൃപ്തിയോടെ സംസാരിക്കുന്നത് അമ്മാമ്മയെപ്പറ്റിയായിരുന്നു.

പ്രായമായിക്കഴിഞ്ഞ ചാത്തൻ പുല്ലൻ വേലത്താനെ അണ്ണാണ്ണനും ഞാനും വല്ലപ്പോഴും കാണാൻ പോയിരുന്നു. അപ്പോഴൊക്കെ അദ്ദേഹത്തിനു ചോദിക്കാനുണ്ടായിരുന്നത് അമ്മാമ്മയെപ്പറ്റിയായിരുന്നു. 'സമൂഹം എന്നെപ്പോലെയുള്ളവരെ മാറ്റിനിർത്തിയപ്പോൾ, അമ്മാമ്മ രുചികരമായ ആഹാരം എനിക്കു വാരിത്തരുമായിരുന്നു; അമ്മാമ്മയ്ക്കു സ്നേഹിക്കാനേ അറിയാമായിരുന്നുള്ളു' എന്നൊക്കെയായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ.

അമ്മാമ്മയുടെ സ്വഭാവത്തിൽ വൃത്തിയ്ക്കും വെടിപ്പിനും ഒരു പ്രത്യേക സ്ഥാനം തന്നെയുണ്ടായിരുന്നു. കുറച്ചു ജോഡി വസ്ത്രങ്ങളേയുള്ളു. അവ നല്ലതുപോലെ കഴുകി വെടിപ്പാക്കി തലയിണക്കീഴിൽ വച്ചിട്ടു തല വച്ചു കിടന്നു ഭാരം കൊടുത്ത് ഇസ്തിരിയിട്ടതുപോലാക്കുമായിരുന്നു. അടുക്കള എപ്പോഴും വൃത്തിയും മെനയുമുള്ളതായിരുന്നു. ഓരോ ദിവസവും പാചകംചെയ്യുന്ന മൺകലങ്ങളും കറിച്ചട്ടികളും കോപ്പകളും പാത്രങ്ങളും ഓരോ തെങ്ങിന്റെ ചുവട്ടിൽ കൊണ്ടുവച്ചിട്ടാണ് തേച്ചു വൃത്തിയാക്കുക. പാത്രങ്ങൾ വെടിപ്പാക്കുക മാത്രമല്ല കഴുകുമ്പോൾ വീഴുന്ന വെള്ളവും കരിയും മറ്റും തെങ്ങിനു വളമാകുമെന്നും അതും ഓരോ ദിവസവും ഓരോ തെങ്ങിന് ഗുണം ചെയ്യുമെന്നും പറഞ്ഞുതരുമായിരുന്നു. ഇങ്ങനെ ഒരു തെങ്ങിൻചുവട്ടിലിരുന്നു പാത്രങ്ങൾ കഴുകിക്കൊണ്ടിരിക്കെ ഒരിക്കൽ ഒരു തേങ്ങ തലയിൽ വീഴുകയും അമ്മാമ്മ ബോധമില്ലാതാവുകയും ചെയ്തു. ഇതിന്റെ ഫലമായി നിത്യമായ തലവേദന അനുഭവിക്കേണ്ടതായും വന്നു.

ഇവിടെ ഒരു കാര്യം അഭിമാനത്തോടെ പറയട്ടെ. എന്റെ വിരലിൽ ധരിക്കുന്ന സ്വർണ്ണമോതിരം അമ്മാമ്മ ഇങ്ങനെ ഉണ്ടാക്കിയ പൈസ കൊണ്ട് അണ്ണാണ്ണ(എന്റെ മൂത്ത സഹോദരൻ അലോഷ്യസ്)ന് അദ്ദേഹത്തിന്റെ കല്യാണത്തിനു

മുൻപ് ഉണ്ടാക്കി ഇട്ടുകൊടുത്തതാണ്. അണ്ണാണ്ണൻ ആ മോതിരം തന്റെ ജീവിതകാലം മുഴുവൻ ഉപയോഗിച്ചു. 1997 നവംബറിൽ അണ്ണാണ്ണൻ ആസന്നമരണനായി കൊല്ലം ബൻസിഗർ ആശുപത്രിയിൽ കിടക്കുമ്പോൾ അദ്ദേഹത്തെ ശുശ്രൂഷിച്ച സഹോദരികൾ ആ മോതിരം ഊരി എന്നെ ഏല്പിച്ചു. അണ്ണാണ്ണന്റെ മക്കൾ എല്ലാവരും സന്തോഷത്തോടെ ചിറ്റപ്പന്റെ കയ്യിൽത്തന്നെ അതു കിടക്കട്ടെ എന്നു പറഞ്ഞു. അങ്ങനെ അതെന്റെ കയ്യിലായി. അമ്മാമ്മയുടെ സ്നേഹവായ്പിന്റെ പ്രതീകമായി വളരെ താല്പര്യപൂർവ്വം സൂക്ഷിക്കുന്ന ഈ മോതിരം എനിക്ക് ഏറെ വിലപ്പെട്ടതാണ്. അമ്മാമ്മയുടെ സ്നേഹത്തിന്റെ ഊഷ്മളതയും സർവ്വസ്പർശിത്വവും എന്റെ ജീവിതത്തിന് എന്നും ഒരു തേജസ്സായി നിലകൊള്ളുന്നു.

**എനിക്കു മൂന്ന് അമ്മമാർ**

1947-ൽ ഞാൻ ജനിക്കുന്നതിനു മുമ്പുതന്നെ ബേബിയക്കാക്കയും മേരിയക്കാക്കയും ആൻസലച്ചാച്ചനും വിവാഹിതരായിരുന്നു. ബേബിയക്കാക്കയുടെ മൂന്നു മക്കളും എന്നേക്കാൾ പ്രായമുള്ളവരായിരുന്നു. ഞാൻ ജനിക്കുന്നതിനു മുമ്പുതന്നെ മച്ചാൻ (അളിയൻ) മരിക്കുകയും ചെയ്തു. രണ്ടാമത്തെ സഹോദരി മേരിയക്കാക്കയുടെ ആദ്യത്തെ കുട്ടിക്കും എന്നേക്കാൾ പ്രായമുണ്ട്. മേരിയക്കാക്കയെ കല്യാണം കഴിപ്പിച്ചയച്ചതു കല്ലടയായിരുന്നു. മൂത്ത സഹോദരി വിധവയായി ഞങ്ങളുടെ കുടുംബത്തിൽ; മൂത്ത സഹോദരൻ വിവാഹം കഴിഞ്ഞ് കുടുംബമായിട്ടു വീട്ടിൽ താമസം. മൂത്ത സഹോദരിയുടെ ഏറ്റം ഇളയമകൾ സ്റ്റാൻസിയ്ക്ക് എന്നെക്കാൾ ഒരു വയസ്സിനു മൂപ്പ്; മൂത്ത സഹോദരന്റെ മൂത്തമകൾ അമലമ്മ എന്നേക്കാൾ 6 മാസം ഇളയത്. അങ്ങനെ ഞങ്ങൾ മൂന്നു കുഞ്ഞുങ്ങൾ, ഒരേ വീട്ടിൽ, മൂന്ന് അമ്മമാരോടൊപ്പം ജീവിതം. ഞാൻ രണ്ടു പെൺകുഞ്ഞുങ്ങളുടെ ഇടയിലെ ആൺകുഞ്ഞ്. ഒത്തിരി ചെല്ലം, ഒത്തിരി പിടിവാശി. മൂന്നു പേരുടേയും അമ്മിഞ്ഞി പിടിച്ചുപറിച്ചു നിർബന്ധമായും കുടിക്കുമായിരുന്നുവെന്നും പാലുകുടി മാറാൻ ചെന്നിനായകം മുലഞെട്ടിൽ തേച്ചിട്ടും വീണ്ടും കുടിക്കുമായിരുന്നുവെന്നും അവർ പലപ്പോഴും പറഞ്ഞ് എന്നെ കളിയാക്കാറുണ്ട്. എന്റെ ബാല്യം സ്നേഹസമൃദ്ധമായിരുന്നു.

അമ്മാമ്മ മരിച്ചു (28-3-1981) കഴിഞ്ഞ് അമ്മാമ്മയുടെ അസാന്നിദ്ധ്യവും അതിൽ നിന്നുദിക്കുന്ന നഷ്ടബോധവും നികത്തിയതു മൂത്ത സഹോദരി ബേബിയക്കാക്കയും മൂത്ത ജ്യേഷ്ഠത്തി കൊർണ്ണോലി ചേട്ടത്തിയുമായിരുന്നു. അപ്പാപ്പന്റെ മരണം (27-4-1972) നല്കിയ തീരാനഷ്ടം നികത്തുന്നതിൽ രണ്ടാമത്തെ ജ്യേഷ്ഠൻ അണ്ണാണ്ണനും ലീലചേട്ടത്തിയും വലിയ പങ്കു വഹിച്ചിട്ടുണ്ട്. അപ്പാപ്പന്റെ കരുതലും നിരന്തര ശ്രദ്ധയും പിൻപറ്റലും അണ്ണാണ്ണനും ലീലചേട്ടത്തിയും നല്കി. അങ്ങനെ അപ്പാപ്പന്റെയും അമ്മാമ്മയുടെയും നഷ്ടം

വലിയൊരളവു വരെ ഇവർ നികത്തി എന്നെ വളർത്തി. 1994 ജൂൺ 16 നു ലീലചേട്ടത്തിയും 1997 നവംബർ 7 ന് അണ്ണാണ്ണനും 2004 ജൂൺ 21 ന് ബേബി യക്കാക്കയും മരിച്ചു. ഇനി ശേഷിക്കുന്നത് എന്റെ മൂന്നാമത്തെ അമ്മ - കൊർണ്ണേലി ചേട്ടത്തി.

## അല്ലിയച്ചാച്ചനും ഞാനും

ആദ്യത്തെ രണ്ടു പെങ്ങൾമാരെ പടപ്പക്കരയിലും കല്ലടയിലും കെട്ടിച്ചയച്ചു. അടുത്ത രണ്ടു ജ്യേഷ്ഠന്മാർ വിവാഹം കഴിച്ചു പടപ്പക്കരയിലും കുണ്ടറ നാന്തിരിക്കലിലും താമസിക്കുന്നു. ജോസഫച്ചാച്ചൻ അച്ചൻപട്ടം പഠിക്കാൻ സെമിനാരിയിൽ പോയി. പിന്നെ വീട്ടിൽ അപ്പാപ്പന്റെയും അമ്മാമ്മയുടെയും കൂടെയുള്ളവർ അല്ലി (ബ്രൗൺലി) അച്ചാച്ചനും ഞാനുമാണ്. ഒപ്പം ഒരു കൂട്ടുകുടുംബത്തിന്റെ പ്രതീതി സൃഷ്ടിക്കുംവിധം മൂത്തപെങ്ങളുടെ ഇളയ മകൾ സ്റ്റാൻസി, രണ്ടാമത്തെ പെങ്ങളുടെ രണ്ടാമത്തെ മകൾ തങ്കമണി, മൂത്ത സഹോദരന്റെ മൂത്ത മകൾ അമലമ്മ, ഇളയ അമ്മാച്ചന്റെ മൂത്തമകൾ ചെറുപുഷ്പം മുതലായവർ വീട്ടിൽ സ്ഥിരമായി വരികയോ താമസിച്ചുകൊണ്ടു പഠനവും മറ്റും നടത്തിപ്പോരുകയോ ചെയ്തിരുന്നു. അങ്ങനെ ഒറ്റപ്പെടൽ അനുഭവിച്ചില്ല എന്നു മാത്രമല്ല, നിറയെ സ്നേഹവും പ്രത്യേക കരുതലും അനുഭവിച്ചാണു ഞാൻ വളർന്നത്.

അല്ലിയച്ചാച്ചനെ സ്കൂളിൽ വിട്ടു പഠിപ്പിച്ചപ്പോൾ എന്നെ വീട്ടിലിരുത്തിയാണ് അമ്മാമ്മ ആദ്യപാഠങ്ങൾ പഠിപ്പിച്ചത്. എന്നെ സ്കൂളിൽ ചേർക്കുന്നതു മൂന്നാം ക്ലാസിലെ പരീക്ഷ എഴുതിപ്പിച്ചിട്ടാണ്. നാലാം ക്ലാസിലാണ് സ്ഥിരമായി സ്കൂളിൽ പോകാൻ തുടങ്ങിയത്.

പഠിത്തത്തിലൊഴിച്ചു ബാക്കി എല്ലാക്കാര്യത്തിലും അല്ലിയച്ചാച്ചൻ അതിസമർത്ഥനായിരുന്നു. വിവിധതരം കളികൾ, തമാശ് പറയൽ, സംഘം ചേർന്നുള്ള പോരാട്ടങ്ങൾ, കലാപരിപാടികൾ എന്നുവേണ്ട എല്ലാറ്റിലും അല്ലിയച്ചാച്ചൻ എല്ലാവരുടെയും ശ്രദ്ധ പിടിച്ചുപറ്റിയ ഒരു കൊച്ചു നേതാവായിരുന്നു. ഞാൻ നാലാം ക്ലാസിൽ ചെന്നപ്പോൾ ജ്യേഷ്ഠനും അതേ ക്ലാസിൽത്തന്നെ. ഇങ്ങനെ മിടുക്കനായ ഒരു നേതാവിന്റെ അനുജൻ എന്ന നിലയിൽ എല്ലാവർക്കും എന്നോടു വലിയ സ്നേഹമായിരുന്നു. കുറച്ചുപേർ എന്റെ നല്ല കൂട്ടുകാരായി. അവരിൽ ഒരാൾ പടപ്പക്കരയിലുള്ള ഗബ്രിയേലാണ്.

ഒരു ദിവസം ഉച്ചയ്ക്കുള്ള വിശ്രമവേളയിൽ ഞങ്ങൾ രണ്ടുപേരും തമാശിനു ക്ലാസുമുറിയിൽ വച്ച് ഗുസ്തി പിടിച്ചു. ഗബ്രിയേൽ എന്നെ പിടിച്ചൊന്നു കറക്കി. കറങ്ങിയടിച്ചു ക്ലാസ്മുറിയുടെ സിമന്റ് തറയിൽ ഞാൻ കമിഴ്ന്നു മുഖമടിച്ചുവീണു. എന്നെ പിടിച്ചെഴുന്നേല്പിച്ചപ്പോൾ മുഖം രക്തത്തിൽ കുളിച്ചിരുന്നു. കൂട്ടുകാർ എന്റെ മുഖം കഴുകി. നോക്കിയപ്പോൾ മുൻവശത്തെ

പല്ലിന്റെ കുറച്ചു ഭാഗം അടർന്നുപോയിരുന്നു. വലിയ രണ്ടു പല്ലും പലതായി പൊട്ടിയ ലൈനുമുണ്ട്. അല്ലിയച്ചാച്ചൻ അറിഞ്ഞാൽ ഗബ്രിയേലിനെ അടിക്കും. വീട്ടിലറിഞ്ഞാൽ അപ്പാപ്പൻ എന്നെ അടിക്കും. പല രീതിയിൽ മുഖം മറച്ചും കുനിഞ്ഞു നടന്നും ഇരുട്ടിൽ നിന്നു സംസാരിച്ചും മറ്റും ഒരാഴ്ചവരെ ഞാനിതു രഹസ്യമായി സൂക്ഷിച്ചു. അന്നത്തെ മുറിഞ്ഞ പല്ലുതന്നെയാണ് ഇന്നും എനിയ്ക്കുള്ളത്. എന്റെ കുട്ടിക്കാലത്തെ വികൃതിത്തരത്തിന്റെ ശാശ്വത അടയാളം.

വീട്ടിൽ പൊതുവെ ഒരു ധാരണയുണ്ട്: അല്ലിയച്ചാച്ചൻ കള്ളം പറയും, ഞാൻ സത്യം പറയും. ഈ ധാരണയെ ചൂഷണം ചെയ്തുകൊണ്ട് അല്ലിയച്ചാച്ചനെ പലതവണ അടികൊള്ളിച്ചിട്ടുണ്ട്, വഴക്കു പറയിച്ചിട്ടുണ്ട്. അല്ലിയച്ചാച്ചൻ ഇങ്ങനെ വഴക്കിനും അടികൊള്ളലിനും ഇരയാകുമ്പോഴും എന്നോടു വിരോധമില്ലായിരുന്നുവെന്നു മാത്രമല്ല, വലിയ സ്നേഹമായിരുന്നു. എന്നേക്കാൾ നാലു വയസ്സിനു മൂപ്പുണ്ട് അല്ലിയച്ചാച്ചന്. അതുപോലെ ശരീരപുഷ്ടിയും. ഞാൻ നിരന്തരം വഴക്കിടാൻ ചെല്ലും. അങ്ങോട്ട് ഒന്നുരണ്ടടി കൊടുക്കും. തിരിച്ച് എന്നെ തല്ലുമ്പോൾ, ഞാൻ ഉറക്കെ കരയും. അപ്പാപ്പന്റെയോ അമ്മാമ്മയുടെയോ അടുത്ത് ഓടിയെത്തും. അവർ അല്ലിയച്ചാച്ചനെ ശകാരിക്കും. അല്ലെങ്കിൽ തല്ലും. ഇതൊരു പതിവായിരുന്നു.

അങ്ങനെ ഒരു ദിവസം ഞങ്ങൾ രണ്ടുപേരും സാധാരണരീതിയിൽ വഴക്കിട്ടു പരസ്പരം അടിക്കുകയും മറ്റും ചെയ്തു. ഞാൻ ദയനീയമായി പരാജയപ്പെട്ട് അലറിക്കരഞ്ഞ് അപ്പാപ്പന്റെ അടുത്തെത്തി. അപ്പാപ്പൻ മുടിവെട്ടുന്ന മൂർച്ചയുള്ള കത്രിക എടുത്തുകൊണ്ടു വന്നു. സഹോദരസ്നേഹമില്ലാത്തതുകൊണ്ടു പരസ്പരം മുടിവെട്ടാൻ ആവശ്യപ്പെട്ടു. ആദ്യം എന്നെയാണു കത്രിക ഏല്പിച്ചത്. എല്ലാ ദേഷ്യത്തോടും ഞാൻ അല്ലിയച്ചാച്ചന്റെ മുടി ചിന്നം പിന്നം മുറിച്ചുകളഞ്ഞു. പിന്നത്തെ ഊഴം അല്ലിയച്ചാച്ചന്റേതായി. അദ്ദേഹം എന്റെ മുടിയും വെട്ടി. പക്ഷേ അല്ലി അച്ചാച്ചൻ എന്റെ മുടി കഴിവതും നല്ലതുപോലെയാണു വെട്ടിയത്. തുടർന്നു സാധാരണ മുടിവെട്ടുന്ന ഏലിയാസച്ചനെ വിളിപ്പിച്ചു രണ്ടുപേരുടെയും തല മൊട്ടയടിച്ചു. കഥ തീർന്നില്ല. രണ്ടു പേപ്പറിൽ എഴുതിച്ചു 'സഹോദരസ്നേഹം ഇല്ലാത്തതിന്റെ അടയാളം.' ആ പേപ്പറുകൾ നെറ്റിയിൽ ഒട്ടിച്ചിട്ട് അടുത്ത ദിവസം സ്കൂളിൽ പറഞ്ഞയച്ചു. അപ്പോൾ നാണക്കേടും ഇച്ഛാഭംഗവും ഒക്കെ അനുഭവപ്പെട്ടെങ്കിലും പിന്നെ ഞങ്ങൾ തമ്മിൽ വഴക്കിട്ട കഥകൾ ഒന്നും തന്നെ ഓർമ്മയില്ല. മാത്രമല്ല അല്ലിയച്ചാച്ചന്റെ മരണം വരെ ഞങ്ങൾ രണ്ടുപേരും ജ്യേഷ്ഠാനുജന്മാരെന്നതിനെക്കാൾ സുഹൃത്തുക്കളെപ്പോലെ എല്ലാം പങ്കുവച്ചു സ്നേഹത്തിലും ധാരണയിലുമാണു ജീവിച്ചത്. ഇന്ന് അദ്ദേഹത്തെപ്പറ്റി ഓർക്കുമ്പോൾ അഭിമാനം മാത്രമേയുള്ളു. കാരണം ചെറുപ്പത്തിലേ ഉണ്ടായിരുന്ന വിശാലഹൃദയം താൻ വളർച്ച പ്രാപിച്ച

തനുസരിച്ചു വളർന്നു വലിയൊരു ഹൃദയത്തിന്റെ ഉടമയായി. മറ്റുള്ളവർക്കു വേണ്ടി ജീവിച്ചു. മറ്റുള്ളവരുടെ പ്രശ്നം അദ്ദേഹത്തിന്റെ പ്രശ്നമായിരുന്നു; മറ്റുള്ളവരുടെ വേദന അദ്ദേഹത്തിന്റേതും.

**കൂട്ടുകുടുംബാനുഭവത്തിന്റെ മാധുര്യം**

യഥാർത്ഥത്തിൽ കൂട്ടുകുടുംബമല്ലെങ്കിലും, ഏറെ മക്കളും കൊച്ചുമക്കളും അടുത്ത ബന്ധുക്കളും അടുത്തടുത്തു താമസിച്ചുകൊണ്ടുള്ള നിരന്തരമായ പരസ്പര ഇടപെടൽ ഒരു കൂട്ടുകുടുംബാനുഭവത്തിലേയ്ക്കു നയിച്ചിരുന്നു.

ഞാൻ ജനിക്കും മുമ്പേ മൂന്നു സഹോദരർ വിവാഹിതരായി മാറിതാമസമായി. മൂന്നു പേർ മരിച്ചു പോയി. എന്നിട്ടും എന്നോടൊപ്പം കളിക്കാനും ചിരിക്കാനും അടിയിടാനും ഇടപഴകാനും സ്നേഹം പങ്കുവയ്ക്കാനും കളിതമാശകൾ കാട്ടാനും രസിക്കാനും ഏതാണ്ട് ഒരു ഡസനോളം പെൺകുട്ടികളും ആൺകുട്ടികളും ഉണ്ടായിരുന്നു. ഈ കൂട്ടുകുടുംബാന്തരീക്ഷം ഭിന്നലിംഗത്തിലുള്ളവരെ സഹോദരരായി കാണാനുള്ള കണ്ണു വളർത്താൻ സഹായിച്ചു; ആരോഗ്യപരമായി ലൈംഗികതയെ നോക്കിക്കാണാനും സഹായകമായി.

എന്റെ കുടുംബവീട് അഷ്ടമുടിക്കായലിന്റെ ഒരു മുടിയായ കുമ്പളം കായലിന്റെ തീരത്താണ്. ഏറ്റം മൂത്ത ജ്യേഷ്ഠൻ ആൻസലച്ചാച്ചനും ഏറ്റം മൂത്ത സഹോദരി ബേബിയക്കാക്കയും വിവാഹം ചെയ്തു ജീവിക്കുന്നതും അഷ്ടമുടിയുടെ മറ്റൊരു മുടിയായ പടപ്പക്കരക്കായലിന്റെ തീരത്താണ്. നടന്നാൽ ഏതാണ്ടു രണ്ടു കിലോമീറ്റർ ദൂരം. ഏതാണ്ടു 40 വീടുകൾ താണ്ടി നടക്കണം. ഒരു ദിവസം ബേബിയക്കാക്കയുടെ ഇളയ മകളായ സ്റ്റാൻസി എന്നോട് ഒരു വാതുവച്ചു. 'എടാ നിനക്ക് എന്റെ പാവാടയും ബ്ലൗസും ധരിച്ച് അക്കരെയിലുള്ള ആൻസലമ്മാച്ചന്റെ വീട്ടിൽ വരെ നടന്നു പോകാമോ?' ഞാൻ ആ വെല്ലുവിളി ഏറ്റെടുത്തു. എനിക്കു വയസ്സു പതിനൊന്നു കഴിഞ്ഞു. ഞാൻ സ്റ്റാൻസിയുടെ ബ്ലൗസും പാവാടയും ധരിച്ച് അമലമ്മയുടെയും സ്റ്റാൻസിയുടെയും കൂടെ ഈ ദൂരമെല്ലാം നടന്നു പോയി. കണ്ടവർ പലരും കളിയാക്കി കൂകിവിളിച്ചു. അതിനു ഞങ്ങളും സരസമായിത്തന്നെ അങ്ങോട്ടും തമാശും കൂകിവിളിക്കലും നടത്തി. ഒരിക്കലും മറക്കാൻ പറ്റാത്ത കൂട്ടായ്മയുടെയും ശുദ്ധമായ നർമ്മത്തിന്റെയും നിമിഷങ്ങളായി അതിന്നും ഓർമ്മയിൽ തങ്ങുന്നു.

മറ്റൊരനുഭവം രാത്രിയിലെ ഞങ്ങളുടെ എല്ലാവരുടെയും ഒത്തുകിടന്നുള്ള ഉറക്കമാണ്. അപ്പാപ്പന്റെ അപ്പന്റെ കുടുംബമായ വലിയവിളയിലും ഞങ്ങളുടെ വീട്ടിലും വീടിന്റെ മദ്ധ്യേ ഒരു വലിയ മുറിയുണ്ട്. ആ വലിയ മുറിയാണ് ഞങ്ങൾ ഒന്നിക്കുമ്പോൾ ഞങ്ങളുടെയെല്ലാവരുടെയും ബെഡ്റൂം. രാത്രി ആഹാരം കഴിഞ്ഞു കളിയും ചിരിയും വഴക്കടിക്കലുമായി നേരം പോക്കും. എല്ലാവർക്കും ശല്യമാകുന്ന രീതിയിൽ കള്ളനും പോലീസും കളി, ഗുസ്തി എന്നു വേണ്ട

സർവ്വത്ര ബഹളമായിരിക്കും. അവസാനം അപ്പാപ്പനോ അമ്മാമ്മയോ ചൂരലുമായി വന്ന് ഞങ്ങളെ എല്ലാവരേയും ഒരു വലിയ പനമ്പു പായ വിരിച്ച് വരി വരിയായി കിടത്തും. ഉറങ്ങാൻ ആജ്ഞാപിച്ചിട്ട് അവർ അടുക്കളയിലേയ്ക്കോ മറ്റോ തിരിയുമ്പോൾ ഞങ്ങൾ കിടന്നുകൊണ്ടുള്ള ചിരിയും തമാശും ഉന്തും തള്ളും തോണ്ടലും ഇക്കിളിയിടലും തുടങ്ങും. അങ്ങനെ കിടന്ന് ആരെങ്കിലും ഉറക്കം പിടിക്കുമ്പോൾ നൂലിൽ ഉപ്പുകഷണം കെട്ടി നനച്ചിട്ട് ഉറങ്ങുന്ന ആളിന്റെ ചുണ്ടിനരികിൽ കൊണ്ടുവരും. ഉപ്പുരസം പിടിച്ച് ആളു തലയല്പം ഉയർത്തുമ്പോൾ എല്ലാവരും കൂടെ അട്ടഹസിച്ചു ചിരിക്കും. ഇങ്ങനെ ഒത്തുവളർന്നതിന്റെ ഒത്തിരിയോർമ്മകൾ! പിൽക്കാലത്ത് ഔദ്യോഗികസഭയിൽ നിന്നും മറ്റും സ്വതന്ത്രമായ ജനകീയ സംഘങ്ങൾ രൂപീകരിച്ചപ്പോൾ, പത്തുനാൽപതു പേർക്കൊക്കെ വെറും രണ്ടു കൊച്ചു മുറികളിൽ പത്തും പതിനഞ്ചും ദിവസം താമസിച്ചുകൊണ്ടു ക്യാമ്പും പരിശീലനവും നടത്തുന്നതിനുള്ള പ്രചോദനം നൽകിയത് ഈ കുടുംബകൂട്ടായ്മയല്ലേ എന്ന് ഓർത്തുപോകുന്നു.

ഈ കൂട്ടുകുടുംബശൈലിയുടെ സവിശേഷമായ മനോഹാരിത എടുത്തു കാട്ടുന്ന ഒന്നാണ് ക്രിസ്മസ്, ഈസ്റ്റർ, ഓണം മുതലായ വിശേഷദിവസങ്ങൾ. വിവാഹം കഴിച്ചുപോയ മക്കളും കുടുംബങ്ങളും അടുത്ത ബന്ധുക്കളും അയൽവാസികളും, അപ്പാപ്പനെയും അമ്മാമ്മയെയും കണ്ടു ദൈവസ്തുതി പറയാൻ അന്നു വരും. കുടുംബത്തിലെ ഏറ്റം ഇളയ കുട്ടി എന്നനിലയിൽ അന്നു വരുന്നവർക്കെല്ലാം ദൈവസ്തുതി പറയുക എന്റെ ജോലിയായിരുന്നു. അന്നു ആ ചടങ്ങ് അത്ര വലിയ കാര്യമായി കണ്ടിരുന്നില്ല. പക്ഷേ സ്വാർത്ഥതയും സ്വന്തംകാര്യം നോക്കലും മുഖമുദ്രയായിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ, അന്നത്തെ ആ ചെറിയ സംഭവത്തെ വിലയിരുത്തുമ്പോഴാണ് ആ കുടുംബകൂട്ടായ്മയുടെ സവിശേഷമായ അന്തസത്തയും മഹിമയും ആസ്വാദ്യതയും മനസ്സിലാവുക.

**കുടുംബപ്രാർത്ഥന**

പരമ്പരാഗത ക്രൈസ്തവകുടുംബത്തിന്റെ വളരെ വലിയൊരു പ്രത്യേകത ദിവസേനയുള്ള കുടുംബപ്രാർത്ഥനയാണ്. പ്രാർത്ഥനാസമയത്ത് എല്ലാവരും ഉണ്ടായിരിക്കണമെന്ന് അപ്പാപ്പനു നിർബന്ധമുണ്ടായിരുന്നു. പലരും പല ജോലിയിലായിരിക്കെകൊണ്ടു വൈകിട്ടു പള്ളിയിലെ ത്രികാലജപമണി അടിക്കുമ്പോൾ, യേശുവിന്റെ ജനനത്തെ, മനുഷ്യാവതാരത്തെ സ്മരിക്കുന്ന ചെറിയൊരു പ്രാർത്ഥന - ത്രികാലജപം - ഓത(ചൊല്ല്)ലായി. എല്ലാവരും അവരവരുടെ ജോലി ഒതുക്കിയിട്ട് ഒന്നിച്ചാണ് സന്ധ്യാപ്രാർത്ഥന. പ്രാർത്ഥനയിൽ കൊന്ത നമസ്കാരവും വി. അന്തോനീസിനോടുള്ള പ്രാർത്ഥനയും പാട്ടും ആവശ്യങ്ങൾ ഉണർത്തിച്ചുകൊണ്ടുള്ള പ്രാർത്ഥനയും എന്നും കാണും. അല്ലാതെ വെറു

തെ വലിച്ചു നീട്ടിക്കൊണ്ടുപോകുന്ന പ്രാർത്ഥനാശൈലി അപ്പാപ്പന് ഇഷ്ടമില്ലായിരുന്നു. അതിരാവിലെ 4 മണിക്ക് അമ്മാമ്മ എഴുന്നേറ്റ് ഒറ്റയ്ക്കു പ്രാർത്ഥിക്കും - മരിച്ച വിശ്വാസികൾക്കായുള്ള പ്രാർത്ഥന, തിരുക്കുടുംബ പ്രാർത്ഥന മുതലായവ. കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും അതിനു വേണ്ടി വരും.

കുടുംബപ്രാർത്ഥനയെപ്പറ്റി പറയുമ്പോൾ അപ്പാപ്പൻ പലവട്ടം ഓർമ്മിപ്പിച്ചിട്ടുള്ള രണ്ടു കാര്യങ്ങൾ എടുത്തുപറയുന്നത് സന്ദർഭോചിതമെന്നു കരുതുന്നു.

പള്ളിയിൽ കുർബ്ബാന ചൊല്ലുന്ന ഭാഷ ലത്തീൻ. അതു ജനങ്ങൾക്കാർക്കും മനസ്സിലാകില്ല. ജനങ്ങൾക്ക് ഉപയോഗിക്കാൻ വേണ്ടി ബിഷപ്പിന്റെ അംഗീകാരവും ആശീർവാദവുമുള്ള പ്രാർത്ഥനകൾ കൊടുക്കാറുണ്ട്. അങ്ങനെ കൊല്ലം ബിഷപ്പ് കൊല്ലം രൂപതയിൽ ഉപയോഗിക്കാൻ അംഗീകരിച്ചു പ്രസിദ്ധപ്പെടുത്തിയ പ്രാർത്ഥനാപുസ്തകം 'ജപനിധി'യാണ്. അപ്പാപ്പന് അതു വായിക്കുന്നത് ഇഷ്ടമില്ല. ന്യായമിതാണ്: വല്ലവരും എഴുതിയ പ്രാർത്ഥന നമ്മളെന്തിന് ഏറ്റുപറയണം? ദൈവത്തോടു നമുക്കാവശ്യമുള്ള കാര്യം നേരിട്ടു പറയാമല്ലോ. അങ്ങനെ 1950-കളിൽ അപ്പാപ്പൻ സ്വയം നിർമ്മിത പ്രാർത്ഥനകൾ ചൊല്ലുമായിരുന്നു, ചൊല്ലുവാൻ ഞങ്ങളെ പ്രേരിപ്പിക്കുമായിരുന്നു. ഇന്നു സ്വയംകൃതപ്രാർത്ഥനയുടെ യുഗമായതുകൊണ്ട് അപ്പാപ്പന്റെ തീർത്തും വിപ്ലവകരമായ സമീപനത്തിന്റെ വലിപ്പം മനസ്സിലാക്കാൻ പ്രയാസമാണ്.

അന്നു സഭയുടെ കർശനനിയമമാണ് വി. കുർബാന സ്വീകരിക്കാൻ ആഗ്രഹിക്കുന്നവർ പാതിരാത്രി മുതൽ പൂർണ്ണമായും ഉപവസിക്കണം എന്നത്. ഉമിനീർ പോലും ഇറക്കാൻ പാടില്ല. തുപ്പൽ വായിൽ വന്നാൽ തുപ്പിക്കളയണം. ഇങ്ങനെയാണ് എല്ലാ 'നല്ല' ക്രൈസ്തവരും ചെയ്തുപോന്നിരുന്നത്. അപ്പാപ്പന് അതിരാവിലെ 5 മണിക്കു പഴഞ്ചോറു നിർബന്ധമാണ്. ഞായറാഴ്ചയോ പെരുന്നാൾ ദിവസമോ കുർബാന സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന ദിവസവും പള്ളിയിൽ പോകുന്നതിനു മുമ്പ് പതിവു പഴഞ്ചോറു കഴിച്ചിട്ടാണ് അപ്പാപ്പൻ പോവുക. ഇതു നിയമലംഘനമല്ലേ എന്ന ചോദ്യത്തിനു 'ദൈവത്തിനു ഞാൻ പഴഞ്ചോറു കഴിച്ചോ ഇല്ലയോ എന്നു നോക്കുന്ന ജോലിയല്ല' എന്നു പറയുമായിരുന്നു. മാത്രമല്ല, 'ഓരോരുത്തരും ദിവ്യകാരുണ്യം സ്വീകരിച്ചിട്ട്, കുർബാന കഴിഞ്ഞാലുടൻ പോയി ചായക്കടയിൽ നിന്ന് ഒരു കാലിച്ചായ വാങ്ങിക്കുടിക്കാറുണ്ടല്ലോ. കർത്താവിന്റെ ദേഹത്തു തിളച്ചവെള്ളം വീഴ്ത്തുന്നതിനെക്കാൾ നല്ലത്, ഞാൻ പഴഞ്ചോറു കഴിച്ചുണ്ടാക്കിയ നല്ല കുഷൻ പോലുള്ള മെത്തയിൽ യേശു വരുന്നതായിരിക്കും.' എന്നു തമാശയായി പറയുകയും ചെയ്യുമായിരുന്നു.

ഇന്നു കുർബാന സ്വീകരണത്തിനു മുമ്പ് പുതിയ നിയമപ്രകാരം ഒരു

മണിക്കൂർ ഉപവാസമേയുള്ളു. അതായതു പ്രാതൽ(കാപ്പി) നിറയെ കഴിച്ചിട്ടു പോലും കുർബാന സ്വീകരിക്കാൻ പറ്റും. ഈ രീതി സ്വീകരിച്ചിരിക്കുന്ന ഇന്നത്തെ വിശ്വാസി, അപ്പാപ്പന്റെ ഈ പ്രവർത്തനശൈലിയുടെ മഹത്വം ഗ്രഹിക്കണമെന്നില്ല. ഇവിടെ നാം കാണുന്നതു വളരെ വിലപ്പെട്ട ഒരു ദൈവ ശാസ്ത്ര വിശകലനമാണ്. ദൈവത്തെപ്പറ്റിയുള്ള വളരെ ഉൽക്കൃഷ്ഠമായ ഒരു ചിന്തയാണ് അദ്ദേഹം വ്യക്തമാക്കുന്നത്. പഴഞ്ചോറു കഴിച്ചിട്ടുണ്ടോ ഇല്ലയോ എന്നു സസൂക്ഷ്മം നോക്കുന്ന ഒരു ദൈവസങ്കല്പത്തെ നിറഞ്ഞ നർമ്മബോ ധത്തോടെ ചോദ്യം ചെയ്യുന്ന ഒരു സമീപനം ഇവിടെ വ്യക്തമാണ്. ഭക്തികൃ ത്യാദികൾ കൊണ്ടും നോമ്പു കൊണ്ടും ആചാരാനുഷ്ഠാനങ്ങൾ കൊണ്ടും ദൈവത്തെ പ്രീതിപ്പെടുത്താമെന്നു തീർത്തും വിശ്വസിച്ചിരുന്ന കാലത്ത് ഇങ്ങനെ സ്വതന്ത്രമായൊരു നിലപാടും അതനുസരിച്ചുള്ള പ്രവർത്തനവും പരമ്പരാഗത ദൈവചിന്തയെ തകിടംമറിക്കുന്ന ഒന്നായിരുന്നു. കാര്യങ്ങൾ അതിന്റെ തനിമയിൽ, യാഥാർത്ഥ്യബോധത്തോടെ കാണാനും നമ്മുടെ ആവ ശ്യങ്ങൾ നമ്മുടെ ഭാഷയിൽ പറഞ്ഞാൽ മനസ്സിലാക്കി അനുഗ്രഹിക്കാനും കഴി വുള്ള ഒരു വ്യക്തിഗത ദൈവസങ്കല്പമാണ് ഇവിടെ പ്രകടമാവുന്നത്.

കുടുംബപ്രാർത്ഥനയെപ്പറ്റി പറയുമ്പോൾ എന്നെക്കാൾ മൂത്ത സഹോദരീ സഹോദരന്മാരോട് എങ്ങനെ ബഹുമാനപൂർവ്വം പെരുമാറണമെന്നു പഠിപ്പിച്ച സന്ദർഭം കൂടി പറയട്ടെ. സന്ധ്യാപ്രാർത്ഥന കഴിയുമ്പോൾ പ്രാർത്ഥനയിൽ പങ്കെ ടുത്തവരിൽ ഏറ്റം ഇളയവൻ/ഇളയവൾ തൊട്ടു മേലോട്ടു ക്രമമായി ഓരോ വ്യക്തിയും എഴുന്നേറ്റു തന്റെ തൊട്ടു മുകളിൽ പ്രായമായ വ്യക്തി മുതൽ മേലോട്ട് അപ്പാപ്പൻ വരെ ഓരോ വ്യക്തിയുടെയും അടുത്തെത്തി കൈകൂ പ്പിക്കൊണ്ട് 'ഈശോമിശിഹായ്ക്കു സ്തുതി' എന്നും മറ്റേയാൾ 'എപ്പോഴും സ്തുതിയായിരിക്കട്ടെ' എന്നും പറയുന്ന ശീലമുണ്ടായിരുന്നു. ഏറ്റം ഇളയ സന്തതിയായതുകൊണ്ട് ഒട്ടുമിക്ക ദിവസവും ഈ പ്രക്രിയയ്ക്കു തുടക്കം കുറി ക്കുന്നതു ഞാനും സമാപനം കുറിക്കുന്നത് അമ്മാമ്മ അപ്പാപ്പനു സ്തുതി പറഞ്ഞുകൊണ്ടുമായിരുന്നു. വളരെ നിസാരമായ ഒരു സംഗതിയായി കേൾക്കു മ്പോൾ തോന്നിയേക്കാമെങ്കിലും, മൂത്തവർക്കു കൊടുക്കേണ്ട സ്ഥാനവും ബഹു മാനവും ജീവിതകാലം മുഴുവൻ കൊടുത്തുകൊണ്ടു നീങ്ങാൻ മനസ്സിനെ പാകപ്പെടുത്തിയ മനോഹരമായ ഒരഭ്യാസമായി ഞാനിതിനെ കാണുന്നു.

ഒരു കാര്യം കൂടി പറയട്ടെ. പത്തു മക്കളിൽ ഇന്ന് എനിക്ക് 58 വയസ്സായ പ്പോൾ ഞാനും എട്ടാമത്തെ സഹോദരൻ ജോസഫച്ചാച്ചനും മാത്രമേ ജീവി ച്ചിരിപ്പുള്ളു. ഞങ്ങൾ വ്യത്യസ്ത സ്വഭാവക്കാരായിരുന്നു; ഭിന്ന അഭിപ്രായക്കാ രും. ഈ അഭിപ്രായഭിന്നത സമയാസമയങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ടു താനും. പക്ഷേ മൂത്തവരെ അഭിസംബോധന ചെയ്യുന്ന ഇരട്ടിപ്പു ശൈലിയും സന്ധ്യാ പ്രാർത്ഥന കഴിഞ്ഞിട്ട് എല്ലാവരുടേയും അടുത്തു ചെന്നുള്ള സ്തുതി പറ

യലും കാരണം എനിക്ക് ഒരിക്കലും സഹോദരരോടു വിരോധവും വിദ്വേഷവും വച്ചു പെരുമാറാൻ തോന്നിയിട്ടില്ല. സംസാരത്തിലോ ഇടപെടലിലോ ബഹുമാനക്കുറവ് കാട്ടിയിട്ടുമില്ല.

ഇതിൽ ഒരു മാറ്റമുണ്ടായത് 1988-ൽ അമേരിക്കയിൽ പോയപ്പോഴാണ്. അവിടെ ജോസഫച്ചാച്ചനെ എല്ലാവരും, വളരെ പ്രായം കുറഞ്ഞ വ്യക്തികൾ ഉൾപ്പെടെ, 'ജോ' എന്നാണ് വിളിക്കുന്നത്. ഞാനും അങ്ങനെ വിളിക്കാൻ തുടങ്ങി. ഞങ്ങൾ രണ്ടുപേരും പ്രത്യയശാസ്ത്രപരമായി രണ്ടു ധ്രുവങ്ങളിലാണ്. ഞങ്ങൾ കാണുമ്പോഴൊക്കെ നേരത്തെ ഇതിനെപ്പറ്റി ചർച്ച ചെയ്യുമായിരുന്നു. പക്ഷേ അമേരിക്കയിൽ ആയിരുന്നപ്പോൾ ഈ ചർച്ച വളരെ കഠിനമായ വിമർശനങ്ങളായി മാറി. ഞങ്ങൾക്ക് ഒന്നിച്ചു താമസിക്കുകതന്നെ വിഷമകരമായ അവസ്ഥയിലെത്തി. ഇങ്ങനെ ഒരവസ്ഥയിൽ എത്താനുണ്ടായ കാരണങ്ങളിൽ പരോക്ഷമായിട്ടെങ്കിലും ഈ 'ജോ' വിളി പ്രേരകമായിട്ടില്ലേ എന്നു ഞാൻ ശങ്കിക്കുന്നു. ജോസഫച്ചാച്ചന്റെ വീട്ടിൽ നിന്നും ഞാൻ ഒരു പള്ളിമേടയിലേയ്ക്കു താമസം മാറ്റിയെങ്കിലും, അവിടുത്തെ പഠനത്തിനിടയ്ക്കു തന്നെ ഞാൻ ജോസഫച്ചാച്ചനെ വിളിക്കുകയും ഒന്നിച്ചു സഹകരിച്ചു മുന്നോട്ടു പോവുകയും ചെയ്തു. ഇതു സാധിച്ചതു ചെറുപ്പത്തിൽ കിട്ടിയ പരിശീലനം മൂലമാണെന്നു ഞാൻ കരുതുന്നു. വീണ്ടും ജോസഫച്ചാച്ചൻ എന്ന വിളി ഞാൻ പുനരാരംഭിച്ചു. ഇപ്പോഴും ഞങ്ങൾ രണ്ടു കാഴ്ചപ്പാടിന്റെയും ദർശനത്തിന്റെയും ഉടമകളാണ്. പക്ഷേ സ്വസ്ഥമായിട്ടിരുന്ന് ഈ വ്യത്യസ്തതകൾ പങ്കുവെയ്ക്കാനും വ്യത്യസ്തകളോടെ സഹകരിച്ചും ബഹുമാനിച്ചും പ്രവർത്തിക്കാനും കഴിയുന്നു.

അപ്പാപ്പന്റെ സ്വഭാവത്തെ എടുത്തുകാട്ടുന്ന ഒരു അനുഭവകഥ വലിയവിളയിലെ പൗലോസച്ചാൻ (എന്റെ ഏറ്റവും മൂത്ത കസിൻ ബ്രദർ) പറഞ്ഞതു ഓർക്കുന്നു. അപ്പാപ്പന്റെ പടപ്പക്കരയിലുള്ള മൂത്ത സഹോദരിയും അളിയനുമായി എന്തോ കാരണം കൊണ്ടു ഒരു വർഷമായി കെറുവിച്ചിരിക്കുകയായിരുന്നു. മരണം വരെ തന്റെ വീട്ടിൽ കയറിപ്പോകരുതെന്നാണ് അപ്പാപ്പന്റെ ആജ്ഞ. അപ്പോഴാണ് ബേബിയക്കാക്കയുടെ കല്യാണം. കല്യാണത്തിനു അളിയനും മറ്റും പങ്കെടുക്കണമെന്നുണ്ട്. വന്നാൽ അപ്പാപ്പൻ വഴക്കുപറയുമെന്നുള്ള ഭയത്തിൽ, അവർ അങ്കലാപ്പിലാണ്. അവസാനം കല്യാണത്തിനു വരാൻ തന്നെ അവർ തീരുമാനിച്ചു. അങ്ങനെ കല്യാണത്തിന്റെ തലേന്നു വൈകിട്ട് അളിയനും പെങ്ങളും വീട്ടിൽ എത്തി; ഭീതിയോടെ. അവർ കിഴക്കുനിന്നു വരുന്നത് അപ്പാപ്പൻ കണ്ടു; അവർ അപ്പാപ്പനേയും. അപ്പാപ്പനിൽ നിന്നു കിട്ടുന്ന പൂരം വാങ്ങാമെന്ന തീർപ്പിലാണ് അവർ. സാവകാശം അവർ നടന്ന്, മുറ്റത്തു കല്യാണത്തിനൊരുക്കിയിരിക്കുന്ന പന്തലിൽ കയറിയതും, അപ്പാപ്പൻ അവരുടെ അടുത്തേയ്ക്കു നടന്നടുത്തു. അവർ വല്ലാതെ ഭയന്നു. അവിടെ ഉണ്ടാ

യിരുന്ന മറ്റു ബന്ധുക്കളും ഉൽക്കണ്ഠാകുലരായിരുന്നു. അപ്പാപ്പൻ ഉച്ചത്തിൽ ചോദിച്ചു: 'ഇതുവരെ എവിടെയായിരുന്നു? ഇപ്പോഴാണോ വരുന്നത്?' എല്ലാവരും പൊട്ടിച്ചിരിച്ചു. തുടർന്നു കല്യാണത്തിന്റെ കാര്യങ്ങളൊക്കെ നടത്താൻ ചുമതല ഏല്പിച്ചു. ബേബിയക്കാക്കയുടെ കല്യാണത്തിനു പ്രാർത്ഥിച്ചിറക്കിയതു അവരായിരുന്നെന്നും പൗലോസച്ചാൻ പറഞ്ഞു.

**വിശുദ്ധ അന്തോനീസും 101 അപ്പവും**

അപ്പാപ്പൻ പ്രാർത്ഥനയിൽ സ്വതന്ത്രസ്വഭാവം കാട്ടുന്ന രീതിയുണ്ടെന്നു നേരത്തേ പറഞ്ഞുവല്ലോ. അങ്ങകലെ ആകാശത്തിനപ്പുറം അത്യുന്നതനായി വാണരുളുന്ന, എല്ലാ ജനതകളുടെയും നന്മതിന്മകളെ അച്ചിട്ടു കണക്കുവച്ചു വിധി കല്പിക്കുന്ന ഒരു മഹാവ്യക്തിത്വമായല്ല ദൈവത്തെ അപ്പാപ്പൻ കണ്ടതും വിലയിരുത്തിയതും. മറിച്ച്, മനുഷ്യരായ നമുക്കൊക്കെ സമീപിക്കാൻ പറ്റുന്ന സ്വഭാവസവിശേഷതയുള്ള ഒരാളായാണ് അപ്പാപ്പൻ ദൈവത്തെ ദർശിച്ചത്.

യേശുവിനെ ധീരോദാത്തമായി പിൻപറ്റിയെന്ന് ഔദ്യോഗികമായി സഭ പ്രഖ്യാപിച്ച ധാരാളം പുണ്യവാളന്മാർ കത്തോലിക്കാസഭയിലുണ്ട്. അപ്പാപ്പന്റെ പ്രാർത്ഥന പൊതുവേ നേരിട്ടു ദൈവത്തോടാണ്. പിന്നെ പുണ്യവാളന്മാരിൽ അപ്പാപ്പനു തീർത്തും പ്രിയങ്കരൻ വി. അന്തോനീസാണ്. അദ്ദേഹത്തോട് എന്തു ചോദിച്ചാലും ലഭിക്കുമെന്നത് അച്ചിട്ട കാര്യമായാണ് അപ്പാപ്പൻ വിശ്വസിച്ചിരുന്നത്. ധാരാളം അനുഭവങ്ങളുണ്ടെന്ന് അദ്ദേഹം സാക്ഷിക്കുന്നു.

വി. അന്തോനീസിനോടുള്ള ഭക്തിപ്രകടനവും പുണ്യവാളൻ വഴി ലഭിച്ച അനുഗ്രഹങ്ങൾക്കു നന്ദി പ്രകാശിപ്പിക്കലും നടത്തുന്നതിന് 101 അപ്പം (വളരെ ചെറിയ അപ്പം) ഉണ്ടാക്കി വി. അന്തോനീസിന്റെ കുരിശടിയിൽ കൊണ്ടുവന്നു വച്ച ശേഷം പ്രാർത്ഥിച്ചിട്ട് എല്ലാവർക്കും വിതരണം ചെയ്യുന്ന രീതിയുമുണ്ടായിരുന്നു. അപ്പാപ്പന്റെ സ്ഥിരം നേർച്ച ഇതായിരുന്നു. മറ്റു ഭക്തസ്ഥലങ്ങളിലോ തീർത്ഥാടന കേന്ദ്രങ്ങളിലോ പോകാമെന്നു നേർച്ച നേർന്നതായോ അവിടങ്ങൾ സന്ദർശിച്ചതായോ കേട്ടിട്ടേയില്ല. അപ്പാപ്പന്റെ ജീവിതസാഹചര്യങ്ങളിൽ, പ്രത്യേകിച്ചും വേദന നിറഞ്ഞ അവസരങ്ങളിൽ, അന്തോനീസ് പുണ്യവാളനെ വിളിച്ചിറക്കിക്കൊണ്ടുവന്നു സഹായം അനുഭവിക്കുന്ന രീതിയുണ്ടായിരുന്നെന്നു കേട്ടിട്ടുണ്ട്. എന്റെ ജീവിതവുമായി ബന്ധപ്പെട്ട് ഇങ്ങനെ മുട്ടിപ്പായി പ്രാർത്ഥിച്ചു ഫലം ലഭിച്ച ഒരു കഥ.

എന്റെ ജ്യേഷ്ഠൻ ജോസഫ് ഡി. ഫെർണാന്റസ് ആലുവാ മേജർ സെമിനാരിയിൽ പഠിക്കുമ്പോൾ, ഉപരിപഠനാർത്ഥം ഇപ്പോഴത്തെ കൊല്ലം ബിഷപ്പ് സ്റ്റാൻലി റോമന്റെയും ഫാ. ജോർജ്ജ് മാത്യുവിന്റെയും കൂടെ റോമിൽ/വത്തിക്കാനിൽ പഠിക്കുവാൻ അന്നത്തെ ബിഷപ് ജെറോം എം. ഫെർണാന്റസ് അയച്ചിരുന്നു. ജ്യേഷ്ഠനും തിരുമേനിയും തമ്മിൽ നല്ല ബന്ധമായിരുന്നു. റോമിൽ

വച്ചു ജ്യേഷ്ഠന്റെ പൗരോഹിത്യവും നടന്നു. പക്ഷേ തുടർന്നും അമേരിക്കയിൽ പഠിക്കാൻ പോകണമെന്ന വിഷയത്തെ ചൊല്ലി അവർ തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായി. സാവകാശം അവർ പരസ്പരം ശരിക്കും അകന്നു. അങ്ങനെ അവർ തെറ്റി നില്ക്കുന്ന സമയത്താണ് എന്റെ പൗരോഹിത്യ പട്ടം നടക്കുന്നത്. സാധാരണ പട്ടം കൊടുക്കുന്ന തീയതി മാസങ്ങൾക്കു മുമ്പേ പ്രഖ്യാപിക്കും. വീട്ടുകാർക്ക് അതനുസരിച്ചു വേണ്ട ഒരുക്കങ്ങൾ ചെയ്യാനും മറ്റും സാധിക്കും. എന്റെ ഊഴം വന്നപ്പോൾ, സാധാരണ രീതിയിൽ പട്ടത്തിന്റെ തീയതി വളരെ അടുത്തു കഴിഞ്ഞു. ബിഷപ്പ് തീയതി ഒട്ടു തീരുമാനിച്ചു പറയുന്നുമില്ല. കൂടെ പട്ടം കിട്ടേണ്ട സഹസെമിനാരിക്കാരന്റെ പട്ടത്തീയതി 1970 ഡിസംബർ 20 എന്നു നിശ്ചയിച്ചു കഴിഞ്ഞു.

അപ്പാപ്പൻ ബിഷപ്പിനെ ചെന്നു കണ്ടു നേരിട്ടു കാര്യം സംസാരിച്ചു തീയതി അറിയാമെന്നു കരുതി കൊല്ലം അരമനയിലേയ്ക്കു പോയി. അപ്പാപ്പന്റെ ജ്യേഷ്ഠനും അനുജനും (എന്റെ പേരപ്പനും ചിറ്റപ്പനും) വൈദികരായിരുന്നു; ബിഷപ്പിന്റെ സഹപാഠികളും. അതുകൊണ്ടു ബിഷപ്പിന് അപ്പാപ്പനെ നല്ലതുപോലെ അറിയാമായിരുന്നു. പലപ്പോഴും പോയി ബിഷപ്പിനെ കണ്ടിട്ടുമുണ്ട്. നല്ല രീതിയിലുള്ള സംഭാഷണവും ഇടപെടലും ആണ് അനുഭവിച്ചിട്ടുള്ളതും. ഇങ്ങനെയുള്ള പശ്ചാത്തലത്തിൽ, നേരിട്ടു കണ്ടു സംസാരിച്ചാൽ എന്റെ പട്ടത്തിന്റെ തിയതി അറിയാൻ പറ്റുമെന്ന് അപ്പാപ്പൻ വിചാരിച്ചു. അങ്ങനെയാണ് ഒരു ദിവസം (1970 ഡിസംബർ ആദ്യവാരം) അദ്ദേഹം ബിഷപ്പിനെ നേരിട്ടു കണ്ടു മകന്റെ പട്ടത്തിന്റെ തീയതി ആരാഞ്ഞത്. തീർത്തും അപ്രതീക്ഷിതമായ മറുപടി: ഒരു ഡീക്കന്റെ (വൈദികപട്ടത്തിനു മുമ്പുള്ള സ്ഥാനമാണ് ഡീക്കൻപട്ടം) വൈദികപട്ടത്തീയതി നിശ്ചയിക്കേണ്ടത് ഞാനാണ്. ഏതാണ്ടീ രീതിയിൽ മറുപടി നല്കിയിട്ടു ബിഷപ്പ് നടന്നകന്നു.

അപ്പാപ്പൻ വേദനയോടെ വീട്ടിൽ തിരിച്ചുവന്നു. അന്നു വൈകിട്ടത്തെ പ്രാർത്ഥനയിൽ എന്റെ മകനെ അച്ചനാക്കണേ എന്നു വി. അന്തോനീസിനോട് ഉറക്കെ വാവിട്ടു പ്രാർത്ഥിച്ചു എന്നാണ് അമ്മാമ്മ സാക്ഷ്യപ്പെടുത്തുന്നത്. ഏതായാലും രണ്ടു ദിവസം കഴിഞ്ഞപ്പോൾ എന്റെ പട്ടത്തീയതി 1970 ഡിസംബർ 21 ആയി തീരുമാനിച്ചുകൊണ്ടുള്ള ബിഷപ്പിന്റെ കത്ത് അപ്പാപ്പനു കിട്ടി. ഇതു വി. അന്തോനീസിന്റെ ഇടപെടലായി അപ്പാപ്പനും അമ്മാമ്മയും ജ്യേഷ്ഠസഹോദരരും കരുതുന്നു.

# 2

## അപ്പാപ്പൻ:
## ജീവിതം തന്നെയാണ് സന്ദേശം

രണ്ടു പ്രധാനപ്പെട്ട വൈദികരുടെ (ഫാ. ലൂക്കോസും ഫാ. തൊബിയാസും) സഹോദരനും കുമ്പളം-പടപ്പക്കരയിലെ ബുദ്ധിജീവികളായ ഈറാണി സാറിന്റെയും തമ്പിസാറിന്റെയും ആത്മാർത്ഥ സുഹൃത്തുമായ അപ്പാപ്പൻ പ്രദേശത്തെ എല്ലാ പ്രശ്നങ്ങളിലും (അടിപിടി, വസ്തുതർക്കം, അതിരു തർക്കം, ജോലിത്തർക്കം മുതലായവ) ഇടപെട്ടു മധ്യസ്ഥത വഹിക്കുന്നത് കണ്ടിട്ടുണ്ട്. ഒറ്റയ്ക്കു പ്രശ്നം പരിഹരിക്കാൻ പറ്റാത്ത സാഹചര്യമുണ്ടായാൽ അന്ന് ഉച്ച കഴിഞ്ഞ് ഈറാണി സാറിന്റെ വീട്ടിൽ പോയിരുന്നു രണ്ടുപേരും കൂടി പ്രശ്നത്തിന്റെ നാനാവശങ്ങളെപ്പറ്റി ചർച്ചചെയ്തു ധാരണയുണ്ടാക്കും. അവിടെയും പറ്റിയില്ലെങ്കിൽ പടപ്പക്കര തമ്പിസാറിന്റെ അടുത്തേക്കു പോകും. ഇവിടെ രണ്ടിടത്തും പലവട്ടം എന്നെയും കൂടെ കൊണ്ടുപോയിട്ടുള്ളത് ഇന്നത്തെപ്പോലെ ഓർക്കുന്നു. ഈ മൂവരും കുമ്പളം-പടപ്പക്കര പ്രദേശത്തു സ്വസ്ഥമായ ജീവിത സൗകര്യം ഒരുക്കുന്നതിനു വലിയ പങ്കു വഹിച്ചിട്ടുണ്ട്. ഈ മദ്ധ്യസ്ഥപ്രവർത്തന ശൈലി എന്നെ ഒരുപാടു സ്വാധീനിച്ചിട്ടുണ്ട് എന്ന് എന്റെ പിന്നീടുള്ള ജീവിതം വ്യക്തമാക്കുന്നു.

അപ്പാപ്പൻ ക്ഷിപ്രകോപിയാണ്. വളരെ ഉറക്കെ സംസാരിക്കും. ഉടൻതന്നെ കോപം ശമിക്കുകയും ചെയ്യും. ധാരാളം പേർ അപ്പാപ്പന്റെ അടുത്ത് ഓരോ കാരണം പറഞ്ഞു സാമ്പത്തികസഹായത്തിനും മറ്റും വന്നിരുന്നത് ഓർക്കുന്നു. അവരുടെ പ്രയാസത്തിന്റെയും കണ്ണീരിന്റെയും മുമ്പിൽ മനസ്സലിയുന്ന ഒരു വിശാലഹൃദയനെയാണു ഞാനവിടെ ദർശിച്ചത്. ഇപ്പം കാശില്ല എന്നു പറഞ്ഞിട്ട്, അമ്മാമ്മ അവർക്ക് ആഹാരം കൊടുത്തു സ്വസ്ഥരാക്കുമ്പോഴേക്കും, എവിടെ നിന്നെങ്കിലും പൈസ ഉണ്ടാക്കിക്കൊണ്ടുവന്ന് അവരുടെ ആവശ്യത്തിനു സഹായിക്കുന്നതും കണ്ടിട്ടുണ്ട്. ഇതിന്റെയെല്ലാം കൃത്യമായ കണക്ക് എഴുതി സൂക്ഷിക്കുകയും ചെയ്യുമായിരുന്നു. അപ്പാപ്പന്റെ മരണം കഴിഞ്ഞു പേപ്പറുകൾ അണ്ണാണ്ണനും ഞാനും പരിശോധിച്ചപ്പോഴാണു മനസ്സിലായത് എത്രമാത്രം ആളുകളെയാണ് നിശബ്ദനായി ഈ രീതിയിൽ സഹായിച്ചിട്ടുള്ളതെന്ന്. ജനങ്ങൾക്കറിയാമായിരുന്നു നിർബന്ധിച്ചു പറഞ്ഞാൽ മുത

ലാളി സഹായിക്കുമെന്ന്. അങ്ങനെ പലരും കബളിപ്പിച്ചിട്ടുമുണ്ട്. പക്ഷേ അദ്ദേഹം തന്റെ ശൈലി മാറ്റിയില്ല. എന്നു മാത്രമല്ല, തന്റെ ജീവിതാന്ത്യം വരെ ഈ വിശാലഹൃദയത്തിന്റെ ഉടമസ്ഥത കാത്തുസൂക്ഷിക്കുകയും ചെയ്തു. എന്റെ ഇളംമനസ്സിൽ ഇങ്ങനെ പതിഞ്ഞ നിരവധി സംഭവങ്ങളുണ്ട്. ഈ പ്രവർത്തനശൈലി എന്റെ പിൽക്കാല ജീവിതത്തെ ഏറെ സ്വാധീനിച്ചിട്ടുമുണ്ട്.

ഇന്നു തീർത്തും പാവപ്പെട്ട വീട്ടിലെ വ്യക്തി പോലും പലവ്യഞ്ജനം വാങ്ങണമെങ്കിൽ ഏതെങ്കിലും ഒരു കടയിൽ കയറി സാധനം വാങ്ങി തിരിച്ചു വീട്ടിലെത്തുന്ന രീതിയാണ്. സൂപ്പർമാർക്കറ്റു വന്നതോടെ ഈ രീതി സുദൃഢമായിക്കഴിഞ്ഞിരിക്കുന്നു. അപ്പാപ്പൻ അങ്ങനെയല്ലായിരുന്നു. കുണ്ടറയിലുള്ള മിക്ക കടകളിലും കയറി മുളകിന്റെയും മല്ലിയുടെയുമൊക്കെ വില ചോദിച്ചറിയും. പിന്നെ ഏറ്റവും വില കുറച്ചു തരാമെന്നു പറഞ്ഞ കടയിൽ ചെന്നു സാധനം വാങ്ങും. ഇന്നത്തെ 'മായം' ലോകത്തു ഗുണനിലവാരം ഒരു പ്രശ്നമാണ്. അന്ന് അങ്ങനെയല്ല. എല്ലാത്തിനും നല്ല ഗുണമുണ്ട്. ഇങ്ങനെ കറങ്ങിനടന്ന് അന്വേഷിച്ചുവാങ്ങിയ സാധനങ്ങളുമായി വീട്ടിൽ വരുമ്പോൾ ഏറ്റവും ഇളയ സന്തതിയുടെ സ്വാതന്ത്ര്യത്തോടെ ഞാൻ ചോദിക്കാറുണ്ടായിരുന്നു, ഇന്നു മുളകിന്റെ വില അറിയാൻ എത്ര കടയിൽ പോയെന്ന്. എന്നെ ഒന്നു തുറിച്ചു നോക്കിയിട്ട്, ചിലപ്പോൾ ദേഷ്യപ്പെട്ടു പറയുമായിരുന്നു 'പന്ത്രണ്ട്, പതിന്നാല്' എന്നൊക്കെ. ഇന്നു വിചിത്രമെന്നു തോന്നാമെങ്കിലും ജീവിതത്തിലുള്ള സൂക്ഷ്മതയും ശ്രദ്ധയും ഇതിൽ പ്രകടമാണ്.

അപ്പാപ്പൻ വളരെ ചിട്ടയുള്ള വ്യക്തിയാണ്. ഓരോ സാധനത്തിനും ഒരു പ്രത്യേക സ്ഥലമുണ്ട്. സാധനം വച്ച് സൂക്ഷിക്കുന്നതിന് ഒരു പ്രത്യേക രീതിയുമുണ്ട്. തുണി എവിടെയെങ്കിലും വാരിയിട്ടാൽ അന്നു ബഹളമാണ്. മേശപ്പുറത്തു നിന്നു പേന, പേപ്പർ മുതലായവ എടുക്കേണ്ടിവന്നാൽ അത് ഇരിക്കേണ്ടയിടത്ത്, ഇരിക്കേണ്ടപോലെ തന്നെ തിരിച്ചു വച്ചിരിക്കണം. ഇല്ലെങ്കിൽ വഴക്കായി. ഒരു സരസമായ കഥ ഓർമ്മവരുന്നു. വീട്ടിൽ അമ്മാമ്മയുടെ സൈഡ്ബിസിനസ്സിൽ ഒന്ന് മുട്ടവിരിച്ച് കോഴിയെ വളർത്തുകയായിരുന്നു. കോഴിക്കുഞ്ഞുങ്ങളും കോഴികളും പുരയ്ക്കകത്തു കയറുകയും മുറിയ്ക്കകത്ത് കാഷ്ഠിച്ചു വൃത്തികേടാക്കുകയും സ്വാഭാവികം. ഇവയെ വിരട്ടിയോടിക്കാൻ ഓലയുടെ തുമ്പ് (തുഞ്ചാണി - ചുന്ത്രാണി) വെട്ടി വച്ചിരിക്കേണ്ട ചില മൂലകളുണ്ട്. ഒരു ദിവസം എന്റെ അമ്മാച്ചന്റെ മകൾ ചെറുപുഷ്പവും അല്ലിയച്ചാച്ചനും ഞാനും മാത്രമുള്ളപ്പോൾ കോഴികൾ വീടിനുള്ളിൽ കയറി. കോഴിയുടെ ശബ്ദം കേട്ട് അപ്പാപ്പൻ മുറിയിൽ നിന്നിറങ്ങിവന്നു. തുഞ്ചാണി ഇരിക്കേണ്ട മൂലയിൽ നോക്കി. അതവിടെ ഇല്ലായിരുന്നു. ദേഷ്യപ്പെട്ട് ഉടുത്തിരുന്ന തോർത്ത് ഉരിഞ്ഞ് കോഴിയെ അടിച്ചിറക്കി. കോപിച്ചു ബഹളമുണ്ടാക്കിയപ്പോൾ ഞങ്ങൾ മൂവരും ഭയന്നു മാറി നിന്നു. അപ്പോൾ പറയുകയാണ് ഇനിയെങ്കിലും

ഓരോന്നു വയ്ക്കേണ്ടിടത്തു വച്ചു പഠിക്കുക. ചെറുപുഷ്പ(എന്റെ കസിൻ സഹോദരി)വും ഞാനും ഇന്നും അതു പറഞ്ഞു ചിരിക്കുമെങ്കിലും അടുക്കും ചിട്ടയുമുള്ള ജീവിതശൈലിക്ക് അപ്പാപ്പൻ ചെലുത്തിയിട്ടുള്ള സ്വാധീനം ചില്ലറയല്ല.

മറ്റൊരു കഥ. ആഹാരം വെറുതെ നഷ്ടപ്പെടുത്തിക്കളയാൻ അപ്പാപ്പൻ ഒരിക്കലും അനുവദിക്കുകയില്ലായിരുന്നു. ഭക്ഷിക്കുമ്പോൾ വെയ്സ്റ്റ്, പാത്രത്തിന്റെ കോണിൽ വെയ്ക്കണമെന്നും ഒരു വറ്റു പോലും പാത്രത്തിന്റെ വെളിയിൽ തറയിൽ പോകരുതെന്നും പറഞ്ഞുതന്നിട്ടുണ്ട്. ശ്രദ്ധക്കുറവുകൊണ്ടു വല്ലപ്പോഴും ഒരു ചോറു (വറ്റു) തറയിൽ വീണാൽ വഴക്കു കിട്ടും. ഒപ്പം ശിക്ഷയും. ശിക്ഷയോ? മുട്ടുകുത്തി നിന്ന് ഈ വറ്റെടുത്തു കഴുകി ഭക്ഷിക്കുക. ഒപ്പം പറയണം: 'ഒരു വറ്റ് ഒരു പൈസ' എന്ന മുദ്രാവാക്യവും. ഇന്നും ഞാൻ എവിടെ നിന്നുകൊണ്ടോ ഇരുന്നുകൊണ്ടോ എന്തു ഭക്ഷിച്ചാലും ഭക്ഷണസാധനത്തിൽ അല്പം പോലും തറയിൽ വീഴില്ല - വേസ്റ്റ് ആയി കളയുകയുമില്ല. സമൃദ്ധിയിൽ ഭക്ഷണസാധനം പാഴാക്കുന്ന ഒരു സംസ്കാരമാണ് ഇന്നു വളർന്നുവരുന്നത്. ഇഷ്ടമുള്ളത് ഇഷ്ടം പോലെ കഴിക്കുക - ബാക്കി കളയുക; ഇത് ഒരു സംസ്കാരരീതിയായി മാറിയിരിക്കുന്നു. ഇന്ന് ഇങ്ങനെ കളയുമ്പോഴും ലക്ഷക്കണക്കിനു നമ്മുടെ സഹോദരീസഹോദരന്മാർ ഒരു നേരത്തെ ആഹാരം പോലുമില്ലാതെ പട്ടിണിയുടെ അഗാധതയിൽകിടന്നു ഞെളിപിരി കൊള്ളുകയാണെന്ന യാഥാർത്ഥ്യം നാം കാണേണ്ടതാണ്. ഈ പട്ടിണിപ്പാവങ്ങളുടെ മുമ്പിൽ നമ്മുടെ പാഴാക്കിക്കളയൽ സംസ്കാരം ഒരു വലിയ ചോദ്യച്ചിഹ്നമായി നിൽക്കുന്നു. ഞാൻ കളയുന്ന ഓരോ വറ്റും പട്ടിണി കിടക്കുന്ന എന്റെ സഹോദരരുടെ അവകാശമായ അപ്പം ഞാൻ തട്ടിയെടുത്തു കളയുകയാണ് എന്ന ചിന്തയിലേയ്ക്ക് അപ്പാപ്പന്റെ ഇടപെടൽ എന്നെ ഉയർത്തിയതിനെ ഞാൻ എന്നും നന്ദിയോടെയാണ് സ്മരിക്കുന്നത്.

**അദ്ധ്വാനം = അപ്പാപ്പൻ**

കാൾ മാർക്സ് തന്റെ തത്വസംഹിതയിൽ പഠിപ്പിച്ചു മനുഷ്യൻ അദ്ധ്വാനമാണെന്ന്. ഒരു നിമിഷംപോലും വെറുതെയിരിക്കുന്ന അപ്പാപ്പനെ ഞാൻ കണ്ടിട്ടില്ല. മാറി മാറി ഓരോ ജോലി ചെയ്തുകൊണ്ടിരിക്കും. അതിരാവിലെ ഉണർന്നു പഴഞ്ചോറു കഴിച്ചാൽ രാത്രി ഉറങ്ങുന്നതു വരെ വൈവിധ്യമാർന്ന ജോലികളിൽ ഏർപ്പെട്ടുകൊണ്ടിരിക്കും.

അപ്പാപ്പൻ സ്ഥിരം പറയുന്ന ഒരു പല്ലവിയുണ്ടായിരുന്നു, 'എല്ലാ ജോലിയും നമ്മൾ പഠിക്കണം. നാളെ എന്താകുമെന്നറിയില്ല. എന്തായാലും അവിടെ പരാജയപ്പെടാൻ പാടില്ല. അതുകൊണ്ട് എന്തു ജോലിയും ചെയ്യണം. എല്ലാ ജോലിയും മഹത്വമുള്ളതാണ്.' അദ്ധ്വാനത്തിന്റെ ഈ അത്യാധുനിക ദൈവ

ശാസ്ത്ര ചിന്ത എങ്ങനെ വെറും നാലാംതരം വരെ മാത്രം പഠിച്ച അപ്പാപ്പൻ സ്വായത്തമാക്കിയെന്ന് എനിക്കിന്നും അത്ഭുതമാണ്.

അല്ലിയച്ചാച്ചനും ഞാനുമാണല്ലോ വീട്ടിലുള്ളത്. ഞങ്ങളെ എല്ലാ ജോലികളെയും പരിചയപ്പെടുത്തി ഇടപെടുവിക്കണമെന്നു അപ്പാപ്പനു നിർബന്ധമുണ്ടായിരുന്നു. ഒരു ദിവസം ഞാൻ അപ്പാപ്പന്റെ കൂടെ പറമ്പിൽ ജോലിക്കു പോകുമ്പോൾ, അല്ലിയച്ചാച്ചൻ അമ്മാമ്മയുടെ കൂടെ നിന്ന് അടുക്കളജോലി ചെയ്യണം. അടുത്ത ദിവസം തിരിച്ചും. ഞങ്ങൾ കൊച്ചായിരുന്നതു കൊണ്ടു ഞങ്ങളുടെ ആരോഗ്യത്തിന് ഉതകുംവിധമുള്ള ചെറിയ തൂമ്പാ, ചെറിയ കുന്താലി, ചെറിയ കോടാലി, ചെറിയ നിലംതല്ലി മുതലായവ വാങ്ങി വച്ചിട്ടുണ്ട്. ഓരോ ഉപകരണവും എങ്ങനെ ഉപയോഗിക്കണം, ഉപയോഗിക്കുമ്പോൾ അപകടം വരാതിരിക്കാൻ എന്തൊക്കെ ശ്രദ്ധിക്കണം എന്നൊക്കെ വിശദമായി പറഞ്ഞുതരുമായിരുന്നു. ഇന്ന് എനിക്കറിയാവുന്ന പറമ്പിലെ എല്ലാ ജോലികളും (കപ്പ നടീൽ, കപ്പചുരണ്ട്, മുതിര-പയർ എന്നിവയ്ക്കു പാത്തി വെട്ടൽ, പയറു നടീൽ, ഉറച്ച തറ ഉഴുതുമറിക്കൽ, കയ്യാലകോരൽ, കയ്യാല തല്ലിയുറപ്പിക്കൽ, തെങ്ങിനു തടം തുറക്കൽ, മലക്കറിസാധനങ്ങൾ നട്ടുപിടിപ്പിക്കാനുള്ള ഒരുക്കങ്ങൾ ..) പന്ത്രണ്ടു വയസ്സിനു മുമ്പ് അപ്പാപ്പൻ പഠിപ്പിച്ചതാണ്. ഈ കാര്യത്തിൽ എനിക്ക് ഏറ്റം സഹായകമായ മറ്റൊരു വ്യക്തിയുണ്ട് - ചാത്തൻ പുല്ലൻ വേലത്താൻ. അദ്ദേഹം എന്നെ ഏറെ സ്നേഹിക്കുകയും ഈ ജോലികളിലൊക്കെ സഹായിക്കുകയും ചെയ്തിരുന്നു. അതുപോലെ അടുക്കളജോലികൾ എല്ലാംതന്നെ അന്ന് അമ്മാമ്മ പഠിപ്പിച്ചതാണ്. ഒരുപാടു വിറകു കഷണങ്ങൾ അടുപ്പിൽ ഉന്തിക്കയറ്റി തീയെരിക്കുമ്പോഴല്ല നല്ല തീ ഉണ്ടാവുക. കുറച്ചു വിറകു ചിട്ടയോടെ വായു കയറിയിറങ്ങാൻ പാകത്തിൽ എടുത്തുവച്ചാൽ നല്ലതുപോലെ തീ കത്തുമെന്നും വിറകു കാര്യമായി മിച്ചംവയ്ക്കാമെന്നും അന്നു പറഞ്ഞുതന്നതു നല്ലതുപോലെ ഓർക്കുന്നു. ചമ്മന്തി അരയ്ക്കൽ, അരി വാർക്കൽ, കറിയുണ്ടാക്കൽ, മീൻ വറുക്കൽ, രസം ഉണ്ടാക്കൽ, മോരു കാച്ചൽ എന്നു വേണ്ട വിവിധതരം ആഹാരമുണ്ടാക്കാനും ചെറുപ്പത്തിലേ അമ്മാമ്മ പഠിപ്പിച്ചത് വലിയ കാര്യമായി ഞാൻ കാണുന്നു.

രസകരമായൊരു കഥയുണ്ട്. എല്ലാദിവസവും പഴഞ്ചോറു കഴിച്ചു കൃഷി ആയുധങ്ങളും ഒരു കൂശവെള്ളവും ഒരു കൂശ മോരും ഒരു ഗ്ലാസ്സും അല്പം ഉപ്പും കൊണ്ടാണ് അപ്പാപ്പനും ഞാനും/ അല്ലിയച്ചാച്ചനും കുന്നുംപുറത്തു പറമ്പിലേയ്ക്കു പോവുക. കുറച്ചു ജോലി കഴിയുമ്പോൾ ഒരു ഗ്ലാസ്സു മോരു കുടിക്കും. മറ്റേ കുടത്തിൽ നിന്നു മോരിരിക്കുന്ന കുടം വെള്ളമൊഴിച്ചു നിറയ്ക്കും. അല്പം ഉപ്പുമിടും. വീണ്ടും കുറച്ചു ജോലി കഴിയുമ്പോൾ ഒരു ഗ്ലാസ്സു മോര്, വീണ്ടും വെള്ളമൊഴിച്ചു നിറയ്ക്കും. രാവിലെ 9 മണിയോടെ തിരിച്ചു വീട്ടിലെത്തുമ്പോൾ വെള്ളം ഒട്ടും കാണുകയില്ല. കുറച്ചു മോരുംവെള്ളം

മിച്ചം കാണും. മോരുംവെള്ളം അക്ഷയമായിരിക്കും. വളരെ രസകരമായിട്ടു തോന്നാമെങ്കിലും വെറും വെള്ളം കുടിക്കാതെ രുചികരമായി ക്ഷീണം മാറ്റാൻ മോരു കുടിക്കുന്ന രീതി എത്ര പ്രായോഗികം!

വളരെ കുറച്ചു വിഭവങ്ങൾ കൊണ്ടു രുചികരമായും തൃപ്തിയായും ആഹാരം കഴിക്കണമെന്ന് അപ്പാപ്പനു നിർബന്ധമുണ്ടായിരുന്നു. രുചികരമായി ഭക്ഷണം കഴിക്കുന്നതിനു വേണ്ടത് നാക്കിനു പലതരം രുചികൾ ഉണ്ടാക്കുകയാണെന്നു പറഞ്ഞ് വെറും രണ്ടു കറികൾ മാത്രം കൂട്ടി ചോറു കഴിക്കുമ്പോൾ കുറഞ്ഞത് ഏഴു രുചികളോടെ അതു ഭക്ഷിക്കാൻ പറ്റുമെന്നു കാണിച്ചുതരുമായിരുന്നു. ആദ്യം ഒരുരുള ചോറു മാത്രം. പിന്നെ ഒരു കറി മാത്രം ഒഴിച്ച് അല്പം ചോറ്. പിന്നെ രണ്ടാമത്തെ കറിയുപയോഗിച്ച് അല്പം ചോറ്. പിന്നെ രണ്ടു കറിയും സമം ഒഴിച്ച് അല്പം ചോറ്. പിന്നെ ആദ്യത്തെ കറി കൂടുതലും രണ്ടാമത്തെ കറി കുറച്ചും ഉപയോഗിച്ച് അല്പം ചോറ്. പിന്നെ ആദ്യത്തെ കറി കുറച്ചും രണ്ടാമത്തെ കറി കൂടുതലും ഒഴിച്ച് അല്പം ചോറ്. അവസാനം എല്ലാം കൂടെ വടിച്ചു കഴിക്കുന്നത്. ഏഴു രുചികളോടെ സംതൃപ്തിയിൽ ഭക്ഷണം കഴിച്ചതിന്റെ സാഫല്യം അനുഭവപ്പെടുമെന്നാണു ചെയ്തു കാണിച്ചു തന്നത്. വൈവിദ്ധ്യമാർന്ന കറികളോടും ഡിഷുകളോടും കൂടി കഴിച്ചിട്ടും ഇന്ന് ആളുകൾക്കു ഭക്ഷണത്തിൽ തൃപ്തിയില്ല. അവിടെയാണ് അല്പം കറി കൊണ്ടു തൃപ്തിയോടും രുചിയോടും ഭക്ഷിക്കാൻ സാധിക്കുന്ന ഏറ്റവും ലളിതമാർഗ്ഗം കാട്ടിത്തരുക. ഏതാഹാരവും തൃപ്തിയോടെ കഴിക്കാൻ ഈ പരിശീലനം ഏറെ സഹായകമായി. ഇന്നും ഏത് ആഹാരവും തൃപ്തിയോടെ രുചിയോടെ കഴിക്കുക എന്റെ സ്വഭാവമാണ്.

ജോലിയെപ്പറ്റി പറയുന്നിടത്തു അന്നു ഞങ്ങളുടെ കുടുംബസാഹചര്യത്തിൽ സാധ്യമായിട്ടുള്ള എല്ലാ ജോലിയിലേയ്ക്കും മാതാപിതാക്കൾ വഴിതെളിച്ചു തന്നു എന്നതു വലിയ മഹത്വമായി ഞാൻ കാണുന്നു. 12 വയസ്സിനു മുമ്പ് കയർപിരി (കൈകൊണ്ടും റാട്ടിലും), തൊണ്ടു മൂടൽ, തേങ്ങ പൊതിക്കൽ, തേങ്ങ വെട്ട്, വള്ളിക്കൊട്ട വരിയൽ, കൊപ്ര ഇളക്ക്, കൊപ്രാ ആക്കൽ, മീൻപിടിക്കൽ, കക്കാവാരൽ, നീന്തൽ, ഓലകീറി കെട്ടൽ, മടൽ കീറൽ, ഓലമെടയൽ, ഭംഗിയായി മുറ്റമടിക്കൽ, കിണറു ഇറയ്ക്കൽ, തുണി അളന്നു മുറിക്കൽ, ഭംഗിയായി തുണി അതിന്റെ മടക്കനുസരിച്ചു മടക്കൽ, സ്വരമുണ്ടാക്കാതെയും തുണിക്കു കാര്യമായ കേടു വരാതെയുമുള്ള തുണി കഴുകൽ, പശുവിനു പോച്ചപറിക്കൽ, ആടിനു തീറ്റ ഒടിക്കൽ, തൊഴുത്തു വൃത്തിയാക്കൽ, മരംകയറി അടയ്ക്കയും പറങ്കിയണ്ടിയും മാങ്ങയും പറിയ്ക്കൽ എന്നുവേണ്ട എല്ലാത്തരം ജോലികളും അന്നു പരിശീലിച്ചു. ജോലി, മനുഷ്യനെ പൂർണ്ണ മനുഷ്യനാക്കുന്നതാണ് എന്നു ജീവിതംകൊണ്ടു അപ്പാപ്പൻ പഠിപ്പിച്ചു. ഈ പഠനം എന്റെ ജീവിതശൈലിയാണിന്നു. ഏതു ജോലിയും തൃപ്തിയോടെ

ചെയ്യും. വളർന്നപ്പോൾ നടത്തിയ മാർക്സിയൻ പഠനം ഈ മനോഭാവത്തിനും പ്രവർത്തനശൈലിക്കും ഒരു ശാസ്ത്രീയ അടിത്തറ നല്കി. അതിൽ ഞാൻ സംതൃപ്തനാണ്.

ദിനപത്രം വീട്ടിൽ വരുത്തിയിരുന്നില്ല. പക്ഷേ അടുത്ത് ഈറാണി സാറിന്റെ വീട്ടിൽ വരുത്തുന്ന പത്രം ദിവസവും കടം എടുക്കുക പതിവായിരുന്നു. മറ്റുള്ളവരെക്കൊണ്ടു പത്രം ഉറക്കെ വായിപ്പിക്കുക അപ്പാപ്പന്റെ ശീലമായിരുന്നു. ഇങ്ങനെ ഉറക്കെ വായിക്കുന്നതു ശ്രദ്ധിക്കുന്നതിനിടെ കാര്യമായി ബുദ്ധിയും ചിന്തയും ഉപയോഗിക്കേണ്ടാത്ത പണികൾ (ഉദാ: മുറ്റത്തു കിടക്കുന്ന മടൽക്കൂട്ടം ചിട്ടയായി അടുക്കിവെയ്ക്കുക, മുറി തൂക്കുക, മുറ്റമടിക്കുക മുതലായവ) അപ്പാപ്പൻ നിർവഹിക്കുകയും ചെയ്തിരുന്നു. വായന കഴിഞ്ഞു കേട്ടതിന്റെ ചുരുക്കം പറച്ചിലും ഒരു ചർച്ചയും ഉണ്ടാകും. ഫലമോ? കാലികപ്രസക്തമായ കാര്യങ്ങൾ ഒക്കെത്തന്നെ കേട്ടു മനസ്സിലാക്കുന്ന അനുഭവം. പഠിക്കാൻ ആഗ്രഹമുള്ളവൻ ചോദിച്ചു മനസ്സിലാക്കണം എന്ന് അപ്പാപ്പൻ സ്ഥിരം പറയുമായിരുന്നു. അദ്ദേഹത്തിന്റെ അറിവിന്റെ മുഖ്യസ്രോതസ് മറ്റുള്ളവരെ കേൾക്കുന്നതിലായിരുന്നു.

ഇതുമായി ബന്ധപ്പെട്ട മറ്റൊരു രസകരമായ അനുഭവം: ഏതെങ്കിലും സർക്കാരാഫീസിൽ നിന്നും എന്തെങ്കിലും നേടണമെങ്കിൽ നാട്ടിലുള്ള മിക്കവരും അപ്പാപ്പനെ സമീപിക്കുക പതിവായിരുന്നു. അപ്പാപ്പൻ ഓഫീസിൽ പോയി അവ സാധിച്ചിട്ടേ തിരികെ വരാറുള്ളു. അതിന്റെ രഹസ്യം എന്താണെന്നു ചോദിച്ചപ്പോൾ അപ്പാപ്പൻ പറഞ്ഞ കാര്യം നല്ലതുപോലെ ഓർക്കുന്നു. പ്രശ്നത്തിന്റെ വിവിധ വശങ്ങൾ പലരോടു ചോദിച്ചു നേരത്തേ തന്നെ മനസ്സിലാക്കും. പിന്നെ ഓഫീസിൽ ചെന്നു നേരിട്ടു മേലുദ്യോഗസ്ഥനെ കാണും. അദ്ദേഹത്തോടു വന്ന കാര്യങ്ങൾ തുറന്നു പറയും. തുടർന്നു പറയും, 'ഞാൻ വിദ്യാഭ്യാസമില്ലാത്ത ഒരു സാധാരണക്കാരനാണ്. സാറു തന്നെ എനിക്കിതു സാധിച്ചുതരണം. ഓരോ ഓഫീസറോടും എനിക്കു പറയാനുള്ള ശേഷിയില്ല. അറിവുമില്ല. സാറു വിചാരിച്ചാലേ എന്നെ സഹായിക്കാൻ സാധിക്കൂ.' അദ്ദേഹം ഒഴിവുകഴിവു പറഞ്ഞാൽ തന്റെ നിസ്സഹായതയും അദ്ദേഹത്തിന്റെ കഴിവും വീണ്ടും പറഞ്ഞു നിർബന്ധിച്ചുകൊണ്ടിരിക്കും. അവസാനം അദ്ദേഹം വേണ്ട നടപടി എടുക്കുകയും പോയ കാര്യം സാധിക്കുകയും ചെയ്യും. കാര്യങ്ങൾ പല വ്യക്തികളുടെ അടുത്തു ചോദിച്ച് അതിന്റെ വിവിധ വശങ്ങളെപ്പറ്റി മനസ്സിലാക്കിയതിന്റെ ആത്മബലമാണ് കാര്യങ്ങൾ നേടി വരാൻ പ്രേരകമായത്.

# 3

## ദൈവവഴിയിലേയ്ക്കു നയിച്ച പിടിവാശി

അമ്മാമ്മ മൂന്നാംതരം വരെ മാത്രമേ പഠിച്ചിട്ടുള്ളു. എങ്കിലും സംസാര ശൈലി സ്ഫുടവും എഴുത്തു കമനീയവുമായിരുന്നു. അപ്പാപ്പന്റെ അക്ഷരം നല്ല വടിവൊത്ത അച്ചടി രീതിയിലും. രണ്ടുപേർക്കും നിർബന്ധമുണ്ടായിരുന്നു എന്റെ കൈയക്ഷരം ഭംഗിയായിരിക്കണമെന്ന്. എങ്ങനെയോ ഇവരുടെ ഈ രീതി എന്നെ ബുദ്ധിമുട്ടിച്ചിട്ടില്ല എന്നു മാത്രമല്ല, നല്ല കൈയക്ഷരത്തിലെഴു താൻ ഞാൻ തീരുമാനിച്ചു. അല്ലിയച്ചാച്ചനും മറ്റും കളിക്കുമ്പോൾ ഞാൻ മാറി യിരുന്നു രണ്ടുവര നോട്ട്ബുക്കിൽ അക്ഷരം നല്ല രീതിയിൽ എഴുതുന്ന രീതി ഞാനിന്നും ഓർക്കുന്നു. എന്റെ നല്ല കൈയക്ഷരം കൊണ്ടു സ്കൂളിൽ സാറ ന്മാർക്ക് എന്നോടു വലിയ ഇഷ്ടവുമായി.

എനിക്കു കഷ്ടിച്ചു നാലു വയസ്. വർഗ്ഗീസ് അമ്മാച്ചൻ (ചെറുപുഷ്പ ത്തിന്റെ അപ്പൻ) മരിച്ചു. പടപ്പക്കരയിൽ നിന്നും വലിയ വള്ളത്തിൽ മൃതശ രീരം കയറ്റി വലിയകുമ്പളത്ത് തീരം വഴിയാണ് കുമ്പളം പള്ളിയിൽ എത്തി ക്കുക. എനിക്കും വലിയ വള്ളത്തിൽ കയറി മൃതശരീരത്തോടൊപ്പം പള്ളിയിൽ പോകണം. കാരണവന്മാർ അത് അനുവദിക്കുകയില്ല. ഞാൻ നിർബന്ധിച്ചു. അവർ വഴങ്ങിയില്ല. വള്ളം വിട്ടു. ഞാൻ തീരത്തിലൂടെ അലറി വാവിട്ടു കര ഞ്ഞുകൊണ്ടു വള്ളം പോകുന്ന ദിശയിലേയ്ക്കു തന്നെ കരയിലൂടെ ഓടി ക്കൊണ്ടിരുന്നു. പലരും എന്നെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. കൊച്ചുവള്ളത്തിൽ പള്ളിയിൽ കൊണ്ടുപോകാമെന്നേറ്റു. ഞാൻ സമ്മതിച്ചില്ല. വലിയ സ്വരത്തിൽ കരയുകയും വലിയവള്ളത്തിൽ തന്നെ കയറണമെന്നു നിർബന്ധം പിടിക്കു കയും ചെയ്തു. അവസാനം വലിയ വള്ളം വീണ്ടും കരയ്ക്കടുപ്പിച്ച് എന്നെ അതിൽ കയറ്റി ശവശരീരത്തോടൊപ്പം കൊണ്ടുപോയത് ഓർക്കുന്നു.

എനിക്കു ഏഴു വയസ്. സ്കൂളിൽ ചേർന്നിട്ടില്ല. വീട്ടിലിരുത്തി അമ്മാമ്മ പഠിപ്പിക്കുന്നു. ആ സമയത്താണ് ജോസഫച്ചാച്ചൻ വൈദികനാകാൻ ആഗ്ര ഹിച്ചുകൊണ്ടു പഠിക്കാൻ കൊല്ലം സെമിനാരിയിൽ പോകുന്നത്. സെമിനാരി യിൽ പോകുന്ന ദിവസം അടുത്തു. വളരെ അടുത്ത കുറച്ചു കാരണവന്മാ രോടൊപ്പം അപ്പാപ്പൻ ജോസഫച്ചാച്ചനെ കൊല്ലത്തു സെമിനാരിയിൽ കൊണ്ടു

പോകാൻ തീരുമാനിച്ചു. കുമ്പളത്തു നിന്നും ബസ്സില്ല. കുണ്ടറ വരെ നടക്കണം. പിന്നെ ട്രെയിനിലാണു കൊല്ലത്തേയ്ക്കു യാത്ര. എന്നെ കൊണ്ടുപോകണ്ടാ എന്നവർ തീരുമാനിച്ചു. കൂടെ പോകണമെന്നു ഞാൻ നിർബന്ധിച്ചു. സമയമാകാറായപ്പോൾ ഞങ്ങളുടെ വീട്ടിൽ വർഷങ്ങളായി നിന്നു ഞങ്ങളെ സ്നേഹിക്കുകയും വളർത്തുകയും ചെയ്ത കാർത്ത്യായനിയമ്മയുടെ കൂടെ അടുത്ത ഒരു സ്ഥലത്തേയ്ക്കു കൂട്ടിവിട്ടു. കാർത്ത്യായനിയമ്മയുടെ സ്നേഹം ഞാൻ ഏറെ അനുഭവിച്ചതാണ്. ഞാൻ കൂടെ പോയി. കുറച്ചുകഴിഞ്ഞ് ഞങ്ങൾ രണ്ടുപേരും തിരികെ എത്തി. അപ്പോഴേക്കും ജോസഫച്ചാച്ചനും സംഘവും കൊല്ലം സെമിനാരിയിലേയ്ക്കു യാത്ര തിരിച്ചുകഴിഞ്ഞു. കൂടെ പോകണമെന്നു ഞാൻ നിർബന്ധിച്ചു. പാവം കാർത്ത്യായനിയമ്മ എന്നെ സമാശ്വസിപ്പിക്കാൻ ശ്രമിച്ചു. ഞാൻ അവരുടെ പിടി തട്ടിമാറ്റിയിട്ട് കരഞ്ഞുകൊണ്ട് ഓടി. കുണ്ടറയ്ക്കുള്ള കുറുക്കുവഴി ഏതാണ്ടൊക്കെ എനിക്കറിയാമായിരുന്നു. അവർ നല്ല വഴിയിലൂടെ പേരയത്തെത്തിയപ്പോൾ ഞാൻ കുറുക്കുവഴിയിലൂടെ ഓടി അവരോടൊപ്പം പേരയത്ത് എത്തി. ഏതാണ്ടു മൂന്നു കിലോമീറ്റർ. എന്നെ കൊല്ലത്തു സെമിനാരിയിൽ കൊണ്ടുപോകാൻ അവർ ബാദ്ധ്യസ്ഥരായി. സെമിനാരിയിലെത്തിയപ്പോൾ ഫാ. ഇമ്മാനുവേൽ ഞങ്ങളെയെല്ലാം സ്വീകരിച്ചു. ജോസഫച്ചാച്ചനെ സെമിനാരിയുടെ അകത്തേയ്ക്കു കൊണ്ടുപോകാനുള്ള നിർദ്ദേശം മറ്റു വോളണ്ടിയർമാരായ ബ്രദേഴ്സിനു നൽകിയിട്ട് ഞങ്ങളോട് എമ്മാനുവേലച്ചൻ കുശലം പറഞ്ഞു. സംസാരിക്കുന്നതിനിടയ്ക്ക് എന്നെ അദ്ദേഹത്തിന്റെ മടിയിൽ പിടിച്ചിരുത്തി സ്നേഹത്തോടെ ചോദിച്ചു: 'വളരുമ്പോൾ അച്ചനാകാൻ വരുമല്ലോ?' വളരെ നിസാരമായൊരു ഇടപെടൽ ആയിരുന്നു ഇതെങ്കിലും ഈ സംസാരം വല്ലപ്പോഴുമൊക്കെ അപ്പാപ്പൻ ഓർമ്മിപ്പിക്കുമായിരുന്നു. ഞാൻ ചിലപ്പോഴൊക്കെ സ്മരിക്കുമായിരുന്നു. എന്റെ വൈദികവൃത്തിയിലേയ്ക്കുള്ള തീരുമാനത്തെ ഈ ഇടപെടൽ പരോക്ഷമായി സ്വാധീനിച്ചിട്ടുണ്ട്.

തീർപ്പിന്റെ മറ്റൊരു രസകരമായ സംഭവം. എനിക്കു കഷ്ടിച്ചു 10 വയസ്. വീട്ടിൽ വല്ലപ്പോഴുമേ മാട്ടിറച്ചി വാങ്ങാറുള്ളു. പക്ഷേ പലതരത്തിലുള്ള ഇറച്ചി വീട്ടിൽ ഭക്ഷണത്തിനുണ്ടായിരുന്നു താനും. കോഴിയിറച്ചി, തവളയിറച്ചി, കക്കായിറച്ചി, പെരുച്ചാഴിയിറച്ചി, കാക്ക ഇറച്ചി ഇങ്ങനെ പലതുമുണ്ടായിരുന്നു. പൊതുവേ ഈവക കാര്യങ്ങൾ അല്ലിയച്ചാച്ചനും ഞാനും കൂടി ഒന്നിച്ചാണു സംഘടിപ്പിച്ചിരുന്നത്. ഒരു ദിവസം ഏതാണ്ടു എഴുപ്തെഴുപത്തഞ്ച് അടി ഉയരം വരുന്ന ഒരു തെങ്ങിൽ കാക്ക കൂടുവെച്ചു മൊട്ടയിട്ടു വിരിച്ചിറക്കിയ കാക്കക്കുഞ്ഞ് ഇരിക്കുന്നതു കണ്ടു. കാക്കക്കുഞ്ഞിനെ എടുക്കാൻ ഞാൻ തീരുമാനിച്ചു. വീട്ടിൽ മുതിർന്നവർ ആരുമില്ല. ഞാൻ തെങ്ങിൽ കയറാൻ തുടങ്ങി. ഏതാണ്ട് 20 അടി കയറിയപ്പോഴേക്കും കാക്കകൾ കൂട്ടമായി ഇളകിവിളിച്ച്

എന്റെ മുതുകത്തൂടെ പറക്കാനും റാഞ്ചാനും തുടങ്ങി. എനിക്ക് ഒരേയൊരു ലക്ഷ്യമേയുള്ളു - കാക്കക്കുഞ്ഞ്. ലക്ഷ്യത്തിലേയക്കു മാത്രം ശ്രദ്ധവച്ചു തെങ്ങു കയറുകയാണ്. അവസാനം തെങ്ങിന്റെ മണ്ടയിൽ എത്തി കാക്കക്കുഞ്ഞിനെ എടുത്തു. പറക്കാൻ പറ്റാത്ത നല്ല ഇളം ഇറച്ചിയുള്ള രണ്ടു കാക്കക്കുഞ്ഞുങ്ങൾ. അവ രണ്ടിനെയും പിടിച്ച് തെങ്ങിന്റെ മൂട്ടിൽ അവയെ ഇടാൻ താഴേക്കു നോക്കി. വല്ലാത്ത ഭയം തോന്നി. കാക്കക്കുഞ്ഞുങ്ങളെ താഴേക്കിട്ടു. തുടർന്നു താഴേക്കിറങ്ങാൻ കാൽ താഴോട്ടു വെച്ചപ്പോൾ കാറ്റത്ത് ഇലകൾ ആടുന്നതു പോലെ വിറയ്ക്കാൻ തുടങ്ങി. ഞാൻ രണ്ടുകൈകൾ കൊണ്ടും തെങ്ങിനെ വട്ടംപിടിച്ചു. കണ്ണടച്ചു തുറക്കും മുമ്പു നെഞ്ച് ഉരഞ്ഞുകീറി ഞാൻ തെങ്ങിൻമൂട്ടിൽ എത്തിക്കഴിഞ്ഞു. വിജയശ്രീലാളിതനായി കാക്കക്കുഞ്ഞുങ്ങളുമായി ഞാൻ വീട്ടിലെത്തി. രക്തമൊലിക്കുന്ന നെഞ്ചുമായി. വിവരമറിഞ്ഞ അപ്പാപ്പൻ ഇനിയും തെങ്ങിൽ കയറണം എന്നും മറ്റും പറഞ്ഞു പ്രോസ്താഹിപ്പിച്ചതേയുള്ളു. അമ്മാമ്മ നെഞ്ചത്തു സ്നേഹപൂർവ്വം എണ്ണ തേച്ചു തന്നിട്ടു ചോദിച്ചു: ‘ഇതു വേണമായിരുന്നോ?’ അപകടത്തെ നോക്കാതെ ലക്ഷ്യം മാത്രം ഉന്നം വച്ചുള്ള പോക്കും അതിനോട് അപ്പാപ്പനും അമ്മാമ്മയും എടുത്ത സമീപനവും എന്റെ ശിഷ്ടജീവിതത്തിൽ മനസ്സിലാക്കി തീരുമാനിച്ച ലക്ഷ്യപ്രാപ്തിക്ക് എന്തു വിലകൊടുക്കാനും എനിക്കു സഹായമായി.

മറ്റൊരു അനുഭവം. മൈനർ സെമിനാരിയിൽ വന്ന ആദ്യദിവസം. അപ്പാപ്പനും കൂട്ടരും എന്നെ ഇമ്മാനുവലച്ചനെ ഏല്പിച്ചിട്ടു വീട്ടിൽ എത്തിക്കാണും. ഉച്ചഭക്ഷണം. കറിയാണെങ്കിൽ പന്നിയിറച്ചി. ഞാൻ പല ഇറച്ചി കഴിച്ചിട്ടുണ്ടെങ്കിലും പന്നിയിറച്ചി കഴിച്ചിട്ടില്ല. അതിനാൽ പന്നിയിറച്ചി കഴിക്കാൻ ഞാൻ വിസമ്മതിച്ചു. ഇറച്ചി കഴിച്ചിട്ടു എഴുന്നേറ്റാൽ മതിയെന്നു പറഞ്ഞിട്ടു ഇമ്മാനുവലച്ചൻ പോയി. ഞാൻ ആലോചിച്ചു. എന്റെ വരവിന് ഒരേയൊരു ലക്ഷ്യം. അച്ചനാകണം. ഈ ലക്ഷ്യം നേടാൻ പന്നിയിറച്ചി കഴിക്കണമെങ്കിൽ അങ്ങനെയാകട്ടെ. വളരെ ബുദ്ധിമുട്ടനുഭവപ്പെട്ടെങ്കിലും ലക്ഷ്യബോധം അതിനെ നിസാരമാക്കി. ഞാൻ പിടിവാശിയോടെ ആഹാരം മുഴുവൻ കഴിച്ചു.

തൃപ്തിയോടെ ഭക്ഷിക്കണമെന്നും ഒരു വറ്റു പോലും നഷ്ടപ്പെടുത്തരുതെന്നുമുള്ള അപ്പാപ്പന്റെ പഠനവും ഇമ്മാനുവലച്ചന്റെ പന്നിയിറച്ചി കഴിപ്പിക്കാനുള്ള നിർബന്ധവും, ഇന്നു ഞാൻ പുറകോട്ടു നോക്കുമ്പോൾ വലിയ അനുഗ്രഹമായി എന്നു ഞാൻ വിലയിരുത്തുന്നു. ഇന്ന് ഏത് ആഹാരവും ഏറെ തൃപ്തിയോടെയും ആഹ്ലാദത്തോടെയും കഴിക്കുക എന്റെ സ്വഭാവമാണ്.

# 4

## ആദ്യകുർബ്ബാന: വ്യവസ്ഥാപിത വിശ്വാസത്തിന്റെ ആദ്യനിഷേധം

ക്രൈസ്തവകുടുംബത്തിൽ ജനിച്ചാൽ ഏഴു ദിവസത്തിനകം ജ്ഞാനസ്നാനം നടത്തുമായിരുന്നു. ഏതാണ്ടു 10 വയസാകുമ്പോൾ - തിരിച്ചറിവ് എത്തിയ പ്രായം എന്നു സങ്കല്പം - എല്ലാ കുട്ടികളും ആദ്യകുർബാന സ്വീകരിക്കുകയാണ് പതിവ്. ഇതു ശരിയാംവണ്ണം നടക്കുന്നതിനു വേദപാഠം ശരിക്കു പഠിച്ചുകൊണ്ടുള്ള ദീർഘനാളത്തെ ഒരുക്കമുണ്ടായിരുന്നു. സാധാരണ കുടുംബങ്ങളിൽ പ്രാർത്ഥനയ്ക്കുപയോഗിച്ചിരുന്ന എല്ലാ പ്രാർത്ഥനകളും മനപ്പാഠമാക്കണം. ദൈവകല്പനകൾ, സഭയുടെ കല്പനകൾ, കൂദാശകൾ, ദൈവം, സൃഷ്ടി, രക്ഷ, മരണം, ശിക്ഷ, മോക്ഷം തുടങ്ങിയവയുടെ ദൈവശാസ്ത്രചിന്തകൾ ചോദ്യോത്തര രീതിയിൽ പ്രിന്റുചെയ്തിട്ടുള്ളവയും മനപ്പാഠമാക്കേണ്ടതുണ്ടായിരുന്നു. ഇതിനോടനുബന്ധിച്ചാണു ആദ്യകുമ്പസാരവും നടക്കുക. ചെയ്തിട്ടുള്ള പാപങ്ങൾ വൈദികനോട് ഏറ്റുപറയുന്ന കുമ്പസാരമെന്ന കൂദാശയിലൂടെ പാപം പൊറുക്കപ്പെട്ടു ശുദ്ധമാകുന്ന ഹൃദയത്തിലേക്കാണ് ആദ്യകുർബാന എന്ന കൂദാശയിലൂടെ യേശുവിനെ സ്വീകരിക്കുക എന്നതാണ് ഇതിന്റെ പിന്നിലെ താത്ത്വിക വിശ്വാസം.

ഈ ആദ്യകുർബാന ആഘോഷം എല്ലാംകൊണ്ടും വലിയൊരു സംഭവമായിരുന്നു - ഒരു ഇടവകയിലെ ഓരോ കുടുംബത്തിലും. വർഷത്തിലൊരിക്കൽ ആഘോഷമായ കുർബാനയിൽ വച്ചാണ് ആദ്യകുർബാന കുട്ടികൾക്കു കൊടുക്കുക. അന്നത്തെ കർശനമായ നിയമം ഇതാണ് - പാതിരാത്രി മുതൽ പൂർണ്ണമായും ഉപവസിച്ചിരിക്കണം. ഉമിനീർ പോലും ഇറക്കാൻ പറ്റുകയില്ല. പിറ്റേന്ന് ഉച്ചയോടടുത്താണ് ആഘോഷമായ പാട്ടുകുർബാന. കുർബാന കഴിയുമ്പോൾ ഉച്ചയാകും. പിന്നെ ഫോട്ടോയും മറ്റും. തുടർന്നു ബന്ധുക്കൾ എല്ലാവരും വീടുകളിൽ വന്നു സദ്യ കഴിക്കുമ്പോൾ കുറഞ്ഞത് ഉച്ചകഴിഞ്ഞു രണ്ടുമണിയാകും. ഇതാണ് അലിഖിത നിയമം.

എന്റെ ആദ്യകുർബാന ദിവസം. ഒരുക്കങ്ങൾ എല്ലാം നടന്നുകഴിഞ്ഞു. സർട്ടി

ഫിക്കറ്റുകളെല്ലാം കരസ്ഥമാക്കി. ഇനി ഉച്ചപൂജയ്ക്കു പോയി കുർബാന സ്വീകരിക്കാനേയുള്ളു. പള്ളിയിലേയ്ക്കു തിരിക്കേണ്ട സമയമായപ്പോൾ അപ്പാപ്പൻ അമ്മാമ്മയെ വിളിച്ചിട്ടു പറഞ്ഞു: 'രാജനു വയറു നിറയെ അപ്പവും ചായയും കൊടുക്കുക. അല്ലെങ്കിൽ അവൻ പള്ളിയിൽ കുർബാനയ്ക്കിടയ്ക്കു വിശന്നു തളർന്നു വീഴും.' അമ്മാമ്മ രാവിലത്തെ കാപ്പി എനിക്കു വിളമ്പിത്തന്നു. ഞാൻ വയറു നിറയെ ഭക്ഷിച്ചിട്ടാണ് ആദ്യകുർബാന സ്വീകരിക്കാൻ പോയത്. മറ്റെല്ലാ കുട്ടികളും പാതിരാത്രി മുതൽ പൂർണ്ണമായും ഉപവസിച്ചിട്ടുമാണ് കുർബാന സ്വീകരിച്ചത്.

കുർബ്ബാന സ്വീകരണത്തെപ്പറ്റി ഇന്നു നിലവിലിരിക്കുന്ന നിയമം, കുർബ്ബാന സ്വീകരിക്കുന്നതിനു ഒരു മണിക്കൂർ നേരത്തേ ഉപവാസം വേണം എന്നാണ്. അതായത് നിറച്ചു കാപ്പിയോ ചോറോ കഴിച്ചു കഴിഞ്ഞിട്ട് ഉടനെ തന്നെ കുർബ്ബാനയിൽ പങ്കെടുക്കാം. ബൈബിൾവായന, പ്രസംഗം, പ്രാർത്ഥനകൾ ഒക്കെ കഴിഞ്ഞ് കുർബ്ബാനസ്വീകരണ സമയം ആകുമ്പോഴേയ്ക്കും ഒരു മണിക്കൂർ കഴിഞ്ഞിരിക്കും. അങ്ങനെ നോക്കുമ്പോൾ ഇന്നു കുർബ്ബാനയ്ക്കു മുമ്പ് ഉപവാസം ഇല്ലെന്നുതന്നെ പറയാം.

ഈ പശ്ചാത്തലത്തിൽ അപ്പാപ്പന്റെ ഇടപെടൽ, ഇന്നിപ്പോൾ വളരെ നിസാരമായൊരു കാര്യമായി തോന്നിയേക്കാം. പക്ഷേ 48 വർഷങ്ങൾക്കു മുമ്പുള്ള സഭാ അന്തരീക്ഷത്തിലും സഭാപരിസരത്തിലും ഇതു വലിയ വിപ്ലവമായിരുന്നു. നിലവിലുണ്ടായിരുന്ന കർശന നിയമത്തെയാണ് അപ്പാപ്പൻ വെല്ലുവിളിച്ചത്. ഈ അനുഭവം എന്റെ പിൽക്കാലത്തെ ജീവിതശൈലിയെ സ്വാധീനിച്ചു എന്നത് ചരിത്രയാഥാർത്ഥ്യം. നിയമം വിലപ്പെട്ടതാണ്, അനുസരിക്കേണ്ടതാണ്. പക്ഷേ നിയമം മനുഷ്യർക്കു വേണ്ടിയാണ്, മനുഷ്യൻ നിയമത്തിനു വേണ്ടിയല്ല എന്ന യേശുവിന്റെ പഠനം അപ്പാപ്പൻ തന്റെ സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കുകയായിരുന്നു. ഈയൊരു ഉൾക്കാഴ്ചയിലേക്ക് എന്നെ എത്തിക്കാനും അതനുസരിച്ചു പ്രവർത്തിക്കാനും ഈ അനുഭവം സജീവമായി എന്നെ ഇന്നും സ്വാധീനിച്ചുകൊണ്ടിരിക്കുന്നു.

# 5

## എന്റെ വിദ്യാലയം:
## ദൈവത്തിങ്കലേയ്ക്കുള്ള ചില ഇളവുകൾ

### ആദ്യകാല അദ്ധ്യാപകവൃന്ദം

എന്നെ മൂന്നാം ക്ലാസിൽ കുമ്പളം മഠത്തിന്റെ അധീനതയിലുള്ള സെന്റ് മേരീസ് എൽ. പി. സ്കൂളിലാണു ചേർത്തത്. അവിടെ കനത്തു തടിച്ച ആല പ്പുഴക്കാരി സിസ്റ്റർ എന്നറിയപ്പെട്ടിരുന്ന സിസ്റ്റർ സ്റ്റാൻസിലാവുസ് മേരി ഉണ്ടാ യിരുന്നു. അവർ എനിക്ക് ഒത്തിരി സ്നേഹം നൽകിയ ഓർമ്മയാണ് മഠത്തിലെ സ്കൂൾ പഠനത്തിൽ എന്നിലിന്നും നിലനില്ക്കുന്നത്.

തുടർന്ന് യു. പി. സ്കൂളിൽ ചെന്നപ്പോൾ ഹെഡ്മാസ്റ്റർ കടവിൽ ജോസഫ് സാറായിരുന്നു. വെള്ളവസ്ത്രം ധരിച്ച സുമുഖനായ, അർപ്പണബോധവും കൃത്യനിഷ്ഠയുമുള്ള അദ്ദേഹം അവിവാഹിതനും ശാന്തശീലനും ഒപ്പം ഗൗര വക്കാരനും അച്ചടക്കം നടപ്പിലാക്കുന്നതിൽ വിട്ടുവീഴ്ചയില്ലാത്തവനുമായ വലി യൊരു മനുഷ്യനായിരുന്നു. കുട്ടികൾക്കെല്ലാം അദ്ദേഹത്തെ ഭയവും ഒപ്പം സ്നേഹവുമായിരുന്നു. എന്റെ ആദ്യകാല അധ്യയനത്തെപ്പറ്റി ഒർക്കുമ്പോൾ ആദ്യം മനസ്സിൽ നിറഞ്ഞുവരുന്നത് ഇന്നും എന്നും ജോസഫ് സാറു തന്നെ. ഞങ്ങളുടെ ആ സ്നേഹബന്ധം ഇന്നും തുടരുന്നു.

പിന്നെ ഞാനോർക്കുക എന്നെ ഞാനാക്കാൻ നല്ലൊരു പങ്കുവഹിച്ച ജസ്റ്റിൻ സാറായിരുന്നു. നല്ലതുപോലെ പഠിപ്പിക്കും. കുട്ടികളെ അഗാധമായി സ്നേഹി ക്കും. പിന്നെ എന്നെയും അല്ലിയച്ചാച്ചനെയും മക്കൾക്കു തുല്യം സ്നേഹിക്കു കയും ആ സ്വാതന്ത്ര്യത്തിൽ വളർത്തി പഠിപ്പിക്കുകയും ചെയ്ത ബജി ടീച്ച റേയും മേരി സ്റ്റെല്ലാ ടീച്ചറേയുമാണ് ഓർക്കുക. ഇവർ മൂവരുമായുള്ള ബന്ധം ഇന്നും അഭംഗുരം തുടരുന്നതിൽ എനിക്ക് അഭിമാനവും സംതൃപ്തിയുമാ ണുള്ളത്.

### ചില ഇളവുകൾ

ഞാൻ പഠിത്തത്തിൽ മോശമായിരുന്നു. കണക്കിനു മാത്രം ജയിക്കും. ബാക്കി എല്ലാ വിഷയങ്ങൾക്കും തോല്ക്കും. ഇതൊരു സ്ഥിരം പരിപാടിയായി രുന്നു. കുമ്പളം എൽ. പി. സ്കൂളിനെ യു. പി. സ്കൂൾ ആക്കിയ ഉയർത്തിയ

കാലം. ഞാൻ രണ്ടാം ബാച്ചാണ്. എന്റെ നാലാംക്ലാസിലെ ക്ലാസ്ടീച്ചർ ജസ്റ്റിൻ സാറായിരുന്നു. അഞ്ചാം ക്ലാസിലും ആറാം ക്ലാസിലും ഏഴാം ക്ലാസിലും ജസ്റ്റിൻ സാറു തന്നെയായിരുന്നു എന്റെ ക്ലാസ്ടീച്ചർ. അദ്ദേഹം എന്നെ ജയിപ്പിച്ചു വിടുമെന്ന് എനിക്കു നല്ല വിശ്വാസമായിരുന്നു. അതുതന്നെ സംഭവിച്ചു.

ഇവിടെ പരാമർശിച്ച ജസ്റ്റിൻ സാറിനോടു ഞാനെന്നും കടപ്പെട്ടവനാണ്. അദ്ദേഹത്തിനു കണക്ക് ഇഷ്ടമായിരുന്നു, എനിക്കും. ഏഴാംക്ലാസിൽ ജയിക്കുന്നതോടെയാണ് ഞാൻ സെമിനാരിയിൽ ചേരുക. സെമിനാരിയിൽ ഏഴാം ക്ലാസിലെ മാർക്ക്ലിസ്റ്റ് കാണിക്കണം. കണക്കിനേ ജയിച്ചിട്ടുള്ളു. മറ്റു പല വിഷയങ്ങൾക്കും മാർക്ക് നന്നേ കുറവായിരുന്നു. ഈ മാർക്ക്ലിസ്റ്റുമായി സെമിനാരിയിൽ ചെന്നാൽ സെലക്ഷൻ കിട്ടുകയില്ല. അപ്പാപ്പനും ഞാനും കൂടി പോയി ജസ്റ്റിൻസാറിനെ നേരിൽ കണ്ടു കാര്യങ്ങൾ സംസാരിച്ചു. സാർ കുറച്ചു മാർക്കുകൾ കൂടി ഇട്ടാൽ ജയിക്കുന്ന വിഷയങ്ങൾക്ക് അങ്ങനെ ചെയ്തു. തീർത്തും മോശമായി ചെയ്ത ഹിന്ദിയും ഇംഗ്ലീഷും സാറിന്റെ വീട്ടിൽ വച്ചു വീണ്ടും എഴുതിച്ചു. അങ്ങനെ അവയിലും ജയിച്ച മാർക്ക്ലിസ്റ്റുമായാണ് ഞാൻ സെമിനാരിയിൽ പോയതും സെലക്ഷൻ കിട്ടിയതും. എനിക്കു നല്ല ഒരു ഭാവി ഉണ്ടാകട്ടെ എന്ന ചിന്തയോടെയാണ് ജസ്റ്റിൻ സാർ അങ്ങനെ ചെയ്തതെന്നു സാറും, അതിനെ നന്ദിപൂർവ്വം സ്മരിക്കും എന്നു ഞങ്ങളും പറഞ്ഞു പിരിഞ്ഞു.

പിന്നെ ലോറൻസ് സാർ, ജോസഫ് സാർ, സെലിൻ ടീച്ചർ, സക്കറിയാ സാർ, തരസിലാ ടീച്ചർ, ഹെൻട്രിസാർ, ഏലിയസ് സാർ തുടങ്ങിയവരെ ഓർക്കുന്നെങ്കിലും പ്രത്യേകമായി പറയത്തക്ക സംഭവങ്ങൾ ഓർമ്മയിൽ വരുന്നില്ല.

ഇന്നു ഞാൻ തിരിഞ്ഞുനോക്കുമ്പോൾ, എന്റെ വീട്ടിലോ സ്കൂളിലോ പഠിക്കുന്ന പുസ്തകങ്ങൾ ഒഴിച്ചു മറ്റൊന്നും വായിക്കാൻ പ്രേരിപ്പിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ വായനാശീലം ഇല്ലായിരുന്നു എന്നുതന്നെ പറയാം. പാട്ടിന്റെ കാര്യത്തിലെന്നതു പോലെ, ഇന്നുള്ള വായനാശീലം പ്രായപൂർത്തിയായിട്ടു ബോധപൂർവ്വം വളർത്തിയെടുത്ത ഒന്നാണ്.

സ്നേഹസമ്പന്നരായ ഒരു കൂട്ടം അധ്യാപകരോടൊപ്പം വളരെ സ്നേഹത്തിൽ ഇടപെട്ടിരുന്ന കുറച്ചു കൂട്ടുകാരും കൂടി എന്റെ ആദ്യകാല വിദ്യാലയ ജീവിതം ധന്യമായ ഒരനുഭവമാക്കിത്തീർത്തു.

# 6

## സെമിനാരിയിലേയ്ക്ക് നയിച്ച ജനഗണമന

സെമിനാരിയിൽ പോകുക എന്നത് നീണ്ടൊരു ഒരുക്കത്തിന്റെ ഫലമാണ്. ഏഴാംക്ലാസ് കഴിഞ്ഞവരെയാണ് തിരഞ്ഞെടുക്കുക. കൊല്ലം ബിഷപ്പായിരുന്ന ഡോ. ജറോം എം. ഫെർണാന്റസിന്റെ തീരുമാനപ്രകാരമാണ് എസ്. എസ്. എൽ. സി. കഴിഞ്ഞവരിൽ നിന്നു തിരഞ്ഞെടുക്കുന്നതിനു പകരം ഏഴാംക്ലാസ് ജയിച്ചവരിൽ നിന്നാക്കിയത്. ഈ തീരുമാനത്തിന്റെ അടിസ്ഥാനകാരണം തീർത്തും വിചിത്രമാണ്. അതായത് ലോകത്തിന്റെ വിവിധങ്ങളായ പ്രലോഭനങ്ങളിൽ അകപ്പെടാതെ തീർത്തും ചെറുപ്പത്തിലേ സെമിനാരിയുടെ നാലു മതിൽക്കെട്ടിനുള്ളിലാക്കി പ്രാർത്ഥനയിലും മറ്റു നല്ലകാര്യങ്ങളിലും ശ്രദ്ധ ചെലുത്തിച്ചാൽ മാലിന്യം ലേശവും ഏല്ക്കാത്ത നല്ല വൈദികരാകും എന്ന വിശ്വാസം. വർഷങ്ങളിലെ പരീക്ഷണത്തിലൂടെ ഈ സമീപനം പരാജയമാണെന്നു മനസ്സിലാക്കി വീണ്ടും എസ്. എസ്. എൽ. സി., പി. ഡി. സി., ഡിഗ്രി എന്നിവ കഴിഞ്ഞിട്ടു മതിയാകും സെമിനാരി ജീവിതം എന്ന തീരുമാനമെടുത്തെങ്കിലും ഞാൻ ചെറുപ്പത്തിലേ സെമിനാരി ജീവിതം ആരംഭിച്ച, അതിന്റെ നന്മയും തിന്മയും അനുഭവിച്ചറിഞ്ഞ, വ്യക്തിയാണ്.

അപ്പാപ്പന്റെ ജ്യേഷ്ഠനും അനുജനും ജ്യേഷ്ഠന്റെ രണ്ടു മക്കളും വൈദികരായിരിക്കെ, സെമിനാരി തിരഞ്ഞെടുപ്പിനു വേണ്ടിയുള്ള അഭിമുഖത്തിനായി എന്നെ അപ്പാപ്പൻ ഒരുക്കിയാണു വിട്ടത്. സാധ്യതയുള്ള ചോദ്യങ്ങളും അവയ്ക്കുള്ള പരമ്പരാഗത ഉത്തരങ്ങളും എന്നെ പഠിപ്പിച്ചു വിട്ടു. നിശ്ചിതദിവസം അഭിമുഖത്തിനായി കൊല്ലം തങ്കശ്ശേരിയിലുള്ള ബിഷപ്ഹൗസിൽ എത്തി. സമയമായി. എന്നെ അകത്തേയ്ക്കു വിളിച്ചു. ജഡ്ജിമാർ മൂന്നുപേർ - കൊല്ലം ബിഷപ് ഡോ. ജറോം എം. ഫെർണാന്റസ്, പാട്ടുകാരനും രൂപതാ വികാരി ജനറലുമായ മോൺസിഞ്ഞോർ ബർണാഡ് ഡിക്രൂസ്, കൊല്ലം സെന്റ് റഫേൽസ് സെമിനാരി റെക്ടറായ മൊൺസിഞ്ഞോർ വിക്ടർ ഫെർണാന്റസ്. ഞാൻ നമസ്കരിച്ചു. എന്നോട് ഇരിക്കാൻ പറഞ്ഞു. പിന്നെ എന്തൊക്കെയോ അവർ ചോദിച്ചു. ഞാൻ മറുപടിയും പറഞ്ഞു. മോൺ. ബർണാഡ് ഡിക്രൂസ് ചോദിച്ചു 'ഒരു പാട്ടു പാടാമോ?' 'എനിക്കു പാട്ടറിയില്ല' എന്റെ മറുപടി. 'അറി

യാവുന്നതുപോലെ ഒരു പാട്ടു പാടുക' എന്ന് വീണ്ടും സ്നേഹത്തോടെ അദ്ദേഹം ആവശ്യപ്പെട്ടു. 'ജനഗണമന അധിനായക ...' ഞാൻ പാടി. പാട്ടു കഴിഞ്ഞ് എന്നെ പറഞ്ഞുവിട്ടു. ദിവസങ്ങൾ കഴിഞ്ഞപ്പോൾ 70 പേരിൽ ഞങ്ങൾ 10 പേരെ തിരഞ്ഞെടുത്തതായി അറിയിപ്പുകത്തു കിട്ടി.

നയതന്ത്രജ്ഞനും ശക്തനും തന്റേടിയും സ്നേഹസമ്പന്നനുമായ ശക്തികുളങ്ങരക്കാരൻ ഫാ. ക്രിസ്റ്റഫർ മോറിസ്സായിരുന്നു അന്നു ഞങ്ങളുടെ കുമ്പളം ഇടവകവികാരി. എനിക്കു സെലക്ഷൻ കിട്ടിയ വിവരം അറിയിക്കാനായി അപ്പാപ്പനും ഞാനും കൂടി വികാരിയച്ചനെ കാണാൻ ചെന്നപ്പോൾ അദ്ദേഹം പറഞ്ഞു 'എന്റെ സഹോദരൻ മരിയാൻ മോറിസ്സിന്റെ മകൻ വാൾട്ടറിനും സെലക്ഷൻ കിട്ടി. നിങ്ങൾ രണ്ടുപേരും എന്നും സ്നേഹിച്ചും സഹകരിച്ചും നല്ല രീതിയിൽ പെരുമാറിയും നല്ല വൈദികരായിത്തീരണം. ഇക്കാര്യം ഞാൻ വാൾട്ടറിന്റടുത്തും പറയും.' അച്ചന്റെ ഈ ഉപദേശം ഞങ്ങൾ ശിരസാ സ്വീകരിച്ചു. കൊച്ചുസെമിനാരിയിലും തുടർന്നു വലിയ സെമിനാരിയിലും പിന്നെയുള്ള വൈദികജീവിതത്തിലും ഇന്നു വരെ ഞങ്ങൾ നല്ല സുഹൃത്തുക്കളായി തുടരുന്നു. മാത്രമല്ല, ഞങ്ങൾ തിരഞ്ഞെടുക്കപ്പെട്ട പത്തുപേരിൽ മൂന്നു പേരെ സെന്റ് അലോഷ്യസ് ഹൈസ്കൂളിലേയ്ക്കും (മലയാളം മീഡിയം) ഞങ്ങൾ ഏഴു പേരെ തങ്കശ്ശേരിയിലെ ഇൻഫന്റ് ജീസസ് ആംഗ്ലോ ഇൻഡ്യൻ ഹൈസ്കൂളിലേയ്ക്കും (ഇംഗ്ലീഷ് മീഡിയം) ആണു വിട്ടത്. ഈ 7 പേരിൽ ഞങ്ങൾ രണ്ടു പേരേ വൈദികരായുള്ളു.

കൊച്ചുസെമിനാരിയിലേയ്ക്കുള്ള യാത്രയ്ക്കു മുമ്പ് രണ്ടുകാര്യങ്ങൾ നടന്നതായി ഓർമ്മ നിൽക്കുന്നു. അടുത്ത ബന്ധത്തിൽപ്പെട്ടവരുടെയെല്ലാം കുടുംബങ്ങളിൽ ചെന്നു മുതിർന്നവർക്കു സ്തുതി കൊടുത്ത് അനുഗ്രഹം വാങ്ങി. ഈ പ്രക്രിയ ഓരോ അവധിക്കും വീട്ടിൽ വന്നിരുന്നപ്പോൾ തുടരുമായിരുന്നു. ഈ യാത്ര ഇത്ര ശരിക്കും ഓർക്കാൻ ഒരു കാരണം കൂടിയുണ്ട്. ഇങ്ങനെ ചെല്ലുമ്പോൾ മുട്ടയും പാലും അതുപോലെ പൊരിച്ച മീനും മറ്റു വിഭവങ്ങളും കൂട്ടിയ ആഹാരവും ഒപ്പം ഒത്തിരി സ്നേഹവും നല്കിയിരുന്നു. ഈ യാത്ര ഞാൻ ആസ്വദിച്ചിരുന്നു. മാത്രമല്ല, യാത്രയയപ്പിനായി അടുത്ത ബന്ധുക്കളെയൊക്കെ ക്ഷണിച്ചിരുന്നു. അവരെല്ലാവരും കൂടി ഭക്ഷിച്ചിട്ടു പ്രാർത്ഥിച്ചിട്ടാണ് എന്നെ സെമിനാരിയിലേയ്ക്ക് അപ്പാപ്പൻ കൊണ്ടുപോയത്. ഏതോ വലിയൊരു കാര്യത്തിനു പോവുകയാണ്. അതിന്റെ വിടവാങ്ങൽ ചടങ്ങിന്റെ പ്രതീതിയായിരുന്നു. അവരൊക്കെ എന്റടുത്തു വന്നു നെറ്റിയിൽ കുരിശിട്ടു മുത്തം തന്ന വിടവാങ്ങൽ അനുഭവം ഇന്നും സജീവമായി മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.

അപ്പാപ്പന്റെ അടുത്ത സുഹൃത്തുക്കളായ അച്ചന്മാരിൽ പ്രധാനി ഫാ. മരിയനാണ്. അദ്ദേഹം അന്നു കൊല്ലത്തു തുയ്യംപള്ളി വികാരിയാണ്. അദ്ദേഹ

ത്തിന്റെ അനുഗ്രഹം വാങ്ങിയിട്ടു വേണം സെമിനാരിയിൽ എത്താൻ എന്നാണ് അപ്പാപ്പന്റെ നിശ്ചയം. അങ്ങനെ ഞങ്ങൾ രണ്ടുപേരും മരിയാനച്ചന്റെ പള്ളി മേടയിൽ വന്നു. വാതിലിൽ കൊട്ടി. ഞങ്ങൾ അദ്ദേഹത്തിന്റെ മുറിയിൽ പ്രവേശിച്ചു. അച്ചനിരിക്കുന്ന കസേര കഴിഞ്ഞാൽ മറ്റൊരു കസേരയും ഒരു ബെഞ്ചുമാണുള്ളത്. അപ്പാപ്പനോട് ആ കസേരയിലിരിക്കാൻ മരിയാനച്ചൻ പറഞ്ഞു. അപ്പാപ്പൻ വിനയപൂർവ്വം വിസമ്മതിച്ചിട്ടു ബഞ്ചിലിരുന്നു. മരിയാനച്ചൻ അദ്ദേഹം ഇരുന്ന കസേരയിൽ നിന്നെഴുന്നേറ്റുവന്ന് അപ്പാപ്പന്റെയും എന്റെയും കൂടെ ഞങ്ങളിരുന്ന ബെഞ്ചിൽ ഇരുന്നു കാര്യങ്ങൾ പറഞ്ഞു. 46 വർഷങ്ങൾക്കു മുമ്പ് (1959) വൈദികർക്കു മഹത്വ-അധികാരസ്ഥാനമുണ്ടായിരുന്നതും അൽമായർക്ക് ഒരു സ്ഥാനവും ഇല്ലാതിരുന്നതുമായ കാലത്താണ് ഒരച്ചൻ എഴുന്നേറ്റു വന്ന് അൽമായരോടൊപ്പം ഇരുന്നത്. മാത്രമല്ല, ആ വലിയ മനുഷ്യൻ തന്റെ വലിയ ശരീരത്തിലേയ്ക്ക് എന്നെ അടുപ്പിച്ചു. ആ ശരീരം മുഴുവൻ സ്നേഹമാണെന്നു ഞാൻ അനുഭവിച്ചറിഞ്ഞു. സ്നേഹിക്കുകയാണു വൈദികന്റെ ജോലിയെന്ന് എന്റെ പിഞ്ചുഹൃദയത്തിലേയ്ക്ക് അദ്ദേഹം തന്റെ ജീവിതത്തിലൂടെ പ്രായോഗികമായി പഠിപ്പിക്കുകയായിരുന്നു. മരിയാനച്ചൻ അന്നു കാട്ടിത്തന്ന മാതൃക എന്നും എന്റെ ജീവിതത്തിൽ നിറഞ്ഞുനിൽക്കുന്നു.

തുടർന്നു ഞങ്ങൾ കൊല്ലം സെന്റ് റഫേൽ മൈനർ സെമിനാരിയിൽ എത്തിയപ്പോൾ ഫാ. ഇമ്മാനുവേൽ ഞങ്ങളെ സ്വീകരിക്കാൻ മുൻവശത്തു തന്നെ നിൽക്കുന്നുണ്ടായിരുന്നു. ഫാ. ഇമ്മാനുവേൽ സെമിനാരിയുടെ ഫാദർ പ്രീഫെക്ടാണ്. മൊൺസിഞ്ഞോർ വിക്ടർ ഫെർണാന്റസ് സെമിനാരി റെക്ടറും. ഫാ. ആന്റണി ഡോമിനിക് ആദ്ധ്യാത്മിക ഗുരുവും (സ്പിരിച്വൽ ഫാദർ).

*(ഫാദർ റെക്ടറെന്നാൽ പ്രിൻസിപ്പലെന്നും ഫാ. പ്രീഫെക്റ്റ് എന്നാൽ അസിസ്റ്റന്റ് പ്രിൻസിപ്പലെന്നും വിശേഷിപ്പിക്കാം)*

കൊല്ലം പട്ടണത്തിന്റെ നടുവിൽ വലിയൊരു ഇരുനില കെട്ടിടം. ചുറ്റും ടാറിട്ട റോഡുകൾ. നിരന്തരം പ്രൈവറ്റും ട്രാൻസ്പോർട്ടും ബസ്സുകൾ, ജാഥകൾ, പ്രദക്ഷിണങ്ങൾ. സെമിനാരിയുടെതൊട്ടു മുമ്പിൽ കൊല്ലത്തെ പേരുകേട്ട സെന്റ് അലോഷ്യസ് ഹൈസ്കൂൾ. തൊട്ടു പടിഞ്ഞാറുവശം കൊല്ലം രൂപതയുടെ അഭിമാനസ്തംഭമായ ഫാത്തിമാ ഷ്രൈൻ. കിഴക്കുവശത്ത് യൂറോപ്യൻ ബ്രദേഴ്സ് താമസിക്കുന്ന ഇരുനില കെട്ടിടം. എല്ലാംകൊണ്ടും കൊച്ചൊരു ഗ്രാമത്തിൽ നിന്നു വന്ന എനിയ്ക്ക് ഒരു അങ്കലാപ്പ് അനുഭവപ്പെട്ടു, പ്രത്യേകിച്ചു അപ്പാപ്പനും കൂട്ടരും വീട്ടിലേയ്ക്കു പോയിക്കഴിഞ്ഞപ്പോൾ. എല്ലാം നേരിടുകതന്നെ എന്ന തീരുമാനത്തിൽ ഞാൻ ഉറച്ചു.

# 7

## നാലു വ്യക്തിത്വങ്ങൾ

അഞ്ചു വർഷത്തെ മൈനർ സെമിനാരി ജീവിതത്തിൽ ധാരാളം അനുഭവങ്ങളും സംഭവങ്ങളുമുണ്ട്. മൈനർ സെമിനാരിയിൽ പ്രധാനമായും മൂന്നു തസ്തികകളാണുള്ളത്: ഫാ. റെക്ടർ, ഫാ. പ്രീഫക്ട്, സ്പിരിച്ച്വൽ ഫാദർ. എന്റെ കാലയളവിൽ ഒരു റെക്ടറും രണ്ടു ഫാ. പ്രീഫക്ട്മാരും രണ്ട് ആദ്ധ്യാത്മിക ഗുരുക്കളുമാണ് ഉണ്ടായിരുന്നത്.

റെക്ടറച്ചൻ നല്ല പൊക്കവും തടിയുമുള്ള വലിയൊരു മനുഷ്യൻ. ഞങ്ങളുമായി വലിയ ഇടപെടലില്ല. ചിട്ടയായ ജീവിതം. കൃത്യത ഏതിനും പാലിച്ചിരിക്കും. മുറിയിൽ നിന്നു വരുമ്പോഴും പോകുമ്പോഴും ഞങ്ങളെ കാണുമ്പോൾ ഒന്നു പുഞ്ചിരിക്കും - എന്തെങ്കിലുമൊന്നു ചോദിക്കും. എന്നും ഞങ്ങൾ ഒത്തു കാണുന്നത് രാത്രിയിലാണ്. ഉറങ്ങാൻ പോകുന്നതിനു മുമ്പുള്ള പ്രാർത്ഥനയ്ക്കു ശേഷം ഞങ്ങളെയെല്ലാം ആനാവെള്ളം (ഓതുവെള്ളം) കൊണ്ടു തളിച്ചിട്ട് ഞങ്ങളെ ആശീർവദിക്കും. ആശീർവാദം കഴിഞ്ഞിട്ടു ഞങ്ങൾ എല്ലാവരും മുട്ടുകുത്തി കൈകൾ വിരിച്ചു തിരുഹൃദയപടത്തിലേയ്ക്കു നോക്കി ഒത്തുപാടും 'Sacred Heart of Jesus, I palce my trust in Thee'. (ഈശോയുടെ തിരുഹൃദയമേ, അങ്ങിൽ ഞാൻ ശരണം വെയ്ക്കുന്നു). ബ്രദർ പ്രീഫക്ട് (ലീഡർ എന്നേ അർത്ഥമുള്ളു) ഇത് ആദ്യം പാടും. എല്ലാവരും മൂന്നു പ്രാവശ്യം ഇത് ഏറ്റുപാടും. സെമിനാരിയിൽ വന്ന ദിവസം തൊട്ടു തന്നെ തുടങ്ങുന്ന അനുഷ്ഠാനമാണിത്. ഞാൻ വന്ന ദിവസം എന്താണു ബ്രദർ പ്രീഫെക്ട് ഉറക്കെ വിളിച്ചുകൂവുന്നത് എന്നു വ്യക്തമല്ലായിരുന്നു. ഏതോ സ്വരം നീട്ടിയടിക്കുന്നു. എല്ലാവരും ആ സ്വരമുണ്ടാക്കുന്നു. എനിക്കു ഭക്തി കൂടി. ഈ സ്വരം ആഞ്ഞുണ്ടാക്കുക എന്നല്ലാതെ എന്താണു പറയുന്നത് എന്നു വ്യക്തമല്ലായിരുന്നു. ശരിക്കും പങ്കെടുത്തിരുന്നതു കൊണ്ട് തെറ്റുണ്ടെന്നു തോന്നിയതുമില്ല. അങ്ങനെ മാസങ്ങൾ കടന്നുപോയി. ഏതാണ്ട് ഒരു വർഷത്തോളമായപ്പോൾ എല്ലാ മാസവുമുള്ള ധ്യാനത്തിൽ ഒരിക്കൽ ഈ ചൊല്ലിനെ ആസ്പദമാക്കിയുള്ള വിചിന്തനം ആണ് ധ്യാനഗുരു നൽകിയത്. അന്നാണു മനസ്സിലായത് ഉറങ്ങുന്നതിനു മുമ്പ് വെറും സ്വരമുണ്ടാക്കുകയല്ല 'ഈശോയുടെ തിരു

ഹൃദയമേ, അങ്ങിൽ ഞാൻ ശരണം വെയ്ക്കുന്നു' എന്ന പ്രാർത്ഥനയാണു നടത്തുന്നതെന്ന് ! ഏതാണ്ട് ഒരു വർഷം അർത്ഥമറിയാതെ അതേസമയം വളരെ ഭക്തിപാരവശ്യത്തോടെ എല്ലാവരോടുമൊപ്പം സ്വരമുയർത്തി വാവിട്ട പരിശീലനത്തിന്റെ അർത്ഥശൂന്യത ഒന്നു വിഭാവനം ചെയ്യുക! എന്തൊക്കെയാണെങ്കിലും മൊൺ. വിക്ടർ റെക്ടറച്ചനെപ്പറ്റി വലിയൊരു വ്യക്തിത്വത്തിന്റെ ഉടമയെന്നേ ഓർക്കാൻ പറ്റൂ.

അന്നു സെമിനാരിയിൽ ചെന്നപ്പോൾ ഫാ. പ്രീഫെക്ട് ഇമ്മാനുവേലച്ചൻ ആയിരുന്നു. അച്ചൻ സത്യസന്ധതയും ആത്മാർത്ഥതയുമുള്ള, കിട്ടിയ പ്രകാശത്തോടു വിശ്വസ്തത പുലർത്തുന്ന ആളായിരുന്നു. നിയമങ്ങൾ പാലിക്കണമെന്നു നിർബന്ധം. അനുസരിച്ചില്ലെങ്കിൽ ആ നിമിഷത്തിൽത്തന്നെ ശിക്ഷിക്കുന്ന പ്രകൃതം. ശിക്ഷാ ശൈലികളോ മുട്ടുകുത്തിയിരുത്തുക, കൈവിരിച്ചു പ്രാർത്ഥിപ്പിക്കുക, എല്ലാവരും പോയാലും ഒറ്റയ്ക്ക് ആ ശിക്ഷ അവിടെത്തന്നെ തുടരുക എന്നിങ്ങനെ ഒരുതരം പ്രത്യേക പ്രാകൃത ക്രിസ്തീയ ശിക്ഷാനടപടികൾ. പലപ്പോഴും വ്യക്തിത്വത്തെ തീർത്തും ഹനിക്കുന്ന ശിക്ഷണനടപടിയായിരുന്നു അച്ചന്റേത്. ഇതൊക്കെ പറയുമ്പോഴും ആദ്ദേഹം നൂറു ശതമാനവും ആത്മാർത്ഥതയുള്ള വ്യക്തിയായിരുന്നു. ഒപ്പം ഒത്തിരി സ്നേഹവും. വിശ്രമവേളയിൽ സന്തോഷിക്കാനും പാട്ടുപാടാനും പാട്ടുകേൾക്കാനും അവസരം ഉണ്ടാക്കിത്തന്നിരുന്നു. ഇംഗ്ലീഷ് സംസാരിക്കണമെന്നാണു നിയമം. മലയാളം പറഞ്ഞാലുടൻ ഒരു ഷീൽഡ് ഉടുപ്പിൽ കുത്തേണ്ടിവരും. വൈകിട്ടു പഠനം തുടങ്ങുന്നതിനു മുമ്പ് ആരുടെ ഉടുപ്പിലാണോ ഷീൽഡ്, അയാൾ മുട്ടുകുത്തി നിന്നു പഠിക്കണം. അതുകൊണ്ടു വൈകിട്ടാകുമ്പോഴേക്കും ഷീൽഡ് മറ്റൊരാളെ ഏല്പിക്കാൻ അയാളെക്കൊണ്ടു മലയാളം പറയിപ്പിക്കാനുള്ള ശ്രമം ഒരു നിരന്തര പ്രവർത്തനപരിപാടിയായിരുന്നു. ഞങ്ങളുടെ സീനിയർ ബാച്ചിലെ ഒരു ബ്രദർ കാർഡോസ് വൈകിട്ടു പഠനത്തിനു മുമ്പ് സ്ഥിരമായി മലയാളം പറയും. ഷീൽഡു വാങ്ങി കുത്തിയിട്ടു മുട്ടിന്മേൽ നിന്നു പഠിക്കുക അയാൾ ഒരു സ്ഥിരം പതിവാക്കി മാറ്റി. റെക്ടറച്ചൻ വൈകിട്ടു കുളിച്ചിട്ടു പഠനമുറിയുടെ അടുത്തുകൂടി പോകുമ്പോൾ എന്നും കാർഡോസ് മുട്ടിന്മേൽ നിന്നു പഠിക്കുന്നുണ്ടാകും. അദ്ദേഹം കാർഡോസിനെ വിളിപ്പിച്ചു കാര്യം അന്വേഷിച്ചു. അദ്ദേഹം പറഞ്ഞു: 'മോൻ പോയി കസേരയിലിരുന്നു പഠിക്കുക.' റെക്ടറച്ചന്റെ ഈ ഇടപെടലോടെ മലയാളം സംസാരിക്കുന്നതിനോടു ബന്ധപ്പെടുത്തി മുട്ടിന്മേലുള്ള പഠനശിക്ഷ അവസാനിച്ചു. ഒരമ്മയുടെ സ്നേഹം റെക്ടറച്ചനിൽ നിന്നും ഒരച്ഛന്റെ കാർക്കശ്യം ഇമ്മാനുവേലച്ചനിൽ നിന്നും ഞങ്ങൾ അനുഭവിച്ചു.

ഫാ. ആന്റണി ഡൊമിനിക് ആയിരുന്നു ഞങ്ങളുടെ ആദ്യ ആദ്ധ്യാത്മിക ഗുരു. പ്രത്യേകമായി ഗുണപരമായ ഉപദേശങ്ങൾ നല്കിയതായി ഓർക്കുന്ന

തേയില്ല. അദ്ദേഹമായിരുന്നു മ്യൂസിക് മാസ്റ്ററും. വീട്ടിൽ എനിക്കു പാട്ടിന് ഒരു പ്രോത്സാഹനവും കിട്ടിയിരുന്നില്ല. സെമിനാരിയിലേയ്ക്കുള്ള തിരഞ്ഞെടുപ്പു കൂടിക്കാഴ്ചയ്ക്കിടയിൽ പാടിയതു ജനഗണമന. ആന്റണിയച്ചൻ ഞങ്ങളെ പാട്ടു പഠിപ്പിക്കാൻ വിളിച്ചു. ആദ്യം അദ്ദേഹംതന്നെ ഒരു പാട്ടുപാടി. പല നല്ല പാട്ടുകാരും വെറുതെ ഇരുന്നു പാട്ടു കേട്ടപ്പോൾ ആ പാട്ടിനൊത്തു ഞാൻ അറിയാതെ കൈകൊണ്ടു താളമിടുന്നുണ്ടായിരുന്നു. ഇത് ആന്റണിയച്ചൻ ശ്രദ്ധിച്ചതും പാട്ടുപാടാൻ പറ്റുമെന്ന് പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞതും നല്ല ഓർമ്മയുണ്ട്. എന്റെ ഉള്ളിന്റെയുള്ളിൽ എവിടെയോ അല്പം സംഗീത താളം ഉറങ്ങിക്കിടപ്പുണ്ട് എന്ന് ആദ്യം പറഞ്ഞതും അല്പസ്വല്പം പഠിക്കാൻ പ്രേരിപ്പിച്ചതും ആന്റണിയച്ചനാണ്. പക്ഷേ വളരെ വേഗം ആന്റണിയച്ചന് അരമനയിലെ പ്രൊക്യുറേറ്റർ (ഖജാൻജി) ആയി സ്ഥലംമാറ്റം കിട്ടി പോയി. ആദ്ധ്യാത്മികഗുരുവിന്റെ സ്ഥാനത്തേയ്ക്കു നിയോഗിച്ചതു പ്രീഫക്ടച്ചനായിരുന്ന ഇമ്മാനുവേലച്ചനെയാണ്.

പ്രീഫെക്ടച്ചന്റെ സ്ഥാനത്തേയ്ക്കു നിയോഗിക്കപ്പെട്ടതു പിന്നീടു കൊല്ലം ബിഷപ്പായ ഫാ. ജോസഫ് ജി. ഫെർണാന്റസ് ആയിരുന്നു. മ്യൂസിക് മാസ്റ്ററായി വിസിറ്റിംഗ് പ്രൊഫസർ മൊൺ. ബർണാഡ് ഡിക്രൂസും. അദ്ദേഹം എനിക്കു പാട്ടുപാടാൻ കഴിവില്ല എന്നു വിധിയെഴുതി. കുർബാനയ്ക്കും മറ്റും ശുശ്രൂഷിക്കുന്ന ജോലി ഏല്പിച്ചു. പിന്നെ പ്രീഫക്ട് അച്ചനായ ജോസഫച്ചനും പാട്ടു പഠിപ്പിച്ചു. അദ്ദേഹവും എന്നെ ഗായകസംഘത്തിൽ ചേർത്തില്ല. അങ്ങനെ ആന്റണിയച്ചൻ വഴി തുടക്കം കുറിച്ച സംഗീതതാളം മണ്ണിൽ കുഴിച്ചിട്ടു. വലിയ സെമിനാരിയായ ആലുവായിലും ഗായകസംഘത്തിൽ ഞാനില്ലാതായി. ആദ്യ കുർബാന ദിവസം ദിവ്യപൂജ സമാപിച്ചു എന്നുള്ള 'ite missa est' എന്ന് അച്ചൻ പാടേണ്ട പാട്ടുപാടാൻ എന്റെ നല്ല സഹപാഠികൾ ഏറെ സഹിഷ്ണുതയോടെ പഠിപ്പിക്കാൻ ശ്രമിച്ചതും എന്റെ ആദ്യകുർബാന ദിവസം അതു പാടി കുളമാക്കിയതും ഇന്നും നല്ലതുപോലെ ഓർക്കുന്നു.

ഫാ. ജോസഫ് ജി. ഫെർണാന്റസ് കൃത്യനിഷ്ഠയും സ്നേഹവും ലാളിത്യവുമുള്ള ഒരു പ്രീഫെക്ടച്ചനായാണ് എനിക്ക് അനുഭവപ്പെട്ടത്. എന്നോടു പ്രത്യേകമായ താല്പര്യവും കരുതലും ഉണ്ടായിരുന്നു. ഹിന്ദി എനിക്കു പ്രയാസമായിരുന്നു. അതദ്ദേഹം മനസ്സിലാക്കി അതിനു വേണ്ട സഹായം നല്കിയിരുന്നു. അനുസരണയ്ക്കു വലിയ മൂല്യം നൽകുന്ന ഒരു വ്യക്തിയായിരുന്നു അദ്ദേഹം. ഈ നാല് വ്യക്തികളും അവരുടേതായ രീതിയിൽ എന്റെ ജീവിത യാത്രയിൽ സ്വാധീനിച്ചതായി ഇന്നു ഞാൻ കാണുന്നു.

# 8

## ക്രിസ്റ്റി അച്ചന്റെ അടിയും ഏലിയാസച്ചന്റെ 'മൂലവും മൂടും' എന്റെ പാറ്റായും

വർഷങ്ങളായി കൊല്ലം സെന്റ് റെഫേൽസ് കൊച്ചുസെമിനാരിയിലെ ബ്രദേഴ്സിനെ പഠിപ്പിക്കാൻ വിട്ടിരുന്നത് സെമിനാരിയുടെ നേരേ എതിർവശത്തുള്ള സെന്റ് അലോഷ്യസ് ഹൈസ്കൂളിലാണ്. ഞങ്ങളുടെ ബാച്ചിനെയാണ് ആദ്യമായി ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വിട്ടത്. ആ സ്കൂളിന്റെ പഠനവർഷം ജനുവരി-ഡിസംബറാണ്. ഞങ്ങൾ സെലക്ഷൻ കിട്ടി ജൂൺ ആരംഭത്തിൽ സെമിനാരിയിലെത്തി. ഡിസംബർ വരെയാണ് ഇംഗ്ലീഷിൽ കോച്ചിംഗ്. അങ്ങനെ ജനുവരിയിൽ എട്ടാം ക്ലാസിൽത്തന്നെ ഇംഗ്ലീഷ്മീഡിയം സ്കൂളിൽ ചേർക്കണം. ഇതിന് ഞങ്ങളെ ഒരുക്കിയത് വാടി അസിസ്റ്റന്റ് വികാരി ഫാ. ക്രിസ്റ്റി ഡാനിയലാണ്. ഇംഗ്ലീഷ് വ്യാകരണം വിക്ടറച്ചനും.

ഇംഗ്ലീഷ് സാഹിത്യത്തിലെ കവിതകളും നോവലുകളുമൊക്കെ പരിചയപ്പെടുത്തിയതു ക്രിസ്റ്റി അച്ചനാണ്. വിപുലമായ വായനയുള്ള ആളായിരുന്നു അച്ചൻ. അച്ചൻ ഞങ്ങളെ വായിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. മാത്രമല്ല, കാലത്തിനനുസരിച്ചു ഡ്രസ്സിലും മറ്റും മാറ്റം വരുത്തണമെന്നു സെമിനാരി അധികാരികളോടു പറഞ്ഞു മനസ്സിലാക്കി ഞങ്ങളുടെ ഡ്രസ്സിൽ കുറച്ചു മാറ്റം വരുത്തിച്ചതും അദ്ദേഹമാണ്. സെമിനാരിക്കാരെ പഠനയാത്രയ്ക്കും വിനോദയാത്രക്കും കടലിൽ കുളിക്കാനും മറ്റും സെമിനാരിയുടെ നാലുമതിൽക്കെട്ടിനു പുറത്തു കൊണ്ടുപോയതും ക്രിസ്റ്റി അച്ചനാണ്. ഞങ്ങൾ പഠിക്കാത്തതിനും മറ്റും ഞങ്ങളെ ശരിക്കും വഴക്കു പറഞ്ഞാൽ അന്നുച്ചകഴിഞ്ഞ് ഒരു ട്രിപ്പു പ്രതീക്ഷിക്കാം.

ഒരുദിവസം ക്രിസ്റ്റി അച്ചൻ ഒരു പരീക്ഷയിടാൻ തീരുമാനിച്ചു. അതിനായി ഒരുങ്ങാൻ രണ്ടുദിവസം തന്നു. പഠനസമയത്ത് അച്ചൻ ക്ലാസ്മുറിയിൽ കയറിവന്നു. ഞാൻ ഒരു നോവൽ വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. തീർത്തും ഓർക്കാപ്പുറത്ത് ചെവിക്കുറ്റിക്ക് ആഞ്ഞൊരടി. നോക്കിയപ്പോൾ ക്രിസ്റ്റി അച്ചൻ. അഞ്ചു വിരലും മുഖത്തു പതിഞ്ഞിരുന്നു. ശരിക്കും വഴക്കു പറഞ്ഞു. 'ബ്ലഡി ഫൂൾ' എന്നട്ടഹസിച്ചു. വൈകിട്ട് ഒരു ട്രിപ്പ് സുനിശ്ചിതം

എന്നു കൂട്ടുകാർ പതുക്കെ പറഞ്ഞു. അന്നുച്ചകഴിഞ്ഞു ക്രിസ്റ്റി അച്ചൻ ഒരു വാഹനവുമായി വന്നു ഞങ്ങൾ പത്തുപേരെയും കൂട്ടി തിരുമുല്ലവാരത്തു കട ലിൽ കുളിക്കാൻ കൊണ്ടുപോയി. മാത്രമല്ല, ഹോട്ടലിൽ നിന്നു ഞങ്ങൾക്ക് ആഹാരവും വാങ്ങിത്തന്നു.

മലയാളം മീഡിയത്തിൽ നിന്നു വന്ന ഞങ്ങളെ ഇംഗ്ലീഷ് മീഡിയത്തിന് ഒരുക്കുക ശ്രമകരമായൊരു ജോലിയായിരുന്നു. ഞങ്ങളിൽ പലരും പ്രതീക്ഷ യ്ക്കൊത്ത് ഉയർന്നില്ല. ഒരിക്കൽ ഒരു പരീക്ഷ വച്ചു. അതിൽ തോല്ക്കുന്ന വരെ സെന്റ് അലോഷ്യസ് സ്കൂളിലേയ്ക്കും ജയിക്കുന്നവരെ തങ്കശ്ശേരിയി ലേയ്ക്കും അയയ്ക്കുന്നതായിരിക്കും എന്നു റെക്ടറച്ചൻ പ്രഖ്യാപിച്ചു. പരീക്ഷ നടന്നു. മൂന്നുപേർ തോറ്റു. അവരെ സെന്റ് അലോഷ്യസിലേയ്ക്കു വിട്ടു. പിന്നെ ഞങ്ങൾ 7 പേർ. അതിൽ മിടുക്കർ വാൾട്ടറും മാക്സ്‌വെല്ലുമാണ്. ഏറ്റം ചൂത്ത ജോൺസൺ ജോർജ്ജും ഞാനും. ഒരു ദിവസം ക്രിസ്റ്റിയച്ചൻ ഓർഡർ ഇട്ടു. ഓരോ ദിവസവും കോമ്പസിഷൻ എഴുതുമ്പോൾ, ആദ്യം ഞാൻ വാൾട്ടറിനെയും ജോൺസൺ മാക്സ്‌വെല്ലിനെയും കാണിച്ചിട്ട്, അവർ തിരു ത്തിത്തരുന്ന രീതിയിൽ എഴുതിയിട്ടായിരിക്കണം ക്രിസ്റ്റിയച്ചനെ കാണിക്കുക. ആദ്യം അല്പം ബുദ്ധിമുട്ടു തോന്നിയെങ്കിലും ഞങ്ങൾ അങ്ങനെ ചെയ്തു. ഫലമോ? ഇന്നു വ്യാകരണം നല്ലതുപോലെ അറിയാം.

ഇൻഫന്റ് ജീസസ് സ്കൂളിന്റെ യൂണിഫോം ആയിരുന്ന നീല നിക്കറും വെള്ള ഷർട്ടും ടൈയുമെല്ലാം ധരിച്ചു ഞങ്ങൾ ഏഴു പേരും റോഡിലൂടെ രാവിലെയും വൈകിട്ടും വരിയായി മാർച്ചു ചെയ്യുന്നത് ഒരു കാഴ്ചതന്നെ യായിരുന്നു. ഫാ. സ്റ്റീഫൻ ഗോമസ് (ഗോമസച്ചൻ) ആയിരുന്നു ഹെഡ്മാ സ്റ്റർ. എനിക്ക് അച്ചന്റെ മുറിയിൽ പ്രത്യേക ട്യൂഷൻ നല്കിയിരുന്നു. പ്രയാസ മുള്ള വിഷയങ്ങൾ ഇന്റർവെൽ സമയത്തു പറഞ്ഞുതന്നിരുന്നു. അദ്ദേഹം എനിക്കു പറഞ്ഞുതന്ന ഒരു കാര്യം ഞാൻ ഒരിക്കലും മറക്കില്ല: "അവസരം ഒരിക്കലും നഷ്ടപ്പെടുത്തരുത്; അത് എത്ര ചെറുതായാലും. നഷ്ടപ്പെട്ട അവ സരം ഒരിക്കലും തിരികെകിട്ടില്ല." ഇത് എന്റെ ജീവിതത്തിന് എന്നും മാർഗ്ഗ ദർശിയായി നിലകൊള്ളുന്നു.

അതുപോലെതന്നെ ഫാ. ഏലിയാസ് ലോപ്പസ് ക്ലാസിൽ പലവട്ടം പറയാ റുണ്ടായിരുന്ന ഒരു വാചകം എനിക്കെന്നും പ്രചോദനമായിരുന്നു. ഇന്നത്തെ പുത്തൻ പണക്കാരെയും അവരുടെ ഗമയെയും പറ്റി അദ്ദേഹം പറഞ്ഞു: "നമ്മൾ മൂലം മറക്കരുത്, മൂട് മറക്കരുത്. നമ്മുടെ തുടക്കം മറക്കരുത്." Don't forget your beginnings എന്നൊരു ചൊല്ലു കേട്ടിട്ടുണ്ടല്ലോ. അതിനുള്ള അ ച്ചന്റെ ഭാഷ്യമാണ് 'മൂലവും മൂടും' മറക്കരുതെന്ന്.

മൈനർ സെമിനാരി ജീവിതത്തിൽ ഒരിക്കലും മറക്കാൻ സാധിക്കാത്തതും അന്നുണ്ടായ അനുഭവത്തിന്റെ ആഘാതം ഇന്നും അനുഭവിക്കുന്നതുമായ

രസകരമായ ഒരു കഥയുണ്ട്. ഞങ്ങൾ കിടന്നുറങ്ങുന്നത് രണ്ടാംനിലയിലെ ഹാളിലാണ്. രാത്രി ഉറങ്ങിക്കിടക്കവേ എന്തോ ഒന്ന് എന്റെ ചെവിയിൽ കയറി. ഞാൻ വല്ലാതെ ഭയന്ന് ഉണർന്നു. ചെവിയിൽ കയ്യിട്ടു നോക്കിയിട്ട് അതകത്തേയ്ക്കു പോകുന്നതല്ലാതെ തിരിച്ചെടുക്കാൻ പറ്റുന്നില്ല. വേദന മൂർച്ഛിച്ചു. ഞാൻ വല്ലാതെ വിഷമിച്ചു. അന്നു പ്രീഫക്ടച്ചൻ ഫാ. ജോസഫ് ജി. ഫെർണാന്റസ് (പിന്നീടു കൊല്ലം ബിഷപ്) ആയിരുന്നു. വേദന സഹിക്കവയ്യാതെ അദ്ദേഹത്തിന്റെ മുറിയുടെ മുമ്പിലെത്തി കതകിൽ മുട്ടി വിളിച്ചു. അച്ചൻ ഉണർന്നെണീറ്റു വന്നു. ഞാൻ കാര്യം പറഞ്ഞു മനസ്സിലാക്കി. ഉടൻ അത് ഉറുമ്പാണ്, താഴെ തീൻമുറിയിൽ ചെന്നു കുറച്ച് ഉപ്പുവെള്ളം എടുത്ത് തല ചെരിച്ച് പിടിച്ചുകൊണ്ട് ചെവിയിൽ ഒഴിച്ചിട്ടു കുറച്ചുനേരം വച്ചേക്കുക. പിന്നെ തല പെട്ടെന്നു മറുവശത്തേയ്ക്കു ചരിക്കുക എന്നു പറഞ്ഞ് എന്നെ ആശ്വസിപ്പിച്ചു.

അങ്ങനെ തീൻമുറിയിൽ ചെന്ന്, അച്ചൻ പറഞ്ഞതുപോലൊക്കെ ചെയ്തു. വേദനയും മാറി. മൂന്നു ദിവസങ്ങൾ കഴിഞ്ഞു. ചെവിക്കു ചെറിയ വേദന. നാലാം ദിവസമായപ്പോഴേക്കു വേദന കലശലായി. ഞാൻ അച്ചനെ സമീപിച്ചു. മറ്റൊരു സെമിനാരിക്കാരന്റെ കൂടെ എന്നെ അടുത്തുള്ള ഒരു ക്ലിനിക്കിൽ പറഞ്ഞയച്ചു. നടന്ന വിവരങ്ങളൊക്കെ ഡോക്ടറെ ധരിപ്പിച്ചു. അദ്ദേഹം ടോർച്ചടിച്ചും മറ്റും പരിശോധന നടത്തി. ഏതോ ഉപകരണങ്ങൾ എന്റെ ചെവിയിലിട്ടു തോണ്ടുകയും പിടിക്കുകയും ഒക്കെ ചെയ്തു. ഒരു പാറ്റയുടെ അളിഞ്ഞ കുറച്ച് അവശിഷ്ടം അദ്ദേഹം ഈ ഉപകരണങ്ങൾ കൊണ്ട് എടുത്തു കളഞ്ഞു. തുടർന്നു പഞ്ഞികൊണ്ടും മറ്റും ചെവി തുടച്ചു വൃത്തിയാക്കി ഞങ്ങളെ പറഞ്ഞയച്ചു. എനിക്കു വേദന കുറഞ്ഞു; സുഖമായി എന്നുതന്നെ പറയാം. കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ വീണ്ടും വേദന. അതേ ഡോക്ടറുടെ അടുത്തു തന്നെ എന്നെ കൊണ്ടുപോയി. അന്നും പാറ്റയുടെ ബാക്കി അവശിഷ്ടവും എടുത്തു കളഞ്ഞു. ചെവി വൃത്തിയാക്കി എന്നെ പറഞ്ഞയച്ചു. എനിക്കു പൂർണ്ണ സുഖവുമായി.

ഈയൊരു സംഭവം എന്റെ അധോമനസ്സിനെ വല്ലാതെ സ്വാധീനിച്ചു. ഇന്നു എനിക്കു പാറ്റയെ, പ്രത്യേകിച്ചു രാത്രിയിൽ കണ്ടാൽ, പേടിയാണ്. അതുകൊണ്ട് മിക്കപ്പോഴും ചെവി മൂടിക്കെട്ടിയാണ് കിടന്നുറങ്ങുന്നത്. മോങ്ങാനിരുന്ന പട്ടിയുടെ തലയിൽ തേങ്ങാ വീണു എന്നു പറയുന്നതു പോലെ ഇങ്ങനെ പേടിയുണ്ടായിരുന്ന എനിക്ക് ഒരിക്കൽ തലകറക്കം ഉണ്ടായി. ഡോക്ടറെ കാണിച്ചപ്പോൾ രാത്രി തണുപ്പടിക്കാതിരിക്കാൻ ചെവി തോർത്തുകൊണ്ടോ മഫ്ളർ കൊണ്ടോ മൂടിക്കെട്ടുന്നതു നല്ലതാണെന്നു നിർദ്ദേശിക്കുകയും ചെയ്തു. അങ്ങനെ ഇപ്പോൾ ചെവി പൊതിയാൻ മഫ്ളർ ഉപയോഗിക്കുക എന്റെ സ്വഭാവമായിട്ടുണ്ട്.

# 9

## പതിനാലാം വയസ്സിൽ 'ആയിരം ചാവുദോഷങ്ങൾ'

പന്ത്രണ്ടാമത്തെ വയസ്സിലാണു ഞാൻ സെമിനാരിയിൽ എത്തിയത്. ആദ്യ കുർബാനയ്ക്കു വേണ്ടി ഒരുങ്ങിയപ്പോൾ പഠിച്ചതാണ്, ചാവുദോഷത്തോടെ കുർബാന സ്വീകരിക്കാൻ പറ്റില്ല എന്ന്. ചാവുദോഷമുണ്ടെങ്കിൽ കുമ്പസാരിച്ചിട്ടു വേണം കുർബാന സ്വീകരിക്കുവാൻ. സെമിനാരിയിൽ ആഴ്ചയിൽ ഒരു ദിവസം കുമ്പസാരം നല്കാനായി പുറത്തു നിന്ന് ഒരച്ചൻ വരുമായിരുന്നു. അന്നു മിക്കപേരും കുമ്പസാരിച്ചിരിക്കും. പിന്നെ എനിക്കു മനസ്സിലാകാതിരുന്ന ഒരു കാര്യം രാവിലെ കുർബാനയ്ക്കു മുമ്പുള്ള അരമണിക്കൂർ ധ്യാന സമയത്ത് ചിലരൊക്കെ എഴുന്നേറ്റുപോയി ആദ്ധ്യാത്മിക ഗുരുവായ അച്ചനെ വിളിച്ചുകൊണ്ടുപോയി കുമ്പസാരിക്കുന്ന രീതി. അതുകഴിഞ്ഞു കുർബാനയും സ്വീകരിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. എന്താണീ ചാവുദോഷം എന്നറിയണമെന്ന് ആഗ്രഹമുണ്ടായിരുന്നു. പക്ഷേ ആരുടെ അടുത്തും ചോദിക്കാൻ എനിക്കു ധൈര്യമില്ലായിരുന്നു.

വയസ് 14. ഒരിക്കൽ ഇമ്മാനുവലച്ചൻ ആഴ്ചതോറുമുള്ള ആദ്ധ്യാത്മിക ഉപദേശത്തിനിടെ കുളിയെപ്പറ്റിയും കുളിക്കുമ്പോൾ ലിംഗവും മറ്റും വൃത്തിയാക്കുന്നതിനെപ്പറ്റിയും സംസാരിച്ചു. കഴിവതും ലിംഗത്തെ തൊടരുതെന്നും, ആഴ്ചയിൽ ഒരിക്കൽ സോപ്പിട്ടു വൃത്തിയാക്കണമെന്നും നിർദ്ദേശിച്ചു. തുടർന്ന് ഉദ്ധാരണത്തെപ്പറ്റിയും സ്ഖലനത്തെപ്പറ്റിയും പറഞ്ഞു. ബോധപൂർവ്വം അറിഞ്ഞു ചെയ്യരുതെന്നും രാത്രിയോ മറ്റോ സ്വയം സ്ഖലനം ഉണ്ടാവുകയാണെങ്കിൽ സാരമില്ലെന്നും മറ്റും പറഞ്ഞു. അന്നുവരെ എന്തെങ്കിലും ചെയ്തിട്ടുള്ളതിനു പാപമോചനവും കുമ്പസാരം വഴി നല്കി. ഇതായിരുന്നു എനിക്ക് ആദ്യമായി ലഭിച്ച ലൈംഗികവിദ്യാഭ്യാസം!

ഇമ്മാനുവലച്ചന്റെ ഈ ഇടപെടലും ഉപദേശവും എന്നിൽ അന്നുവരെ കാര്യമായി ഇല്ലായിരുന്ന ജിജ്ഞാസ ഉണർത്തി. അന്നുവരെ എന്റെ ശരീരത്തിലെ വളർച്ചയെ തീർത്തും സ്വാഭാവികമായി കണ്ടു കാര്യമായി ശ്രദ്ധ പതിപ്പിക്കാതിരുന്ന ഞാൻ എന്റെ ശരീരത്തിലേക്കും ജനനേന്ദ്രിയത്തിലേക്കുമൊക്കെ ശ്രദ്ധിക്കാൻ തുടങ്ങി. ആദ്യമായി സ്വയംഭോഗം നടത്തി. ചാവുദോഷമാണെ

ന്നാണ് ഇമ്മാനുവേലച്ചൻ പറഞ്ഞുതന്നത്. എങ്കിലും ഇതു പറഞ്ഞു കുമ്പസാരിക്കാൻ ഒരു പരുങ്ങൽ. ദിവസവും കുർബാന സ്വീകരിച്ചില്ലെങ്കിൽ എന്തോ ചാവുദോഷം ചെയ്തതുകൊണ്ടാണെന്ന് അച്ചന്മാരും സഹപാഠികളും നിഗമനത്തിലെത്തും. ഞാൻ കുമ്പസാരിക്കാതെ തന്നെ ദിവസവും കുർബാന സ്വീകരിച്ചുകൊണ്ടിരുന്നു. ചിലപ്പോഴൊക്കെ സ്വയംഭോഗവും. മാസങ്ങൾ കഴിഞ്ഞു. ഏതാണ്ടു 10 മാസം. എന്നിലെ പാപബോധം എന്നെ വല്ലാതെ വേദനിപ്പിച്ചു. ഒരു ദിവസം ഇമ്മാനുവലച്ചനെ (ആദ്ധ്യാത്മിക ഗുരു) സമീപിച്ചു കാര്യങ്ങളൊക്കെ തുറന്നു പറഞ്ഞു. എനിക്കു നല്കിയ ഉപദേശത്തിൽ, സ്നേഹപൂർവ്വമായിരുന്നെങ്കിലും, ഞാൻ എന്തുമാത്രം വലിയ പാപിയാണെന്നു കണക്കുവച്ചു മനസ്സിലാക്കിത്തന്നു. 10 മാസം എന്നു പറയുമ്പോൾ ഏതാണ്ടു 300 ദിവസങ്ങൾ. അന്നൊക്കെ പാപത്തോടു കൂടി ദിവസേന കുർബാന സ്വീകരിച്ചു. 300 ചാവുദോഷം. അതു ദൈവദോഷം കൂടിയാണ്. കാരണം അയോഗ്യതയോടെ കർത്താവിന്റെ മേശയെ സമീപിച്ചു. വീണ്ടും 300 ചാവുദോഷം. എല്ലാ ആഴ്ചയിലും ഇതു പറയാതെ കള്ളക്കുമ്പസാരം നടത്തി; അതുവഴി ഏതാണ്ട് 50 ചാവുദോഷം. ഇതെല്ലാം സഭയുടെ കല്പനയ്ക്കെതിരാണ്. അങ്ങനെയും 300 ചാവുദോഷങ്ങൾ. പിന്നെ ഇതുമായി ബന്ധപ്പെട്ട ചാവുദോഷങ്ങൾ പലതും. അങ്ങനെ ഏതാണ്ട് ആയിരത്തോളം ചാവുദോഷങ്ങളാണു ഞാൻ ചെയ്തിരിക്കുന്നത് എന്നദ്ദേഹം സ്നേഹബുദ്ധ്യാ പറഞ്ഞുമനസ്സിലാക്കി. ഞാൻ എന്റെ പാപത്തിന്റെ കാഠിന്യത്തെ ഓർത്തു കയ്പോടെ കരഞ്ഞു. ഇത്രയായിട്ടും എന്റെ പാപഭാരം തീരുന്നില്ല. പിറ്റേന്നു രാവിലെ ഇവയെല്ലാം ഒരു വിധത്തിൽ ഇങ്ങനെ വിശദീകരിച്ചു പറഞ്ഞുകൊണ്ടുള്ള ഔദ്യോഗിക കുമ്പസാരം നടത്തുമ്പോഴേ പാപമോചനം ലഭിക്കൂ. അങ്ങനെ ഞാൻ ചെയ്തു. 10 മാസത്തിനു ശേഷം മനഃസമാധാനത്തോടെ കുർബാന സ്വീകരിച്ചു.

ഇമ്മാനുവലച്ചന്റെ ഇടപെടൽ അന്നെനിക്ക് ആത്മസുഖം നല്കിയെങ്കിലും, കുറച്ചുവർഷങ്ങൾ കഴിഞ്ഞു ഞാൻ സ്വന്തമായി തീരുമാനങ്ങളെടുക്കുന്ന സമയമായപ്പോൾ, ഇങ്ങനെ കണക്കുവച്ചു ശിക്ഷിക്കുന്ന ഒരു ദൈവത്തിലുള്ള വിശ്വാസം ബുദ്ധിമുട്ടായി മാറി. ദൈവത്തെപ്പറ്റിയുള്ള ദർശനത്തിൽത്തന്നെ അടിസ്ഥാനപരമായ മാറ്റം ഉണ്ടായി. അതു നല്ലതിനാണെന്നു ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. മാത്രമല്ല, ലൈംഗികതയോട് ആരോഗ്യകരമായ ഒരു സമീപനം ഉണ്ടാകണമെന്നും ചെറുപ്പത്തിലേ സത്യസന്ധവും കാര്യക്ഷമവുമായ രീതിയിൽത്തന്നെ കുട്ടികളെ ലൈംഗികത പരിചയപ്പെടുത്തേണ്ടതുണ്ട് എന്നും ഞാൻ എന്റെ ജീവിതത്തിലൂടെ പഠിച്ചു.

# 10

## പുണ്യങ്ങളുടെ കണക്കുപുസ്തകം

ആധ്യാത്മിക ഗുരുവായ ഇമ്മാനുവലച്ചന്റെ ഭക്തി, ആത്മാർത്ഥതയുണ്ടായിരുന്നെങ്കിലും പ്രകടനപരമായിരുന്നു. ഉദാഹരണത്തിന് സഭയുടെ ഔദ്യോഗിക പ്രാർത്ഥനയായ 'ബ്രിവ്യരി' ചൊല്ലുമ്പോൾ എവിടെയാണെങ്കിലും മുട്ടുകുത്തേണ്ടപ്പോൾ ഒരു കാലിൽ മുട്ടുകുത്തും, കുരിശു വരയ്ക്കും. പള്ളിയിൽ കുർബാന വച്ചിരിക്കുന്നതു കൊണ്ടു നടുക്കുകൂടെ മറുവശത്തേക്കു പോകണമെങ്കിൽ, നടുക്ക് അല്പമസമയമെടുത്തുകൊണ്ടു തന്നെ ഒരു കാലിൽ മുട്ടുകുത്തി ആദരവു പ്രകടിപ്പിക്കും. അങ്ങനെ പലതും. നല്ലൊരു ശിഷ്യനെന്ന നിലയിൽ ഞാനും അച്ചനെ അനുഗമിച്ചു പള്ളിയിൽ ഇങ്ങനെ ഒറ്റക്കാലിൽ മുട്ടുകുത്തി ബഹുമാനിക്കുന്നതിനു നല്ലൊരു സമയം എടുത്തിരുന്നു.

കൊന്തനമസ്കാരം ഭക്തിയുടെ മറ്റൊരു പ്രകാശനമായിരുന്നു. എല്ലാവരും കൂടി 53 മണി ജപമാല (കൊന്ത) ചൊല്ലുക പതിവാണ്. പിന്നെ ഓരോരുത്തരുടെയും ഭക്തിക്കനുസരിച്ച് 153 മണിയോ അതിലധികമോ ചൊല്ലുമായിരുന്നു. എപ്പോഴും കയ്യിൽ കൊന്ത കാണും. 10 മണി വീതം ചെയ്തു മാറും. അങ്ങനെ 153 മണിയിൽ കൂടുതൽ ചൊല്ലുക എന്റെ സ്വഭാവമായിരുന്നു.

ഇമ്മാനുവലച്ചൻ ഒരു ഡയറി തന്നിട്ടുണ്ടായിരുന്നു. ഓരോ ദിവസവും ചെയ്യുന്ന ഭക്തകൃത്യങ്ങളും സൽകൃത്യങ്ങളും ദണ്ഡവിമോചനങ്ങളും കുറിക്കാനായിട്ട്. അത് ആഴ്ചയിലുള്ള കൂടിക്കാഴ്ചയിൽ കൊണ്ടുചെന്നു കാണിക്കണം. അച്ചൻ അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ പറയും. എങ്ങനെ എണ്ണം കൂട്ടണം എന്നും മറ്റുമുള്ള ഉപദേശങ്ങളും നല്കിയിരുന്നു. ഏറ്റവും കൂടുതൽ വർഷത്തെ ദണ്ഡവിമോചനം ലഭിക്കുന്ന സുകൃതജപങ്ങൾ പ്രത്യേകം തെരഞ്ഞെടുത്ത് അവ ധാരാളം പ്രാവശ്യം ഉരുവിടുക എന്റെ പതിവായിരുന്നു. (ഉദാ: ഈശോ മറിയം യൗസേപ്പേ - 9 വർഷത്തെ ദണ്ഡവിമോചനം.) അതുപോലെ തന്നെ കർത്താവിനു വേണ്ടി ചെയ്തിട്ടുള്ള ആത്മസംയമനങ്ങളുടെ എണ്ണം കൃത്യമായും എഴുതിയിടുമായിരുന്നു. അവിടെ യാന്ത്രികമായ രീതിയിൽ, എനിക്കു മിഠായി കഴിക്കാൻ ആഗ്രഹമുണ്ട്, കർത്താവിനു വേണ്ടി ഈ ആഗ്രഹം ഞാൻ ത്യജിക്കുന്നു - ഒരു ആത്മസംയമനം(mortification) എന്ന പുണ്യപ്രവൃത്തിയായി. ഇങ്ങനെ എത്രമാത്രം പുണ്യപ്രവൃത്തികൾ ദിവസവും ചെയ്യാൻ പറ്റുമോ അത്രയും ചെയ്യുകയും അവയെല്ലാം കണക്കുവച്ച് എഴുതി

ഇമ്മാനുവലച്ചനെ ബോധ്യപ്പെടുത്തി പുണ്യത്തിന്റെ അംഗീകാരം വാങ്ങിച്ചിരുന്ന രീതി, ശുംഭത്തരം എന്ന് ഇന്നു തോന്നുമെങ്കിലും അന്നു വളരെ ആത്മാർത്ഥതയോടെ ചെയ്തതാണ്. ഇതാണു യഥാർത്ഥ പുണ്യജീവിതം എന്നുള്ള ബോധ്യത്തിൽ, ആ ബോധ്യത്തോടു വിശ്വസ്തത പുലർത്തി ജീവിച്ചു. മറ്റു സഹപാഠികളെന്നെ 'ഭക്തൻ' എന്നു വിളിച്ചിരുന്നു താനും.

അതുപോലെതന്നെ ഡ്രസ്സിലും മുടി ചീകുന്നതിലും മറ്റും അങ്ങേയറ്റം ഒതുക്കമുള്ള ആളായിരുന്നു ഞാൻ. ഷർട്ടിന്റെ എല്ലാ ബട്ടൺസുമിട്ടു നെഞ്ചും കൈയുടെ കപ്പിട്ടു കൈയും മുഴുവൻ പൂട്ടിയിരുന്നു. മാത്രമല്ല, ആരെങ്കിലും അവരുടെ ഷർട്ടിന്റെ ബട്ടൺസ് ഇട്ടില്ലെങ്കിൽ, ഞാൻ കടന്നുചെന്നു ബട്ടൺസ് ഇട്ടുകൊടുത്തു സഹായിച്ചിരുന്നു - വീണ്ടും ഒരു സൽപ്രവൃത്തി കൂടി!

ചെയ്തപ്പോൾ ആത്മാർത്ഥമായാണ് ചെയ്തതെങ്കിലും താമസിയാതെ ഈ കണക്കിലെ പൊള്ളത്തരം മനസ്സിലാക്കി. ഈ ശൈലിയിലല്ല യഥാർത്ഥ ഭക്തി എന്നും തിരിച്ചറിഞ്ഞു; ഇങ്ങനെയുള്ള ഭക്തകൃത്യങ്ങളിൽ വീഴുന്നവനല്ല യഥാർത്ഥ ദൈവമെന്നും.

സെമിനാരി ജീവിതത്തിൽ പഠനത്തിനൊപ്പം പ്രാധാന്യം നല്കിയിരുന്ന ഒരു കാര്യം ജോലിയാണ്. ജോലി എന്നുവച്ചാൽ എല്ലാവിധ ജോലികളും. എല്ലാ ദിവസവും തൂത്തു വൃത്തിയാക്കാറുണ്ടെങ്കിലും ആഴ്ചയിൽ ഒരു ദിവസം പൊതുവൃത്തിയാക്കൽ പരിപാടിയുണ്ട്. അന്നു കെട്ടിടം മുഴുവൻ ചിലന്തിവല അടിച്ചു കളഞ്ഞു തൂത്തു വൃത്തിയാക്കണം. മുറ്റം ഭംഗിയായി തൂക്കണം. കക്കൂസുകളും കുളിമുറികളും എല്ലാം ശരിക്കും തേച്ചു കഴുകണം. തീൻമുറി വൃത്തിയായി കഴുകിത്തുടയ്ക്കണം - ഇങ്ങനെ പോകുന്നു ജോലികൾ. എല്ലാ ജോലികളും എല്ലാവർക്കും ചെയ്യാൻ അവസരം കിട്ടത്തക്കരീതിയിൽ ജോലികൾ റൊട്ടേറ്റ് ചെയ്യത്തക്ക ക്രമത്തിൽ എഴുതിയിട്ടിരിക്കും. മാസത്തിലൊരിക്കൽ ഇങ്ങനെ നിശ്ചയിച്ച് എഴുതിയിടാതെ, എല്ലാ ജോലിയും ചെയ്യണമെന്നു മാത്രം പറഞ്ഞു സെമിനാരിക്കാരെ സ്വതന്ത്രമായി വിടും. അവർ കൂടി ആരെല്ലാം എന്തെല്ലാം ജോലി ചെയ്യണം എന്നു തീരുമാനിക്കും. പൊതുവേ ഞങ്ങൾ സന്തോഷത്തോടെയാണീ ജോലികൾ ചെയ്തിരുന്നത്. സ്വതന്ത്രമായി ജോലി ചെയ്യാൻ അവസരമുണ്ടായപ്പോഴൊക്കെ, ഞാൻ തെരഞ്ഞെടുത്തത് കക്കൂസ് കഴുകൽ ആണ്. വർഷത്തിലൊരിക്കൽ കക്കൂസിന്റെ ടാങ്കിലുള്ളവയെല്ലാം കോരി മാറ്റി വൃത്തിയാക്കണം. അതും ഞാൻ സ്വമനസ്സാ ചെയ്യാമെന്നു ഏറ്റിരിക്കും. ഈ ജോലിയിലെല്ലാം ഞങ്ങളോടൊപ്പം പ്രീഫെക്ടച്ചൻ പങ്കുചേർന്നിരുന്നു. ഇന്നു മാറിനിന്ന്, എന്തുകൊണ്ട് ഞാൻ സന്തോഷത്തോടെ ഈ ജോലി ഏറ്റെടുത്തു ചെയ്തു എന്നു ചിന്തിക്കുമ്പോൾ, ചെറുപ്പത്തിൽ അപ്പാപ്പൻ ഏതു ജോലിയും തൃപ്തിയോടെ ചെയ്യണം എന്നു പഠിപ്പിച്ചതിന്റെ ബാഹ്യപ്രകാശനമല്ലേ ഇതെന്നു ചിന്തിച്ചുപോകുന്നു.

# 11

## വെസ്റ്റിഷൻ

## ജൈവികചോദന വിലക്കപ്പെട്ട കനിയോ ?

ഞങ്ങൾ 7 പേരിൽ 3 പേർ മൈനർ സെമിനാരിയിൽ നിന്നു പിരിഞ്ഞു പോയി. മാക്സ്‌വെല്ലിനെ പൂനയിലെ പൊന്റിഫിക്കൽ സെമിനാരിയിലേയ്ക്കും ജോൺസനെ ബാംഗ്ലൂർ സെന്റ്പീറ്റേഴ്സ് സെമിനാരിയിലേയ്ക്കും വാൾട്ടറിനെയും എന്നെയും ആലുവയിലെ സെന്റ് ജോസഫ്സ് സെമിനാരിയിലേക്കും അയച്ചു. കൊച്ചുസെമിനാരിയിൽ വന്നതുപോലെ തന്നെ, വലിയ സെമിനാരിയിലേയ്ക്കുള്ള പോക്ക് ഞങ്ങളുടെ മുന്നോട്ടുള്ള ഗതിയിൽ നിർണ്ണായകമായൊരു കാൽവെയ്പായിരുന്നു. യാത്രയയപ്പും ഒന്നിച്ചുള്ള ഭക്ഷണവും കഴിഞ്ഞ് ഞങ്ങൾ ട്രങ്കിൽ (പെട്ടി) സാധനങ്ങളുമായി ട്രെയിനിൽ ആലുവയിലേയ്ക്കു യാത്രയായി. എന്റെ ജീവിതത്തിലെ ആദ്യത്തെ നീണ്ട ട്രെയിൻയാത്ര. റെയിൽവേസ്റ്റേഷനിൽ നിന്നും ജീപ്പിൽ കാർമ്മൽഗിരി സെന്റ് ജോസഫ് സെമിനാരിയിൽ എത്തി. തീർത്തും ഹൃദ്യമായ സ്വീകരണമാണ് ലഭിച്ചത്. ഭീമാകാരമായ ഒരു കരിങ്കൽ കെട്ടിടം. ഭീതി ജനിപ്പിക്കുന്ന പ്രതീതി. പക്ഷേ മനോഹരമായ പൂന്തോട്ടം. മന്ദസ്മേരരായ ബ്രദേഴ്സ്, ഹൃദയഹാരിയായി ഇടപെടുന്ന അധികാരികൾ - എല്ലാം കൂടി നോക്കുമ്പോൾ ഭയത്തേക്കാൾ സന്തോഷം പകർന്ന ദിനമായിരുന്നു അത്. പ്രത്യേകിച്ചു റെക്ടറച്ചനായിരുന്ന ഫാ. മൈക്കൽ ആഞ്ചിലോ ഒ.സി.ഡി. തന്നെ വന്നു 'welcome' എന്ന് എന്നോടു പറഞ്ഞത് ഇന്നും ഞാൻ ഹൃദയത്തിൽ സൂക്ഷിക്കുന്നു.

വലിയ സെമിനാരി ജീവിതം ആകെ 7 വർഷമാണ്. 3 വർഷം തത്വശാസ്ത്ര പഠനം കാർമ്മൽഗിരിയിൽ; 4 വർഷം ദൈവശാസ്ത്രപഠനം മംഗലപ്പുഴയിൽ. കാർമ്മൽഗിരിയിലെ ഒന്നാം വർഷക്കാരായ ഞങ്ങൾ ഏതാണ്ടു 100 പേരോളമുണ്ടായിരുന്നു. വന്ന ദിവസം വൈകിട്ടു ഞങ്ങളെല്ലാവരെയും മറ്റു രണ്ടും മൂന്നും വർഷക്കാരെയും ഒന്നിച്ച് അസംബ്ലി ഹാളിൽ വിളിച്ചു വരുത്തി, ഞങ്ങളെ എല്ലാവരെയും ഫാ. റെക്ടർ ഹൃദ്യമായി സ്വാഗതം ചെയ്തു. തുടർന്ന് അദ്ദേഹം സെമിനാരിയിൽ പാലിക്കേണ്ട പ്രധാനപ്പെട്ട നിയമങ്ങൾ പറഞ്ഞു മനസ്സിലാക്കുകയും സെമിനാരിയുടെ സൗകര്യാസൗകര്യങ്ങൾ ബോധ്യപ്പെടുത്തുകയും ചെയ്തിട്ടു പറഞ്ഞു: 'സെമിനാരി നമ്മുടെ വീടാണ്. വീട്ടിൽ എല്ലാവരും സഹോദരീസഹോദരന്മാർ, അച്ഛനമ്മമാർ ഒഴിച്ചാൽ; കുടുംബത്തിന്റെ തുറവിയാണിവിടെ ആവശ്യം.' മൈക്കൽ ആഞ്ചിലോ അച്ചൻ വലിയ കാർക്കശ്യക്കാര

നാണെന്നു നേരത്തേ തന്നെ കേട്ടിരുന്നു. അദ്ദേഹത്തിന്റെ അധരത്തിൽ നിന്ന് ഇത്ര മധുരമായ വാക്കുകൾ കേട്ടപ്പോൾ എന്നിൽ എന്തോ വലിയൊരു പ്രതീക്ഷ ഉണർന്നു. രണ്ടു വർഷമേ അദ്ദേഹം റെക്ടറായിരുന്നുള്ളൂ; അക്കാലമത്രയും അദ്ദേഹമെനിക്കു നല്ലൊരു പിതാവ് തന്നെയായിരുന്നു.

തത്വശാസ്ത്രത്തിന്റെ അടിസ്ഥാനമായ തർക്കശാസ്ത്രം (logic) പഠിപ്പിച്ചതു ഫാ. ആന്റണി ഒ. സി. ഡി. ആണ്. ലത്തീൻ ഭാഷയിലെ നിർവചനങ്ങളും ഒരു പ്രത്യേക തരത്തിലുള്ള (സ്വരത്തിലുള്ള) വിശദീകരണവും അത്ര രസം തോന്നിയില്ലെങ്കിലും, കാര്യങ്ങൾ കാര്യകാരണങ്ങളോടെ അപഗ്രഥിക്കാനുള്ള ശേഷി തർക്കശാസ്ത്ര പഠനം എനിക്കു നല്കി. ആന്റണിയച്ചന്റെ മുറിച്ചുമുറിച്ചുള്ള ഇംഗ്ലീഷ് സംഭാഷണം പലപ്പോഴും ക്ലാസ്സിൽ നല്ല തമാശയ്ക്കുകളമൊരുക്കിയിട്ടുണ്ട്. ഒരുദാഹരണം. സെമിനാരിക്കാരെയെല്ലാം ചെമ്മീൻ എന്ന സിനിമ കാണിക്കാൻ കൊണ്ടുപോയി. തുടർന്നു, കണ്ട സിനിമയെപ്പറ്റിയുള്ള വിലയിരുത്തലും നടന്നു. അതിൽ ആന്റണിയച്ചൻ പറഞ്ഞത് ഏതാണ്ടിതുപോലെയാണ്: 'നല്ല സിനിമ. ചെറുപ്പക്കാർ സ്നേഹിക്കണം. സ്നേഹവും നല്ലത്. പക്ഷേ അവർക്ക് എന്താ ഇരുന്നു സ്നേഹിച്ചു കൂടേ ? എന്തിനാ മരം ചുറ്റി സ്നേഹിക്കുന്നത് ? (Why can't they sit and love? Why are they running and loving ?) ഞങ്ങളെല്ലാം അട്ടഹസിച്ചു ചിരിച്ചു. അച്ചനതിൽ പ്രതിഷേധമില്ല. ഞങ്ങൾ running and loving എന്നു തമാശിന് അച്ചനെ വിളിക്കുകയും ചെയ്തിരുന്നു.

തത്വശാസ്ത്രപഠനത്തിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തിയതു Metaphysics പ്രൊഫസറായിരുന്ന (പിന്നീട് എറണാകുളം അതിരൂപതയുടെ കോ-അജ്ജിത്തോർ -സഹായ മെത്രാൻ)ബിഷപ്പ് ഫാ. സെബാസ്റ്റ്യൻ മങ്കുഴിക്കരിയായിരുന്നു. Metaphysics ജീവിതബന്ധിയല്ലാത്ത എന്തോ താത്വിക സാധനമാണെന്ന ചിന്ത അദ്ദേഹം തിരുത്തിക്കുറിച്ചു. നല്ലതുപോലെ ക്ലാസ്സെടുക്കും. ദൈവം, നന്മ, സ്നേഹം, സത്യം, സൗന്ദര്യം മുതലായ അമൂർത്ത ഭാവങ്ങളെ തീർത്തും മൂർത്തവൽക്കരിച്ചു ജീവിതബന്ധിയും ജീവിതഗന്ധിയുമാക്കി വിശദീകരിക്കാൻ അദ്ദേഹത്തിനുണ്ടായിരുന്ന കഴിവ് അപാരമായിരുന്നു. പിൽക്കാലത്ത് എന്നിലൊരു മതേതര-വിശാല ദർശനം വളർന്നുവരുന്നതിന്റെ പരിണാമ പ്രക്രിയ വിലയിരുത്തുമ്പോൾ, അതിന്റെ പ്രായോഗിക തുടക്കം അപ്പാപ്പനിലാണെങ്കിലും താത്വികമായ തുടക്കം കിട്ടിയത് മങ്കുഴിക്കരിയച്ചനിൽ നിന്നാണ്. ദൈവം അങ്ങു മുകളിൽ ആകാശത്തു വലിയ താടിയുമായി ഇരിക്കുന്ന ഒരു വ്യക്തിഗത ആളിനപ്പുറം, സത്യം, സ്നേഹം, സൗന്ദര്യം തന്നെയാണെന്നും നാം ഈ സത്യത്തിലും സ്നേഹത്തിലും സൗന്ദര്യത്തിലും പങ്കാളികളാകുകയാണ് ചെയ്യുന്നത് എന്നും മറ്റുമുള്ള മനോഹര ചിന്തകൾ പകർന്ന വലിയ വ്യക്തിത്വമാണദ്ദേഹം.

ഫാ. സെബാസ്റ്റ്യൻ തുരുത്തേലാണ് ഞങ്ങളെ ഇംഗ്ലീഷ് ഭാഷ പഠിപ്പിച്ചത്. വളരെ ഹൃദ്യമായ ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. ഇംഗ്ലീഷ് കവിതകൾ വായിച്ചു വിവരിക്കുമ്പോൾ, അവയുടെ ആത്മാവിലൂടെ കടന്നുപോകുന്ന ഒരനുഭവം അദ്ദേഹം സൃഷ്ടിക്കുമായിരുന്നു. വേഡ്സ്‌വർത്തിന്റെ ഡാഫഡിൽസ് എന്ന കവിത പഠിപ്പിച്ചപ്പോൾ ഞങ്ങൾ വയലിലൂടെ ഡാഫഡിൽസിനെ തഴുകി പോകുന്ന അനുഭൂതിയാണുണ്ടായത്.

മാത്രമല്ല, തുരുത്തേലച്ചൻ ഞങ്ങളിൽ മനുഷ്യത്വത്തിന്റെ പല മൂല്യങ്ങളും വളർത്താൻ സഹായിച്ചിട്ടുണ്ട്. പെരിയാർ ഞങ്ങളുടെ സെമിനാരിയെ തൊട്ടു തലോടിക്കൊണ്ടാണ് ഒഴുകുക. കുളിക്കാൻ പോകുമ്പോൾ, നമ്മുടെ ശരീരത്തെ വലയം ചെയ്യുന്ന നദീജല സ്പർശനം ഒരു ദൈവാനുഭൂതിയാക്കണമെന്ന് അദ്ദേഹം പറയുമായിരുന്നു. നമ്മെ താല്പര്യപൂർവ്വം തഴുകിക്കൊണ്ട് ഒഴുകിപ്പോകുന്ന ജലവും വല്ലപ്പോഴുമൊക്കെ നമ്മെ വന്നു കൊത്തുന്ന മീനും അപ്പോഴുണ്ടാകുന്ന കോരിത്തരിപ്പും സുഖാനുഭൂതിയുമൊക്കെ നല്ലതുപോലെ ആസ്വദിക്കണമെന്നുള്ള മാനുഷികസമീപനം പകർന്നുതന്നതു തുരുത്തേലച്ചനാണ്. ഹൃദ്യമായും ഉറക്കെയും ചിരിക്കാൻ എനിക്കു പ്രേരകമായവർ മങ്കുഴിക്കരി അച്ചനും തുരുത്തേലച്ചനുമാണ്.

ധാരാളം പ്രൊഫസർമാർ മറ്റു പല വിഷയങ്ങളെപ്പറ്റി ക്ലാസ്സുകൾ എടുത്തെങ്കിലും കാര്യമായിട്ടൊന്നും ഓർക്കുന്നില്ല.

കാർമ്മൽഗിരിയിലെ ചുമതലയുള്ളയാൾ വൈസ് റെക്ടറായ ഫാ. വിക്ടർ ഒ.സി.ഡി. യാണ്. നല്ല തടിച്ചു കൊഴുത്തൊരു മനുഷ്യൻ. അദ്ദേഹത്തിന്റെ ഹൃദയവും ശരീരവും സ്നേഹം മാത്രമായിരുന്നു. പിന്നീടദ്ദേഹം ബിഷപ്പായി ഉയർത്തപ്പെട്ടു.

കൊല്ലം സെമിനാരിയിൽ ഫാ. പ്രിഫക്ടായ ഇമ്മാനുവലച്ചൻ ഞങ്ങളോടൊപ്പം ചിലപ്പോൾ കളിക്കാൻ വരുമായിരുന്നു. അപ്പോൾ അച്ചനാണെന്ന പരിഗണനയിൽ അച്ചന്റെ കയ്യിൽ നിന്നും പന്തു ബലമായി പിടിച്ചുവാങ്ങുകയോ പന്ത് അച്ചന്റെ വശത്തൂടെ ഔട്ട് ആയാൽ അച്ചനെ കോർട്ടിൽ നിർത്തിയിട്ടു ഞങ്ങൾ ഓടിപ്പോയി പന്ത് എടുത്തുകൊണ്ടു വന്ന് അച്ചന്റെ കയ്യിൽ ഏല്പിക്കുകയോ പതിവായിരുന്നു.

പക്ഷേ ആലുവയിൽ വന്നപ്പോൾ, ഞങ്ങളോടൊപ്പം പല പ്രൊഫസർമാരും വിവിധ കളികൾക്ക് ഇറങ്ങുമായിരുന്നു. കളിയോ വാശിയോടെയുമായിരുന്നു. ഇവിടെ മറ്റൊരു വലിയ വ്യത്യാസമുണ്ടായിരുന്നു. ഈ പ്രൊഫസർമാർ ഒക്കെത്തന്നെ ഞങ്ങളെപ്പോലെ കളിയിൽ ഓരോ കളിക്കാർ - അത്ര മാത്രം.

ഇതിനെപ്പറ്റി ഒരിക്കൽ ഞങ്ങൾ കുറച്ചു വൈദികവിദ്യാർത്ഥികളും പ്രൊഫ. ഫിർമുസും തുരുത്തേലച്ചനുമായി സംസാരിച്ചു. അന്നു കിട്ടിയ വലിയൊരു ഉൾക്കാഴ്ചയിതാണ്. കളിയിൽ എല്ലാവരും തുല്യർ. കളിയിൽ ബിഷപ്പായാലും

പോപ്പായാലും തുല്യരാണ്; അപരനെ തോല്പിക്കാൻ എല്ലാ വിദ്യയും ഉപയോഗിക്കും. ഇവിടെ ബഹുമാനിച്ചു മാറിനിൽക്കുന്ന പ്രശ്നമേയില്ല. ബാക്കി എവിടെയും ഇത്ര കൃത്യമായി തുല്യത അനുഭവിക്കാൻ ബുദ്ധിമുട്ടാണ്.

വലിയ സെമിനാരിയിൽ എത്തിയാൽ ഓരോ സെമിനാരിക്കാരനും അവനവനിഷ്ടമുള്ള ഒരു വൈദികനെ അവന്റെ ആദ്ധ്യാത്മിക ഗുരുവായി തെരഞ്ഞെടുക്കണം. അദ്ദേഹത്തിന്റെ അടുത്തു നമ്മൾ എല്ലാം തുറന്നു പറയണം. അദ്ദേഹത്തിന്റെ ഉപദേശം നിരന്തരം ഉൾക്കൊണ്ടു സ്വീകരിക്കണം. ആദ്യത്തെ രണ്ടുമൂന്നു മാസങ്ങൾക്കിടയിൽ നടക്കേണ്ട വലിയൊരു കാര്യമാണിത്. ഇക്കാര്യത്തിൽ വലിയ പ്രശ്നമൊന്നും എനിക്കുണ്ടായില്ല. കൊച്ചു സെമിനാരിയിലെ ഇമ്മാനുവലച്ചന്റെ ജ്യേഷ്ഠൻ കർമ്മലീത്താ വൈദികനായ ആൻഡ്രൂസച്ചൻ സെമിനാരിയിലുണ്ട്. ഇമ്മാനുവലച്ചന്റെ ജ്യേഷ്ഠൻ തന്നെയാകട്ടെ എന്റെ ആദ്ധ്യാത്മിക ഗുരു എന്നു തീരുമാനിച്ചു. ഈ വിവരം റെക്ടറച്ചനെ അറിയിച്ചു.

എപ്പോഴും പുഞ്ചിരിക്കുന്ന സ്നേഹസമ്പന്നനായ ഒരാളായിരുന്നു ആൻഡ്രൂസച്ചൻ. കുമ്പസാരിക്കാനായി ചെല്ലുമ്പോൾ വളരെ രസകരമായ ഒരു കാഴ്ച കാണാറുണ്ടായിരുന്നു. ധാരാളം കൊതുകുണ്ട്. അവ അച്ചന്റെ കയ്യിലും മറ്റും സ്വസ്ഥമായിരുന്നു രക്തം കുടിച്ചുകൊണ്ടിരിക്കും. അവയെ അടിച്ച് അകറ്റുകയോ കയ്യും മറ്റും ചലിപ്പിച്ച് അവയെ ശല്യപ്പെടുത്തുകയോ ചെയ്യുകയില്ല. കർത്താവിനു വേണ്ടി ആ കടിയെല്ലാം സന്തോഷത്തോടെ കൊള്ളുന്ന അച്ചൻ. ഇപ്പോൾ തമാശ തോന്നുന്നെങ്കിലും അന്ന് അദ്ദേഹത്തിന്റെ വിശുദ്ധിയിൽ അഭിമാനം കൊണ്ടിരുന്നിട്ടുണ്ട്. എന്റെ ആദ്ധ്യാത്മിക ജീവിതത്തെ നയിക്കുന്നതിൽ അച്ചൻ നല്ലൊരു പങ്കു വഹിച്ചു. മദർ തെരേസ ഓഫ് ആവില (ആവിലായിലെ അമ്മ ത്രേസ്യ), വി. കൊച്ചു ത്രേസ്യ, വി. ഇഗ്നേഷ്യസ് ഓഫ് ലെയോള, വി. ഫ്രാൻസിസ് അസീസ്സി തുടങ്ങിയവരുടെ ജീവിതചരിത്രത്തിലേയ്ക്കും രചനകളിലേയ്ക്കും ഒക്കെ അച്ചൻ എന്നെ വഴി നടത്തിച്ചു. നന്ദിയോടെയാണ് ഇവയൊക്കെ ഇന്നോർക്കുക.

മംഗലപ്പുഴയിലെ ദൈവശാസ്ത്രപഠനത്തിന്റെ ആദ്യവർഷം അവസാനിക്കുമ്പോഴാണ് ഉടുപ്പിടീൽ കർമ്മം(vestition). അതായത് ഔദ്യോഗികമായ ളോഹ ഇടീക്കുന്ന കർമ്മം. വൈദിക വിദ്യാർത്ഥികൾക്ക് ഇതൊരു വലിയ ദിനമാണ്. അവരുടെ മുന്നോട്ടുള്ള കാൽവെയ്പ്പുകളിൽ ഒരു പ്രധാന കണ്ണിയാണിത്. ഏറെ കൊതിയോടെ കാത്തിരിക്കുന്ന ദിവസം. വീട്ടിൽ നിന്നും നാട്ടിൽ നിന്നും മാതാപിതാക്കളും ബന്ധുക്കളും സുഹൃത്തുക്കളും ഒക്കെ ക്ഷണിക്കപ്പെടുകയും ഈ ചടങ്ങിൽ പങ്കെടുക്കുകയും പതിവുണ്ട്.

ആദ്ധ്യാത്മികഗുരു വൈദികവിദ്യാർത്ഥി ഇതിനർഹനാണെന്നു റെക്ടറച്ചനോടു റെക്കമെന്റ് ചെയ്യണം. എങ്കിലേ vestition തരാൻ റെക്ടറച്ചൻ അനുവ

ദിക്കൂ. അതാണ് ഇതിന്റെ സാധാരണ പ്രക്രിയ. ഈ ശുശ്രൂഷയുടെ സമയം അടുക്കാറായി.

എന്റെ ആദ്ധ്യാത്മിക ഗുരുവായ ആൻഡ്രൂസച്ചൻ എന്നെ യോഗ്യനെന്ന NOC തരുകയില്ലെന്നായി. കാരണം ഞാൻ ചിലപ്പോഴൊക്കെ സ്വയംഭോഗം നടത്തുകയും ഒരു സഹോദരനുമായി സ്വവർഗ്ഗരതി നടത്തുകയും ചെയ്തു. എനിക്കു വെസ്റ്റിഷൻ വേണമെന്നു ഞാൻ നിർബന്ധിക്കുകയും അതിനു വേണ്ട NOC തരണമെന്നു വാദിക്കുകയും ചെയ്തു.

കൂടുതലൊന്നും ശാസ്ത്രീയമായി പറഞ്ഞു മനസ്സിലാക്കാൻ അറിവും കഴിവുമില്ലായിരുന്നെങ്കിലും, ആൻഡ്രൂസച്ചൻ പറയുന്നതിൽ കാര്യമില്ലെന്നും അച്ചന്റെ നീക്കം ശരിയല്ലെന്നും ഞാൻ ശരിക്കും വാദിച്ചു. ഞങ്ങൾക്കു രണ്ടു പേർക്കും ഒരു തീരുമാനത്തിലെത്താൻ സാധിച്ചില്ല. അവസാനം അദ്ദേഹം പുതിയൊരു നിർദ്ദേശം മുന്നോട്ടുവച്ചു.

അതായത്, ഉള്ള കാര്യം മറ്റേതെങ്കിലും ഒരു ആദ്ധ്യാത്മിക ഗുരുവിനോടു തുറന്നു പറഞ്ഞിട്ട് അദ്ദേഹം NOC തന്നാൽ. താൻ റെക്റ്ററച്ചന്നടുത്തു റെക്കമെന്റു ചെയ്തുകൊണ്ടുള്ള NOC തരാമെന്നു പറഞ്ഞു. ഞാൻ സമീപിച്ചതു ഞങ്ങളുടെ മോറൽ തിയോളജി പ്രൊഫസർ ആയ എമിലിയൂസ് ഒ. സി. ഡി. യെ ആണ്.

ഫാ. എമിലിയൂസിനോടു ഞാൻ കാര്യങ്ങളെല്ലാം തുറന്നു പറഞ്ഞു. അച്ചനെല്ലാം ശ്രദ്ധയോടെ കേട്ടിരുന്നു. എന്റെ സംസാരം മുഴുവൻ കഴിഞ്ഞപ്പോൾ, എമീലിയൂസച്ചൻ എന്നോടു ചില ചോദ്യങ്ങൾ ചോദിച്ചു.

ഈ പറഞ്ഞതൊക്കെ ശരി. ഒന്നു ചോദിച്ചോട്ടെ, അലോഷ്യസിനു സമൂഹത്തിലെ പാവങ്ങളോടു താല്പര്യവും സ്നേഹവുമുണ്ടോ?

തീർച്ചയായും.

അലോഷ്യസിനു പാവപ്പെട്ടവരെ സഹായിക്കാനും അറിവില്ലാത്തവരെ വചനത്തിന്റെ സത്ത് പറഞ്ഞു മനസ്സിലാക്കാനും താല്പര്യമുണ്ടോ?

തീർച്ചയായും.

ആഹാരമില്ലാതെ പട്ടിണി കിടക്കുന്നവരെയും ഭവനരഹിതരെയും കാണുമ്പോൾ അലോഷ്യസിന് അവരോടു സഹാനുഭൂതി തോന്നുകയും അലോഷ്യസിന്റെ കഴിവനുസരിച്ച് അവരുടെ ഈ ദയനീയാവസ്ഥ മാറ്റാൻ ശ്രമിക്കുമെന്നുണ്ടോ ?

തീർച്ചയായും.

യേശുവിന്റെ കുർബാന അപരർക്കുവേണ്ടിയുള്ള ആത്മദാനമാണ്. മറ്റുള്ളവർക്ക് ആഹാരമായും പാനീയമായും സ്വയം വലിച്ചെറിയുകയാണ്. അതുപോലെ അലോഷ്യസും മറ്റുള്ളവർക്കു വേണ്ടി സ്വയം വലിച്ചെറിയാൻ തയ്യാറാണോ ?

തീർച്ചയായും.

എമീലിയൂസച്ചൻ പ്രഖ്യാപിച്ചു : 'അലോഷ്യസ് ഉടുപ്പിടീൽ കർമ്മത്തിനു യോഗ്യനാണ് '.

എന്റെ ബലഹീനതയെപ്പറ്റി ഒന്നും പറയുകയോ മറുചോദ്യം ചോദിക്കുകയോ ചെയ്യാഞ്ഞിട്ടു അസ്വസ്ഥനായി വീണ്ടും ആ കാര്യത്തിലേയ്ക്ക് അച്ചന്റെ ശ്രദ്ധ ക്ഷണിച്ചു. അദ്ദേഹത്തിന്റെ മറുപടി വീണ്ടും ഏറെ ഉൾക്കാഴ്ച നല്കുന്നതായിരുന്നു: 'ആരും പൂർണ്ണരല്ല - അലോഷ്യസിന്റെ ആത്മീയഗുരുവായ ആൻഡ്രൂസച്ചനും ഞാനും പോലും. നമ്മുടെ ധർമ്മം യേശുസന്ദേശത്തോടു കഴിവതും വിശ്വസ്തരായിരിക്കുകയാണ്. അക്കാര്യത്തിൽ അലോഷ്യസ് നല്ല രീതിയിൽ നിലപാട് എടുത്തിട്ടുണ്ട്. അപ്രധാനകാര്യങ്ങൾക്ക് ആവശ്യമില്ലാത്ത പ്രാധാന്യം കൊടുക്കരുത്. അത് അപകടത്തിൽ എത്തിക്കും. സന്തോഷമായി മറ്റുള്ളവരെ കൂടുതൽ കൂടുതൽ സ്നേഹിച്ചു വളരുക.' എമീലിയൂസച്ചനുമായുള്ള ഈ കൂടിക്കാഴ്ച എന്റെ വൈദികജീവിതത്തിന്റെ ധന്യതയ്ക്കുള്ള മാറ്റ് കൂട്ടുന്നു. അദ്ദേഹത്തോടുള്ള എന്റെ കടപ്പാട് നിസ്സീമമാണ്.

ഇവിടെ ഒരു കാര്യം അല്പം കൂടി വിശദീകരിക്കേണ്ടതുണ്ട്. സെമിനാരിയിൽ യുവാക്കൾ മാത്രമാണുള്ളത്. സ്ത്രീകളുമായി പ്രായോഗികമായി യാതൊരുവിധമായ ബന്ധപ്പെടലിനും സാധ്യതയില്ല. മാത്രമല്ല, ബ്രഹ്മചര്യത്തെപ്പറ്റിയും കന്യാത്വത്തെപ്പറ്റിയും സ്ത്രീ-പുരുഷബന്ധത്തെപ്പറ്റിയുമൊക്കെ തീർത്തും വികലമായ ധാരണകളാണ് ഔദ്യോഗികമായി പോലും വച്ചുപുലർത്തുന്നത്. വലിയ സെമിനാരിയിൽ ആകെ ഏഴു വർഷത്തെ പഠനം. മറ്റൊരു വർഷത്തെയും ബാച്ചിലെ സെമിനാരിക്കാരുമായി സംസാരിക്കാൻ പാടില്ല. അങ്ങനെ തത്വശാസ്ത്രവിഭാഗത്തിൽ മൂന്നു വ്യത്യസ്ത സമൂഹങ്ങളും (communities) ദൈവശാസ്ത്രവിഭാഗത്തിൽ നാലു വ്യത്യസ്ത സമൂഹങ്ങളുമാണ് രണ്ടു കെട്ടിടത്തിലായി താമസിച്ചിരുന്നത്. ഇവർക്കു പരസ്പരം സംസാരിക്കാനോ ആശയവിനിമയം നടത്താനോ പാടില്ല. കളിയും ചിരിയുമൊക്കെ അതേ ബാച്ചിലെ അംഗങ്ങളുമായി മാത്രം. നമ്മുടെ മറു ലിംഗമായ സ്ത്രീകളുമായി അടുക്കാതിരിക്കാനുള്ള പ്രായോഗിക പരിശീലനമാണ് ഈ ബന്ധപ്പെടാൻ പാടില്ലെന്നു വച്ചിട്ടുള്ള വ്യത്യസ്ത ബാച്ചുകളുടെ സാന്നിദ്ധ്യമെന്നാണ് ന്യായീകരണം. എത്ര വികലവും വിചിത്രവുമായ സമീപനം ! ഫലമോ ? ഒളിച്ചും പാത്തും സംസാരിക്കാനും ബന്ധപ്പെടാനുമുള്ള നിരന്തര ശ്രമങ്ങൾ എപ്പോഴും നടന്നുകൊണ്ടിരുന്നു.

വളരെ പ്രസിദ്ധമായതും അതിൽ എന്തോ വലിയ വിശുദ്ധി അടങ്ങിയിരിക്കുന്നതുമായ ഒരു ചൊല്ലുണ്ട്. അതു ലാറ്റിൻ ഭാഷയിലാണ്. അതിന്റെ അർത്ഥം ഏതാണ്ട് ഇങ്ങനെ വരും: 'ഒരിക്കലും ഒറ്റയ്ക്കാകരുത്; രണ്ടുപേർ മാത്രമോ നിഷിദ്ധം; എപ്പോഴും മൂന്നു പേർ.' (non uno, numquam

duo, semper tres) ഈ ചൊല്ല് എടുത്തുകാട്ടിക്കൊണ്ട് എത്രയോ ആധ്യാത്മിക പ്രഭാഷണങ്ങൾ തന്നെ ഗുരുക്കന്മാർ നടത്തിയിട്ടുണ്ട്. അതിലെ പൊരുൾ എല്ലാം കൊണ്ടും അബദ്ധജഡിലവും വികലവുമാണ്. നീ ഒറ്റയ്ക്കായാൽ നീ സ്വയം ഭോഗത്തിലേയ്ക്കു നീങ്ങും; നിങ്ങൾ രണ്ടു പേരായാൽ ഒന്നുകിൽ സ്വവർഗ്ഗരതിയിലേയ്ക്കോ അവിഹിതമായ സ്ത്രീപുരുഷ ബന്ധത്തിലേയ്ക്കുള്ള ഒരു പരോക്ഷ ചായ്‌വിലേയ്ക്കോ നീങ്ങാൻ ഏറെ സാധ്യതയുണ്ട്. അതുകൊണ്ട് എപ്പോഴും മൂന്നു പേർ; അതാണ് നല്ല സംഘം. ലൈംഗിക ചുവയുള്ള, നേരല്ലാത്ത ഈ വിശദീകരണത്തിൽ സെമിനാരിക്കാർ തൃപ്തരായില്ല. എന്നു മാത്രമല്ല, ലൈംഗികതയെപ്പറ്റി ഇങ്ങനെയുള്ള പ്രകൃതിവിരുദ്ധമായ വിശദീകരണത്തോട് അവർ അപക്വമായ പ്രതികരണങ്ങളാണ് പൊതുവേ നടത്തിപ്പോന്നത്. ഈ വാക്കുകളെ മുഖവിലയ്ക്കു പോലും എടുക്കാതെ, അവർ അവരുടെ രീതികളിൽ രഹസ്യമായി നീങ്ങുക സാധാരണമായിരുന്നുവെന്നു തന്നെ പറയാം. ഇനി ഈ ഗുരുക്കന്മാരുടെ നിർദ്ദേശങ്ങളെയും ഉപദേശങ്ങളെയും ഗൗരവമായി എടുത്തവരോ, അവരുടെ സ്വാഭാവിക ലൈംഗികത്വരയെ അതികഠിനമായി നിയന്ത്രിക്കാൻ ശ്രമിച്ചതിന്റെ ഫലമായി പലർക്കും മാനസിക വിഭ്രാന്തി വരെ എത്തിയ കഥകൾ എത്ര? ഒരു വിശിഷ്ടമായ ലക്ഷ്യത്തിനു വേണ്ടി ലൈംഗികാവശ്യങ്ങൾ ത്യജിക്കുക (sublimation of sexual needs) എന്ന വിശദീകരണം നല്കുമായിരുന്നെങ്കിലും, പൊതുവേ ഉണ്ടായിരുന്ന ഊന്നൽ നിയന്ത്രണത്തിലും സ്വയം അടക്കാനുള്ള തീവ്രയത്നത്തിലുമായിരുന്നു. അതോ സുഗമവും ആരോഗ്യകരവുമായ വളർച്ചയ്ക്കു സഹായകമായിരുന്നില്ല താനും. ഇങ്ങനെ ലൈംഗികതയോട് അശാസ്ത്രീയവും വികലവുമായുള്ള ഒരു സമീപനമായിരുന്നു പൊതുവേ നിലനിന്നിരുന്നത്; സെമിനാരിക്കാർ അതിന്റെ പൊതു ഇരകളും. ഫാ. എമീലിയൂസും മറ്റും ഇതിനൊരു അപവാദം മാത്രം.

അദ്ദേഹം NOC തന്നു; ആ വിവരം ആൻഡ്രൂസച്ചനെ അറിയിച്ചു; അദ്ദേഹത്തിന്റെ സമ്മതപത്രത്തോടെ റെക്ടറച്ചൻ എനിക്കു വെസ്റ്റിഷൻ നൽകി. തുടർന്നു വൈദികൻ ആകുന്നതുവരെ ആൻഡ്രൂസച്ചൻ തന്നെയായിരുന്നു എന്റെ ആദ്ധ്യാത്മിക ഗുരു. ഫാ. എമലീയൂസിന്റെ ചിന്താഗതി ആൻഡ്രൂസച്ചനെ സ്വാധീനിച്ചതായി പിന്നെയുള്ള ഇടപെടലിൽ നിന്നും എനിക്കു മനസ്സിലാകുകയും ചെയ്തു. വിശാലഹൃദയനായ, ത്യാഗിവര്യനായ, ആത്മാർത്ഥതയുള്ള ഒരു വലിയ വ്യക്തിയുടെ ശിഷ്യനായിരുന്നതിൽ ഇന്നും എന്നും എനിക്ക് അഭിമാനമേയുള്ളു.

# 12

## അപ്പാപ്പന്റെ ദർശനങ്ങൾക്ക് ഫാ. എമീലിയുസിന്റെ താത്വികാടിത്തറ

ഇറ്റലിക്കാരനായ മോറൽ തിയോളജി പ്രൊഫസറായിരുന്നു ഫാ. എമലിയുസ് ഒ. സി. ഡി. അദ്ദേഹം തന്റെ ജീവിതത്തിലൂടെയും പഠനത്തിലൂടെയും നല്കിയ വിചിന്തനങ്ങൾ എന്നെ ഞാനാക്കുന്ന പ്രക്രിയയിൽ വളരെ വലിയ പങ്കാണു വഹിച്ചത്. ചെറുപ്പകാലത്ത് അപ്പാപ്പനിൽ നിന്നും മറ്റും കിട്ടിയ അടിസ്ഥാനപരമായി ഒരു തുറന്ന മനോഭാവമുണ്ടായിരുന്നെങ്കിലും, തുടർന്നുള്ള ജീവിതത്തിൽ കൂടുതലും ഭക്തകൃത്യങ്ങൾക്കും അനുഷ്ഠാനങ്ങൾക്കുമായിരുന്നു മുൻതൂക്കം. അപ്പാപ്പൻ തന്റെ ജീവിതത്തിലൂടെ വിരൽചൂണ്ടിയ അടിസ്ഥാന തുറന്ന ചിന്താധാരയ്ക്ക് താത്വികവും ദൈവശാസ്ത്രപരവുമായ അടിത്തറ പാകാൻ സഹായിച്ചത് ഫാ. എമീലിയൂസും ഫാ. ഫിലിപ്പുമാണ്. അവയിൽ ചിലവ മാത്രം ചുവടെ സൂചിപ്പിക്കുന്നു.

1. പ്രകൃതി നിയമം: പ്രകൃതിനിയമം (Natural law) അനിഷേധ്യമാണെന്നാണ് പരമ്പരാഗത ധാരണ. ഈ വിശ്വാസത്തെ ഫാ. എമീലിയൂസ് ഖണ്ഡിക്കുന്നു. പ്രകൃതി നിയമത്തെ ഒരു വിഗ്രഹമാക്കി മാറ്ററുത്. പൊതു നിയമങ്ങളെ പ്രായോഗികമാക്കുന്നതു വ്യക്തികളാണ്. വ്യക്തികളുടെ മനസ്സാക്ഷിയും മാനസികാവസ്ഥയും കാഴ്ചപ്പാടും വ്യത്യസ്തമാണ്. അതുകൊണ്ടുതന്നെ പ്രകൃതി നിയമം മാറ്റത്തിനു വിധേയമാണ്. എല്ലാവർക്കും എക്കാലത്തും ശരിയായ ഒരു പ്രകൃതിനിയമമില്ല.

2. പാപം: പ്രകൃതിനിയമം പോലെ തന്നെ പാപം എന്ന ശാശ്വതമായ ഒരു സംഗതിയില്ല. ദൈവത്തെപ്പറ്റിയുള്ള നമ്മുടെ ധാരണയ്ക്ക് അനുയോജ്യമായിരിക്കും പാപത്തെപ്പറ്റിയുള്ള നമ്മുടെ ധാരണ. ദൈവത്തെ രാജാവായും സാമ്രാട്ടായും വിധികർത്താവായും അധികാരിയായും കാണുമ്പോൾ ഈ അധികാരത്തെ ധിക്കരിക്കുന്നത് പാപം. ചെയ്യാൻ പാടില്ല എന്ന് അധികാരിയായ ദൈവം പറയുന്നു; അതു കേൾക്കാതെ ചെയ്യുന്നത് പാപം. ഇതു നിയമസംഹിതയെ അടിസ്ഥാനമാക്കിയ ധാർമ്മികത(code morality) ആണ്.

ഇങ്ങനെ അധികാരിയുടെ വാക്ക് മാത്രം പാലിക്കുന്നവനു ബുദ്ധിയും കാഴ്ചപ്പാടും ഇല്ലാതാകുന്നു. ഇന്നു മനുഷ്യനു വിവിധ മേഖലകളിലെ കാര്യങ്ങൾ മനസ്സിലാക്കാനുള്ള ബുദ്ധിവൈഭവവും ആത്മവിശ്വാസവും ഉണ്ട്. അവനു നന്മതിന്മകൾ തിരിച്ചറിയാനുള്ള ശേഷിയുണ്ട്. ഒരു കാര്യം തിന്മയെന്നു ഒരാൾ

പറഞ്ഞാൽ, അതു തെളിയിക്കൂ എന്നു പറയാനുള്ള തന്റേടം ഇന്നു മറ്റേയാൾക്കുണ്ട്. ഇവിടെയുള്ള കാഴ്ചപ്പാടിതാണ്. ഇതു തിന്മയായതുകൊണ്ടു വേണ്ട എന്നു വയ്ക്കുന്നു. ഇതിനെ ജ്ഞാനധാർമ്മികത (wisdom morality) എന്നു വിശേഷിപ്പിക്കാം. ആളുകൾക്ക് ഇത് കാണാനുള്ള കഴിവുണ്ടെന്ന് ആദ്യം വിശ്വസിക്കുക. കാര്യങ്ങൾ എത്രമാത്രം സുന്ദരവും നന്മയുമാണെന്നു കാണിക്കൂ, ജനം അതു മനസ്സിലാക്കിക്കൊള്ളും പ്രവർത്തിച്ചുകൊള്ളും. സത്യത്തിന്റെ സൗന്ദര്യം എടുത്തുകാട്ടൂ, ജനം സത്യസന്ധതയോടെ പെരുമാറും

**3. സത്യമാണ് യഥാർത്ഥ അധികാരം:** എല്ലാ അധികാരവും ദൈവത്തിൽ നിന്നാണ്. ഈ അധികാരം എല്ലാവരിലും പകർന്നിട്ടുണ്ട്. ഈ സത്യം ഏറ്റുപിടിക്കുന്നതിനെയാണ് അധികാരവിനിയോഗം എന്നു പറയുന്നത്. സത്യം എവിടെനിന്നു പ്രകാശിതമായാലും - പുറജാതിയിൽ നിന്നോ ശിശുവിൽ നിന്നോ, ഭ്രാന്തനിൽ നിന്നോ ആരിൽ നിന്നോ ആയിക്കൊള്ളട്ടെ - അത് എപ്പോഴും പരിശുദ്ധാത്മാവിൽ നിന്നാണ് എന്ന ഒരു ചൊല്ലുണ്ട്. ദൈവവും സത്യവും ഒന്ന്; ഒപ്പം അധികാരവും. സത്യത്തെ വിട്ടുള്ള അധികാരമില്ല.

**4. തെറ്റും പാപവും:** തെറ്റും പാപവും (mistake and sin) വ്യത്യസ്തമാണ്, രണ്ടാണ്. മനുഷ്യർക്കു തെറ്റു പറ്റുക സ്വാഭാവികം. ഇതിനെ ഭയപ്പെടേണ്ടതില്ല; അബദ്ധങ്ങളാണിവ. പക്ഷേ പാപം ഹൃദയത്തിന്റെ അടിഭാഗത്തു നിന്നാണ്. ഇത് ആഗ്രഹാടിസ്ഥിതമാണ്. പ്രവൃത്തിയെക്കാൾ ആഗ്രഹാടിസ്ഥിതമാണ് പാപം. ഇതിനെ നാം ഭയപ്പെടണം.

നിയമസംഹിതാടിസ്ഥിത ധാർമ്മികത പാവപ്പെട്ടവർക്കു വലിയ ശല്യമായി മാറുന്നു. സ്വാതന്ത്ര്യമില്ലാത്ത ഒരു പട്ടാളനിര പോലെയാകുന്നു ഇവർ; ഹൃദയശൂന്യതയാണിവരുടെ പ്രത്യേകത. ഇതിവരെ വളർത്തുന്നതേയില്ല. മറിച്ച് ആഗ്രഹാടിസ്ഥിത ധാർമ്മികത പാവപ്പെട്ടവരെ രക്ഷിക്കുന്നു. അവർക്കു സ്വാതന്ത്ര്യം നൽകുന്നു. വളരാനുള്ള അവസരം നൽകുന്നു. ഈ സ്വാതന്ത്ര്യം ചിലപ്പോൾ ദുരുപയോഗപ്പെടുത്തിയെന്നു വരാം. ദുരുപയോഗപ്പെടുത്തും എന്നു ഭയന്നു സ്വാതന്ത്ര്യം നിഷേധിക്കുന്നതിനെക്കാൾ നല്ലത്, ചില സന്ദർഭങ്ങളിൽ ദുരുപയോഗപ്പെടുത്തിയാലും സ്വാതന്ത്ര്യം നല്കുകയാണ്. അവിടെ മാത്രമേ വളർച്ചയുണ്ടാകൂ. ഓരോ സാഹചര്യവുമാണ് യാഥാർത്ഥ്യം. സാഹചര്യം മാറുന്നതനുസരിച്ചു സത്യവും മാറിക്കൊണ്ടിരിക്കും. അവിടെ വേണ്ടത് കിട്ടുന്ന വെളിച്ചത്തോടുള്ള വിശ്വസ്തതയാണ്. ഇതാണ് ധാർമ്മികതയിലെ വൈവിദ്ധ്യത്തിന്റെ അടിസ്ഥാനം.

**5. സത്യം:** പ്രകൃത്യാ മനുഷ്യൻ നന്മയിലേയ്ക്കു ചാഞ്ഞുനിൽക്കുന്നു. പ്രകൃതിയിലൂടെ നന്മയുടെ സാക്ഷാത്ക്കാരത്തിലൂടെ, നാം സത്യം അറിയുന്നു. ഒരു കുഞ്ഞിന്റെ പുഞ്ചിരി, ഒരു സ്ത്രീയുടെയും പുരുഷന്റെയും പരസ്പരപ്രേമം, ഒരു മനോഹരമായ പുഷ്പം, എല്ലാം ഈ സത്യം വിളിച്ചു പറയു

ന്നു. ഈ പ്രക്രിയ നമ്മെ എത്തിക്കുന്നത് നന്മതന്നെയായ ദൈവത്തിലായിരിക്കും (God - the Good). ഈ നന്മയുടെ ഓരോ പ്രകാശനവുമാണ് ഓരോരുത്തരും അനുദിന ജീവിതത്തിൽ അനുഭവിക്കുക. ഉത്തരവാദിത്തം അവനു വിട്ടുകൊടുക്കുക.

**6. നന്മ:** ഈ സാഹചര്യത്തിൽ പ്രകൃത്യായുള്ളതെന്നും പ്രകൃത്യാതീതമെന്നും (natual & supernatural) രണ്ടു മേഖലകളില്ല. യുക്തിയും വിശ്വാസവും എന്നും രണ്ടായി കാണാൻ പറ്റില്ല. ദൈവം നന്മയാണ് എന്നൊക്കെ പറയുക അത്ര എളുപ്പമല്ല. ഏറെ ബുദ്ധിമുട്ട് അനുഭവിച്ചേ അങ്ങനെ പറയാൻ പറ്റൂ. എങ്ങനെ ആയിരക്കണക്കിനു കുഞ്ഞുങ്ങൾ പട്ടിണി കൊണ്ടു മരിക്കുന്നു; ഭൂകമ്പം മൂലം ഒരു ജനത തന്നെ ഇല്ലാതാകുന്നു എന്നൊക്കെ ചിന്തിച്ച് സാമാന്യജനം ദൈവം നല്ലവനെന്നു പറയാൻ മടിച്ചാൽ അതിൽ ഒട്ടും വിഷമിക്കേണ്ട. അവരുടെ ജീവിതാനുഭവത്തിൽ നിന്നാണ് അവർ ഈ നിലപാട് സ്വീകരിക്കുന്നത്. അവരോടു കരുതലാണ് വേണ്ടത്. ഇവിടെ വിശ്വാസം ആശ്വാസം തരണമെന്നില്ല. വേണ്ടത് യാഥാർത്ഥ്യബോധത്തോടെ, ശുഭാപ്തിവിശ്വാസത്തോടെ കാര്യങ്ങളെ ധൈര്യപൂർവ്വം അഭിമുഖീകരിക്കുക തന്നെയാണ്. എന്തുകൊണ്ടാണ് ഒരു മനുഷ്യൻ ഒരാദർശത്തിനു വേണ്ടി മരിക്കുന്നത് ? അതിലെ നന്മ കണ്ടിട്ടാണ് (ദൈവത്തെ കണ്ടിട്ടാണ്) ഒരു നല്ല ഹിന്ദു, ഒരു നല്ല കമ്മ്യൂണിസ്റ്റ്, ഒരു നല്ല നിരീശ്വരവാദി - അവരൊക്കെ യഥാർത്ഥത്തിൽ ദൈവികജീവൻ ഉൾക്കൊണ്ടു വളരുന്നവരാണ്. പ്രപഞ്ചം മുഴുവൻ ദൈവമയമാണ്.

**7. സ്നേഹം:** സ്നേഹം - ഒരു പേടിപ്പെടുത്തുന്ന പദം. ആയിരക്കണക്കിന് അർത്ഥമുള്ള വാക്കാണത്. സെന്റ് തോമസ് അക്വൈനസ് പറയുന്നത് - അപരർക്കു നന്മ ആഗ്രഹിക്കുന്നത് സ്നേഹം എന്നാണ്. മനുഷ്യന്റെ പ്രകൃതംതന്നെ മാറിക്കൊണ്ടിരിക്കുന്നു. ഇവിടെ സ്നേഹം മറ്റുള്ളവർക്കു വേണ്ടിയുള്ള അടിസ്ഥാനപരമായ കൊടുക്കലാണ്.

എല്ലാ ശരിയായ സ്നേഹ(authentic love)ത്തിന്റെയും വിഷയം ദൈവമല്ലാതെ മറ്റൊന്നല്ല. അമ്മയുടെ/അച്ഛന്റെ സ്നേഹത്തിൽ, പ്രേമബദ്ധരായ യുവഹൃദയങ്ങളിലെ അനുരാഗത്തിൽ ദൈവസ്നേഹം സ്ഫുരിക്കുന്നു. ദൈവം എന്റെ സൗന്ദര്യമാണ് എന്നു സെന്റ് അഗസ്റ്റിൻ പറഞ്ഞിരിക്കുന്നു. മാത്രമല്ല, സ്നേഹത്തിൽ ഞാൻ എന്നെത്തന്നെ മുഴുവനായി അപരനു കൊടുക്കുകയാണ്. ഇവിടെ അപരനെ ആദരിക്കുന്നു, ആരാധിക്കുന്നു. ഇതിലൂടെ ഞാൻ ഉണ്മാപരമായി(ontologically)ത്തന്നെ ശ്രേഷ്ഠനാകുന്നു. ഫലമോ ? സ്നേഹിക്കുന്നവനും സ്നേഹിക്കപ്പെടുന്നവനും ഒരുമിച്ച് ഏറെ ധന്യരാകുന്നു. സെന്റ് അഗസ്റ്റിൻ: 'ഞാൻ സ്നേഹിക്കപ്പെടാൻ വേണ്ടി ഞാൻ സ്നേഹിച്ചു.'

**8. നീതി:** നീതിയിൽ അധിഷ്ഠിതമായിരിക്കണം നിയമം. കാനോൻ നിയമത്തിന് അർത്ഥമുണ്ടാകുന്നത് സ്നേഹത്തിനും നീതിക്കും വേണ്ടി അവ നില

കൊള്ളുമ്പോഴാണ്. നിയമത്തിന്റെ ആന്തരിക ചൈതന്യം നീതിയായിരിക്കണം. ഇതിന്റെ അടിസ്ഥാനം നീതിക്കുവേണ്ടിയുള്ള അവഗാഹമായ ആഗ്രഹമാണ്. ഈ ആന്തരിക ചൈതന്യത്തെ മറക്കുമ്പോൾ നിയമം നിർജ്ജീവമായ നിയമ സംഹിതയായി മാറും. ഫലമോ ? സമ്പന്നർക്ക് അനുകൂലമായും ദരിദ്രർക്ക് പ്രതികൂലമായും ഈ നിയമങ്ങൾ നടപ്പിലാക്കപ്പെടും.

**9. നന്മ-തിന്മ:** നന്മയെ സ്നേഹിക്കുക, തിന്മയെ വെറുക്കുക എന്നതാണ് യഥാർത്ഥ ധാർമ്മികതയുടെ അടിസ്ഥാനം. ചെയ്തിട്ടുള്ള പാപങ്ങളും തെറ്റു കളുമല്ല പ്രധാനം; മറിച്ച്, നിരന്തരം നന്മ ആഗ്രഹിക്കുന്നോ എന്നതാണ് മുഖ്യം. മറ്റുള്ളവരുടെ വേദനയിൽ നാം വേദനിക്കണം. ഒരുദാഹരണം. കാർ നിയമാ നുസൃതം ശ്രദ്ധയോടെ ഓടിച്ചപ്പോൾ ഒരു കുട്ടി ചാടി മുന്നിൽ വീണ് കാറി ടിച്ചു മരിച്ചു. കുറ്റം നമ്മുടേതല്ല. എങ്കിലും ഇതിൽ നാം വേദനിക്കണം. ഇവിടെ ഞാൻ കുറ്റക്കാരനല്ല എന്നു പറഞ്ഞു നിർവികാരനായി മാറി നിന്നാൽ, ഞാൻ അടിസ്ഥാനപരമായി നന്മയെ സ്നേഹിക്കുകയോ തിന്മയെ വെറുക്കുകയോ ചെയ്യുന്നില്ല. നേട്ടങ്ങളെക്കാൾ ആഗ്രഹമാണ് പ്രധാനം. ഒരുവന്റെ മാനസികാ വസ്ഥയ്ക്ക് പ്രാമുഖ്യമുണ്ട്. സെന്റ് തോമസ് ഇതിനെ 'velle' (desire ആഗ്ര ഹം) et 'agere' (action= പ്രവൃത്തി)യായി വിശദീകരിക്കുന്നു. ചുരുക്കത്തിൽ നമ്മുടെ പ്രവൃത്തിയിൽ ആശ്രയിച്ചല്ല നന്മ നിലകൊള്ളുക; മറിച്ച്, ആഗ്രഹത്തി ലാണ്. ഇതിൽ നിന്നാണ് അജ്ഞതയിൽ പാപമില്ല എന്ന ചൊല്ലു വന്നത്.

**10. പുതിയൊരു സമൂഹസൃഷ്ടി:** നമ്മുടെ ഓരോ നല്ല ചിന്തയും ആഗ്ര ഹവും പ്രവൃത്തിയും പുതിയൊരു സമൂഹസൃഷ്ടിക്കു കളമൊരുക്കുന്നു. അവ നമ്മുടെ പ്രപഞ്ചത്തിൽ മാറ്റം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. അങ്ങനെ നമ്മുടെ ഏറ്റം രഹസ്യമായ പ്രവർത്തനങ്ങൾക്കുവരെ ശാശ്വതമായ പരിവർത്തനശേഷി യുണ്ട്. ഭാവി വെറും ഭൗതികമോ വെറും ആത്മീയമോ അല്ല. ഇവ രണ്ടല്ല, ഒന്നാണ്; മാനുഷികമാണ്, ഒപ്പം ദൈവികവും. യേശുവിന്റെ പ്രാർത്ഥന - സ്വർഗ്ഗ സ്ഥനായ ഞങ്ങളുടെ പിതാവേ ... അന്നന്നു വേണ്ടുന്ന ആഹാരം ഇന്നും തര ണമേ - രണ്ടിനേയും സമംഗളം ഒന്നാക്കിയിരിക്കുന്നു. ജീവിതത്തിൽ ബുദ്ധി മുട്ടും പ്രയാസങ്ങളും ഉണ്ടെങ്കിലും പ്രതീക്ഷയോടെ നീങ്ങുമ്പോൾ ആനന്ദം ലഭിക്കുന്നു. അതു ജീവിതത്തിന് അർത്ഥം പകരുന്നു. ദൈവത്തെ നന്മയായി കാണുന്നു. ഫലമോ? ശുഭാപ്തിവിശ്വാസവും. ഇങ്ങനെ പ്രതീക്ഷയില്ലെങ്കിൽ, നിരാശ ജനിക്കുന്നു. അതു ജീവിതത്തെ അർത്ഥശൂന്യതയിലേയ്ക്കു നയി ക്കുന്നു. ദൈവത്തെ നന്മയായി കാണാൻ പറ്റുന്നില്ല. ഫലമോ? ശുഭാപ്തിവി ശ്വാസമില്ലായ്മയും. ഈ പത്തു സംഗതികളും എന്റെ ജീവിതത്തിൽ നിരന്തരം ചിന്തയ്ക്കു വിധേയമാക്കിയിരുന്നു. പലകാര്യങ്ങളിലും കൂടുതൽ മുന്നോട്ടു പോകാനും ഏറെ വ്യക്തതയോടെ നിലപാടുകളെടുക്കാനും അവ സഹായക മായിട്ടുണ്ട്.

# 13

## അദ്ധ്വാനത്തിന്റെ ദൈവശാസ്ത്രവും സ്നേഹത്തിന്റെ സാമ്പത്തിക ശാസ്ത്രവും

**സഭാവിജ്ഞാനീയവും ഫാ. ഫിലിപ്പും**

സ്പെയിൻകാരനായ ഫാ. ഫിലിപ്പ് ഒ.സി.ഡി.യായിരുന്നു ഞങ്ങളുടെ സഭാവിജ്ഞാനീയ പ്രൊഫസർ. സഭയെപ്പറ്റിയുള്ള എന്റെ ദർശനത്തിൽ ഫിലിപ്പച്ചൻ നിർണ്ണായകമായ പങ്കു വഹിച്ചു. ഒപ്പം എന്തു ജോലി ചെയ്യാനും മടിക്കരുത് എന്ന അപ്പാപ്പന്റെ ഉപദേശത്തിന്റെ ദൈവശാസ്ത്ര അടിത്തറ പാകിയത് അദ്ദേഹമാണ്; ജോലിയുടെ ദൈവശാസ്ത്രവും.

പരമ്പരാഗത രീതിയിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു ശൈലിയായിരുന്നു ഫിലിപ്പച്ചന്റേത്. സഭാവിജ്ഞാനീയത്തിന്റെ ധാരാളം പരമ്പരാഗത ടെക്സ്റ്റ് ബുക്കുകൾ ഉണ്ടായിരുന്നിട്ടും അവയൊന്നും ഞങ്ങളെക്കൊണ്ടു തൊടീച്ചില്ല. മറിച്ച്, രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ 'സഭ'യെപ്പറ്റിയുള്ള പ്രമാണരേഖയും 'സഭ ആധുനികലോകത്തിൽ ' എന്ന പ്രമാണരേഖയും പാഠപുസ്തകങ്ങളാക്കി. പഠനരീതിക്കും പുതുമയുണ്ടായിരുന്നു. എല്ലാവരും പ്രമാണരേഖയുടെ ഒരു ഭാഗം വായിച്ചു ചിന്തിച്ചിട്ടു വരണം. വായിച്ചപ്പോൾ കിട്ടിയ ഉൾക്കാഴ്ചകൾ ക്ലാസ്സിൽ ഓരോരുത്തർക്കും പങ്കുവെയ്ക്കാൻ അവസരം കൊടുക്കും. ഓരോരുത്തരുടെയും അഭിപ്രായം കഴിയുമ്പോൾ ഫിലിപ്പച്ചന്റെ ചെറിയൊരു കമന്റ് അഥവാ വിശദീകരണം. അങ്ങനെ എല്ലാവരും ആകുമ്പോഴേയ്ക്ക് ആ ഭാഗത്തിന്റെ വിവിധ വശങ്ങളിലേയ്ക്കുള്ള വിചിന്തനം നടക്കും. നല്ലൊരു വിശകലനവും. ഫലത്തിൽ ഞങ്ങൾതന്നെ സഭയുടെ ശാസ്ത്രം (സഭാവിജ്ഞാനീയം) മെനയുകയായിരുന്നു ഈ ശ്രമകരമായ പ്രക്രിയയിലൂടെ.

സഭാവിജ്ഞാനീയ പഠനത്തിൽ കിട്ടിയ ഏറ്റവും വലിയ ഉൾക്കാഴ്ച ഇതാണ്. സഭ ദൈവജനമാണ്(People of God). അധികാര ശ്രേണീകൃതസഭ യേശുവിന്റെ സഭയല്ല. അധികാരം ശുശ്രൂഷിക്കാൻ വേണ്ടി മാത്രം. അല്ലാത്ത അധികാരത്തിനു യേശുവുമായി പുലബന്ധംപോലുമില്ല. ജലസ്നാനത്തെക്കാൾ യേശുശിഷ്യരുടെ അടയാളം ശുശ്രൂഷയും ആത്മസമർപ്പണവുമാണ്; അങ്ങനെ

സഭയ്ക്ക് ഒരു വിശാല പ്രതലം സൃഷ്ടിച്ചു മനസ്സിലാക്കിത്തന്നതാണ് ഫിലിപ്പച്ചന്റെ മഹത്വം.

ദൈവം എല്ലാം സൃഷ്ടിച്ചിട്ടു സകലത്തിനേയും മാറ്റിമറിക്കാൻ, പുനഃസൃഷ്ടിക്കാൻ, പരിവർത്തനം നടത്താൻ മനുഷ്യനെ ചുമതലപ്പെടുത്തുന്നു. ദൈവം സദാ ജോലി ചെയ്തുകൊണ്ടിരിക്കുന്നു. അതുപോലെ നമ്മളും സമൂഹനന്മയ്ക്കായി, പുതിയൊരു ലോകസൃഷ്ടിക്കായി, നല്ല നാളെയ്ക്കായി, ദൈവരാജ്യ സാക്ഷാത്ക്കാരത്തിനായി നിരന്തരം ജോലിചെയ്യേണ്ടതുണ്ട്. ഇങ്ങനെ നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും ദൈവികമാണ്, വിശുദ്ധമാണ്. ഇതാണ് ജോലിയുടെ ദൈവശാസ്ത്രത്തിന്റെ അടിസ്ഥാനം. ഇക്കാര്യം ഫിലിപ്പച്ചൻ പറയുമ്പോൾ, അദ്ദേഹത്തിന്റെ കണ്ണുകൾ ജ്വലിക്കുമായിരുന്നു. തൊഴിലാളിവർഗ്ഗത്തിന്റെ അദ്ധ്വാനത്തിന്റെ മഹത്വത്തെപ്പറ്റി പരാമർശിക്കുമ്പോൾ ഫിലിപ്പച്ചന്റെ സ്വരത്തിനു ദൃഢതയും ആവേശവും ഒരുപോലെ പ്രകടമായിരുന്നു.

**കണക്കറിഞ്ഞുകൂടാത്ത കൂട്ടുകാരൻ**

മംഗലപ്പുഴയിലെ ആദ്യവർഷം. വൈകിട്ടു കളിസമയത്ത് അങ്ങു ദൂരെ റബർ തോട്ടത്തിനടുത്ത് കളിക്കാതെ ഒരു ബ്രദറിരിക്കുന്നത് ശ്രദ്ധിച്ചു. ക്ലാസിനു സമയമായപ്പോൾ ഞങ്ങളുടെ ബാച്ചിലാണു വന്നിരുന്നത്. എന്താണിദ്ദേഹം കളിക്കുന്നില്ല എന്നാരാഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ ഹൃദയവാൽവിനെന്തോ പ്രശ്നമുണ്ടെന്നും, കഴിഞ്ഞ ഒരു വർഷം വിശ്രമിച്ചിട്ടു വീണ്ടും പഠിക്കാൻ വന്നിരിക്കുകയാണെന്നും മനസ്സിലായി. സാവകാശം നടന്നുകൊണ്ടുള്ള ചെറിയ വ്യായാമം മാത്രമേ പറ്റൂ. കളിക്കാനും ഓടാനും ചാടാനുമൊന്നും പറ്റുകയില്ല. അറിയാതെ ഞാൻ അദ്ദേഹത്തിന്റെ കൂട്ടായി മാറി. അദ്ദേഹത്തിന്റെ പേര് നിക്ലസ്, അന്നു രൂപത തിരുവനന്തപുരം; ഇന്നു നെയ്യാറ്റിൻകര.

സെമിനാരിയിൽ വ്യാഴാഴ്ചയും ഞായറാഴ്ചയുമാണ് ആഴ്ചയിൽ അവധിദിവസങ്ങൾ. അന്നുച്ചകഴിഞ്ഞു നടക്കാൻ പുറത്തു പോകുമായിരുന്നു. ഞങ്ങൾ ഒന്നിച്ചു നടക്കാൻ തുടങ്ങി. ക്ലാസ്സുള്ള മറ്റു ദിവസങ്ങളിൽ സെമിനാരിയുടെ കോമ്പൗണ്ടിൽ ഒരറ്റത്തു കൂടെ നടന്നു പെരിയാറിന്റെ തീരത്തെത്തി, അവിടെ വെള്ളത്തിലേയ്ക്കു കാലും നീട്ടി വെള്ളത്തിൽ കളിച്ചുകൊണ്ടു സമയം ഒത്തു ചെലവഴിക്കുമായിരുന്നു.

ഈ നടത്തത്തിനു വലിയൊരു പ്രത്യേകതയുണ്ടായിരുന്നു. ഞങ്ങൾ വായിക്കുന്ന പുസ്തകങ്ങൾ, കിട്ടുന്ന പുതിയ ആശയങ്ങൾ - അവ എടുത്തിട്ടു ചർച്ച ചെയ്യുമായിരുന്നു. സാവകാശം ഞങ്ങളോടൊപ്പം കുറച്ചു സുഹൃത്തുക്കൾ കൂടി ചേർന്നു. അങ്ങനെ ഒരു ചെറുസംഘം പഠനത്തിനും ചർച്ചയ്ക്കും കൂട്ടായ്മയ്ക്കും മുന്നോട്ടു വന്നു. ഇത് ഒരു നല്ല അനുഭവമായി മാറിയിരുന്നു.

ഒരു വ്യാഴാഴ്ച ദിവസം നിക്ലസും മറ്റൊരു സുഹൃത്തും ഞാനും കൂടി

ആലുവായ്ക്കു നടന്നു. ആലുവാ ടൗണിലെത്തിയപ്പോൾ അവർക്ക് രണ്ടു പേർക്കും ചെറിയൊരു ഷോപ്പിംഗ് നടത്തേണ്ടതായി വന്നു. പേന, പേപ്പർ, മഷി മുതലായവ. അതിന്റെ പൈസ ഞാൻ കോടുത്തു. അല്പം ക്ഷീണം അനുഭവപ്പെട്ടതുകൊണ്ട് ഒരു ചായക്കടയിൽ കയറി ചായയും ലഘുഭക്ഷണവും ഞങ്ങൾ കഴിച്ചു. അതിന്റെ പണം നിക്ലസും കൊടുത്തു. ഞങ്ങൾ സന്തോഷത്തോടെ തിരിച്ചു സെമിനാരിയിലെത്തി. അവരവരുടെ മുറിയിലേയ്ക്കു പോയി.

മുറിയിൽ എത്തിയിട്ടു ഞങ്ങൾ വാങ്ങിയ സാധനങ്ങളുടെ വില, കാപ്പി കുടിയുടെ ചാർജ്ജ് എല്ലാം കൃത്യമായി കണക്കു കൂട്ടി. നിക്ലസാണ് കുറച്ചു പൈസ (ഏതാണ്ടു 4.50 രൂപ) അധികം ചെലവാക്കിയിരിക്കുന്നത്. ഞാൻ ഈ നാലര രൂപ എടുത്തുകൊണ്ടു നിക്ലസിന്റെ മുറിയിലെത്തി. നിക്ലസിനെ കണക്കു ബോദ്ധ്യപ്പെടുത്തി ഏല്പിക്കാൻ ശ്രമിച്ചു. അദ്ദേഹം അതു വാങ്ങിയില്ല. എന്നിലെ നീതിബോധം - അവനവന് അവകാശപ്പെട്ടത് അവനവന് എന്ന നീതിബോധം - എന്നെ കുറ്റപ്പെടുത്തി. ആ നാലര രൂപ നിക്ലസിന്റെ മുറിയിലേയ്ക്ക് ഇട്ടിട്ടു ഞാൻ കടന്നു.

തുടർന്നു നിക്ലസും ഞാനും വൈകിട്ടു നടക്കാൻ ഒത്തപ്പോൾ, നിക്ലസ് ഈ വിഷയം എടുത്തു ചർച്ചയായി. ഞങ്ങളുടെ അഭിപ്രായങ്ങൾ തുറന്നു പറഞ്ഞു. മനുഷ്യജീവിതം നിർജ്ജീവമായ കൊടുക്കൽവാങ്ങൽ കണക്കുകൂട്ടലിനും അപ്പുറം, കണക്കുകൂട്ടാത്ത സ്നേഹത്തിന്റെ തികവാണ് എന്നദ്ദേഹം സമർത്ഥിച്ചു. കണക്കു കൂട്ടലും കുറയ്ക്കലും ഒരിക്കലും ദൃഢമായ, ജീവത്തായ, ആഴമേറിയ ബന്ധം സൃഷ്ടിക്കുകയില്ല എന്നദ്ദേഹം തറപ്പിച്ചു സ്ഥാപിച്ചു. ഞാൻ എന്റെ നീതിബോധത്തെ പുനഃപരിശോധനയ്ക്കു വിധേയമാക്കി. എന്റെ ബന്ധജീവിതത്തിലെ കണക്കുവയ്പ്പിന് അതോടെ ഞാൻ വിടപറഞ്ഞു. എന്റെ ജീവിതത്തെ ആകെപ്പാടെ പിടിച്ചുകുലുക്കിയ ഒരു സംഭവമായിരുന്നു അത്. മാത്രമല്ല, ഞങ്ങൾ തമ്മിലുള്ള ബന്ധത്തിന് ഇതിലൂടെ ദൃഢത വർദ്ധിച്ചു. ഞങ്ങൾ കൂടുതൽ അടുത്തു. ജീവിതാനുഭവങ്ങളും ജീവിതവ്യഥകളും പരസ്പരം പങ്കുവെച്ചു. കണക്കുകൂട്ടില്ലാത്ത ബന്ധപ്പെടലിന്റെ മധുരാനുഭൂതി ജീവിതത്തിൽ ഏറെ അനുഭവിച്ചു. ബന്ധജീവിതത്തിൽ വഞ്ചിക്കപ്പെട്ടപ്പോഴും, ബന്ധം വിശിഷ്ടമാണെന്നുള്ള വ്യക്തതയിൽ ഉറച്ചുനില്ക്കാനും ജീവിതത്തിലെ തിക്താനുഭവങ്ങളിൽ തളരാതെ മുന്നോട്ടുപോകാനും ഈ ദർശനം ഏറെ സഹായകമായി എന്ന വസ്തുത നന്ദിയോടെ സ്മരിക്കുന്നു.

# 14

# വികസിതമാകുന്ന അജപാലനലോകം

### മനുഷ്യസ്നേഹിയായ റെക്ടറച്ചൻ

സെന്റ് ജോസഫ്സ് സെമിനാരിയുടെ റെക്ടറച്ചനായിരുന്ന ഫാ. മൈക്കൽ ആഞ്ച്ലോ ഒ.സി.ഡി, കർമ്മലീത്താ സഭയുടെ അന്താരാഷ്ട്ര ജനറൽ ആയി തെരഞ്ഞെടുക്കപ്പെട്ടു റോമിലേയ്ക്കു പോയി. സ്പെയിൻകാരനായ ഫാ. ഡോമിനിക് ഒ.സി.ഡി. ആയിരുന്നു സെമിനാരിയുടെ പുതിയ റെക്ടർ. രണ്ടു പേരുടെയും സമീപനത്തിൽ വ്യത്യാസമുണ്ടായിരുന്നെങ്കിലും അതിസമർത്ഥരായ രണ്ടു റെക്ടർമാരുടെ അധീനതയിലും സംരക്ഷണയിലുമാണ് എന്റെ വൈദികവിദ്യാഭ്യാസം നടന്നത് എന്നോർക്കുമ്പോൾ അഭിമാനമേയുള്ള.

അടിസ്ഥാനപരമായി എല്ലാം ഒരു തുറന്ന മനസ്സോടെ നോക്കിക്കാണുന്ന മനുഷ്യനെന്നാണ് ഡോമിനിക്കച്ചനെ എനിക്കു വിശേഷിപ്പിക്കാൻ പറ്റുക. പുതിയ ആശയങ്ങൾ എവിടെനിന്നു കേട്ടാലും അവ നല്ലതാണെന്നു ബോധ്യപ്പെട്ടാൽ അവയെ സ്വീകരിക്കാനുള്ള മനസ്സിന്റെ വിശാലത അപാരമായിരുന്നു. ബോധ്യവും വ്യക്തതയും കിട്ടിക്കഴിഞ്ഞാൽ, ഏതു പുതിയ കാര്യവും തീർച്ചയായും നടപ്പിലാക്കും; എതിർപ്പുകളും ബുദ്ധിമുട്ടികളും മറ്റും ഉണ്ടെങ്കിലും.

ഈ മനസ്സിലാക്കലിന്റെ ഒന്നുരണ്ടുദാഹരണങ്ങൾ പറയാം. ഞങ്ങൾ ഒരു ചെറിയ സംഘം വൈദികവിദ്യാർത്ഥികൾ എല്ലാ വ്യാഴാഴ്ചയും ഞായറാഴ്ചയും അവധിദിവസമായതുകൊണ്ട് നടക്കാൻ പോകുമായിരുന്നു. നടന്നിട്ടു തിരിച്ചുവരികയല്ലാതെ വീടുസന്ദർശിക്കലും മറ്റും ചെയ്യാൻ അനുവദിച്ചിരുന്നില്ല. നിക്ലസും ഞാനും കുറച്ചു വീടുകൾ സന്ദർശിച്ചു. അവരുടെ നീറുന്ന പ്രശ്നങ്ങളുടെ മുമ്പിൽ വെറുതെ നോക്കിനില്ക്കുക ക്രൂരവും നീതിരഹിതവുമാണ്. അവരുടെ കുടുംബപ്രശ്നത്തിലിടപെട്ട് പരിഹരിക്കുക ഞങ്ങളുടെ അജപാലനധർമ്മമായി ഞങ്ങൾ കണ്ടു. അപ്പോഴേയ്ക്കും ഞങ്ങൾ ഇങ്ങനെ വീടുകൾ സന്ദർശിക്കുന്നു എന്ന പരാതി റെക്ടറച്ചന്റടുത്തെത്തി. ഞങ്ങൾ രണ്ടു പേരും ചെന്നു കാര്യങ്ങൾ ഡോമിനിക്കച്ചനെ വിശദമായി ബോദ്ധ്യപ്പെടുത്തി. മാത്രമല്ല, അച്ചൻതന്നെ വ്യക്തിഗതമായി ഈ പ്രശ്നത്തിൽ ഇടപെടണമെന്നും അങ്ങനെ സെമിനാരിക്ക് ചുറ്റും താമസിക്കുന്ന പാവപ്പെട്ട ജനത്തിന്റെ പ്രശ്നം

സെമിനാരിയുടെയും പ്രശ്നമാണെന്ന് അവർക്കു ബോധ്യപ്പെടുകയും അവരുടെ സജീവസഹകരണം സെമിനാരിക്കു ലഭ്യമാകുകയും ചെയ്യുമെന്നും ഞങ്ങൾ വ്യക്തമാക്കി. ഞങ്ങളുടെ നിർദ്ദേശം അദ്ദേഹം ഗൗരവബുദ്ധ്യാ സ്വീകരിച്ചു. വീട്ടിൽ ബന്ധപ്പെട്ട് എല്ലാ ഒരുക്കങ്ങളും നടത്താൻ ഞങ്ങളെ അച്ചൻ അയച്ചു. പ്രശ്നപരിഹാരത്തിനു നിശ്ചയിച്ചിരുന്ന ദിവസം റെക്ടറച്ചൻ അവരുടെ വീടുകളിൽ വരികയും പ്രശ്നത്തിൽ ഇടപെട്ടു പരിഹരിക്കുകയും ചെയ്തു. ഈ പ്രശ്നം സെമിനാരി കൗൺസിലിൽ വച്ചു തീരുമാനിക്കാൻ മുതിർന്നെങ്കിൽ ഇതു നടക്കുകയില്ലായിരുന്നു. അദ്ദേഹത്തിനു കാര്യം വസ്തുനിഷ്ഠമായി മനസ്സിലായി ബോധ്യപ്പെട്ടാൽ തീരുമാനം എടുത്തു നടപ്പിലാക്കും, തീർച്ച.

ഈ ചെറുസംഘം സുഹൃത്തുക്കൾ (7 പേർ) ഒരു ബുധനാഴ്ച വൈകിട്ടു ചെന്നു പറഞ്ഞു നാളെ ഞങ്ങൾ മലയാറ്റൂർ മല കയറാൻ ആഗ്രഹിക്കുന്നു എന്ന്. ഒരു ചെറിയ പിക്നിക്. അതിരാവിലെ പോയാൽ രാത്രിയേ വരൂ. ആഹാരം ഞങ്ങൾ ഉണ്ടാക്കിക്കൊള്ളാം. ഇങ്ങനെ ചെറുസംഘങ്ങളുടെ പിക്നിക് സെമിനാരിയുടെ ചരിത്രത്തിൽ കേട്ടുകേൾവി പോലും ഇല്ലായിരുന്നു. അഞ്ചാറു വലിയ ബസ്സുകൾ പിടിച്ച് എല്ലാവരുമൊത്ത് വല്ലപ്പോഴും പോയിട്ടുണ്ട് എന്നല്ലാതെ ചെറുസംഘത്തെ പിക്നിക്കിനു സ്വതന്ത്രമായി വിടുന്ന പ്രശ്നമില്ല. ഇങ്ങനെ വിട്ടാൽ പലരും കുറ്റപ്പെടുത്തും; വിമർശിക്കും. അദ്ദേഹം ഞങ്ങളെ സശ്രദ്ധം കേട്ടു. തുടർന്നു പറഞ്ഞു: "പോയി വരിക. ഇതു നിങ്ങളുടെ വളർച്ചയ്ക്കു കാരണമാകട്ടെ. തിരിച്ചുവന്നു കമ്മ്യൂണിറ്റിയിൽ വലിയ ബഹളമുണ്ടാക്കരുത്." എന്തൊരു വലിയ ഹൃദയത്തിന്റെ ഉടമ ! ഞങ്ങൾ അടുത്തൊരു വീട്ടിൽ വച്ചു രണ്ടു കോഴിയെ ശരിപ്പെടുത്തി, കപ്പയുമായി യാത്ര തിരിച്ചു. അവിസ്മരണീയമായൊരു അനുഭവമായി ഇന്നുമതു മനസ്സിൽ നിറഞ്ഞു നില്ക്കുന്നു. ഇത്രമാത്രം സ്നേഹിക്കുകയും വളരാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്ത ആ വലിയ മനുഷ്യസ്നേഹിയെ വീണ്ടും റോമിൽ വച്ചു 1990 ൽ കാണാൻ സാധിച്ചത് എന്റെ വലിയ ഭാഗ്യമായി കരുതുന്നു.

**സെമിനാരി പരിഷ്കരണം - ഒരു രഹസ്യ അജണ്ട**

രണ്ടാം വത്തിക്കാൻ സൂനഹദോസ് കഴിഞ്ഞ് അതിന്റെ എല്ലാ പ്രമാണരേഖകളും പുറത്തുവന്നു. *സെമിനാരി ജീവിതവും നവീകരണവും* എന്നതായിരുന്നു അവയിൽ ഒന്ന്. ഞാൻ ദൈവശാസ്ത്രത്തിന്റെ ഒന്നാം വർഷ വിദ്യാർത്ഥി. ഞങ്ങളുടെ ചെറുസംഘത്തിലെ, പാലാ രൂപതയിലെ ബ്രദർ മാത്യു ചൊവ്വാറ്റുകുന്നേലും ചങ്ങനാശ്ശേരി രൂപതയിലെ ബ്രദർ ആന്റണി കമുകുംപള്ളിയും നിക്ലസും ഞാനും കൂടി ഈ പ്രമാണ രേഖ ശരിക്കും പഠിച്ചു. ഏതെല്ലാം തരത്തിൽ/മേഖലകളിൽ അതിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ പ്രാവർത്തി

കമാക്കാൻ പറ്റും എന്നൊക്കെ ഗൗരവമായി പഠിച്ചു കുറിപ്പുകൾ തയ്യാറാക്കി. മെയിൻ കെട്ടിടത്തിന്റെ കിഴക്കേ ബ്ലോക്കിലെ ബേസ്മെന്റ് ആഴ്ചയിൽ ഒരിക്കലുള്ള പാട്ടുപഠിക്കലിനു ഒഴികെ, വെറുതെ കിടക്കുകയായിരുന്നു. അവിടെ ഞങ്ങളുടെ ബാച്ചിൽ അല്പമെങ്കിലും വ്യത്യസ്തമായി ചിന്തിക്കാൻ താല്പര്യമുണ്ടെന്നു വിചാരിച്ച എല്ലാവരെയും (ഏതാണ്ടു 50% - 50 ആളുകൾ) ഇന്റർവെൽ സമയത്തും ക്ലാസില്ലാത്തപ്പോഴും കളിസമയത്തും രഹസ്യമായി വിളിച്ചു കൂട്ടി ഞങ്ങൾ ഒരുക്കിയ കുറിപ്പുകൾ വായിച്ചിട്ടു സെമിനാരി നവീകരിക്കേണ്ടതിന്റെ അനിവാര്യത ചർച്ച ചെയ്തു. ഗൗരവമുള്ള അടിസ്ഥാന പേപ്പറുകളും മറ്റും തയ്യാറാക്കി. ഒരു നിർദ്ദേശം വന്നതു സെമിനാരിയിലുള്ള നാലു വർഷക്കാർ മൊത്തം പങ്കെടുത്തുകൊണ്ട് അഞ്ചു ദിവസത്തെ വർക്ഷോപ് നടത്തണമെന്നാണ്. ഇത് ഫാ. പ്രീഫക്റ്റായ ചാവേലിയച്ചൻ അറിഞ്ഞിട്ടില്ല, റെക്ടറച്ചനും.

ഞങ്ങൾ നാലു പേരും റെക്ടർ ഡോമിനിക്കച്ചനെ ചെന്നു കണ്ടു കാര്യങ്ങളൊക്കെ തുറന്നു പറഞ്ഞു. ഞങ്ങൾ ഒരുക്കിയ ബേസിക് പേപ്പറുകൾ കാണിച്ചു. സെമിനാരി ജീവിതത്തെ നവീകരിക്കാനുള്ള ഉദ്യമത്തിന്റെ ഭാഗമായി ഒരു അഞ്ചുദിന വർക്ഷോപ്പ് വേണമെന്നാവശ്യപ്പെട്ടു. അച്ചൻ എല്ലാം കേട്ടു. സംശയങ്ങൾ ചോദിച്ചു മനസ്സിലാക്കി. അന്നു തന്നെ സെമിനാരി കൗൺസിൽ കൂടി ഞങ്ങൾ വച്ച നിർദ്ദേശം തീരുമാനമാക്കി. ആ വർക്ഷോപ്പിൽ സെമിനാരിയിലുള്ള എല്ലാവരും (സ്റ്റാഫ് & സ്റ്റുഡന്റ്സ്) പങ്കെടുക്കണമെന്നും തീരുമാനിച്ചു. വർക്ഷോപ്പു നയിക്കാൻ ഞങ്ങളെ നാലുപേരെത്തന്നെ നിയോഗിച്ചു. വളരെ താല്പര്യപൂർവ്വം എല്ലാവരും പങ്കെടുത്തു. ശ്രദ്ധേയമായ രീതിയിൽ തുറന്ന ചർച്ച നടന്നു. പുതിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും മുന്നോട്ടുവച്ചു. ഈ സെമിനാറിന്റെ അനന്തരഫലമായാണ് സെമിനാരിക്കാർ നിക്കറിട്ടു കളിക്കാൻ തുടങ്ങിയത്. (അതിനു മുമ്പു കാക്കി ളോഹയാണുപയോഗിച്ചിരുന്നത്). സെമിനാരിക്കാർ സാമൂഹ്യപ്രവർത്തനത്തിനു ഇറങ്ങിയത്; അജപാലന അനുഭവത്തിനായി അടുത്ത ഇടവകകളിലേയ്ക്ക് അവരെ വിടുന്നത്; സാമാന്യജനത്തിന്റെ വീടുകൾ സന്ദർശിക്കുന്ന രീതിയായത്; ഏഴു വർഷത്തിലുമുള്ള സെമിനാരിക്കാരെ ഏഴായി തിരിക്കുന്ന വേർതിരിവ് എടുത്തുമാറ്റി, എല്ലാ സെമിനാരിക്കാരുമായി ബന്ധപ്പെടാൻ സ്വാതന്ത്ര്യം ലഭിച്ചത് - അങ്ങനെ പലതും ഇതിന്റെ ഫലമായി ഉണ്ടായി.

കാര്യങ്ങൾ എല്ലാം നല്ലതുപോലെ നടന്നു. അതിന്റെ അടിസ്ഥാന കാരണം മനസ്സിലാക്കുന്ന, നന്മ കണ്ടാൽ എന്തു വിലകൊടുത്തും സ്വീകരിച്ചു നടപ്പിലാക്കുന്ന ഒരു റെക്ടറച്ചൻ ഉണ്ടായിരുന്നു എന്നതാണ്. ഞങ്ങൾ ഇക്കാര്യത്തിൽ ഇങ്ങനെ ഇടപെട്ട് നീങ്ങിയതിൽ പ്രീഫെക്ടച്ചന് എന്നോട് അടങ്ങാത്ത ദേഷ്യമായി. ആ വർഷാവസാനമാണ് ഉടുപ്പിടീൽ കർമ്മം. ഇതിനു പ്രീഫക്റ്റച്ചൻ

എന്നെ റെക്കമെന്റ് ചെയ്തില്ല. എന്തുകൊണ്ട് തന്റടുത്തു പറയാതെ റെക്ടറ ച്ചന്റടുത്തു പോയി എന്നതായിരുന്നു അദ്ദേഹത്തിനുണ്ടായ മുറിവ്. ഒരു കാര്യം സത്യം. അങ്ങനെ സാധാരണ നടപടിക്രമത്തിലൂടെ പോയിരുന്നെങ്കിൽ സെമി നാരിനവീകരണത്തെപ്പറ്റിയുള്ള ഞങ്ങളുടെ ചിന്തകളും പ്രവർത്തനങ്ങളും മുള യിലേ നുള്ളുമായിരുന്നു. ഒന്നും നടക്കുകയില്ലായിരുന്നു.

ആദ്ധ്യാത്മികഗുരുവിന്റെ റെക്കമെന്റേഷനു വേണ്ടി പെട്ട പാടിനെപ്പറ്റി നേരത്തേ എഴുതിയിരുന്നല്ലോ. ഇവിടെ പ്രീഫെക്ടച്ചന്റെ പ്രശ്നം. റെക്ടറച്ചൻ രംഗത്തു വന്നു. കാര്യങ്ങൾ വസ്തുനിഷ്ഠമായി മനസ്സിലാക്കി. ഞാൻ ചെയ്ത തിനെ ശ്ലാഘിച്ചുകൊണ്ട് റെക്ടറച്ചന്റെ അധികാരം ഉപയോഗിച്ച് എനിക്കു വെസ്റ്റി ഷൻ നല്കാൻ തീരുമാനിച്ചു. വീണ്ടും ആ വലിയ മനുഷ്യസ്നേഹിയുടെ മുമ്പിൽ വന്ദനം.

### ഭവനരഹിതർക്കു വീട്

സെമിനാരി ജീവിത നവീകരണ വർക്ഷോപ്പിന്റെ അടിസ്ഥാനത്തിലുള്ള തീരുമാനമാണ് സെമിനാരിക്കാരെ സാമൂഹ്യപ്രവർത്തനത്തിലേയ്ക്കു നിയോ ഗിക്കുക എന്നതും പരിചയപ്പെടുത്തുക എന്നതും. അതു നടപ്പിലാക്കുന്നതി ലേയ്ക്ക് ഫാ. ഫിലിപ്പ് പ്രസിഡന്റും റെക്ടറച്ചൻ ട്രഷററും ഞാൻ സെക്രട്ടറിയു മായി ഒരു ഒൻപതംഗ കമ്മിറ്റിയെടുത്തു. ബാക്കി ആറു പേരും സെമിനാരി ക്കാർ തന്നെ. വീടില്ലാത്തവർക്കു വീടു വെച്ചുകൊടുക്കുകയാവട്ടെ ആദ്യപ്രവർത്ത നമെന്നു തീരുമാനിച്ചു. ആദ്യമായി ഭവനരഹിതരെ കണ്ടെത്തി. കുറച്ചു മേസ്തി രിമാരെയും ആശാരിമാരെയും കണ്ടെത്തി. മൂന്നു ദിവസത്തെ പണി കൊണ്ടു രണ്ടു മുറിയും ഒരു അടുക്കളയുമുള്ള ഒരു വീടിന്റെ സ്ട്രക്ചർ തീർക്കുക യാണു പ്ലാൻ. കമ്മിറ്റിക്കാർ കല്ല്, പാറ, ചുടുകട്ട, സിമന്റ്, മണൽ, കട്ടിള, ജനൽ, മേൽക്കൂര അങ്ങനെ എല്ലാം സ്ഥലത്തു ക്രമീകരിക്കും. ആദ്യദിവസം 20-25 സെമിനാരിക്കാർ ചെന്നു വാനം തോണ്ടി കല്ലിട്ടു ഫൗണ്ടേഷൻ ബെയ്സ്മെന്റ് കെട്ടി മണ്ണിട്ടു നിറയ്ക്കുക - ആവശ്യത്തിനു രണ്ടു മേസ്തിരിയും കാണും. മണ്ണൊന്നുറച്ചു കഴിയുമ്പോൾ രണ്ടാം ദിവസം കട്ടിളയും ജനലും വെച്ചു ഭിത്തി കെട്ടിത്തീർക്കുക; മൂന്നു മേസ്തിരി കാണും. മൂന്നാം ദിവസം ഉത്തരം വെയ്പും മേൽക്കൂര കയറ്റലും ഓടിടീലും. മൂന്ന് ആശാരിയുടെ പണി. ഇങ്ങനെ ജന ങ്ങളുടെ പ്രശ്നത്തിലിടപെട്ട് ഒട്ടനവധി പേർക്കു വീടുകൾ വെച്ചുകൊടുത്തു. അന്നു നാലു മതിൽക്കെട്ടിനുള്ളിൽ കഴിഞ്ഞിരുന്ന സെമിനാരിക്കാർ ഗ്രാമ ത്തിന്റെ മദ്ധ്യത്തിൽ ഇറങ്ങിവന്നു ദരിദ്രരുടെ പ്രശ്നത്തോട് ഇങ്ങനെ ആഭി മുഖ്യം കാണിക്കുന്നതു വലിയ കാര്യം തന്നെയായിരുന്നു. ഈ പ്രവർത്തനാ നുഭവം ഭാവിയിൽ സാമൂഹ്യപ്രവർത്തനത്തിൽ ഇടപെടാൻ എനിക്കു പ്രചോദ നമായി.

# 15

## ഒരു വൈദികനിൽ നിന്ന്
## നിങ്ങൾ എന്തു പ്രതീക്ഷിക്കുന്നു ?

**എന്റെ ആദ്യത്തെ നേതൃത്വക്യാമ്പ്**

മേയ് 1968. ദൈവശാസ്ത്രപഠനത്തിന്റെ 4 വർഷത്തിൽ 2 വർഷം പൂർത്തിയാക്കിയ കാലയളവ്. അവധിക്കാലത്ത് രണ്ടാഴ്ച മാത്രം വീട്ടിൽ; ബാക്കി സമയത്തു കൊല്ലം മൈനർ സെമിനാരിയിലും തങ്കശ്ശേരി ബിഷപ്സ് ഹൗസിനു പടിഞ്ഞാറു കടൽത്തീരത്തുള്ള സമ്മർഹൗസിലുമാണ് താമസം. വീട്ടിൽ പോകാൻ തന്നിരുന്ന രണ്ടാഴ്ചക്കാലത്ത് യാദൃശ്ചികമായി പത്തു ദിവസത്തെ AICUF നേതൃത്വക്യാമ്പ് എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജിൽ വച്ച് AICUF കേരള ചാപ്ലിൻ ഫാ. സാമുവൽ രായന്റെ നേതൃത്വത്തിൽ നടന്നു. അതിൽ എനിക്കു കൂടി പ്രവേശനം നല്കണമെന്ന് അഭ്യർത്ഥിച്ചു. അവർ എന്നെ ക്യാമ്പിലേയ്ക്കു ക്ഷണിച്ചു. അവർ ആകെ 29 പേർ; ഞാനുൾപ്പെടെ 30. ഞങ്ങൾ സജീവമായി ക്യാമ്പിൽ പങ്കെടുത്തു. സെമിനാരി വിട്ടു വീട്ടിലല്ലാതെ മറ്റെങ്ങും അന്തിയുറങ്ങിയിട്ടില്ലായിരുന്ന എനിക്കു 10 ദിവസത്തെ കോളേജ് താമസം തീർത്തും പുതിയൊരനുഭവമായിരുന്നു. പഠനരീതി തീർത്തും ജനാധിപത്യപരവും സ്വതന്ത്രവുമായിരുന്നു.

10 ദിവസത്തെ ക്യാമ്പിന്റെ ഉൾസത്തിലേയ്ക്കു പോകാൻ ഇപ്പോൾ ഓർമ്മ നില്ക്കുന്നില്ല. പക്ഷേ ഒരിക്കലും മറക്കാനാവാത്ത, എന്റെ ഭാവിജീവിതശൈലിയെ ചെറുതായിട്ടെങ്കിലും സ്വാധീനിച്ച രണ്ടു കാര്യങ്ങൾ ഞാൻ ഓർക്കുന്നു.

ക്യാമ്പിലെ അംഗങ്ങൾ 15 യുവതികളും 15 യുവാക്കളുമായിരുന്നു.. ഫാ. സാമുവൽ രായന്റെ ഇടപെടലും ക്ലാസു നയിക്കലും ഒക്കെത്തന്നെ ആരോഗ്യകരമായ ലൈംഗികതയെ വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കു വിരൽചൂണ്ടുന്നവയായിരുന്നു. ആദ്യമായിട്ടാണു യുവതീയുവാക്കൾ ഒന്നിടവിട്ട് ഇരുന്നും ഇടപഴകിയും ക്യാമ്പിൽ പങ്കെടുത്തത്. ജീവിതത്തിൽ പ്രേമം ആവശ്യമാണെന്നും ഉത്തരവാദിത്തത്തോടു കൂടിയ ആരോഗ്യകരമായ പ്രേമം വ്യക്തിത്വവികാസത്തിനും ജീവിതവിജയത്തിനും ഏറെ കരുത്തു പകരുന്നതാണെന്നും മറ്റുമുള്ള രായനച്ചന്റെ ക്ലാസ്സ് ഉൾക്കാഴ്ച പകരുന്നതായിരുന്നു. ലൈംഗികതയെപ്പറ്റി ഒരു ഗ്രൂപ്പിൽ തുറന്നു സംസാരിച്ചു കേട്ടത് ആദ്യമായിട്ടായിരുന്നു.

മാത്രമല്ല, ഇത് ഒളിച്ചുവയ്ക്കേണ്ട വികലമായ എന്തോ ഒന്നല്ല, മറിച്ച് തുറന്ന മനസ്സോടെ ഹൃദയം പങ്കുവെയ്ക്കുന്ന, ദൈവസാന്നിദ്ധ്യവും ദൈവസ്നേഹവും നിറഞ്ഞുനില്ക്കുന്ന മനോഹരമായ അനുഭവമാണ് എന്നുള്ള സാമുവലച്ചന്റെ വിശദീകരണം സമ്പന്നമായിരുന്നു. അച്ചന്റെ ക്ലാസ്സിൽ ഏറ്റം ഹൃദ്യമായി അനുഭവപ്പെട്ടത് ചോദ്യോത്തര വേളയാണ്. ക്യാമ്പംഗങ്ങൾക്ക് എന്തും ചോദിക്കാം. ചോദ്യങ്ങൾക്ക് അദ്ദേഹം തരുന്ന ഉത്തരങ്ങൾക്ക് ചരിത്രപരമായ ഒരു സമീപനമുണ്ട്; ആ വിഷയത്തിന്റെ പരിണാമവളർച്ചയിലൂടെ മുന്നേറുന്ന വിശദീകരണം എല്ലാംകൊണ്ടും ഹൃദ്യവും ഉൾക്കാമ്പ് നിറഞ്ഞതുമായിരുന്നു.

നല്ലൊരു വൈദികനായിത്തീരണമെന്ന ആഗ്രഹത്തോടെ ക്യാമ്പിലുള്ള മറ്റ് 29 അംഗങ്ങൾക്കും ഞാൻ ഒരു ചോദ്യം എഴുതിക്കൊടുത്തു പ്രതികരിക്കുവാനായി. ചോദ്യം ഇതായിരുന്നു: 'താങ്കൾ ഒരു വൈദികനിൽ നിന്ന് എന്തു പ്രതീക്ഷിക്കുന്നു ?' വളരെ രസകരവും ഉൾക്കാഴ്ച പകരുന്നതുമായ ഉത്തരങ്ങളാണ് അവർ എഴുതിത്തന്നതും ഗ്രൂപ്പിൽ ചർച്ച ചെയ്തതും. മിക്കതിന്റെയും സാരാംശം ഇതായിരുന്നു: 'വൈദികൻ മറ്റുള്ളവർക്കു വേണ്ടി നിലകൊള്ളുന്നവൻ ആകണം.' പക്ഷേ കുറച്ചു പെൺകുട്ടികൾ അല്പം കൂടി കടത്തി എഴുതിത്തന്നത് ഗൗരവമായ ചർച്ചയ്ക്കു വിധേയമായതു ഞാൻ ഓർക്കുന്നു. 'നിങ്ങൾ വൈദികർ സ്ത്രീകളെ ബഹുമാനിക്കണം. ഞങ്ങളുടെ നേരേ നോക്കി സംസാരിക്കാൻ പഠിക്കണം. ഞങ്ങളുമായി രഹസ്യബന്ധമല്ല വേണ്ടത്. പരസ്യമായി ഞങ്ങളുമായി ഇടപഴകുമ്പോൾ, അത് ആരോഗ്യകരമായ ബന്ധമായിരിക്കും. തെറ്റിലേയ്ക്കു നയിക്കുന്ന വശ്യശക്തികളായല്ല ഞങ്ങളെ നിങ്ങൾ കാണേണ്ടത്, നിങ്ങളുടെ സഹോദരികളായിട്ടാണ്.' ആൺകുട്ടികളും ഒരു തുറന്ന ബന്ധത്തെയാണ് സ്വാഗതം ചെയ്തത്.

ഇന്നു 37 വർഷങ്ങൾ കഴിഞ്ഞിട്ടും ഈ ക്യാമ്പിലേയ്ക്കു തിരിഞ്ഞുനോക്കുമ്പോൾ, എന്റെ പിന്നീടുണ്ടായ ചിന്താവികാസത്തിലും ഇടപെടലിലും ജീവിത പ്രവർത്തന ശൈലിയിലുമൊക്കെ ഈ ക്യാമ്പിന്റെ സ്വാധീനം ഉണ്ടായിട്ടുണ്ട് എന്നു കാണാൻ സാധിക്കും. മനുഷ്യജീവിത വികാസ പരിണാമത്തിൽ സ്ത്രീ-പുരുഷ സുഹൃത്ബന്ധം, ലൈംഗികത മുതലായവയെ ഗൗരവമായി കാണാനും വിലകല്പിക്കാനും പ്രചോദനം നല്കിയ ഒരു ക്യാമ്പായി ഇതിനെ ഞാൻ വിലയിരുത്തുന്നു.

### ഡൈനാമിക്ക് ടീം

ചെറിയൊരു സംഘം പഠനത്തിനും ചർച്ചയ്ക്കും വിനോദത്തിനുമൊക്കെയായി സംഘം ചേരുന്ന കാര്യം പലവട്ടം സൂചിപ്പിച്ചുവല്ലോ. ഞങ്ങൾ മൂന്നാംവർഷ ദൈവശാസ്ത്ര വിദ്യാർത്ഥികളാണ്. അവധിക്കാലത്ത് ഏതെങ്കിലും ഒരു രൂപതയിലെ ഒരു ഇടവകയിൽ ഒരു ടീമായി അവിടത്തെ സാമൂഹ്യ-സാം

സ്കാരിക-മതപര വളർച്ചയ്ക്ക് എന്തു ചെയ്യാൻ കഴിയുമെന്നുള്ള ചിന്തയായി. നിരന്തരമായ ചർച്ചയുടെയും വിമർശനപരമായ പരിചിന്തനത്തിന്റെയും ഫലമായി ഞങ്ങൾ ഒരു പരിപാടിക്കു രൂപം കൊടുത്തു: ഇടവകയുടെ സമഗ്ര നവോത്ഥാനം. ഇതൊരു pilot പ്രോഗ്രാമായിരിക്കും. ആദ്യപടിയായി സമഗ്ര സർവ്വേ നടത്താനുള്ള പേപ്പർ ക്രമപ്പെടുത്തി. സംഘത്തിലും യോഗത്തിലും കൂട്ടായ്മയിലും പാടേണ്ട പാട്ടുകൾ ഞങ്ങൾത്തന്നെ ഉണ്ടാക്കി. അവയ്ക്കു സംഗീതം നൽകി. ഒന്നര മാസത്തെ പരിപാടിക്കാണ് പ്ലാൻ. സമയബന്ധിതമായി ഓരോ ആഴ്ചയിലെയും പരിപാടികൾക്കു രൂപംകൊടുത്തു. ആഴ്ച തോറുമുള്ള വിലയിരുത്തൽ, അവസാനം ഒരു സമഗ്രവിലയിരുത്തലും റിപ്പോർട്ടും. വളരെയേറെ സമയവും ബുദ്ധിയും ഉപയോഗിച്ചാണ് ഈ ഒന്നര മാസത്തെ പ്രോഗ്രാമിന്റെ ലക്ഷ്യം, ഉദ്ദേശ്യങ്ങൾ, കർമ്മപരിപാടികൾ പ്രായോഗികമാർഗ്ഗങ്ങൾ ഗാനങ്ങൾ - എല്ലാം കാണിച്ചുകൊണ്ടുള്ള രൂപരേഖയുണ്ടാക്കിയത്.

ഞങ്ങൾ അഞ്ചു പേരാണ് ഈ സംരംഭത്തിൽ പൂർണമായും ഉൾചേരാൻ തീരുമാനിച്ചത്. ബ്രദർ ബോസ്കോ ഡി. (തിരുവനന്തപുരം രൂപത), വരാപ്പുഴ അതിരൂപതയിലെ ബ്രദർ റാഫേൽ കാട്ടാച്ചേരിയും ബ്രദർ ഒ. വി. ആറും, കൊച്ചി രൂപതയിലെ ബ്രദർ തോമസ് പറത്തറയും, കൊല്ലം രൂപതയിൽ നിന്നു ഞാനും - ഡൈനാമിക് ടീം എന്നറിയപ്പെട്ടു. പ്രോഗ്രാമിന്റെ കരടു രൂപവും വിശദമായ കുറിപ്പും ശരിയായിക്കഴിഞ്ഞു.

തുടർന്നു ഞങ്ങളുടെ രൂപതാദ്ധ്യക്ഷന്മാരെ കണ്ട് ഈ വിവരം സംസാരിച്ചു. ഒരു ഇടവക ഇതിനായി വിട്ടുതരണം. ഞങ്ങൾക്കു താമസിക്കാൻ വളരെ പരിമിതമായ ഒരിടവും വിശപ്പിന് ആഹാരവും കിട്ടണം. വരാപ്പുഴ, കൊച്ചി മെത്രാന്മാർക്ക് ഇതു സ്വീകാര്യമായില്ല. പ്രതീക്ഷവച്ച തിരുവനന്തപുരം മെത്രാനും ഈ സംരംഭത്തോടു യോജിച്ചില്ല. നിരാശയോടെ ഞങ്ങൾ കൊല്ലം ബിഷപ്പ് ഡോ. ജെറോം എം. ഫെർണാന്റസിനെ കണ്ടു സംസാരിച്ചു. അദ്ദേഹം മുഴുവൻ കേട്ടിട്ടു പറഞ്ഞു: 'എനിക്ക് സ്കീം ഇഷ്ടപ്പെട്ടു. എങ്കിലും എന്തോ അവ്യക്തതയുണ്ട്. നിങ്ങൾ വികാരി ജനറലായ മോൺസിഞ്ഞോർ പീറ്റർ തെക്കേവിളയുമായി സംസാരിച്ചിട്ടു തീരുമാനമെടുക്കൂ. ഞാൻ അദ്ദേഹവുമായി സംസാരിച്ചുകൊള്ളാം.' അദ്ദേഹത്തിന്റെ സമീപനം ഞങ്ങളിൽ അല്പം പ്രത്യാശ ഉണർത്തി. ഞങ്ങൾ പീറ്ററച്ചനെ കണ്ടു കാര്യങ്ങൾ വിശദീകരിച്ചു.

മോൺ. പീറ്റർ തെക്കേവിള അന്നു രൂപതയുടെ വികാരി ജനറലും തങ്കശ്ശേരി പ്രോ-കത്തീഡ്രൽ വികാരിയുമാണ്. അദ്ദേഹത്തിന്റെ ഇടവകയായ തങ്കശ്ശേരിയിൽത്തന്നെ ഈ പരീക്ഷണമാകട്ടെ എന്നു സമ്മതിച്ചു. ഞങ്ങൾക്കെന്തെന്നില്ലാത്ത സന്തോഷവും അദ്ദേഹത്തോടു ബഹുമാനവും തോന്നി. സ്ഥലം (ഇടവക) ശരിയായപ്പോൾ ഞങ്ങൾ വേണ്ട അടിയന്തിര ഒരുക്കങ്ങൾ ചെയ്തു

കൊണ്ടു ഒരു ടീമായി ഒരു ശനിയാഴ്ച ഉച്ച കഴിഞ്ഞു തങ്കശ്ശേരിയിലെത്തി. മോൺ. പീറ്റർ ഞങ്ങൾക്കു ഹൃദ്യമായ സ്വീകരണം നല്കുകയും പിറ്റേന്നു ഞായറാഴ്ച കുർബാന തീർന്നപ്പോൾ ഞങ്ങളെ എല്ലാവരെയും ജനങ്ങൾക്കു പരിചയപ്പെടുത്തിയിട്ടു ഞങ്ങളോടു സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

ഞങ്ങൾ പൂർണ്ണ ഹൃദയത്തോടെ പരിപാടികളിൽ ഇടപെട്ടു. ആദ്യ ഒരാഴ്ച കൊണ്ടു ഞങ്ങൾ വളരെ വിശദമായ സാമൂഹിക-സാംസ്കാരിക-സാമ്പത്തിക-മതപരമായ സർവേ നടത്തി. തുടർന്ന് അവ ടാബുലേറ്റു ചെയ്തു. പ്രശ്നങ്ങൾ അക്കമിട്ട് എഴുതി. മോൺ. പീറ്ററുമായി ചർച്ച നടത്തി. ഒരു മാസം കൊണ്ടു ചെയ്യാവുന്ന കാര്യങ്ങൾക്കു മുൻഗണനാടിസ്ഥാനത്തിൽ വ്യക്തമായ പ്ലാനിട്ടു - കുടുംബയോഗങ്ങൾ, കവല വചനപ്രഘോഷണങ്ങൾ, രോഗികളെ സന്ദർശിക്കൽ, ചെറിയ തോതിലുള്ള സമൂഹ്യപ്രവർത്തനം (ഉദാ: വീടു മേഞ്ഞു കൊടുക്കുക), അതിരു തർക്കങ്ങൾ പരിഹരിക്കൽ, കുടുംബ കലഹങ്ങളും അകൽച്ചകളും ഇല്ലാതാക്കൽ, ബൈബിൾ വിചിന്തനം, പുതിയ പാട്ടുകളുടെ പഠിപ്പിക്കലും ആലാപനവും, ആരാധനാക്രമത്തിൽ സജീവമായ പങ്കാളിത്തം, വിദ്യാഭ്യാസം നിറുത്തിയ യുവാക്കൾക്ക് സന്ധ്യാപഠനം - ഇവയൊക്കെ ഞങ്ങൾ ടീമായി ചർച്ച ചെയ്ത് ഒറ്റയ്ക്കും പെട്ടയ്ക്കും പ്രായോഗികമാക്കി. വളരെ നല്ലൊരനുഭവമായിരുന്നു അത്.

അവസാനത്തെ രണ്ടു ദിവസങ്ങൾ മൊൺസിഞ്ഞോർ പീറ്ററുമായിരുന്നുള്ള വിലയിരുത്തലും ഭാവി പ്ലാനിംഗും തുടർപരിപാടിയും മറ്റുമായിരുന്നു. സർവേ പേപ്പറുകളും സർവേ വിവരങ്ങൾ ഏകോപിപ്പിച്ച പേപ്പറുകളും പ്രവർത്തനറിപ്പോർട്ടുകളും ഭാവിപരിപാടികളുടെ പ്ലാനിംഗും എല്ലാം മോൺ. പീറ്ററിനെ ഏല്പിച്ചു. അദ്ദേഹം ഞങ്ങൾക്കു വലിയ പ്രചോദനവും ശക്തിയുമായിരുന്നു. ഞങ്ങളുടെ വൈദികജീവിതം അർത്ഥപൂർണ്ണമാകും എന്നു പ്രായോഗികമായി ഉറപ്പുകിട്ടിയ ശക്തമായ അനുഭവമായിരുന്നു അത്. ഇന്നും അതിനെപ്പറ്റി ഓർക്കുമ്പോൾ മനസ്സിൽ ആവേശത്തിന്റെ തിരത്തള്ളൽ.

**പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററി(POC)ന്റെ ആരംഭം.**

ഫാ. ജോസഫ് കണ്ണത്തു സെമിനാരിയിലെ പ്രൊഫസറായിരുന്നു. കേരള കത്തോലിക്കാ സഭയിലെ മൂന്നു റീത്തുകളുടെ കളിയും മത്സരങ്ങളും വഴക്കുകളും ഒക്കെ കണ്ണത്തച്ചനുമൊത്തിരുന്നു ചർച്ച ചെയ്യുക പതിവായിരുന്നു. അച്ചന് ഒരാശയം തോന്നി. മൂന്നു റീത്തുകാർക്കും വിശ്വാസം ഒന്നാണല്ലോ. അവരുടെ വേദപാഠവും. മൂന്നു റീത്തുകാർക്കും കൂടി വേദപാഠത്തിനു ഒരു സെന്റർ മതിയാകുമല്ലോ. ഇത് അനാവശ്യമായ പണച്ചെലവു കുറയ്ക്കും, ഐക്യത ഊട്ടിവളർത്തും. ഈ ആശയവുമായി കേരളത്തിലെ എല്ലാ രൂപത

യിലും പോയി വ്യക്തിഗതമായി എല്ലാ മെത്രാന്മാരെയും കണ്ടു സംസാരിച്ചു. പലരും അദ്ദേഹത്തെ ആട്ടിയോടിച്ചു, കളിയാക്കി, ഭ്രാന്തൻ എന്നു വിശേഷിപ്പിച്ചു. പക്ഷേ രണ്ടു മെത്രാന്മാർ അല്പം താല്പര്യം കാട്ടി. അവരുമൊത്തു കണ്ണത്തച്ചൻ പൊതുവേദപാഠകേന്ദ്രം പ്ലാനിട്ടു. വീണ്ടും ഈ മെത്രാന്മാരുടെ സഹകരണത്തോടെ മറ്റു മെത്രാന്മാരെ കണ്ടു. കുറച്ചുപേർ കൂടി സഹകരിച്ചു. ഈ പ്രക്രിയ ആവർത്തിച്ചു. അവസാനം എല്ലാ മെത്രാന്മാരും സഹകരിക്കുന്ന തലത്തിലെത്തി. ഈ സെന്ററിനു പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ (പി. ഒ. സി.) എന്ന പേരിട്ടു. സെമിനാരിയിൽ കണ്ണത്തച്ചന്റെ മുറിയിൽ ആരംഭിച്ച പദ്ധതിക്കു സെമിനാരിയുടെ കോമ്പൗണ്ടിൽ ചെറിയൊരു കെട്ടിടം പി. ഒ. സി. ക്കായി വിട്ടുകൊടുത്തു. ഓഫീസ് അവിടെയായി.

ഈ പരിപാടിയുടെ തുടക്കം മുതൽ ധാരാളം എഴുത്തുകുത്തുകൾ ഉണ്ടായിരുന്നു. അവയുടെ ഓഫീസ് ജോലിയിൽ ഞങ്ങളുടെ ചെറുസംഘം നല്ലരീതിയിൽ സഹകരിച്ചിട്ടുണ്ട്. കണ്ണത്തച്ചന്റെ സ്വപ്നസാക്ഷാത്ക്കാരം ഞങ്ങളുടെ സ്വപ്നസാക്ഷാത്ക്കാരമെന്ന രീതിയിൽ ഞങ്ങൾ അച്ചനോടൊപ്പം എല്ലാക്കാര്യത്തിലുമുണ്ടായിരുന്നു. സാവകാശം പി. ഒ. സി. ക്കു സ്വന്തമായൊരു സ്ഥലവും കെട്ടിടവും പാലാരിവട്ടത്ത് ആയപ്പോൾ, ഇതിന്റെ എല്ലാക്കാര്യങ്ങളും അങ്ങോട്ടു മാറ്റി.

ഇന്നു തഴച്ചുവളർന്നു കേരളസഭയുടെ അഭിമാനമായി തലയുയർത്തി നിൽക്കുന്ന പി. ഒ. സി. യുടെ രൂപീകരണത്തിലും അതിന്റെ ചിട്ടയായിട്ടുള്ള വളർച്ചയിലും പ്രിയപ്പെട്ട കണ്ണത്തച്ചനോടൊപ്പം ചെറിയപങ്കുവഹിക്കാൻ സാധിച്ചതു തൃപ്തിയോടും അഭിമാനത്തോടും കൂടിയാണ് കാണുന്നത്. മാത്രമല്ല, എന്റെ വൈദിക ശുശ്രൂഷയിൽ കൂടുതൽ തുറന്ന മനോഭാവത്തോടെ ഇടപെടാൻ പി. ഒ. സി. അനുഭവം സഹായകമായി മാറി.

### കുമ്പളത്തു സഹകരണാടിസ്ഥാനത്തിൽ റോഡ്

1970 ഏപ്രിൽ ആരംഭത്തിൽ എനിക്ക് ഡെക്കനേറ്റ് (വൈദികപട്ടത്തിനു മുൻപുള്ള 6 -ാം പട്ടം) കിട്ടി. തുടർന്നു രണ്ടാഴ്ച അവധി. വീട്ടിൽ. വീട് കുമ്പളത്ത് അഷ്ടമുടിക്കായലിന്റെ തീരത്ത്. അവിടെ നിന്നും ഒരു കിലോമീറ്റർ കഴിഞ്ഞേ റോഡുള്ളു. ഈ ഒരു കിലോമീറ്റർ ഒരാൾക്കു മാത്രം നടക്കാൻ സാധ്യതയുള്ള ഇടുങ്ങിയ വഴി. അതും ചെറിയ മലയുടെ ഇടുക്കിലൂടെ. ഈ വഴിയുടെ രണ്ടു വശത്തും താമസിക്കുന്ന കുടുംബക്കാരെ ഞാൻ വിളിച്ചുകൂട്ടി, ഈ ഇടുക്കുവഴി നല്ലൊരു റോഡ് ആക്കുന്നതിനെപ്പറ്റി ചർച്ച ചെയ്തു. എല്ലാവരും പാവപ്പെട്ട കുടുംബങ്ങൾ. പകൽ ജോലിക്കു പോയാലേ കുടുംബകാര്യങ്ങൾ നടക്കൂ. എല്ലാവരും കൂടെ ഒന്നിച്ചൊരു തീരുമാനമെടുത്തു. കഴിവുള്ള എല്ലാവരും വൈകുന്നേരം വഴിയുടെ പടിഞ്ഞാറേ അറ്റത്തു കൂടുന്നു; അവ

രവരുടെ വീട്ടിൽ നിന്നുള്ള ഉപകരണങ്ങളുമായി (തൂമ്പ, മൺവെട്ടി, കൂന്താലി, വെട്ടുകത്തി, കുട്ട, ചുമ്മാട് മുതലായവ). റോഡ് വെട്ട് ആരംഭിക്കുന്നു, ശ്രമദാനമായി. റോഡ് വെട്ടി ഇരുവശത്തുമുള്ള കുടുംബത്തിന്റെ മുമ്പിൽ എത്തുമ്പോൾ, ആ വീട്ടുകാർ ലഘുഭക്ഷണം(കട്ടൻകാപ്പി, കപ്പ മുതലായവ) തരുന്നു. ഏതാണ്ടു രാത്രി 12 മണി വരെ. അങ്ങനെ 12 ദിവസം സഹകരണാടിസ്ഥാനത്തിൽ പണിതതാണ് ഇപ്പോൾ ടാർ ഇട്ടു മനോഹരമായി കിടക്കുന്ന പാവിട്ടുമൂല റോഡ്. റോഡ് വെട്ടിച്ചിട്ടു വിപുലമായൊരു മീറ്റിംഗ് സംഘടിപ്പിച്ചിട്ടാണ് റോഡ് ഉദ്ഘാടനം ചെയ്യിച്ചത്.

35 വർഷങ്ങൾക്കു മുമ്പ്, വൈദികനാകുന്നതിനു തൊട്ടു മുൻപത്തെ വർഷം, ഇങ്ങനെ സാമാന്യജനങ്ങളെ ഒരു ലക്ഷ്യത്തോടെ വിളിച്ചുകൂട്ടാനും ചർച്ച ചെയ്തു സഹകരണാടിസ്ഥാനത്തിൽ ഒരു കിലോമീറ്റർ ദൈർഘ്യമുള്ള റോഡ് ഒന്നിച്ചു വെട്ടാനും സാധിച്ചതു വലിയ നേട്ടമായി കാണുന്നു. മാത്രമല്ല, എന്റെ വൈദികവിദ്യാർത്ഥിക്കാലത്തെ ഈ അനുഭവം തുടർന്നുള്ള വൈദികവൃത്തി നിർവ്വഹണത്തിനു ശക്തിപകരുന്നതായിരുന്നു.

**ആദ്യത്തെ ഇടവക ശുശ്രൂഷാനുഭവം**

1970 ൽ ഡീക്കനായിട്ടു ഏപ്രിൽ-മേയ് മാസങ്ങളിൽ ഇടവക ശുശ്രൂഷാനുഭവത്തിനായി ഒന്നര മാസത്തേയ്ക്കു അന്നു കൊല്ലം രൂപതയുടെ അധീനതയിലുള്ള (ഇന്നു പുനലൂർ രൂപത) കടമ്പനാട് ഇടവകയിലേയ്ക്കയച്ചു. ഫാ. സെബാസ്റ്റ്യൻ ജോർജ്ജ് ആയിരുന്നു ഇടവക വികാരി. സ്നേഹിതർ അദ്ദേഹത്തെ വിളിച്ചിരുന്നതു സെബി എന്നും.

അടുക്കളയിൽ സഹായിക്കാനുണ്ടായിരുന്ന മൂപ്പനോട് ഇന്നു മുതൽ ഒരു ചെമ്മാച്ചനൊണ്ടു കൂടെ, ശ്രദ്ധിക്കണേ എന്ന നിർദ്ദേശവും കൊടുത്തു. അദ്ദേഹമെന്നെ, സെബി ഉള്ളപ്പോൾ സെബിയെയും, പൊന്നുപോലെ നോക്കി. എനിക്കു വേണ്ട എല്ലാ സൗകര്യങ്ങളും ആഹാരവും നൽകി. തമാശയായി ഞങ്ങൾ പറയുമായിരുന്നു - ബ്രദർ വന്നതിന്റെ ഫലമായി സെബിക്ക് ഒന്നര മാസം കൊണ്ട് അഞ്ചു കിലോ കൂടിയെന്ന്. സെബി എനിക്കു പൂർണ്ണ സ്വാതന്ത്ര്യം തന്നു. ഞാൻ ആ പരിസരത്തുള്ള എല്ലാ വീടുകളും (ഇടവകക്കാരുടെയും അല്ലാത്തവരുടെയും) സന്ദർശിച്ചു. മാത്രമല്ല, കടമ്പനാടിന്റെ കീഴിലുള്ള എല്ലാ സബ്സ്റ്റേഷനിലെ ഇടവകക്കാരുടെ വീടുകളും. വീട് സന്ദർശിക്കാൻ പോകുമ്പോൾ കിട്ടുന്ന അനുഭവങ്ങൾ, മനസ്സിലാക്കിയ പ്രശ്നങ്ങൾ ഒക്കെ, സെബി ഉണ്ടെങ്കിൽ അന്നു വൈകിട്ടു തന്നെ ചർച്ച ചെയ്യും. അവയുടെ വിവിധ വശങ്ങളെപ്പറ്റി വിലയിരുത്തുകയും നല്ലൊരജപാലകൻ എങ്ങനെ അവയെ നോക്കിക്കാണണമെന്നും മറ്റും വിശകലനം നടത്തുകയും ചെയ്യുമായിരുന്നു.

ഒരു സംഭവം ഓർമ്മവരുന്നു. കടമ്പനാടു പള്ളിക്കടുത്തുള്ള ഒരു അക്രൈ

സ്തവ കുടുംബത്തിന് എന്റെ ഇടപെടൽ നന്നേ ഇഷ്ടപ്പെട്ടു. ഒരു അച്ചനും തന്റെ വീട്ടിൽ വന്നിട്ടില്ല, എന്റെ ഇടപെടൽ വലിയ അനുഗ്രഹമായി കാണുന്നു. അതുകൊണ്ടു അദ്ദേഹത്തെയും കുടുംബത്തെയും കൂടി സ്നാനപ്പെടുത്തി പള്ളിയിൽ ചേർക്കണം എന്നവർ അഭ്യർത്ഥിച്ചു. ഞാനിതു സെബിയോടു പറഞ്ഞു. സെബി പറഞ്ഞു, അവർ വന്നു സഹകരിക്കട്ടെ. അലോഷ്യസിനോടുള്ള വിശ്വാസവും താല്പര്യവുമാണിപ്പോൾ ഉള്ളത്. അതു യേശുവിനോടുള്ള വിശ്വാസവും താല്പര്യവുമാകട്ടെ. അവർ തീരുമാനത്തിലുറച്ചു നില്ക്കുമെങ്കിൽ ഒന്നുരണ്ടു വർഷങ്ങൾ കഴിഞ്ഞു സ്നാനം കൊടുക്കാം. ഈ വിവരം എന്റെ രീതിയിൽ അവരോടു പറഞ്ഞു. ഞാൻ പോകുന്നിടം വരെ അവർ സ്ഥിരമായി പള്ളിയിൽ വരുമായിരുന്നു. രണ്ടുവർഷം കഴിഞ്ഞു സെബിയെ കണ്ടപ്പോൾ പല വിവരങ്ങൾ അന്വേഷിക്കുന്നതിനിടയ്ക്ക് ആ കുടുംബത്തെപ്പറ്റിയും ചോദിച്ചു. അവർ സഹകരിക്കുന്നില്ല എന്നായിരുന്നു മറുപടി. ഇത് എനിക്കു വലിയൊരു പാഠമായിരുന്നു, തുടർന്നുള്ള എന്റെ വൈദികജീവിതത്തിൽ.

എന്റെ വൈദികജീവിതത്തിന് ഒത്തിരി പ്രചോദനം നല്കിയ ഒരു സമയമായിട്ടാണ് ഈ ഒന്നരമാസത്തെ വിലയിരുത്തുക. ഈ കാലത്ത് സെബി മറ്റൊരു വലിയ കാര്യം ചെയ്തു. തന്റെ വൈദികസുഹൃത്തുക്കളെ സന്ദർശിക്കുന്നിടത്ത് എന്നെയും കൊണ്ടുപോയി, അവർക്കെന്നെ പരിചയപ്പെടുത്തുമായിരുന്നു. പലതും പറയുന്നതിനിടെ സെബി പറഞ്ഞിരിക്കും, 'ഭാവിയുടെ വാഗ്ദാനമാണീ ചെറുപ്പക്കാരൻ.' ഈ കമന്റ് എനിക്കു മുന്നോട്ടു പോകാൻ ഊർജ്ജം തന്നിരുന്നു. മാത്രമല്ല, വീടുസന്ദർശനത്തിന്റെ ദൈവശാസ്ത്രത്തിലേയ്ക്കു മനസ്സിനെ കൊണ്ടുപോകാൻ സഹായിച്ചതും സെബിയാണ്. തങ്കശ്ശേരിയിൽ ഡൈനാമിക് ടീമായ ഞങ്ങൾ വീടുകൾ കയറിയിറങ്ങിയതു വളരെ ശാസ്ത്രീയമായിട്ടായിരുന്നു. വിവരശേഖരണത്തിന് അത്യുത്തമം. ഇവിടെ കടമ്പനാട്ടു നടന്ന ഭവനസന്ദർശനം തികച്ചും അജപാലനാത്മകം ആയിരുന്നു. അതിൽ ഒരു ദൈവസാന്നിദ്ധ്യ സുഖവും ദൈവസ്പർശനത്തിന്റെ മധുരിമയുമുണ്ടായിരുന്നു. ജനവും ജനവുമായുള്ള ബന്ധവുമാണ് പൗരോഹിത്യജീവിതത്തിനു ധന്യത നല്കുന്നത് എന്നു പ്രായോഗികമായി പഠിപ്പിച്ച അനുഭവമായി നിലകൊള്ളുന്നു സെബിയുമൊത്തുള്ള ജീവിതം.

# 16

## യേശു പറയുന്നതും പുരോഹിതർ പ്രവർത്തിക്കുന്നതും

കർത്താവാണ് എന്റെ ഇടയൻ;
എനിക്കൊന്നിനും കുറവുണ്ടാവുകയില്ല.
പച്ചയായ പുൽത്തകിടിയിൽ
അവിടുന്ന് എനിക്കു വിശ്രമമരുളുന്നു;
പ്രശാന്തമായ ജലാശയത്തിലേയ്ക്ക് അവിടന്ന് എന്നെ നയിക്കുന്നു.

അവിടുന്ന് എനിക്ക് ഉന്മേഷം നല്കുന്നു;
തന്റെ നാമത്തെ പ്രതി
നീതിയുടെ പാതയിൽ എന്നെ നയിക്കുന്നു
മരണത്തിന്റെ നിഴൽവീണ താഴ്‌വരയിലൂടെയാണ്
ഞാൻ നടക്കുന്നതെങ്കിലും
അവിടന്ന് കൂടെയുള്ളതിനാൽ
ഞാൻ ഭയപ്പെടുകയില്ല.
അങ്ങയുടെ ഊന്നുവടിയും ദണ്ഡും
എനിക്ക് ഉറപ്പേകുന്നു.

എന്റെ ശത്രുക്കളുടെ മുമ്പിൽ
അവിടന്ന് എനിക്കു വിരുന്നൊരുക്കുന്നു;
എന്റെ ശിരസ് തൈലം കൊണ്ട് അഭിഷേകം ചെയ്യുന്നു;
എന്റെ പാനപാത്രം കവിഞ്ഞൊഴുകുകയാണ്.

അവിടുത്തെ നന്മയും കരുണയും
ജീവിതകാലം മുഴുവൻ എന്നെ അനുഗമിക്കും;
കർത്താവിന്റെ ആലയത്തിൽ
ഞാൻ എന്നേക്കും വസിക്കും.
(സങ്കീർത്തനം 23: 1-6)

പട്ടത്വ ശുശ്രൂഷ

1970 ഡിസംബർ 21. സ്ഥലം കുമ്പളം പള്ളിയങ്കണം. കാർമ്മികൻ ബിഷപ് ജെറോം എം. ഫെർണാന്റസ്. ഞാനൊരു പുരോഹിതനായി. എല്ലാവർക്കും നന്ദി.

നീണ്ട 12 വർഷത്തെ (5 മൈനർ സെമിനാരി+ 7 മേജർ സെമിനാരി) പഠനത്തിനും ഒരുക്കത്തിനും കാത്തിരിപ്പിനും ശേഷം ആ ദിവസം ഇതാ വന്നിരിക്കുന്നു. ഡീക്കനായി ആലുവായിൽ അവസാനത്തെ വർഷമെത്തി. പല അനുഭവങ്ങൾ കൊണ്ടും ഞങ്ങളുടെ ചെറുസംഘത്തിന്റെ വായനയും ചർച്ചയും കാരണവും ക്ലാസ്സിൽ ഞങ്ങൾ ചോദ്യം ചോദിക്കുന്ന വ്യക്തികളായി മാറി. ചില പ്രൊഫസർമാർക്ക് അത് അരോചകമായി. ഫാ. റെക്ടറിന്റടുത്തു പരാതി പറഞ്ഞു. അജപാലനാനുഭവത്തിനു ശനിയാഴ്ചയും ഞായറാഴ്ചയും അടുത്തുള്ള ഇടവകയിൽ സഹായത്തിനു വിട്ടിടത്ത്, രണ്ടാം വത്തിക്കാന്റെ നവീകരണം നടപ്പാക്കാത്തതിനെപ്പറ്റി വികാരിയച്ചന്മാരോടു സംസാരിക്കുകയും അവരിൽ മിക്കവരും അത് അംഗീകരിച്ചാസ്വദിക്കുകയും ചെയ്തെങ്കിലും ചിലർ ഫാ. റെക്ടറിനു ഞങ്ങളെപ്പറ്റി പരാതിപ്പെട്ടു. ഇങ്ങനെയൊക്കെ ആയിരുന്നെങ്കിലും റെക്ടറച്ചനു ഞങ്ങളുടെ ചെറുസംഘത്തിന്റെ ആത്മാർത്ഥതയിലും സത്യസന്ധതയിലും നല്ല ഉറപ്പായിരുന്നു. അതുകൊണ്ടു പൗരോഹിത്യത്തിനു യോഗ്യരാണെന്നുള്ള കത്ത് കൊല്ലം ബിഷപ്പിനു കൊടുത്തു.

ആലുവാ സെമിനാരിയിൽ അന്നു വരെ മാർച്ചിലായിരുന്നു വൈദികപട്ടം കൊടുത്തിരുന്നത്. ഞങ്ങളുടെ സെമിനാരി പരിഷ്കരണ വർക്ഷോപ്പിലെ നിർദ്ദേശങ്ങളിൽ ഒന്ന് - നാലാം വർഷക്കാർക്ക് ഡിസംബറിൽ പട്ടം കൊടുത്തിട്ട് അച്ചനായതിനു ശേഷവും സെമിനാരിയിൽ മൂന്നു മാസം (ജനുവരി - മാർച്ച്) താമസിച്ചു പഠിക്കുക - നേരത്തേ പഠിച്ചവയെ എങ്ങനെ ജീവിതബന്ധിയാക്കാം എന്ന് ഒറ്റയ്ക്കും കൂട്ടായിട്ടും ചിന്തിച്ചു പ്ലാനിടുകയായിരുന്നു ലക്ഷ്യം. ഞങ്ങളുടെ ബാച്ചോടു കൂടിയാണെന്നു തോന്നുന്നു ഈ നിർദ്ദേശം പ്രാവർത്തികമാക്കിയത്. മറ്റൊരു നിർദ്ദേശമായിരുന്നു പട്ടം കൊടുക്കുന്നതു പൊതുസ്ഥലത്തു വെച്ച് (കത്തീഡ്രൽ) ഒന്നിച്ചാകാതെ ഓരോ വൈദികാർത്ഥിയുടെ ഇടവകയിൽ വെച്ച് ആകണം എന്നത്. ഈ നിർദ്ദേശം എല്ലാ ബിഷപ്പുമാർക്കും റെക്ടറച്ചൻ അയച്ചുകൊടുത്തിരുന്നു. ഏതായാലും കൊല്ലം ബിഷപ് ആദ്യമായി ഇടവകയിൽ വച്ചു പട്ടം കൊടുത്തതു ഞങ്ങളുടെ ബാച്ചിനാണ് - ബ്രദർ വാൾട്ടർ മോറീസിന്റെ പട്ടം 20. 12. 1970 ൽ ശക്തികുളങ്ങര ഇടവകയിൽ വച്ചും എന്റെ പട്ടം 21. 12. 1970 ൽ കുമ്പളം ഇടവകയിൽ വച്ചും നടത്താൻ തീരുമാനിക്കുകയുണ്ടായി.

അന്നു കുമ്പളം വികാരിയായിരുന്നതു ഡി. എസ്. പി. അച്ചൻ എന്ന അപ

രനാമത്തിൽ അറിയപ്പെട്ടിരുന്ന ഫാ. അബ്രഹാം ജോസഫാണ്. ബന്ധുക്കളെയും സ്നേഹിതരെയും അച്ചന്മാരെയും കന്യാസ്ത്രീകളെയും എല്ലാം അപ്പാപ്പൻ ക്ഷണിച്ചു കഴിഞ്ഞു. കുമ്പളം കോൺവെന്റിലെ സുപ്പീരിയർ സോളമനച്ചന്റെ സഹോദരി സിസ്റ്റർ റജീനാ മേരിയായിരുന്നു.

വികാരിയച്ചനും അപ്പാപ്പനും തമ്മിൽ ഒരു അഭിപ്രായവ്യത്യാസമുണ്ടായി. പട്ടം കഴിഞ്ഞുള്ള സ്നേഹവിരുന്നു ക്രമീകരിച്ചിരുന്നതു വീട്ടിലാണ്. വികാരിയച്ചന്റെ അഭിപ്രായത്തിൽ അച്ചന്മാർക്കും കന്യാസ്ത്രീകൾക്കുമുള്ള ആഹാരം പള്ളിമേടയിൽ എത്തിക്കണം. സാധാരണയാളുകൾ (അൽമേനികൾ) വീട്ടിൽ വന്നു കഴിക്കട്ടെ. അപ്പാപ്പൻ ഈ നിർദ്ദേശത്തോടു യോജിച്ചില്ല. അപ്പാപ്പന്റെ വാദഗതി ഏതാണ്ട് ഇങ്ങനെയായിരുന്നു: എന്നോടും എന്റെ മകനോടും ഞങ്ങളുടെ കുടുംബത്തോടും താല്പര്യമുള്ളവരാണ് ഈ കർമ്മത്തിൽ പങ്കെടുക്കാൻ വരുക. അവർക്ക് എന്റെ വീട്ടിൽ വരാനും ഞങ്ങളുടെ സ്നേഹവിരുന്നിൽ പങ്കെടുക്കാനും തീർച്ചയായും താല്പര്യം കാണും. മാത്രമല്ല, അവരും സാധാരണ ജനങ്ങളോടൊപ്പം കഴിക്കട്ടെ. വികാരിയച്ചൻ ഈ സമീപനത്തോട് ഒട്ടും യോജിച്ചില്ല. എന്നു മാത്രമല്ല എല്ലാ രീതിയിലും നിസഹകരണവുമായി. ഇതുവഴി ഏറ്റം ബുദ്ധിമുട്ടുണ്ടാക്കിയ മറ്റൊരു കാര്യം കൂടി ഉണ്ടായി. ആദ്യമായി ഇടവകയിൽ വച്ചു പട്ടത്വശുശ്രൂഷയും പുത്തൻകുർബ്ബാനയും ഒന്നിച്ചാകുന്നതുകൊണ്ടു ധാരാളം ജനം അതിൽ പങ്കെടുക്കാൻ വരും. ഉള്ള പള്ളിയ്ക്കകത്തുവച്ചു നടത്തുന്നതു അപ്രായോഗികം. വെളിയിൽ വിശാലമായ കോമ്പൗണ്ടിൽ വലിയൊരു സ്റ്റേജ് കെട്ടി ആഘോഷം അങ്ങനെയാകാമെന്നു വികാരിയച്ചനുൾപ്പെടെയുള്ള കമ്മിറ്റിക്കാർ തീരുമാനിച്ചു.

അപ്പാപ്പനുമായുള്ള അഭിപ്രായവ്യത്യാസം കൊണ്ട്, ഇടവകയ്ക്ക് ഒരു എൽ. പി. സ്കൂളും ഒരു യു. പി. സ്കൂളും ഉണ്ടായിട്ടും, ഈ സ്കൂളിലെ ബഞ്ചും ഡസ്കും സ്റ്റേജിടാൻ കൊടുക്കുകയില്ലെന്നു വികാരിയച്ചൻ തീരുമാനിച്ചു. 35 വർഷങ്ങൾക്കു അപ്പുറമാണിതു നടക്കുന്നത്. ഇന്നത്തെപ്പോലെ സ്റ്റേജ് കെട്ടിത്തരുന്നവരോ അതല്ലെങ്കിൽ സ്റ്റേജിനു വേണ്ട സാമഗ്രികൾ വാടകയ്ക്കു കിട്ടുന്ന സാഹചര്യമോ അന്നില്ല. നാട്ടിലെ വീടുകളിൽ നിന്നും ബഞ്ചുകളും ഡെസ്കുകളും ശേഖരിക്കാൻ പ്ലാനിട്ടു. ഈ വിവരം മഠത്തിൽ സിസ്റ്റർ സുപ്പീര്യർ റജിനാമ്മയോടു പറഞ്ഞു. അവരുടെ അധീനതയിലും മറ്റൊരു സെന്റ് മേരീസ് എൽ. പി. സ്കൂളുണ്ട്. ആ സ്കൂളിലെ ബെഞ്ചുകളും ഡെസ്കുകളും സ്റ്റേജിനു വേണ്ടി എടുക്കാൻ മദർ അനുവദിച്ചു. വലിയ കാര്യമായി. പക്ഷേ അവ തികയുകയില്ലായിരുന്നു. ബാക്കി വേണ്ടിവരുന്നവ അല്ലിയച്ചാച്ചന്റെ നേതൃത്വത്തിൽ കുമ്പളത്തെ നല്ലവരായ കുറച്ചു ചെറുപ്പക്കാർ പല വീടുകളിൽ നിന്നു സ്വരൂപിച്ചു സ്റ്റേജ് കെട്ടുകയായിരുന്നു. ഇതൊക്കെ ഞാനറിഞ്ഞത് പട്ടത്വശുശ്രൂഷയൊക്കെ കഴിഞ്ഞിട്ടാണ്.

അങ്ങനെ എന്റെ വൈദികജീവിതം നല്ലൊരു സംഘർഷത്തിൽ തുടങ്ങിയതിൽ, മൂല്യങ്ങൾ തമ്മിലുള്ള സംഘർഷത്തിൽ ആരംഭിച്ചതിൽ ഞാൻ അഭിമാനം കൊള്ളുന്നു. മാത്രമല്ല ഇത് എന്നെ വലിയൊരു ജീവിതപാഠം പഠിപ്പിച്ചു. അന്നു മുതൽ ഇന്നു വരെ ഞാൻ വിരുന്ന് ക്രമീകരിച്ചപ്പോൾ ഒരിക്കലും അച്ചന്മാർക്കും കന്യാസ്ത്രീകൾക്കും പ്രത്യേക പന്തി തയ്യാറാക്കിയിരുന്നില്ല; അങ്ങനെ ചെയ്യാതിരിക്കാൻ മറ്റുള്ളവരെ പ്രേരിപ്പിച്ചിട്ടുമുണ്ട്. എങ്കിലും അങ്ങനെ ചെയ്യുന്നവർ ഉണ്ടായിരുന്നു, ഇന്നും ഉണ്ടുതാനും. ഇവരുടെ ആകർമ്മങ്ങളിൽ പങ്കെടുക്കാൻ ഞാൻ ബാദ്ധ്യതപ്പെട്ടിരുന്നെങ്കിൽ, സ്നേഹവിരുന്നിനു മുമ്പ് ഇങ്ങനെയുള്ള രണ്ടുതരം വിരുന്നിനോടുള്ള എന്റെ പ്രതിഷേധം സംഘാടകരോടു ബോധ്യപ്പെടുത്തിയിട്ട്, സാമാന്യജനത്തിന്റെ പന്തിയിൽ അവരോടൊപ്പം കഴിക്കുകയാണ് എന്റെ പ്രവർത്തനശൈലി. ഇങ്ങനെയൊരു രീതിക്ക്, ജനത്തോടൊപ്പമായിരിക്കണം അജപാലകർ എന്ന രീതിക്ക്, അപ്പാപ്പൻ നല്കിയ സംഭാവനയെ ഓർത്ത് ഞാൻ അഭിമാനം കൊള്ളുന്നു.

20. 12. 1970 ൽ വാൾട്ടറിന്റെ പട്ടത്തിനു ശക്തികുളങ്ങര പോയിട്ട് വിശ്രമിക്കാനും മാനസികമായി ഒരുങ്ങാനും തങ്കശ്ശേരിയിലെ കൊല്ലം ബിഷപ്സ് ഹൗസിലാണ് താമസിച്ചത്. 21 -ാം തീയതി രാവിലെ ബിഷപ്പിന്റെ സെക്രട്ടറി ഫാ. ജോർജ്ജ് മാനുവേൽ എന്നെ വിളിച്ചുണർത്തി. വേഗം ഒരുങ്ങി 6 മണിക്ക് ബിഷപ് ജെറോം എം. ഫെർണാന്റസിനോടൊപ്പം കുമ്പളത്തേയ്ക്കു തിരിച്ചു; ജീവിതത്തിലെ വലിയൊരു സ്വപ്നത്തിന്റെ സാക്ഷാത്ക്കാരത്തിനായി. കുമ്പളം ജനതയുടെ ഹൃദ്യമായ സ്വീകരണവും ഹൃദയഹാരിയായ എതിരേല്പും തലയുയർത്തിക്കൊണ്ടുള്ള ബിഷപ്പിന്റെ മുന്നേറ്റവും എല്ലാം എന്റെ മനസ്സിൽ ഇപ്പോഴും നിറഞ്ഞുനില്ക്കുന്നു.

ജറോം പിതാവിന്റെ കയ്യിൽ നിന്നു പട്ടം സ്വീകരിച്ചു - എന്റെ ഗുരുക്കന്മാരുടെയും സ്നേഹിതരുടെയും ഇടവകക്കാരുടെയും ബന്ധുക്കളുടെയും സഹോദരരുടെയും പ്രത്യേകിച്ച് അപ്പാപ്പന്റെയും അമ്മാമ്മയുടെയും സാന്നിദ്ധ്യത്തിൽ. പേരു പറയുകയാണെങ്കിൽ ധാരാളം വ്യക്തികളുടെ പേരു പറയേണ്ടിവരും. അങ്ങനെയൊരു സാഹസത്തിനു ഞാനൊരുങ്ങുന്നില്ല. വലിയൊരനുഭവമായിരുന്നു അത്. ഏവർക്കും നന്ദി.

പട്ടം കഴിഞ്ഞിട്ട്, അനുമോദനയോഗം ഉണ്ടായിരുന്നു. വികാരിയച്ചൻ സ്വാഗതം പറഞ്ഞു. ബിഷപ് അദ്ധ്യക്ഷത വഹിച്ചു. എന്റെ ഗുരുനാഥൻ ജോസഫ് സാറും മറ്റും അനുമോദനങ്ങൾ അർപ്പിച്ചു. ഇടവകക്കാർ ഒരു അഭിവാദനക്കുറിപ്പ് പൊതുവേ വായിച്ചിട്ട് എന്നെ ഏല്പിച്ചു. എല്ലാവരുടെയും സ്നേഹം എന്നെ വല്ലാതെ വീർപ്പുമുട്ടിച്ചു. അവസാനം എനിക്കു പറയാനുള്ളത് എഴുതി വായിച്ചു. അന്നു വായിച്ച പേപ്പർ ഇന്നും വളരെ ശ്രദ്ധയോടെ സൂക്ഷിച്ചുവച്ചിട്ടുണ്ട്. അതിന്റെ ശരിപ്പകർപ്പ് ഇവിടെ കൊടുക്കുന്നു.

ക്രിസ്തുവിൽ പ്രിയരേ,

മനസ്സിൽ വികാരങ്ങൾ തിങ്ങിനിറയുകയാണ്. തുറന്നു കാട്ടുവാൻ കെല്പില്ലാതെ നിങ്ങളുടെ മുമ്പിൽ നിൽക്കുന്നു. കൃതജ്ഞത നിറഞ്ഞ ഹൃദയത്തോടുകൂടി മാത്രമേ എനിക്കു നിങ്ങളെപ്പറ്റി ചിന്തിക്കാനാവൂ. എന്താണു പറയേണ്ടതെന്ന് എനിക്കറിവില്ല. ദൈവമേ അങ്ങേയ്ക്കു നന്ദി.

നിങ്ങളെല്ലാവരിലും ആശ്രയിച്ചാണ് ഞാൻ വളർന്നത്; ഇനി വളരുന്നതും. എന്റെ പ്രിയപ്പെട്ട മാതാപിതാക്കളെ ഞാൻ സ്മരിക്കുന്നു. അവരുടെ വയസ്സുകാലത്ത്, മൂന്നു പേരെ ദൈവത്തിനു സമർപ്പിക്കുക - അസാമാന്യമായ ത്യാഗം ആവശ്യപ്പെടുന്നു. എനിക്കു അവർക്കായി സ്നേഹമല്ലാതെ മറ്റൊന്നുമില്ല.

മേലധികാരികൾ - ജ്ഞാനസ്നാനം നല്കി സഭയിലേയ്ക്ക് ആനയിച്ച നേരം തൊട്ട് വളരെയധികം പേർ എന്റെ വളർച്ചയിൽ സഹായിച്ചിട്ടുണ്ട്. കൊല്ലം മൈനർ സെമിനാരിയെയും അവിടത്തെ മേലധികാരികളെയും ഞാൻ പ്രത്യേകം ഓർക്കുന്നു.

1964 ൽ ആലുവാ സെമിനാരിയിൽ പോയി. അവിടെയും പലരുടെയും സ്നേഹത്താലും സഹായത്താലുമാണ് ഞാൻ വളർന്നത്. സന്തോഷത്തിന്റെയും ആകുലതകളുടെയും നിമിഷങ്ങൾ ഉണ്ടായിരുന്നു - ഉൽക്കണ്ഠാകുലനായി ദിവസങ്ങൾ കഴിച്ചുകൂട്ടി. എന്റെ പ്രിയപ്പെട്ട കൂട്ടുകാരും ബഹുമാനപ്പെട്ട ഗുരുഭൂതരും എന്നെ സഹായിച്ചതുകൊണ്ടാണ് എനിക്കു വളരാൻ സാധിച്ചത്. അവരിൽ ചിലരെല്ലാം ഇവിടെയുണ്ട്. അവർക്കെല്ലാം ഹൃദയംഗമായ നന്ദി.

സെമിനാരിയിൽ നിന്ന് അവധിക്കാലത്തു വരുമ്പോൾ എന്നെ വളരെയധികം സഹായിച്ചിട്ടുണ്ട് - പ്രത്യേകിച്ചു ഇടവകവികാരികളും അസിസ്റ്റന്റ് അച്ചന്മാരും. എന്നെ കൗമാരത്തിൽ, പ്രയാസത്തിൽ തളരാതെ വളരാൻ സഹായിച്ചത് കൂടുതലും ഇവരാണ്.

എന്നെ സഹായിച്ചതും സഹായിക്കുന്നതുമായ ഇപ്പോഴത്തെ വികാരിയച്ചനെയും അസിസ്റ്റന്റ് അച്ചനേയും പ്രത്യേകം സ്മരിക്കുന്നു. ദൂരെനിന്നും മറ്റും എന്റെ സന്തോഷത്തിൽ പങ്കുപറ്റാൻ വന്ന എന്റെ മേലധികാരികൾക്കും സുഹൃത്തുക്കൾക്കും ഹൃദയംഗമമായ കൃതജ്ഞത.

ഞാൻ അറിയുന്നവരും അറിയാത്തവരുമായി ഇനിയും ധാരാളം പേർ എന്നെ സഹായിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കന്യാസ്ത്രീകൾ,

സ്നേഹം നിറഞ്ഞ വൈദികർ, പ്രതീക്ഷാനിർഭരായ അൽമായർ - എല്ലാവർക്കും എന്റെ നന്ദി.

അവസാനമായി, പക്ഷേ എല്ലാറ്റിനുമുപരിയായി, തിരുമേനിക്കു ഞാൻ നന്ദി പറയുകയാണ്. എപ്പോഴും എന്നെ നയിച്ചനുഗ്രഹിച്ച സ്നേഹപിതാവേ, എന്റെ സ്നേഹം നിറഞ്ഞ കൃതജ്ഞത സ്വീകരിക്കുക.

എനിക്കു നിങ്ങളോടു പറയുവാനുള്ളത് ഇതാണ്. ഇന്നേ ദിവസം നമ്മളെല്ലാവരും ഇവിടെ ഒന്നിച്ചിരിക്കുകയാണ് - ആഘോഷവും അനുമോദനവും. ഇവയെക്കുറിച്ചൊക്കെ ചിന്തിക്കുക സന്തോഷപ്രദമാണ്; കർത്താവിന്റെ കാരുണ്യത്തെപ്പറ്റി ഓർക്കുക ആനന്ദപ്രദമാണ്. പക്ഷേ, ഭാവിയിലേയ്ക്കു നോക്കുമ്പോൾ ഉൽക്കണ്ഠ തോന്നുന്നു. അപ്പോഴാണ് സഹവിശ്വാസികളായ നിങ്ങളുടെ സ്നേഹവും പ്രോത്സാഹനവും കൂടുതൽ ആവശ്യം. തന്റേയും തന്റെ പ്രിയ ജനത്തിന്റേയും സേവകനായി കരുണാപൂർവ്വം കർത്താവ് എന്നെ തെരഞ്ഞെടുത്തു. അതിൽ ആനന്ദമുണ്ട്. പക്ഷേ അതു തന്നെയാണ് ഉൽക്കണ്ഠയുടെ അടിസ്ഥാനവും. കർത്താവിൽ പ്രിയരേ, ഞാൻ ഇന്നും വെറുമൊരു സാധാരണ മനുഷ്യൻ. 12 കൊല്ലത്തെ സെമിനാരി പരിശീലനം എന്നെ മനുഷ്യനല്ലാതാക്കാനല്ലായിരുന്നു - യഥാർത്ഥ മനുഷ്യനാകുകയായിരുന്നു; മനുഷ്യനാണെങ്കിൽ, ബലഹീനനും. കർത്താവിനറിയാം ദുർബലമായ വെറും കളിമൺപാത്രമാണ് ഞാനെന്ന്. അവിടുത്തെ കരങ്ങൾ താങ്ങുന്നില്ലെങ്കിൽ, അത് വീണുടഞ്ഞുപോകും. കർത്താവിൽ ഞാൻ വിശ്വസിക്കുന്നു, ശരണപ്പെടുന്നു. എന്റെ വിശ്വാസത്തെ വർദ്ധിപ്പിക്കണമേ എന്നു ഞാൻ തകർന്ന ഹൃദയത്തോടെ പ്രാർത്ഥിക്കുന്നു.

എന്നെ അനുമോദിക്കാനായി നിങ്ങളിവിടെ കൂടിയിരിക്കുന്നു. വളരെ നന്ദി. പക്ഷേ, ഈ ഇരിക്കുന്ന നമ്മുടെ തിരുമേനിയും സഹവൈദികരും നിങ്ങളോരോരുത്തരും ഇതിൽക്കൂടുതൽ തീഷ്ണതയോടെ എന്നെ വിധിക്കാൻ ഒരുങ്ങുകയില്ലേ എന്ന കടുത്ത ഉൽക്കണ്ഠയുണ്ട്. എന്നെ തെറ്റിദ്ധരിക്കരുതേ. ഞാൻ പറയുന്നതിതാണ്. ഞാൻ ബലഹീനനായ വെറുമൊരു മനുഷ്യൻ. എന്നിൽ നിന്നു നിങ്ങൾ വൻകാര്യങ്ങൾ - മംഗളപത്രത്തിലും അനുമോദനപ്രസംഗങ്ങളിലും കേട്ടപോലെ - പ്രതീക്ഷിക്കുന്നു. അവ സംതൃപ്തിയാം വിധം നിർവഹിക്കുവാൻ എനിക്കു കഴിയുമോ എന്നു വലിയ ഉൽക്കണ്ഠയുണ്ട്. ദൈവത്തിൽ ശരണം വയ്ക്കുന്നു എന്നു ഞാൻ പറഞ്ഞുകഴിഞ്ഞു. ഞാൻ ആത്മാർത്ഥമായി ശ്രമിക്കാം.

എന്നിട്ടും ഉൾക്കണ്ഠ നീങ്ങി മറയുന്നില്ല. നിങ്ങളോരോരുത്തരിലും തിരുമേനിയിലും സഹവൈദികരിലും പ്രിയപ്പെട്ട ജനങ്ങളിലും ഞാൻ വിശ്വസിക്കുന്നു, ശരണം വയ്ക്കുന്നു. നിങ്ങളാണ് എനിക്ക് ആനന്ദവും ആത്മധൈര്യവും നല്കുന്നത്. സ്നേഹമുള്ള ഒരു പിതാവിന്റെ കീഴിൽ, ജ്യേഷ്ഠസഹോദരന്മാരുമായി നിങ്ങളുമൊത്തു പ്രവർത്തിക്കുകയാണെന്റെ ആഗ്രഹം. നിങ്ങളുടെ സഹകരണമാണ് എന്റെ ആനന്ദം. അതുകൊണ്ട് നിങ്ങളോട് ഞാനൊരു അഭ്യർത്ഥന നടത്തുകയാണ്. എന്റെ കുറ്റക്കുറവുകൾ എന്നോടു തുറന്നു പറഞ്ഞു തരൂ; എന്നോടു മാത്രം. ഞാൻ അതു തിരുത്താൻ ആത്മാർത്ഥമായി ശ്രമിക്കാം. മാത്രമല്ല, അന്യോന്യം എല്ലാ കാര്യത്തിലും സഹകരിക്കാനും ഞാൻ അഭ്യർത്ഥിക്കുകയാണ്. നാം പ്രവർത്തിക്കുന്ന രീതിയിൽ പ്രവർത്തിക്കാത്തതു കൊണ്ട് ഒരുവൻ മോശക്കാരനെന്ന് വിധിതീർപ്പ് നടത്തരുതേ.

നല്ലൊരു വൈദികനായി ജനങ്ങൾക്കു സേവനമനുഷ്ഠിക്കാൻ ഞാൻ ആത്മാർത്ഥമായി ശ്രമിക്കാം. നിങ്ങളാണെന്റെ ആനന്ദം.

എന്റെ പ്രിയപ്പെട്ട കുമ്പളം ജനതയോട് ഒരു വാക്കു കൂടി. ഞാൻ നിങ്ങളുടെ ഒരാളാണ്. ഇവിടെ ജനിച്ചു, വളർന്ന ഒരാൾ. ഇന്നിതാ നിങ്ങളുടെയും എന്റെയും ആനന്ദത്തിനായി ഞാനിതാ വൈദികനായി. അക്കാരണത്താൽത്തന്നെ പ്രിയപ്പെട്ടവരേ നിങ്ങളുമായി ഞാൻ വിടവാങ്ങുകയാണ്.

എന്നെ ദൈവം ആർക്കായി ഏല്പിച്ചുകൊടുക്കുന്നുവോ, അവർക്കായിട്ടു എന്നെ മുഴുവൻ അർപ്പിക്കാനായി നിങ്ങൾ എന്നെ സഹായിക്കുക. ഏതു ജനതയ്ക്കു വേണ്ടി പ്രവർത്തിക്കാനാണോ എന്നെ തിരുമേനി അയയ്ക്കുന്നത് അവരെ പൂർണ്ണമായി (മുഴുവനായി) സേവിക്കാൻ ഞാൻ ശ്രമിക്കാം. അതാണല്ലോ നിങ്ങൾ ആവശ്യപ്പെടുന്നത്; അതിനായി നിങ്ങളെന്നെ സഹായിക്കണം.

വീണ്ടും എല്ലാവർക്കും, സർവ്വോപരി ജഗദീശനും നന്ദി പറഞ്ഞു കൊണ്ടും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിച്ചുകൊണ്ടും നിർത്തുന്നു. നിങ്ങളുടെ സ്നേഹപ്രകടനത്തിനെല്ലാം കൃതജ്ഞത പറഞ്ഞുകൊള്ളുന്നു.

ഫാ. അലോഷ്യസ്

21. 12. 1970

**പൗരോഹിത്യ ജീവിതസ്പന്ദനങ്ങൾ**

കഴിഞ്ഞ 35 വർഷത്തെ ജീവിതം പലതുകൊണ്ടും വൈവിധ്യങ്ങൾ നിറഞ്ഞ അനുഭവസഞ്ചയമാണ്. പല പടികൾ കടന്നു, വ്യത്യസ്ത ഊന്നലുകൾ കൊടുത്തു, കാഴ്ചപ്പാടിൽ മാറ്റമുണ്ടായി, സമീപനത്തിൽ വ്യത്യാസമനുഭവപ്പെട്ടു, പുതിയ മേഖലകൾ കണ്ടെത്തി, ഒരു വശത്ത് എതിർപ്പും മറുവശത്ത് അംഗീകാരവും അനുഭവിച്ചു, ഒറ്റപ്പെടലിന്റെയും കൂട്ടായ്മയുടെയും ഫലം അനുഭവിച്ചു. ഇവയെല്ലാം കോർത്തിണക്കുന്ന ഒന്നുണ്ടായിരുന്നു; ആത്മാർത്ഥതയും സത്യാന്വേഷണവും കിട്ടുന്ന വെളിച്ചത്തോടുള്ള വിശ്വസ്തതയും. ഈ നിലപാടിൽ ഇന്നും ജീവിതം മുന്നോട്ടു തന്നെ.

**ആദ്യവിശുദ്ധവാരാചരണം.**

1971 ഏപ്രിലിലാണ് എന്നെ ആദ്യമായിട്ട് ബിഷപ്പ് ഔദ്യോഗികമായി വൈദികശുശ്രൂഷയ്ക്ക് വിടുന്നത്. അടൂർ ഇടവകയുടെ കീഴിലുള്ള പഴകുളത്ത് വിശുദ്ധ വാരാചരണത്തിനായിട്ടു മാത്രം - ഓശാന ഞായർ മുതൽ ഉയർപ്പു ഞായർ വരെ - ചുമതലപ്പെടുത്തിയത്. വളരെ ശ്രദ്ധയോടെ ഒരുങ്ങിയാണ് ഓരോ ദിവസത്തെയും ശുശ്രൂഷ നടത്തിയത്; പ്രസംഗം മുഴുവൻ നേരത്തേ എഴുതിയിട്ടാണ് പ്രസംഗിച്ചത്. പഴകുളം ജനതയ്ക്ക് നന്നേ ഇഷ്ടപ്പെട്ടതായി ഉയർപ്പുദിവസം നടന്ന യോഗത്തിൽ പറഞ്ഞതു ഞാനോർക്കുന്നു. കാരണം, അന്നുവരെ ലാറ്റിൻ ഭാഷയിലായിരുന്നു കുർബാന കണ്ടിരുന്നത്. ആദ്യമായി മലയാള ഭാഷയിൽ, അതും വിശുദ്ധവാരാചരണം മുഴുവനും അനുഭവിക്കുക. ഫാ. സാമുവൽ രായന്റെ മനോഹരമായ തർജ്ജമയും. എല്ലാവരും സജീവമായി അതിൽ പങ്കെടുത്തിരുന്നു. ഉണർവിന്റെ പുതിയൊരനുഭവമായിരുന്നു.

അന്നത്തെ ശുശ്രൂഷയിൽ എന്നെ സ്പർശിച്ച രണ്ടുകാര്യങ്ങളാണ് ഇന്നും മനസ്സിൽ നിലനില്ക്കുക. വലിയവ്യാഴാഴ്ച വൈകിട്ടുള്ള 12 പേരുടെ കാൽകഴുകൽ ശുശ്രൂഷയും വലിയ ശനിയാഴ്ച പാതിരാത്രിയിൽ നടത്തിയ പുത്തൻ തീയിൽ നിന്ന് എല്ലാവരും ദീപം തെളിച്ചുകൊണ്ടുള്ള പ്രദക്ഷിണവും. ജീവിതത്തിൽ ശുശ്രൂഷയിലൂടെ ദീപം തെളിക്കാൻ നാം ബാദ്ധ്യസ്ഥരാണെന്ന ചിന്തയാണ് അവിടെ ഉണ്ടായത്.

എന്നെ സംബന്ധിച്ചിടത്തോളം, ഈ ഒരാഴ്ച ഭാവിയിലുള്ള എന്റെ വൈദികശുശ്രൂഷയിലേയ്ക്കു ഗൗരവമായ ഒരു കാൽവെയ്പ്പായിരുന്നു. പഴകുളം ജനത എനിക്കതിനു പ്രചോദനം നല്കി.

# 17

# മരണത്തിനും മായ്ക്കാനാവാത്തവർ

**അപ്പാപ്പന്റെ അസുഖവും മരണവും**

ജീവിതകാലം മുഴുവൻ കഠിനാദ്ധ്വാനം ചെയ്ത് ഉറച്ച ശരീരമായിരുന്നു അപ്പാപ്പന്റേത്. ഒരു രോഗവും വന്നിട്ടില്ല; ആശുപത്രിയിൽ കിടന്നിട്ടില്ല; വല്ലപ്പോഴും ജലദോഷം വന്നാൽ, പച്ചെറുമ്പിനെ(നീറിനെ) ചെറിയൊരു തുണിയിൽ കെട്ടി ഒരു കിഴി പോലെ ആക്കിയിട്ടു മണപ്പിക്കും. അത്രമാത്രം. 1971 മാർച്ച് 27 ന് അണ്ണാണ്ണന്റെ വീടിനു കല്ലിടാൻ അപ്പാപ്പൻ കുമ്പളത്തു നിന്നു നടന്നു നാന്തിരിക്കൽ എത്തി. കല്ലിടീൽ കർമ്മം കഴിഞ്ഞു തിരിച്ചു കുമ്പളത്തേയ്ക്കു പോയി. വൈകിട്ടു 5 മണിയായപ്പോൾ അണ്ണാണ്ണന് അറിയിപ്പു കിട്ടി - അപ്പാപ്പനു ഒട്ടും സുഖമില്ല, മൂത്രതടസ്സം, ഭയങ്കര വേദന; ഉടൻ കാറുമായി വരിക ആശുപത്രിയിൽ എത്തിക്കാൻ. അണ്ണാണ്ണൻ കുണ്ടറ വന്നു കാറുമായി കുമ്പളത്തെത്തി. അപ്പാപ്പനെ വല്ലപ്രകാരവും പലരുടെ സഹായത്തോടെ പുലിച്ചാണിക്കുന്നേൽ എത്തിച്ചു. അവിടെ നിന്നും കാറിൽ രാത്രി കൊല്ലത്ത് ബിഷപ് ബൻസിഗർ ആശുപത്രിയിൽ എത്തിച്ചു. മൂത്ര തടസ്സമാണ്, എത്രയും വേഗം ഓപ്പറേഷൻ വേണമെന്നായി ഡോക്ടർ. വേദന ശമിക്കാൻ മൂത്രസഞ്ചിയിലൊരു ദ്വാരമിട്ടു മൂത്രമെടുത്തു. 'പ്രോസ്റ്റേറ്റ് ഗ്ലാന്റ്' വികസിച്ചതാണ്. ഓപ്പറേഷനേ വഴിയുള്ളു എന്ന് അവർ വിധിയെഴുതി.

ആലുവാ സെമിനാരിയിൽ നിന്നും പഠനം കഴിഞ്ഞു 31 -ാം തീയതി ഞാനെത്തി. അന്നുതന്നെ അപ്പാപ്പന്റെ ഓപ്പറേഷൻ (പ്രോസ്റ്റേറ്റെക്ടമി) നടന്നു. ബൻസിഗർ ഹോസ്പിറ്റലിലെ മേട്രൻ മദർ റഫേൽ ആയിരുന്നു. അവരും ബഹുമാനപ്പെട്ട സിസ്റ്റേഴ്സും നഴ്സുമാരും ഡോക്ടർമാരുമൊക്കെ ഒത്തിരി സഹകരിച്ചു. ഏതാണ്ട് ഒരു മാസമെടുത്തു കരിഞ്ഞു കിട്ടാൻ. സുഖമായി അപ്പാപ്പനെ വീട്ടിൽ കൊണ്ടുപോയി. മൂന്നുനാലുദിവസം കഴിഞ്ഞപ്പോൾ, ഓപ്പറേഷൻ ചെയ്തു കരിഞ്ഞ മുറിപ്പാടിലൂടെ മൂത്രം വന്നു നനയുന്നു; ചെറിയ വേദനയും. വീണ്ടും ആശുപത്രിയിൽ കൊണ്ടുപോയി. ഏതാണ്ട് ഒരു മാസത്തെ ചികിത്സ. സുഖമായി തിരിച്ചുവരവ്. മൂന്നിന്റന്നു വീണ്ടും ആശുപത്രിയിൽ. ഇങ്ങനെ 13 മാസം നീണ്ടുനിന്നു ഈ പ്രക്രിയ. കുമ്പളത്തു വീട്ടിൽ കാറു വരാ

ത്തതുകൊണ്ട് റോഡരുകിൽ നാന്തിരിക്കലിലുള്ള അപ്പാപ്പന്റെ വീട്ടിലാണ് ആശുപത്രിയിൽ നിന്നു കൊണ്ടുവന്നു താമസിപ്പിച്ചത്. 1972 ഏപ്രിൽ 27 ന് അപ്പാപ്പൻ മരിച്ചു. എന്നെ സംബന്ധിച്ച് ഇത് ഏറ്റം വലിയ നഷ്ടമായിരുന്നു.

ഇതോടനുബന്ധിച്ച് രണ്ടു കാര്യങ്ങൾകൂടി പറയണമെന്നുണ്ട്. എന്റെ ജ്യേഷ്ഠൻ ജോസഫ് ഡി. ഫെർണാന്റസിനെ കൊല്ലം ബിഷപ് ജറോം എം. ഫെർണാന്റസ് റോമിൽ വിട്ടു കാനൻ ലോ പഠിപ്പിക്കുകയും അവിടെ വച്ചു വൈദികനാവുകയും ചെയ്തു. രണ്ടാം വത്തിക്കാൻ സൂനഹദോസിൽ പങ്കെടുക്കാൻ ബിഷപ് റോമിൽ ചെന്നപ്പോൾ സെക്രട്ടറിയെപ്പോലെ സഹായിക്കുകയും മറ്റും ചെയ്തു പോന്നത് ജ്യേഷ്ഠനായിരുന്നു. പക്ഷേ എന്തോ കാരണത്തിന് അവർ തമ്മിൽ തെറ്റുകയും ജോസഫ് അച്ചാച്ചൻ അമേരിക്കയിൽ പോവുകയും ചെയ്തു. ഇത്രയുമാണു ഞങ്ങൾക്ക് അന്നറിയാമായിരുന്നത്. ജോസഫ് അച്ചാച്ചനെപ്പറ്റി മറ്റുവിവരങ്ങളൊന്നും അറിയുകയില്ലായിരുന്നു. വല്ലപ്പോഴും ഒരു കത്തു വരുമായിരുന്നു. കത്തിലെ വിശേഷം ചുരുക്കത്തിൽ 'എനിക്കിവിടെ സുഖം; അവിടെ എല്ലാവർക്കും സുഖമെന്നു വിശ്വസിക്കുന്നു' എന്നു മാത്രം. ഈ കത്തുകൾക്ക് അണ്ണാണ്ണൻ വിശദമായി മറുപടി അയച്ചാലും, തന്റെ കത്തിലെ ശൈലി തഥൈവ. അപ്പാപ്പൻ സുഖക്കേടായ വിവരവും അപ്പാപ്പനു ജോസഫ് അച്ചാച്ചനെ കാണാനുള്ള ആഗ്രഹം പ്രകടിപ്പിക്കുന്ന വിവരവും മറ്റും കാണിച്ചു ഞാനും കത്തയയ്ക്കുമായിരുന്നു. മറുപടിയിൽ ഇവയെപ്പറ്റി ഒന്നും എഴുതുകയില്ല. സൗഖ്യം മാത്രം അന്വേഷിക്കുന്ന മറുപടിയേ കിട്ടിയിട്ടുള്ളു.

അങ്ങനെയിരിക്കെ 24. 4. 1972 ൽ അപ്പാപ്പന്റെ നില തീർത്തും ഗുരുതരമായി; മരിക്കുമെന്ന അവസ്ഥ എത്തിയെന്നു ഡോക്ടർമാർ വിധിയെഴുതി. രക്ഷയില്ല, ആവശ്യമെങ്കിൽ വീട്ടിൽ കൊണ്ടുപോവുക എന്നു ഡോക്ടർ പറഞ്ഞുകഴിഞ്ഞു. അളിയൻ (മച്ചാൻ - മേരിയക്കാക്കയുടെ ഭർത്താവ്) അപ്പാപ്പനെ വീട്ടിൽ കൊണ്ടുപോകാൻ നിർബന്ധിച്ചു. ജീവനോടെ കാണേണ്ടവർ കാണട്ടെ എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ഞാൻ അതിനെ എതിർത്തു. മാനുഷികമായി വൈദ്യശാസ്ത്രത്തിനു ചെയ്യാവുന്നതൊക്കെ ചെയ്യട്ടെ എന്നായിരുന്നു എന്റെ ചിന്ത. അണ്ണാണ്ണൻ എന്റെ അഭിപ്രായത്തോടു യോജിച്ചു. അങ്ങനെ ആശുപത്രിയിൽ തന്നെ തുടർന്നു. ഓർമ്മ വരുമ്പോൾ ജോസഫ്കുട്ടി വന്നോ എന്നു ചോദിച്ചിരുന്നു.

ഞാൻ 25 -ാം തീയതി അതിരാവിലെ ജോസഫ് അച്ചാച്ചനു ടെലഗ്രാം അയച്ചു: father sinking. ടെലഗ്രാം അയച്ചിട്ടു തിരികെ ബൻസിഗറിൽ എത്തിയപ്പോൾ ജോസഫ് അച്ചാച്ചന്റെ ടെലഗ്രാം എത്തിയിരിക്കുന്നു: "If the sickness of Appappan warrants me, cable me immediately". ഇതു കണ്ടയുടനെ ഞാൻ വീണ്ടും പോയി ടെലഗ്രാം ചെയ്തു, father sinking; start imme-

diately. ഏതു സമയത്തും അപ്പാപ്പൻ മരിക്കാം - അങ്ങനെ വലിച്ചു വലിച്ചു കിടക്കുകയാണ്. എല്ലാവരും അടുത്തുണ്ട്.

26 -ാം തീയതിയായി. എന്റെ മനസ്സു പറഞ്ഞു ജോസഫ് അച്ചാച്ചൻ വന്നു കണ്ടിട്ടേ മരിക്കൂ. സമയം നീണ്ടുപോകുന്നു; ബോധം ഇല്ലാത്ത അവസ്ഥ; ആരോഗ്യം തെല്ലുമേ ഇല്ല. വൈദ്യസഹായങ്ങൾ കാര്യമായി ഒന്നുമില്ല. 27 -ാം തീയതിയായി. മച്ചാൻ വീട്ടിൽ കൊണ്ടുപോകാൻ നിർബന്ധിക്കുകയായി - മരിച്ചു ശവമായി കൊണ്ടുപോകുന്നതിനെക്കാൾ നല്ലതു ജീവനോടെ കൊണ്ടുപോകുന്നതാണ്. സ്വന്തം വീട്ടിൽ കിടന്നു മരിക്കട്ടെ. എന്നെ വൈകാരികമായി സ്പർശിച്ചൊരു വാക്യമാണിത്. ഞാൻ വല്ലാതെ വിഷമിച്ചു. അവസാനം ഞാൻ തീരുമാനിച്ചു പറഞ്ഞു: അപ്പാപ്പനു നമുക്കു കൊടുക്കാവുന്ന വൈദ്യസഹായം അവസാന നിമിഷം വരെ കൊടുക്കാം. ഇപ്പോഴും ഡോക്ടർമാരും മറ്റും എന്തൊക്കെയോ ചെയ്യുന്നുണ്ടല്ലോ. അതുകൊണ്ടായിരിക്കും വേഗം മരിക്കാത്തത്. അപ്പോഴും എന്റെ ചിന്ത ജോസഫ് അച്ചാച്ചൻ വന്നേ മരിക്കൂ എന്നായിരുന്നു. 27 -ാം തീയതി രാത്രി 11 മണിക്കു എല്ലാവരും കട്ടിലിനു നാലു ചുറ്റും നില്ക്കേ അപ്പാപ്പൻ സ്വസ്ഥമായി തന്റെ ജീവൻ ഞങ്ങളെ ഏല്പിച്ചു മരിച്ചു; മാറി നിന്നു 10 മിനിട്ട് ശരിക്കും കരഞ്ഞു. പിന്നെ അപ്പാപ്പന്റെ തന്നെ ശക്തിയോടെ എല്ലാം ചെയ്തു.

രാത്രി തന്നെ ശരീരം കുമ്പളത്തു കൊണ്ടുവന്നു. മറ്റു ക്രമീകരണങ്ങളൊക്കെ നടത്തി. അറിയിപ്പിനുള്ള എല്ലാ ക്രമീകരണവും ചെയ്തു. മരിച്ച വിവരം അമേരിക്കയിലേയ്ക്കു കേബിൾ വഴി അറിയിയ്ക്കുകയും ചെയ്തു. 28 -ാം തീയതി രാവിലെ ജോസഫ് അച്ചാച്ചൻ കൊല്ലത്തു ബൻസിഗറിൽ എത്തി; പിന്നെ വീട്ടിലും. ജ്യേഷ്ഠൻ ഒരു കാര്യത്തിലും ഇടപെട്ടില്ല; ജീവനോടെ കാണാൻ പറ്റാത്തതിലുള്ള ദുഃഖത്തിൽ പ്രാർത്ഥിച്ചു നിലകൊണ്ടു.

അടക്കം എങ്ങനെയായിരിക്കണം എന്നു തീരുമാനിക്കാൻ മച്ചാൻ, അണ്ണാണ്ണൻ, ആന്റണിയച്ചാൻ (ബേബിയക്കാക്കയുടെ മൂത്തമകൻ) പിന്നെ ഞാനും കൂടി അഭിപ്രായങ്ങൾ പറഞ്ഞു. മച്ചാന്റെ വ്യക്തമായ അഭിപ്രായം ഇതായിരുന്നു; വലിയവിള ദാവീദ് കുമ്പളത്തെ ഏറ്റം അംഗീകരിക്കപ്പെട്ട വ്യക്തി. ഏറ്റം ആഘോഷകരമായ അടക്കമായിരിക്കണം അപ്പാപ്പനു കൊടുക്കേണ്ടത്. കുമ്പളം, കാഞ്ഞിരകോട്, പടപ്പക്കര, കല്ലട എന്നീ സ്ഥലങ്ങളിൽ നിന്നെങ്കിലും കൊമ്പ്രിയക്കാരെ(പോർട്ട്ഗീസുകാരുടെ ഭരണകാലത്ത് ക്രൈസ്തവസമൂഹത്തിനെ നയിച്ച അൽമായസംഘം. അവർക്ക് പ്രത്യേകമായ യൂണിഫോം ഉണ്ടായിരുന്നു. ഇന്ന് ഇതു വെറുമൊരു ആഡംബര സംവിധാനം മാത്രം) കൊണ്ടുവരണം, ചെണ്ടയും ബാന്റും വേണം, കുണ്ടറ യാക്കോബായ പള്ളിയിലെ വെള്ളിക്കുരിശും കബർമഞ്ചവും കൊണ്ടുവരണം; ചുരുക്കത്തിൽ എല്ലാംകൊണ്ടും കുമ്പളത്തെ പിടിച്ചുകുലുക്കുന്ന ഒരു അടക്കമാകണം അപ്പാപ്പന്റേത്. ഇതി

നോട് ഞാൻ പ്രതികരിച്ചു: തീർച്ചയായും ആളുകളുടെ ഹൃദയത്തെ സ്പർശിക്കണം. പക്ഷേ അപ്പാപ്പൻ ജീവിതത്തിൽ ആർഭാടമില്ലാതെ വളരെ ലളിതജീവിതം നയിച്ച മനുഷ്യൻ. പാരമ്പര്യമായ പലതിനേയും എതിർത്തു പ്രവർത്തിച്ചയാൾ. അടക്കം എങ്ങനെ ലളിതവും മനോഹരവുമാക്കാൻ പറ്റും എന്നായിരിക്കണം നമ്മുടെ ചിന്ത. അണ്ണാണ്ണനും ആന്റണി അച്ചാച്ചനും എന്നോടു ചോദിച്ചു: കാര്യം ശരി; പക്ഷേ അത് എങ്ങനെ നടത്തണം? ഒരുപാടു കാര്യങ്ങൾ പറഞ്ഞിരിക്കാൻ സമയമില്ല. ഞാൻ പറഞ്ഞു: ഒരു കൊമ്പിരിക്കാരെയും നാം പൈസ കൊടുത്തു കൊണ്ടുവരണ്ട. കുമ്പളത്തുള്ള കൊമ്പിരിയക്കാർ സ്വമനസ്സാലെ ഉടുപ്പിട്ടു(യൂണിഫോം) വന്നാൽ എതിർക്കണ്ട. ചെണ്ടയും വെള്ളിക്കുരിശും മഞ്ചവും വേണ്ട. ഏറ്റവും മുമ്പിൽ ബാന്റ്സെറ്റുകാർ വിവരം അറിയിക്കുന്നു. അല്പം സ്ഥലം വിട്ടിട്ടു വലിയ തടിക്കുരിശു പ്രകടമായി പിടിക്കുന്നു. തുടർന്ന് എല്ലാവരും രണ്ടു വരിയായിട്ടു നീങ്ങുന്നു, പാട്ടുകൾ ഉറക്കെ പാടിക്കൊണ്ട്. പാട്ടു പാടുന്നതു നയിക്കാൻ വരുന്ന അച്ചന്മാരെയും കന്യാസ്ത്രീകളെയും ഈ വരിയിൽ വിട്ടുവിട്ടു നിർത്താം. അപ്പാപ്പന്റെ ശരീരം നമുക്ക് എല്ലാവർക്കും നമ്മുടെ സ്വന്തം കൈകൊണ്ട് എടുത്തു കൊണ്ടു പോകാം ... കൂടുതൽ ചർച്ച നടന്നില്ല. ആന്റണിയച്ചാച്ചൻ ഇതു മതിയെന്നു പറഞ്ഞു ഒപ്പം അണ്ണാണ്ണനും. മച്ചാനും അതു സമ്മതിച്ചു.

മരണമറിഞ്ഞു ധാരാളം ജനം എത്തിയിരുന്നു. ഉച്ചയ്ക്കു മൂന്നുമണിക്കാണ് അടക്കം. അതിനു മുമ്പു വന്ന അച്ചന്മാർക്കു മുകളിൽ പറഞ്ഞ നിർദ്ദേശം നല്കിയിരുന്നു. അവർ അത് അക്ഷരംപ്രതി പാലിച്ചു. വലിയ മരക്കുരിശിന്റെ പിന്നിൽ രണ്ടു വരിയായി അണിനിരന്ന അപ്പാപ്പന്റെ ബന്ധുക്കളും സ്നേഹിതരും - നീണ്ട രണ്ടു വരി. ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നു വരുന്ന പാട്ടുകൾ - എല്ലാംകൊണ്ടും ഹൃദയസ്പർശിയായൊരനുഭവം. മാത്രമല്ല, ജോസഫച്ചാച്ചനും ഞാനും കൂടി നിന്നുകൊണ്ടുള്ള ആദ്യത്തെ സമൂഹബലി അതായിരുന്നു. ഞാനാണ് മുഖ്യകാർമ്മികനായി നിന്നു കുർബാന ചെയ്തത്. എന്റെ തൊട്ടു വലതുവശത്തു ജോസഫ് അച്ചാച്ചനും ഇടതുവശത്തു ചാർളി അച്ചനും, പിന്നെ ധാരാളം വൈദികരും. തിരുവനന്തപുരത്തു നിന്നു വന്ന ഞങ്ങളുടെ കുടുംബസുഹൃത്തു ഫാ. നിക്ലസാണ് കുർബാനയ്ക്കിടെ പ്രസംഗിച്ചത്. അപ്പാപ്പന്റെ വ്യതിരിക്തത എടുത്തുകാട്ടിയ, വ്യക്തിത്വത്തിന്റെ മനോഹാരിത തുറന്നുകാട്ടിയ ഒരു പ്രസംഗമായിരുന്നു അത്. അദ്ദേഹത്തിന്റെ നിലപാടിനോട് അനുയോജ്യമായ ഒരു അടക്കമാണു നാം നല്കിയതെന്നും അദ്ദേഹം പറഞ്ഞു. അമ്മാമ്മയും ഈ ചടങ്ങിലെല്ലാം പങ്കെടുത്തു. സിമിത്തേരിയിൽ എത്തിയപ്പോൾ ജോസഫ് അച്ചാച്ചനാണ് മുഖ്യപ്രാർത്ഥന നയിച്ചത്. അപ്പാപ്പനിലൂടെ ലഭിച്ച, വലുതും ചെറുതുമായ, സ്നേഹവും കരുതലും, വന്ന എല്ലാവരിലും തുളുമ്പിനിന്ന മനോഹര നിമിഷങ്ങളായിരുന്നു അവ.

**ഏലിയാസ് ജോസച്ചനും ഞാനും**

1971 പകുതിയോടെ എന്നെ ചാരുംമൂട് ഇടവകയുടെ അസിസ്റ്റന്റായി നിയോഗിച്ചു. ഫാ. ഏലിയാസ് ജോസ് ആയിരുന്നു വികാരിയച്ചൻ. എന്റെ വൈദികജീവിതത്തിലെ ഏറ്റം വലിയ അനുഗ്രഹങ്ങളിലൊന്നായി ഞാൻ കാണുന്നത് അദ്ദേഹത്തെ എന്റെ ആദ്യത്തെ ബോസായി കിട്ടിയതാണ്. പല യുവവൈദികരുടെയും ഭാവി സുഖകരമല്ലാതാക്കിയതിന്റെ മുഖ്യകാരണങ്ങളിൽ ഒന്ന് അവരുടെ ആദ്യവർഷങ്ങളിൽ അവർക്കു കിട്ടിയ വികാരിയച്ചന്മാരുമായുള്ള തൃപ്തിയില്ലാത്ത, വെറുപ്പു ജനിപ്പിക്കുന്ന, തളർത്തുന്ന ബന്ധങ്ങളാണെന്നു കേട്ടിട്ടുണ്ട്; കുറച്ചൊക്കെ മറ്റുള്ളവരുടെ അനുഭവം പങ്കുവെയ്ക്കലിലൂടെ മനസ്സിലാക്കിയിട്ടുമുണ്ട്. പക്ഷേ ഏലിയാസ് ജോസച്ചനും ഞാനുമായിട്ടുള്ള ബന്ധം എല്ലാംകൊണ്ടും തീർത്തും വ്യത്യസ്തമായിരുന്നു. എന്നെ അദ്ദേഹത്തിന്റെ സ്വന്തം അനുജനെപ്പോലെയാണ് കണ്ടിരുന്നത്.

ചാരുംമൂടിന് അന്ന് മുഖ്യപള്ളിയായ ചാരുംമൂടും സെന്റ് ജോസഫ് കോൺവെന്റും ഹോമും ശ്രീയേശു ശിശുഭവനും കഴിഞ്ഞാൽ 6 സബ്സ്റ്റേഷനുകളും നൂറനാട് കുഷ്ഠരോഗാശുപത്രിയും അതിനോടനുബന്ധിച്ചുള്ള ഹോളിക്രോസ് കോൺവെന്റുമുണ്ട്. അച്ചനോടൊപ്പമായതോടെ പടനിലം സബ്സ്റ്റേഷനും നൂറനാട് കുഷ്ഠരോഗാശുപത്രിയും, അച്ചനാണു വികാരിയെങ്കിലും, നൂറു ശതമാനവും എന്റെ പൂർണ്ണ ഉത്തരവാദത്തത്തിൽ കാര്യങ്ങൾ നടത്താനുള്ള സ്വാതന്ത്ര്യം വിട്ടുതന്നു. ഇത് എന്നെ ഒരുപാടു വളരാൻ സഹായിച്ചു. മറ്റു പല സ്ഥലങ്ങളിലും ഓടിനടക്കാനും വീടു സന്ദർശനം നടത്താനും മറ്റു ശുശ്രൂഷകൾ നടത്താനും എപ്പോഴും ഞാനുണ്ടായിരുന്നെങ്കിലും, തീരുമാനങ്ങൾ അച്ചൻ തന്നെ എടുക്കുമായിരുന്നു. നൂറനാട് സാനിറ്റോറിയത്തിലെ അന്തേവാസികളായ കുഷ്ഠരോഗികളെ നിരന്തരമായി ആളുകളെക്കൊണ്ടു സന്ദർശിപ്പിക്കുവാനും, പാട്ടു പഠിപ്പിക്കുവാനും മറ്റും സാധിച്ചു. അതുപോലെ പടനിലത്ത് എല്ലാ ആഴ്ചയിലും എല്ലാ വീടുകളും സന്ദർശിക്കാനും, വേദപാഠക്ലാസ്സു ക്രമമായി ചിട്ടപ്പെടുത്താനും, സഹകരണാടിസ്ഥാനത്തിൽ കൺസ്യൂമർ സ്റ്റോർ ആരംഭിക്കുവാനും, സ്ത്രീകൾക്കും മുതിർന്നവർക്കും യുവതീയുവാക്കൾക്കും പ്രത്യേകം പ്രത്യേകം ക്ലാസ്സെടുക്കുവാനും നിർജ്ജീവമായി കിടന്ന പാൽ സൊസൈറ്റി പുനഃരുജ്ജീവിപ്പിക്കാനും സാധിച്ചു. അച്ചൻ മരിച്ചശേഷം, ഫാ. ഏലിയാസ് ജോസ് ഭവനനിർമ്മാണപദ്ധതിക്കു രൂപംകൊടുക്കാനും പടനിലത്തിന് ഏലിയാസ് നഗർ എന്നു പേരു കൊടുക്കാനും എന്നെ പ്രേരിപ്പിച്ചത് അച്ചൻ എന്നിൽ അർപ്പിച്ച വിശ്വാസവും എനിക്കു നല്കിയ സ്വാതന്ത്ര്യവും കൈത്താങ്ങുമാണ്.

ഏലിയാസച്ചനു തന്റെ അസിസ്റ്റന്റ് അച്ചന്മാരെപ്പറ്റി വലിയ മതിപ്പായിരുന്നു.

അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ അസിസ്റ്റന്റ്മാരെല്ലാം വല്ലപ്പോഴു മൊക്കെ, പ്രത്യേകിച്ചു ഫീസ്റ്റ് ദിവസം, അച്ചന്റടുത്തു കൂടുമായിരുന്നു. തന്റെ അസിസ്റ്റന്റിനെപ്പറ്റി ആരെങ്കിലും എന്തെങ്കിലും കുറ്റപ്പെടുത്തിപ്പറഞ്ഞാൽ - അതു സത്യമാണെങ്കിൽ പോലും - അദ്ദേഹം ഇടപെടുമായിരുന്നു. _ അതി നുള്ള അദ്ദേഹത്തിന്റെ ന്യായീകരണം ഏതാണ്ടിങ്ങനെയാണ്: "He is my assistant. I'll take care of it; please leave him alone." ഇത് വല്ലാത്തൊരു ഉത്തേജനമാണ് ആ അസിസ്റ്റന്റച്ചനു നല്കുക; ഒപ്പം, അച്ചനോടു വലിയ സ്നേഹാദരവും.

മറ്റൊരു രസകരമായ കാര്യമുണ്ട്. ഏലിയാസച്ചനു പക്ഷികളെയൊക്കെ വെടിവയ്ക്കാൻ പറ്റുന്ന ഒരു തോക്കുണ്ട്. വല്ലപ്പോഴുമൊക്കെ തോക്കുമായി നടക്കും. പ്രാവിനെയും മറ്റുമൊക്കെ വെടിവച്ചിട്ടു കൊണ്ടുവരും. അങ്ങനെ കൊണ്ടുവരുന്നതോ എവിടെനിന്നെങ്കിലും സ്പെഷ്യൽ കൊണ്ടുവന്നാൽ അതോ, അസിസ്റ്റന്റച്ചനില്ലെങ്കിൽ അദ്ദേഹത്തിനായി കുറച്ചു മാറ്റിവച്ചിരിക്ക ണമെന്ന് അടുക്കളക്കാരനോടു 'സ്റ്റാന്റിംഗ് ഇൻസ്ട്രക്ഷൻ' ആണു കൊടു ത്തിരുന്നത്. മാത്രമല്ല, എല്ലാ മാസവും ആരംഭത്തിൽ ബിഷപ്സ് ഹൗസിൽ കാശിനായി പോയിട്ടു തിരിച്ചുവരുമ്പോൾ കൊല്ലത്തു മാർക്കറ്റിൽ നിന്നൊരു ഷോപ്പിംഗ് ഉണ്ട്. അസിസ്റ്റന്റച്ചന്റെ അഭിരുചി മനസ്സിലാക്കി, അദ്ദേഹത്തിന്റെ താല്പര്യത്തിനും അഭിരുചിക്കും അനുസരിച്ചുള്ള ആഹാരം വാങ്ങി ക്കൊണ്ടുവരിക ഒരു സ്ഥിരം നിയമം പോലെയായിരുന്നു. മറ്റുള്ളവരുടെ താല്പര്യം പറയാതെ മനസ്സിലാക്കി, അതനുസരിച്ചു പ്രവർത്തിക്കുക അച്ചന്റെ സവിശേഷതയായിരുന്നു.

ഇതിലും വിചിത്രമായൊരു രീതിയുണ്ട്. അസിസ്റ്റന്റച്ചന്മാരുടെ കൂട്ടുകാരെ സ്വീകരിക്കുന്നതും സൽക്കരിക്കുന്നതും അച്ചനാണ്. താല്പര്യപൂർവ്വമാണ് അവ രുടെ കൂട്ടുകാരെ സ്വന്തം വീട്ടിലേയ്ക്ക് എന്ന രീതിയിൽ വരവേറ്റിട്ട്, അവർക്ക് സ്വതന്ത്രമായി ചിരിക്കാനും കളിക്കാനും ബഹളമുണ്ടാക്കാനും അട്ടഹസിക്കാനും ഒക്കെയുള്ള അവസരം നല്കുക. ആ സമയത്ത് ആസ്വാദ്യകരമായ ആഹാരം ഒരുക്കുകയായിരിക്കും അച്ചൻ. നല്ല പ്രായമായിട്ടും ചെറുപ്പക്കാരോടൊപ്പം ചെറു പ്പമാകുന്ന, നല്ല സുഹൃത്ബന്ധത്തെ ശരിക്കും പ്രോത്സാഹിപ്പിക്കുന്ന ഏലിയാ സച്ചൻ ഞങ്ങൾക്കു ഹരമായിരുന്നു.

അച്ചനോട് ഒരിക്കൽ ഞാൻ ദേഷ്യപ്പെട്ട കഥ കൂടി പറയേണ്ടതുണ്ട്. 45-50 കുട്ടികളുള്ള ശിശുഭവനിന്റെ കണക്കുവെയ്ക്കലും മറ്റും എന്റെ ചുമതലയി ലാണ് നടക്കുക. ഒരു ദിവസം എന്തോ അത്യാവശ്യത്തിനു കുറച്ചു ചില്ലറ രൂപാ വേണം. എന്റെ കൈവശം 100 ന്റെ നോട്ടേയുള്ളു. അച്ചന്റെ മുറിയിലേയ്ക്കു കടന്നുചെന്നു. അച്ചന്റെ അലമാര തുറന്നു കിടപ്പുണ്ട്. അവിടെ ഒരു രൂപ യുടെ 100 ന്റെ ഒരു പുത്തൻ കെട്ടും രണ്ടു രൂപയുടെ നൂറിന്റെ മറ്റൊരു

പുത്തൻ കെട്ടും എനിക്കു കാണത്തക്ക രീതിയിൽ തന്നെ അലമാരിയിൽ ഇരിപ്പുണ്ട്. 100 രൂപയുടെ നോട്ടു നീട്ടിയിട്ട് എനിക്കു ചില്ലറ വേണമെന്നു ഞാൻ ആവശ്യപ്പെട്ടു. അച്ചന്റെ മറുപടി 'ചില്ലറയില്ല.' എനിക്കു ദേഷ്യം വന്നിട്ട് കൈ ചൂണ്ടി, എടുത്തപടിയേ ചോദിച്ചു, 'പിന്നെ ഈ ഇരിക്കുന്നതോ?' അപ്പോൾ അദ്ദേഹം ശാന്തമായി പറഞ്ഞത് ഇങ്ങനെയാണ്: 'അലോഷ്യസ്, അത് തനിക്കുള്ളതല്ല. ഇവിടെ ധാരാളം ഭിക്ഷക്കാർ വരുന്നുണ്ടല്ലോ. എല്ലാവരുടെയും ആവശ്യത്തിനു കൊടുത്തു തൃപ്തിപ്പെടുത്താൻ നമുക്കു സാധ്യമല്ല. ആ പാവപ്പെട്ടവർക്ക് ഒരിക്കലും ഒരു പുത്തൻ നോട്ട് തൊടാനുള്ള ഭാഗ്യം ലഭിക്കുകയില്ല. നാം ഒരു രൂപയുടെയോ രണ്ടു രൂപയുടെയോ ഒരു പുത്തൻ നോട്ടു കൊടുത്താൽ, അവരുടെ സന്തോഷം 100 രൂപയോ 200 രൂപയോ കിട്ടിയതു പോലെ ആയിരിക്കും. അവരുടെ സന്തോഷം ഇരട്ടിപ്പിക്കാനുള്ള അവരുടെ സമ്പത്താണിത്. അത് അലോഷ്യസിനുള്ളതല്ല.' എന്നെ വല്ലാതെ പിടിച്ചുകുലുക്കിയ മറുപടിയാണിത്. അപരന്റെ സന്തോഷം, ആനന്ദം വർദ്ധിപ്പിക്കാൻ, അപരന്റെ മാനസിക അവസ്ഥയിൽ നിന്നു ചിന്തിച്ചു പ്രവർത്തിക്കുന്ന എത്ര ഉദാത്തമായ പ്രവർത്തനശൈലി. എന്റെ ജീവിതത്തെ ഒന്നു മാറി ചിന്തിക്കാൻ, എന്റെ പ്രവർത്തനശൈലിയെ ഒന്നു പുനഃപരിശോധിക്കാൻ അച്ചന്റെ ആ ഇടപെടൽ സഹായകമായി.

ഏലിയാസച്ചനിലെ 'അമ്മത്തം' കണ്ടറിഞ്ഞ മറ്റൊരു സംഭവം. ശ്രീയേശു ശിശുഭവൻ പാവപ്പെട്ട ആൺകുട്ടികളെ (ഒന്നാംതരം മുതൽ നാലാംതരം വരെ) വളർത്തുന്ന സ്ഥലമാണ്. 45-50 കുട്ടികളുണ്ട്. ഒരു ദിവസം വൈകിട്ട് കളിക്കുമ്പോൾ പലപ്പോഴും അവിടെ വരാറുള്ള അയലത്തെ ഒരു പട്ടിയെ ഇവർ എല്ലാവരും കൂടെ ഒരു തെങ്ങിൻ ചുവട്ടിൽ വളഞ്ഞുവച്ചു. പട്ടിക്കു കലികയറി ഒരു കുട്ടിയെ കടിച്ചിട്ട് ഇവരുടെ വലയം പൊട്ടിച്ചോടിപ്പോയി. പേപ്പട്ടിയാണെന്ന ഒരു സംശയവും ആർക്കുമില്ല. ആയിടെയാണ് ഇൻഫ്ളുവൻസാ പരക്കെ പിടിപെട്ട കാലം. ഞങ്ങളുടെ കുട്ടികൾക്കെല്ലാം ഇൻഫ്ളുവൻസാ (ഫ്ളൂ) കലശലായി പിടിച്ചു. 102 - 103 ഡിഗ്രി പനിയായി. എല്ലാവരും കിടപ്പിലായി. ഒരു ദിവസം (അന്നു ഏലിയാസച്ചൻ കൊല്ലത്തു പോയിരിക്കുകയാണ്) ഇവരെ പല്ലു തേപ്പിച്ചു കാപ്പികുടിക്കാൻ ഒരുക്കാനായി വെള്ളമെടുത്തു കൊടുത്തപ്പോൾ, പട്ടി കടിച്ച ഈ കുട്ടി ഞെട്ടി. ഉടൻ ജോണും ഞാനും ഈ കുട്ടിയെ ആനയടിയിലെ പേരുകേട്ട പേപ്പട്ടിവിഷവൈദ്യന്റെയടുത്തു കൊണ്ടുപോയി. അദ്ദേഹം അല്പം വെള്ളമെടുത്തു വിരൽകൊണ്ടു കുട്ടിയുടെ മുഖത്തേയ്ക്ക് ഒന്നു തെറിപ്പിച്ചു. കുട്ടി പരിഭ്രാന്തനായി ഞെട്ടി. അദ്ദേഹം പറഞ്ഞു രക്ഷയില്ല. ഞങ്ങൾ ഉടൻ കാർ കൊല്ലം ഗവണ്മെന്റ് ആശുപത്രിയിലേയ്ക്കു വിട്ടു. വിവരം അച്ചനെ അറിയിക്കുകയും ചെയ്തു. അച്ചനും ആശുപത്രിയിലെത്തി. അവിടത്തെ ഡോക്ടറും വിധിയെഴുതി. ഐസലേഷൻ റൂമിലേയ്ക്കു മാറ്റി. അച്ചൻ

അവിടെ കാത്തു നിന്നു. കോട്ടപ്പുറത്ത് ഇടവകയിലുള്ള പാവപ്പെട്ട ഒരു വീട്ടിലെ കുട്ടിയായിരുന്നു അവൻ. ജോണും ഞാനും കോട്ടപ്പുറത്ത് കുട്ടിയുടെ വീട്ടിൽ പോയി കാര്യം പറഞ്ഞു മനസ്സിലാക്കി അവരെ കൂട്ടി ആശുപത്രിയിലെത്തി. അപ്പോഴേക്കും കുട്ടി മരിച്ചിരുന്നു. 'എന്റെ മോൻ' എന്നു പറഞ്ഞുകൊണ്ടുള്ള അച്ചന്റെ നിലവിളി കണ്ടിട്ടു കുട്ടിയുടെ സ്വന്തം മാതാപിതാക്കൾ അച്ചനെ ആശ്വസിപ്പിക്കുകയായിരുന്നു. കുട്ടിയെ കോട്ടപ്പുറത്തു കൊണ്ടുപോയി അടക്കി. ആ കർമ്മത്തിൽ അച്ചനു പങ്കെടുക്കാനുള്ള ശക്തിയില്ല എന്നു പറഞ്ഞു ജോണും അച്ചനും തിരിച്ചു ചാരുംമൂട്ടിലേയ്ക്കു പോയി. ഞാൻ ശുശ്രൂഷയിൽ പങ്കെടുത്തിട്ടു തിരിച്ചു ചാരുംമൂട്ടിലെത്തിയപ്പോൾ, ഏലിയാസച്ചൻ കിടക്കുകയാണ്. സാവകാശം ഉരുവിടുന്നുണ്ട്, 'എന്റെ മോൻ ....' രണ്ടാഴ്ചയെടുത്തു അച്ചനു കിടക്കയിൽ നിന്നൊന്നു എഴുന്നേല്ക്കാൻ. എഴുന്നേല്ക്കാൻ ശ്രമിക്കുമ്പോഴേ 'എന്റെ മകന്റെ ജീവൻ .... എന്റെ മോൻ ....' എന്നൊക്കെ ഉരുവിടാൻ ശ്രമിക്കുമ്പോഴേ തളർന്നുപോകുമായിരുന്നു. അച്ചന്റെ ഈ അനുഭവം ജനത്തെ, പ്രത്യേകിച്ചു പാവപ്പെട്ടവരെ, കണക്കു പറയാതെ സ്നേഹിക്കാൻ എനിക്കെന്നും ശക്തിയും പ്രചോദനവുമായിരുന്നു.

അച്ചന് അസുഖം കൂടി മദ്രാസിലെ വെല്ലൂർ ആശുപത്രിയിൽ കൊണ്ടുപോയി. ഓപ്പറേഷൻ വിജയിച്ചില്ല. അസുഖം കൂടുതൽ എന്നറിഞ്ഞു ഞാൻ പോയി. മരണത്തെ സ്വച്ഛന്ദമായി നേരിടുന്ന സമയം. ഡോക്ടർ രക്തം ആവശ്യപ്പെട്ടു. എന്റെ ഗ്രൂപ്പു തന്നെ അച്ചന്റേതും. ഉടൻ ഞാൻ രക്തം കൊടുത്തു. രക്തം കുത്തിവയ്ക്കുന്ന ഡോക്ടർ എത്തിയപ്പോഴേയ്ക്കും അച്ചൻ മരിച്ചുകഴിഞ്ഞു; ശാന്തനായി, പുഞ്ചിരിയോടെ. 30. 01. 1973. വെല്ലൂരിൽ നിന്നും ഞാൻ ഫോൺ ചെയ്തു. ചാരുംമൂട്ടിലെ കോൺവെന്റിലെ മദർ കൊറോണാ അരമനയിൽ പോയി അധികാരിയെ കണ്ടു സംസാരിച്ചു. ഞാൻ നേരിട്ടു ബിഷപ്പിനെ വിളിച്ചുപറഞ്ഞു. സാധാരണ അച്ചന്മാരുടെ ശവസംസ്കാരം രൂപതയുടെ കത്തീഡ്രൽ ഇടവകയിലാണ് നടക്കുക. വീട്ടുകാർ നിർബന്ധിച്ചാൽ അവരുടെ സ്വന്തം ഇടവകയിൽ അടക്കാനുള്ള അനുവാദം കിട്ടും. ഇടവക ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്ന ഇടവകയിൽതന്നെ അടക്കിയ ചരിത്രമില്ല. ഞങ്ങളുടെ നിർബന്ധത്തിനു വഴങ്ങി, അവസാനം അനുവാദം നല്കി; ചാരുംമൂട് ഇടവകയിലെ തന്റെ മക്കളോടൊപ്പം ചാരുംമൂട്ടിൽ തന്നെ അടക്കാൻ. അങ്ങനെ അച്ചൻ അവിടെ വിശ്രമം കൊള്ളുന്നു; ഇന്നും എനിക്കു ജീവനും ഓജസും പകർന്നുകൊണ്ട്.

# 18

## ഓർമ്മയിലൊരു ജോൺ

ജോൺ 14 വയസ്സുള്ളപ്പോൾ വീടുവിട്ടിറങ്ങിയതാണ്. പുനലൂരിലെത്തി. അന്ന് ഏലിയാസച്ചൻ അവിടത്തെ വികാരിയാണ്. ജോൺ ജോലി തേടി അവിടെയെത്തി. അന്ന് അച്ചന്റെ കുശിനിക്കാരൻ അവധിക്കു വീട്ടിൽ പോയിരിക്കുകയാണ്. രണ്ടുമൂന്നു ദിവസത്തേയ്ക്ക് അച്ചനെ സഹായിക്കാൻ അവിടെ നില്ക്കാൻ പറഞ്ഞു. മൂന്നു ദിവസം കഴിഞ്ഞ് അടുക്കളക്കാരൻ വന്നപ്പോൾ, അച്ചനു ജോണിനെ വെറുതെ പറഞ്ഞുവിടാൻ മനസ്സു വന്നില്ല; അച്ചന്റെ സഹായിയായി അച്ചൻ ജോണിനെ കൂടെ നിർത്തി. വർഷങ്ങൾ കടന്നുപോയി. കഠിനാദ്ധ്വാനിയായ ജോൺ അച്ചന്റെ കുശിനിക്കാരനും മറ്റു വിവിധ കാര്യങ്ങൾക്കു സഹായിയുമായി മാറി. അച്ചന്റെ ഉത്തരവാദിത്തത്തിൽത്തന്നെ വിവാഹം നടത്തിക്കൊടുത്തു.

വിവാഹം കഴിഞ്ഞപ്പോൾ അച്ചൻ പറഞ്ഞു: "ഇനി കുടുംബമായി; ഇപ്പോൾ രണ്ടുപേരുടെ കാര്യം, പിന്നെ കുഞ്ഞുങ്ങളും. കത്തോലിക്കാസഭയിലെ ഒരു വൈദികനുള്ള വരവുകൊണ്ട് ഒരു കുടുംബത്തെക്കൂടി പോറ്റാൻ പറ്റുമെന്നു തോന്നുന്നില്ല. മറ്റൊരു ജോലി നോക്കുകയാകും ഭേദം." അതിനു ജോണിന്റെ മറുപടി ഇങ്ങനെയായിരുന്നു: "എനിക്ക് ആരുമില്ലാഞ്ഞപ്പോൾ എനിക്കെല്ലാമായി വന്നത് അച്ചനാണ്. ഇനി അച്ചന്റെ മരണം വരെ അച്ചനെ വിട്ടുപിരിയുന്നില്ല. ശനിയാഴ്ച വൈകിട്ട് എന്നെ വീട്ടിൽ വിടുക. തിങ്കളാഴ്ച രാവിലെ തിരിച്ചെത്തിക്കോളാം. അതിനിടെ വീട്ടിൽ കുറച്ചു കൃഷിയും മറ്റും ചെയ്തു അല്പം സൈഡ് വരുമാനമുണ്ടാക്കിക്കോളാം; വീട്ടിലെ ആവശ്യത്തിനുള്ള പച്ചക്കറി മുതലായവ." അച്ചൻ അതു സമ്മതിച്ചു. കുറച്ചു വർഷങ്ങൾ കഴിഞ്ഞ് അച്ചനു ചാരുംമൂട്ടിലേയ്ക്കു സ്ഥലംമാറ്റമായി. വീണ്ടും അച്ചൻ പറഞ്ഞു: "ഇനി പ്രയാസമാകും. ചാരുംമൂടും ജോണിന്റെ പുനലൂരിലെ വീടും വളരെ ദൂരം. അതുകൊണ്ടു ജോൺ ജോണിന്റെ കാര്യം നോക്കുക. ഞാൻ മറ്റു രീതിയിൽ കാര്യങ്ങൾ കൈകാര്യം ചെയ്തുകൊള്ളാം." പക്ഷേ ജോൺ അച്ചന്റെ മരണം വരെ, അത് എത്ര പ്രയാസമാണെങ്കിലും, സന്തോഷത്തോടെ അച്ചനോടൊപ്പം ആയിരിക്കും എന്നു തറപ്പിച്ചു പറഞ്ഞു. അവർ ചാരുംമൂട്ടിലെത്തി. അവിടെ

നിന്നും പഴയതുപോലെതന്നെ ശനിയാഴ്ച വൈകിട്ടു പോകും തിങ്കളാഴ്ച രാവിലെ എത്തും.

ഇതിനിടെ ജോണിന്റെ സ്വന്തം കുടുംബത്തെപ്പറ്റി അന്വേഷിച്ചു. പഴകുളമാണ് സ്ഥലം. ചാരുംമൂടിനോട് ഒത്തിരി സമീപം. പുനലൂരുണ്ടായിരുന്ന വീടും സ്ഥലവും വിറ്റു പഴകുളത്ത് സ്ഥലവും ചെറിയൊരു വീടും ഉണ്ടാക്കി കുടുംബം പഴകുളത്തേയ്ക്കു മാറി. അച്ചന്റെ കാര്യങ്ങൾ, ചാരുംമൂട്ടിലെ പള്ളിപ്പറമ്പിലെ കാര്യങ്ങൾ, ശ്രീയേശു ശിശുഭവനിലെ കുട്ടികളുടെ കാര്യങ്ങൾ, അടുക്കളയുടെ കാര്യങ്ങൾ - എല്ലാം നോക്കി നീങ്ങുമ്പോഴാണ് ഞാൻ അസിസ്റ്റന്റ് വികാരിയായി ചാരുംമൂട്ടിലെത്തുന്നത്. ജോണിന്റെ പ്രവർത്തശൈലി എനിക്കും നന്നേ ഇഷ്ടപ്പെട്ടു. ഞങ്ങൾ സുഹൃത്തുക്കളായി.

1972 ൽ അച്ചൻ മരിക്കുന്നു. ഇടവകയുടെ ചാർജ്ജ് എനിക്കായി. ഉടൻ മറ്റൊരു വല്യച്ചനെ (വികാരിയെ) വിടാൻ ബിഷപ്പിനു പറ്റിയില്ല. 6 മാസം ഞാൻ ഒറ്റയ്ക്കായിരുന്നു. ഏലിയാസച്ചൻ മരിച്ചതോടെ ജോൺ സ്വന്തം വീട്ടിലേക്കു തിരികെ പോകാൻ തയ്യാറായി. ഞങ്ങളുടെ ചർച്ചയുടെ വെളിച്ചത്തിൽ വികാരിയച്ചൻ വരുന്നിടം വരെ എന്നോടൊപ്പം പഴയ ജോലികളൊക്കെ ചെയ്തു നില്ക്കാമെന്നായി. ഞങ്ങൾ സന്തോഷത്തോടെ ഒത്തുകഴിഞ്ഞു.

ജോണിന്റെ ഒരു പ്രത്യേകത കണ്ടത് ഇതാണ്. ശമ്പളം കൊണ്ടു ജീവിക്കും, എത്ര ബുദ്ധിമുട്ടിയാലും. പറ്റുമെങ്കിൽ അല്പം മിച്ചം വയ്ക്കുകയും ചെയ്യും. ഏതെങ്കിലും പ്രത്യേക സന്ദർഭത്തിൽ ആരെങ്കിലും എന്തെങ്കിലും കൊടുത്താൽ, അതിന്റെ കൂടെ ശമ്പളത്തിൽ നിന്നു അല്പം പിടിച്ചു അതിനോടുകൂടി സ്വരൂപിച്ചു പ്രത്യേകമായി എന്തെങ്കിലും വീട്ടിൽ വാങ്ങിക്കും. ഞാൻ നല്ലതുപോലെ ഓർക്കുന്ന ഒരു സംഭവമുണ്ട്. 1971 ൽ ഞാൻ ചാരുംമൂട്ടിൽ വന്നു. ജൂലൈയിലാണ് ഏലിയാസ് അച്ചന്റെ ഫീസ്റ്റ്. ധാരാളം അച്ചന്മാരും മറ്റും വന്നിട്ടുണ്ട്. ജോണും സംഘവും നല്ലതുപോലെ പണിപ്പെട്ടിട്ടാണ് കാര്യങ്ങളൊക്കെ മംഗളമാക്കിയത്. എല്ലാം കഴിഞ്ഞപ്പോൾ ഞാൻ അൻപതു രൂപ ജോണിനു കൊടുത്തു. ജോൺ 20 രൂപാകൂടെ ഇട്ട് ഒരു ആട്ടിൻകുട്ടിയെ വാങ്ങി. അടുത്തവർഷം അച്ചന്റെ ഫീസ്റ്റിനു ജോണിന് ഒരു തള്ളയാടും മൂന്നു വളർന്ന ആട്ടിൻകുട്ടികളുമുണ്ടായിരുന്നു. അന്നാണ് ജോൺ എന്റടുത്ത് ഈ വിവരം പറഞ്ഞത്. ഈ രീതിയിലാണ് വീട്ടിലുള്ള സകല വീട്ടുസാധനങ്ങളും ഉണ്ടാക്കിയത് എന്നു ജോൺ വിശദീകരിച്ചു. എനിക്കഭിമാനം തോന്നി. കിട്ടുന്നതു നഷ്ടപ്പെടുത്തുന്നില്ലല്ലോ എന്ന ചാരിതാർത്ഥ്യവും.

അടുത്ത വികാരി ഫാ. ജെറോം ഡി' സിൽവ ചാർജ്ജെടുത്തു. ഇതിനിടെ ജോണും ഞാനും ഹൃദയംകൊണ്ട് ഏറെ അടുത്തുകഴിഞ്ഞിരുന്നു. ഞാൻ ചാരുംമൂട്ടിലുള്ളിടത്തോളം കാലം അവിടെ നില്ക്കാമെന്നായി ജോൺ. ജെറോമച്ചനും ജോണിനെ നന്നേ ഇഷ്ടപ്പെട്ടു. 1974 ൽ എനിക്കു വികാരിയായി

ഇലവുംതിട്ട-ആറന്മുളയ്ക്കു സ്ഥലംമാറ്റം കിട്ടി. ജോണി ഇനി ചാരുംമൂട്ടിൽ തുടരുന്നില്ല, വീട്ടിൽ പോകുന്നു എന്ന കാര്യം വ്യക്തമാക്കി. സാധാരണ ഒരു കത്തോലിക്കാ വികാരിയച്ചനുണ്ടാകുന്ന പ്രശ്നങ്ങളെപ്പറ്റി ഞങ്ങൾ ചർച്ച ചെയ്തു. അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ മുഖ്യം നല്ലൊരു വിശ്വസ്തനായ സഹായിയെ കിട്ടാത്തതാണെന്നു ജോണിന് എന്നേക്കാളും അറിയാമെന്നു ജോൺ പറഞ്ഞു. എന്നാൽ എന്റെ കാര്യത്തിൽ ജോൺതന്നെ ഈ പ്രശ്നത്തിനു പരിഹാരം കാണണം എന്നായി ഞാൻ. അവസാനം ജോൺ എന്നോടൊപ്പം ഇലവുംതിട്ടയ്ക്കു വന്നു. അവിടെ വർഷങ്ങൾ ഞങ്ങൾ ഒത്തു താമസിച്ചു. കിളയ്ക്കാതെ വരണ്ടുകിടന്നിരുന്ന പള്ളിവസ്തുക്കളൊക്കെ കിളച്ചു ഫലഭൂയിഷ്ഠമായ, തങ്കം വിളയുന്ന സ്ഥലങ്ങളായി മാറ്റി. എനിക്ക് എന്നും ഒരു നല്ല കൂട്ടും; എല്ലാവർക്കും ജോൺചേട്ടനും.

**ആരാധനയിൽ സജീവ പങ്കാളിത്തം**

രണ്ടാം വത്തിക്കാൻ സൂനഹദോസ് നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്ന കാലം. ആരാധനാക്രമമൊക്കെ മാതൃഭാഷയിൽ ആക്കിക്കൊണ്ടിരിക്കുന്നു. മലയാളത്തിൽ ദൈവത്തെ വിളിക്കാനും പാടാനും സാധിക്കുന്നു. എന്തൊരനുഭവം! ചാരുംമൂട്ടിൽ മതപരിവർത്തനം ചെയ്ത പാവപ്പെട്ട ദലിത് ക്രൈസ്തവർക്കു പുറമേ സെന്റ് ജോസഫ് ഹോമിലെ അന്തേവാസികളും (കുട്ടികളും) ശ്രീയേശു ശിശുഭവനിലെ കുട്ടികളുമുണ്ട്. അവർതന്നെ ഏതാണ്ടു 150 പേരെങ്കിലും വരും. ആരാധനകളിൽ സജീവ പങ്കാളികളാകണമെന്നു പഠിപ്പിച്ചതിന്റെ വെളിച്ചത്തിൽ അവർ നല്ലതുപോലെ പാടും; പ്രാർത്ഥനകൾ സ്ഫുടമായി ചൊല്ലും. ശാസ്താംകോട്ടയിലെ എന്റെ ഒരു യുവസുഹൃത്തു വിൻസെന്റ് നല്ലതുപോലെ പാടുമായിരുന്നു. പുതിയ പാട്ടുകൾ ശേഖരിച്ചുകൊണ്ടുവന്ന് ഇവരെ പഠിപ്പിക്കുമായിരുന്നു. സെമിനാരിജീവിതം മുഴുവൻ പാടാൻ അറിഞ്ഞുകൂടാത്ത ഒരു വ്യക്തിയായിട്ടാണ് ഞാൻ വളർന്നുവന്നതെന്നു നേരത്തേ സൂചിപ്പിച്ചല്ലോ. ഈ കുട്ടികളും ജനങ്ങളും നല്ലതുപോലെ പാടി ആരാധനയിൽ പങ്കെടുക്കുമ്പോൾ, സജീവപങ്കാളിത്തത്തെപ്പറ്റി ക്ലാസ്സെടുത്ത ഞാൻ എങ്ങനെ പാടാതിരിക്കും. ഇവർ പാടുമ്പോൾ എനിക്കറിയാവുന്ന രീതിയിൽ കൂടെപ്പാടും. വിൻസന്റ് കുട്ടികളെ പാട്ടുപഠിപ്പിക്കുമ്പോൾ, കൂടെ വന്നിരുന്നു പഠിക്കാൻ ശ്രമിക്കും. ഇതെന്റെ രീതിയായി. ഫലമോ? ഇന്നു ഞാൻ അത്യാവശ്യത്തിനു പാട്ടുപാടും. സത്യത്തിൽ എന്നെ പാട്ടു പാടാൻ പഠിപ്പിച്ചതും പ്രചോദനം നല്കിയതും ചാരുംമൂട്ടിലെ ജനങ്ങളും രണ്ടു അനാഥാലയങ്ങളിലെ മിടുക്കരായ കുട്ടികളുമാണ്.

# 19

# രണ്ടു ശരികൾ ഏറ്റുമുട്ടുന്നു

**ബിഷപ് ജെറോമും ളോഹയും**

ചാരുംമൂട്ടിൽ രണ്ടു സ്ഥാപനത്തിലെ കുട്ടികളുടെ സജീവത കഴിഞ്ഞാൽ, ആരാധനാക്രമം ഇത്ര സജീവമാകാൻ കാരണം തീഷ്ണമായും തീവ്രമായും നടത്തിയ ഭവനസന്ദർശനമാണ്. ഓരോ സബ്സ്റ്റേഷനിലും സഹായിക്കാൻ ഓരോ കന്യാസ്ത്രീയെ ചുമതലപ്പെടുത്തിത്തന്നിട്ടുണ്ട്. അവരുമായി ഒത്തിരുന്നു പ്ലാനിട്ടു. അതിരാവിലെ മുതൽ വൈകിട്ടു വരെയുള്ള വീടുസന്ദർശനം. അവിടെ അവരുടെ നീറുന്ന പ്രശ്നങ്ങൾ പങ്കുവെയ്ക്കപ്പെടും. ചിലപ്പോൾ ചിലതിനു ചില പരിഹാര നിർദ്ദേശങ്ങളും. പരിഹാരമില്ലെങ്കിലും അവരുടെ ഹൃദയഭാരം സ്വസ്ഥമായിട്ടൊന്ന് ഇറക്കിവയ്ക്കാനുള്ള അവസരമായിരുന്നു അത്. ഇതു കഴിഞ്ഞു കുടുംബങ്ങൾ പള്ളിയിൽ കൃത്യമായി വരുന്നതും സജീവമായി ആരാധനയിൽ പങ്കാളികളാകുന്നതും ഞങ്ങൾ കണ്ടു. ഇവിടെ ഒരു കാര്യം വ്യക്തമാക്കട്ടെ. പൊതുവേ ഇവരുടെയടുത്തു പള്ളിയിൽ വരണമെന്നു പറയാറില്ല. പക്ഷേ അനുഭവം നേരേ തിരിച്ചായിരുന്നു.

ഈ വീടു സന്ദർശനം ളോഹ ഇട്ടുകൊണ്ടല്ലായിരുന്നു; സാധാരണ മനുഷ്യരുടെ ഡ്രസ്സിൽ ആയിരുന്നു. അതിന്റെ ഫലമായി എനിക്കു യാതൊരുവിധമായ ബഹുമാനക്കുറവോ അംഗീകാരമില്ലായ്മയോ അനുഭവപ്പെട്ടില്ല. മറിച്ച്, അവരുടെ ജീവിതവുമായി കൂടുതൽ താദാത്മ്യപ്പെട്ട് ഇടപെടാൻ പറ്റുമായിരുന്നു.

ളോഹ ഇടാതെയാണ് വീടുസന്ദർശനം നടത്തുക എന്നുള്ള പരാതി ബിഷപ്പിനു കിട്ടി. ഒരു ദിവസം അദ്ദേഹം എന്നെ വിളിപ്പിച്ചു. കാണാൻ ചെന്നപ്പോൾ കാനോൻ നിയമപുസ്തകവുമായിട്ടാണ് സംസാരിക്കാൻ അദ്ദേഹം വന്നിരിക്കുന്നത്. ക്ലെറിക്കൽ ഡ്രസ്സിനെപ്പറ്റിയുള്ള ധാരണകളും കാനോൻ നിയമവും തിരുമേനി വിശദീകരിച്ചു. ഇവയൊക്കെ അറിയാമെന്നു ഞാൻ സമ്മതിച്ചു. തിരുമേനിക്കു ദേഷ്യമായി. അപ്പോൾ അറിഞ്ഞിട്ടു നിയമം അനുസരിക്കുന്നില്ല എന്നായി ആരോപണം.

ഞാൻ എന്റെ വശം ഏതാണ്ടിങ്ങനെ പറഞ്ഞു: "തിരുമേനി പറയുന്നതു

ശരി. നിയമം അങ്ങനെ തന്നെ. പക്ഷേ ഞാൻ പ്രവർത്തിക്കുന്ന ഇടവകയിലെ ജനം സമൂഹത്തിൽ ഏറ്റം തഴയപ്പെട്ട ദലിത്ക്രൈസ്തവരാണ്. അവർക്ക് വീടില്ല, വസ്ത്രമില്ല, വിദ്യാഭ്യാസമില്ല, വരുമാനമില്ല, ജോലിയില്ല, എല്ലാവരാലും തഴയപ്പെട്ടവർ. അവരുടെ കുടിലിലേയ്ക്ക് അച്ചനായ ഞാൻ ളോഹയിൽ ചെന്നാൽ ആ വീട്ടിൽ കയറാൻ പോലും അവർ അനുവദിക്കുകയില്ല. അവർക്ക് എന്നെ ഇരുത്താൻ കസേരയില്ലാത്തതുകൊണ്ട് അടുത്ത വീട്ടിലെ വല്യച്ചായന്റെ കസേര കടമെടുത്തു കൊണ്ടുവന്ന് ഈ കുടിലിന്റെ മുറ്റത്തിടും. അവിടെ ഞാനിരിക്കണം. അവരുടെ ഹൃദയവ്യഥ പങ്കുവെയ്ക്കപ്പെടുകയില്ല. എന്തെങ്കിലും പറയും. അല്പം കഴിയുമ്പോഴേയ്ക്കും ഈ വലിയവന്റെ വീട്ടിൽ നിന്നും പാലോ കരിക്കിൻ വെള്ളമോ എനിക്കെത്തും. അതു കഴിച്ചു പ്രാർത്ഥിച്ചിട്ടു ഞാൻ തൃപ്തിയോടെ പോകും. അവർക്ക് ഒരു ഗുണവുമുണ്ടാവുകയില്ല. മറിച്ച്, ഞാൻ സാധാരണ ഡ്രസ്സിൽ ഇവരുടെ കുടിലുകളിൽ എത്തിയാൽ, സ്വസ്ഥമായി അവരുടെ വീട്ടിൽ എനിക്കു കയറാം. അവർക്കൊപ്പം അവരുടെ പായിൽ ഇരിക്കാം. അവരുടെ അഴുക്കു ചട്ടിയിൽ നിന്നും അല്പം വെള്ളം കുടിക്കാം. കുശലങ്ങൾ പറയാം. വേദനയും ഉൽക്കണ്ഠകളും പ്രശ്നങ്ങളും പങ്കുവെയ്ക്കാം, സ്നേഹവായ്പോടെയും ആത്മാർത്ഥമായും അവരുടെ ജീവൽപ്രശ്നങ്ങളെയൂന്നി പ്രാർത്ഥിക്കാം. അത് അവരിൽ ഉണർവിന്റെയും പരിവർത്തനത്തിന്റെയും അവസരമായി മാറും." എന്റെ ഈ വാക്കുകളോടു തിരുമേനിക്കു ഭയങ്കര ദേഷ്യം വന്നു. വളരെ ചൂടായിട്ട് ഇതാണു കാനോൻ നിയമമെന്നു പറഞ്ഞ് നിയമപുസ്തകം തുറന്നു ക്ലെറിക്കൽ ഡ്രസ്സിനെപ്പറ്റിയുള്ള ഭാഗം വായിച്ചു. വീണ്ടും നല്ല കോപത്തോടെ ഇതനുസരിക്കണം എന്നു പറഞ്ഞു. മീശയെല്ലാം നിവർന്നുനിന്ന തിരുമേനിയുടെ ജ്വലിക്കുന്ന കോപം കണ്ടു ഞാൻ പറഞ്ഞു, 'അങ്ങു തിരുമേനി. ഞാൻ വെറുമൊരു അച്ചൻ. അങ്ങ് ഇങ്ങനെ ദേഷ്യപ്പെട്ടാൽ എനിക്കൊന്നും പറയാനില്ല.' തിരുമേനി എന്നെ ഒന്നു സൂക്ഷിച്ചു നോക്കി അല്പനേരം നിശ്ചലനായി ഇരുന്നു. തുടർന്നു വളരെ ശാന്തമായി വീണ്ടും കാനോൻ നിയമപ്രകാരം അച്ചൻ ളോഹ ധരിക്കണമെന്ന് ആവർത്തിച്ചു. അതിന് എന്റെ മറുപടി: "കാനോൻ നിയമപ്രകാരം ഭരണപരമായ കാഴ്ചപ്പാടിലൂടെ അങ്ങു പറയുന്നതു ശരി. പക്ഷേ സാബത്ത് മനുഷ്യനു വേണ്ടിയാണ്; മനുഷ്യൻ സാബത്തിനു വേണ്ടിയല്ല എന്നല്ലേ യേശു പഠിപ്പിച്ചത് ? അജപാലന കാഴ്ചപ്പാടിലൂടെ ളോഹ ഇടാതെ സാധാരണ ഡ്രസ് ധരിച്ചു ജനതയുമായി ഇടപഴകുന്നതായിരിക്കും ഗുണകരം." ഞങ്ങൾ രണ്ടുപേരും സ്വന്തം നിലപാടുകൾ സ്ഥാപിക്കാൻ ആവർത്തിച്ചു ശ്രമിച്ചു. ഒരു മണിക്കൂറിലേറെ സമയമെടുത്തു. അവസാനം തിരുമേനി പറഞ്ഞു: 'You are a disobedient son of the Church.' അതിന് എന്റെ ഉടനെയുള്ള പ്രതികരണം 'Still I am a son of the Church - know ?' തിരുമേനി പൊട്ടിച്ചിരിച്ചു; ഞാനും. ഞങ്ങൾ

സ്വസ്ഥമായി പിരിഞ്ഞു. പിന്നീട് ഒരിക്കലും ളോഹ ഇടുന്നതിനെപ്പറ്റി സംസാരിച്ചിട്ടില്ല. തിരുമേനിയെപ്പറ്റി ഓർക്കുമ്പോൾ ഇന്നും ബഹുമാനമാണ് മനസ്സിൽ വരിക.

**കൊറോണാമ്മച്ചി എന്റെ വൈദികജീവിതത്തിൽ**

ചാരുംമൂട്ടിൽ അസിസ്റ്റന്റായി വന്നപ്പോൾ, സെന്റ് ജോസഫ് കോൺവെന്റിന്റെ സുപ്പീരിയർ സിസ്റ്റർ കൊറോണാ ആയിരുന്നു. സെന്റ് ജോസഫ് ഹോമിലെ കുഞ്ഞുങ്ങളുടെ അമ്മച്ചി സിസ്റ്റർ അൻഡ്ര്യായുമായിരുന്നു. രണ്ടുപേരും സ്നേഹസമ്പന്നരായിരുന്നു. കുഞ്ഞുങ്ങളെ വലിയ സമ്പത്തായി കണ്ട് ശരിക്കും സൂക്ഷിച്ചു പരിപാലിച്ചു വളർത്തി. കൂടെയുള്ള മറ്റു സിസ്റ്റേഴ്സിനു വളരാനുള്ള സ്വാതന്ത്ര്യവും അവസരങ്ങളും സദാ കൊടുത്തുകൊണ്ടിരുന്നു. ഏലിയാസച്ചനോടൊപ്പം എനിക്ക് എല്ലാ കാര്യങ്ങളെപ്പറ്റിയും ഗൗരവമായി ചർച്ച ചെയ്തു പക്വമായൊരു പ്രതികരണം നല്കാൻ കൊറോണാമ്മച്ചിക്കു സാധിച്ചിരുന്നു. അങ്ങനെ ഇവർ രണ്ടുപേരും എന്റെ വളർച്ചയിൽ നല്ല പങ്കുവഹിച്ചു. സെന്റ് ജോസഫ് ഹോമിലെ കുഞ്ഞുങ്ങൾ ഞങ്ങളുടെ കുഞ്ഞുങ്ങളായും ശ്രീയേശു ഭവനിലെ കുട്ടികൾ അവരുടെ കുട്ടികളായും കണ്ടു സഹകരിച്ചുപോയ പഴയ നാളുകൾ ഇന്നും ഹൃദയത്തിൽ പച്ച പിടിച്ചു നില്ക്കുന്നു.

എന്തും എപ്പോഴും തുറന്നു സംസാരിക്കുന്നത് നൂറുശതമാനവും സ്വാഗതം ചെയ്യുമായിരുന്നു കൊറോണാമ്മച്ചി. ആരെങ്കിലും ഒരു പ്രശ്നത്തിലായി വലയുന്നു. ഇക്കാര്യം അവർ വന്ന് അതേ രീതിയിൽ, വളവും തിരിവും കൂട്ടലും കുറയ്ക്കലും ഇല്ലാതെ, കൊറോണാമ്മച്ചിയുടെ പക്കൽ തുറന്നു പറഞ്ഞാൽ, ആ വ്യക്തിക്കു തീർച്ചയായും ആശ്വാസം കിട്ടും. കൊറോണാമ്മച്ചി ആ പ്രശ്നം സ്വന്തം പ്രശ്നം പോലെ ഏറ്റെടുത്ത് എന്തു ത്യാഗവും നഷ്ടവും സഹിച്ചും, അതിന് ഒരു പോംവഴി കണ്ടെത്തും. അതേ സമയം മുഴുവൻ പങ്കുവെയ്ക്കാതെ, കുറച്ചൊക്കെ പറയുകയും കുറച്ചൊക്കെ ഒളിച്ചുവയക്കുകയും ചെയ്യുന്നവരെ കൊറോണാമ്മച്ചി വേഗം മനസ്സിലാക്കുകയും അവരെ അവരുടെ വഴിക്കു വിടുകയും ചെയ്യും. ഈ തുറന്ന പെരുമാറ്റ ശൈലി ഞങ്ങളെ അറിയാതെ അടുപ്പിച്ചു.

1971-72 ൽ കേരള ക്രൈസ്തവസഭയിൽ തിരുവനന്തപുരത്തു ബിഷപ് പീറ്റർ പെരേരയുടെ നേതൃത്വത്തിൽ മത്സ്യമേഖലയിൽ ചെറിയൊരു പ്രവർത്തനമൊഴികെ യാതൊരുവിധമായ സാമൂഹ്യപ്രവർത്തനവും ഇല്ലായിരുന്നു. കൊറോണാമ്മച്ചിയും ഞാനും ഒത്തിരുന്നു ചാരുംമൂട് ഇടവകയുടെ കഴിഞ്ഞ ഒരു വർഷത്തെ വളർച്ച വിലയിരുത്തി. എല്ലാ സബ്സ്റ്റേഷനിലെ എല്ലാ വീടുകളും ചാരുംമൂട് സിസ്റ്റേഴ്സും ഞാനും കൂടി ഒത്തു സന്ദർശിച്ച് അവരുമായി

നല്ലൊരു ബന്ധം സ്ഥാപിച്ചു കഴിഞ്ഞു. പള്ളിയിൽ ഞായറാഴ്ച ശുശ്രൂഷയ്ക്കു നിറഞ്ഞ സാന്നിദ്ധ്യം. ആരാധനയിൽ സജീവ പങ്കാളിത്തം. പക്ഷേ അവരുടെ സാമ്പത്തിക നിലവാരം ശോചനീയം; വീട് ചെറ്റക്കുടിലും. ഈ അവസ്ഥയ്ക്ക് അറുതിയുണ്ടോ എന്ന ചിന്തയുടെ ഫലമായിട്ടാണു സോഷ്യൽ വർക്കിന്, പ്രത്യേകിച്ചു ഭവനനിർമ്മാണ പദ്ധതിക്കു രൂപം കൊടുത്തത്. ആയിടെ ആസ്ട്രിയയിൽ നിന്ന് അപ്പസ്തോലരാജ്ഞിയുടെ സഹോദരിമാരുടെ മദർ ജനറലായ മദർ മെർസിഡസ് ചാരുംമൂട്ടിൽ വന്നിരുന്നു. ഞങ്ങൾ മൂവരും ഒത്തിരുന്ന് ഇക്കാര്യം സംസാരിച്ചു. മദർ കുറച്ചു സാമ്പത്തികം തന്നു സഹായിക്കാമെന്നും വ്യക്തമായി പ്ലാനിടാനും ഞങ്ങളോടു പറഞ്ഞു. ഈ വിവരം ഏലിയാസച്ചനു വല്ലാത്ത ആവേശം പകർന്നു. സാമൂഹ്യപ്രവർത്തനങ്ങളിലേയ്ക്കു ഞങ്ങൾ പ്രവേശിച്ചു. ഈ സമയത്തു തന്നെയാണ് ഫാ. പി. സാംസൺ ശൂരനാട്ടും ഫാ. ജോസ് ജെ. കളീയ്ക്കൽ കൊഴുവല്ലൂരും ചില സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്കു രൂപംകൊടുത്തു പ്രാവർത്തികമാക്കിയത്. പിന്നെ സാംസണച്ചന്റെ നേതൃത്വത്തിൽ ക്വയിലോൺ സോഷ്യൽ സർവ്വീസ് സൊസൈറ്റി (QSSS) രൂപം കൊണ്ടു. പിന്നീടാണ് സാവകാശം കേരളത്തിൽ എല്ലാ രൂപതകളിലും ഇങ്ങനെ സോഷ്യൽ സർവ്വീസ് സൊസൈറ്റികൾ ഉണ്ടായത്. അങ്ങനെ കേരളസഭയുടെ ബൃഹത്തായ സാമൂഹ്യക്ഷേമപ്രവർത്തനങ്ങളുടെ മുന്നോടി കൊറോണാമ്മച്ചി ആയിരുന്നു.

ഞങ്ങളുടെ നിരന്തരമായ ചർച്ചകളും പ്ലാനിംഗും മറ്റും കണ്ടിട്ട് മറ്റു സിസ്റ്റേഴ്സ് കളിയാക്കുമായിരുന്നു. 'അമ്മയും മോനും കൂടി ഞങ്ങൾക്ക് എന്തോ കുനിഷ്ഠുണ്ടാക്കുകയാണ്. അവർ പ്ലാനിടും ഞങ്ങൾ കഷ്ടപ്പെട്ടു ചെയ്യേണ്ടിവരും.' ഇങ്ങനെ തമാശു പറയുമായിരുന്നെങ്കിലും, ഞങ്ങളിട്ട പദ്ധതികൾ പ്രാവർത്തികമാക്കാൻ അവർ കാട്ടിയ ആത്മാർത്ഥതയും ത്യാഗസന്നദ്ധതയും തന്റേടവും വളരെ വിലപ്പെട്ടതായിരുന്നു.

ചാരുംമൂട്ടിൽ നിന്നും ഇലവുംതിട്ടയിലേയ്ക്കു സ്ഥലം മാറിയിട്ടും കൊറോണാമ്മച്ചിയും സംഘവും എന്റെ പ്രവർത്തനങ്ങളോടു പലവിധത്തിലും സഹകരിച്ചുപോന്നു. എന്റെ ജീവിതം പല ഘട്ടങ്ങളിലൂടെ കടന്നു മുഖ്യധാരാ ശുശ്രൂഷയിലല്ലാത്ത അവസ്ഥയിൽ ഞാൻ കൊറോണാമ്മച്ചിയെ കാണാൻ പോയി. എന്റെ കാഴ്ചപ്പാടും നിലപാടും മറ്റും വിശദീകരിച്ചു; ഔദ്യോഗികസഭയുടെ ശൈലിയും. എല്ലാം കേട്ടിട്ടു കൊറോണാമ്മച്ചി പറഞ്ഞു: "നോക്കൂ (മുറ്റത്തെ ചെടികളിലേയ്ക്കു വിരൽ ചൂണ്ടിയിട്ട്) ആ രണ്ടു ചെടികൾ. രണ്ടും പച്ചയാണ്; പക്ഷേ വ്യത്യസ്തം. അതുപോലെയാണ് അലോഷ്യസച്ചന്റെയും ഔദ്യോഗിക സഭയുടെയും. രണ്ടും ശരിയാണ്, പക്ഷേ വ്യത്യസ്തം." ഈ ചർച്ചയായിരുന്നു ഞങ്ങളുടെ അവസാനത്തെ കൂടിക്കാഴ്ച. അവർ മരിച്ചു; അവരുടെ ചൈതന്യം എന്നിൽ ഇന്നും ജീവിക്കുന്നു.

# 20

## നിന്ദിതരുടെയും പീഡിതരുടെയും ക്രിസ്തു

### ഒരു കുടികിടപ്പു സമരം

കർത്താവായ ദൈവമാണ് ഇതരുൾചെയ്തിരിക്കുന്നത്: "അനീതിയുടെ ബന്ധനങ്ങൾക്ക് അയവു വരുത്തുക. നുകത്തിന്റെ കയറുകൾ അഴിക്കുക. മർദ്ദിതരെ സ്വതന്ത്രരാക്കുക. സർവ്വ നുകങ്ങളും ഒടിക്കുക. വിശക്കുന്നവനുമായി നിന്റെ അപ്പം പങ്കുവയ്ക്കുക. കിടപ്പാടമില്ലാത്ത ദരിദ്രനെ നിന്റെ വീട്ടിലേയ്ക്കു കൂട്ടിക്കൊണ്ടു വരുക. നഗ്നനെ ഉടുപ്പിക്കുക. അപ്പോൾ നിന്റെ വെളിച്ചം പ്രഭാതം പോലെ പൊട്ടിവിടരും."

(ഏശയ്യാ 58: 6-8)

ഭൂപരിഷ്കരണ ബില്ലിന്റെ ഭാഗമായി കേരളാ ഗവൺമെന്റ് കുടികിടപ്പവകാശനിയമം പാസാക്കിക്കഴിഞ്ഞു. കൊല്ലം രൂപതയുടെ ഭൂമിയിൽ പലയിടങ്ങളിലായി കുറച്ചേറെ കുടികിടപ്പുകാരുണ്ട്. അവർക്ക് അവകാശപ്പെട്ട ഭൂമി കിട്ടണം. ബിഷപ് ഒരു കാരണവശാലും കൊടുക്കുകയില്ല. അദ്ദേഹത്തിന്റെ ന്യായീകരണമിങ്ങനെ പോകുന്നു: "രൂപതയുടെ ഭൂമി അഡ്മിനിസ്ട്രേറ്ററായ എന്നെ ഏല്പിച്ചിരിക്കുകയാണ്. ഞാനായിട്ടു അതിനെ അന്യാധീനപ്പെടുത്തുകയില്ല. രൂപതയുടെ വസ്തുവിന്റെ ഫലം വർഷങ്ങളായി അനുഭവിച്ചവർക്കു നിർബന്ധമായും ഭൂമിയുടെ മേൽ അവകാശം വേണമെങ്കിൽ, അവർ കേസ് പറഞ്ഞു വാങ്ങിക്കോട്ടെ. അങ്ങനെ പല ഇടവകയിലെയും കുടികിടപ്പുകാർ കേസു കൊടുത്തുകഴിഞ്ഞു. പലർക്കും ഭൂമിയിന്മേലുള്ള കുടികിടപ്പവകാശം നിയമപരമായി കിട്ടിക്കഴിഞ്ഞു. ഫലമോ? ജനങ്ങൾക്കും രൂപതയ്ക്കും പണനഷ്ടം, ജനങ്ങൾക്ക് അച്ചന്മാരിൽ നിന്ന് അകൽച്ചയും സഭയോടു വെറുപ്പും.

വൈദികരിൽ പലർക്കും ബിഷപ്പിന്റെ നിലപാടിനോടു യോജിപ്പില്ല. പക്ഷേ അവർ അതു പൊതുവായി പറയുകയോ ബിഷപ്പിനെ ബോധിപ്പിക്കുകയോ ചെയ്തില്ല. ചാരുംമൂട്ടിലും അതിന്റെ സബ്സ്റ്റേഷനുകളിലും കുറച്ചു കുടികിടപ്പുകാരുണ്ട്. അവരും കേസിനു പോകാൻ പ്ലാനിടുന്ന സമയം. ആ സമയ

ത്താണ് രൂപതയുടെ വൈദികസദസ് ബിഷപ്പ് വിളിച്ചുകൂട്ടിയത്. അജണ്ടയായി വച്ചിരുന്നത് രൂപതയുടെ വിദ്യാഭ്യാസമേഖല, ഇടവക നവീകരണം എന്നിവയായിരുന്നു. ഇടവക നവീകരണത്തെപ്പറ്റിയുള്ള ചർച്ച വന്നപ്പോൾ ബൈബിൾ വായന, കുടുംബപ്രാർത്ഥന, കുടുംബത്തിൽ കൊന്തനമസ്കാരം തുടങ്ങിയവയാണു ചർച്ചയ്ക്കു വന്നത്. എനിക്ക് അഭിപ്രായം പറയാനുണ്ടു എന്നു കാണിച്ച് ഞാൻ കൈ ഉയർത്തി. ബിഷപ്പ് സംസാരിക്കാൻ അവസരം നല്കി. ഞാൻ സംസാരിച്ചതു രൂപതയുടെ കുടികിടപ്പുകാരുടെ പ്രശ്നമാണ്. ഇപ്പോൾ രൂപത (ബിഷപ്) എടുത്തിരിക്കുന്ന നയം എല്ലാംകൊണ്ടും തെറ്റാണ്. ജനത്തെ നമ്മിൽ നിന്നും സഭയിൽ നിന്നും അകറ്റുന്ന നയമാണ്. മാത്രമല്ല, തലമുറകളായി നമുക്കുവേണ്ടി ജോലിചെയ്ത പാവപ്പെട്ടവരാണവർ; അവർക്കെതിരെ ശക്തമായി രൂപത കേസു പറയുകയല്ല വേണ്ടത്. പ്രമാണച്ചെലവു പോലും രൂപത എടുത്ത് അവർക്ക് നിയമപരമായി അവകാശപ്പെട്ടതിനെക്കാൾ അല്പം കൂടുതൽ സെന്റ് ഭൂമി അവർക്ക് എഴുതിക്കൊടുക്കുകയായിരിക്കും യഥാർത്ഥ ക്രിസ്തീയത എന്നും മറ്റും വ്യക്തമായി സംസാരിച്ചു. ബിഷപ് നിയമത്തിന്റെ വശം മാത്രം പറഞ്ഞു സ്വയം നീതീകരിച്ചു. അതിനു വീണ്ടും ഞാൻ പറഞ്ഞു: "രൂപതയുടെ കാര്യത്തിൽ ബിഷപ്പിനു മാത്രമല്ല ഉത്തരവാദിത്തം. ഞങ്ങളുടേതുമാണു രൂപത. രൂപതയുടെ നല്ലഭാവിക്കു വേണ്ടിയാണ് കുടികിടപ്പവകാശം നമ്മുടെ സഹോദരർക്കു നല്കുക." എന്നോട് ഇരിക്കാൻ തിരുമേനി കല്പിച്ചു.

യോഗം കഴിഞ്ഞു. ഉച്ചഭക്ഷണവും കഴിഞ്ഞു. കൊല്ലം രൂപതയിലെ പ്രഗൽഭന്മാരിലൊരാളും വിപ്ലവകാരിയും ആദ്യകാല തൊഴിലാളി സംഘാടകനുമായ ഫാ. കസ്മീർ തോമസും മറ്റു പല സീനിയർ വൈദികരും ഞാൻ എന്തോ വലിയ കുറ്റം ചെയ്തതുപോലെ എന്നെ വഴക്കു പറഞ്ഞു: 'താൻ പറഞ്ഞതു ശരിയാണ്. പക്ഷേ നമ്മുടെ ബിഷപ്പിന്റെ അടുത്ത് ഇങ്ങനെ സംസാരിക്കാമോ? ഞങ്ങൾ പോലും ഇങ്ങനെ സംസാരിക്കില്ല.' ഇങ്ങനെ പോയി പ്രതികരണങ്ങൾ. ഇവരുടെ ഈ സംസാരം എന്നിൽ ഭീതി ഉളവാക്കി. ബിഷപ് എന്നെ ശിക്ഷിക്കുകയോ മറ്റോ ചെയ്യുമോ. അതുകഴിഞ്ഞു ശ്രീയേശു ശിശുഭവനത്തെപ്പറ്റി ഏലിയാസച്ചൻ പറഞ്ഞുവിട്ട കാര്യം സംസാരിക്കാൻ ബിഷപ്പിന്റെ സമയം അഭ്യർത്ഥിച്ചു. ഭയന്നാണ് ബിഷപ്പിന്റെ വരവ് പ്രതീക്ഷിച്ചിരുന്നത്. അദ്ദേഹം വന്നപ്പോൾ ഒന്നും സംഭവിക്കാത്ത രീതിയിൽ ശിശുഭവനത്തെപ്പറ്റിയുള്ള കാര്യം മാത്രം സംസാരിച്ചു. ഏലിയാസച്ചൻ കുറിച്ചു തന്നുവിട്ട പൈസാ പ്രൊക്യുറേറ്ററുടെ പക്കൽ നിന്നു വാങ്ങിക്കൊണ്ടുപോകാൻ ഒപ്പിട്ടു തന്നു. അവിടെയും അദ്ദേഹത്തിന്റെ വലിപ്പം ഞാൻ കാണുകയായിരുന്നു - അദ്ദേഹത്തിനു വ്യക്തമായ നിലപാടുണ്ടെങ്കിലും പ്രതിപക്ഷബഹുമാനമുള്ള വലിയവൻ. അതൊരു തുടക്കമായിരുന്നു. തുടർന്നു നടന്നിട്ടുള്ള രൂപതാ വൈദികസദസ്സുകളിൽ

വിഷയങ്ങളെപ്പറ്റി പലരും തുറന്നു സംസാരിക്കാൻ തുടങ്ങി; പലതും ചോദ്യം ചെയ്യപ്പെട്ടു; പലതും തുറന്ന ചർച്ചയ്ക്കു വിധേയമാക്കപ്പെട്ടു.

**നൂറനാട് കുഷ്ഠരോഗാശുപത്രി പഠിപ്പിച്ച പാഠം**

ഞായറാഴ്ച ഒഴിച്ചു ബാക്കി 6 ദിവസവും ഏലിയാസച്ചൻ ചാരുംമൂട്ടിലും ഞാൻ നൂറനാടു കുഷ്ഠരോഗാശുപത്രിയിലോ അവിടത്തെ മഠത്തിലോ ആയിരുന്നു കുർബ്ബാന നടത്തിയിരുന്നത്. സിസ്റ്റേഴ്സിനു കുർബാന ഇംഗ്ലീഷിലായിരുന്നു. മൂന്നു മിനിട്ടു നേരത്തെ പ്രസംഗം എല്ലാദിവസവും ഒരുങ്ങി എഴുതിക്കൊണ്ടുവരുമായിരുന്നു. ആ പതിവ് എല്ലാ ദിവസവും ബൈബിളും മറ്റു ദൈവശാസ്ത്രപുസ്തകങ്ങളും വായിക്കാൻ പ്രേരകമായി.

ആയിരത്തിലേറെ കുഷ്ഠരോഗികൾ ചെറിയ വീടുകളിലായി താമസിക്കുന്ന സാനിറ്റോറിയം എന്റെ ഹൃദയം കവർന്നു. എല്ലാ ദിവസവും ഞാൻ അവിടെ പോയിരുന്നു. എന്നെ കാണാൻ മേടയിൽ ആരു വന്നാലും എനിക്കു കാണിക്കാനുള്ള പിക്നിക് സ്ഥലം എന്റെ പ്രിയപ്പെട്ട കുഷ്ഠരോഗാലയമായിരുന്നു. എന്നിൽ ഇവരോട് അത്ര സ്നേഹം തോന്നാൻ കാരണമായത്, അവിടെ പ്രവർത്തിച്ചിരുന്ന ബൽജിയംകാരിയായ സിസ്റ്റർ ജറാൾഡ് ആണ്. എപ്പോഴും അവർക്ക് പുഞ്ചിരിയാണ്. ഏതു സമയത്തും അവർ ആശുപത്രിയിലും രോഗികൾ താമസിക്കുന്ന വീടുകളിലും കാണും. ഞാൻ എപ്പോൾ, ആരുമായി ചെന്നാലും, സിസ്റ്റർ ജെറാൾഡിനെ കുഷ്ഠരോഗികളുടെ മധ്യത്തിൽ എന്തെങ്കിലും സേവനം ചെയ്തുകൊണ്ടു കണ്ടെത്തിയിട്ടുണ്ട്.

ബന്ധുമിത്രാദികളുൾപ്പെടെ എല്ലാവരാലും തഴയപ്പെട്ട ഒരു ജനസമൂഹം. അശാസ്ത്രീയമായ ഭയംകൊണ്ടു മറ്റുള്ളവരും ഒറ്റപ്പെടുത്തുന്ന പാവപ്പെട്ട മനുഷ്യർ - ദൈവമക്കൾ. ഇവർക്ക് എങ്ങനെ ഇത്ര മനോഹരമായി പുഞ്ചിരിക്കാൻ സധിക്കും! ഇവർ പഠിപ്പിച്ച വലിയ പാഠമിതാണ്; ജീവിതത്തിൽ, എന്തെല്ലാം കഷ്ടപ്പാടും വേദനയും ഉണ്ടായാലും, നിരാശയ്ക്കു വകയില്ല. ഇവർ ഇതു ജീവിതം കൊണ്ടു പഠിപ്പിച്ചു. ഇക്കാര്യം സ്വയം ജീവിച്ചു കാണിച്ചു തന്നു. ചാരുംമൂട്ടിൽ നിന്നു പോയിട്ടും പല സംഘങ്ങളെയും ഞാൻ നൂറനാട് കുഷ്ഠരോഗാലയത്തിൽ കൊണ്ടുവന്നിട്ടുണ്ട്. അവരൊക്കെത്തന്നെ പിന്നെ വിലയിരുത്തിയിട്ടുണ്ട് - ഇനി നമുക്കു നിരാശപ്പെടാൻ അവകാശമില്ല. ജീവിതത്തിൽ നിരാശയ്ക്കു വകയില്ല.

# 21

## കല്ലിന്മേൽ കല്ല് ശേഷിക്കാതെ

**നൂറനാട് പള്ളിയും ഇലവുംതിട്ട കുരിശടിയും**

ചാരുംമൂട് ഇടവകയ്ക്ക് മറ്റു സബ്സ്റ്റേഷനുകളുണ്ടെന്നു നേരത്തേ സൂചിപ്പിച്ചല്ലോ. നൂറനാട് ഒഴികെ മറ്റെല്ലാ സ്ഥലത്തും ചെറുതോ വലുതോ ആയ ഓടിട്ട പള്ളിക്കെട്ടിടം ഉണ്ടായിരുന്നു. നൂറനാട് വെറും ഓലഷെഡ്ഡായിരുന്നു പള്ളിയായി ഉപയോഗിച്ചിരുന്നത്. ഇന്നായിരുന്നെങ്കിൽ അതു മെയിന്റനൻസ് ചെയ്തു നിലനിർത്തിയാൽ മതിയെന്നു ഞാൻ പറയുമായിരുന്നു. ഈ വ്യക്തത അന്നില്ലായിരുന്നു. അന്നത്തെ ചിന്തയിതായിരുന്നു. ജനങ്ങൾക്ക് ഒത്തുചേരാനും പ്രാർത്ഥിക്കാനും ചോരാത്ത ഒരിടം വേണം. നൂറനാട്ട് അതില്ല. അവിടത്തെ ജനത്തിന്റെ പൊതുയോഗം വിളിച്ചുകൂട്ടി എല്ലാവർക്കും ഒരേ സ്വരം 'ഞങ്ങൾക്കൊരു പള്ളി വേണം.' സെമിനാരിയിൽ പഠിച്ച ഒരു ചൊല്ലുണ്ട് 'ജനസ്വരം ദൈവസ്വരം' (Vox populi, vox Dei). അതു ദൈവസ്വരമാണെന്നു പൂർണ്ണമായും വിശ്വസിച്ചു. ഏലിയാസച്ചനും ഞാനും കൂടി ജനങ്ങളുടെ ശ്രമദാനത്തോടെ നൂറനാട് ഒരു പള്ളിക്കു വേണ്ടി ശ്രമിച്ചു. ഇന്നത്തെപ്പോലെ പള്ളി കെട്ടാൻ വിദേശപ്പണം കിട്ടുന്ന കാലമല്ല. ബിഷപ്പ് ചെറിയൊരു തുക തരാമെന്നേറ്റു. ബാക്കിവരുന്ന പൈസ ഞങ്ങൾ രണ്ടുപേരും പരിചയമുള്ള എല്ലാവരിൽ നിന്നും സംഭാവനയായി രസീത് കൊടുത്തു പിരിക്കാൻ തുടങ്ങി. നല്ല സഹകരണം കിട്ടി. എന്റെ ആദ്യത്തെ കെട്ടിടനിർമ്മാണമായിരുന്നു അത്. ഏലിയാസച്ചൻ പിരിക്കുന്ന പൈസായും എന്നെ ഏല്പിക്കുമായിരുന്നു. ഏതായാലും 6 മാസം കൊണ്ട് കൊച്ചൊരു പള്ളി നൂറനാട് പണിതീർത്തു. വെഞ്ചരിപ്പും നടത്തി.

ഏതാണ്ടിതുപോലൊരു കാര്യമാണ് ഇലവുംതിട്ടയിലും നടന്നത്. അവിടെ ചാർജ്ജെടുത്തിട്ട് ഏറെ താമസിയാതെ നടന്ന പൊതുയോഗത്തിൽ ജനത്തിന്റെ ഒത്തുള്ള ആഗ്രഹമായിരുന്നു ഒരു കുരിശടി. അവരെ വ്യത്യസ്തമായി ബോധവല്ക്കരണം നടത്തി തിരിച്ചു ബോധ്യപ്പെടുത്താനുള്ള ബാധ്യത എനിക്കുണ്ടായിരുന്നു എന്ന് ഇപ്പോൾ തോന്നുന്നു. പക്ഷേ അന്ന് അവരോടൊപ്പം ഇക്കാര്യത്തിൽ പൂർണ്ണമായും മുഴുകി പ്രവർത്തിച്ചു. ഒരു ചെറിയ കുരിശു പണിത്, വെഞ്ചരിപ്പു നടത്തി.

എന്റെ വൈദികജീവിതത്തിൽ എല്ലാവരുടെയും സഹകരണത്തോടെ ഏറെ ത്യാഗം സഹിച്ച് ആകെക്കൂടി പണിത രണ്ടു പള്ളിസ്ഥാപനങ്ങളാണിവ. ഇന്ന തിലേ പോകുമ്പോൾ, അവ രണ്ടും എന്നെ നോക്കി പല്ലിളിക്കുന്നുണ്ടാവും.

**വൈദികരുടെ ചെറുസംഘം**

ഏലിയാസച്ചനു യുവവൈദികരുടെ ചെറുസംഗമം നല്ല താല്പര്യമായിരുന്നു. ഇങ്ങനെ സുഹൃത്തുക്കൾ കൂടുമ്പോൾ, ആടുകയും പാടുകയും രസിക്കുകയും ചെയ്യുന്നതിനൊപ്പം ഓരോരുത്തരുടെയും ഇടവകയിൽ അവർ അഭിമുഖികരിക്കുന്ന പ്രശ്നങ്ങൾ, അവർ ചെയ്യുന്ന പ്രവർത്തനങ്ങൾ, ബന്ധങ്ങളുടെ തകർച്ചകൾ മുതലായവ പങ്കുവെയ്ക്കുമായിരുന്നു. ഈ കൂടിവരവ് ഒന്നു വിപുലപ്പെടുത്തി ഒരു സംഘടനാരൂപമാക്കിയാൽ എന്ത് എന്ന ചിന്തയുണ്ടായി.

ഏലിയാസച്ചനെപ്പോലെതന്നെ അതിസമർത്ഥനും ജനസേവനത്തിൽ തല്പരനും നല്ല പ്രായത്തിലും, ചെറുപ്പത്തിന്റെ ചുറുചുറുക്കും കാഴ്ചപ്പാടും ദീർഘവീക്ഷണവും ഉള്ളവനുമായിരുന്നു ഫാ. ഇറാണിമൂസ്. അദ്ദേഹം ശക്തികുളങ്ങര വികാരിയച്ചനായിരുന്നു. ഇറാണിമൂസച്ചന്റെ ഫീസ്റ്റു ദിവസം സംഘം ചേരാൻ താല്പര്യമുള്ള അച്ചന്മാരെ ക്ഷണിക്കാമെന്നും അച്ചന്റെ മേൽനോട്ടത്തിൽ സംഘരൂപീകരണമാകാമെന്നും ഞങ്ങളിൽ ചിലർ അഭിപ്രായപ്പെട്ടു. അങ്ങനെ അച്ചന്റെ ഫീസ്റ്റ് ദിവസം നല്ലൊരു ഗ്രൂപ്പ് ശക്തികുളങ്ങര കൂടി. സംഘടനയെപ്പറ്റി ചർച്ച നടന്നു. YPA (Young Priests' Association) എന്ന സംഘടനയ്ക്കു രൂപം കൊടുത്തു. Young എന്നാൽ Young in Spirit എന്നു വ്യക്തമാക്കി. അങ്ങനെ ഇറാണിമൂസച്ചൻ വരെ ആദ്യമിതിന്റെ അംഗമായിരുന്നു. എന്നെ YPA യുടെ സെക്രട്ടറിയായി തെരഞ്ഞെടുത്തു. ഓരോ മാസത്തെയും മീറ്റിംഗ് ഓരോ അച്ചന്മാരുടെ താമസസ്ഥലത്തുവെച്ച് ആകാമെന്നും അന്നത്തെ ഭക്ഷണം ലളിതമായിരിക്കണമെന്നും അത് ആതിഥേയൻ വഹിക്കണമെന്നും YPA യുടെ പൊതു ഫണ്ടിലേയ്ക്കു പ്രതിമാസം പത്തു രൂപ വീതം ഓരോ അംഗവും എടുക്കണമെന്നും തീരുമാനമായി.

അന്നുതന്നെ രസകരമായ മറ്റൊരു സംഭവം കൂടി അവിടെ നടന്നു. യോഗം കഴിഞ്ഞ് ഇറാണിമൂസച്ചനു ഫീസ്റ്റ് ആശംസിച്ച് പാട്ടുപാടി. തുടർന്ന് ആഹാരം. വിഭവങ്ങൾ സമൃദ്ധം. സൂപ്പ്, ഡിഷ്, സൈഡ് ഡിഷ് ... മുതലായവ. ആദ്യം സൂപ്പ് എത്തി. അപ്പോഴേക്കും ഒന്നുരണ്ടു സുഹൃത്തുക്കൾ വൈൻഗ്ലാസ് വിതരണം ചെയ്തിട്ടു ഫോറിൻ ലിക്കർ വിളമ്പാൻ തുടങ്ങി. ഫാ. ആന്റോ ആണിതിനു നേതൃത്വം കൊടുക്കുന്നത്. അദ്ദേഹം എന്റടുത്തു വന്നു ലിക്കർ വിളമ്പാൻ ശ്രമിച്ചു. ഞാൻ അതു വേണ്ടാ എന്നായി. company's sake നായി അല്പം എടുക്കൂ എന്നു നിർബന്ധമായി. ഞാൻ പറഞ്ഞു: company's sake നായിട്ടാണ് ഞാൻ സൂപ്പു കുടിക്കുന്നത്; മറ്റാഹാരങ്ങളൊക്കെ കഴിക്കുന്നത്.

ലിക്കർ കുടിക്കുമ്പോഴേ കമ്പനി ആകുകയുള്ളോ? ഞാൻ ശക്തമായി നിഷേധിച്ചു. വിഷയം ഗൗരവമായി. എല്ലാവരും തന്നെ ഈ വിഷയത്തിൽ ചർച്ചയായി. ഫാ. സെബാസ്റ്റ്യൻ ജോർജ്ജ്, ഫാ. ജോസ് ജെ. കളീയ്ക്കൽ, ഫാ. എ. സോളമൻ മുതലായ നല്ലൊരു സംഘം എന്റെ അഭിപ്രായത്തോടു യോജിച്ചു. മറ്റു ചിലർ തിരിച്ചും. അങ്ങനെ ആഹാരം കഴിഞ്ഞു.

അന്ന് അവിടെവച്ചുതന്നെ 'ലിക്കർ കഴിക്കണ്ട' എന്നു ചിന്തിച്ചവർ മാറിയിരുന്ന് ഒരു തീരുമാനമെടുത്തു: ഞങ്ങൾ കുടിക്കുകയില്ല, ഞങ്ങൾ ലിക്കർ സെർവ് ചെയ്യുകയുമില്ല. ഈ തീരുമാനം ഞങ്ങൾ തുടർന്നും പാലിച്ചു. ഈ ചെറിയ സംഭവം കൊല്ലം രൂപതയിലെ വൈദികരുടെയിടയിൽ വലിയൊരു മാറ്റമുണ്ടാക്കി. നേരത്തേ ആരുടെ ഫീസ്റ്റിന് ഒത്തുകൂടിയാലും ലിക്കർ ഉണ്ടായിരിക്കും. പരസ്യമായി വിളമ്പിയിരിക്കും. അത് എല്ലാവർക്കും അറിയാവുന്ന ഒരു തുറന്ന സത്യമായിരുന്നു. അന്നത്തെ ഞങ്ങളുടെ തീരുമാനം ഞങ്ങൾ നടപ്പിലാക്കിയപ്പോൾ ഈ ആശയത്തോടു പലരും യോജിച്ചു. മിക്ക ഫീസ്റ്റിനും ലിക്കർ വിളമ്പാതായി. നിർബന്ധമായും വേണ്ടവർ അവർതന്നെ കൊണ്ടുവന്നു രഹസ്യമായി അല്പം കഴിച്ചിട്ടു ഭക്ഷണത്തിൽ പങ്കുചേരുന്ന രീതിയായി.

നാലഞ്ചു മാസം YPA നല്ലരീതിയിൽ കൂടി. അതിനിടെ ഫാ. പോൾ ക്രൂസിനു സ്ഥലമാറ്റമുണ്ടായി വയലായിലേയ്ക്ക്. 101 കാറിന്റെ അകമ്പടിയോടെയാണ് അദ്ദേഹം അവിടെ ചാർജ്ജെടുക്കാൻ എത്തിയത്. അടുത്ത YPAയോഗം അടൂർ പള്ളിമേടയിൽ വച്ചാണ് കൂടിയത്. ഫാ. ഫെലിക്സ് അരിക്കാരിപറമ്പിൽ ആയിരുന്നു അവിടത്തെ വികാരി. യോഗത്തിൽ, 101 കാറിന്റെ അകമ്പടിയോടെ ഒരു ദലിത് ഇടവകയിൽ ചാർജ്ജ് എടുത്തത് വിമർശനവിധേയമായി. YPA പറഞ്ഞ ലാളിത്യമെവിടെ, ജീവിതമെവിടെ? ചർച്ച ഏറെ ചൂടുപിടിച്ചു. പോൾക്രൂസച്ചനും കൂട്ടരും ഇനി YPA യുമായി സഹകരിക്കുന്നില്ലെന്നു പറഞ്ഞു പിന്മാറി. അതോടെ YPA യുടെ ആ വലിയ ഗ്രൂപ്പ് ഇല്ലാതായി.

സംഘം വളരെ ചെറുതായി. അധികാരികൾക്കെതിരെയുള്ള ഒരു രഹസ്യസംഘമാണിതെന്ന് ഒരു ധാരണ പരന്നു. മിക്കവാറും എല്ലാ മാസവും ഈ ചെറിയ ഗ്രൂപ്പു കൂടിയിരുന്നു. ചിലപ്പോഴൊക്കെ തീർത്തും അപ്രതീക്ഷിതമായി ഞങ്ങളുടെ മീറ്റിംഗ് നടക്കുന്നതിനിടെ ഒരു വലിയച്ചൻ വന്നുചേരും - എന്താണ് അവിടെ നടക്കുന്നതെന്ന് അന്വേഷിക്കാനായി. ഈ ഗ്രൂപ്പു രൂപതയിൽ നടക്കുന്ന വിവിധ പ്രശ്നങ്ങളോടു കൂട്ടായി ചിന്തിച്ചിട്ട് ഒപ്പിട്ടു പ്രതികരിക്കുന്ന രീതി വളർത്തിയെടുത്തു. ഈ ഗ്രൂപ്പിൽ ചിലർ മത്സ്യത്തൊഴിലാളി സംഘാടനത്തിൽ ഏർപ്പെട്ടു. മറ്റു ചിലർ ഇടവകയിലെ നവീകരണത്തിനു പ്രാമുഖ്യം കൊടുത്തു. ഓരോരുത്തരും അവരവരുടെ സ്വാതന്ത്ര്യം നിലനിർത്തിക്കൊണ്ട്, പൊതുകാര്യത്തോടു പ്രതികരിക്കുന്ന ശൈലിയായി സംഘത്തിന്റേത്.

1982 ൽ മാറ്റത്തിന്റെ സ്വരമായി ORA (Organ for Radical Action) എന്ന മാസിക പുറത്തുവന്നു. ഫാ. റൊമാൻസ് ആന്റണി, ഫാ. അഗസ്റ്റിൻ ഐസക്, ഞാനുമായിരുന്നു പത്രാധിപസമിതി. ഓറയുടെ ആഭിമുഖ്യത്തിൽ പഴയ സംഘത്തെ വീണ്ടും വിളിച്ചുകൂട്ടി. ഞങ്ങൾ മൂവരോടൊപ്പം ഫാ. എ. സോളമൻ, ഫാ. വിൻസന്റ് മച്ചാഡോ, ഫാ. ജോസ് ജെ. കളീയ്ക്കൽ, ഫാ. ജെറോം അഗസ്റ്റിൻ, ഫാ. ബനഡിഗക്റ്റ് പോൾ, ഫാ. വാൾട്ടർ മോറീസ്, ഫാ. ജോസഫ് തോമസ് എന്നിവർ കൂടി. ഫാ. സോളമൻ പ്രസിഡന്റായുള്ള എഫ്. ആർ. സി. എസ്. (Forum for Renewal and Christian Solidarity) രൂപംകൊണ്ടു.

മാസംതോറുമുള്ള യോഗം വീണ്ടും ആരംഭിച്ചു. അവിടെ ഗൗരവമായ ഒരു പഠനവും, പങ്കുവെയ്ക്കലും പ്രാർത്ഥനയും സ്നേഹവിരുന്നുമുണ്ടായിരുന്നു. കൂടുന്ന ദിവസം അരമനയിൽ ബിഷപ്പിനെ അറിയിക്കുന്ന രീതിയായി. ഒരു ദിവസം ഞങ്ങൾ പടപ്പക്കരയിൽ യോഗം കൂടിയിരിക്കുകയാണ്. Mathew Fox ന്റെ Original Blessing എന്ന പുസ്തകത്തിന്റെ പഠനമാണ് നടന്നുകൊണ്ടിരുന്നത്. തീർത്തും അപ്രതീക്ഷിതമായി കൊല്ലം രൂപതയുടെ വികാരി ജനറൽ ആയ മൊൺ. അഗസ്റ്റിൻ റൊസാരിയോ കയറിവന്നു. ഞങ്ങൾ സ്വീകരിച്ചിരുത്തിയിട്ടു പഠനം തുടർന്നു; സ്വതസിദ്ധമായ പ്രാർത്ഥനാരൂപവും. എല്ലാം കഴിഞ്ഞപ്പോൾ ഇതു നല്ല കാര്യം; നടക്കട്ടെ. ഇതിനാണോ ഇത്രമാത്രം അപവാദം നിലനില്ക്കുക എന്നു പറഞ്ഞു സന്തോഷമായി പിരിഞ്ഞു.

പക്ഷേ പല കാരണങ്ങൾ കൊണ്ടു സംഘത്തിൽ കൊഴിഞ്ഞുപോകലും മറ്റുമുണ്ടായി. സംഘത്തിന്റെ ശക്തി ചോർന്നുപോയി. ഇപ്പോൾ വൈദികരുടെ ഈ ചെറുസംഘം ഇല്ലെന്നുതന്നെ പറയാം.

### സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ

ആരാധനയിൽ സജീവപങ്കാളിത്തംകൊണ്ടു വയറുനിറയുകയില്ലെന്നു നേരത്തേ സൂചിപ്പിച്ചല്ലോ. ഇവിടെയാണ് കൊറോണാമ്മച്ചിയുടെ സഹായത്തോടെ സാമൂഹ്യക്ഷേമപ്രവർത്തനത്തിൽ ഇടപെടാൻ തുടങ്ങിയത്. ഈ കാലയളവിൽ QSSS രൂപപ്പെടുകയും ചില കൊച്ചുകൊച്ചു പ്രോജക്റ്റുകൾ ഉണ്ടാകുകയും ചെയ്തു. സാംസണച്ചൻ QSSS ന്റെ പാർട്ട്-ടൈം ഡയറക്റ്ററായി; താമസിയാതെ മുഴുവൻസമയം ഡയറക്റ്ററും. ചാരുംമൂട്ടിൽ കോഴിവളർത്തൽ, ഭവനനിർമ്മാണപദ്ധതി തുടങ്ങിയവയ്ക്കു നേതൃത്വം കൊടുത്തു. പടനിലം എന്റെ പൂർണ്ണ ഉത്തരവാദിത്തത്തിൻ കീഴിലായതുകൊണ്ടും അവിടെ പ്രാദേശിക നേതൃത്വത്തെ എളുപ്പം കണ്ടെത്താൻ കഴിഞ്ഞതുകൊണ്ടും കുറച്ചുകൂടെ കാര്യക്ഷമമായും കൂട്ടായിട്ടും സഹകരണാടിസ്ഥാനത്തിലും കുറച്ചു കാര്യങ്ങൾ ചെയ്യാൻ സാധിച്ചു. അവയിലൊന്ന് ലഘുനിക്ഷേപപദ്ധതി. എന്നാൽ ഏറ്റവും പ്രധാനപ്പെട്ടത് സഹകരണാടിസ്ഥാനത്തിലുള്ള പാൽ സൊസൈറ്റിയാണ്. എല്ലാ

വരുടെയും വീട്ടിൽ നിന്ന് ഓഫീസിൽ പാൽ കൊണ്ടുവരുക. കൊണ്ടുവരുന്ന പാൽ ശേഖരിച്ചു മാവേലിക്കര താലൂക്ക് ഡയറി ഓഫീസിൽ എത്തിക്കുക; അവർ സംസ്കരിച്ചുകൊള്ളും. ഫലമോ? സാമാന്യജനത്തിന്റെ പാലിനു ന്യായമായ വില സമയാസമയങ്ങളിൽ കിട്ടി; രണ്ടുമൂന്നു പേർക്ക് ജോലിയുമായി. മറ്റൊന്ന്, സഹകരണാടിസ്ഥാനത്തിൽ കൂട്ടായിട്ടുള്ള കൺസ്യൂമർ സ്റ്റോർ ആണ്. പടനിലം-കിടങ്ങയത്താണ് ഇടവകക്കാർ താമസിക്കുക. അവിടെ കടകളൊന്നുമില്ല. പലചരക്കു വാങ്ങാൻ 2 കി. മീ. നടന്നു പടനിലം ടൗണിൽ പോകണം. പടനിലം ടൗണിലെ വിലയ്ക്കു പലചരക്കു സാധനങ്ങൾ പള്ളിമുറ്റത്തു കൊടുക്കത്തക്ക രീതിയിലൊരു സ്കീം. രണ്ടുമൂന്നു പേർക്കു ജോലി. എല്ലാവർക്കും ലാഭവിഹിതം. ഒരുവിധം ഭംഗിയായി ഈ പരിപാടി നടന്നു; കാരണം നാട്ടുകാരെല്ലാം ഇതിനോടു നല്ല രീതിയിൽ സഹകരിച്ചു. ഇവ രണ്ടിനെക്കാളും പങ്കുചേർന്ന പദ്ധതിയായിരുന്നു കിടങ്ങയത്ത് എല്ലാവർക്കും വീട് - ഫാ. ഏലിയാസ് ജോസ് ഭവനനിർമ്മാണ പദ്ധതി. എല്ലാവരും ആഴ്ചതോറും നിശ്ചിത തുക എടുക്കുക; ഈ തുകയെല്ലാം സ്വരുക്കൂട്ടി വീട് അത്യാവശ്യം വേണ്ടവർക്കു മുൻഗണന അടിസ്ഥാനത്തിൽ സഹായിക്കുക. ഈ പ്രക്രിയ ഇങ്ങനെ തുടർന്നുകൊണ്ടിരിക്കും. നല്ല രീതിയിൽ ഈ പരിപാടി നീങ്ങി. ഒരു വർഷം കൊണ്ടു മൂന്നോ നാലോ വീടു തീർന്നിരുന്നു. പിന്നെ എനിക്കു സ്ഥലംമാറ്റമായി. പക്ഷേ പടനിലത്തെ സ്ഥലവാസികൾ ആ പ്രോഗ്രാം സ്വമേധയാ കൊണ്ടുപോകാൻ പ്രാപ്തരായിരുന്നു. ഇന്നവരുടെ സ്ഥലം ഫാ. ഏലിയാസ് നഗർ എന്നാണറിയപ്പെടുന്നത്.

ഇലവുംതിട്ട എത്തിയപ്പോൾ ഈ കാഴ്ചപ്പാട് എന്നിൽ സജീവമായിരുന്നു. QSSS മായി ബന്ധപ്പെട്ട് ഒത്തിരി വീടുകൾ വച്ചു; ഓരോ വീട്ടിലും മറ്റു വീട്ടുകാരുടെ ശ്രമദാനം ഉറപ്പു വരുത്തിയിരുന്നു. വെട്ടുകല്ലു വെട്ടാൻ അറിയാവുന്നവരെയും പാറപൊട്ടിക്കാൻ അറിയാവുന്നവരെയും സംഘടിപ്പിച്ചു സഹകരണാടിസഥാനത്തിൽ വെട്ടുകൽ-റബിൾ പദ്ധതിക്കു രൂപംകൊടുത്തു. കല്ലും റബിളും അടിച്ചുകൊടുക്കുന്നതിനു ക്രിസ്തുരാജൻ എന്ന പേരിൽ ഒരു ലോറിയുമുണ്ടായിരുന്നു. മീറ്റിംഗ് കൂടാനും തയ്യൽക്ലാസ് നടത്താനും മറ്റും ഒരു കമ്മ്യൂണിറ്റിഹാൾ ഉണ്ടാക്കി. സാമൂഹ്യക്ഷേമപ്രവർത്തനങ്ങളുടെ കേന്ദ്ര ഓഫീസ് അവിടെയായി.

അങ്ങനെ ഒത്തിരിയേറെ കാര്യങ്ങൾ ചെയ്ത സംതൃപ്തിയുണ്ടെങ്കിലും എന്തോ ഒരു പോരായ്മ. അല്പം സാമ്പത്തികമൊക്കെ വർദ്ധിച്ചെങ്കിലും മാനസികമായ വളർച്ച നിർണ്ണായക ഘടകമായി കണ്ടില്ല. മാത്രമല്ല വൻകിട മുതലാളിമാർ ഇവരുടെ കൊച്ചു സഹകരണപ്രസ്ഥാനങ്ങളെ ശരിക്കും വളരാൻ അനുവദിച്ചതുമില്ല. എന്താണിതിനു കാരണമെന്ന അന്വേഷണമായി. ഇത് അടുത്ത പടിയിലേയ്ക്ക് സ്വാഭാവികമായെന്നെ നയിച്ചു.

# 22

# വഴിത്തിരിവുണ്ടാക്കിയ ചോദ്യങ്ങളുടെ ഘോഷയാത്ര

**ബോധവൽക്കരണ ഇടപെടലുകൾ**

സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങളിൽ സജീവമായി ഇടപെട്ടിരുന്നതിനാൽ കുറച്ചു നാളുകൾകൊണ്ടു കുറച്ചേറെ കാര്യങ്ങൾ ചെയ്തുതീർക്കാനായി. എങ്കിലും ഇനിയെന്ത് എന്നുള്ള വ്യക്തതക്കുറവു നന്നേ അനുഭവപ്പെട്ടു; ഈ അവസ്ഥ പോരാ എന്ന വ്യക്തതയും.

ഏതാണ്ട് ആ സമയത്താണ് കൊല്ലം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഡയറിഫാമുകൾ തുടങ്ങുന്നതിന്റെ ഭാഗമായി ബിഷപ് Artificial Insemination Course in Diary Field എന്ന കോഴ്സിന് എന്നെ ബാംഗ്ലൂരിലേയ്ക്ക് വിട്ടത്. അത് സാമൂഹ്യ യാഥാർത്ഥ്യത്തോട് നല്ലൊരു ഓപ്പണിംഗ് ആയിരുന്നു. ഇതിനോടനുബന്ധിച്ചുതന്നെ Liturgical Renewal എന്ന ഒരാഴ്ച നീണ്ടുനിന്ന സെമിനാറിൽ പങ്കെടുക്കാൻ ബാംഗ്ലൂരിലുള്ള NBCLC (National Biblical Catechetical and Liturgical Centre) യിലേയ്ക്ക് അയച്ചു. ആരാധനാക്രമത്തിന്റെ വ്യക്തിഗതവും സാമൂഹികവുമായ മാനങ്ങളിലേയ്ക്കു വിരൽചൂണ്ടുന്നതായിരുന്നു ആ സെമിനാർ.

വ്യക്തതയ്ക്കു വേണ്ടിയുള്ള അന്വേഷണത്തിന്റെ ഭാഗമായി ഈശോസഭാസംഘം നേതൃത്വം കൊടുത്ത 10 ദിവസത്തെ SALT (Social Awareness and Leadership Training) camp ഇലവുംതിട്ടയിൽത്തന്നെ സംഘടിപ്പിച്ചു. ഇവയെല്ലാം എന്റെ അജപാലന ദർശനത്തിനു പുത്തൻ മുഖം കണ്ടെത്താൻ സഹായിക്കുന്നവയായിരുന്നു. അതുപോലെതന്നെ ജനങ്ങൾ ആനുകൂല്യങ്ങളും ക്ഷേമപ്രവർത്തനങ്ങളും സ്വീകരിക്കുന്നതിനപ്പുറം, സ്വന്തം കാലിൽ നിന്നു തീരുമാനമെടുക്കുന്ന വ്യക്തികളാകുന്ന പ്രക്രിയ എന്ത് എന്ന് ഏറെ ചിന്തിക്കുകയും ചെറു വൈദികസംഘവുമായി അവയെപ്പറ്റി വളരെ ഗൗരവമായ ചർച്ച നടത്തുകയും ചെയ്യുകയുണ്ടായി. അതിന്റെയെല്ലാം ഫലമായി സുദീർഘമായ ഒരു ബോധവൽക്കരണ പ്രക്രിയയ്ക്കു തന്നെ രൂപംകൊടുത്തു.

ആദ്യം ഇലവുംതിട്ട, ആറന്മുള, കോട്ട, കൈപ്പുഴ എന്നീ സ്ഥലങ്ങളിലെ സ്ത്രീകളുടെ, പുരുഷന്മാരുടെ, യുവതീയുവാക്കളുടെ വെവ്വേറെ സംഘങ്ങൾ ഉണ്ടാക്കുകയും അവർക്ക് എല്ലാ മാസവും ഓരോ ദിവസത്തെ - രാവിലെ മുതൽ വൈകിട്ടു വരെയുള്ള - ബോധവൽക്കരണ ക്ലാസ്സുകൾ ക്രമീകരിക്കുകയും ചെയ്തു. മൂന്നു വർഷത്തെ പരിപാടിക്കാണ് രൂപംകൊടുത്തത്. ഓരോ ഗ്രൂപ്പിനും 36 ദിവസത്തെ ക്ലാസ്സും എല്ലാവർക്കും വേണ്ടി മൂന്നു വാർഷികവും സംഘടിപ്പിച്ചു. ഞാൻ ആരാണ്? നീ ആരാണ്? നമ്മൾ തമ്മിലുള്ള ബന്ധം എന്ത്? നമ്മുടെ ആഹാരരീതി എന്ത്? പ്രകൃതിയുമായുള്ള ബന്ധം എന്ത്? ആരോഗ്യപരിപാലനം എങ്ങനെ? ശുചിത്വം എങ്ങനെ? നേതൃത്വപരിശീലനം, പ്രസംഗപരിശീലനം ഇങ്ങനെ സമഗ്രമായൊരു പഠനപരിപാടിയാണു നടന്നത്.

രണ്ടുവർഷങ്ങളായപ്പോൾ സോളമനച്ചന്റെ അധീനതയിലുള്ള പത്തനംതിട്ടയിലെ പുത്തൻപീടിക, നാരങ്ങാനം, മഞ്ഞനിക്കര എന്നീ സ്ഥലങ്ങളിലെയും ആളുകൾ ഈ പരിപാടിയിൽ ഉൾച്ചേർന്നു. പഠനത്തിൽ ആളുകൾ നല്ല താല്പര്യം കാണിച്ചു. ബിഷപ് അജപാലന സന്ദർശനത്തിനു വന്നപ്പോൾ സ്ത്രീകൾ ഈ തുടർവിദ്യാഭ്യാസത്തെപ്പറ്റി തിരുമേനിയോടു പറഞ്ഞു. അവരുടെ റിപ്പോർട്ട് ബുക്കും മറ്റും ബിഷപ് നോക്കുകയും അവരെ അഭിനന്ദിക്കുകയും ചെയ്തു. കാര്യങ്ങൾ ഇങ്ങനെ ഒരു വശത്തു കൂടെ വിജയകരമായി നീങ്ങിയെങ്കിലും, സംഘാടകനായ എന്നിലെ അവ്യക്തത എന്നെ ഏറെ ചിന്താകുലനാക്കിയിരുന്നു. ഇനിയെന്ത് എന്ന ചോദ്യത്തിന് വ്യക്തമായ ഉത്തരമില്ലാത്ത കഠിനമായൊരവസ്ഥയിലായിരുന്നു ഞാൻ. എങ്കിലും ബോധവൽക്കരണ ക്ലാസ്സുകൾ മുറപോലെ നടന്നുവന്നു.

വെളിച്ചം കിട്ടാനുള്ള താല്പര്യത്തോടെ രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖകളും സഭയുടെ തന്നെ മറ്റു സാമൂഹ്യ ചാക്രികലേഖനങ്ങളും ഏഷ്യയിലെയും ഇൻഡ്യയിലെയും ബിഷപ്സ് കോൺഫറൻസുകളുടെ സാമൂഹ്യ ബന്ധിത പ്രസ്താവനകളും എല്ലാറ്റിനുമുപരി ബൈബിളും വായിക്കാനും ചിന്തിക്കാനും പഠിക്കാനും ശ്രമിച്ചു. ഞങ്ങളുടെ ചെറു സംഘങ്ങളുമായി, പ്രത്യേകിച്ച് കൊഴുവല്ലൂരിലും പത്തനംതിട്ടയിലുമുള്ള ജോസച്ചനോടും സോളമനച്ചനോടും ഇതേപ്പറ്റി കൂടുതൽ ചർച്ചകൾ നടത്തി. എന്തോ ഒരു പ്രക്രിയയിലൂടെ കടന്നുപോകുന്നതായി മാത്രമേ എനിക്ക് അനുഭവപ്പെട്ടുള്ളു. വേണ്ടത്ര വ്യക്തത ലഭിച്ചില്ല. അപ്പോഴാണ് പത്തനംതിട്ടയ്ക്കുള്ള എന്റെ സ്ഥലംമാറ്റം. അതിനിടെ അന്വേഷണത്തിന്റെ ഭാഗമായിത്തന്നെ ഈശോസഭയുടെ മേൽനോട്ടത്തിലുള്ള ബാംഗ്ലൂർ ഐ. എസ്. ഐ. (ഇൻഡ്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട്) ൽ കമ്മ്യൂണിറ്റി ഡിവലപ്മെന്റ് ഓർഗനൈസേഷൻ എന്ന മൂന്നു മാസത്തെ കോഴ്സിനു പോകാൻ തീരുമാനിച്ചു.

**ശാസ്ത്രീയ സാമൂഹ്യാപഗ്രഥനം - വേറിട്ടൊരു നോട്ടം**

ഒരു പ്രശ്നത്തോടു നമ്മുടെ പ്രതികരണം എന്തായിരിക്കണം എന്നു നിശ്ച യിക്കുന്നത്, എങ്ങനെ ആ പ്രശ്നത്തെ നാം എങ്ങനെ നോക്കിക്കാണുന്നു എന്നതിനെ ആശ്രയിച്ചിരിക്കും എന്നത് ഒരു പൊതു തത്വമാണ്. ബോധ വൽക്കരണ പ്രക്രിയ ഏതു ദിശയിലേയ്ക്കാണു നീങ്ങേണ്ടത് എന്നു നിശ്ചയി ക്കേണ്ടത് ഈ നോക്കിക്കാണൽ പ്രക്രിയയാണ്. ഇതിനു ബാംഗ്ലൂർ ഐ. എസ്. ഐ. യിലെ പഠനം മാർഗ്ഗം തെളിച്ചു.

ഞാൻ ഉൾപ്പെട്ട എന്റെ സമൂഹത്തെയും, ഞാൻ വിശ്വസിച്ച് ഏറ്റുപിടി ക്കുന്ന എന്റെ വിശ്വാസത്തെയും വേറിട്ടൊരു കണ്ണോടു കൂടി ശാസ്ത്രീയ മായി അപഗ്രഥിക്കാൻ ഐ. എസ്. ഐ. യിലെ കോഴ്സ് സഹായകമായി. ഐ. എസ്. ഐ. ഡയറക്ടറായിരുന്ന ഫാ. സ്റ്റാൻ ലൂർദ് സ്വാമി എസ്. ജെ. യ്ക്കൊപ്പം നല്ലൊരു ചെറിയ ടീമുണ്ടായിരുന്നു ഐ. എസ്. ഐ. കുടുംബ ത്തിൽ. എല്ലാവർക്കും നല്ല സഹകരണവും. ഒരാളുടെ കുറവ് മറ്റേയാൾ നിക ത്തുന്ന ഒരു പ്രവർത്തനശൈലിയായിരുന്നു അവിടെ കണ്ടത്. ഡയറക്ടർക്കും പ്രൊഫസർമാർക്കും മാനേജർക്കും ലൈബ്രേറിയനും അടുക്കളക്കാർക്കും തൊഴുത്തിൽ ജോലിചെയ്തിരുന്നവർക്കും അടിസ്ഥാനപരമായി ഒരേ ശമ്പളം - മക്കളുടെ എണ്ണമനുസരിച്ച് അല്പം കൂട്ടിക്കൊടുക്കുന്നതൊഴിച്ചാൽ. എല്ലാ വരും ഐ. എസ്. ഐ. യുടെ വളർച്ച ഉന്നംവച്ച് അവരവരുടെ അനിഷേധ്യ മായ പങ്കു വഹിക്കുന്നു എന്നു മാത്രം. എല്ലാവരുടെയും റോൾ ഒത്തു നീങ്ങു ന്നതാണ് പ്രസ്ഥാനത്തിന്റെ വിജയം. ഇങ്ങനെയൊരു ടീമിന്റെ ഇടപെടലും സഹകരണവും ഫാ. സ്റ്റാനിന്റെ നേതൃത്വത്തിൽ ഐ. എസ്. ഐ. യിൽ ഞങ്ങൾ അനുഭവിച്ചു. ഇത് എന്റെ വളർച്ചയ്ക്ക് ഏറെ ഉപകരിച്ചു.

ഈ കോഴ്സിലൂടെ കിട്ടിയ ഉൾക്കാഴ്ചകൾ:

1. നമ്മുടെ സമൂഹം അടിസ്ഥാനപരമായി വിഭജിക്കപ്പെട്ടിരിക്കുന്നു; മൂല ധനം ഉള്ളവരും ഇല്ലാത്തവരും തമ്മിൽ, അധികാരം ഉള്ളവരും ഇല്ലാത്തവരും തമ്മിൽ, അംഗീകാരമുള്ളവരും ഇല്ലാത്തവരും തമ്മിൽ ...എന്നിങ്ങനെ. ഈ വിഭജനം വളരെ വസ്തുനിഷ്ഠമാണ്. വെറും ഭാവനാത്മകമോ വ്യക്തിനിഷ്ഠമോ അല്ല. ഉള്ളവർ കുറച്ചുപേരും ഇല്ലാത്തവർ ബഹുഭൂരിപക്ഷവുമാണ്. ഇതു പ്രാദേ ശികം തൊട്ട് അന്താരാഷ്ട്രതലം വരെ ശരിയാണ്. ഇരുവിഭാഗത്തിന്റെയും താല്പര്യങ്ങൾ വിരുദ്ധമാണ്. ഒരു കാരണവശാലും ഒത്തുപോകാൻ സാധി ക്കാത്ത വിരുദ്ധ താല്പര്യങ്ങൾ. ഇവിടെ പക്ഷംചേരൽ അനിവാര്യമായി മാറു ന്നു. നിഷ്പക്ഷത എന്നൊന്നില്ല. നിഷ്പക്ഷം എന്നു പറയുന്നവർ വ്യക്തമായും പക്ഷം പിടിച്ചു കഴിയുന്നു - ഉള്ളവന്റെ പക്ഷം. ഉള്ളവന്റെ പക്ഷം പിടിക്കൽ നാം എടുത്തുപറയേണ്ടതില്ല; കാരണം, അവരാണു മുഖ്യധാര കാര്യങ്ങൾ ഓടി

ക്കുന്നവർ. അതുകൊണ്ടു, മറിച്ചുള്ള തീർപ്പു വ്യക്തമാക്കാത്തിടത്തു, മുഖ്യധാരയുടെ ഭാഗമായി മാറിക്കൊള്ളും. അതേസമയം ഇല്ലാത്തവന്റെ പക്ഷം പിടിക്കുക ബോധപൂർവ്വമായ തീർപ്പിലൂടെയാണ്; അതു വ്യക്തമാക്കേണ്ടതുണ്ട്. ഈ വ്യക്തമായ തീർപ്പിന് വിലകൊടുക്കേണ്ടിവരും: ചിലപ്പോൾ ജീവൻ തന്നെ; യേശുവിനെപ്പോലെ.

2. ഇങ്ങനെയൊരു സമൂഹത്തിലാണ് യേശു ജനിച്ചത്. അവിടെ യേശു വ്യക്തമായി ഇല്ലാത്തവന്റെ പക്ഷം ചേർന്നു. ദരിദ്രരെ സ്നേഹിച്ചു. വിശക്കുന്നവർക്ക് അപ്പം നല്കി. രോഗികളെ സുഖപ്പെടുത്തി. അന്ധർക്കു കാഴ്ച നല്കി. വിധവയ്ക്കു മരിച്ച മകനെ എഴുന്നേല്പിച്ചു കൊടുത്തു. ചെകിടനു കേൾവി നല്കി. വേശ്യയെ ആഞ്ഞു പുല്കി. സമരിയാക്കാരെയും പുറംജാതിക്കാരെയും സ്വീകരിച്ചു. സ്ത്രീകളെ ഒപ്പം നിർത്തി. സമ്പന്നരെയും ഫരിസയരെയും സദുച്യരെയും പുരോഹിതവൃന്ദത്തെയും രാഷ്ട്രീയാധികാരികളെയും നിശിതമായി വിമർശിച്ചു. അവർക്കു ദുരിതമെന്നും രക്ഷയില്ലെന്നും അസന്ദിഗ്ധമായി പ്രഖ്യാപിച്ചു. യേശുവിന്റെ ഈ പക്ഷംചേരലിൽ ഒരു വിട്ടുവീഴ്ചയുമില്ലായിരുന്നു. ഉള്ളവരോടു അല്പം വിട്ടുവീഴ്ച കാണിച്ചിരുന്നെങ്കിൽ യേശു ഇത്ര ദാരുണമായി കൊല്ലപ്പെടുകയില്ലായിരുന്നു. നിലപാടിന്റെ, പക്ഷംപിടിക്കലിന്റെ പരിണതഫലമാണ് യേശുവിന്റെ കുരിശുമരണം. കുരിശുമരണം യഹൂദർക്ക് രാഷ്ട്രീയ കൊലപാതകമാണ്. അങ്ങനെ യേശു തന്റെ നിലപാടിന്റെ ഫലമായി രാഷ്ട്രീയമായി കൊലചെയ്യപ്പെട്ടു.

3. ഈ ചിന്ത എന്റെ വിശ്വാസത്തെ പിടിച്ചുകുലുക്കി. യഥാർത്ഥ യേശുശിഷ്യൻ പക്ഷം പിടിക്കേണ്ടിവരും; ഈ തീർപ്പിനു ശരിക്കും വിലകൊടുക്കേണ്ടിയും വരും. അങ്ങനെ എന്റെ വിശ്വാസത്തിനു ഒരു പുത്തൻ മാനം കൈവന്നു. ഇന്ന് നിലനില്ക്കുന്ന അവസ്ഥയ്ക്കു കൂട്ടുനില്ക്കുന്നതല്ല യേശുവിശ്വാസം. സമൂഹത്തെ മാറ്റിമറിക്കുകയാണ് യേശുവിശ്വാസത്തിന്റെ കാതൽ.

4. ഈ ദരിദ്രപക്ഷത്തു നിന്നുകൊണ്ട് ബൈബിളിനെ നോക്കിക്കാണേണ്ട ബാധ്യത ഓരോ ക്രൈസ്തവന്റെയും ദൗത്യമാണ്. ഇങ്ങനെ സമൂഹത്തിന്റെ താഴേത്തട്ടിൽ നിന്നുകൊണ്ടു ദൈവവചനത്തെ നോക്കിക്കാണുകയും പുനർവ്യാഖ്യാനിക്കുകയും ചെയ്യേണ്ടതുണ്ട്. അങ്ങനെ ബൈബിൾ ഇന്നത്തെ സാമൂഹ്യയാഥാർത്ഥ്യത്തെ വിശകലനം ചെയ്യുകയും വിലയിരുത്തുകയും ചെയ്യുന്നതിൽ കാതലായ ഒരു പങ്കുവഹിക്കുക തന്നെ വേണം.

5. യേശുവിന്റെ സഭ എന്നാൽ ദരിദ്രരുടെ കൂട്ടായ്മയാണ് (Church of the

Poor). രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ 'സഭ'യെപ്പറ്റിയുള്ള പ്രമാണ രേഖയിൽ സഭയെ നിർവ്വചിക്കുന്നത് ദൈവജനം(People of God) എന്നാണ്. ഈ ജനം സമൂഹത്തിലെ ദരിദ്രരാണ്. മാത്രമല്ല, ദൈവരാജ്യം നമ്മുടെ പരിശ്രമത്തിലൂടെ, ഉദ്യമത്തിലൂടെ ഇവിടെ സാക്ഷാത്ക്കരിക്കപ്പെടേണ്ടതാണ്. ഇതൊരു ജീവിതപ്പോരാട്ടമാണ്; ഒറ്റപ്പെട്ടുള്ള-വ്യക്തിഗത പോരാട്ടം മാത്രമല്ല. സമൂഹത്തിന്റെ ആകെയുള്ള പോരാട്ടമാണത്. സാമൂഹ്യനീതിക്കും സ്വാതന്ത്ര്യത്തിനും തുല്യതയ്ക്കും സമത്വത്തിനും സാഹോദര്യത്തിനും വേണ്ടിയുള്ള പോരാട്ടം. പുതിയൊരു ലോകത്തിനും പുതിയൊരാകാശത്തിനും വേണ്ടിയുള്ള പോരാട്ടം. യഥാർത്ഥ ദൈവരാജ്യ സാക്ഷാത്ക്കാരത്തിനു വേണ്ടിയുള്ള പോരാട്ടം.

6. ഈ പുതിയ ചരിത്രത്തിന്റെ സ്രഷ്ടാക്കൾ നേരത്തേ പറഞ്ഞ ഇല്ലാത്തവർ തന്നെ; അതായത് കർത്താവിന്റെ ഭാഷയിൽ പറഞ്ഞാൽ അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും. കേരള ശാസ്ത്ര സാഹിത്യപരിഷത്തിന്റെ തെരുവുനാടകത്തിലും മറ്റും ഞാൻ പാടിയിട്ടുണ്ട്; 'താജ്മഹൾ സൃഷ്ടിച്ചതാര് ? ഷാജഹാൻ - അല്ല; തൊഴിലാളികൾ!' പക്ഷേ അതു ബോധപൂർവ്വമായിരുന്നില്ല.

ദരിദ്രരാണ്, അദ്ധ്വാനിക്കുന്നവരാണ് ചരിത്രസ്രഷ്ടാക്കൾ എന്നു മനസ്സിലായത് ഐ. എസ്. ഐ. യിലെ അടുക്കളയിലെ സഹായിയായ മുരുകേശൻ മരിച്ചപ്പോഴാണ്. ഒറ്റനോട്ടത്തിൽ ആരുടെയും ദൃഷ്ടിയിൽ മുരുകേശൻ നിഷ്പ്രഭൻ, നിസ്സാരൻ. ഐ. എസ്. ഐ. യിലെ അടുക്കളയും മറ്റും കഴുകി വൃത്തിയാക്കുന്ന വെറുമൊരു ജോലിക്കാരൻ. പക്ഷേ ഫാ. സ്റ്റാനിനു അങ്ങനെയല്ലായിരുന്നു. മുരുകേശന്റെ ശവസംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കുന്നതിനു മുമ്പും അടക്കുന്ന സ്ഥലത്തു വച്ചും തിരിച്ച് ഐ. എസ് ഐ. യിൽ വന്നിട്ടും ഫാ. സ്റ്റാനിനു പറയാൻ ഒന്നേ ഉണ്ടായിരുന്നുള്ളു - ഐ. എസ്. ഐ. യുടെ ചരിത്ര നിർമ്മിതിയിൽ മുരുകേശൻ വഹിച്ച വലിയ പങ്കിനെപ്പറ്റി. മൂന്നാം ദിവസം ഒരു അനുസ്മരണ പ്രാർത്ഥനയുണ്ടായിരുന്നു. അതിനുവേണ്ടിയുള്ള പരിചിന്തന സഹായി ഉണ്ടാക്കിയത് ഫാ. സ്റ്റാൻ ആയിരുന്നു. അതിൽ ഈ നിസ്വൻ ഐ. എസ്. ഐ. യുടെ ജീവിത ചരിത്രത്തിൽ പങ്കുചേർന്നു ചെയ്തുപോയ അനേകം സന്ദർഭങ്ങളെ അദ്ദേഹം അക്കമിട്ടു സ്മരിച്ചു. സാമാന്യജനമാണ് ചരിത്രത്തിന്റെ സ്രഷ്ടാക്കൾ എന്നു പുസ്തകത്തിൽ എഴുതുകയോ ക്ലാസ്സിൽ പഠിപ്പിക്കുകയോ അല്ല ഫാ. സ്റ്റാൻ ചെയ്തത്. താൻ പഠിപ്പിച്ചത് അവസരം വന്നപ്പോൾ ജീവിതത്തിലൂടെ ചെയ്തുകാട്ടുകയായിരുന്നു അദ്ദേഹം.

ചുരുക്കത്തിൽ ഐ. എസ്. ഐ. ജീവിതം എന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവിന് എല്ലാംകൊണ്ടും സാഹചര്യമൊരുക്കി.

# 23

## ആനയെ തോല്പിച്ച പനിനീർപുഷ്പം

**ജോസഫ് പിതാവിനു സ്വീകരണം**

ഫാ. ജോസഫ് ജി. ഫെർണാന്റസിനെ കൊല്ലം ബിഷപ്പായി റോം നാമകരണം ചെയ്തപ്പോൾ, അദ്ദേഹത്തെ അനുമോദിച്ചുകൊണ്ട് ഞാനൊരു കത്തെഴുതി. ബിഷപ്പായി അവരോധിക്കപ്പെട്ടപ്പോൾ, എല്ലാ വൈദികരും വന്നു മോതിരം മുത്തിയപ്പോൾ, ഞാൻ ചെന്നു കെട്ടിപ്പിടിച്ച് ഉമ്മ കൊടുത്തു. മോതിരം മുത്തിയില്ല. ഇതുവരെയും മുത്തിയിട്ടുമില്ല. അതേസമയം അങ്ങേയറ്റം സ്നേഹബഹുമാനങ്ങളോടെയാണ് ഞാൻ ഇടപെട്ടിട്ടുള്ളത്.

ബിഷപ്പായശേഷം ഇടവകകൾ തോറും, സ്ഥാപനങ്ങൾ തോറും ആർഭാടപരമായ സ്വീകരണങ്ങൾ. എന്റെയും ഇടവകക്കാർ, പ്രത്യേകിച്ച് ആറന്മുള ഇടവകക്കാർ, തിരുമേനിക്കു സ്വീകരണം നല്കാൻ എന്നെ നിർബന്ധിച്ചുകൊണ്ടിരുന്നു. മാരാമൺ ഇടവകയിൽ വിജയപുരം ബിഷപ്പിന് ആനപ്പുറത്തായിരുന്നു സ്വീകരണം; കൊല്ലം ബിഷപ്പിനു വലിയപെരുമ്പുഴ ഇടവകയിൽ അലങ്കരിച്ച ലോറിയിൽ കയറ്റിനിർത്തിയാണ് സ്വീകരണം. നമ്മുടേതു ഇവയേക്കാൾ ഗംഭീരമാക്കണം. ഞാൻ ബിഷപ്പുമായി ബന്ധപ്പെട്ടു. അദ്ദേഹം വരാമെന്നേറ്റു. ഒരു ദിവസം തീരുമാനിച്ചു.

പൊതുയോഗത്തിൽ ബിഷപ്പിന്റെ സ്വീകരണം അജണ്ട. ധാരാളം അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വന്നു. എല്ലാവരും ഒരഭിപ്രായത്തിൽ യോജിച്ചു. നമ്മുടേതു മറ്റുള്ളവർ നല്കിയിട്ടുള്ള സ്വീകരണത്തേക്കാൾ വ്യത്യസ്തവും ഗംഭീരവും ഭംഗിയുള്ളതുമായിരിക്കണം. തുടർന്ന് എന്തായിരിക്കണം ഈ വ്യത്യാസം എന്നു ചർച്ചയായി. പല അഭിപ്രായങ്ങളും വന്നു.

ആറന്മുളയിലെ മൂപ്പൻ കണ്ടത്തിൽ ജോണി എന്നോടു ചോദിച്ചു, അച്ചനഭിപ്രായമൊന്നുമില്ലേ എന്ന്. അതൊരവസരമായി എടുത്ത് അവർ മുന്നോട്ടുവച്ച ഗംഭീരമാക്കുന്ന നിർദ്ദേശങ്ങൾ തീർത്തും സുവിശേഷവിരുദ്ധവും യേശുവിരുദ്ധവുമാണെന്നും ലോകരെ കാണിക്കാൻവേണ്ടി മാത്രമുള്ളതാണെന്നും യുക്തിയുക്തം ഞാൻ വിശദീകരിച്ചു. തുടർന്ന് എന്റെ നിർദ്ദേശം ഏതാണ്ടിങ്ങനെ മുന്നോട്ടുവച്ചു: ഇടവകക്കാർ എല്ലാവരും റോഡിൽ നിന്നു പള്ളിയിലേ

യ്ക്കുള്ള പടികളിൽ നിറഞ്ഞുനില്ക്കുക. ബിഷപ്പ് കാറിൽ നിന്നിറങ്ങുമ്പോൾ ഞാൻ ഒരു നല്ല പുഷ്പം തിരുമേനിയുടെ കയ്യിൽ ഏല്പിച്ചിട്ട് എല്ലാവരും ഒരേ സ്വരത്തിൽ 'ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ' എന്നു പറയുക. തുടർന്ന് 'ഓശാന ഈശനു സതതം' എന്ന ഗാനം എല്ലാവരും കൂടെ ഉച്ചത്തിൽ പാടി പള്ളിയിലേയ്ക്കു പ്രവേശിക്കുക. ബിഷപ്പ് ഏറ്റം അവസാനം നമ്മുടെ കൂടെ വന്നു പള്ളിയിൽ കയറും. കുർബ്ബാനയിൽ എല്ലാവരും സജീവമായി ഉത്തരങ്ങൾ പറയുക, പാട്ടുകൾ പാടുക, മുതിർന്ന എല്ലാവരും കുർബാന സ്വീകരിക്കുക. ഇങ്ങനെയാണെങ്കിൽ മറ്റുള്ളവരുടേതിൽ നിന്നു വ്യത്യസ്തമായിരിക്കും, ഗംഭീരമായിരിക്കും, ഭംഗിയായിരിക്കും, സുവിശേഷചൈതന്യത്തിനു യോജിച്ചതായിരിക്കും.

കുറച്ചു സമയം ആരും ഒന്നും മിണ്ടിയില്ല. നിശബ്ദത ഭേദിച്ചുകൊണ്ട് വേലംപറമ്പിൽ ലോറൻസ് പറഞ്ഞു - അച്ചന്റെ നിർദ്ദേശത്തോടു ഞാൻ യോജിക്കുന്നു. ഇത് എല്ലാം കൊണ്ടും ഹൃദയഹാരിയായ സ്വീകരണമായിരിക്കും. സ്ത്രീസംഘപ്രവർത്തകരും ഇതിനോടു യോജിച്ചു പറഞ്ഞു. പടക്കവും വെടിയും വേണം, സ്വീകരണം അല്പം കൂടി ദൂരെ നിന്നു വേണം, ബാന്റ് വേണം എന്നൊക്കെ ചിലർ പറഞ്ഞെങ്കിലും മിക്കവരും എന്റെ നിർദ്ദേശത്തോട് ഉറച്ചു നിന്നു. അവസാനം കുറച്ചു മാലപ്പടക്കമെങ്കിലും കത്തിക്കണമെന്ന് അഭിപ്രായം വന്നു. അതിന്റെയും ആവശ്യമില്ല എന്നു തീരുമാനിച്ചു.

നിശ്ചയിച്ച ദിവസം കൃത്യസമയത്തു തന്നെ ബിഷപ് ജോസഫ് എത്തി. ഞാൻ പൂവ് കൊടുത്തു. എല്ലാവരും സ്തുതി പറഞ്ഞു. ഓശാന പാടി നീങ്ങി. സജീവമായി കുർബ്ബാനയിൽ പങ്കെടുത്തു. ഇലവുംതിട്ടയിലും കോട്ടയിലും കൈപ്പുഴയിലും ഏതാണ്ട് ഇതുപോലെ തന്നെ നടന്നു. പുഷ്പം നല്കിയത് ഞാനല്ല - ഇലവുംതിട്ടയിൽ ഒരു കൊച്ചു പെൺകുട്ടി, കോട്ടയിൽ ഏറ്റവും മൂത്ത മൂപ്പൻ, കൈപ്പുഴയിൽ ഏറ്റവും പ്രായം കൂടിയ സ്ത്രീ. ബാക്കിയൊക്കെത്തന്നെ ആറന്മുളയിലേതു പോലെ ആയിരുന്നു. ബിഷപ് പിന്നെ പല സ്ഥലങ്ങളിലും പ്രസംഗിച്ചപ്പോൾ ആറന്മുളയിലെ ഹൃദ്യമായ സ്വീകരണത്തെപ്പറ്റിയും ആരാധനാക്രമത്തിന്റെ സജീവതയെപ്പറ്റിയും വളരെ അഭിനന്ദിച്ചു സംസാരിച്ചിട്ടുണ്ട്. വാടിയിൽ കുർബ്ബാനയ്ക്കു മറുപടി സജീവമല്ലാഞ്ഞിടത്ത്, ആരാധനാക്രമത്തിന്റെ സജീവത എന്തെന്ന് ആറന്മുളയിൽ പോയി പഠിക്കൂ എന്നുവരെ ബിഷപ്പ് പറഞ്ഞിട്ടുണ്ട്.

# 24

## മനം നോവിക്കുന്ന ഒസ്യത്ത്

**ചാത്തൻ പുല്ലൻ വേലത്താനോടു കാട്ടിയ നീതികേട്**

ഫാ. സ്റ്റാനുമായുള്ള ബന്ധത്തിൽ എനിക്ക് ഒരുപാടു കാര്യങ്ങൾ പങ്കുവെയ്ക്കാനുണ്ട്. അതിലേയ്ക്കു തുനിയുന്നില്ല. എങ്കിലും എന്റെ മനസ്സാക്ഷിയുടെ മുമ്പിൽ എന്നെ ഇന്നും വേദനിപ്പിക്കുന്നതിനു സാഹചര്യമൊരുക്കിയ ഒരു സംഭവം പങ്കുവെയ്ക്കട്ടെ. തമിഴ്നാട്ടിലെ സാമാന്യം പണമുള്ള ഒരു മധ്യവർഗ്ഗ കുടുംബത്തിലെ അംഗമാണ് ഫാ. സ്റ്റാൻ. രണ്ട് ആൺമക്കളേയുള്ളു എന്നാണ് എന്റെ ഓർമ്മ. നല്ല ഭൂസ്വത്തുണ്ട്. അവരുടെ ഭൂമിയിൽ ജോലി ചെയ്യാൻ സ്ഥിരമായി ഒരു തൊഴിലാളി വരുമായിരുന്നു. അവരുടെ ഭൂമിയിൽ സ്വർണ്ണം വിളയിച്ചത് അദ്ദേഹമാണ്. അവരുടെ കുടുംബവസ്തു മക്കൾക്കു വിഭജിക്കുന്നതിനു മാതാപിതാക്കൾ പ്ലാനിട്ടു. രണ്ടു മക്കൾക്കും ഒരുപോലെ കൊടുക്കാൻ അവർ തീരുമാനിക്കുന്നതായി ഫാ. സ്റ്റാനിനെ അറിയിച്ചു. ഫാ. സ്റ്റാൻ ഇതറിഞ്ഞപ്പോൾ ഒരാഴ്ച അവധിയെടുത്തു വീട്ടിൽ പോയി. സ്റ്റാനിന്റെ വാദം വസ്തു മൂന്നു സമഭാഗങ്ങളായി വിഭജിക്കണം - രണ്ടു മക്കൾക്കും ഭൂമിയിൽ ജോലിചെയ്തുകൊണ്ടിരിക്കുന്ന ജോലിക്കാരനും. സഹോദരൻ ഒരു കാരണവശാലും ഇതിനു സമ്മതിക്കില്ല എന്നായി. ജോലിക്കാരനു ഭൂമിയുടെ ഭാഗം അവകാശമായി (ദാനമായോ, ഔദാര്യമായോ അല്ല) കൊടുക്കണമെന്നു ഫാ. സ്റ്റാൻ കർശനമായി വാദിച്ചു. ഒരു തീരുമാനത്തിലെത്താൻ പറ്റുന്നില്ല. ദിവസങ്ങൾ ഒന്ന്, രണ്ട്, മൂന്ന് ... അങ്ങനെ നീണ്ടു. 'ജോലിക്കാരനെ എന്റെ തുല്യനാക്കാനോ ... ഒരിക്കലും ഞാൻ സമ്മതിക്കില്ല' ഇതായിരുന്നു സ്റ്റാനിന്റെ സഹോദരന്റെ നിലപാട്. അവസാനം ഇങ്ങനെ മൂന്നു പേരെയും അംഗീകരിച്ചുകൊണ്ടു തുല്യമായി ഭാഗിക്കാൻ തയ്യാറല്ലെങ്കിൽ സ്റ്റാൻ തന്റെ തീരുമാനം അറിയിച്ചു: 'ഭൂമി രണ്ടായി ഭാഗിക്കുക; എന്റെ വിഹിതം (50%) മുഴുവനും ജോലിക്കാരനു കൊടുക്കുന്നു.' ധാരാളം എതിർപ്പുണ്ടായിട്ടും തന്റെ ചരിത്ര ധർമ്മമാണതെന്ന നിലപാടിൽ സ്റ്റാൻ അതു ചെയ്തു. ഇതോർക്കുമ്പോൾ സ്റ്റാനിനെപ്പറ്റി എന്തൊരഭിമാനമാണ് അനുഭവപ്പെടുക.

ഈ അനുഭവസാക്ഷ്യത്തിന്റെ വെളിച്ചത്തിൽ എനിക്കുണ്ടാകുന്ന മനഃസാ

ക്ഷിക്കുത്ത് ഞങ്ങളുടെ വീട്ടിലെ സ്വത്തുവിഭജനത്തെപ്പറ്റി ഓർക്കുമ്പോഴാണ്. സ്റ്റാൻ അന്നു തന്റെ കഥ പറയും വരെ എന്റെ ഉത്തമബോധ്യം വീട്ടിൽ അപ്പാപ്പൻ തന്റെ സ്വത്തു വിഭജിച്ചപ്പോൾ, ബന്ധപ്പെട്ട ചിലർക്ക് അഭിപ്രായവ്യത്യാസമുണ്ടെങ്കിലും, 'സാമാന്യരീതിക്കുമപ്പുറം' ന്യായമായിട്ടാണു വിഭജനം നടത്തിയത് എന്നായിരുന്നു. 'സാമാന്യനീതിക്കപ്പുറം' എന്നു പറയാൻ കാരണം, വളരെയേറെ സ്ത്രീധനം കൊടുത്തു വളരെ വർഷങ്ങൾക്കു മുമ്പ് കെട്ടിച്ചയച്ച രണ്ടു പെങ്ങന്മാർക്കും വീട്ടിലെ പറമ്പിൽ വർഷങ്ങളായി ജോലി ചെയ്തിരുന്ന പ്രായമായ ചാത്തൻ പുല്ലൻ വേലത്താൻ എന്നു ഞങ്ങളൊക്കെ സ്നേഹത്തോടെ വിളിച്ചിരുന്നയാൾക്കും സ്വത്തിന്റെ ചെറിയൊരു വിഹിതം ഭൂമിയായോ പണമായോ കൊടുക്കാൻ പ്രമാണത്തിൽ എഴുതിവച്ചിരുന്നു എന്നുള്ളതു കൊണ്ടാണ്. അത് അവർക്കു നിശ്ചയിച്ച സമയത്തു തന്നെ കൊടുക്കുകയും ചെയ്തു. സ്റ്റാനിന്റെ അനുഭവകഥ കേട്ടശേഷം, ചാത്തൻ പുല്ലൻ വേലത്താന് കുറച്ചു പൈസാ കൊടുത്ത് തീർക്കാൻ പറ്റുന്ന ഒന്നല്ലായിരുന്നു ഞങ്ങളുടെ ഉത്തരവാദിത്തം എന്ന ബോദ്ധ്യം എന്നെ വല്ലാതെ ഇന്നും അലട്ടുന്നു. ഇന്ന് അദ്ദേഹമില്ല. അദ്ദേഹത്തിന്റെ മക്കളും മക്കളുടെ മക്കളും ഒക്കെയായി; മാത്രമല്ല, പലരും ഉദ്യോഗസ്ഥരും; വീടും സ്ഥലവും മറ്റും സ്വന്തമായി ഉള്ളവരും. ചാത്തൻ പുല്ലൻ വേലത്താൻ ഞങ്ങളുടെ പറമ്പ് സമയാസമയങ്ങളിൽ കൃത്യമായി വന്നു ഫലഭൂയിഷ്ഠമാക്കിയിട്ടുണ്ട് എന്നു മാത്രമല്ല, ഞങ്ങൾക്ക് അദ്ദേഹത്തിന്റെ സ്നേഹം വാരിക്കോരി തന്നിട്ടുമുണ്ട്. ഞാൻ കരഞ്ഞുകൊണ്ടു മർക്കടമുഷ്ടി കാണിച്ച് അമ്മാമ്മയെ വിഷമിപ്പിക്കുമ്പോൾ, എന്നെ വാരിയെടുത്തുകൊണ്ടുപോയി കളിപ്പിച്ച് സ്നേഹിച്ചു തൃപ്തനാക്കിയ ഒരവസരമെങ്കിലും ഞാൻ നല്ലതുപോലെ ഓർക്കുന്നു. എന്റെ മൂത്തവർക്ക് എന്തുമാത്രം സ്നേഹം കിട്ടിക്കാണും. അദ്ദേഹത്തോടുള്ള നമ്മുടെ കടമ നിർവ്വഹിക്കുന്നതിന്റെ ഭാഗമായി എന്തെങ്കിലും 'ലാസ്റ്റ് വില്ലി'ൽ ഉണ്ടാകണമെന്ന് അപ്പാപ്പനോടു പറഞ്ഞത് ഞാനാണ്; വസ്തുവിനെക്കാൾ കുറച്ചു പൈസാ മതിയെന്നു നിർദ്ദേശിച്ചതും. അപ്പാപ്പൻ പൈസ കൊടുക്കാൻ തീരുമാനിച്ചു. അണ്ണാണ്ണനെ ചുമതലപ്പെടുത്തി. എന്തോ വലിയൊരു കാര്യം ചെയ്തെന്ന തൃപ്തിയായിരുന്നു അന്നു എനിക്കുണ്ടായിരുന്നത്. ഇന്ന് എന്റെ നീതികേടിനെ ഓർത്തു മനം നോവുന്നു.

# 25

## ദരിദ്രരുടെ സ്വന്തം അൾത്താര

**ഇലവുംതിട്ടയിലെ യുവജനസംഘം**

ഏത് ഇടവകയിലായാലും യുവജനങ്ങളോടൊരു പ്രത്യേക കരുതൽ എനിക്ക് എപ്പോഴുമുണ്ടായിരുന്നു. പക്ഷേ ഇലവുംതിട്ടയെപ്പറ്റി ഓർക്കുമ്പോൾ എല്ലാ സ്ഥലത്തെയും യുവാക്കളെപ്പോലെ പറഞ്ഞുപോകാൻ പറ്റില്ല. ഇലവുംതിട്ടയിലായിരുന്നപ്പോഴാണ് അവിടെ ഒത്തിയേറെ സാമൂഹ്യപ്രവർത്തനങ്ങൾ ചെയ്തത്. QSSS ൽ നിന്നു കുറച്ചു പൈസ വാങ്ങി കുറച്ചുപേർക്ക് കൊടുത്തുമാറുകയല്ലായിരുന്നു ഞങ്ങൾ ചെയ്തത്. ആർക്കു സഹായം ചെയ്യണമെന്ന് അപേക്ഷകൾ വിലയിരുത്തി പൊതുയോഗത്തിൽത്തന്നെയാണ് നിശ്ചയിക്കുക. എല്ലാം സുതാര്യതയോടെയാണ് നടപ്പിലാക്കിയത്. ഉദാഹരണത്തിന് ഒരാൾക്കു വീടുവെയ്ക്കുന്നതിനു സഹായിക്കാൻ തീരുമാനിച്ചാൽ, വീട്ടുകാർ റബിളോ വെട്ടുകല്ലോ മണലോ മറ്റെന്തെങ്കിലുമോ ഇറക്കിയിട്ട് ഇലവുംതിട്ട യുവജനസംഘത്തെ അറിയിക്കും. വൈകിട്ടു ഞങ്ങളെല്ലാവരും ചെന്ന് ഈ സാധനങ്ങൾ അവരുടെ വീടുവെയ്ക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെത്തിക്കും. ഇതു ശ്രമദാനമായിട്ടാണ് ചെയ്യുന്നത്. അവർ തരുന്ന കപ്പയും കട്ടൻകാപ്പിയും കഴിക്കും. ഇങ്ങനെ ഇലവുംതിട്ടയിൽ പണിത ഇരുപതിലേറെ വീടുകൾക്കും ഇവരുടെ അദ്ധ്വാനം വീണിട്ടുണ്ട്. ഇതു ചെയ്യുന്നത് എന്തു തൃപ്തിയോടുകൂടിയാണെന്നോ? പാപ്പച്ചൻ, സ്റ്റീഫൻ, ജോസഫ്, തങ്കച്ചൻ, ജോണി ഇങ്ങനെ ഒരു ഡസൻ ചെറുപ്പക്കാർ. സ്വയം മറന്നു മറ്റുള്ളവരെ സ്നേഹിക്കുക എന്ന വലിയ പാഠം അവർ എന്നെ നിരന്തരം പഠിപ്പിക്കുകയായിരുന്നു, അവരുടെ സ്വന്തം ജീവിതത്തിലൂടെ.

•

**പലിശ മാഫിയായ്ക്കെതിരെ**

എന്റെ വൈദികജീവിതത്തിന്റെ തുടക്കംമുതൽ സിംഹഭാഗവും പ്രവർത്തിച്ചിരുന്നത് ദലിത് ക്രൈസ്തവസമൂഹത്തിന്റെ കൂടെയായിരുന്നു. അവർ സാമ്പത്തികമായും സാംസ്കാരികമായും സാമൂഹ്യമായും പുറംതള്ളപ്പെട്ട ജനതയായിരുന്നു. അതുകൊണ്ട് എവിടെച്ചെന്നാലും വളരെ താമസിയാതെ തുട

ക്കംകുറിക്കുന്ന ഒരു കാര്യമായിരുന്നു ലഘുനിക്ഷേപപദ്ധതി. അതു ചിലപ്പോൾ ഓർക്കാപ്പുറത്ത് അത്യാവശ്യസമയത്ത് സഹായമായി വന്നിട്ടുണ്ടു താനും.

എന്നാൽ ആറന്മുള സെന്റ് സെബാസ്റ്റ്യൻ ലഘുനിക്ഷേപപദ്ധതിയുടെ ചരിത്രമതല്ല. ആറന്മുള ഇടവകയിലെ ജനം പല സ്ഥലങ്ങളിൽ നിന്നും വന്നു അവിടെ താമസമാക്കിയവരാണ്. അതുകൊണ്ടുതന്നെ പല ജോലികളാണുള്ളത്. മിക്കവരും കൂലിവേലക്കാർ. വിരലിലെണ്ണാവുന്നവർ അദ്ധ്യാപകർ. ഉന്നത ഉദ്യോഗമുള്ള ആരുമില്ലവിടെ. കോഴഞ്ചേരിക്കു വെറും രണ്ടു കിലോമീറ്റർ. കോഴഞ്ചേരിയാണു മുഖ്യ ബിസിനസ് കേന്ദ്രം. അവിടെത്തന്നെയാണ് ചന്തയും. ആഴ്ചയിൽ രണ്ടു ദിവസം - ചൊവ്വയും വെള്ളിയും. ആറന്മുളയിലെ പലർക്കും കോഴഞ്ചേരി ചന്തയിൽ മീൻകച്ചവടമുണ്ട്. പണമുള്ളവൻ ലോറിയിൽ മീൻ എത്തിക്കും. ഇവർ കുറേശ്ശേ വാങ്ങി ചന്തയിൽ വെച്ചു വ്യക്തികൾക്കു വില്ക്കും. അതുപോലെ മറ്റു സാധനങ്ങളും. ഇങ്ങനെ മീൻ വാങ്ങാൻ പോലും അവരുടെ പക്കൽ പണം കാണുകയില്ല. അവർ പണം പലിശയ്ക്കെടുക്കും. കോഴഞ്ചേരി ചന്തയിൽ പണവുമായി ആളുകൾ വന്നു നില്ക്കും. ഒരു ചന്തയ്ക്കാണു പലിശ. അതായത് മൂന്നു ദിവസത്തേയ്ക്ക്. 100 രൂപയ്ക്ക് 5 രൂപ മുതൽ 10 രൂപ വരെ പലിശ വാങ്ങിയിരുന്നു. ഈ ചന്തയ്ക്കു 100 രൂപ കടമെടുത്താൽ, 5 രൂപ പലിശയെടുത്തിട്ട് 95 രൂപയേ കൊടുക്കൂ; അടുത്ത ചന്തയ്ക്കു 100 രൂപ തിരികെ കൊടുക്കണം. എന്നിട്ടും പാവപ്പെട്ട ഈ ജനം ഇതു വലിയൊരു സഹായമായി കണ്ട് നിരന്തരം പണം പലിശയ്ക്കെടുത്ത് അവരുടെ നിത്യജീവിതം തള്ളിനീക്കിപ്പോന്നു.

100 രൂപയ്ക്ക് 5 രൂപ പലിശ ആണെങ്കിൽ, ആഴ്ചയിൽ 10, മാസം 40, വർഷം 520. എന്തൊരു ഭീമമായ പലിശനിരക്ക്. ഈ വലിയ തിന്മ ഇവർ കാണുന്നില്ലായിരുന്നു. മാത്രമല്ല, ഇങ്ങനെയല്ലാത്ത പൈസയെടുക്കാൻ മറ്റു മാർഗ്ഗങ്ങളും അവർ കണ്ടിരുന്നില്ല.

ആറന്മുളയിൽ ഞാൻ ചാർജ്ജെടുത്ത് ഈ പ്രശ്നം അതിന്റെ രൂക്ഷതയിൽ മനസ്സിലായപ്പോൾ, മാടമ്പിമലയിൽ ജോർജ്ജ്, വേലംപറമ്പിൽ ലോറൻസ്, കണ്ടത്തിൽ ജോണി, കണ്ടത്തിൽ മത്തായി, മാടമ്പിൽ രാജു ഉൾപ്പെട കുറച്ചു പേർ പള്ളിമേടയിൽ കൂടി ഈ സാമൂഹികതിന്മയെപ്പറ്റി ഞങ്ങൾ ചർച്ച ചെയ്തു. നമുക്കെന്തെങ്കിലും പ്രായോഗികമാർഗ്ഗമുണ്ടോ ഈ പാവപ്പെട്ട ജനത്തെ, ഈ ക്രൂരമായ പലിശമാഫിയയിൽ നിന്നു മോചിപ്പിക്കാൻ എന്ന ചിന്തയായി. അതിന്റെ വെളിച്ചത്തിൽ രൂപംകൊണ്ട, വിമോചനപദ്ധതിയാണ് സെന്റ് സെബാസ്റ്റ്യൻ ലഘുനിക്ഷേപപദ്ധതി.

പദ്ധതിയുടെ ചുരുക്കമിതാണ്. ഒരു ഷെയറിന്റെ മൂല്യം ഒരു രൂപ. ആഴ്ചതോറും ഓരോരുത്തർക്കും മുടങ്ങാതെ എടുക്കാവുന്ന ഷെയറുകൾ നിശ്ചയിക്കുക. എല്ലാ ഞായറാഴ്ചയും ഇതു ശേഖരിക്കുക. ആകെ എത്ര ഷെയ

റുണ്ടോ അത്രയും രൂപാ ആഴ്ചയിൽ ഉണ്ടാകും. ആ തുക ആവശ്യക്കാർക്ക് ഷെയറുള്ളവരുടെ കൂട്ടുജാമ്യത്തിൽ 24% പലിശ (100 രൂപയ്ക്ക് മാസം 2 രൂപ) പലിശയ്ക്കു കൊടുക്കുക. ആഴ്ചതോറും കൃത്യമായി ഷെയർ അടയ്ക്കാത്ത വർക്കു ചെറിയ ശിക്ഷ - ആഴ്ചയിൽ ഒരു ഷെയറിനു 5 പൈസ. രണ്ടു വർഷ ത്തേയ്ക്കാണീ പദ്ധതി. ഇടയ്ക്കുവച്ചു മുടങ്ങിയാൽ വച്ച പൈസ മാത്രം കിട്ടും. അവസാനം വരെ കൃത്യമായി അടച്ചവർക്ക് ഒരു ഷെയറിനു എത്ര പലിശ എന്നു കണക്കാക്കി പലിശയുടെ 50%, 25% ഇക്കാര്യം ഉത്തരവാദിത്വത്തോടെ നടത്തുന്ന സെക്രട്ടറിക്ക്, 25% പൊതുനന്മയ്ക്കു വേണ്ടി. മാടമ്പിമലയിൽ ശ്രീ. ജോർജ് സെക്രട്ടറിയും ഞാൻ പ്രസിഡന്റും. മാസത്തിലൊരിക്കൽ കമ്മിറ്റിക്കാർ ഓഡിറ്റുചെയ്ത് എല്ലാം ശരിയാണോ എന്നു തിട്ടപ്പെട്ടിരിക്കണം.

ആദ്യത്തെ തവണയിലെ പദ്ധതിയിൽ ഏതാണ്ടു 2500 ഷെയർ ഉണ്ടായിരുന്നു. അതായത് 2500 രൂപ ആഴ്ചയിൽ കടംകൊടുക്കാമായിരുന്നു. രണ്ടു വർഷം കൊണ്ടു 2,60,000 രൂപയുടെ ഷെയറും പലിശയിനത്തിൽ ഏതാണ്ടു 35,000 രൂപയും കിട്ടി. ഒരു ഷെയറിനു 14 രൂപ പലിശ. പലിശയുടെ 50% വും മൂലധനവും ആളുകൾക്കു വീതിച്ചുകൊടുത്തു. 25% പലിശ സെക്രട്ടറിക്കും കൊടുത്തു. 25% പലിശ പൊതുകാര്യത്തിനു വേണ്ടിയാണ്. എന്തായിരിക്കണമെന്നുള്ള ചർച്ചയിൽ, പള്ളിക്കു തടികൊണ്ടുള്ള നല്ല പ്രതീകാത്മകമായ അൾത്താര ഉണ്ടാക്കാമെന്നു എല്ലാവരും തീരുമാനിച്ചു. ഇന്ന് ആറന്മുള പള്ളിയിൽ കിടക്കുന്ന മനോഹരമായ അൾത്താര ഇങ്ങനെ പാവപ്പെട്ട ജനത്തിന്റെ ചില്ലിക്കാശിന്റെ മൂല്യമാണ്.

ഈ പദ്ധതി കോഴഞ്ചേരിയിലെ പലിശമാഫിയയ്ക്കു കടുത്തൊരു പ്രഹരമായി. രണ്ടാമത്തെ പദ്ധതി വീണ്ടും ആരംഭിച്ചു. ആളുകൾക്കാവേശമായി. ആഴ്ചയിൽ 10,000 ഏറെ ഷെയറുകൾ. ആഴ്ചയിൽ 10,000 രൂപ പലിശയ്ക്കു കൊടുക്കാം. മാസം 40,000 രൂപാ കൊച്ചൊരു ഗ്രാമത്തിൽ. ഏതാണ്ടു 10 ലക്ഷത്തിലേറെയാണ് രണ്ടു വർഷത്തെ മൂലധനം. ഇപ്പോൾ കടമെടുക്കുന്നത് കോഴഞ്ചേരിയിലെ പലിശക്കാരെ തുരത്താൻ വേണ്ടി മാത്രമല്ല. ജീവിതത്തിലെ നാനാവിധ ആവശ്യങ്ങൾക്കായി - ഗൾഫിൽ പോകാൻ, വസ്തു വാങ്ങാൻ, വീടുവെയ്ക്കാൻ, മകളുടെ കല്യാണത്തിനു, അങ്ങനെ .... 200, 500, 1000 പോലെയുള്ള ചെറിയ തുകയല്ല. 5,000, 10,000, 25,000 ഒക്കെ വരുന്ന വലിയ തുകകൾ. ബാങ്ക് നിയമത്തിന്റെ നൂലാമാലകളില്ല. ആകെ എടുക്കുന്ന പൈസായ്ക്കു ഈടു വരത്തക്ക രീതിയിൽ മറ്റു ഷെയറുകാരുടെ കൂട്ടുത്തരവാദിത്വത്തിലുള്ള വെറും വെള്ളപ്പേപ്പറിൽ എഴുതിയൊപ്പിട്ട ജാമ്യം. ആളുകളുടെ ആവശ്യങ്ങൾക്കു തകുന്ന പദ്ധതിയാണെന്നു കണ്ടു ജനം വളരെ നല്ല രീതിയിൽ സഹകരിച്ചു; ഇന്നും ജനത്തിന്റെ ഉത്തരവാദിത്വത്തിൽ പദ്ധതി തുടരുന്നു.

# 26

# മന്ത്രവാദിയും കുട്ടിപ്പിശാചും അച്ചനും

**മദ്യവും മല്ലപ്പുഴശ്ശേരി മലയും**

ആറന്മുള പള്ളിയും കുറച്ചേറെ ഇടവകക്കാരും മല്ലപ്പുഴശ്ശേരി മലയിലാണ്. 'ആറന്മുളക്കാർ പൊതുവേ വലിയ മദ്യപാനികളാണ്; ഒരു സ്വസ്ഥതയും തരില്ല' എന്നു പറഞ്ഞു പല വൈദികർക്കും അവിടെ വരാൻ താല്പര്യമില്ലാത്ത രീതിയിൽ അച്ചന്മാരുടെ ഇടയിൽ സംസാരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. ആറന്മുളയിൽ വന്നപ്പോൾ ഞാൻ ആദ്യം ചെയ്തത് മാടമ്പിമലയിൽ തോമാച്ചനുമായി എല്ലാ വീടും സ്വസ്ഥമായി സന്ദർശിക്കുകയും ഓരോ കുടുംബത്തിന്റെയും പ്രശ്നങ്ങൾ എടുത്തുപറഞ്ഞുകൊണ്ടു പ്രാർത്ഥിക്കുകയുമാണ്. ഈ പ്രക്രിയ ആളുകൾക്കു എന്നിൽ നല്ല വിശ്വാസമുണ്ടാക്കി. തുടർന്നു ചെയ്തത് വിശദമായ ഒരു സർവ്വേ ആണ്. തികച്ചും ശാസ്ത്രീയവും വസ്തുനിഷ്ഠവുമായ സർവ്വേ.

ഈ സർവ്വേയിൽ പ്രത്യേകം പഠിച്ച ഒരു വിഷയം മദ്യപാനമാണ്. ആദ്യം തന്നെ വിശ്വാസം ആർജ്ജിച്ചതുകൊണ്ട്, സ്നേഹപൂർവ്വമായ ഇടപെടലിലൂടെ സത്യം പൊതുവേ മനസ്സിലാക്കാൻ സാധിച്ചു. 288 കുടുംബങ്ങളുള്ള ആറന്മുളയിൽ ഏതാണ്ട് 200 വീട്ടിലെ പുരുഷന്മാരും വല്ലപ്പോഴുമൊക്കെ മദ്യപിക്കും. മിക്കവരും പെരുന്നാളിനോടനുബന്ധിച്ചു വീട്ടിൽ വച്ചു തന്നെ. പത്തുപന്ത്രണ്ടു വ്യക്തികളേ സ്ഥിരം കുടിക്കാറുള്ളു. അവർ കോഴഞ്ചേരിയിൽ നിന്നോ മറ്റോ കുടിച്ചിട്ട് ശാന്തരായി പള്ളിയുടെ പരിസരത്തു വരെ എത്തും. പിന്നെ നമ്മുടെ ആളുകളാണ്; പടി കയറിക്കഴിഞ്ഞാൽ മലമുകളിലെ പള്ളിയങ്കണമായി. ഉശിരോടെ സംസാരിക്കാനും തെറിവിളിക്കാനും വെല്ലുവിളിക്കാനും ചിലപ്പോഴൊക്കെ ഏറ്റുമുട്ടാനും പറ്റുന്ന പൊതുസ്ഥലം. കുടിക്കാത്തപ്പോൾ കണ്ടാൽ ഈ 12 പേരും വളരെ സ്നേഹസമ്പന്നർ.

288 കുടുംബങ്ങളിൽ ഏതാണ്ട് 1800 വ്യക്തികളുള്ള ഇടവകയിൽ, പത്തുപന്ത്രണ്ടു പേർ മാത്രം കുടിച്ച് അല്പം ബഹളമുണ്ടാക്കുമ്പോൾ ആറന്മുളക്കാർ വല്യ മദ്യപാനികളാണെന്ന് എങ്ങനെ പറയാൻ പറ്റും ? ഈ സംസാരം മാറ്റിമറിക്കണമെന്നു ഞാൻ നിശ്ചയിച്ചു. ഞാൻ ഈ വ്യക്തികളെ പലവട്ടം നേരിൽക്കണ്ടു

സംസാരിച്ചു. കാര്യങ്ങൾ പറയുമ്പോൾ, മദ്യത്തിന്റെ ദോഷവശങ്ങളെപ്പറ്റി കാര്യമായി അറിയാവുന്നവരും സംസാരിക്കാൻ കഴിവുള്ളവരും ഇവരാണ്. പിന്നെയും വൈകിട്ടു ജോലി കഴിഞ്ഞു വരുമ്പോൾ തഥൈവ. തുടങ്ങിവച്ച പ്രക്രിയ തുടർന്നു. ചിലരിലൊക്കെ മാറ്റങ്ങൾ വന്നു. ചിലർ ഞാൻ ആറന്മുളയിൽ താമസിക്കുന്ന ദിവസം കുടിച്ചു ബഹളമുണ്ടാക്കില്ല. ഇല്ലാത്ത ദിവസം കൃത്യമായി മനസ്സിലാക്കിയിട്ടു ബഹളംവെയ്ക്കും. എങ്കിലും ഒത്തിരി വ്യതിയാനം ഉണ്ടായതിൽ ഞാൻ സന്തോഷിച്ചു.

ഒരു സംഭവം കൂടി. ഈ പത്തുപന്ത്രണ്ടു പേരിൽ രണ്ടുപേർ മാറ്റം വരുത്തിയില്ലെന്നു മാത്രമല്ല, ഞാനുള്ളപ്പോഴാണ് ബഹളം കൂടുതൽ; സംസാരത്തിനിടയിൽ എന്നെപ്പറ്റി അപവാദവും പറയും. പള്ളിമേടയുടെ അടുത്തെത്തിയാൽ യാത്രയുടെ സ്പീഡ് തീർത്തും കുറയ്ക്കും. അങ്ങോട്ടുമിങ്ങോട്ടും മറിഞ്ഞും തിരിഞ്ഞും തെറിയും ബഹളവും. അവസാനം വീട്ടുകാർ വന്നു നിർബന്ധിച്ചു വിളിച്ചുകൊണ്ടുപോകും. പിറ്റേന്നു രാവിലെ വീട്ടിൽ നിന്ന് ഇറങ്ങുന്ന വഴിക്കു തന്നെ പള്ളിമേടയിൽ കയറി എനിക്കു സ്തുതിപറഞ്ഞിട്ടേ പോകുകയുള്ളു.

ഒരു ദിവസം ഞാൻ ടേപ്റിക്കാർഡർ ശരിയാക്കിവച്ചിട്ടു മറ്റു കാര്യങ്ങളിൽ വ്യാപൃതനായിരിക്കെ രാത്രി ഏതാണ്ടു ഒൻപതര പത്തു മണിയോടെ, പുഴുത്ത തെറിയും വിളിച്ചുകൊണ്ട് അവരിലൊരാൾ പള്ളിയങ്കണത്തിലെത്തി. പള്ളിമേടയുടെ അടുത്തെത്തിയതോടെ സംസാരശക്തി വർദ്ധിച്ചു. ഞാൻ ടേപ്പിന്റെ റിക്കാർഡിംഗ് ബട്ടൺ ഓൺ ചെയ്തതിനു ശേഷം അദ്ദേഹത്തോടു വീട്ടിൽ പോകാൻ പറഞ്ഞു. 'ഇതു പള്ളിവസ്തു. ഇതു ഞങ്ങളുടെ സ്ഥലം. ഇവിടെ നിന്നു പോകാൻ പറയാൻ നീ ആര്?' എന്നും മറ്റുമുള്ള സംസാരവും അസഭ്യം പറയലും. ആളുകൾ വന്നു വിളിച്ചുകൊണ്ടുപോകാൻ ശ്രമിച്ചു. അതിനു തെറിയായിരുന്നു മറുപടി. ഏതാണ്ട് ഒരു മണിക്കൂറെടുത്തു അദ്ദേഹത്തെ വീട്ടിലെത്തിക്കാൻ. പിറ്റേന്നു രാവിലെ സ്ഥിരം രീതിയിൽ പള്ളിമേടയിൽ കയറി സ്തുതി പറയാൻ ഒരുമ്പെട്ടതും, തലേന്നു ടേപ്പിൽ പിടിച്ചത് നല്ല സ്വരത്തിൽ ഓൺ ചെയ്തു. 'ആരെടാ രാവിലെ തെറിപറയുന്നത്' എന്നു ധാർമ്മികരോഷത്തോടെ അദ്ദേഹം പ്രതികരിച്ചു. ഞാൻ അദ്ദേഹത്തെ മേടയിൽ ഇരുത്തി. ടേപ്പ് ശ്രദ്ധിക്കാൻ പറഞ്ഞു. അല്പം കേട്ടുകഴിഞ്ഞപ്പോഴാണ് തന്റെ തന്നെ പ്രഭാഷണമാണത് എന്നു മനസ്സിലായത്. അല്പം കൂടി കേട്ടു കഴിഞ്ഞപ്പോൾ 'മതിയച്ചോ മതി' എന്നു പറഞ്ഞ് എന്റെ കാൽക്കൽ വീണ് ക്ഷമപറഞ്ഞുകൊണ്ട് ഇനി മേലിൽ താൻ കുടിക്കുകയില്ലെന്ന് വാക്കു നല്കി. അതു വാക്കായിരുന്നു. മറ്റേയാൾക്കും ഏതാണ്ട് ഇതുപോലൊരു മാറ്റമുണ്ടായി. അതേ, മല്ലപ്പുഴശ്ശേരിമല മദ്യത്തിന്റേതല്ല, മാനുഷിക കൂട്ടായ്മയുടെ വിശിഷ്ട മലയാണ്. എനിക്ക് ആറന്മുളയെ ഓർത്ത് അഭിമാനമേയുള്ളു.

**മന്ത്രവാദിയും കുട്ടിപ്പിശാചും അച്ചനും ഒന്ന്**

സർവ്വേയിൽ പ്രത്യേകം ശ്രദ്ധിച്ച മറ്റൊരു വിഷയം അന്ധവിശ്വാസവും മന്ത്രവാദവും ആയിരുന്നു. സർവ്വേ എടുത്തപ്പോൾത്തന്നെ വളരെ ശ്രദ്ധയോടും തന്ത്രപൂർവവും ആളുകൾ മന്ത്രം ചെയ്യിച്ചിട്ടു കുഴിച്ചിട്ട, തട്ടിൽ വച്ച, കിണറ്റിലിട്ട തകിടും മറ്റും എടുപ്പിച്ചു ശേഖരിച്ചുവച്ചു. ആദ്യമൊക്കെ എടുക്കാനോ എന്നെ ഏല്പിക്കാനോ എന്നെക്കൊണ്ട് എടുപ്പിക്കാനോ അവർക്കു ഭയമായിരുന്നു. നിസാരമായി എടുത്തു പാന്റ്സിന്റെ പോക്കറ്റിലിട്ടുകൊണ്ടു പോകുന്നതു കണ്ട് 'അച്ചന് ഒന്നും വരുത്തല്ലേ ദൈവമേ!' എന്നു പ്രാർത്ഥിച്ച അമ്മമാർ വരെയുണ്ട്. മിക്ക കുടുംബത്തിലും മന്ത്രവാദം നടത്തിയിട്ടുള്ളതായി മനസ്സിലാക്കി - ഒന്നുകിൽ മറ്റൊരാൾക്കു ദൂഷ്യം വരാൻ, അല്ലെങ്കിൽ ദൂഷ്യം വിലക്കാൻ.

ഈ മന്ത്രവാദപ്രവണതയ്ക്ക് അറുതി വരുത്താൻ എന്താണു മാർഗ്ഗമെന്നു സോളമനച്ചനും ഞാനും കൂടി ചർച്ചചെയ്തു. ഞങ്ങൾ ജോലി വിഭജിച്ചെടുത്തു. കുട്ടിപ്പിശാചിനെ ഒഴിപ്പിക്കാനുള്ള അവകാശം എനിക്കും ചെകുത്താനെ ഒഴിപ്പിക്കാനുള്ള അവകാശം സോളമനച്ചനും എന്നു ധാരണയായി. ഇക്കാര്യം പള്ളിയിൽ പറഞ്ഞു. പിറ്റേ ഞായറാഴ്ച കുർബ്ബാനയുടെ വചനപ്രഘോഷണം കഴിഞ്ഞു വീടുകളിൽ നിന്നു സ്വരൂപിച്ച ഒരു കിലോയോളം വരുന്ന തകിടുകൾ ഞാൻ നിസാരമായിട്ടു തുറന്നു കാട്ടിയിട്ട്, കുട്ടിപ്പിശാചിനെ ഒഴിക്കാനുള്ള എന്റെ അധികാരാവകാശം ഉപയോഗിച്ച് എല്ലാ കുട്ടിപ്പിശാചിനെയും ഒഴിപ്പിക്കുന്നു എന്നു പ്രഖ്യാപിച്ചുകൊണ്ടു തകിടിൻ കൂട്ടം വാരിയെടുത്ത് വാതിലിലൂടെ പുറത്തേയ്ക്ക് ആഞ്ഞെറിഞ്ഞു. ഇതുവഴി എല്ലാവരുടേയും പ്രശ്നം തീരുമെന്നും അങ്ങനെയല്ലെങ്കിൽ സോളമനച്ചനെ കൊണ്ടുവന്നു ചെകുത്താനെ ഒഴിപ്പിക്കാമെന്നും പറഞ്ഞു. ആരും അതിനു മുതിർന്നില്ല; കാരണം കുട്ടിപ്പിശാചിന്റെ ശല്യമേ ഉണ്ടായിരുന്നുള്ളു! അവയെ ഒഴിപ്പിച്ചപ്പോൾ കാര്യം ശുഭം.

ഒരു വർഷത്തോളം കഴിഞ്ഞു. തകിടു കിട്ടിയ വീടുകളിലൊക്കെ പലവട്ടം സന്ദർശിക്കുകയും ഇപ്പോൾ ശല്യം വല്ലതുമുണ്ടോ എന്ന് അന്വേഷിക്കുകയും ചെയ്തു. ഇപ്പോൾ പ്രശ്നങ്ങളില്ലെന്നാണ് എല്ലാ വീട്ടുകാരും പറഞ്ഞത്. ഈ യാഥാർത്ഥ്യം സ്ഥിരീകരിച്ചുകൊണ്ട് മറ്റൊരു ഞായറാഴ്ച കഴിഞ്ഞ ഒരു വർഷമായി ഞാൻ നടത്തിക്കൊണ്ടിരുന്ന കുട്ടിപ്പിശാച് നാടകം തുറന്നുപറഞ്ഞു. എല്ലാവരും പൊട്ടിച്ചിരിച്ചു. ഒപ്പം യഥാർത്ഥ വിശ്വാസത്തിന്റെ കാതലിലേക്ക്, യേശുവിന്റെ സാന്നിദ്ധ്യത്തിലേയ്ക്കും ജീവിതശൈലിയിലേയ്ക്കും ജനത്തിന്റെ ശ്രദ്ധയെ ക്ഷണിച്ചു. യഥാർത്ഥ വിശ്വാസം കണ്ടെത്താനുള്ള അന്വേഷണത്തിൽ പങ്കുചേരാൻ എല്ലാവരും വാക്കുനല്കുകയും ചെയ്തു. അങ്ങനെ അന്നത്തെ കുർബാന യഥാർത്ഥ വിശ്വാസത്തിന്റെ ഒരു പരിച്ഛേദമായിത്തീർന്നു.

# 27

## ജെറുസലേമിലെ ചാട്ടവാർ

ആറന്മുള പള്ളിയുടെ കാവൽ സെന്റ് സെബാസ്റ്റ്യനാണ്. ജനുവരി 21 നു ഞാൻ ചാർജ്ജെടുത്തതിനു ശേഷമുള്ള ആദ്യത്തെ പെരുന്നാൾ. സാധാരണ ആഘോഷമായ പ്രദക്ഷിണം 20 -ാം തീയതി സന്ധ്യക്കു പള്ളിയിൽ നിന്നും രൂപങ്ങളുമായി തുടങ്ങി തറയിൽമുക്ക്, തെക്കേമല, കോഴഞ്ചേരി വഴി, രാത്രി പന്ത്രണ്ടുമണിയോടെ പള്ളിയിൽ സമാപിക്കുകയാണ് പതിവ്. അതിനിടെ കുടിയും ബഹളങ്ങളും ഒക്കെ ഒരു വശത്തൂടെ നടക്കുന്ന രീതിയുമുണ്ട്. പൊതുയോഗം വിളിച്ചുകൂട്ടി പെരുന്നാളിനെപ്പറ്റി ചർച്ച ചെയ്തു. പലതിനോടും സമ്മതിച്ചെങ്കിലും സെന്റ് സെബാസ്റ്റ്യന് അടിമകെട്ടാൻ കുളിച്ചിട്ട്, ഈറൻതോർത്തും ധരിച്ചു തറയിലൂടെ ഉരുണ്ടുരുണ്ടു രൂപത്തിലെത്തി അടിമകെട്ടുന്ന സമ്പ്രദായത്തെയും രാത്രിയ്ക്കുള്ള പ്രദക്ഷിണത്തെയും ആ വഴിക്കുള്ള മദ്യപാനത്തെയും ഞാൻ ശക്തമായി എതിർത്തു. പലർക്കും ഇതു രണ്ടും വേണമെന്നായി. നമ്മൾ സ്വതന്ത്രരായ ദൈവമക്കളാണ്. ഇനി നാം അടിമകളല്ല. അതുകൊണ്ട് അടിമകെട്ടു വേണ്ടായെന്നും ഇപ്പോൾ നടക്കുന്ന ചടങ്ങ് തീർത്തും വികൃതമാണെന്നും ഞാൻ യുക്തിപൂർവ്വം ശക്തമായിസ്ഥാപിച്ചു. മാത്രമല്ല, പ്രദക്ഷിണത്തിന്റെ ദൈവശാസ്ത്രം സാക്ഷ്യമാണെന്നും സാക്ഷ്യം ഏറെ അർത്ഥപൂർണമാകുക പകൽ രണ്ടു വരിയായി ഗാനം ആലപിച്ചു നടത്തുമ്പോഴാണെന്നും കുടിച്ചുകൊണ്ട് ആരും പ്രദക്ഷിണത്തിൽ കയറാൻ പാടില്ലായെന്നുമുള്ള നിലപാടിൽ ഞാൻ ഉറച്ചുനിന്നു.

പള്ളിക്കമ്മിറ്റിക്കാരും കുറച്ചു പുരുഷന്മാരും സ്ത്രീകളും എന്റെ അഭിപ്രായത്തോടു പൂർണ്ണമായും യോജിച്ചു. പക്ഷേ അല്പം ചട്ടമ്പിത്തരം കാട്ടുന്ന ഒരു ശക്തനായ വ്യക്തിയും ശിങ്കിടികളും ഇതിനോടു വിയോജിപ്പു പ്രകടിപ്പിച്ചു. സംസാരമായി, ബഹളമായി. ബഹുഭൂരിപക്ഷവും കമ്മിറ്റിയുടെ തീരുമാനത്തിൽ ഉറച്ചുനിന്നു. 'ഈ വർഷം പെരുന്നാൾ നടക്കുന്നതൊന്നു കാണട്ടെ, കണ്ടുകളയാം' എന്നും മറ്റുമുള്ള ഭീഷണിയായി. കമ്മിറ്റിക്കാരും പൊതുജനവും പറഞ്ഞു; 'നമുക്കു നമ്മുടെ തീരുമാനത്തിൽ ഉറച്ചു നില്ക്കാം. പക്ഷേ പോലീസിന്റെ സംരക്ഷണം കൂടി നമുക്കു തേടണം. ഇവർ ശല്യക്കാരാണ്.' ഞാൻ അതിനോടു യോജിച്ചില്ല. ഞാൻ പറഞ്ഞു: 'പോലീസിന്റെ സംരക്ഷണം വേണ്ടാ. നിങ്ങൾ എപ്പോഴും എന്നോടൊപ്പം നിർദ്ദേശങ്ങൾ പാലിച്ചു നില്ക്കണം.' അവർ അതു സമ്മതിച്ചു.

ഇങ്ങനെ പറഞ്ഞെങ്കിലും ഉള്ളിൽ ഉൽക്കണ്ഠയായിരുന്നു. സോളമനച്ചന്റെയടുത്തും ജോസച്ചന്റടുത്തും പോയി വിവരം പറഞ്ഞ് അവരെപ്രദക്ഷിണത്തിനും മറ്റും ക്ഷണിച്ചു. എല്ലാക്കാര്യത്തിലും എപ്പോഴും സഹായിക്കുന്നവരാണവർ. പക്ഷേ അന്ന് അവർക്കു രണ്ടുപേർക്കും വരാൻ അസൗകര്യം. അങ്ങനെ ഞാൻ ഒറ്റയ്ക്കായി. മുൻ തീരുമാനമനുസരിച്ച് 20 -ാം തീയതി ഉച്ചകഴിഞ്ഞ് കൃത്യം 2 മണിക്കുതന്നെ പ്രദക്ഷിണം ആരംഭിച്ചു. ആദ്യം ചെണ്ടമേളം, പിന്നെ കുരിശ്, പുറകിൽ രണ്ടു വരിയിലായി ആളുകൾ, അതിനിടെ ഗാനാലാപനത്തിനുള്ള ആളുകളുടെ വണ്ടി, രൂപങ്ങൾ ഏറ്റവും പിറകിൽ ഞാൻ - എന്ന രീതിയിൽ ചിട്ടയായി നീങ്ങി. കമ്മിറ്റിക്കാരും മറ്റു വാളണ്ടിയർമാരും നിർദ്ദേശങ്ങൾ പാലിച്ച്, ഗാനങ്ങൾ ആലപിച്ച് നീങ്ങുന്നു. ഏതാണ്ടു 5 മണി. തെക്കേമല എത്താറായപ്പോൾ നേരത്തേ വിയോജിപ്പു കാട്ടിയ നേതാവ് മദ്യപിച്ചു വന്നിട്ട് സെന്റ് സെബാസ്റ്റ്യന്റെ രൂപത്തെ എടുക്കുന്നവരുടെ കൂട്ടത്തിൽ ചേരാൻ ശ്രമിച്ചു. അവർ എന്നെ വിവരം അറിയിച്ചു. അദ്ദേഹത്തെ ഞാൻ ചെന്നു വിളിച്ചിട്ടു വ്യക്തമായി പറഞ്ഞു: 'കുടിച്ചിരിക്കുന്നതു കൊണ്ടു പ്രദക്ഷിണത്തിൽ കയറാൻ പറ്റില്ല.' എന്നെ സൂക്ഷിച്ചൊന്നു നോക്കിയിട്ട് പിന്മാറി. തീരുമാനിച്ചിരുന്നതുപോലെ ഇരുട്ടുന്നതിനു മുമ്പ് 6.30 നു പ്രദക്ഷിണം പള്ളിയിലെത്തി. ബൈബിൾ ശുശ്രൂഷയും കഴിഞ്ഞു.

രാത്രി 9 മണിക്കു നാടകമുണ്ട്. സ്റ്റേജിന്റെ മുമ്പിൽ നടുക്കു വഴിയിട്ട് കയർ കെട്ടി സ്ത്രീ-പുരുഷന്മാർക്കു പ്രത്യേകം സ്ഥലങ്ങളൊരുക്കിയിട്ടുണ്ട്. അതിനിടെ കിട്ടിയ അറിവ് ആ നേതാവും കൂട്ടരും കുടിച്ചിട്ടു വന്നു നാടകം കലക്കും, അടിയും പ്രശ്നങ്ങളുമുണ്ടാകും എന്നും മറ്റുമായിരുന്നു. 9 മണിയോടെ ജനങ്ങളെല്ലാം രണ്ടുവശത്ത് ഇരിപ്പായി എന്നു പറയാം. നടുക്കുള്ള വഴിയിലൂടെ ഒന്നു നടന്നു നോക്കിയപ്പോൾ ആ നേതാവും കുറച്ചു ശിങ്കിടികളും, സ്ത്രീകൾ ഇരിക്കുന്ന വശത്ത് സ്ത്രീകളോടൊപ്പം ഇരിക്കുന്നു. ഞാൻ അടുത്തുചെന്ന് അദ്ദേഹത്തെ വിളിച്ചു. പക്ഷേ അദ്ദേഹം കൂട്ടാക്കിയില്ല. ഞാൻ അദ്ദേഹത്തിന്റെ കൈക്കു പിടിച്ചിട്ടു എഴുന്നേല്ക്കാൻ കട്ടിയായി പറഞ്ഞു. എന്നെ രൂക്ഷമായി നോക്കിയിട്ടു എഴുന്നേറ്റു. അങ്ങേവശം പോയിരിക്കൂ. എന്നു ഞാൻ പറഞ്ഞു. അവൻ കൂട്ടാക്കിയില്ല. 'അപ്പുറത്തു പോടാ' എന്നു പറഞ്ഞ് ചെവിക്കുറ്റിക്ക് ആഞ്ഞൊരടി കൊടുത്തു. ഉടൻ അവർ മറുവശത്തേയ്ക്കു മാറി. നാടകം തീരുന്നതുവരെ തീർത്തും ശാന്തമായിരുന്നു. തിരുനാളെല്ലാം വളരെ മംഗളകരമായി പര്യവസാനിച്ചു. ഇങ്ങനെയും ഒരു ഞാനോ? ഉൾക്കിടിലത്തോടെ ഓർത്തുപോകുന്നു.

പിന്നീടു സാവകാശം ഈ നേതാവിനെ വീട്ടിൽ പോയി കാണുകയും ഞങ്ങൾ നല്ല സുഹൃത്തുക്കളാകുകയും ചെയ്തു. സ്ഥലംമാറ്റം വരെ ആ ബന്ധം ഞങ്ങൾ തുടരുകയും ചെയ്തു.

# 28

## മനുഷ്യനീതിയും ദൈവനീതിയും

**QSSS ന്റെ ജനകീയ ആരോഗ്യപ്രവർത്തകർ**

ക്വയിലോൺ സോഷ്യൽ സർവ്വീസ് സൊസൈറ്റി വേരുറച്ചുവരുന്നതേയുള്ളു. കൊല്ലം തീരപ്രദേശത്തെ മത്സ്യത്തൊഴിലാളി ജനവിഭാഗത്തിന്റെ ആരോഗ്യസംരക്ഷണത്തിന്റെ ഭാഗമായി ആരോഗ്യബോധവൽക്കരണം ഉന്നംവച്ചുകൊണ്ടുള്ള ഒരു പ്രോജക്ട് സാംസനച്ചൻ എഴുതി ശരിയാക്കി ഒരു സാമ്പത്തിക ഏജൻസിക്കയച്ചു. അവർ ആ പ്രോജക്ട് അനുവദിച്ചു. പത്തു പ്രവർത്തകരെയും ഒരു കോ-ഓർഡിനേറ്ററേയും മറ്റും വച്ചു പ്രാവർത്തികമാക്കേണ്ട ഒരു പ്രോജക്ടായിരുന്നു അത്. അന്നു ജോസച്ചനും ഞാനും സാംസനച്ചനുമായി ബന്ധപ്പെട്ടാണ് സാമൂഹ്യപ്രവർത്തനം നടത്തിയിരുന്നത്.

ഞങ്ങൾ മൂന്നുപേരും കൂടിയിരുന്ന് എങ്ങനെ ഈ പ്രോജക്ട് കാര്യക്ഷമമായി, അതേസമയം പൈസ കിട്ടിയതുകൊണ്ട് കാലതാമസമില്ലാതെ, നടത്താൻ പറ്റുമെന്നു ആലോചിച്ചു. നമുക്കുടൻ വേണ്ടത് 10 ആരോഗ്യപ്രവർത്തകരാണ്. ഞാൻ പറഞ്ഞു, സ്വകാര്യ ആശുപത്രികളിൽ ഒരു വർഷത്തെ നേഴ്സിംഗ് പഠിച്ച അഞ്ചാറ് യുവതികളെ എപ്പോൾ വേണമെങ്കിലും തരപ്പെടുത്താമെന്ന്. അങ്ങനെയാകട്ടെ എന്നു തീരുമാനിച്ചു. അങ്ങനെയാണ് ആറന്മുളയിൽ നിന്നു കൊച്ചുമോൾ, രാജമ്മ, ശാന്തമ്മ, കുഞ്ഞുമോൾ, മറിയാമ്മ എന്നീ 5 യുവതികളെ QSSS ലേയ്ക്ക് എടുക്കുന്നത്. അവർ കൊല്ലത്തെത്തി, പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചു. അവർക്ക് ഒരു വീട് (എന്റെ അപ്പച്ചിയുടെ മകൻ ആൽഫ്രഡ് അച്ചാച്ചന്റെ വീടിന്റെ രണ്ടാംനില)കടപ്പാക്കടയിൽ തരപ്പെടുത്തിക്കൊടുത്തു.

കുറേ കുടുംബങ്ങൾക്ക് ഇവരുടെ ജോലിയിലൂടെ അല്പം സാമ്പത്തികം കിട്ടിയെന്നതു മാത്രമല്ല ഇതുവഴി സംഭവിച്ചത്. കൊച്ചൊരു ഗ്രാമത്തിൽ നിന്നും വിശാലമായൊരു പട്ടണത്തിലെത്താനും തീർത്തും ചൂഷണവിധേയരായ പരമ്പരാഗത മത്സ്യത്തൊഴിലാളിസ്ത്രീകൾക്കു വേണ്ടി പ്രവർത്തിക്കാനും അവരെ നയിക്കാനും കിട്ടിയ അവസരം അവരുടെ ജീവിതത്തിലെ ഏറ്റവും മഹത്തായൊരു കാര്യമായിത്തീർന്നു. അവർ എന്നെ പപ്പാ എന്നാണു വിളിച്ചിരുന്നത്.

ഈ കൂട്ടുകെട്ട് സ്ത്രീപുരുഷ ബന്ധത്തിൽ കൂടുതൽ ആരോഗ്യകരവും പക്വവുമായ ഇടപെടലിനും സഹായകമായി. ഞങ്ങളുടെ ഈ ബന്ധം ഞങ്ങളെ പരസ്പരം വളർത്തി.

**മതബോധനക്യാമ്പ് മാറ്റത്തിലേയ്ക്ക്**

നാലു സ്ഥലത്തു നിന്നുമുള്ള യുവതീയുവാക്കൾക്കും ഒന്നാംതരം തൊട്ടുള്ള കുട്ടികൾക്കുമായി അവധിക്കാലത്ത് അഞ്ചു ദിവസം താമസിച്ചുകൊണ്ടുള്ള ക്യാമ്പ് ആറന്മുളയിൽ നടത്തുകയുണ്ടായി. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖകൾക്കനുസൃതമായി മാധ്യമങ്ങളുടെ സഹായത്തോടെയാണ് ഇതു സംഘടിപ്പിച്ചത്. ആറന്മുള ഇടവകക്കമ്മിറ്റി ഇതിൽ പൂർണ്ണമായും ത്യാഗപൂർവ്വം സഹകരിച്ചിരുന്നു, പ്രത്യേകിച്ചും വേലംപറമ്പിൽ ലോറൻസ്. ക്ലാസ്സുകളുടെ ക്രമീകരണം, സിലബസ്, അധ്യാപകരെ കണ്ടെത്തൽ മുതലായവ എന്റെ ചുമതലയും ക്യാമ്പംഗങ്ങളുടെ താമസം, ആഹാരം മറ്റു പ്രായോഗിക കാര്യങ്ങൾ എന്നിവ ശ്രദ്ധിക്കുന്നത് പള്ളിക്കമ്മിറ്റിയും.

നല്ല തുടക്കം. 150 ലേറെ പങ്കാളികൾ. ആലപ്പുഴ രൂപതയിലെ മതബോധന ഡയറക്ടർ ക്യാമ്പിന്റെ ഉദ്ഘാടനം നടത്തി. ക്ലാസ്സുകളും തുടങ്ങി. പ്രോഗ്രാമനുസരിച്ച് ഉച്ചഭക്ഷണത്തിനു മുമ്പാണ് കുർബാന. അൾത്താരയ്ക്കടുത്തു കഴിവതും അർദ്ധവൃത്താകൃതിയിൽ നിന്നുകൊണ്ടായിരുന്നു കുർബാന. സ്വയംകൃത പ്രാർത്ഥനയ്ക്കും മറ്റു സജീവ പങ്കാളിത്ത മാർഗ്ഗങ്ങൾക്കും പ്രാമുഖ്യം കൊടുത്തിരുന്നു. ദൈവവചനം വായിച്ചിട്ട്, കുട്ടികൾക്കുതന്നെ അതു വ്യാഖ്യാനിക്കാനും പ്രതികരിക്കാനും അവസരം കൊടുത്തിരുന്നു. സജീവമായ സഹകരണമാണ് എല്ലാത്തിനും എല്ലാവശത്തുനിന്നും കിട്ടിയിരുന്നത്.

കുർബാന തുടങ്ങി കുറച്ചു മുന്നോട്ടായപ്പോൾ ദൈവവചനപ്രഘോഷണം. മൂന്നു വായനകൾ. ആദ്യത്തെ വായന നടത്തിയ യുവാവ് എഴുന്നേറ്റ് അൾത്താരയുടെ അടുത്തുവന്നുനിന്നു ജനങ്ങളെ അഭിമുഖീകരിച്ചുകൊണ്ടു വായിച്ചു. രണ്ടാം വായന നടത്തിയത് ഒരു യുവതിയാണ്. അവൾ എഴുന്നേറ്റ് അൾത്താരയുടെ അടുത്തുവന്നുനിന്നു വായന ആരംഭിച്ചതും, വേലംപറമ്പിൽ ലോറൻസ് ഇതിനോടു പ്രതിഷേധിച്ചു പള്ളിവിട്ടു സ്വന്തം വീട്ടിലേയ്ക്കു പോയി. ന്യായമിതായിരുന്നു. സ്ത്രീകൾ ദൈവവചനം വായിച്ചോട്ടെ, അൾത്താരയിൽ കയറിനിന്നു വേണ്ട. അതംഗീകരിക്കാൻ പറ്റില്ല. കുർബ്ബാന നിശ്ചയിച്ചതുപോലെ സമാപിച്ചു. പക്ഷേ എല്ലാ രീതിയിലും സഹകരിച്ചു മുൻപന്തിയിൽ നിന്ന ലോറൻസിന്റെ പിന്മാറ്റം അവിടെ വലിയൊരു ചർച്ചാവിഷയമായി. ഉച്ചഭക്ഷണസമയത്ത് ആരും പറയാതെ എല്ലാവരുടെയും സംസാരം ഇതിന്റെ വിവിധ വശങ്ങളെപ്പറ്റിയായിരുന്നു.

ഉച്ചകഴിഞ്ഞുള്ള ക്ലാസ്സിന്റെ ക്രമീകരണത്തിൽ അല്പം മാറ്റം വരുത്തി.

വിഷയം ഇതുതന്നെ. ദൈവശാസ്ത്ര-ബൈബിൾപര-സഭാപാരമ്പര്യ-വത്തിക്കാൻ സൂനഹദോസ് പ്രമാണരേഖകളുടെ അടിസ്ഥാനത്തിൽ അൾത്താരയെപ്പറ്റി ചർച്ച ചെയ്തു. ഇതു സ്ത്രീവിമോചനമാണെന്നും സ്ത്രീയെ 'ഇച്ചീച്ചി'യായി കാണുന്നതിന്റെ നിഷേധമാണെന്നും സ്ത്രീ ആൾത്താരയിൽ കയറിനിന്നു തന്നെ ബൈബിൾ വായിക്കണമെന്നും അഭിപ്രായമുണ്ടായി. ക്ലാസ്സെടുക്കാൻ വേണ്ടി വന്നവർ ഇതിന്റെ വിവിധ വശങ്ങളെപ്പറ്റി ആധികാരികമായി സംസാരിക്കാൻ കഴിവുള്ള മഹത്വ്യക്തികൾ ആയിരുന്നു. അവരെല്ലാവരും ഈ ആശയത്തോടാണ് യോജിച്ചത്. അങ്ങനെ അടുത്ത ദിവസങ്ങളിലെ കുർബാനകളിലും അതുതന്നെ നടന്നു.

ചർച്ചയും തീരുമാനങ്ങളും ഇങ്ങനെ നീങ്ങിയ സ്ഥിതിക്ക്, ലോറൻസിനെ ഒന്ന് അനുനയപ്പെടുത്താൻ ഞാൻ ശ്രമിച്ചു. കാര്യങ്ങൾ വ്യക്തമായി പറഞ്ഞു മനസ്സിലാക്കാനും. എല്ലാം ശരിയാണെന്നു പറഞ്ഞെങ്കിലും, ലോറൻസ് പറഞ്ഞു: 'ഈ ക്യാമ്പിൽ ഇനിയുള്ള കുർബാനയ്ക്കു ഞാൻ വരുന്നില്ല. ബാക്കിയുള്ള കാര്യങ്ങളിലൊക്കെ പഴയതുപോലെ തന്നെ ഇടപെട്ടു നേതൃത്വം കൊടുത്തുകൊള്ളാം.' അദ്ദേഹത്തിന്റെ ആത്മാർത്ഥതയെ ഞാൻ ശ്ലാഘിക്കുന്നു.

ഈ മാറ്റത്തിന്റെ ചലനം ക്യാമ്പുകൊണ്ടു അവസാനിക്കരുതെന്നു വിചാരിച്ച്, ക്യാമ്പിന്റെ അവസാനദിവസത്തെ വിലയിരുത്തലിൽ. ദൈവവചനം സ്ത്രീകൾ അൾത്താരയിൽ നിന്നു വായിക്കുന്ന രീതി കുറഞ്ഞപക്ഷം നമ്മുടെ നാലു സ്ഥലങ്ങളിലെങ്കിലും പ്രാവർത്തികമാക്കണമെന്നു തീരുമാനിച്ചു. ഈ തീരുമാനം അടുത്തുവന്ന ഞായറാഴ്ചകളിൽ ഓരോ പള്ളിയിലും പറയുകയും അതിനെപ്പറ്റി തുറന്ന ചർച്ചയും സംവാദങ്ങളും ഉണ്ടാവുകയും ചെയ്തു. നാലു സ്ഥലത്തും അന്നു മുതൽ രണ്ടുവായനകളിൽ ഒന്നു പുരുഷനും മറ്റൊന്നു സ്ത്രീയും ആയിരിക്കുമെന്നും രണ്ടുപേരും അൾത്താരയിൽ വന്നു ജനത്തെ അഭിമുഖീകരിച്ചുകൊണ്ടായിരിക്കും ദൈവവചനപ്രഘോഷണം നടത്തുന്നത് എന്നും തീരുമാനിച്ചു. അങ്ങനെ നടപ്പിലാക്കുകയും ചെയ്തു. ഇന്ന് ഇതു വളരെ നിസ്സാരമായ, പ്രസ്താവ്യയോഗ്യമല്ലാത്ത ഒന്നായി തോന്നിയേക്കാം. പക്ഷേ അന്നതു മാറ്റപ്രക്രിയയുടെ ഭാഗമായി, ബോധപൂർവ്വം എടുത്ത നിലപാടായിരുന്നു.

**പള്ളിമേട - ആദ്യത്തെ കുടുംബം**

സ്വതന്ത്രമായി ഇടവകയുടെ ചാർജ്ജ് എടുത്തതു മുതൽ എന്റെ പ്രവർത്തനശൈലിയുടെ തുടക്കം 'ജനബന്ധം ഭവനസന്ദർശനത്തിലൂടെ' എന്നു സൂചിപ്പിച്ചിരുന്നല്ലോ. ഇലവുംതിട്ടയിലെ ജനം ദലിത്ക്രൈസ്തവരാണ്. അന്നുവരെ അവിടെയുണ്ടായിരുന്ന വികാരിയച്ചന്മാർ അവരെ പള്ളിമേടയിൽ കയറ്റുകയില്ലായിരുന്നു. എന്തെങ്കിലും അച്ചനുമായി സംസാരിക്കാനുണ്ടായാൽ, അവർ

വന്ന് കെട്ടിടത്തിനു പുറത്ത് വാതിലിന്റെ ഒരു വശം മാറി നിന്നു പറയുമായിരുന്നു. അതായിരുന്നു പതിവ്. അവർ അതിൽ പരിഭവം കാണിച്ചിരുന്നില്ല. ഞങ്ങൾ ഇങ്ങനെ നില്കാൻ ദൈവത്താൽ വിധിക്കപ്പെട്ടവർ, അവരോ വലിയവർ, ദൈവത്തിന്റെ തന്നെ ആൾക്കാർ എന്ന കാഴ്ചപ്പാടായിരുന്നു അവർക്ക്. ഈ പറഞ്ഞത് ഇലവുംതിട്ടയിലെ പ്രത്യേകതയല്ല, ദലിത് ക്രൈസ്തവരുടെ പൊതുസ്വഭാവവിശേഷമായിരുന്നു.

ഇലവുംതിട്ടയിലെ ഭവനസന്ദർശനപരിപാടിക്കു പ്ലാനിട്ടു. അതിന്റെ തുടക്കം ഒരു ഞായറാഴ്ച കുർബാന കഴിഞ്ഞ് ഇടവകജനതയുടെ എല്ലാവരുടെയും വീടായ പള്ളിമേടയിൽ എല്ലാവരും കയറി പ്രാർത്ഥിച്ചിട്ടാകട്ടെന്നു ഞാൻ അറിയിച്ചു. കുറച്ചു മിഠായിയും ഞാൻ സ്വരൂപിച്ചിരുന്നു. ഇലവുംതിട്ട പള്ളിമേട ഒരു ബഡ്റൂമും ഒരു ഓഫീസ് മുറിയും വരാന്തയും അടുക്കളയുമുള്ള ഒരു ചെറിയ വീടാണ്. പ്രാർത്ഥിക്കുവാനായി എല്ലാവരും അകത്തുകയറാനായി ആവശ്യപ്പെട്ടുകൊണ്ട് എല്ലാവർക്കുമായി പള്ളിമേട തുറന്നിട്ടു. എല്ലാവരും കയറിക്കഴിഞ്ഞപ്പോൾ, ഓഫീസ്മുറിയിൽ നിന്ന് എല്ലാവരും പ്രാർത്ഥിക്കുകയും എല്ലാവർക്കും മിഠായി വിതരണം നടത്തുകയും ചെയ്തു. അകത്തുകയറിയ ആ നല്ല മനുഷ്യർ, എന്തോ വിശേഷപ്പെട്ട ഒരു സ്ഥലത്താണെന്ന മട്ടിൽ എല്ലായിടവും ഓടിനടന്നു കാണുക, മുറിയിലൊന്നു ഇരിക്കുക, കട്ടിലിൽ ഒത്തിരുന്നു വിശ്രമിക്കുക മുതലായവ കണ്ടപ്പോൾ എനിക്കുണ്ടായ ആനന്ദം വലുതായിരുന്നു. ധൃതി പിടിക്കാതെ സാവകാശം തമാശും രസവും പറഞ്ഞ്, പരസ്പരം കളിയാക്കിയും കളിപറഞ്ഞുമൊക്കെ സമയം ചെലവഴിച്ചിട്ട് ആളുകൾ വീട്ടിൽ പോയി.

പിന്നീട് അവരുടെ വീടുകൾ സന്ദർശിക്കാൻ ഞാൻ പോയപ്പോൾ, മിക്ക വീട്ടുകാരും പള്ളിമേടയിലെ പ്രാർത്ഥന ഒരു പുത്തൻ അനുഭവമായിരുന്നു എന്നയവിറക്കി. അവരെ അംഗീകരിക്കുകയും പള്ളിയും പള്ളിമേടയും മറ്റും അവരുടെ കൂടെയാണെന്ന ബോധ്യം ജനിപ്പിക്കുകയും പള്ളിമേട തങ്ങളുടെ എല്ലാവരുടെയും വീടാണെന്ന ചിന്ത ഉളവാക്കുകയും ചെയ്യുന്നതിന് അതു സഹായകമായി എന്നവർ പറഞ്ഞതു ഞാൻ ഇന്നത്തേതു പോലെ ഓർക്കുന്നു.

### മനുഷ്യനീതിയും ദൈവനീതിയും രണ്ട്

ബോധവൽക്കരണ ക്ലാസ്സുകൾ നന്നായി നടക്കുന്ന കാലം. ഈ ക്ലാസ്സുകളുടെ അവസാനമോ ഉച്ചഭക്ഷണത്തിനു മുമ്പോ സൗകര്യം പോലെ ജനകീയ ആരാധന നടത്തുക പതിവായിരുന്നു. പല സ്ഥലങ്ങളിൽ നിന്നു വന്നവർ എല്ലാവരും ഒത്തിരുന്ന് അവരുടെ അനുദിന പ്രശ്നങ്ങളിൽ ഊന്നിയുള്ള പ്രാർത്ഥന നല്ലൊരു അനുഭൂതിയുണ്ടാക്കിയിരുന്നു.

ഒരു ഞായറാഴ്ച ബോധവൽക്കരണ ക്ലാസ്സിനു നേതൃത്വം കൊടുക്കാൻ വന്നതു സിസ്റ്റർ ഫെലീഷ്യായും ശ്രീമതി അന്നമ്മ ജോസഫുമാണ്. സിസ്റ്ററിന്റെ ക്ലാസ്സു കഴിഞ്ഞ് കുർബ്ബാന. തുടർന്ന് ഉച്ചഭക്ഷണം; പിന്നെ ശ്രീമതി അന്നമ്മജോസഫിന്റെ ക്ലാസ്സും. കുർബാന വളരെ സജീവമായി. തോട്ടത്തിന്റെ ഉടമ ദിവസത്തെ പല മണിക്കൂറുകളിൽ പുറത്തേയ്ക്കിറങ്ങുന്നതും തന്റെ തോട്ടത്തിലേയ്ക്കു ജോലിക്കാരെ ഓരോ സമയത്തും പറഞ്ഞുവിടുന്നതും, അവസാനം പതിനൊന്നാം മണിക്കൂറിലും ജോലിക്കാരെ സ്വീകരിക്കുന്നതുമായ ഉപമയായിരുന്നു ബൈബിൾ വായനയുടെ ഭാഗം.

ഈ ദൈവവചനത്തെപ്പറ്റിയുള്ള വിചിന്തനത്തിൽ, ഏറ്റം അവസാനം (11-ാം മണിക്കൂറിൽ, അതായത് നമ്മുടെ ഇന്നത്തെ തൊഴിൽ ഭാഷയിൽ വൈകിട്ടു 4 മണി) വന്ന വ്യക്തിക്കും മറ്റുള്ളവർക്കെന്നപോലെ ഒരു 'ദിനാറ' നല്കുന്നു. ഏറ്റം രാവിലെ ജോലിക്കിറങ്ങിയവനും ഒരു ദിനാറ. ഒരു ദിനാറയാണു ന്യായമായ കൂലി. നമ്മുടെ നീതിയെന്താണ്? 8 മണിക്കൂർ നേരത്തേയ്ക്കു ഒരു ദിനാറയെങ്കിൽ ഒരു മണിക്കൂർ നേരത്തേയ്ക്കു എട്ടിലൊന്നു ദിനാറ. ദൈവനീതിയോ നേരേ തിരിച്ചും. ഒരു മണിക്കൂർ ജോലി ചെയ്തവന് ഒരു ദിനാറ. അതായത് ഒരു കുടുംബത്തിനു ന്യായമായി ജീവിതം നയിക്കാൻ ഉതകുന്ന നീതിയുക്തമായ കൂലി. ഇത് എല്ലാ മനുഷ്യർക്കും കിട്ടണം. എന്തുകൊണ്ട് ഇങ്ങനെ നില്ക്കുന്നു? എന്ന ചോദ്യത്തിനു 'ഞങ്ങളെ ആരും ജോലിക്കു വിളിച്ചില്ല' എന്നായിരുന്നു മറുപടി. ഇന്നു നാം അനുഭവിക്കുന്ന രൂക്ഷമായ തൊഴിലില്ലായ്മ എന്ന പ്രശ്നത്തിന്റെ മുമ്പിൽ നമുക്കു കണ്ണടച്ചു നില്കാൻ പറ്റുകയില്ലെന്നും ജനിച്ചുവീണ എല്ലാ മനുഷ്യർക്കും മാന്യമായി ജീവിക്കാനുള്ള സാഹചര്യം ഉണ്ടാക്കേണ്ടതു നമ്മുടെ ഓരോരുത്തരുടേയും അടിയന്തിര കടമയാണെന്നും ഞാൻ അതിശക്തമായ ഭാഷയിൽ പറഞ്ഞു. ഇതിനോടു ജനം സജീവമായി പ്രതികരിച്ചു; സ്വയംകൃതപ്രാർത്ഥനയിലൂടെ, അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പറയുന്നതിലൂടെ, ദൈവനീതി മറന്നു പലപ്പോഴും മനുഷ്യനീതിയിൽ പ്രവർത്തിച്ചുപോയതിനെച്ചൊല്ലിയുള്ള പശ്ചാത്താപത്തിലൂടെ; തീർത്തും ജീവിതബന്ധിയായ ആരാധനയായിരുന്നത്.

ഈ ആരാധന ഉച്ചകഴിഞ്ഞുള്ള ശ്രീമതി അന്നമ്മജോസഫിന്റെ ക്ലാസ്സിന് ഏറെ ഉണർവ്വും ഊർജ്ജവും നല്കി. അർപ്പിച്ച ബലികളിൽ വിലപ്പെട്ട ഒന്നായി ഇതിനെ ഞാനും ഹൃദയത്തിൽ സൂക്ഷിക്കുന്നു. അടിസ്ഥാന ചോദ്യം ഒന്നേയുള്ളു, നമ്മൾ മനുഷ്യനീതിക്കു വേണ്ടിയോ ദൈവനീതിക്കു വേണ്ടിയോ നിലപാടെടുക്കുക?

# 29

## പള്ളിമേടയിൽ സ്ത്രീ അന്തിയുറങ്ങുകയോ?

കത്തോലിക്കാപള്ളിക്ക് ഒരു പാരമ്പര്യമുണ്ട്. വികാരിയച്ചനെ സ്ത്രീകൾ വന്നു കാണുകയും സംസാരിക്കുകയുമൊക്കെ ചെയ്യാം. പക്ഷേ എത്ര ദൂരെ നിന്നു വന്നാലും എത്ര അടുത്ത ബന്ധുവായാലും സ്ത്രീക്കു രാത്രി കഴിയണമെങ്കിൽ, മഠമുണ്ടെങ്കിൽ അവിടേയ്ക്കു പോകണം. മഠമില്ലെങ്കിൽ പള്ളിമേടയ്ക്കടുത്തുള്ള ഏതെങ്കിലും ഒരു കുടുംബത്തിൽ പോയി അന്തിയുറങ്ങണം. ഈ പാരമ്പര്യത്തിന്റെ അർത്ഥശൂന്യതയെപ്പറ്റിയും മനുഷ്യത്വരാഹിത്യത്തെപ്പറ്റിയും ഞങ്ങളുടെ ചെറു വൈദികസംഘം പലവട്ടം ചർച്ചചെയ്തു. ഫാ. എ. സോളമനും ഫാ. ജോസ് ജെ. കളീയ്ക്കലും ഞാനും കൂടി ഒരു തീരുമാനമെടുത്തു. ഞങ്ങളെ കാണാൻ ഞങ്ങളുടെ വീട്ടിൽ (പള്ളിമേടയിൽ) വരുന്ന ആർക്കും ഞങ്ങളുടെ വീട് തുറന്നിട്ടിരിക്കും; സ്ത്രീയായാലും പുരുഷനായാലും അവർക്ക് ആവശ്യമെങ്കിൽ അവിടെയുള്ള പരിമിതമായ സാഹചര്യത്തിൽ അന്തിയുറങ്ങാം. ഇങ്ങനെ ഞങ്ങൾ പ്രവർത്തിച്ചു നീങ്ങിത്തുടങ്ങി.

ഒരു ശനിയാഴ്ച കൊല്ലത്തു നിന്നും എന്റെ കസിൻസഹോദരിയും കുഞ്ഞും കൂടി എന്നെ കാണാൻ ഇലവുംതിട്ടയിൽ വന്നു. സമയം രണ്ടുമണി. ഉച്ചയാഹാരമൊക്കെ ഉണ്ടാക്കിക്കഴിച്ചു. വന്ന കാര്യങ്ങളൊക്കെ സംസാരിച്ചു. നേരം വൈകി. അവിടെ രാത്രി അന്തിയുറങ്ങി. പിറ്റേന്ന് അതിരാവിലെ പള്ളിമണിയടിക്കാൻ ഉപദേശി എത്തിയപ്പോൾ, അടുക്കളയിൽ ഒരു സ്ത്രീ കട്ടൻകാപ്പിയിടുന്നു; ഒപ്പം രാവിലത്തെ കാപ്പി ഉണ്ടാക്കാനുള്ള ഒരുക്കവും. ഉപദേശിക്കിത് തീരെ ഇഷ്ടപ്പെട്ടില്ല. കുർബാനയ്ക്ക് ആളുകൾ വരാൻ തുടങ്ങി. ഈ വിവരം അവിടെയെങ്ങും രഹസ്യചർച്ചയ്ക്കു വിഷയമായി. പള്ളി കഴിഞ്ഞു ചോദിക്കണമെന്നായി. ഇടവകയിലെ ലിറ്റിൽ വേ അസ്സോസിയേഷൻ ഭാരവാഹിയായ ഒരു ചെറുപ്പക്കാരൻ ഈ വിവരം എന്നെ രഹസ്യത്തിൽ അറിയിച്ചു. സാധാരണ കുർബാനയ്ക്കിറങ്ങുന്നതുപോലെ പള്ളിമേടയിൽ നിന്നിറങ്ങി പള്ളിയിലേയ്ക്കു നടന്നപ്പോൾ ഞാൻ ആളുകളുടെ മുഖങ്ങൾ ഒന്നു ശ്രദ്ധിച്ചു. ചിലരിലെങ്കിലും തൃപ്തിയില്ലാത്ത മുഖങ്ങളാണ് ദർശിച്ചത്.

സന്ദർഭവശാൽ അന്നത്തെ സുവിശേഷവായന യേശു സമരിയാക്കാരിയായ സ്ത്രീയിൽ നിന്നു വെള്ളം ചോദിക്കുന്നതും ശിഷ്യന്മാർക്ക് അല്പം സംശയം തോന്നത്തക്കരീതിയിൽ സംസാരമുണ്ടായതുമായ ബൈബിൾ ഭാഗമായിരുന്നു. സുവിശേഷ പ്രഘോഷണവേളയിൽ വചനം മുറിക്കുന്നതിന്റെ ഭാഗമായി പള്ളി മേടയിൽ സ്ത്രീ അന്തിയുറങ്ങിയാലുള്ള പ്രശ്നത്തെപ്പറ്റി പറഞ്ഞു. ഞാൻ വ്യക്തമായി ഒരു ചോദ്യമിട്ടു: നിങ്ങളുടെ ഏതെങ്കിലും ഒരു കുടുംബാംഗം നിങ്ങളെ കാണാൻ വന്നാൽ അവർ സ്ത്രീയായതുകൊണ്ടു മാത്രം അടുത്ത വീട്ടിൽ കൊണ്ടു കിടത്തുമോ ? എനിക്കു വേറെ ആഹാരമുണ്ട് എന്നു പറഞ്ഞപ്പോൾ യേശുവിനെ ശിഷ്യന്മാർ വരെ സംശയിക്കുന്ന ധ്വനിയുണ്ടായില്ലേ? അതുകൊണ്ട് യേശു സ്ത്രീകളുമായുള്ള തന്റെ ബന്ധം വിച്ഛേദിച്ചോ? കുരിശുമരണം വരെ, അല്ല ഉയർപ്പുവരെ സ്ത്രീകളെ നമുക്കു ദർശിക്കാം. ഇങ്ങനെ പോയി എന്റെ വിശദീകരണം. തുടർന്നു പറഞ്ഞു, എത്ര പ്രശ്നം ആരുണ്ടാക്കിയാലും ശരി, എന്നെ കാണാൻ വരുന്നവർ, സ്ത്രീയായാലും പുരുഷനായാലും, അവർ എന്റെ മേടയിൽ (വീട്ടിൽ) അന്തിയുറങ്ങും. ഇത് എന്റെ തീർപ്പായിരുന്നു. പിന്നെ ഒത്തിരിയേറെ തെറ്റിദ്ധാരണകളും വ്യാഖ്യാനങ്ങളും ആരോപണങ്ങളുമൊക്കെ ഉണ്ടായി; എങ്കിലും എന്നെ കാണാൻ വന്നവർക്കു രാത്രി തങ്ങേണ്ടിവന്നാൽ എന്റെ വീട്ടിൽത്തന്നെ താമസിക്കാനുള്ള ക്രമീകരണം ഉണ്ടായി.

മറ്റൊരു സംഭവം. ഇടവക സന്ദർശനത്തിനും 'ഒപ്രിശിമ' എന്ന കൂദാശ കൊടുക്കാനുമായി ബിഷപ് ജോസഫ് ജി. ഫെർണാന്റസ് വന്ന സന്ദർഭം. രാവിലെ ആറന്മുളയിൽ സന്ദർശനം കഴിഞ്ഞു; പിന്നെ കോട്ടയിലും, കൈപ്പുഴയിലും. വൈകിട്ടാണു ഇലവുംതിട്ടയിൽ തന്റെ സന്ദർശനപരിപാടി. 'ഒപ്രിശിമ'യ്ക്കായുള്ള കുട്ടികളെ സഹായിക്കാൻ ചാരുംമൂടു മഠത്തിൽ നിന്നും രണ്ടു കന്യാസ്ത്രീകൾ ഇലവുംതിട്ടയിലുണ്ട്. രാത്രി 7 മണിയായി പള്ളിക്കർമ്മങ്ങൾ തീർന്നപ്പോൾ. പിന്നെ കുറച്ച് ഇടവകക്കാരെയൊക്കെ ബിഷപ് കണ്ടിട്ട് കുളിച്ചൊരുങ്ങി അഹാരത്തിനു വന്നപ്പോൾ മണി എട്ട്. ആഹാരത്തിനു സിസ്റ്റേഴ്സുണ്ട്. ഇലവുംതിട്ട പള്ളിമേടയ്ക്ക് ഒരു ബെഡ്റൂമേയുള്ളു. അതു ശരിയാക്കി ബിഷപ്പിനു കൊടുത്തു. പിന്നെ ആകെയുള്ളത് ഓഫീസ്റൂമാണ്. ഇലവുംതിട്ടയ്ക്ക് അടുത്തുള്ള മഠം (തിരുവനന്തപുരം അതിരൂപതയുടെ) 3 കിലോമീറ്റർ ദൂരത്താണ്. ബിഷപ്പിന്റെ ഡ്രൈവർ കന്യാസ്ത്രീകളെ അവിടെ കൊണ്ടാക്കാൻ എന്നെ നിർബന്ധിച്ചു. അദ്ദേഹം ബിഷപ്പിന്റെ കാറിൽത്തന്നെ കൊണ്ടാക്കാമെന്നും പറഞ്ഞു. ആ നിർദ്ദേശത്തെ ഞാൻ നിരാകരിച്ചു. അവർ ഈ മേടയിൽ ഉള്ള സ്ഥലത്തു പരിമിതികളോടെ ഉറങ്ങിക്കൊള്ളും. ഞങ്ങൾ മൂവരും ഓഫീസ്മുറിയിൽ കിടന്നുറങ്ങി. ഡ്രൈവർ വരാന്തയിലും.

ബെഡ്റൂമിനോടു ചേർന്ന് കുളിപ്പുരയോ കക്കൂസോ ഇല്ല. രാത്രി ബിഷപ്

പുറത്തിറങ്ങിയപ്പോൾ ഞങ്ങൾ മൂവരും - ഒരു കട്ടിലിൽ രണ്ടു കന്യാസ്ത്രീകളും ഞാൻ തറയിലും - കിടന്നുറങ്ങുന്നതു കണ്ടു. രാവിലെ കാപ്പിക്കു ബിഷപ്പും ഞങ്ങളെല്ലാവരും ഒത്തുകൂടിയപ്പോൾ ഒരു കട്ടിലിലെ രണ്ടുപേരുടെ ഉറക്കത്തെപ്പറ്റി ബിഷപ് പരാമർശിച്ചു. അതിനു തമാശയായിട്ട്, 'ആകാത്ത കാഴ്ചവല്ലതും കണ്ടോ, തിരുമേനി?' എന്നു ഞാൻ ചോദിച്ചു. ഞങ്ങളെല്ലാവരും പൊട്ടിച്ചിരിച്ചു.

ഞങ്ങളെടുത്ത നിലപാടിന്റെ വെളിച്ചത്തിൽ സ്ത്രീകളും പുരുഷന്മാരും കുട്ടികളും മേടയിൽ അന്തിയുറങ്ങുന്ന കുടുംബാനുഭവം ഏറ്റം ഹൃദ്യമായത് പുത്തൻപീടികയിലാണ്. അവിടെ തൊട്ടടുത്തുള്ള ലക്ഷംവീട്ടിലെ ആളുകൾ സകുടുംബം മേടയിൽ അന്തിയുറങ്ങുമായിരുന്നു. എന്നെ കാണാൻ വരുന്നവരും ജോലിക്കുവേണ്ടിയുള്ള ടെസ്റ്റിനും ഇന്റർവ്യൂവിനും മറ്റും ദൂരെ നിന്നും വന്നിരുന്നവരുമായ സ്ത്രീപുരുഷന്മാർക്ക് അവരുടെ സ്വന്തം വീടു പോലെയാണ് പുത്തൻപീടിക മേട. ഒരു സ്ഥലവും ഒരു മുറിയും ആർക്കും റിസർവ് ചെയ്തിട്ടില്ല. എല്ലാ മുറിയും എല്ലാവർക്കും തുറന്നിട്ടിരുന്നു. ഞാൻ പൊതുവേ ഉപയോഗിച്ചിരുന്ന ബഡ്റൂം ഉൾപ്പെടെ എല്ലാ മുറികളും വരുന്നവർക്കു സൗകര്യപ്പെടുത്തിയതിന്റെ ഫലമായി, പുറത്തു വരാന്തയിലാണ് പലപ്പോഴും ഞാൻ അന്തിയുറങ്ങിയത്. ആളുകൾ ഇങ്ങനെ കൂടുതൽ വരുന്നതുകൊണ്ട് ആഹാരം വയ്ക്കുന്നത് ഞങ്ങൾക്ക് ഒരു പ്രശ്നമേ ആയിരുന്നില്ല. സാധാരണ പാചകം ചെയ്യുന്ന ആഹാരം, അതെന്തായാലും, മുഴുവൻ എടുത്തു തീൻമേശപ്പുറത്തു വയ്ക്കും. എല്ലാവരും ഉള്ളതുപോലെ പങ്കുവെയ്ക്കുമായിരുന്നു. അല്പമെങ്കിലും എല്ലാവർക്കും കിട്ടിയിരിക്കുമെന്നുള്ളത് ഒരു അലിഖിത നിയമം പോലെ ആയിരുന്നു. ഈ പങ്കുവയ്ക്കലിന്റെ മനോഹാരിത ഒന്നു വേറെ തന്നെയായിരുന്നു. പുത്തൻപീടികയിലെ കുടുംബാന്തരീക്ഷം മായാത്ത ഓർമ്മയായി ഇന്നും നിലകൊള്ളുന്നു. അല്പം പിറുപിറുപ്പും മറ്റുമുണ്ടായെങ്കിലും, പരമ്പരാഗത ഇടവകയായ പടപ്പക്കരയിലും ഈ രീതിതന്നെ ഞാൻ തുടർന്നു.

ഞങ്ങളുടെ ഈ നിലപാടും പ്രവർത്തനശൈലിയും മറ്റു പലരെയും സ്വാധീനിച്ചു; കുറച്ചൊക്കെ മാറ്റമുണ്ടായിട്ടുണ്ട്. എങ്കിലും സ്ത്രീയെപ്പറ്റിയും ലൈംഗികതയെപ്പറ്റിയും സ്ത്രീപുരുഷബന്ധത്തെപ്പറ്റിയുമൊക്കെയുള്ള അപക്വമായ കാഴ്ചപ്പാട് ഇപ്പോഴും നിലകൊള്ളുന്നു. ഇവിടെ മാറ്റം വരണമെങ്കിൽ ബോധപൂർവ്വമായ തീർപ്പുകളിലൂടെ മാത്രമേ സാധിക്കൂ.

# 30

## ജീവിക്കുന്ന കുർബ്ബാന

### മറക്കാനാവാത്ത കുർബ്ബാന

ഇലവുംതിട്ട, ആറന്മുള, കോട്ട, കൈപ്പുഴ - ഇവിടെ വന്നിട്ട് 7 വർഷങ്ങൾ കഴിഞ്ഞു. എനിക്കു സ്ഥലംമാറ്റം. പത്തനംതിട്ടയിലെ പുത്തൻപീടികയാണ് പുതിയ ഇടവക. ഏഴു വർഷങ്ങൾ കൊണ്ടു നിരന്തര ഇടപെടലിലൂടെ നാലു സ്ഥലത്തെയും കുടുംബങ്ങളെയും ഓരോ കുടുംബത്തിലെയും ഓരോ വ്യക്തിയേയും പേരുചൊല്ലി വിളിക്കാൻ എനിക്ക് അറിയാമായിരുന്നു. ഓരോ കുടുംബക്കാരും അവരുടെ കുടുംബത്തിലെ ഒരംഗമെന്ന നിലയിൽ എന്നെ കണ്ടിരുന്നു. ഞാൻ അവരിലൊരാളും. മാത്രമല്ല, ഇടവകകളുടെ ഉന്നമനത്തിന് എടുത്തുപറയത്തക്ക രീതിയിൽ നാലു സ്ഥലത്തും കുറച്ചു കാര്യങ്ങളൊക്കെ ചെയ്തിരുന്നു താനും. സ്ഥലംമാറ്റം അനിവാര്യമെങ്കിലും വേദനാജനകമായിരുന്നു.

എല്ലാ സ്ഥലത്തും, പ്രത്യേകിച്ച് ആറന്മുളയിൽ, വിപുലമായൊരു യാത്രയയപ്പു നടത്താൻ പ്ലാനിടുകയും എന്റടുത്തു അതിന്റെ സമയം ആവശ്യപ്പെടുകയും ചെയ്തു. പുത്തൻ ബിഷപ്പിനുള്ള കന്നി സ്വീകരണം തീർത്തും ലളിതവും ഹൃദ്യവുമാക്കിയിടത്ത് എനിക്കൊരു യാത്രയയപ്പോ? അവരുടെ അഭിപ്രായങ്ങൾക്കു ഞാൻ വഴങ്ങിയില്ല. ഞാൻ പോകുന്നത് ഒരു ഞായറാഴ്ചയാണ്. നാലു സ്ഥലത്തും കുർബാന വച്ചിട്ടുണ്ട്. ആറന്മുളക്കാർ നിർബന്ധമായും പറഞ്ഞു: കുർബാന കഴിയുമ്പോൾ ഒരു നല്ല വാക്കു പറയാൻ ഒരു ചെറിയ യോഗമെങ്കിലും വേണം. അച്ചൻ സഹകരിച്ചേ പറ്റൂ. അതിനു എന്റെ മറുപടി: 'ആദ്യം കുർബാന അർപ്പിക്കാം. അതു കഴിഞ്ഞല്ലേ ബാക്കികാര്യം?'

പതിവുപോലെ പ്രാരംഭഗാനത്തോടെ കുർബാന ആരംഭിച്ചു. ആമുഖത്തിൽ ഞാൻ ഏതാണ്ടിങ്ങനെ കാര്യങ്ങൾ വ്യക്തമാക്കി: കഴിഞ്ഞ 7 വർഷങ്ങളായി ആറന്മുളക്കാർ എന്നോടു കാണിച്ച സ്നേഹവും താല്പര്യവും കരുതലും അവാച്യമാണെന്നും അവരെന്നെ മാതാവിനെ യോഹന്നാൻ സ്വീകരിച്ചു സ്വന്തമാക്കിയതുപോലെ, സ്വന്തമെന്നു കരുതി വളർത്തിയെന്നും പറഞ്ഞു. എന്റെ ഇടപെടലിലെ കാർക്കശ്യം, സംസാരശൈലി ഒക്കെ ചിലരെയെങ്കിലും ബുദ്ധിമുട്ടിപ്പിക്കുകയും വേദനിപ്പിക്കുകയും ചെയ്തുകാണും; അതിനു മാപ്പേകുക. അവ

രിൽ ആരെങ്കിലും എന്നെ ബുദ്ധിമുട്ടിച്ചിട്ടുണ്ടെങ്കിൽ അവരെ പ്രത്യേകിച്ചും എന്റെ ഹൃദയത്തിലേയ്ക്കു സ്വീകരിക്കുന്നു. ആറന്മുളക്കാർ എന്നെ ഒത്തിരി വളർത്തി. എന്റെ വൈദികജീവിതത്തിനു ഒത്തിരി അർത്ഥം നല്കിയ വലിയ മനുഷ്യരാണു നിങ്ങൾ. ഞാൻ യാത്രപറഞ്ഞങ്ങു പോകുകയല്ല. ഇനിയും ഒത്തു പ്രവർത്തിച്ചു മുന്നോട്ടു നടക്കാനാവുമെന്നു കരുതുന്നു. അതിന്റെ പുതിയ വഴികളാണിനി തുറന്നുകിടക്കുന്നത്. ജനം നിറഞ്ഞുനിന്ന പള്ളിയിലും പള്ളി യങ്കണത്തിനും സ്നേഹത്തിന്റെ വീർപ്പുമുട്ടൽ. ദുഃഖത്തിന്റെ നൊമ്പരങ്ങൾ. പരസ്പരം ആശംസയ്ക്കു എല്ലാവരും സ്വതന്ത്രമായി ഉള്ളിലെ വികാരം പ്രകടമാക്കിക്കൊണ്ടു സമയമെടുത്തു തന്നെ പ്രകാശിപ്പിക്കാൻ ഞാൻ ആഹ്വാനം ചെയ്തു. എല്ലാവരും നെടുവീർപ്പോടെയും കണ്ണീരോടെയും വാവിട്ടു കരഞ്ഞും പരസ്പരം ആലിംഗനം ചെയ്തു. പലരും അൾത്താരയിലേയ്ക്കു കടന്നുവന്നു എന്നെ ആഞ്ഞു പുൽകി, ചുംബിച്ചു. ഞാൻ ജനങ്ങളുടെ ഇടയിലേയ്ക്കു നടന്നു ചെന്നു. എന്റെ പെരുമാറ്റത്തോടു പൊതുവേ ഇഷ്ടമില്ലാത്തതും വിമർശിക്കുന്നതുമായ ഒന്നുരണ്ടു വ്യക്തികളുണ്ടായിരുന്നു. അവരുടെ അടുക്കൽ ചെന്നു അവരെ ആലിംഗനം ചെയ്തു. ജനം മുഴുവൻ എന്നെ സ്നേഹം കൊണ്ടു പൊതിഞ്ഞു. തുടർന്നു കുർബാന അർപ്പിച്ചു. കാഴ്ചവെപ്പ് പ്രാർത്ഥനയിൽ ആറന്മുളയിലെ 7 വർഷത്തെ ഞങ്ങളുടെ ജീവിതത്തെയാണ് സമർപ്പിച്ചത്. കുർബാന സ്വീകരണം കഴിഞ്ഞുള്ള വൈദികന്റെ സമാപന പ്രാർത്ഥനയ്ക്കു മുമ്പ്, ആർക്കെങ്കിലും പ്രാർത്ഥിക്കണമെങ്കിൽ അതിനു സമയമുണ്ട്. ഒന്നു രണ്ടുപേർ പ്രാർത്ഥിക്കാനായിട്ടു പറഞ്ഞു. ബോധവൽക്കരണ ക്ലാസ്സിലും മറ്റു പ്രവർത്തനങ്ങളിലും പങ്കെടുക്കാറുണ്ടായിരുന്ന ഒരു സ്ത്രീ കഴിഞ്ഞ 7 വർഷത്തെ അനുഭവത്തെ ഒരു ഈശ്വരസാന്നിദ്ധ്യാനുഭൂതിയായി അവതരിപ്പിച്ചു. ജനം ഒന്നടങ്കം ഈ പ്രാർത്ഥനയുടെ അന്തരാത്മാവിലേയ്ക്കു ഇറങ്ങിച്ചെന്ന കൂട്ടായ്മയുടെ അനുഭവം. എല്ലാം തീർത്തും സ്നേഹാർദ്രമായ മധുരമയം. തുടർന്നു പൊതുവേ എന്നോടു വെറുപ്പുള്ള മറ്റൊരു വ്യക്തി സ്വയം കൃത പ്രാർത്ഥനാശൈലിയിൽ ഹൃദയത്തിന്റെ അഗാധതലത്തിൽ നിന്നുവന്ന വികാരവായ്പോടെ പൊട്ടിക്കരഞ്ഞുകൊണ്ടു നടത്തിയ പ്രാർത്ഥന പള്ളിയിൽ വന്നിരുന്ന ഓരോ വ്യക്തിയേയും സ്നേഹത്തിന്റെ അത്യുന്നതയിൽ കോർത്തിണക്കുന്നവിധം ഹൃദ്യമാക്കി. എല്ലാവരും എന്നോടു യാത്ര പറഞ്ഞു. അതിനോടുള്ള 'ആമേൻ' മാത്രമായിരുന്നു സമാപന പ്രാർത്ഥനയും ആശീർവാദവും. അങ്ങനെ വിടവാങ്ങൽ പ്രക്രിയ അവസാനിച്ചു. ഏതാണ്ടിതുപോലെയൊക്കെ ത്തന്നെ മറ്റു മൂന്നു സ്ഥലത്തും നടന്നു.

ആയിരക്കണക്കിനു കുർബാനയർപ്പിച്ചിട്ടുള്ളവയിൽ ജീവിതത്തിനു അർത്ഥം പകർന്ന മായാത്ത മുദ്രയായി എന്നും ഓർമ്മയിൽ സൂക്ഷിക്കുന്ന ഒരു കുർബാനയർപ്പണമായിരുന്നു അത്.

**ആത്മപരിശോധനയ്ക്കു ഒരു വിശുദ്ധവാരം**

എല്ലാ വർഷവും ക്രൈസ്തവർ സാഘോഷം കൊണ്ടാടുന്ന ശുശ്രൂഷയാണ് വിശുദ്ധവാരം. പ്രത്യേകിച്ചു പെസഹാ വാരം - വലിയ വ്യാഴം മുതൽ ഉയർപ്പു ഞായർ വരെയുള്ള ദിവസങ്ങൾ. ഞാൻ വൈദികനായിട്ടു 35 വർഷങ്ങളായി. ഈ 35 വർഷങ്ങളിലുള്ള വിശുദ്ധവാരാചരണത്തിൽ ഒരിക്കലും മറക്കാൻ സാധിക്കാത്തവിധം ഹൃദയഹാരിയായ വിശുദ്ധവാരാചരണം നടത്തിയത് 1982 ൽ മഞ്ഞനിക്കരയിൽ വച്ചാണ്.

വലിയ വ്യാഴം വൈകിട്ടു 5 മണി. എല്ലാവരും പള്ളിയിൽ ശുശ്രൂഷയ്ക്ക് എത്തിയിട്ടുണ്ട്. യേശുവിന്റെ സ്നേഹത്തിന്റെ കൂദാശയായ അന്ത്യഅത്താഴം, അന്ത്യഅത്താഴത്തിനിടയിൽ യേശു ശിഷ്യരുടെ കാലുകഴുകൽ, പൗരോഹിത്യ സ്ഥാപനം എന്നീ മൂന്നു കാര്യങ്ങളെ സ്മരിച്ചുകൊണ്ടുള്ള ശുശ്രൂഷയാണ് വലിയവ്യാഴാഴ്ച നടത്തുക. ശുശ്രൂഷ തുടങ്ങാൻ സമയമായി. ഞാൻ അതിന്റെ ഒരുക്കത്തോടെ അൾത്താരയിൽ എത്തിക്കഴിഞ്ഞു. അന്നത്തെ മുഴുവൻ ആരാധനയുടെയും ആമുഖമായി ഏതാണ്ടിങ്ങനെ സംസാരിച്ചു: "യേശു തന്റെ അന്ത്യഅത്താഴവേളയിൽ, താൻ സ്നേഹിച്ച തന്റെ സുഹൃത്തുക്കളുമൊത്തു ഭക്ഷിക്കുന്നതിനു മുമ്പ്, സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രതീകമായി തന്റെ 12 ശിഷ്യന്മാരുടെയും കാലുകൾ കഴുകി - യൂദാസിന്റെ ഉൾപ്പെടെ. നാമും അങ്ങനെ കാലുകഴുകിയാലേ ഈ ശുശ്രൂഷയിൽ പങ്കെടുക്കാൻ നമുക്കവകാശമുള്ളു. നമ്മുടെയിടയിൽ വിദ്വേഷവും അകൽച്ചയും നിലനിൽക്കുന്നെങ്കിൽ, നാം വൈരാഗ്യം വച്ചുപുലർത്തുന്നെങ്കിൽ ഈ ശുശ്രൂഷയിൽ പങ്കുചേരാൻ നമുക്കർഹതയില്ല. ഈ നിമിഷങ്ങൾ ആത്മാർത്ഥതയോടെ ആത്മപരിശോധന നടത്തേണ്ട സമയമാണ്. ഇവിടെ കൂടിയിരിക്കുന്ന ആർക്കെങ്കിലും ആരോടെങ്കിലും വെറുപ്പോ വൈരാഗ്യമോ ഉണ്ടെങ്കിൽ, ഇവിടെ വച്ചു തന്നെ ആ വ്യക്തിയുമായി മാപ്പപേക്ഷിച്ചു രമ്യപ്പെടണം. എന്നിട്ട് ഈ ശുശ്രൂഷയിൽ പങ്കെടുത്താൽ ഈ വിശുദ്ധവാരം അനുഗ്രഹപ്രദമാകും. അല്ലെങ്കിൽ ഇവയെല്ലാം നാം പലപ്പോഴും നിർജ്ജീവമായി ചെയ്യുന്ന ചടങ്ങുകളിൽ ഒന്നായി മാത്രമേ നിലകൊള്ളൂ. നമ്മുടെ ജീവിതത്തെ മാറ്റിമറിക്കുന്ന ഒരനുഭവമായി മാറണമെങ്കിൽ നാം സത്യസന്ധമായി പ്രതികരിക്കണം. അതിന്റെ നേരമാണിത്." ഇത്രയും പറഞ്ഞിട്ട് കേട്ടതിനോടു പ്രതികരിക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് അല്പസമയം നിശബ്ദമായി നിന്നു.

അല്പം കഴിഞ്ഞപ്പോൾ ഒരു നിലവിളി കേട്ടു. തലയുയർത്തി നോക്കിയപ്പോൾ, ഒരു സഹോദരി എഴുന്നേറ്റു ചെന്ന് അവരുടെ ഭർത്താവിന്റെ ജ്യേഷ്ഠന്റെ കാൽക്കൽ വീണുകൊണ്ട് ഉറക്കെപ്പറഞ്ഞു., "കഴിഞ്ഞ 15 വർഷമായി എന്റെ ഭർത്താവും സഹോദരനും വഴക്കാണ്; ബദ്ധശത്രുക്കളെപ്പോലെ.

അങ്ങനെ ഞങ്ങളുടെ കുടുംബാംഗങ്ങളും. ദയവായി ക്ഷമിക്കണം." അപ്പോഴേയ്ക്കും ജ്യേഷ്ഠന്റെ ഭാര്യ അനുജന്റെ കാൽക്കൽ വീണു കഴിഞ്ഞു. തുടർന്നു പള്ളിയിലുള്ള സർവ്വരും എഴുന്നേറ്റു കറങ്ങിനടന്ന് അവർക്ക് ആരോടെങ്കിലും അല്പമെങ്കിലും അകൽച്ചയുണ്ടെന്നു കരുതിയിരുന്നവരെ തിരഞ്ഞുപിടിച്ചു ക്ഷമപറയലും ആലിംഗനവും കരച്ചിലും ഏറ്റുപറച്ചിലും എല്ലാമെല്ലാം നടന്നു. ഏതാണ്ടു 15 മിനിട്ടെടുത്തു പള്ളി ഒന്നു ശാന്തമാകുവാൻ. പള്ളിയിൽ യേശു നിറഞ്ഞുനില്ക്കുന്ന അനുഭവം. ആനന്ദത്തിന്റെ നിമിഷങ്ങൾ. തുടർന്നു നടന്ന ചടങ്ങുകൾ ജീവബന്ധിയായ പ്രാർത്ഥനാനുഭൂതിയായി മാറി. പള്ളി കഴിഞ്ഞ് ഈ രണ്ടു സഹോദരന്മാരും കുടുംബങ്ങളും കൂടെ ഒരു തീരുമാനമെടുത്തു എല്ലാവരോടും പറഞ്ഞു: "ഞങ്ങൾ രണ്ടു കുടുംബക്കാർ, വർഷങ്ങളായി അകന്നു നിന്ന ഞങ്ങളെ അടുപ്പിച്ച നിങ്ങളോടുള്ള/ദൈവജനത്തോടുള്ള സന്തോഷമായി ഈസ്റ്റർ രാത്രി കുർബാന കഴിഞ്ഞ് എല്ലാവർക്കും ഞങ്ങളൊത്തു പായസം വിളമ്പും. നിങ്ങളെല്ലാവരും അതിൽ പങ്കുചേരണം." എന്തൊരു മനോഹരമായ ദൈവാനുഭവം.

ഇവർ എത്ര വലിയ മനുഷ്യർ. അവർ അകന്നു; പക്ഷേ അടുക്കാൻ കഴിവുള്ള മനസ്സിന്റെ ഉടമകൾ. വേണ്ടിയിരുന്നത് വെറുമൊരു സാഹചര്യം മാത്രം. ഞാനോ? എന്നെപ്പോലെ മിടുക്കരെന്നു ഞെളിഞ്ഞു നടക്കുന്നവരോ? വർഷങ്ങളല്ല, തലമുറകളായി, കുടുംബപരമായിത്തന്നെ വിദ്വേഷം ഊട്ടിവളർത്തിയിട്ട് ഒരു കൂസലും കുലുക്കവും ഇല്ലാതെ വിവിധങ്ങളായ എല്ലാവിധ ഭക്തകൃത്യങ്ങളിലും ആരധനാക്രമങ്ങളിലും പങ്കെടുക്കുന്നു. എന്തൊരു വിരോധാഭാസം! ഈ അനുഭവം എന്നെ നിരന്തരം ആത്മപരിശോധനയ്ക്കു വിധേയനാക്കുന്ന ഒന്നായി മാറി.

**കുർബാന അപരർക്ക് ആത്മദാനം**

മഞ്ഞനിക്കര പള്ളിയിലെ മറ്റൊരു സംഭവം. ഒരു ഞായർ. കുർബാന അർപ്പിക്കുന്നതിന്റെ ഒരുക്കമായി മൂന്നു വ്യക്തികളെക്കൊണ്ട് കുർബാന എന്നാൽ എന്ത് എന്നതിനോട് അവർ പ്രതികരിക്കണമെന്ന് ആവശ്യപ്പെട്ടു.

ഫിലിപ്പ്ജോർജ്ജിന്റെ പ്രതികരണം ഏതാണ്ടിതുപോലെ: "കുർബാനയെപ്പറ്റി ഓർക്കുമ്പോൾ എന്റെ മനസ്സിൽ ഓടിവരുന്ന ചിത്രം, കഴുമരത്തിലേയ്ക്കു കയ്യൂർ-കരിവെള്ളൂർ സഖാക്കളുടെ ധീരത കൈവിടാത്ത നീക്കമാണ്. അമ്മേയെന്നു വിളിച്ചില്ല. പുതിയൊരു നാളെയ്ക്കു വേണ്ടി, സഖാക്കളേ മുന്നോട്ട് എന്നു വിളിച്ചുപറഞ്ഞ്. സാമാന്യജനം പട്ടിണികിടന്നു മരിച്ചപ്പോൾ, ജന്മിമാർ പൂഴ്ത്തിവച്ചിരിക്കുന്ന അരിയും നെല്ലും ബലമായെടുത്തു വിതരണം ചെയ്ത് അവരുടെ വിശപ്പടക്കിയതിനു കഴുമരത്തിലേയ്ക്കു കയറ്റപ്പെട്ട, അനീതിയുടെ മുമ്പിൽ തല കുനിക്കില്ല എന്നു പറഞ്ഞ, കയ്യൂർ-കരിവള്ളൂർ സഖാക്കളും

ഇതെന്റെ ശരീരം, വാങ്ങി ഭക്ഷിക്കുവിൻ, ഇതെന്റെ രക്തം വാങ്ങി കുടിക്കുവിൻ - പുതിയൊരു ലോകത്തിനായി ചിന്തപ്പെടുന്ന രക്തം എന്നു പറഞ്ഞുകൊണ്ടു ജീവൻ ഹോമിച്ച യേശുവും ഒരേ ത്രാസിന്റെ രണ്ടു തട്ടുകളാണ്. യേശുവിന്റെ ബലി ചരിത്രത്തിൽ പുനരർപ്പിക്കപ്പെടുന്നത് ഇവിടെയാണ്. ”

കുർബാന എന്താണെന്നു കൊച്ചുമോൾ പ്രതികരിച്ചത് ഏതാണ്ട് ഇവ്വിധമാണ്: “1946 ഒക്ടോബർ 23 നും 27 നും നടന്ന പുന്നപ്ര-വയലാർ സമരത്തിൽ സർ സി. പി. യുടെ പട്ടാളത്തിന്റെ വെടിയേറ്റു മരിച്ച ആയിരങ്ങളെയാണ് കുർബാന ഓർമ്മപ്പെടുത്തുന്നത്. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായി, രാജവാഴ്ചക്കും അമേരിക്കൻ മോഡൽ ഭരണത്തിനുമെതിരായി, അദ്ധ്വാനിക്കുന്ന തൊഴിലാളിവർഗ്ഗത്തിനു ന്യായമായ കൂലിയും മാനുഷികമായ അംഗീകാരവും ലഭിക്കുന്നതിനായി, ഫാക്ടറിയുടെ ലാഭവിഹിതത്തിൽ തൊഴിലാളിക്കവകാശമുണ്ട് എന്ന് അംഗീകരിക്കുന്ന ബോണസ് എന്ന തത്വത്തെ അംഗീകരിപ്പിക്കാൻ വേണ്ടി - അങ്ങനെ സമത്വസുന്ദരമായ ഒരു നല്ല നാളെയുടെ സൃഷ്ടിക്കുവേണ്ടി, ഒരു കണക്കുപറച്ചിലുമില്ലാതെ, സ്വാർത്ഥതാല്പര്യമോ പ്രതിഫലേച്ഛയോ ഇല്ലാതെ, അനീതിയുടെയും അധികാരഹുങ്കിന്റെയും മുമ്പിൽ തളരാതെ, പട്ടാളത്തിന്റെ മുമ്പിൽ വിരിമാറു കാട്ടിയ ആ വലിയ മനുഷ്യർ ഓരോരുത്തരും ക്രിസ്തുമാരാണ്; യേശുവിന്റെ ബലി ചരിത്രത്തിൽ ജീവത്തായി അർപ്പിച്ച പുരോഹിതരാണ്. പുന്നപ്ര-വയലാർ സഖാക്കൾ/രക്തസാക്ഷികൾ നമ്മുടെ പരമ്പരാഗത ബലിയർപ്പണ ആചാരാനുഷ്ഠാനത്തിന്റെ മുമ്പിൽ ജീവിക്കുന്ന വെല്ലുവിളി ഉയർത്തുന്ന തേജസ്വികളാണ്.”

അടുത്തതായി എനിക്കുണ്ടായ ഒരനുഭവമാണ് ഞാൻ പങ്കുവച്ചത്. കേരള സ്വതന്ത്രമത്സ്യത്തൊഴിലാളി ഫെഡറേഷൻ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സർവ്വതോമുഖമായ അവകാശങ്ങൾക്കു വേണ്ടി 1980 ൽ സമരം നടത്തുകയാണ്. ഫാദർ തോമസ് കോച്ചേരിയും ശ്രീ. ജോയിച്ചൻ ആന്റണിയും തിരുവനന്തപുരത്തു സെക്രട്ടറിയേറ്റിന്റെ മുമ്പിൽ നിരാഹാരം തുടങ്ങിയിട്ട് അഞ്ചു ദിവസങ്ങൾ പിന്നിട്ടു. നിരാഹാരികൾക്കു അഭിവാദനമർപ്പിക്കാനും സമരത്തിനു പിന്തുണ പ്രഖ്യാപിക്കാനുമായി ഫാ. ജോസ് ജെ. കളീയ്ക്കലും ഞാനും തിരുവനന്തപുരത്തെത്തി. സമരപ്പന്തലിലിരുന്നുകൊണ്ടു പല കാര്യങ്ങളും ഞങ്ങൾ സംസാരിച്ചു. അതിനിടെ ഫാ. കളീയ്ക്കൽ ഫാ. കോച്ചേരിയോടു പറഞ്ഞു: ‘ടോം, എന്തായാലും താൻ നിരാഹാരം കിടക്കുന്നു. മറ്റു ജോലിയൊന്നുമിപ്പോളില്ലല്ലോ. നമുക്കിവിടെ ഒരു കുർബാന അർപ്പിക്കാം.’ അതിനു ടോമിന്റെ പ്രതികരണം: ‘ജോസേ, ഞാനിവിടെ മത്സ്യത്തൊഴിലാളികൾക്കു വേണ്ടി യഥാർത്ഥത്തിൽ ജീവൻ കൊടുത്തുകൊണ്ടിരിക്കുന്നു, നിരാഹാരത്തിലൂടെ. ഇതു ജീവനുള്ള കുർബാനയാണ്. ഇനിയെന്തിനു പ്രതീകാത്മകമായ കുർബാന?’ ശക്തമായ വാക്കുകൾ. ഞങ്ങൾ അവിടെ സമരപന്തലിലിരുന്നു

കുർബാനയുടെ ദൈവശാസ്ത്രത്തെപ്പറ്റിയും അതിന്റെ ജനകീയതയെപ്പറ്റിയും ചിന്തിച്ചു, ഏറെ ചർച്ച ചെയ്തു. അതേ, അപരർക്കുവേണ്ടി ജീവൻ കൊടുക്കുന്നതിനെക്കാൾ വലിയ ബലിയില്ലല്ലോ?

ഈ മൂന്നു വ്യക്തികളുടെ അനുഭവം പങ്കുവെച്ചുകൊണ്ടുള്ള കുർബാനയിൽ സജീവത നിറഞ്ഞുനിന്നു. എല്ലാവർക്കും എന്തെങ്കിലുമൊക്കെ അവരവരുടെ വ്യക്തിജീവിതത്തെയും സമൂഹജീവിതത്തെയും മുൻനിറുത്തി കുർബാനയെപ്പറ്റി പറയാനുണ്ടായിരുന്നു; ആത്മപരിശോധനക്കും തിരുത്തലിനും വകയുള്ള സന്ദേശങ്ങൾ നല്കാനുണ്ടായിരുന്നു. കുർബാനയുടെ അവസാനം എല്ലാവരും കരങ്ങളുയർത്തി അപരർക്കുവേണ്ടി എന്നെത്തന്നെ, ഞങ്ങളെത്തന്നെ സമർപ്പിക്കാൻ തയ്യാർ എന്ന വാഗ്ദാനത്തോടെ 'ക്രിസ്തുയേശുവിൻ സ്വാതന്ത്ര്യം മുഴക്കിടുവാൻ' എന്ന ഗാനം ഏക സ്വരത്തിൽ ആലപിച്ചത് ഇന്നുമെന്റെ ഹൃദയത്തിൽ അലതല്ലുന്നു.

### ഇതാ ദരിദ്രനായ ക്രിസ്തു - ആമേൻ

യുവജനസംഘത്തെപ്പറ്റി നേരത്തേ സൂചിപ്പിച്ചല്ലോ. ആറന്മുള, കോട്ട, കൈപ്പുഴ, ഇലവുംതിട്ട എന്നിവിടങ്ങളിലെ യുവതീയുവാക്കൾക്കു വേണ്ടി കോട്ടയിൽ വച്ച് ഒരു ശനിയാഴ്ച ഏകദിനസെമിനാർ നടത്തി. വിഷയം ഇതായിരുന്നു: യേശുവിനെ സുവിശേഷത്തിലൂടെ പരിചയപ്പെടുക. എല്ലാ വീടുകളിലും സമ്പൂർണ്ണ ബൈബിളിന്റെ പ്രതിയുണ്ടാകുന്ന പദ്ധതി നേരത്തേ ചെയ്തിട്ടുണ്ട്. എല്ലാവരും ബൈബിൾ കൊണ്ടുവന്നിട്ടുമുണ്ട്. പഠനപ്രക്രിയ ക്രമീകരിച്ചത് താഴെപ്പറയും വിധമാണ്.

എല്ലാവരും അവരവരുടെ നോട്ട് എഴുതുന്ന ബുക്ക് തുറന്ന്, ഇടതുവശത്ത് തലക്കെട്ടായി 'ദരിദ്രർ' എന്നും വലതുവശത്ത് തലക്കെട്ടായി 'സമ്പന്നർ' എന്നും എഴുതുന്നു. തുടർന്നു ബൈബിളിലെ 4 സുവിശേഷങ്ങളിൽ ആദ്യമെഴുതിയ സുവിശേഷമായ മാർക്കോസിന്റെ സുവിശേഷം ഓരോരുത്തരും വായിക്കുന്നു. അങ്ങനെ വായിച്ചുപോകുമ്പോൾ, യേശു ദരിദ്രരെപ്പറ്റിയോ ദരിദ്രരുമായി ബന്ധിപ്പിക്കാവുന്ന മുടന്തർ, ബധിരർ, മൂകർ, സന്തപ്തഹൃദയർ, കുഷ്ഠരോഗികൾ, പാപികൾ, ചുങ്കക്കാർ, രോഗികൾ, വേശ്യകൾ, പുറംജാതിക്കാർ, വിധവകൾ, എളിയവർ, സ്ത്രീകൾ മുതലായവരെപ്പറ്റിയോ പറയുന്നത് ഇടതുവശത്ത് എഴുതുക. മറിച്ച് ധനികരെപ്പറ്റിയും ധനികരുമായി ബന്ധപ്പെട്ടുനില്ക്കുന്ന ഫരീസ്യർ, സദൂച്യർ, പുരോഹിതഗണം, മഹാപുരോഹിതൻ, രാജാവ്, ദേവാലയത്തിലെ കച്ചവടക്കാർ മുതലായവരെപ്പറ്റി പരാമർശിക്കുന്നതു ബുക്കിന്റെ വലതുവശത്തും എഴുതുക. ഉച്ചവരെയുള്ള വ്യക്തിഗത പരിശീലനം ആയിരുന്നു അത്.

ഉച്ചകഴിഞ്ഞ് അതിന്റെ പ്രായോഗിക വിശകലനം നടന്നു. ഇരുന്നൂറോളം

പ്രാവശ്യം ദരിദ്രരെപ്പറ്റി പറയുന്നു; ഒരു വ്യവസ്ഥയുമില്ലാതെ, കണക്കുപറച്ചിലില്ലാതെ, എല്ലാവരോടും എല്ലായ്പ്പോഴും സ്നേഹാർദ്രതയോടെയാണു യേശു ബന്ധപ്പെടുക. ചിലപ്പോഴൊക്കെ പ്രകടമായ രീതിയിൽ, മറ്റുള്ളവർക്കു ബുദ്ധിമുട്ടു ജനിപ്പിക്കുന്ന രീതിയിൽ ആണു യേശു ഇവരുടെ പക്ഷം പിടിക്കുക. മറിച്ച് ധനികരെപ്പറ്റി 15 പ്രാവശ്യത്തോളമേ പറയുന്നുള്ളൂ. ഒരു ധനികനെയും വെറുതെ വിടുന്നില്ല. ശിഷ്യനാകണമെങ്കിൽ ഉള്ളതുമുഴുവൻ വിറ്റ് ദരിദ്രർക്കു കൊടുക്കണം. രക്ഷപെടണമെങ്കിൽ ഉള്ളതിന്റെ പകുതി ദരിദ്രർക്കു കൊടുക്കുകയും വേണം. വഞ്ചിച്ചു സ്വരൂപിച്ചതിന്റെ നാലിരട്ടി തിരികെ കൊടുക്കണം. കച്ചവടക്കാരെ അടിച്ചു പുറത്താക്കുകയാണ് ചെയ്തത്. ഹേറോദ് രാജാവിനെ കുറുക്കൻ എന്നാണ് അഭിസംബോധന ചെയ്തത്. പൊതുവേ ഇങ്ങനെയുള്ളവരെ അണലിസന്തതികളേ, വെള്ളയടിച്ച കുഴിമാടങ്ങളേ എന്നൊക്കെ അഭിസംബോധന ചെയ്തിട്ട് നിങ്ങൾക്കു ദുരിതം എന്നു വിളിച്ചുപറയുകയായിരുന്നു. എപ്പോഴും ഇവരുമായിട്ടുള്ള ഇടപെടലിൽ വ്യവസ്ഥ ഉണ്ടായിരുന്നു.

ഈ അപഗ്രഥനത്തിന്റെ വെളിച്ചത്തിൽ, നാം യേശുശിഷ്യർ യേശുവിന്റെ മനോഭാവവും കാഴ്ചപ്പാടും ഉള്ളവരായിരിക്കണമെന്നു ചർച്ച വന്നു. അതായത് ദരിദ്രരുടെ, എളിയവരുടെ, കഷ്ടത അനുഭവിക്കുന്നവരുടെ, തഴയപ്പെട്ടവരുടെ പക്ഷം പിടിക്കണം. ഇതിന്റെ സ്വാഭാവിക പരിണതഫലമാണ് വലിയവന്റെ എതിർപ്പ്; അതു ബോധപൂർവ്വം നാം ഏറ്റുവാങ്ങേണ്ടതുണ്ട്. യേശുവിനെ ഗൗരവബുദ്ധ്യാ അനുകരിക്കാനും സ്വീകരിക്കാനും തയ്യാറാകുകയാണ് കരണീയമായുള്ളത്. ഈ വ്യക്തതയിൽ മൂന്നു മണിയോടെ ഞങ്ങൾ കുർബാന അർപ്പിച്ചു.

കുർബാന വളരെ സജീവമായി. അന്നു വായിക്കുകയും പഠിക്കുകയും വിശകലനം നടത്തുകയും ചെയ്തതിൽ ഓരോരുത്തർക്കും കിട്ടിയ ഉൾക്കാഴ്ചയാണ് കുർബാനയിൽ പങ്കുവയ്ക്കപ്പെട്ടത്. ഏറ്റവും എളിയവനു ചെയ്തപ്പോൾ/ചെയ്യാതിരുന്നപ്പോൾ എനിക്കു തന്നെയാണ് ചെയ്തത്/ചെയ്യാതിരുന്നത് എന്ന ചിന്തയിൽ കുർബാനയിൽ യേശുവിന്റെ ദരിദ്രപക്ഷനിലപാട് നിറഞ്ഞു നിന്നു. അങ്ങനെ ഓരോരുത്തരും കുർബാന സ്വീകരിക്കാൻ അൾത്താരയെ സമീപിക്കുമ്പോൾ സാധാരണ പറയുന്ന 'ക്രിസ്തുവിന്റെ ശരീരം - ആമേൻ' എന്നതിനു പകരം 'ഇതാ ദരിദ്രനായ ക്രിസ്തു - ആമേൻ' എന്നായിരുന്നു പറഞ്ഞത്. ഓരോ വ്യക്തിയും ഈ ആമേൻ പറയുമ്പോൾ സ്നേഹവായ്പിൽ കണ്ണീർ പൊഴിച്ചുകൊണ്ടായിരുന്നു ചെയ്തത്. അതിമധുരമായ അനുഭവം.

സെമിനാരിയിൽ എന്റെ ജൂനിയറായി പഠിച്ചു, സെമിനാരി വിട്ട നീണ്ടകരക്കാരനായ ശ്രീ റോബർട്ട് ബല്ലാർമിൻ യാദൃച്ഛികമായി എന്നെ കാണാൻ വന്നു. വലിയ ധൃതിയില്ലെങ്കിൽ ഞങ്ങളുടെ സെമിനാറിൽ പങ്കെടുക്കാൻ അദ്ദേഹത്തെക്കൂടി ക്ഷണിച്ചു. അദ്ദേഹം സമ്മതിച്ചു. കുർബാനയിൽ റോബർട്ട് സാക്ഷ്യം

പറഞ്ഞു: 'എന്റെ ജീവിതത്തിൽ ഇങ്ങനെ സജീവത നിറഞ്ഞുതുളുമ്പിയ ഒരു കുർബാനയിൽ പങ്കെടുത്തിട്ടില്ല. ആയിരക്കണക്കിനുള്ള നിർജീവ ചടങ്ങുകളുടെ കുർബാനയായിരുന്നു എനിക്കു പരിചയം. അതാണു കുർബാനയെന്നു ഞാൻ വിശ്വസിക്കുകയും ചെയ്തു. കുർബാനയ്ക്കു മറ്റൊരു മുഖം - ജീവന്റെ മുഖം ഉണ്ടെന്ന് എനിക്കു നിങ്ങളുടെ ജീവിതം കൊണ്ടു മനസ്സിലായി. എന്റെ ജീവിതത്തിലെ ഏറ്റവും ആനന്ദദായകമായ ദിനം ഇതാണ്. അതിന് അവസരമൊരുക്കിയ നിങ്ങൾക്കു നന്ദി.'

തുറന്ന ഹൃദയത്തോടെ, സത്യം കണ്ടെത്തണമെന്ന ആഗ്രഹത്തോടെ, എത്ര നിസ്സാരനായിക്കൊള്ളട്ടെ, ആരു സുവിശേഷം വായിച്ചാലും മനസ്സിലാകും യേശു നൂറു ശതമാനവും ദരിദ്രരുടെ പക്ഷത്താണെന്ന്; വ്യവസ്ഥപ്രകാരമേ ധനികരുടെ കൂടെയുള്ളൂ. ഇതു തുറന്നു പറഞ്ഞാൽ കല്ലേറു തീർച്ച. ഭ്രഷ്ട് ഇതിന്റെ കൂടെപ്പിറപ്പാണ്. എങ്കിലും സത്യമതാണ്. സത്യമേ നമ്മെ സ്വതന്ത്രരാക്കൂ എന്ന് യേശു അസന്ദിഗ്ധമായി പ്രസ്താവിച്ചിട്ടുണ്ടുതാനും.

**ബിഷപ് ജെറോമും വായനയും**

ബിഷപ് ജെറോം എം. ഫെർണാന്റസിന്റെ വലിപ്പത്തെപ്പറ്റി പലകുറി സൂചിപ്പിച്ചല്ലോ. അദ്ദേഹം തനിക്കൊരു സെക്രട്ടറിയെ വയ്ക്കാതെ മിക്ക ജോലികളും തന്നത്താൻ ചെയ്യുന്ന സ്വഭാവമുള്ളയാളാണ്. കഠിനാദ്ധ്വാനിയാണ്. പക്ഷേ ഒരു കാര്യം, എത്ര ജോലിത്തിരക്കാണെങ്കിലും, എത്ര ക്ഷീണമാണെങ്കിലും എല്ലാ ദിവസവും രാത്രി 10-11 മണി വരെ വായന നിർബന്ധമായിരുന്നു.

അദ്ദേഹത്തിന്റെ ഈ സ്വഭാവരീതി എന്നെ ആകർഷിച്ചതുകൊണ്ടാവാം ചെറുപ്പത്തിൽ എങ്ങുനിന്നും കിട്ടാത്ത വായനാശീലവും ലൈബ്രറി ബന്ധവും ഞാൻ സ്വതന്ത്രമായി പ്രവർത്തിച്ച ഇടവകകളിലൊക്കെത്തന്നെ നടപ്പാക്കാനായത്. ഇടവകകളിലൊക്കെ കൊച്ചൊരു ലൈബ്രറി ഉണ്ടാക്കുകയും കുട്ടികളിൽ വായനാശീലം വളർത്താൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു.

മാത്രമല്ല, എന്നെ ഞാനാക്കിയ ഘടകങ്ങളെ വിലയിരുത്തുന്നിടത്ത് ഗൗരവമായ വായന വലിയൊരു പങ്കുവഹിച്ചു എന്ന് നിശംസയം പറയാം. യേശുവിനെയും യേശുദൗത്യത്തെയും തേടിയുള്ള യാത്രയിൽ, തന്റെ സഭ എന്തായിരിക്കണമെന്നുള്ള അന്വേഷണത്തിൽ, അവിടെ എന്തായിരിക്കണം എന്റെ/നമ്മുടെ ഉത്തരവാദിത്തം എന്ന തിരയലിൽ വായന നിർണായകമായ സ്വാധീനം ചെലുത്തുന്നു.

# 31

## കൂടുതൽ ജനപക്ഷത്തേയ്ക്ക് അഥവാ കൂടുതൽ ദൈവപക്ഷത്തേയ്ക്ക്

**സാർവ്വത്രികമായി ചിന്തിക്കുക, പ്രാദേശികമായി പ്രവർത്തിക്കുക**

മൂന്നു മാസത്തെ ഐ. എസ്. ഐ. അനുഭവവുമായി ഞാൻ തിരിച്ചുവന്നത് പത്തനംതിട്ടയിലെ പുത്തൻപീടിക ഇടവകയിലാണ്. പത്തനംതിട്ട മിഷൻ ഡിസ്ട്രിക്റ്റ് എന്നാണു രൂപതയിൽ അറിയപ്പെടുക. ഇതിനു മഞ്ഞനിക്കര, നാരങ്ങാനം, ചെങ്ങറ, ഇടകടത്തി, ചിറ്റാർ എന്നീ സബ്സ്റ്റേഷനുകളുണ്ട്. പുത്തൻപീടിക, മഞ്ഞനിക്കര, നാരങ്ങാനം എന്നീ സ്ഥലങ്ങളിലെ മുഴുവൻ പള്ളിക്കാരും ദലിത് ക്രൈസ്തവരാണ്. ചെങ്ങറയിലുള്ളതോ പകുതി മലയാളികളും പകുതി തമിഴരുമായ പാവപ്പെട്ട എസ്റ്റേറ്റ് തൊഴിലാളികൾ. ചിറ്റാറിലുള്ളവർ പല സ്ഥലങ്ങളിൽ നിന്നും വന്നു താമസിക്കുന്ന വേരില്ലാത്തവർ. ഇടകടത്തിയിൽ മലയരയർ ആദിവാസിസമൂഹവും. അങ്ങനെ എന്റെ അധീനതയിൽപ്പെട്ടവരൊക്കെത്തന്നെ സമൂഹത്തിൽ കഠിനചൂഷണം അനുഭവിക്കുന്ന ദരിദ്രജനവിഭാഗമായിരുന്നു. ഐ. എസ്. ഐ. കോഴ്സിന്റെ വെളിച്ചത്തിൽ ആരുടെ പക്ഷം പിടിക്കണം എന്നു ഏറെ ചിന്തിക്കാതെ തീരുമാനമെടുക്കാൻ എനിക്കു സാധിച്ചു. പക്ഷേ അതിന്റെ പരിണതഫലങ്ങൾ മൂർച്ചയേറിയവയായിരുന്നു.

Think globally, act locally - സാർവ്വത്രിക പശ്ചാത്തലത്തിൽ പ്രാദേശിക പ്രശ്നങ്ങളെ വിലയിരുത്തിയിട്ടുള്ള പ്രവർത്തനശൈലിക്കു രൂപംകൊടുക്കാൻ ശ്രമിച്ചു. ഈ കാഴ്ചപ്പാടോടെ യുവജനങ്ങളെ സജ്ജരാക്കുക എന്ന രീതിയിൽ 'പരിവർത്തനത്തിനു വേണ്ടിയുള്ള വിദ്യാഭ്യാസം' എന്ന പഠന പ്രക്രിയയിൽ സജീവമായി സഹകരിച്ചുപോന്നു. ഒപ്പം ആലപ്പുഴ ജില്ലാ ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ അവകാശപ്പോരാട്ടങ്ങളിലും പങ്കാളിയാകാൻ ശ്രമിച്ചു. പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം കേന്ദ്രമാക്കി കർഷകത്തൊഴിലാളികളുടെ അവകാശസമരങ്ങളിൽ ഉൾചേർന്നു പ്രവർത്തിച്ചു പോന്നു. ഇവയെപ്പറ്റി അല്പം വിശദീകരണം ആവശ്യമാണെന്നു തോന്നുന്നു.

ജനത്തിന്റെ ആത്മീയതയും രാഷ്ട്രീയവും കണ്ടെത്താനുള്ള ഗൗരവമായൊരു യത്നമായിരുന്നു മാവേലിക്കര കേന്ദ്രമാക്കി 1978 ആഗസ്റ്റിൽ ആരംഭിച്ച പരിവർത്തനത്തിനായുള്ള വിദ്യാഭ്യാസ പരിപാടി. ശരാശരി രണ്ടുമാസ

ത്തിലൊരിക്കൽ രണ്ടു ദിവസത്തെ ക്യാമ്പ് എന്ന നിലയിൽ, നാലു വർഷം നീണ്ടുനിന്ന ഒരു തുടർ വിദ്യാഭ്യാസ നേതൃത്വ പഠനപദ്ധതിയുടെ ലക്ഷ്യം നോട്ടീസിൽ ഇങ്ങനെ വിശദീകരിക്കുന്നു:

നവസമൂഹത്തിന്റെ ദർശനം ഉൾക്കൊണ്ടു പ്രവർത്തിക്കുവാൻ ജനങ്ങളെ സജ്ജരാക്കുക.

സ്വയം കണ്ടെത്തൽ; സമൂഹത്തെ കണ്ടെത്തൽ.

സമൂഹത്തിൽ വ്യക്തികളുടെ സാധ്യതകളെ കണ്ടെത്തുക, വിലയിരുത്തുക.

സ്വതന്ത്രചിന്തയും പ്രവർത്തനവും പ്രോത്സാഹിപ്പിക്കുക.

മനുഷ്യൻ തമ്മിൽ തമ്മിലും, സമൂഹത്തോടുമുള്ള അന്യതാബോധം ഇല്ലാതാക്കുക.

ശാസ്ത്രീയമായി സാമൂഹ്യവിശകലനം നടത്തുക.

വിശ്വാസങ്ങൾ പ്രത്യയശാസ്ത്രങ്ങൾ എന്നിവ തമ്മിലുള്ള ബന്ധം മനസ്സിലാക്കുക.

സമൂഹ്യപരിവർത്തനത്തിനുള്ള വഴി അന്വേഷിക്കുക, കണ്ടെത്തുക.

സാമൂഹ്യ അനീതികളെ വേർതിരിച്ചു മനസ്സിലാക്കി, സാമൂഹിക മനഃസാക്ഷിയെ അതിനെതിരായി സംഘടിപ്പിച്ച് അനീതിയ്ക്കെതിരെ പ്രവർത്തനത്തിലേർപ്പെടുക.

ബോധവൽക്കരണ പ്രവർത്തനത്തിലേർപ്പെടുക.

തദ്ദേശീയ തലത്തിൽ അദ്ധ്വാനത്തിൽ അഭിമാനം കൊള്ളുക.

സംഘടനാപ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുത്ത് ഏറ്റെടുക്കുക.

ഈ ലക്ഷ്യങ്ങൾ മുന്നിൽ വച്ചുകൊണ്ട് നടത്തപ്പെട്ട കോഴ്സുകളുടെ മുഖ്യ ഉത്തരവാദികൾ ഫാ. ജോസ് ജെ. കളീയ്ക്കലും ഞാനുമായിരുന്നു. ഞങ്ങൾ കൂട്ടായി ഈ നീക്കങ്ങളിലെല്ലാം ഇടപെട്ടു. പുറപ്പാടു സംഭവം, ക്രിസ്തു സംഭവം, സാമൂഹിക നീതി, ദരിദ്രപക്ഷം, സഭയായ ദൈവജനം, വിമോചനം, സ്വാതന്ത്ര്യം മുതലായവയെപ്പറ്റിയുള്ള പഠനം ദൈവശാസ്ത്രത്തിനു പുതിയ മാനവും ദിശാബോധവും നല്കുന്നവയായിരുന്നു. മാവേലിക്കര-പത്തനംതിട്ട മേഖലകളിലെ 27 മത്സ്യ-കർഷക ഗ്രാമങ്ങളിൽ നിന്ന് 77 പ്രതിനിധികൾ ഈ തുടർപരിപാടികളിൽ പങ്കുചേർന്നു. ഈ പഠനം സഭയുടെയും മതത്തിന്റെയും അരാഷ്ട്രീയമുഖം അനാവരണം ചെയ്തു. ക്ലാസ്സിൽ പങ്കെടുത്തവർ, പഠിച്ച കാര്യങ്ങൾ അവരവരുടെ ഇടവകയിൽ ചെറുസംഘമായി പ്രാവർത്തികമാക്കാൻ ശ്രമിച്ചതോടെ (ഉദാഹരണത്തിന് ജനാധിപത്യ ശൈലിയിൽ തെരഞ്ഞെടുത്ത ഇടവകകമ്മിറ്റി വേണം, സുതാര്യത വേണം തുടങ്ങിയവ) ഇടവകയിൽ പ്രശ്നമായി; വികാരിയച്ചന്മാർക്ക് പരാതിയായി; ബിഷപ്പ് തിരുമേനി ഇടപെട്ടു.

കൊല്ലം ബിഷപ് മൊൺസിഞ്ഞോർ ജോസഫ് ജി. ഫെർണാന്റസ് 14. 10.

1982 ന് അയച്ച കത്തിൽ, ഈ സെമിനാറുകൾ നിർത്തിവയ്ക്കാൻ ദൈവനാമത്തിൽ ആവശ്യപ്പെടുന്നു ('I exhort you in the name of God to stop these seminars.') എന്നെഴുതി. അതിനു കാരണമായി എടുത്തു പറയുന്നത് ഞങ്ങളുടെ ഇടതുപക്ഷ ചായ്‌വും സഭാപഠനത്തോടുള്ള വിശ്വസ്തതക്കുറവുമാണ്(unorthodoxy). അതിനു ജോസും ഞാനും സംയുക്തമായി മറുപടി അയച്ചു. യേശുപഠനത്തോടും യേശുദർശനത്തോടുമുള്ള വിശ്വസ്തതയാണ് പ്രധാനമെന്നും, അത് അടിസ്ഥാനപരമായി ദരിദ്രപക്ഷമാണെന്നും സമ്പന്നർക്കെതിരാണെന്നുമുള്ള യേശുവിന്റെ നിലപാട് ഞങ്ങൾ വ്യക്തമാക്കി. അതുപോലെ തന്നെ, ഇടതുപക്ഷത്തും വലതുപക്ഷത്തും പ്രശ്നങ്ങൾ ഉണ്ടെങ്കിലും പൊതുവേ ദരിദ്രജനതയുടെ താല്പര്യങ്ങൾ സംരക്ഷിക്കുംവിധമുള്ള നയങ്ങൾ രൂപീകരിച്ച് സ്വീകരിക്കുന്നത് ഇടതുപക്ഷമാണെന്നും വ്യക്തമാക്കി. മറ്റു 12 വൈദികർ സംഘമായിട്ടും ബിഷപ്പിന്റെ കത്തിനോടു നിഷേധാത്മകമായി പ്രതികരിച്ചു. സാമൂഹ്യനീതിക്കും വിമോചനത്തിനും വേണ്ടിയുള്ള പഠനപ്രക്രിയയാണിതെന്ന് അവർ യുക്തിയുക്തം പ്രഖ്യാപിച്ചു.

തിരുമേനിയുടെ ഈ ഇടപെടൽ ജനകീയപ്രസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം അനുഗ്രഹമായിരുന്നു - blessing in disguise. തിരുമേനിയുടെ അന്യായമായ വിലക്കിനെ മറികടന്നുകൊണ്ട് സ്വതന്ത്രമായി മുന്നോട്ടുപോകാൻ ജനം തീരുമാനിച്ചു. അങ്ങനെയാണ് സ്വതന്ത്രമായി രജിസ്റ്റർ ചെയ്ത പ്രസ്ഥാനം എന്ന നിലയിൽ മാവേലിക്കരയിൽ എം. ജെ. എം. സെന്റർ പ്രവർത്തനം ഒരു വാടകക്കെട്ടിടത്തിൽ ആരംഭിച്ചതും ഇന്നു സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും. പിന്നെയങ്ങോട്ടു സ്വതന്ത്രപ്രസ്ഥാനങ്ങളുടെ രൂപീകരണത്തിന്റെ ഒരു വേലിയേറ്റം തന്നെ നമുക്കു കാണാം. വീക്ഷണവ്യക്തതയ്ക്ക് എം. ജെ. എം. വഹിച്ച പങ്ക് അമൂല്യമാണ്.

ഈ പഠനപ്രക്രിയയുടെ പ്രവർത്തനമേഖല ആലപ്പുഴ ജില്ലയിലെ ഉൾനാടൻ മത്സ്യത്തൊഴിലാളികളും പത്തനംതിട്ടയിലെ കർഷകത്തൊഴിലാളികളുമാണ്. ഈ രണ്ടു മേഖലകളിലേയ്ക്കും ഞാൻ കടന്നുവന്ന രണ്ടുമൂന്നു സംഭവങ്ങൾ കൂടി വിവരിക്കട്ടെ.

### ഇങ്ക്വിലാബ് സിന്ദാബാദ്

ആലപ്പുഴ ജില്ലാ ഉൾനാടൻ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ സംഘടിതരായി അവരുടെ അവകാശപ്പോരാട്ടങ്ങളിൽ സജീവമായി നിലകൊള്ളുന്നു. നേതൃത്വം ശ്രീ. കെ. ജി. സെലസ്റ്റിനും ഫാ. ജോസ് ജെ. കളീയ്ക്കലിനുമാണ്. ഫാ. ജോസ് ജെ. കളീയ്ക്കലിനോടൊപ്പം ഞാനും രംഗത്തുണ്ട്. പാടശേഖരം ലേലം ചെയ്തു കൊടുക്കുന്നതിനെതിരെ പ്രകടനവും പൊതുസമ്മേളനവും സംഘടിപ്പിച്ചിരിക്കുകയാണ്. എല്ലാവരും ഹരിപ്പാട് ട്രാൻസ്പോർട്ട്

ബസ്സ്റ്റാന്റിന്റെ വടക്കുഭാഗത്ത് ഒത്തുകൂടി കാരിച്ചാലിലേയ്ക്ക് മാർച്ച് ചെയ്യുകയാണ്. ഞാനും ജാഥയിൽ കൂടി. സംഘടിതസമരത്തിൽ എന്റെ ആദ്യമായിട്ടുള്ള ഇടപെടൽ. സ്ത്രീകളും പുരുഷന്മാരും എല്ലാംമറന്നു കരങ്ങളുയർത്തി മുദ്രാവാക്യം വിളിച്ചാണ് ജാഥ നീങ്ങുന്നത്. എന്റെ കൈ ഉയരുന്നില്ല. എവിടെയോ ഒരു പിടുത്തം പോലെ. ഞാൻ മുദ്രാവാക്യം ഉരുവിട്ടു നീങ്ങുകയാണ്. നാലു വശത്തേയ്ക്കും ഞാൻ കണ്ണോടിച്ചു. എല്ലാവരും തന്നെ അവകാശ മുദ്രാവാക്യം വിളിയിൽ മുഴുകി ലയിച്ച്, നിറഞ്ഞ സജീവതയോടെ ഇടപെട്ടു നീങ്ങുന്നു. അങ്ങനെ നീങ്ങി ഏതാണ്ടു പകുതി വഴിയെത്തിയപ്പോൾ, ശ്രീ കെ. ജി. സെലസ്റ്റിൻ മുദ്രാവാക്യം വിളിച്ചപ്പോൾ, ആകാശത്തിന്റെ അറ്റത്തേയ്ക്ക് എന്റെ വലത് കരം ആഞ്ഞുയർത്തി ഉറച്ച സ്വരത്തിൽ ഞാൻ ഏറ്റുപറഞ്ഞു: '*ഇങ്ക്വിലാബ് സിന്ദാബാദ്.*' നാണം മാറിയ ഒരു നിമിഷം; ജനത്തിന്റെ പ്രശ്നത്തെ ഏറ്റുപിടിച്ച അതിവിശിഷ്ടമായ ഒരു നിമിഷം. തുടർന്നു ജാഥയിൽ ഞാനും മുഴുകി. ജാഥ അവസാനിച്ചപ്പോൾ, പൊതുസമ്മേളനം. നോട്ടീസിൻപ്രകാരം ഫാ. ജോസ്. ജെ., കളീയ്ക്കലാണ് ഉദ്ഘാടനം നിർവ്വഹിക്കേണ്ടത്. ജോസിന് എന്തോ അസൗകര്യം. ഉദ്ഘാടനം നിർവ്വഹിക്കാൻ ശ്രീ. കെ. ജി. സെലസ്റ്റിൻ എന്നോടാവശ്യപ്പെട്ടു. വീണ്ടും പുതിയൊരനുഭവം. ആദ്യമായിട്ടാണ് രാഷ്ട്രീയയോഗത്തിൽ സംബന്ധിക്കുന്നത്. സെക്രട്ടറിയുടെ സ്വാഗതം കഴിഞ്ഞ് ഉദ്ഘാടനത്തിനായി എന്നെ ക്ഷണിച്ചു. എന്തു പറയണമെന്ന് ഒരു വ്യക്തതയുമില്ലാതെ മൈക്കിന്റെ മുമ്പിൽ അല്പനേരം നിന്നു. തുടർന്ന് ശക്തമായ സ്വരത്തിൽ *ഇങ്ക്വിലാബ് സിന്ദാബാദ്, ഇങ്കിലാബ് ... ഇങ്ക്വിലാബ് ... ഇങ്ക്വിലാബ് സിന്ദാബാദ്* എന്ന മുദ്രാവാക്യം വിളിക്കുകയും, ജനമാസകലം അതേറ്റുവിളിക്കുകയും ചെയ്തു. യോഗാങ്കണത്തിൽ വിപ്ലവാന്തരീക്ഷം. ജനം വികാരോജ്ജ്വലരായി; ഞാനും. തുടർന്നു നടന്ന പ്രസംഗവും ശക്തമായിരുന്നു. ഞാൻ ചെയ്ത കാമ്പുള്ള പ്രസംഗങ്ങളിലൊന്നായി ഇന്ന് എന്റെ മനസ്സിൽ അതു നിലകൊള്ളുന്നു. തുടർന്ന് ജനങ്ങളോടൊപ്പം നടത്തിയ നിരാഹാര മുൾപ്പെടെയുള്ള നിരവധി സമരങ്ങളുടെ അർത്ഥവത്തായ തുടക്കമായിരുന്നു അത്.

**ജനകീയഗാനങ്ങൾ - മാറ്റത്തിന്റെ സ്വരം**

'പാടുക രണ്ടുപ്രാവശ്യം പ്രാർത്ഥിക്കുന്നതിനു തുല്യം' (Sing & you pray twice) എന്നൊരു പഴഞ്ചൊല്ലുണ്ടല്ലോ. സാമാന്യജനത്തിന്റെ ജീവിതപ്പോരാട്ടത്തിൽ, അവരുടെ പ്രശ്നങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള സമരങ്ങളിൽ പങ്കുചേരുന്നതിനും ഊർജ്ജം പകരുന്നതിനും ജനകീയഗാനങ്ങൾ വഹിക്കുന്ന പങ്ക് നിസ്സീമമാണ്. നമ്മുടെ ബഹുമുഖങ്ങളായ മേഖലകളിലെ പ്രശ്നങ്ങളെയും അവ ഉയർത്തുന്ന ചോദ്യങ്ങളെയും ശക്തമായി പ്രകാശിപ്പിക്കുന്നവയാണ് ജന

കീയഗാനങ്ങൾ. ഇവ നമ്മുടെ ജീവിതത്തെത്തന്നെ പുനഃപരിശോധിക്കാനും പുനർനിർണ്ണയിക്കാനും അവസരം ഒരുക്കുന്നു. നമ്മുടെ മനസ്സിനെത്തന്നെ മാറ്റിമറിക്കാൻ, ദരിദ്രരുടെ പക്ഷം ചേർന്നു പോരാടാൻ ആവേശവും ഉൾക്കരുത്തും പ്രദാനം ചെയ്യുന്നു. മനുഷ്യമനസ്സിൽ ശക്തിയും സൗന്ദര്യവും സൃഷ്ടിക്കാനും അതനുസ്യൂതം നിലനിർത്താനും പാട്ടുകൾക്കുള്ള സിദ്ധി അപാരവും അനിർവ്വചനീയവുമാണ്.

ഏതു പരിപാടിക്കും ഞങ്ങൾ പാടിയിരുന്ന ജനകീയഗാനങ്ങൾ വിശ്വാസത്തിനു ജീവിതബന്ധിയായ പുത്തൻ മാനങ്ങൾ കൊടുക്കാനും ബൈബിളിനെ പുനർവ്യാഖ്യാനിക്കാനും ഉതകുന്നവയായിരുന്നു. അവ വെറുതെ പാടാൻ വേണ്ടിയുള്ളതോ പരിപാടികൾക്ക് ആളെക്കൂട്ടാനുള്ള ഉണർത്തുപാട്ടുകളോ ആയിരുന്നില്ല. ഈ പാട്ടുകൾ സമരമുഖത്തു നിന്നുകൊണ്ടുള്ള വെല്ലുവിളി കൂടിയാണ് - അല്ല, യഥാർത്ഥ സമരം തന്നെയാണ്. അതുകൊണ്ടാണ് സോളമനച്ചൻ മരിച്ചുകിടന്നപ്പോൾ, മരണം അറിഞ്ഞുവന്ന തിരുവല്ല ഡൈനമിക് ആക്ഷൻ സംഘവും മറ്റും അച്ചനുവേണ്ടി ഒരു പാട്ടുപാടാൻ തുടങ്ങിയപ്പോൾ, ഫാ. സെബാസ്റ്റ്യൻ ജോർജ്ജിന്റെ നേതൃത്വത്തിൽ പാട്ടു നിർത്തിപ്പിച്ചതിന്റെ വേദന 10 വർഷമായിട്ടും ഇന്നും ഒടുങ്ങാതെ നില്ക്കുന്നത്. നമ്മുടെ വിശ്വാസത്തിന്റെ കാപട്യം തുറന്നുകാട്ടുന്ന ഈ പാട്ടുകൾ തീർത്തും മാറ്റത്തിന്റെ സ്വരമാണ് പ്രതിഫലിപ്പിക്കുന്നത്. അതു കേൾക്കുന്നത് സ്ഥാപിതതാല്പര്യക്കാർക്ക് എപ്പോഴും ഭയമാണ്. ജനങ്ങളുടെ ജീവൽപ്രശ്നങ്ങളുമായി ബന്ധപ്പെടുത്തിയുള്ള കുർബാനയുടെ ജീവനാഡി ജനകീയഗാനങ്ങളാണ്. അതുകൊണ്ടാണ് എനിക്കു ശേഷം പുത്തൻപീടികയിൽ ചാർജ്ജെടുത്ത ഫാ. വാൾട്ടർ മോറീസും ഫാ. ആന്റണി ലാസറും ജനകീയഗാനങ്ങളുടെ സ്വരം ഇല്ലാതാക്കാൻ അവർക്കറിയാവുന്ന എല്ലാ വേലകളും നോക്കിയത്. അങ്ങനെയാണ് കൊല്ലംബിഷപ്പിനെ കൊണ്ടുവന്ന് ഈ പാട്ടുകൾ ഇനി പള്ളിയിൽ പാടരുതെന്ന് പറയിക്കാൻ അവർ ശ്രമിച്ചത്. അവിടെ ലക്ഷംവീട്ടിൽ ശോശാ ജോർജ്ജ് ഇടപെട്ടു ജനകീയഗാനങ്ങളുടെ സജീവത ബിഷപ്പിനെ ബോധ്യപ്പെടുത്തിയത് സ്മരണീയമാണ്.

ഈ അനുഭവകഥയുടെ സംക്ഷിപ്തമിതാണ്. കൊല്ലം ബിഷപ്പ് ഒരു ഞായറാഴ്ച കുർബാനയ്ക്കു വന്നു. കുർബാന തുടങ്ങിയപ്പോൾ ഇടവകജനം ജനകീയഗാനങ്ങൾ പാടാൻ തുടങ്ങി. കുർബാന കഴിഞ്ഞ് പള്ളിയിൽ വച്ചു തന്നെ ബിഷപ്പുമൊത്തുള്ള പൊതുസമ്മേളനം നടന്നു. അവിടെ ബിഷപ് ആരാധനാക്രമത്തിൽ ഗാനങ്ങളുടെ പ്രാധാന്യം, അവയുടെ ആത്മീയ സ്വഭാവം, ദൈവത്തിങ്കലേയ്ക്ക് മനസ്സിനെ ഉയർത്താനുള്ള കഴിവ് മുതലായവ സവിസ്തരം പറഞ്ഞു. തുടർന്ന് സഭാ മേലധികാരികൾ അംഗീകരിച്ച് എൻ. ഒ. സി. നല്കിയ ഗാനങ്ങൾ മാത്രമേ ശുശ്രൂഷയിൽ ആലപിക്കാൻ പാടുള്ളു എന്നും മറ്റും വിശ

ദീകരിച്ചു. ആരാധനാക്രമത്തിന്റെ കമ്മീഷനല്ലാതെ ബിഷപ്പിനു പോലും ഗാനങ്ങൾ മാറ്റാൻ അനുവാദമില്ലായെന്നും മറ്റും പറഞ്ഞുകൊണ്ടിരിക്കെ, എഴുതാനും വായിക്കാനുമറിയാത്ത ലക്ഷംവീടു ശോശാജോർജ്ജ് സംസാരിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് കൈ ഉയർത്തിക്കാണിച്ചു. ബിഷപ്പ് അവർക്ക് സംസാരിക്കാൻ അവസരം നല്കി. അവർ ഏതാണ്ടിങ്ങനെ പറഞ്ഞു: "എനിക്കിപ്പോൾ 57 വയസ്സുണ്ട്. എന്റെ അപ്പന്റെ അപ്പൻ ജ്ഞാനസ്നാനം സ്വീകരിച്ചതാണ്. ഇപ്പോൾ നാലഞ്ചു തലമുറകളായി ക്രിസ്ത്യാനികൾ. ഞാൻ ജനിച്ചു വീണതേ ക്രിസ്തീയ കുടുംബത്തിൽ. എനിക്ക് ഓർമ്മയായ നാൾ മുതൽ അങ്ങു പാടണമെന്നു പറഞ്ഞ 'വിശുദ്ധഗാനങ്ങൾ' നിറയേ ആലപിക്കുമായിരുന്നു. പക്ഷേ അവ എന്നിൽ യാതൊരുവിധമായ മാറ്റം വരുത്തുകയോ സ്പർശിക്കുകയോ ചെയ്തില്ല. പക്ഷേ അങ്ങു പാടരുതെന്നു പറഞ്ഞ ജനകീയഗാനങ്ങൾ പാടുമ്പോൾ എന്റെ ഹൃദയം കോരിത്തരിക്കുകയാണ്, തിരുമേനി. (ശോശാജോർജ്ജ് വികാരഭരിതയായി ശക്തമായ ഭാഷയിൽ തുടർന്നു). ആ പാട്ടുകൾക്ക് ഞങ്ങളുടെ ജീവന്റെ നിറമുണ്ട്; ഞങ്ങളുടെ മണ്ണിന്റെ മണമുണ്ട്; ഞങ്ങളുടെ മനസ്സിന്റെ തുടിപ്പുണ്ട്. അവ പാടുമ്പോൾ ഞങ്ങളുടെ നീറുന്ന ജീവൽപ്രശ്നങ്ങൾ അലിഞ്ഞുമാറുന്നു. ഞങ്ങളുടെ ഹൃദയത്തിനു അവ ശക്തിപകരുന്നു. ജോലി ചെയ്തു ജീവിക്കുന്ന ഞങ്ങളുടെ ജോലിഭാരം ഈ പാട്ടുകൾ കുറയ്ക്കുന്നു; അവ ജീവന്റെ പാട്ടുകളാണ്. അവയുടെ താളം ഞങ്ങളുടെ തൊഴിലിന്റെ താളമാണ്." ഇങ്ങനെ പോയി അവരുടെ വാക്കുകൾ. സംസാരം നിർത്താൻ ബിഷപ്പ് ആവശ്യപ്പെട്ടു. ശോശാജോർജ്ജ് പറഞ്ഞു "എന്നെ മുഴുവൻ കേൾക്കണം തിരുമേനി." അവർ വീണ്ടും ശക്തമായ ഭാഷയിൽ അവരുടെ ജീവിതാനുഭവം തുടർന്നു. സത്യത്തിൽ അവരുടെ വാക്കുകൾക്ക് ബിഷപ്പിനു യുക്തവും അർത്ഥവത്തുമായ മറുപടി ഇല്ലായിരുന്നു. 'അനുവദിച്ച പാട്ടേ പാടാവൂ' എന്നു പറഞ്ഞ് അദ്ദേഹം യോഗം അവസാനിപ്പിച്ചു. അടുത്താഴ്ചയിലും ആരാധനയിൽ അവർക്ക് അർത്ഥവും ജീവനും നല്കുന്ന ജനകീയഗാനങ്ങൾ ആലപിച്ചു.

മറ്റൊരനുഭവം എന്റെ ജീവിതത്തെത്തന്നെ ശരിക്കും പിടിച്ചുകുലുക്കി. ആലപ്പുഴ ജില്ലയിൽ മാവേലിക്കര കേന്ദ്രമാക്കി എൺപതുകളുടെ തുടക്കത്തിൽ ഞങ്ങൾ നടത്തിപ്പോന്ന ഒരു തുടർപഠനപരിപാടിയായിരുന്നു 'പരിവർത്തനത്തിനു വേണ്ടിയുള്ള വിദ്യാഭ്യാസം.' എല്ലാ മാസവും രണ്ടു ദിവസം നീണ്ടുനില്ക്കുന്ന പഠനപരിപാടി. 30 നും 50 നും ഇടയ്ക്കുള്ള പങ്കാളികൾ. ഓരോ മാസവും ഓരോ വിഷയത്തിന് ഊന്നൽ കൊടുത്തുകൊണ്ട് ക്ലാസ്സെടുക്കാൻ വിദഗ്ധരെ ക്ഷണിക്കുമായിരുന്നു. നാലാം മാസത്തെ പഠനപ്രക്രിയയുടെ ചുമതല തിരുവല്ലയിലെ ഡൈനമിക് ആക്ഷൻ സംഘത്തിനായിരുന്നു. എല്ലാ ദിവസവും പഠനപരിപാടി ആരംഭിക്കുന്നതു ഒരു മണിക്കൂർ നീണ്ടുനില്ക്കുന്ന ആരാ

ധനയോടെയാണ്. ഒരു ദിവസം രാവിലെ പ്രാർത്ഥന ആരംഭിച്ചു. നയിക്കുന്നത് ഡൈനമിക് ആക്ഷൻ സംഘത്തിലെ ബാബു കുമരകമാണ്. എല്ലാവരും ഗാനങ്ങൾ ആലപിച്ചു; അവർ അതിൽ മതിമറന്ന് ലയിച്ച്, കൈകൾ അടിച്ച്, കണ്ണുകൾ അടച്ച്, ഉച്ചത്തിൽ ഒരേ സ്വരത്തിൽ പാടുകയാണ്:

എന്തതിശയമേ ദൈവത്തിൻ സ്നേഹം എത്ര മനോഹരമേ ...
അതു ചിന്തയിലടങ്ങാ സിന്ധു സമാനമായ്
സന്തതം കാണുന്നു ഞാൻ ...

ഞാനെന്നും സ്തുതിക്കും എൻ പരനേ ..
തിരുമനസുതനേ ....
ആനന്ദ ഗാനങ്ങൾ പാടിപ്പുകഴ്ത്തീ ....
ഞാനെന്നും സ്തുതിക്കും ...

മാറരുതേ മുഖം മറയ്ക്കരുതേ ....
തള്ളരുതെന്നേ ... തള്ളരുതേ ...

അതിരാവിലെ തിരുസ്സന്നിധിയിലണയുന്നൊരു സമയേ ....

അഞ്ചാമത്തെ ഗാനം
ദുഃഖത്തിന്റെ പാനപാത്രം ... കർത്താവെന്റെ കയ്യിൽ തന്നാൽ
സന്തോഷത്തോടെ അതു വാങ്ങി .. ഹല്ലേലുയ്യാ പാടീടും ഞാൻ ...
ദോഷമായിട്ടൊന്നും തന്നെ എന്നോടെന്റെ താതൻ ചെയ്കയില്ല
എന്നെ അവൻ അടിച്ചാലും അവൻ എന്നെ സ്നേഹിക്കുന്നു..
കഷ്ടനഷ്ടമേറി വന്നാൽ ഭാഗ്യവാനായ്ത്തീരുന്നു ഞാൻ
കഷ്ടമേറ്റ കർത്താവോട് കൂട്ടാളിയായ്ത്തീരുന്നു ഞാൻ
ലോകത്തെ ഞാനോർക്കുന്നില്ല ... കഷ്ടനഷ്ടമോർക്കുന്നില്ല ...
എപ്പോഴെന്റെ കർത്താവിനെ ... ഒന്നു കാണാമെന്നേയുള്ളു ...
(ദുഃഖത്തിന്റെ പാനപാത്രം ...)

എല്ലാവരും ദൈവാനുഭൂതിയിൽ, കർത്താവിനെ കണ്ട പരലോകാനുഭൂതിയിൽ ആമഗ്നരായി ആലപിക്കുകയാണ്. പെട്ടെന്ന് ഒരു ആക്രോശം 'നിർത്തൂ .... ഞാനാണ് പറയുന്നത്, നിർത്തൂ ഈ സ്വർഗ്ഗോന്മുഖ ഗാനങ്ങൾ.' കുമരകം ബാബു അലറിവിളിച്ചു: 'stop it'. എല്ലാം നിശബ്ദം. Pindrop silence. എല്ലാവരുടേയും കണ്ണുകൾ അറിയാതെ അദ്ദേഹത്തിലേയ്ക്ക് ഉയർന്നു.

ബാബു കുമരകം തുടർന്നു സംസാരിച്ചു. ഏതാണ്ടിങ്ങനെ: "ബുദ്ധിഭ്രമം

പിടിപെട്ട ഒരു ജനം. കഷ്ടനഷ്ടമേറി വന്നാൽ ഭാഗ്യവാന്മാർ. ലോകത്തെ ഓർക്കാത്തവർ. ഭാരം ഉള്ളിൽ നേരിടും നേരം ആയിരം നാവുകളാലും പതിനായിരം വാക്കുകളായും ദിവ്യസ്നേഹം പാടുന്നവർ. എവിടേയ്ക്കാണ് നിങ്ങളുടെ പോക്ക്! ഈ പ്രാർത്ഥനാവേളയിൽ പട്ടിണികൊണ്ടു മാത്രം മരിക്കുന്ന ആയിരക്കണക്കിനു കുഞ്ഞാടുകളോട് എന്താണു നിങ്ങൾക്കു പറയാനുള്ളത് ? നഗ്നത മറയ്ക്കാൻ വകയില്ലാതെ അലയുന്ന ദരിദ്രകോടികൾ. അയിത്തം പറഞ്ഞ്, വർണ്ണം പറഞ്ഞ് തരംതാഴ്ത്തപ്പെടുന്ന കോടാനുകോടി ദരിദ്രജനം. ഇവയൊന്നും പ്രാർത്ഥനാവിഷയമാക്കേണ്ടേ?" തുടർന്ന്,

ഉവകൾ വറ്റിയ മണ്ണിൽ നിന്നും ജ്വാലയായ് പടരാം ...
ചാരം മൂടിയ കനലുകൾ നമ്മൾ ജ്വാലകളായ് പടരാം...
അടിമനുകത്തിൻ കീഴിലമർന്നു തകർന്നടിഞ്ഞൊരു ജനത
അന്തിമയങ്ങാൻ ഇടമില്ലാതെ ഉഴറുന്നിവിടീ മരുവിൽ

എന്ന ജീവസ്പർശിയായ ജനകീയഗാനം ആലപിച്ചു. അതിന്റെ അനുരണനം ഹൃദയത്തിന്റെ അഗാധത വരെ എത്തി. ഹൃദയത്തിൽ ആനന്ദത്തിന്റെ, ശാന്തിയുടെ, ശക്തിയുടെ അനുഭവം. സർവ്വസ്പർശിയായ ഒരനുഭൂതിയായി അവർ അതിനെ വിലയിരുത്തി.

അർത്ഥവത്തായ വിശ്വാസത്തിനും അടിസ്ഥാനമാറ്റത്തിനും ജനകീയഗാനങ്ങൾ വഹിച്ച, വഹിക്കുന്ന പങ്ക് അവർണ്ണനീയമാണ്.

/

**പള്ളിമേട - ഒരു തുറന്ന കുടുംബാനുഭവം**

സോളമനച്ചൻ പത്തനംതിട്ട വികാരിയായിരുന്നപ്പോൾ മേട ജനങ്ങൾക്കായി തുറന്നുകൊടുത്തിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ പിൻഗാമിയായി വന്ന എനിക്ക് ഇലവുംതിട്ടയിൽ എടുത്ത സമീപനം അവിടെ എടുക്കേണ്ടിവന്നില്ല. മറിച്ച്, അച്ചൻ തുടങ്ങിവച്ചിടത്തു നിന്നു എങ്ങനെ മുന്നോട്ടു പോകാം എന്നായിരുന്നു എന്റെ ചിന്ത.

പുത്തൻപീടിക പള്ളിയുടെ നേരേ മുമ്പിലുള്ള ലക്ഷംവീടു കോളനിയിൽ കറന്റില്ല. അവിടത്തെ കുട്ടികൾ വൈകിട്ടു പഠിക്കുന്നത് പള്ളിമേടയുടെ വരാന്തയിലും മുറികളിലും ഇരുന്നായിരുന്നു. അവരുടെ മാതാപിതാക്കളിൽ പലരും രാത്രി ആഹാരം കഴിഞ്ഞു തങ്ങളുടെ കുഞ്ഞുങ്ങളുടെ അടുത്തേയ്ക്കു പള്ളിമേടയിൽ വരാറുണ്ടായിരുന്നു. എവിടെങ്കിലുമിരുന്ന് അവർ കുശലം പറയും. ശ്രീ. വിൻസന്റും ഞാനും അവരോടൊപ്പം ചേരും. കുറച്ചു കഴിയുമ്പോഴേക്കും പകലത്തെ ജോലിഭാരം പലരുടേയും കണ്ണുകളെ അടപ്പിക്കുകയും അവിടെ കിടന്ന് അവർ ഉറങ്ങുകയും ചെയ്യും. അങ്ങനെ പള്ളിമേട ഇടവകജനത്തിന്റെ സ്വന്തം വീടിന്റെ പ്രതീതി ഉണ്ടാക്കി.

ഞായറാഴ്ച കുർബാന കഴിഞ്ഞാൽ, പള്ളിമേട എല്ലാവരുടേതുമാണ്. രാവി

ലത്തെ കാപ്പിക്കുണ്ടാക്കുന്ന അപ്പമോ ദോശയോ പഴമോ മുഴുവനും എടുത്തു തീൻമേശയിൽ വച്ചിരിക്കും. അത് എല്ലാവർക്കും കൂടിയുള്ളതാണ്. പലപ്പോഴും ഈ അപ്പം മുറിച്ചു കൊച്ചു കഷണങ്ങളായാണു കൊടുത്തിട്ടുള്ളത്. ആറന്മുള-ഇലവുംതിട്ട മുതലായ സ്ഥലങ്ങളിൽ നിന്നും മറ്റു സ്ഥലങ്ങളിൽ നിന്നും പഴയ സുഹൃത്തുക്കൾ -ആണും പെണ്ണും- പുത്തൻപീടികയിൽ നിർബാധം വരുമായിരുന്നു. പള്ളിമേടയുടെ എല്ലാ സ്ഥലവും എല്ലാവർക്കും സ്വന്തമായിരുന്നു. എനിക്കായി ഒരു കിടക്കമുറി ഇല്ലായിരുന്നു. പൊതുവേ ഞാൻ ഉറങ്ങിയിരുന്നത് ഒരു ബഞ്ചിലായിരുന്നു. പക്ഷേ സ്ഥലവും സൗകര്യവും പോലെ എവിടെയും കിടന്നുറങ്ങുക എന്റെ സ്വഭാവമായിരുന്നു.

നാരങ്ങാനത്തു വികസന വിദ്യാഭ്യാസ കേന്ദ്രം (വി. വി. കെ.) തുടങ്ങിയപ്പോൾ, അവിടത്തെ പ്രവർത്തനങ്ങളെ ആസൂത്രണം ചെയ്യാനും മറ്റും സർവ്വശ്രീ ഫിലിപ് ജോർജ്, റോസമ്മ മുഴങ്ങിൽ, തങ്കച്ചൻ ചെമ്പകത്തിനാൽ തുടങ്ങിയുള്ള സുഹൃത്തുക്കളുടെ കൂടിവരവുകൾ പലപ്പോഴും പുത്തൻപീടികയിലുണ്ടായിരുന്നു. പുത്തൻപീടികയുടെ സബ്സ്റ്റേഷനുകളിൽ നിന്നു വരുന്നവരുടെ വീട് പള്ളിമേടയായിരുന്നു. കൊല്ലം QSSS - ൽ ജോലിചെയ്യുന്ന എന്റെ സുഹൃത്ത് കൊച്ചുമോൾ, അവരുടെ മിത്രങ്ങൾ മുതലായവരുടെ വീടായിരുന്നു പള്ളിമേട. എത്ര കുടുംബകലഹങ്ങൾ തീർത്തു സ്നേഹത്തിനു സാക്ഷ്യം നില്ക്കുന്നതാണീ വീട് !

അങ്ങനെ പള്ളിമേട ആർക്കും എപ്പോഴും കടന്നുവരാൻ പറ്റിയ വാസസ്ഥലമായി. മേട പൂട്ടി താക്കോൽ കൊണ്ടുപോകുന്ന പ്രശ്നമേ ഇല്ലായിരുന്നു. ധാരാളം വിമർശനങ്ങൾക്കു വിധേയനായി. പക്ഷേ ഈ കൂട്ടായ്മയിലൂടെയും ഒത്തുള്ള ജീവിതത്തിലൂടെയും, ചിലപ്പോഴൊക്കെ അല്പം പ്രശ്നം ഉണ്ടായിട്ടുണ്ടെങ്കിലും, അനുഭവിച്ചത് ദൈവ/മനുഷ്യ കുടുംബത്തിന്റെ മാധുര്യമാണ്.

**ജനകീയ ക്രിസ്തുമസ് - ദരിദ്രർക്കു സദ്വാർത്ത**

ഇന്നു നിലവിലിരിക്കുന്ന ആർഭാടപൂർവ്വമായ ക്രിസ്മസ്തീറ്റയും എല്ലാ ക്രിസ്തീയവിഭാഗക്കാരും ചേർന്നുള്ള സംയുക്ത ക്രിസ്മസ് റാലിയും അവയുടെ അർത്ഥശൂന്യതയുമൊക്കെ ഒന്നു തിരുത്തിക്കുറിക്കേണ്ടതുണ്ടെന്നു ഞങ്ങൾക്കു തോന്നി. ഈ ആർഭാടം കണ്ട് ആകെ മടുത്തുകഴിഞ്ഞിരുന്നു. ഇതിനൊരു ബദലില്ലേ? തിരുവല്ല ഡൈനമിക് ആക്ഷൻ സംഘം നിലവിലുള്ള ക്രിസ്മസ് ആർഭാടത്തിനു ബദലായി ജനകീയ ക്രിസ്മസ് സന്ദേശവും തെരുവുനാടകവും ജനകീയ ക്രിസ്മസ് ഗാനങ്ങളും സംഘടിപ്പിച്ചു ഗ്രാമഗ്രാമാന്തരങ്ങളിൽ പോയി പ്രസംഗിച്ച്, പാടി, അവതരിപ്പിച്ചിരുന്നു. അവരെ നാരങ്ങാനം, പുത്തൻപീടിക, മഞ്ഞനിക്കര എന്നീ സ്ഥലങ്ങളിൽ ഞങ്ങൾ കൊണ്ടുവന്നു പരിപാടികൾ അവതരിപ്പിച്ചു. ഫലമോ? മേലാളർക്ക് അതു പ്രശ്നമായി.

പുത്തൻപീടികയിൽ മേലാളസംഘവും ദരിദ്രജനവും തമ്മിൽ സംഘട്ടനം വരെയെത്തി. ഒരു സംഭവം കുറിക്കട്ടെ. സ്ഥലം പുത്തൻപീടിക കത്തോലിക്കാ പള്ളിയങ്കണം. ഞാൻ ആ പള്ളിയുടെ വികാരിയച്ചൻ. 1992 ഡിസംബർ 24 വൈകിട്ടു 7 മണി. തിരുവല്ല സംഘം സ്ഥലത്തെത്തിക്കഴിഞ്ഞു. അവരുടെ നേതൃത്വത്തിലുള്ള ജനകീയ ക്രിസ്തുമസ് പരിപാടികൾക്ക് തുടക്കം കുറിച്ചു. നിലവിലുള്ള ക്രിസ്തുമസ് ആഘോഷങ്ങളിൽ നിന്നും, പരമ്പരാഗതമായി പറയാറുള്ള നിർജ്ജീവവും ആരെയും കൊള്ളിക്കാതെയുള്ളതുമായ ക്രിസ്തുമസ് സന്ദേശത്തിൽ നിന്നും, തികച്ചും വ്യത്യസ്തമായ ദരിദ്രപക്ഷം പിടിച്ചുകൊണ്ടുള്ള ക്രിസ്തുമസ് ഗാനങ്ങളുടെ ആലാപനവും മറ്റും അവിടത്തെ മേലാള ജനവിഭാഗത്തെ നന്നേ ചൊടിപ്പിച്ചു. അവർ ആ പരിപാടി അലങ്കോലപ്പെടുത്താൻ തീരുമാനിച്ചു. പാട്ടു നിർത്തണം, തിരുവല്ലാ സംഘം തിരിച്ചു പോകണം എന്നൊക്കെ അട്ടഹസിക്കാൻ തുടങ്ങി. എതിർപ്പു ശക്തമായി. ഞാൻ മൈക്കിലൂടെ വ്യക്തമായി പ്രഖ്യാപിച്ചു, 'ക്രിസ്തുമസ് ദരിദ്രർക്കുള്ള സദ്‌വാർത്തയാണ്. അതിനെ തടയിടാൻ ഒരു ശക്തിക്കും സാധ്യമല്ല. ദരിദ്രപക്ഷം ചേർന്നുകൊണ്ടുള്ള ഈ ജനകീയക്രിസ്തുമസ് ആഘോഷവുമായി ബന്ധപ്പെട്ട എല്ലാ പരിപാടികളും ഇവിടെ നടത്തും, തീർച്ച.' എന്റെ സംസാരം തീർന്ന നിമിഷത്തിൽത്തന്നെ ചരിത്രത്തിൽ നിശബ്ദരാക്കപ്പെട്ടവർ സംസാരിച്ചു തുടങ്ങി. പിന്മാറാൻ ആജ്ഞാപിച്ചുകൊണ്ട് മത്തായി ഒരു കുറുവടിയുമായി മേലാളരുടെ ഇടയിലേയ്ക്ക് ചാടിവീണു. ഒപ്പം മറ്റു ജനങ്ങളും. മേലാളർ ജീവനും കൊണ്ടോടി രക്ഷപ്പെട്ടു. തുടർന്ന് റവ. എം. ജെ. ജോസഫ് നല്കിയ ക്രിസ്തുമസ് സന്ദേശത്തിന്റെ പ്രവാചകസ്വരത്തിന് യേശുവിന്റെ 'അണലി സന്തതികളേ, വെള്ളയടിച്ച കുഴിമാടങ്ങളേ നിങ്ങൾക്കു ദുരിതം ..' എന്ന വാക്കുകളുടെ മൂർച്ചയും സജീവതയുമുണ്ടായിരുന്നു. തുടർന്ന്

പാടത്തെ പാവത്തിൻ കയ്യിലെ ചേറിൽ
നാടൻ പണിപ്പുരക്കാരന്റെ വേർപ്പിൽ
ചേരിയിൽ ചെറ്റപ്പുരയിൽ അന്നത്തിൽ
ചേലിൽ തുടിക്കുന്നു ദൈവം

ഏദെൻ ഞങ്ങൾക്കു വേണ്ടേ വേണ്ട
പറുദീസ ഞങ്ങൾക്കു വേണ്ടേ വേണ്ട
കുടിലിൽ കുരിശിൽ കൈപ്പണിശാലയിൽ
കാട്ടിയ ജീവിതം പകർന്നുതരൂ...

ഇടയന്മാരിന്നലെ ഇവിടുത്തെ പുൽക്കൂട്ടിൽ
ഇരവു കഴിച്ചു കൂട്ടി/ പതിതരെപ്പുൽകുവാൻ
പുൽക്കൂട്ടിൽ മിന്നിയ/ പുതിയ നക്ഷത്രം കണ്ട് ...

തുടങ്ങിയ പുത്തൻ ഉണർവ്വിന്റെ സദ്‌വാർത്ത ഉദ്ഘോഷിക്കുന്ന ക്രിസ്തുമസ് ഗാനങ്ങളുടെ ഇടിമുഴക്കം ഇന്നും കർണ്ണപുടങ്ങളിൽ അലയടിക്കുന്നു. ചുരുക്കത്തിൽ റവ. എം. ജെ. ജോസഫിന്റെ സന്ദേശം, 'കറുത്ത മുത്തേ, സ്നേഹം നിറഞ്ഞ മുത്തേ ...' എന്ന ഗാനം, തെരുവുനാടകത്തിന്റെ ഉശിര് - ഇതെല്ലാംകൂടിയായപ്പോൾ ക്രിസ്മസ് ദരിദ്രന്റെ ആഘോഷമാണ് എന്നുള്ള അനുഭവത്തിലേയ്ക്കു ജനതയെ എത്തിക്കാൻ കഴിഞ്ഞു.

ക്രിസ്മസ് ആഘോഷത്തിനു പാരമ്പര്യ ശൈലിയിൽ നിന്നും വ്യത്യസ്തമായി പുത്തൻ മാനങ്ങൾ നല്കാൻ പറ്റിയ ജനകീയ ക്രിസ്മസ് ആഘോഷമാണ് ദരിദ്രർക്ക് സദ്‌വാർത്തയായി മാറിയത്.

**ആദ്യത്തെ സമരസംഘാടനം**

1981 സെപ്തംബർ 5. പത്തനംതിട്ടയിലെ നാരങ്ങാനം എന്ന ഗ്രാമത്തിൽ ഒരു ചായക്കടയിൽ കുഞ്ഞുമോൻ എന്ന സവർണക്രിസ്ത്യാനിക്കൊപ്പം ഒരേ ബഞ്ചിലിരുന്നു ചായകുടിച്ചു എന്ന ഒറ്റക്കാരണത്താൽ മത്തായി എന്ന ദലിതൻ മർദ്ദിക്കപ്പെട്ടു. 'നീയൊക്കെ ഞങ്ങൾക്കൊപ്പം ഇരിക്കാറായോ?' എന്ന് ആക്രോശിച്ചുകൊണ്ട് കാലുമടക്കി തൊഴിക്കുകയാണുണ്ടായത്. കലിതുള്ളി വഴിയരികിൽ കണ്ട മറ്റു രണ്ടു ദലിതരേയും മർദ്ദിച്ചു. അടിയേറ്റവരിൽ ആറാം ക്ലാസിൽ പഠിക്കുന്ന സുന്ദരേശൻ എന്ന ദലിത് ബാലനുമുണ്ടായിരുന്നു.

തുടർന്നുവന്ന ഞായറാഴ്ച നാരങ്ങാനം പള്ളിയിൽ കുർബാനയ്ക്ക് എത്തിയപ്പോഴാണ് ഞാൻ ഈ വിവരങ്ങളൊക്കെ അറിഞ്ഞത്. ഇങ്ങനെ മുറിവേറ്റ ഒരു ജനസമൂഹത്തിന്റെ ഈ പ്രശ്നത്തിനു പരിഹാരനീക്കമെന്തെങ്കിലും ഇല്ലാതെ കുർബാന അർപ്പിച്ചിട്ട് അർത്ഥമില്ലെന്ന് ഞാൻ തീർച്ചപ്പെടുത്തി. കുർബാന നീതിയുടെയും പങ്കുവെയ്ക്കലിന്റെയും പ്രതിഷേധത്തിന്റെയും പ്രതീകമാണ്. ഈ അനീതിയോടുള്ള പ്രതിഷേധമായി അന്നു കുർബാന വേണ്ടെന്നുവച്ചു. തുടർന്ന് പുരുഷന്മാർ ഒത്തിരുന്ന് ഇതിനൊരു പരിഹാരമുണ്ടോ എന്നാലോചിച്ചു. മണിക്കൂറുകൾ അവരുടെ കദനകഥകൾ അവർ പങ്കുവെച്ചു. അവസാനം അവരിലൊരാൾ പറഞ്ഞു: നാം ഒന്നിച്ചു നിന്നാൽ, മേലാളർ ഇനി നമ്മെ അടിക്കില്ല. യോഗം അവിടെ അവസാനിപ്പിച്ചു. അടുത്താഴ്ച സ്ത്രീകളോടൊപ്പമിരുന്നു ജീവിതം പങ്കുവെച്ചു. അവരുടെ അനുഭവങ്ങൾ അതികഠിനവും നിഷ്ഠുരവുമായിരുന്നു. അവരുടെ കണ്ണീരിന്റെ കഥകൾ ഞങ്ങളെയെല്ലാം കണ്ണീരിലാഴ്ത്തി. അവസാനം ഒരു സ്ത്രീ പറഞ്ഞു: 'നമ്മൾ ഒന്നിച്ചാൽ ഇതു ഇനി നടക്കില്ല. അടുത്താഴ്ച യുവതീയുവാക്കളുമായി കൂടിയിരുന്ന ചർച്ചയിലും ഈ നിർദ്ദേശം വന്നു. നാലാമത്തെ ആഴ്ചയിൽ ജനം മുഴുവൻ ഒത്തു ഒരു തീരുമാനമെടുത്തു - കുഞ്ഞുമോന്റെ വീടിന്റെ മുമ്പിൽ പ്രതിഷേധജാഥയായി ചെന്ന് 'ഇനി ഇതു നടക്കില്ല' എന്നു തീർത്തു പറയാനും പോലീസിൽ

പരാതി കൊടുക്കാനുമായിരുന്നു തീരുമാനം. ഇതൊരു സമരപ്രക്രിയയായിരുന്നു; എന്റെ ആദ്യത്തെ സമരസംഘാടനവും. ഇതിനായി സർവ്വശ്രീ എൻ. തങ്കച്ചൻ ചെമ്പകത്തിനാൽ, കെ. എം. ഫിലിപ്പോസ്, ദാവീദ് തളവും മുരുപ്പേൽ എന്നിവരടങ്ങുന്ന മൂന്നംഗ സബ്കമ്മിറ്റി രൂപീകരിച്ചു. മറുപക്ഷവും വെറുതെയിരുന്നില്ല. അവർ പോലീസിനെ സ്വാധീനിച്ചു കേസില്ലാതാക്കാൻ ശ്രമിച്ചു; സർക്കിളിനെ സ്വാധീനിച്ചു മൈക്ക് സാങ്ഷൻ തടഞ്ഞു. എന്നാൽ വർദ്ധിതവീര്യത്തോടെ നാരങ്ങാനം പള്ളിയുടെ അൾത്താരയിൽ അടുക്കിവച്ചിരുന്ന കൊടികൾ എടുത്തുകൊണ്ടു ജനം പ്രതിഷേധപ്രകടനം ആരംഭിച്ചു. ചെറിയൊരു സംഘമായി ജാഥ ആരംഭിച്ചെങ്കിലും അല്പസമയത്തിനുള്ളിൽ ആളുകളുടെ എണ്ണം കൂടിത്തുടങ്ങി. ശ്രീ. കുഞ്ഞുമോന്റെ വീട്ടുപടിക്കലെത്തിയപ്പോഴേയ്ക്കും അത് ഒരു വൻ ജനക്കൂട്ടമായി മാറി. സർവ്വശ്രീ റവ. എം. ജെ. ജോസഫ്, വിൻസന്റ് ബനഡിഗക്ട്, വർഗ്ഗീസ് ജോർജ്ജ് എന്നിവർ നേതൃത്വം നല്കാൻ ഞങ്ങളോടൊപ്പമുണ്ടായിരുന്നു. അന്നുവരെ മറ്റുള്ളവരെ അഭിമുഖീകരിച്ചു പ്രസംഗിച്ചിട്ടില്ലാത്ത നിരക്ഷരയായ പുളിമൂട്ടിൽ ചെല്ലമണി യോഗത്തെ അഭിസംബോധന ചെയ്തുകൊണ്ട് അർത്ഥശങ്കയ്ക്കിടയില്ലാതെ പ്രഖ്യാപിച്ചു: 'ഇല്ല, ഇത്തരം അക്രമങ്ങൾ ഇനി നടക്കില്ല. ഇതു സത്യം.' ശബ്ദമില്ലാത്തവർ ശബ്ദിച്ചുതുടങ്ങി. നിലവിലിരുന്ന ജാതിവിവേചനത്തിനു അന്ത്യംകുറിക്കുകയായിരുന്നു ഈ സംഭവത്തിലൂടെ. കർത്താവിന്റെ തുല്യതയുടെ, സാഹോദര്യത്തിന്റെ മേശ ഒരുക്കുകയായിരുന്നു, ഈ സമരപോരാട്ടത്തിലൂടെ. കല്ലിനും മണ്ണിനും സിമന്റിനും കമ്പിക്കുമപ്പുറം, മനുഷ്യരാണ് ജീവിക്കുന്ന ദേവാലയമെന്നും അത് അർത്ഥവത്തായ വിശ്വാസപ്രകാശനത്തിന്റെ ഇടമാണെന്നും അതു പ്രായോഗികമായി ദൃശ്യവൽക്കരിക്കുന്നതു സ്നേഹത്തിന്റെയും പങ്കുവയ്ക്കലിന്റെയും പ്രതിഷേധത്തിന്റെയും കുർബാനയിലൂടെ ആണെന്നും ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നു. എന്റെ ജീവിതത്തിൽ നടത്തിയിട്ടുള്ളതും ഉൾച്ചേർന്നതുമായ വിവിധങ്ങളായ സമരമുഖങ്ങൾക്കു ശക്തിയും ഊർജ്ജവും പകരുന്ന സജീവ അനുഭവമായി ഇതിന്നും ഓർമ്മയിൽ നിലകൊള്ളുന്നു.

ബൈബിൾ പഠനങ്ങളെ ആനുകാലിക സംഭവങ്ങളും അനുഭവങ്ങളുമായി ബന്ധിപ്പിച്ചു പുനർവായിക്കാനുള്ള ശ്രമത്തിലാണ് വിമോചന ദൈവശാസ്ത്രം. വ്യവസ്ഥാപിത സഭയ്ക്കെതിരെയും സ്ഥാപിതമതതാല്പര്യങ്ങൾക്കെതിരെയും ജീവിക്കുന്ന വിശ്വാസത്തെ ഉയർത്തിക്കാട്ടുന്നവയാണ് വിമോചനവിശ്വാസ പ്രസ്ഥാനങ്ങൾ. എന്റെ എല്ലാ സമരപോരാട്ടങ്ങൾക്കും ദൈവശാസ്ത്ര അടിത്തറ പാകിയതിൽ ഒരു പ്രധാന ഘടകം ഈ പുനർവായനയാണ്. ജനത്തിന്റെ ജീവിതസമരത്തിൽ പങ്കുചേരാൻ ഇതു പ്രേരകമായി.

# 32

## എനിക്കൊരനുജൻ

ഇലവുംതിട്ടയിൽ ജോണുമായിട്ടുള്ള എന്റെ ജീവിതം 4 വർഷം കഴിഞ്ഞു. അപ്പോഴാണ് സോളമനച്ചൻ വനഭൂമി പാട്ടത്തിനെടുത്തുകൊണ്ടുള്ള കൂപ്പു കൃഷി ആരംഭിച്ചത്. വനത്തിൽ നൂറിലേറെ പേർ ഷെഡ്ഡിൽ താമസിച്ചിരുന്നു. അവർക്ക് ദിവസേനയുള്ള ആഹാരം നൽകാനും മറ്റു പ്രശ്നങ്ങൾക്കു പരിഹാരം കാണാനും സഹായികൾ വേണ്ടിവന്നു. അങ്ങനെ അവിടെ അച്ചനു സഹായിയായി ശ്രീ. വിൻസെന്റ് ബെനഡിക്ടിനെയും ജോണിനെയും എടുക്കാമെന്നുള്ള ധാരണയിൽ ജോൺ കൂപ്പിലേയ്ക്കു പോയി. അതോടെ കുറച്ചു നാളത്തേയ്ക്ക് എനിക്കു കൂട്ട് ആരുമില്ലാതായി.

അങ്ങനെയിരിക്കെ നെടുമങ്ങാട്ടുള്ള എന്റെ ഒരു സുഹൃത്തു പറഞ്ഞു അദ്ദേഹത്തിന്റെ അറിവിൽ ഒരു ചെറുപ്പക്കാരനുണ്ട്. പക്ഷേ അവൻ വില്ലനാണ്, എല്ലാ അടവുകളും പയറ്റിയവനാണ്, എല്ലാ കുഴപ്പങ്ങളുമുള്ളവനാണ്. ഇപ്പോൾ ജോലിയൊന്നുമില്ലാതെ നില്ക്കുന്നു; പക്ഷേ നമുക്കു പറ്റിയ ആളല്ല. എല്ലാം കേട്ടു കഴിഞ്ഞപ്പോൾ ഞാൻ ഒറ്റവാക്കിൽ പറഞ്ഞു: കൊണ്ടുവരൂ. ഒരാഴ്ച കഴിഞ്ഞു.

ഒരു ഞായറാഴ്ച ഉച്ചകഴിഞ്ഞ് എന്റെ സുഹൃത്തും ഇപ്പറയപ്പെട്ട ചെറുപ്പക്കാരനും - വിൻസന്റ് ജയിംസ് എന്നാണ് പേര് - ഇലവുംതിട്ട മേടയിലെത്തി. രണ്ടുപേരും ഓഫീസ്മുറിയിൽ കയറി. ഞാൻ എന്തോ എഴുതിക്കൊണ്ടിരിക്കുകയായിരുന്നു. അവരെ സ്വാഗതം ചെയ്തുകൊണ്ട് ഇരിക്കാൻ പറഞ്ഞു. രണ്ടു പേരും ഇരുന്നില്ല. വീണ്ടും ഇരിക്കൂ എന്നു ഞാൻ. അവർ വേണ്ടെന്നു പറഞ്ഞു അല്പം മാറി നിന്നു. ഒന്നും പറയാതെ ഞാൻ ചെയ്തുകൊണ്ടിരുന്ന ജോലി തുടർന്നു. അല്പം കഴിഞ്ഞപ്പോൾ അവിടെക്കിടന്ന കസേരയുടെ ഒരു മൂലയിൽ ചന്തി കഷ്ടിച്ചു തട്ടിച്ച് ഇരുന്നു. അപ്പോൾ ഞാൻ ഏതാണ്ടിങ്ങനെ പറഞ്ഞു: "ഇന്ന് എനിക്ക് ഒരനുജനെ കിട്ടിയിരിക്കുന്നു. ഇവിടെ വരുന്നവരൊക്കെ ഒന്നുകിൽ അപ്പൻ, ജ്യേഷ്ഠൻ, അനുജൻ, അമ്മ, സഹോദരി, പിഞ്ചുകുഞ്ഞുങ്ങൾ. സന്തോഷമായിട്ടു നില്ക്കുക. ഒരു മാസം എന്തായാലും നില്ക്കണം. പിന്നെ താല്പര്യമെങ്കിൽ തുടരാം. നമ്മൾ രണ്ടുപേരും രാത്രി ഒന്നിച്ചി

രുന്നു ഭക്ഷിക്കും. രാവിലെയും ഉച്ചയ്ക്കും ജോലിത്തിരക്കു മൂലം അങ്ങനെ സാധിച്ചെന്നു വരില്ല. സന്തോഷമായി അടുക്കളയിലേയ്ക്കു പോവുക."

അന്നു വൈകിട്ടു മുതൽ സോളമനച്ചനും ഞാനും കൂടി ഒരു സ്ഥലത്ത് ഒരാഴ്ചത്തെ ധ്യാനം നടത്താൻ തീരുമാനിച്ചിരുന്നു. നാലു മണിക്കു വിൻസന്റ് ചായയിട്ടു തന്നു. 5 മണിയായപ്പോൾ ധ്യാനത്തിനു പോകാനായി ഒരുങ്ങിയിറങ്ങി. ഇന്ന സ്ഥലത്തു ധ്യാനത്തിനു പോകുന്നു, ശനിയാഴ്ചയേ വരൂ എന്നു പറഞ്ഞിട്ട് ഞാൻ മോട്ടോർസൈക്കിൾ സ്റ്റാർട്ട് ചെയ്ത് ഓടിച്ചു പോയി.

ധ്യാനശേഷം തിരിച്ചെത്തി. രണ്ടാഴ്ച കഴിഞ്ഞ് ഒരു ദിവസം രാത്രി ഒന്നിച്ച് ആഹാരം കഴിച്ചിരിക്കെ വിൻസന്റ് ചോദിച്ചു: "ഞാൻ വന്ന ദിവസം എന്നെപ്പറ്റി ഒന്നും അറിയില്ല, അന്നു മേടയെല്ലാം തുറന്നിട്ടു, തുണിവയ്ക്കുന്ന അലമാര പൂട്ടാതെ എങ്ങനെ ഒരാഴ്ചത്തേയ്ക്കു മാറിനില്ക്കാൻ അച്ചനു സാധിച്ചു? കാര്യമായ വിലപിടിപ്പുള്ളതൊന്നുമിവിടെ ഇല്ലെങ്കിലും കൊച്ചൊരു റേഡിയോ എങ്കിലുമുണ്ടല്ലോ. അതുമെടുത്തു ഞാനങ്ങു പോയെങ്കിലോ?" അതിനു എന്റെ മറുപടി ഇതായിരുന്നു. "വിൻസന്റ് വന്നു കയറിയപ്പോൾ എന്താണു ഞാൻ പറഞ്ഞത്. ഇന്നെനിക്ക് ഒരനുജനെ കിട്ടിയിരിക്കുന്നു എന്നല്ലേ. അനുജനെങ്കിൽ വീടു ജ്യേഷ്ഠനും അനുജനും ഒരുപോലെയല്ലേ?"

വല്ലപ്പോഴുമൊക്കെ വിശേഷ ദിവസങ്ങളിലോ അവസരങ്ങളിലോ കൂട്ടുകാരൊത്തു പ്രാർത്ഥിക്കാറുണ്ട്. അങ്ങനെയുള്ള പല അവസരങ്ങളിലും വിൻസന്റ് സാക്ഷ്യം പറഞ്ഞിട്ടുണ്ട്. "അന്ന് എന്റെ മാനസാന്തര ദിവസം. എന്റെ ജീവിതത്തിൽ ആകമാനം മാറ്റമുണ്ടായി." വർഷങ്ങൾ എന്നോടു കൂടി വിൻസന്റ് നിന്നു. എന്നും വിശ്വസ്തനായി, തികഞ്ഞ ഉത്തരവാദിത്വത്തോടെ.

ഇലവുംതിട്ട മോചന തയ്യൽസ്കൂളിലെ തയ്യൽടീച്ചറുമായി വിൻസന്റിനു അടുപ്പമായി. അവൾക്കു തിരിച്ചും. അവർ ഉത്തരവാദിത്തത്തോടെ ഒന്നിച്ചു ജീവിക്കാൻ തീരുമാനിച്ചു. പെണ്ണിന്റെ വീട്ടിൽ നിന്നും എതിർപ്പുണ്ടായിട്ടും അതു നടന്നു. ഇന്നും ഞങ്ങളുടെ ബന്ധം ഹൃദയത്തിൽ ഞാൻ സൂക്ഷിക്കുന്നു.

# 33

## എന്റെ കൂട്ടുകാരി

പള്ളിമേട ഒരു തുറന്ന കുടുംബാനുഭവമായിരുന്നെന്നു നേരത്തേ പറഞ്ഞിരുന്നല്ലോ ? കുടുംബങ്ങളിൽ അടുത്തിടപഴകുന്ന, യുവജനസംഘങ്ങൾക്ക് രൂപംകൊടുക്കുകയും അവരുടെ പ്രശ്നത്തിൽ സജീവതാല്പര്യം കാണിക്കുകയും ചെയ്യുന്ന, സ്ത്രീസംഘങ്ങളെ നിരന്തരം പ്രോത്സാഹിപ്പിക്കുകയും അവർക്കു വേണ്ടുന്ന നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്ന എന്നെ പെണ്ണുങ്ങളെക്കൊണ്ടു പൊതിഞ്ഞ ശ്രീകൃഷ്ണൻ എന്നൊക്കെപ്പറഞ്ഞു പെൺകുട്ടികൾ കളിയാക്കിയിരുന്നു. ഞാൻ ആ തമാശ കേട്ടു ചിരിച്ചു രസിക്കുമായിരുന്നു.

ഒരു കാര്യം സത്യം. യുവതീയുവാക്കൾക്ക് അവരുടെ പ്രശ്നങ്ങൾ തുറന്നുപറയാനുള്ള സ്വാതന്ത്ര്യം എന്റെയടുക്കൽ ഉണ്ടായിരുന്നു. ഫലമോ? പലരുടെയും പ്രേമവും മറ്റു താല്പര്യങ്ങളും ആദ്യം അറിയുന്നത് ഞാനായിരുന്നു. എത്രയോ കുടുംബങ്ങളിൽ ചെന്ന്, അവരുടെ കുട്ടികളനുഭവിക്കുന്ന സ്വകാര്യമായ വൈകാരികപ്രശ്നങ്ങൾ ചർച്ച ചെയ്യാനും പ്രശ്നങ്ങൾക്കു പരിഹാരം കാണാനും സാധിച്ചു എന്നത് എന്റെ സ്വതന്ത്രമായ ഇടപെടൽ കൊണ്ടു മാത്രമായിരുന്നു.

നിരന്തരം കാണുന്നതിനു സാഹചര്യം, ലഘുനിക്ഷേപം പോലുള്ള പദ്ധതികൾ സ്ഥിരം കൈകാര്യം ചെയ്യുന്ന ആളുകളെന്ന നിലയിലുള്ള സാമീപ്യം, ക്ലാസ്സുകളിൽ ചോദ്യങ്ങൾ ചോദിക്കുന്നതിൽ ഉത്സാഹം, യോഗങ്ങൾ സംഘടിപ്പിക്കുന്നതിൽ താല്പര്യം, വ്യക്തിഗതമായി പ്രശ്നത്തിൽ ഇടപെട്ടു ചെയ്ത സഹായം, കാരണം എന്തെന്നു ചോദിച്ചാൽ അറിയില്ലെങ്കിൽ തന്നെയും സംസാരിക്കാനും അടുക്കാനുമുള്ള ആന്തരിക ചോദന, സംഘടനയുടെ ഔദ്യോഗികഭാരവാഹിത്വം എന്നിങ്ങനെ നിരവധി ഘടകങ്ങൾ ഈ ഇടപെടലിൽ സഹായകമായ പങ്കു വഹിച്ചിട്ടുണ്ട്. തൽഫലമായി ചിലരോടു നല്ല അടുപ്പം ഉണ്ടായിട്ടുണ്ടു താനും. പല വിമർശനങ്ങളും പരാമർശങ്ങളും ഇതുകാരണം ഉണ്ടായിട്ടുണ്ട്. തൽഫലമായി ചില സ്ത്രീകൾക്കെങ്കിലും ബുദ്ധിമുട്ടും കളിയാക്കലും അനുഭവിക്കേണ്ടിയും വന്നിട്ടുണ്ട്. ചില അവസരങ്ങളിൽ സ്വാർത്ഥചിന്തകൾ ഉണ്ടായിട്ടുണ്ടെങ്കിലും ഒരു കാര്യത്തിൽ എനിക്കു വ്യക്തതയുണ്ടായിരുന്നു;

ഇവർക്ക് ഒരു ജീവിതമുണ്ട്, ഒരിക്കലും ഞാൻ അവരുടെ ഭാവിക്ക് തടസ്സമാക രുത്; അവരുടെ വിവാഹശേഷവും എന്നും അവർക്ക് ഒരു ഒത്താശയായി, ഒരു സന്തോഷമായി ഞാൻ നിലകൊള്ളണമെന്ന്. ഇന്നു ഞാൻ തിരിഞ്ഞു നോക്കുമ്പോൾ എന്റെ സുഹൃത്തുക്കളൊക്കെത്തന്നെ പൊതുവേ പറഞ്ഞാൽ ഏതെങ്കിലും നിലയിൽ നല്ലതുപോലെ കഴിയുന്നു. അതിൽ ഞാൻ അഭിമാനി ക്കുന്നു.

ഇടവകയുടെ ഉത്തരവാദിത്തം ഇല്ലാതായതോടെ, മുകളിൽ സൂചിപ്പിച്ച തരത്തിലുള്ള സംഘടനകളോ പ്രവർത്തകരോ ഇല്ലാത്തിടത്ത്, പഴയകൂട്ടുകാർ ഇല്ലാതായി. പുതിയ പ്രവർത്തനമേഖല ജനകീയസംഘങ്ങളാണ്. അവിടെ വള രെയേറെ പരിമിതികളുണ്ട്. കുറച്ചു കൂട്ടുകാർ, ഏറെ ജോലി. അപ്പോൾ കൂടു തൽ ജോലി ചെയ്യാനും പഠിക്കാനും താല്പര്യമുള്ളവർ അടുക്കാനുള്ള സാദ്ധ്യത ഏറെയുണ്ടാകുന്നു. അങ്ങനെ പല കാരണങ്ങളുണ്ടെങ്കിലും, എന്താണു യഥാർത്ഥ കാരണമെന്നു ചോദിച്ചാൽ കൃത്യമായി പറയാൻ വയ്യ. ഞാനും എന്റെ കൂട്ടുകാരി കൊച്ചുമോളുമായുള്ള ബന്ധം. ഞങ്ങൾ ഒത്തിരി അടുത്തുകഴിഞ്ഞിട്ടു, പലവട്ടം ഞങ്ങൾ രണ്ടുപേരും പിറകിലേക്കു നോക്കി, നടന്നുവന്ന വഴികൾ പരിശോധിച്ചിട്ടുണ്ട്. പക്ഷേ എന്തുകൊണ്ടു ഞങ്ങൾ ഇങ്ങനെ സുഹൃത്തുക്കളായി എന്നു വ്യക്തമായ കാരണം കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ല, പലകാരണങ്ങൾ ഒരു പക്ഷേ ഉണ്ടായിരിക്കാം.

ഞങ്ങളുടെ സുഹൃദ്ബന്ധം നേരായ പാതയിൽത്തന്നെ നീങ്ങണം എന്നുള്ള വ്യക്തതയും വാശിയും ഉണ്ടായിരുന്നതുകൊണ്ട് ഞങ്ങളുമായി ബന്ധപ്പെട്ട ജനകീയസംഘങ്ങളുടെ നേതാക്കളു (ഫാ. ജോസ്. ജെ. കളീയ്ക്കൽ, വിൻസന്റ് ബനഡിക്ട", ഫാ. എ. സോളമൻ, ഫാ. എം. നിക്ലസ്) മായിട്ടാണു ഈ സൗഹൃദ ത്തെപ്പറ്റി ആദ്യമായി തുറന്ന ചർച്ച നടത്തിയത്. അവരെല്ലാവരും ഈ ബന്ധത്തെ ഉത്തരവാദിത്തത്തോടെ, പക്വതയോടെ വളർത്തിയെടുക്കണ മെന്നും അതിനു അവർ വേണ്ട എല്ലാ ഒത്താശകളും നല്കുമെന്നുമായിരുന്നു അന്നുണ്ടായ ധാരണ. പക്ഷേ വളരെ വേഗം സംഘപ്രവർത്തകർക്ക് ഇതു ബുദ്ധി മുട്ടായി. ഞാൻ അമേരിക്കയിൽ പോയപ്പോൾ ഇതേച്ചൊല്ലി കൊച്ചുമോളെ അവർ നന്നേ പീഡിപ്പിച്ചു. ഞാൻ തിരിച്ചുവന്നുകഴിഞ്ഞിട്ട് ഫാ. തോമസ് കോച്ചേ രിയുടെ നേതൃത്വത്തിൽ നടന്ന എം. ജെ. എം. വിലയിരുത്തലിൽ, ഞാൻതന്നെ ഈ വിഷയം എടുത്തിട്ടു ചർച്ച നടത്തി. ഫാ. തോമസ് കോച്ചേരിക്ക് അടി സ്ഥാനപരമായ ഒരു തുറന്ന സമീപനം ഉണ്ടായിരുന്നു; ഈ ബന്ധത്തെ നാം പ്രോത്സാഹിപ്പിക്കുകയാണു വേണ്ടത് എന്നു ഫാ. എ. സോളമൻ വ്യക്തമായി പറയുകയും ചെയ്തു. എന്നാൽ ഫാ. ജോസ് ജെ. കളീയ്ക്കലിനു നേരത്തേ യെങ്ങും ഇല്ലാതിരുന്ന ഒരു 'ധാർമ്മിക'ബോധം ഉയർന്നുവന്നു. (ജോസ് എന്നോടു സ്വകാര്യമായി പറഞ്ഞു: നീ ഒരു കന്യാസ്ത്രീയെ നിന്റെ കൂട്ടുകാരി

യാക്കൂ; ഒരു അൽമായ സ്ത്രീയെ നീ കൂട്ടുകാരിയാക്കരുത്. അത് അപകട മാണ്.) ജോസിന്റെ ഇരട്ടത്താപ്പ് നയത്തെ ഞാൻ ചോദ്യം ചെയ്തു. ഇത് ജോസും ഞാനുമായുള്ള അകൽച്ചയുടെ ഒരു ഘടകം. അത് മറ്റൊരു കാര്യം. എം. ജെ. എം. ലെ മറ്റു പ്രവർത്തകർ, പരോക്ഷമായിട്ടെങ്കിലും, ജോസച്ചനോ ടൊപ്പം നിന്നു. എങ്കിലും നല്ല സുഹൃദ്ബന്ധം വളർത്തിയെടുക്കണമെന്ന ധാര ണയിലാണ് വിലയിരുത്തൽ അവസാനിച്ചത്.

ഈ സുഹൃദ്ബന്ധത്തെപ്പറ്റി എന്റെ കുടുംബത്തിലെ മിക്ക ബന്ധുക്കൾക്കും അറിയാം. വീട്ടിലെ മിക്ക പരിപാടികൾക്കും കൊച്ചുമോൾ പങ്കെടുക്കുമായിരു ന്നു. മിക്കവാറും അടുത്ത ബന്ധമുള്ളവരുടെ എല്ലാ വീട്ടിലും കൊച്ചുമോൾ വന്നിട്ടുണ്ട്. അമ്മാമ്മ സുഖമില്ലാതെ കാലൊടിഞ്ഞു കൊട്ടിയം ആശുപത്രി യിൽ കിടന്നപ്പോൾ കൂടെനില്ക്കാൻ കടപ്പെട്ട സ്ത്രീകൾക്ക് ആർക്കും സൗക ര്യമില്ലായിരുന്നു. കൊച്ചുമോളാണ് അമ്മാമ്മയുടെ മരണം വരെ ആശുപത്രി യിൽ ശുശ്രൂഷ നടത്തിയത്. മരിച്ചിട്ടു പള്ളിയിൽ എത്തുംവരെ പാട്ടിനു നേതൃത്വം കൊടുത്തതും കൊച്ചുമോളാണ്. അല്ലിയച്ചാച്ചൻ തളർന്നു സുഖമില്ലാതായ പ്പോൾ, പുത്തൻപീടികയിൽ നിന്നും ശോശാജോർജ്ജ്, സിസിലി, ദാസൻ, ജോയിവൈദ്യൻ, ഇലവുംതിട്ടയിൽ നിന്നു സാലി, ഗബ്രിയേൽ എന്നിവർക്കൊപ്പം കൊച്ചുമോളും ഏറെ മാസങ്ങൾതന്നെ ശുശ്രൂഷ ചെയ്തു. ആൻസലച്ചാച്ചന്റെ മകൻ വിജയന്റെ കല്യാണത്തിനു ദിവസങ്ങൾക്കു മുമ്പേ പടപ്പക്കര ചേട്ടത്തി യുടെ വീട്ടിൽ കൊച്ചുമോൾ ഉണ്ടായിരിക്കുകയും വേണ്ട ഒത്താശകളൊക്കെ ചെയ്യുകയും ചെയ്തു. ഇങ്ങനെ കുടുംബത്തിലുള്ള മിക്കവർക്കും ഈ ബന്ധ ത്തെപ്പറ്റി അറിയാം. ഈ ബന്ധത്തെക്കുറിച്ച് ആരും എന്നോട് ഒന്നും പറയാ റില്ലെങ്കിലും, അവർ മാത്രം കൂടുമ്പോൾ ഈ വിഷയത്തെച്ചൊല്ലി തമാശു പറ യുകയും ചിലപ്പോഴൊക്കെ കൊച്ചുമോളെ വേദനിപ്പിച്ചു സംസാരിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഞാൻ ഒരിക്കലും ഇതൊരു പ്രശ്നമാക്കിയിട്ടില്ല.

ഇതിനിടെ ഒരു ദിവസം കുണ്ടറ ലീലചേട്ടത്തി (അണ്ണാണ്ണന്റെ ഭാര്യ) എന്നെ ഒറ്റയ്ക്കു വിളിച്ചു സംസാരിച്ചു: 'എന്തുകൊണ്ടു നിങ്ങളങ്ങു വിവാഹം കഴി ക്കുന്നില്ല?' അതിനു ഞാൻ പറഞ്ഞതിതാണ്. 'ഒരു പെണ്ണും ആണും സുഹൃ ത്തുക്കളാകണമെങ്കിൽ കെട്ടണമെന്നു നിർബന്ധമുണ്ടോ? കെട്ടാതെ നല്ല കൂട്ടു കാരായി നീങ്ങിക്കൂടേ? നല്ല സുഹൃദ്ബന്ധം വിവാഹബന്ധത്തേക്കാൾ ശ്രേഷ്ഠ മാണ്.' ചേട്ടത്തി ഇതു കേട്ടിട്ട് അവസാനം പറഞ്ഞു: 'നിങ്ങൾ നല്ല കൂട്ടുകാ രായി വളരുക.' ചേട്ടത്തിയെപ്പറ്റി നിറഞ്ഞ അഭിമാനത്തോടെ ഓർക്കുന്ന ഒരു സംഗതിയാണിത്. ഈ വിഷയത്തെപ്പറ്റി ഇത്രയും ബന്ധുക്കൾ ഉണ്ടായിരുന്നിട്ടും തുറന്നു ചോദിക്കാനുള്ള സന്മനസ്സു കാട്ടിയ ഏക വ്യക്തിയാണവർ. പിന്നെ കാര്യങ്ങൾ സംസാരിച്ചപ്പോൾ അതിന്റെ വശങ്ങളെ മനസ്സിലാക്കിയിട്ട് അനു ഗ്രഹിച്ച വ്യക്തിയും. കുണ്ടറ വീട് കൊച്ചുമോൾക്കു സ്വന്തം വീടുപോലെയാ

യിരുന്നു. ഓറ മാസിക പോസ്റ്റ് ചെയ്യാൻ എല്ലാ മാസവും മൂന്നുനാലു ദിവസം കുണ്ടറ വരാറുണ്ടായിരുന്നു; അണ്ണാണ്ണൻ ഓറയുടെ ബിസിനസ് മാനേജരായിരുന്ന കാലത്തോളം.

കൊല്ലം ബിഷപ് ജോസഫ് ജി. ഫെർണാന്റസും അദ്ദേഹം എനിക്കയച്ച ഒരു കത്തിൽ കൊച്ചുമോളുമായുള്ള ബന്ധത്തെപ്പറ്റി സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. അതിന് എന്റെ നിലപാട് വ്യക്തമാക്കിക്കൊണ്ടുള്ള മറുപടി ഞാൻ അയച്ചിരുന്നു. പിന്നെ അതിനെപ്പറ്റി ഒരിക്കലും അദ്ദേഹം സംസാരിച്ചിട്ടില്ല. മറ്റു പല കാര്യങ്ങളെപ്പറ്റി സംസാരിച്ചപ്പോഴും എഴുതിയപ്പോഴും അദ്ദേഹത്തിന്റെ നിശബ്ദത നല്ല സുഹൃദ്ബന്ധത്തെ അദ്ദേഹം മാനിക്കുന്നതിന്റെ അടയാളമായിട്ടാണു ഞാൻ മനസ്സിലാക്കിയത്. കുറച്ചു മാസങ്ങൾക്കു മുമ്പ് ഇപ്പോഴത്തെ കൊല്ലം ബിഷപ് മോൺസിഞ്ഞോർ സ്റ്റാൻലി റോമനുമായി സംസാരിച്ചപ്പോൾ, സാന്ദർഭികമായി എന്റെ കൂട്ടുകാരിയെപ്പറ്റി പറഞ്ഞു. അതേപ്പറ്റി അറിയാമെന്നും ആ അവസ്ഥയെ അംഗീകരിക്കുന്ന ധ്വനിയുമാണ് ബിഷപ്പിൽ നിന്നു അന്നെനിക്ക് കിട്ടിയത്.

ചേട്ടത്തിയുടെ മരണശേഷം അണ്ണാണ്ണൻ തന്റെ മക്കൾ ബാബു, ജോണി, മരുമകൾ സൂസി, ഡി. പി. ഐ. എഫ്. സി. ഓഫീസ്, ജനജാഗൃതി എന്നീ സ്ഥലങ്ങളിൽ മാറി മാറി താമസിക്കുകയായിരുന്നു പതിവ്. അങ്ങനെ ജനജാഗൃതിയിൽ ആയിരുന്ന ഒരു സമയത്ത് ജോണിയെയും ഭാര്യ സെലിനെയും വിളിപ്പിച്ചിട്ടു രാജന് ഒരു കൂട്ടാകട്ടെ, കൊച്ചുമോളെ വിവാഹം കഴിക്കുന്നോ എന്നു ചോദിക്കാൻ പറഞ്ഞു. അവർ എന്നോടു സംസാരിച്ചു. കൂട്ടായിരിക്കാൻ എന്തിനു കല്യാണം എന്ന രീതിയിൽ ഞങ്ങൾ സംസാരിച്ചു. പിന്നെ അണ്ണാണ്ണനുമായും തുറന്നു സംസാരിച്ചു. അണ്ണാണ്ണനും ഈ സുഹൃദ്ബന്ധം ഇങ്ങനെ നടക്കട്ടെ എന്ന് അവസാനം പറഞ്ഞു.

ഞങ്ങൾ സുഹൃത്തുക്കളായി മുന്നോട്ടു നീങ്ങുന്നു. ഈ കൂട്ടുകെട്ടിനെ സമൂഹം നോക്കിക്കാണുന്നത് ഉത്ക്കണ്ഠയോടെയാണെങ്കിലും, ഞങ്ങളുടെ കൂട്ടുകെട്ടിന്റെ ഉറപ്പും ബലവും ഇത്രയും നാളത്തെ അനുഭവസമ്പത്തും തളരാതെ മുന്നോട്ടു പോകാൻ ഞങ്ങളെ പ്രാപ്തരാക്കുന്നു. ഏതു കാര്യത്തെപ്പറ്റി ചർച്ച ചെയ്യുമ്പോഴും, അതിനെ സ്ത്രീപക്ഷ കാഴ്ചപ്പാടോടെ നോക്കിക്കണ്ടുകൊണ്ടുള്ള തന്റെ അഭിപ്രായം സുവ്യക്തമായി പ്രകാശിപ്പിക്കുക കൊച്ചുമോളുടെ സ്വഭാവമാണ്. ഏതു പ്രശ്നത്തെയും, അതിന്റെ ഉൾക്കാഴ്ചയിൽ കണ്ടുകൊണ്ട്, കൊച്ചുമോളുടേതായ പരിഹാരനിർദ്ദേശം ഒരുൾവിളി പോലെ ഉടൻ വരും. തൊണ്ണൂറു ശതമാനവും അതായിരിക്കും ശരിയായ സമീപനം. ഈ ഇടപെടൽ എനിക്കു ശക്തിയാണ്. ഈ ബന്ധം എന്റെ വൈദികജീവിതത്തിന് അർത്ഥവത്തായൊരു പുത്തൻ മുഖം നല്കാൻ അവസരമായി. ഈ ബന്ധത്തിൽ ഞങ്ങൾ സംതൃപ്തരുമാണ്.

എന്റെ വൈദികജീവിതത്തിനും പട്ടത്വ ശുശ്രൂഷയ്ക്കും ഏറെ അർത്ഥം പകർന്നു തരുന്ന ചില കൂട്ടാളരെപ്പറ്റി കുറച്ചു കൂടി വിവരിക്കുന്നത് യുക്ത മെന്നു തോന്നുന്നു.

ആറന്മുള ഇടവകയിലെ വികാരിയച്ചനായിരിക്കുമ്പോഴാണ് കൊച്ചുമോളുടെ കുടുംബവുമായി ഞാൻ ബന്ധം ആരംഭിക്കുന്നത്. അമ്മയും അച്ഛനും ഏഴു പെൺകുട്ടികളുമടങ്ങുന്ന കുടുംബമാണത്. ചെറിയൊരു വീട്. സ്ഥിരം മദ്യപി ക്കുന്ന 'ഉത്തരവാദിത്വ'മില്ലാത്ത അപ്പൻ. കോഴിയും ആടും വളർത്തി, പല വീടുകളിൽ വീട്ടുപണി ചെയ്ത് കഷ്ടപ്പെട്ട് കുഞ്ഞുങ്ങളുടെ കാര്യം നോക്കുന്ന അമ്മ. ഞാൻ ആറന്മുള വികാരി ആകും മുമ്പേതന്നെ മൂത്ത മകളെ കെട്ടിച്ചയ ച്ചിരുന്നു. അതിന്റെ കടഭാരം പേറിക്കൊണ്ട് കൊച്ചുമോളും പല വീടുകളിൽ ജോലി ചെയ്തുകൊണ്ടാണ് അവളുടെയും അനുജത്തിമാരുടെയും പഠിത്തം നടത്തിവന്നിരുന്നത്. എസ്. എസ്. എൽ. സി. കഴിഞ്ഞ് സ്വകാര്യ ആശുപത്രി യിൽ നേഴ്സിംഗ് പഠിച്ചു. അനുജത്തി ഒരാളൊഴികെ എല്ലാവരും പത്താം ക്ലാസ് വരെ പഠിച്ചു; ഒരാൾ പ്രീഡിഗ്രിയും. ആർക്കും ജോലിയില്ല. അപ്പോ ഴാണ് കൊല്ലം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ആരോഗ്യപ്രവർത്തക യായി കൊച്ചുമോൾക്ക് ജോലി കിട്ടുന്നത് - ആറന്മുളയിൽ നിന്നുള്ള അഞ്ചു പേരിൽ ഒരാൾ. നിരന്തരമായ അദ്ധ്വാനത്തിലൂടെയും ശ്രദ്ധാപൂർവ്വമായ ജീവി തരീതിയിലൂടെയും അല്പം പൈസ ഉണ്ടാക്കി, മൂന്നാമത്തെ മകളെ (കൊച്ചു മോളുടെ അനുജത്തിയെ) കെട്ടിച്ചയച്ചു. വീണ്ടും 5 യുവതികൾ നിറഞ്ഞു നില്ക്കുന്ന ഒരു പാവപ്പെട്ട കുടുംബത്തിന്റെ മാനസികാവസ്ഥ ഒന്നോർക്കുക. മക്കളെ ഉറക്കിക്കിടത്തിയിട്ട് ഉറങ്ങാതെ കാവലിരിക്കുന്ന അമ്മ. ഭർത്താവിന്റെ മർദ്ദനം ഏല്ക്കുമ്പോഴും, മക്കളെ ആഞ്ഞുപുല്കി വളർത്തുന്ന വലിയ ഹൃദയ ത്തിന്റെ ഉടമ. ഭാര്യയെ മർദ്ദിക്കുമെങ്കിലും പെൺമക്കളെ ഓരോരുത്തരെയും 'മോനേ' എന്നു സ്നേഹപൂർവ്വം അഭിസംബോധന ചെയ്യുന്ന അച്ഛൻ.

അപവാദങ്ങളുടെ ഒരു ഘോഷയാത്രതന്നെ അവർ അനുഭവിക്കേണ്ടിവ ന്നു. അവയെ അതിജീവിച്ചുകൊണ്ട് QSSS ലും പിന്നെ മാവേലിക്കര എം. ജെ. എം. സെന്ററിലും കൊച്ചുമോൾ പ്രവർത്തിച്ചു നീങ്ങി. QSSS മായുള്ള പ്രവർത്തനങ്ങളുടെ ഒരു ഘട്ടത്തിൽ അതിന്റെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ നീതിക്കു നിരക്കുന്നതല്ല എന്ന വിമർശനം കൊച്ചുമോൾ ഉന്നയിച്ചു. അധികാ രികൾക്ക് ആ സമീപനത്തിൽ അരുചി അനുഭവിച്ചിരിക്കെയാണ് കൊച്ചുമോൾ ബാംഗ്ലൂർ ഇൻഡ്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിലെ മൂന്നു മാസത്തെ കമ്മ്യൂണിറ്റി ഓർഗനൈസേഷൻ കോഴ്സിനു പോയത്. കോഴ്സ് കഴിഞ്ഞു തിരിച്ചെത്തി യപ്പോൾ QSSS ൽ തുടരാൻ അവർ അനുവദിച്ചില്ല. മാവേലിക്കര കേന്ദ്ര മാക്കി നടന്നുകൊണ്ടിരുന്ന പരിവർത്തനത്തിനു വേണ്ടിയുള്ള വിദ്യാഭ്യാസ പരി പാടിയിൽ കൊച്ചുമോൾ മുഴുകി. എന്റെ പൗരോഹിത്യ ജീവിതത്തെ എങ്ങനെ

സാമൂഹ്യമാറ്റത്തിനു വേണ്ടിയുള്ള ശുശ്രൂഷയായി രൂപാന്തരപ്പെടുത്താം എന്ന ഗൗരവമായ അന്വേഷണം നടക്കുന്ന കാലമാണിത്. ഈ അന്വേഷണത്തിന്റെ ഒരു മൂർത്തരൂപമായി മാവേലിക്കര കേന്ദ്രമാക്കി ഞങ്ങൾ പ്രവർത്തനം ആരംഭിച്ചതാണ് എം. ജെ. എം. സെന്റർ. അവിടെ ഞങ്ങളുടെ ജീവിതയാത്രയിൽ വ്യത്യസ്തമായ ദിശാബോധമുണ്ടാകുകയാണ്. ഫാ. ജോസ് ജെ. കളീയ്ക്കലും ഞാനും ചെറിയൊരു സംഘം അൽമായ സുഹൃത്തുക്കളായ സ്ത്രീകളും പുരുഷന്മാരും വ്യക്തമായ ലക്ഷ്യബോധത്തോടെ, പുതിയൊരു സാമൂഹ്യനിർമ്മിതി സ്വപ്നം കണ്ടുകൊണ്ട്, എം. ജെ. എം. സെന്ററിൽ കൂട്ടായ ജീവിതം ആരംഭിച്ചു. പല വ്യക്തികളും അവരവരുടേതായ രീതിയിൽ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ പങ്കുവഹിച്ചു. കൊച്ചുമോൾ പ്രസ്ഥാനത്തിന്റെ ഭാഗമായി മാറി; അതിനായി തന്നെത്തന്നെ വലിച്ചെറിഞ്ഞു. സ്വന്തം ജീവിതത്തിൽ ശ്രദ്ധ വേണമെന്നു കൊച്ചുമോളോടു വീട്ടുകാർ നിർദ്ദേശിച്ചപ്പോൾ, 'എനിക്ക് എന്നും എന്റെ പ്രസ്ഥാനമുണ്ട്' എന്നു പ്രഖ്യാപിച്ചുകൊണ്ട് പ്രവർത്തിച്ചു നീങ്ങി. എം. ജെ. എം. കെട്ടിടത്തിന്റെ നിർമ്മിതിയിൽ പ്രസ്ഥാനം ഞങ്ങളുടേതാണ് എന്ന ബോദ്ധ്യത്തിൽ എത്രയെത്ര പേരാണ് അവരവരുടെ പങ്കുവഹിച്ചത്. കെട്ടിടത്തിന്റെ ഓരോ മണൽത്തരിയും ജനകീയതയുടെ ഈ മുഖം വിവരിക്കും, തീർച്ച. ജനങ്ങളുടെ ഒത്തുള്ള ജീവിതത്തിലും പ്രവർത്തനത്തിലും ഫാ. ജോസ് ജെ. കളീയ്ക്കലും ഞാനും ഉൾച്ചേരുന്നുണ്ടായിരുന്നു. അങ്ങനെ ഞങ്ങളുടെ വൈദികവൃത്തിക്ക് പുത്തൻമാനങ്ങൾ ഉരുത്തിരിയുകയായിരുന്നു.

ഇവിടെയാണ് എന്തെല്ലാം പ്രതിസന്ധിയിലൂടെ കടന്നുപോയിട്ടും, നിലപാടിലുള്ള വ്യക്തതയോടെ ഇന്നും ഉറച്ചുനില്ക്കുന്ന നാരങ്ങാനത്തെ ശ്രീ. എൻ. തങ്കച്ചൻ ചെമ്പകത്തിനാലിന്റെ ഇടപെടലിന്റെ ആരംഭം. മനുഷ്യത്വമാണ് വലുത് എന്ന ചിന്തയിൽ വിവാഹത്തെപ്പറ്റി നിലവിലുള്ള എല്ലാ ധാരണകൾക്കും വിശ്വാസങ്ങൾക്കും ആർഭാടാചാരങ്ങൾക്കും വിരുദ്ധമായി ജീവിതസഖികളായി ജീവിക്കാൻ ശ്രീ പ്രസന്നകുമാറും എൽസബേത്തും തീരുമാനിക്കുന്നത് ഈ കാലയളവിലാണ്. കുടുംബത്തിന്റെ വിലക്കുകളെ ഭേദിച്ചുകൊണ്ട് സ്ത്രീസമൂഹത്തിന്റെ ഉയർത്തെഴുന്നേല്പിന്റെ ഭാഗമായി ശ്രീമതി ഷൈല തോമസിന്റെ കടന്നുവരവ് ഇവിടെയാണ്. ഇവിടെയാണ് കൊച്ചുമോളും ഞാനും ബന്ധത്തിന്റെ പുത്തൻ മുഖത്തിലേയ്ക്ക് ഗൗരവബുദ്ധ്യാ ഉറ്റുനോക്കിയത്. അങ്ങനെ എം. ജെ. എം. സെന്റർ നല്ലൊരു നാളെയെ സ്വപ്നം കണ്ടുകൊണ്ടുള്ള പുത്തൻ ദർശനത്തിനും പ്രവർത്തനശൈലിക്കും ധാരാളം പേർക്ക് കളമൊരുക്കി.

എന്റെ ജീവിത ആത്മാന്വേഷണത്തിൽ ഗണ്യമായൊരു പങ്കു വഹിച്ച വ്യക്തിയാണ് പത്തനംതിട്ട ലക്ഷംവീട് കോളനിയിൽ താമസിക്കുന്ന ശ്രീമതി ശോശാ ജോർജ്ജ്. വിദ്യാഭ്യാസമില്ല, എഴുതാനും വായിക്കാനും അറിയില്ല. നാലു പെൺകുട്ടികളുടെയും ഒരു ആൺകുട്ടിയുടെയും അമ്മ. ലക്ഷം വീട്ടിലെ താമ

സം. എല്ലാം കൊണ്ടും നിസ്വ. പക്ഷേ പഠനപ്രക്രിയയിലൂടെ വളർന്നു. വീക്ഷണം കൊണ്ടും ജീവിത ഇടപെടൽ കൊണ്ടും തീർത്തും വേറിട്ടൊരു വ്യക്തിയായി. എന്റെ ഏതു കാര്യവും തുറന്നു സംസാരിക്കുന്ന, അതിനു പ്രായോഗികബുദ്ധിയോടെയും ഉൾക്കാമ്പോടെയും ദിശാബോധത്തോടെയും പ്രതികരിക്കുന്ന എന്റെ രണ്ടാം അമ്മയായി മാറി ശോശാമ്മച്ചി. ഈ ബന്ധം ഇന്നും തുടരുന്നു; എനിക്കു മാർഗ്ഗനിർദ്ദേശം നല്കിക്കൊണ്ട്, സ്നേഹവും ശക്തിയും പകർന്നു കൊണ്ട്.

കാലം കഴിയുംതോറും ഞങ്ങളുടെ പ്രവർത്തനമേഖലകൾ വർദ്ധിച്ചു - സമൂഹത്തിന്റെ പിന്നാംപുറങ്ങളിൽ ആക്കപ്പെട്ട പരമ്പരാഗത മത്സ്യത്തൊഴിലാളി -കർഷകത്തൊഴിലാളികളുടെ പ്രശ്നങ്ങൾ ഞങ്ങളുടെ പ്രശ്നങ്ങളായി. അവരുടെ വിവിധങ്ങളായ സമരങ്ങളിൽ ഞങ്ങളും പങ്കുചേർന്നു. ഈ ജനകീയ ഇടപെടലുകൾക്ക് ആഴവും അർത്ഥവും ജീവനും പകരാൻ കൊച്ചുമോളും ഞാനും തമ്മിലുള്ള ബന്ധം ഏറെ സഹായകമായി. ഞങ്ങളുടെ സുഹൃദ്ബന്ധത്തിന് ഏറെ ആഴമുണ്ടായി. ബന്ധത്തിന്റെ ആഴം വർദ്ധിക്കുന്നതനുസരിച്ച് ജനോന്മുഖവും അർത്ഥപൂർണ്ണവുമായ ഒരു വൈദികവൃത്തിക്കു ഈ ബന്ധം കളമൊരുക്കി. എം. ജെ. എം. ന്റെയും മറ്റു സംഘങ്ങളുടെയും വിലയിരുത്തൽ പ്രക്രിയയിൽ ഏറു കൊണ്ടിട്ടുണ്ടെങ്കിലും, എന്നും ഞാൻ ഏറ്റു പറഞ്ഞിട്ടുള്ള വലിയൊരു യാഥാർത്ഥ്യമുണ്ട്- ഞാൻ ആയിത്തീരുന്നതിൽ, എന്റെ വളർച്ചയിൽ കൊച്ചുമോൾ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്.

സുഹൃദ്ബന്ധത്തെപ്പറ്റി, ലൈംഗികതയെപ്പറ്റി, കുടുംബത്തെപ്പറ്റി, സ്ത്രീപുരുഷ ഇടപെടലിനെപ്പറ്റി ഒക്കെത്തന്നെ ആഴത്തിൽ പഠിക്കാനും വിമർശിക്കാനും വിശകലനം ചെയ്യാനും ഞങ്ങളുടെ ബന്ധം കളമൊരുക്കി. ഇന്നു സമൂഹത്തിൽ പൊതുവേ നിലനില്ക്കുന്ന കപടസദാചാരം വിലയിരുത്തപ്പെട്ടു. ഒളിച്ചും പാത്തുമുള്ള അനാരോഗ്യകരമായ സ്ത്രീപുരുഷ ബന്ധത്തിനപ്പുറം, സ്ത്രീയെ വെറും ഭോഗവസ്തുവായി കാണുന്ന അവസ്ഥക്കപ്പുറം, ലൈംഗികതയെ വെറും കാമസംതൃപ്തിയായി വീക്ഷിക്കുന്ന ചിന്തയ്ക്കുമപ്പുറം, കുടുംബത്തെ ലൈംഗിക വേഴ്ചയ്ക്കു സ്ത്രീക്കും പുരുഷനും ലൈസൻസ് കൊടുക്കുന്ന ഇടമായുള്ള ധാരണയ്ക്കുമപ്പുറം മനുഷ്യരെ മനുഷ്യരാക്കുന്ന സജീവ പ്രക്രിയയിൽ, ബോധപൂർവ്വം ഉത്തരവാദിത്തത്തോടെയും അവരവരുടെ സ്വയം നിർണ്ണയാവകാശം ഉപയോഗിച്ച് സ്ത്രീ പുരുഷന്റെ സഖിയും, പുരുഷൻ സ്ത്രീയുടെ സഖാവുമാകുന്ന ഗുണപരമായ സുഹൃദ്ബന്ധം ഞങ്ങളുടെ ചിന്താവിഷയമായി. പുറംലോകം ഇങ്ങനെയൊരു ബന്ധത്തെ എങ്ങനെ നോക്കിക്കാണുന്നു, വിമർശിക്കുന്നു എന്ന് ഒരിക്കൽ ഉത്ക്കണ്ഠയുണ്ടായിരുന്നു. പക്ഷേ ഇന്ന് അതൊരു പ്രശ്നമല്ല. കാരണം, ഞങ്ങൾക്ക് ഞങ്ങളുടെ ബന്ധത്തെപ്പറ്റി വ്യക്തതയുണ്ട്. എന്റെ വൈദികജീവിതത്തിനു പുത്തൻമാനങ്ങൾ നല്കുന്ന ഈ ബന്ധത്തെ

അങ്ങേയറ്റം മാനിക്കുന്നു; ജനകീയപ്രസ്ഥാനം ചരിത്രത്തിനു നല്കിയ വില പ്പെട്ട മുത്തുകളാണ് കൊച്ചുമോൾ, ശോശജോർജ്ജ്, എൻ. തങ്കച്ചൻ ചെമ്പക ത്തിനാൽ, പ്രസന്നകുമാർ ഒ. പി. ... അങ്ങനെ പുതിയ സമൂഹത്തിനായി മുറി ക്കപ്പെട്ടവർ; അതിനായ് ഏറെ വിലകൊടുത്തവർ മറ്റനേകർ. അവരോടൊപ്പം നില്ക്കാൻ സാധിച്ചത്, സാധിക്കുന്നതാണ് എന്റെ വൈദിക ജീവിതസാഫ ല്യം. അവരോടൊപ്പം നിന്നുകൊണ്ട്, പരസ്പരമുള്ള ഐക്യദാർഢ്യത്തിന്റെ പ്രതീകമായി ഏകസ്വരത്തിൽ, ശ്രീ. മധുസൂദനൻ രചിച്ച ഒരു പാട്ടു പാടട്ടെ:

പാട്ടും പരന്തക്കെട്ടും ഞാൻ പണ്ടേ മറന്നേ ...
കൊട്ടു കുരവയും ഞാൻ പണ്ടേ മറന്നേ ... (2)
എന്നിട്ടും പാടാണ്ടിരിക്കാൻ വയ്യടി തെയ്യേ ...
എന്നിട്ടും കൊട്ടാണ്ടിരിക്കാൻ വയ്യടി തെയ്യേ ...

ഇനിയുള്ള കാലം നമ്മള് പാടാണ്ടിരുന്നാൽ
നാടിന്റെ നട്ടെല്ലു പൊട്ടി നമ്മള് ചാകും (2)
ചാവാതിരിക്കാനെങ്കിലും പാടെടി തെയ്യേ
പാടീട്ട് ചാവാനെങ്കിലും പാടെടി തെയ്യേ (2)
(പാട്ടും പരന്തക്കെട്ടും

കറുത്ത തൈവത്തെ കൊല്ലണ തമ്പ്രാന്റെ തൈവം
കുഞ്ഞോളെ കൊല്ലാണ്ടിരിക്കുമെന്നാരതു കണ്ടൂ (2)
കുഞ്ഞോളെ കൊല്ലണ തൈവത്തെ നമ്മക്കും കൊല്ലാം
കറുത്ത തൈവത്തിനായൊരു പാട്ടും പാടാം (2)
(പാട്ടും പരന്തക്കെട്ടും

ഞാറ്റുവേലയ്ക്കിടയിലും നമുക്ക് പാടാം
തങ്കടം മല പോലെ കൂടുമ്പം നമുക്കു പാടാം (2)
പയ്യാരം ഓരോന്നും ചൊല്ലുന്നേരം
തങ്കടം മാറും നമ്മുടെ തങ്കടം മാറും (2)
കൂട്ടത്തിൽ നമ്മള് പാടും നേരം
പേടി മാറും നമ്മുടെ പേടി മാറും (2)
തൈവത്തെ നമ്മള് കാണും വരെ
ചേർന്നു പാടാം - നമുക്ക് ചേർന്നു പാടാം (2)
പാട്ടും പരന്തക്കെട്ടഴിക്കെടി തെയ്യേ
കൂട്ടാളരെയെല്ലാം വിളിക്കടി തെയ്യേ (4)

# 34

# കാപട്യങ്ങളുടെ നിര

**വ്യക്തിപര പുണ്യത്തിന്റെ പൊള്ളത്തരം**

പടപ്പക്കര ഇടവകയിലേയ്ക്കുള്ള എന്റെ സ്ഥലംമാറ്റം ഒരു ചരിത്രസംഭവമാണ്. ജനകീയസംഘങ്ങളുടെ *വിശ്വാസവും പോരാട്ടവും* എന്ന ചരിത്രപുസ്തകത്തിൽ പുത്തൻപീടികയിൽ നിന്നും പടപ്പക്കരയ്ക്കുള്ള സ്ഥലംമാറ്റത്തെപ്പറ്റിയും അതുമായി ഉയർന്നുവന്ന വിമോചന വിശ്വാസ സംരക്ഷണ പ്രസ്ഥാനത്തെപ്പറ്റിയുമൊക്കെ സവിസ്തരം പ്രതിപാദിക്കുന്നതു കൊണ്ടു ഇവിടെ ഒന്നും പറയുന്നില്ല.

ഈ വിശ്വാസപോരാട്ടത്തിന്റെ പശ്ചാത്തലത്തിൽ, കൊല്ലം ബിഷപ്പുമായുണ്ടാക്കിയ ചില കരാറിന്റെ അടിസ്ഥാനത്തിലാണ് സ്ഥലംമാറ്റ കല്പന, കുറച്ചു ദിവസം കഴിഞ്ഞെങ്കിലും, സ്വീകരിച്ചത്. പടപ്പക്കര പള്ളിയിൽ ചാർജ്ജെടുത്തിട്ടു നടത്തിയ നന്ദിപ്രസംഗത്തിൽ ഞാൻ എന്റെ നയവും നിലപാടും വ്യക്തമാക്കി. അതായത് പള്ളിശുശ്രൂഷ എല്ലാവർക്കും ഒരുപോലെ ലഭിക്കും; പക്ഷേ പടപ്പക്കര ഇടവകാംഗങ്ങളിൽ ബഹുഭൂരിപക്ഷവും പരമ്പരാഗത മത്സ്യത്തൊഴിലാളികളും കശുവണ്ടിത്തൊഴിലാളികളും മണൽവാരൽതൊഴിലാളികളുമാണ്. അവരോടൊപ്പം അവരുടെ പക്ഷംപിടിച്ചുകൊണ്ടായിരിക്കും എന്റെ പ്രവർത്തന പന്ഥാവ് രൂപപ്പെടുത്തുക. ഇതിനോടു ആദ്യമേ തന്നെ ചിലർക്ക് ചില മുറുമുറുപ്പുണ്ടായെങ്കിലും ഞാൻ എന്റെ നിലപാടിൽത്തന്നെ മൂന്നു വർഷവും ഉറച്ചുനിന്നു. അതിന്റെ ഫലവും ജനങ്ങൾക്ക് കിട്ടി എന്നാണ് എന്റെ വിശ്വാസം.

പടപ്പക്കര ഇടവകയിൽ എനിക്കു മുമ്പത്തെ ഇടവകവികാരി ഫാ. ജോസഫ് തോമസായിരുന്നു. അദ്ദേഹത്തെ കുറച്ചുപേർ അടിക്കുകയും എറിഞ്ഞു തല പൊട്ടിക്കുകയും മറ്റും ചെയ്തതിന്റെ ഫലമായി പള്ളിക്കു കുറച്ചുനാളായി വികാരിയച്ചനില്ലായിരുന്ന കാലം. അത്യാവശ്യം ശുശ്രൂഷയ്ക്ക് അടുത്ത ഇടവകയായ കാഞ്ഞിരകോട്ടു നിന്നു അച്ചൻ വരുമായിരുന്നു. ബിഷപ്പ് പലരോടും ആവശ്യപ്പെട്ടിട്ടും അവരാരും പടപ്പക്കര വരാൻ തയ്യാറല്ലായിരുന്നു എന്നാണ് വിശ്വാസയോഗ്യമായി കേട്ടത്. ഞാൻ തയ്യാറായി ചാർജ്ജെടുത്തു.

എല്ലാ സ്ഥലത്തുമെന്ന പോലെ, എന്റെ ആദ്യ സംരംഭം ഭവനസന്ദർശനം തന്നെ. പടപ്പക്കര രണ്ടായിരത്തോളം കുടുംബങ്ങളുള്ള (ഏകദേശം 8000 ആളുകളുള്ള) വലിയൊരു ഇടവകയാണ്. ഭവനസന്ദർശനം തുടങ്ങുന്നതിനു മുമ്പ് പള്ളിയോടു വർഷങ്ങളായി അടുത്തു പ്രവർത്തിക്കുന്ന പള്ളിക്കണക്കനോടു ഞാൻ ഒന്നാരാഞ്ഞു: കണക്കൻ, ഒരുപാടു നല്ല കാര്യങ്ങൾ പടപ്പക്കരയ്ക്കു വേണ്ടി ചെയ്ത പഴയ അച്ചനെ ആളുകൾ തലതല്ലിപ്പൊട്ടിച്ചു പറഞ്ഞയച്ചു. എനിക്കും ഇതു സംഭവിക്കാം. അങ്ങനെ എന്തെങ്കിലും ഉണ്ടായാൽ എനിക്കു വിശ്വസിച്ചു ഓടിച്ചെല്ലാവുന്ന, എന്നോടൊപ്പം എന്തുവന്നാലും നിലകൊള്ളുന്ന ഏറ്റവും നല്ല മൂന്നു കുടുംബങ്ങളെ ഒന്നു പരിചയപ്പെടുത്തുക. ഇത് എനിക്കു വളരെ ഉപകാരമായിരിക്കും. ആദ്യം കണക്കൻ പറയാൻ വിസമ്മതിച്ചെങ്കിലും, നിർബന്ധിച്ചപ്പോൾ രണ്ടു കുടുംബങ്ങളുടെ പേരു പറഞ്ഞു; മൂന്നാമത്തേത് അദ്ദേഹത്തിന്റെ കുടുംബവും.

വീടുസന്ദർശനപരിപാടി ധൃതിയിൽ നടക്കുകയാണ്. 3 മാസം കൊണ്ട് പടപ്പക്കരയിലെ എല്ലാ വീടുകളും ഞാൻ സന്ദർശിച്ചു. സന്ദർശനവേളയിൽ കണക്കൻ ചൂണ്ടിക്കാട്ടിയ രണ്ടു കുടുംബങ്ങളേയും ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. അവിടത്തെ രണ്ടു മധ്യവർഗ്ഗ കുടുംബങ്ങൾ. ഭൂമി അഞ്ചെട്ട് ഏക്കറു വീതമുണ്ട്. അയൽവാസികളുമായി യാതൊരു ബന്ധവുമില്ല. എന്നും പള്ളിയിൽ വരും. പള്ളിയിൽ ഒരു നിശ്ചിത സ്ഥലത്തേ നില്കുകയുള്ളു. പള്ളിക്ക് എന്തെങ്കിലും പിരിവോ വരിയോ നിശ്ചയിച്ചാൽ ആദ്യമടയ്ക്കുന്നത് ഇവരാണ്. പള്ളിയിൽ വരിക, കർമ്മങ്ങൾ കഴിഞ്ഞു വീട്ടിലേയ്ക്കു പോവുക. ആരോടും ഒരു ശല്യത്തിനും വഴക്കിനുമില്ല. ആരുടെയും ഒരു കാര്യത്തിലും ഇടപെടുകയുമില്ല. വീട്ടിൽ എല്ലാദിവസവും കൃത്യമായും കുടുംബപ്രാർത്ഥനയുണ്ട്. ഇങ്ങനെ പോകുന്നു അവരുടെ വിശേഷങ്ങൾ. ഒരാളുടെ വസ്തുവിനോടു തൊട്ടുകിടക്കുന്നു ഗവണ്മെന്റിന്റെ ലക്ഷംവീടു പദ്ധതിയുടെ ഭാഗമായിട്ടുള്ള 80 സെന്റിലെ 20 കുടുംബക്കാർ. അവിടെ നിത്യം വഴക്കാണ്. ഞാൻ പടപ്പക്കരയുണ്ടായിരുന്ന 3 വർഷത്തിനിടെ 20 പ്രാവശ്യമെങ്കിലും വഴക്കു പറഞ്ഞുതീർക്കാൻ ഈ ലക്ഷം വീടുകളിൽ വന്നിട്ടുണ്ട്. ഈ അവസരങ്ങളിൽ ഒരിക്കൽപോലും കണക്കൻ പറഞ്ഞ ആ പുണ്യാത്മാവിനെ കണ്ടതേയില്ല.

ഈ സംഭവം യഥാർത്ഥ ഭക്തൻ ആര് എന്നതിലേയ്ക്ക് എന്റെ കണ്ണുകൾ തുറപ്പിച്ചു. അപരന്റെ പ്രശ്നം കാണാതെ, കണ്ടാലും കണ്ടില്ലെന്നു നടിച്ചു അതിൽ ഇടപെടാതെ പോകുന്ന വ്യക്തി ഭക്തനല്ല, സ്വാർത്ഥനാണ് എന്ന ഉൾക്കാഴ്ച എനിക്കു ലഭിച്ചു. സമൂഹത്തോടുള്ള ഉത്തരവാദിത്വത്തിൽ നിന്നു ഒഴിഞ്ഞുമാറിനിന്നുകൊണ്ട്, വ്യക്തിഗതമായ പുണ്യപ്രവൃത്തികൾ ചെയ്യുന്നു എന്ന ബോധ്യം സൃഷ്ടിക്കുക ഇന്നത്തെ കപടത നിറഞ്ഞ വ്യവസ്ഥിതിയുടെ കള്ളക്കളിയാണ്. ഈ കാപട്യം കൂടുതൽ ദൃശ്യമാകുന്നത് സമൂഹത്തിലെ

മേൽത്തട്ട്-മധ്യതട്ട് ജനവിഭാഗങ്ങളിലാണ്. പടപ്പക്കര വരുന്നതിനു മുമ്പ് സേവനമനുഷ്ഠിച്ച എല്ലാ ഇടവകകളും പാവപ്പെട്ട ദലിതക്രൈസ്തവരുടേതായിരുന്നു. അവിടെ ഇത്തരം പുണ്യത്തരം കാണുകയില്ല. അതുകൊണ്ടുതന്നെ ഇങ്ങനെയുള്ള തീർത്ഥും വ്യക്തിഗതമായ ആധ്യാത്മികത അവിടെ ദർശിക്കാൻ പ്രയാസവുമായിരുന്നു. പരാങ്മുഖതയാണ് ആധ്യാത്മികതയുടെ കാതലെന്നു അവർക്കറിയാം. പക്ഷേ എല്ലാം അറിയാമെന്നു വീമ്പടിക്കുന്ന ഈ പരമ്പരാഗത ക്രിസ്ത്യാനികൾക്കാകട്ടെ ഉറച്ച വിശ്വാസമില്ല, ജീവിക്കുന്ന ആത്മബന്ധങ്ങളില്ല, മറ്റുള്ളവരെ ഉൾച്ചേർത്തുകൊണ്ടുള്ള സംഘംചേരലില്ല; മറിച്ച്, താൻ മാത്രം സ്വർഗ്ഗത്തിൽ പോകാനുള്ള വ്യഗ്രതയിൽ അറിഞ്ഞും അറിയാതെയും കൂടുതൽ കൂടുതൽ സ്വാർത്ഥരായി രൂപാന്തരപ്പെടുന്നു.

### വ്യവസ്ഥാപിത കുടുംബത്തിന്റെ കാപട്യങ്ങൾ

എന്റെ വൈദികജീവിതയാത്രയിൽ ആറന്മുള ഇടവകയും അവിടത്തെ ജനവും വഹിച്ച പങ്ക് അവർണ്ണനീയമാണ്. നിറയെ സ്നേഹവും തുറവിയും ആത്മാർത്ഥതയുമുള്ള ഒരു ജനത. എന്റെ പ്രവർത്തനശൈലിയോടു നല്ല രീതിയിൽ സഹകരിച്ച ധാരാളം നല്ല മനുഷ്യർ. അവരുടെ പേരുകൾ എടുത്തു പറയാൻ സ്ഥലപരിമിതി അനുവദിക്കുന്നില്ല. എല്ലാ കുടുംബവും അവരവരുടെ കുടുംബത്തിലെ ഒരംഗമായിട്ടാണ് എന്നെ കരുതിയിരുന്നത്. എനിക്ക് അതുപോലെ അവരോരോരുത്തരോടും നല്ല താല്പര്യവും. ഈ നല്ല ബന്ധമുണ്ടായിരുന്നതു കൊണ്ട് തന്നെ മിക്ക കുടുംബത്തിലുമുള്ള ചെറുതും വലുതുമായ പ്രശ്നങ്ങൾ എന്നോടു തുറന്നു പറയുന്ന രീതി തികച്ചും സ്വാഭാവികം. അങ്ങനെ പങ്കുവെച്ച ഒരു അനുഭവകഥ മാത്രം ഇവിടെ വിവരിക്കട്ടെ.

എട്ടുമക്കളുടെ അമ്മ. അവർ വിവാഹം കഴിച്ചിട്ടു 24 വർഷം കഴിഞ്ഞു. ഭർത്താവു നിരന്തരം മദ്യപിക്കുന്നു. ജോലി കഴിഞ്ഞു പാതിരാത്രിക്കു വീട്ടിലെത്തുമ്പോൾ മൂക്കുമുട്ടെ കുടിച്ചിരിക്കും. സ്ത്രീകൾക്കു വേണ്ടിയുള്ള ബോധവൽക്കരണ സെമിനാറിൽ ഈ സ്ത്രീ പങ്കെടുക്കുമായിരുന്നു. സിസ്റ്റർ ഫെലീഷ്യാ എസ്. ഐ. സി. കുടുംബജീവിതത്തെപ്പറ്റി ക്ലാസ്സെടുത്ത ദിവസം, ഈ സ്ത്രീ വന്ന് എന്റടുത്ത് അവരുടെ കുടുംബപ്രശ്നം പങ്കുവെച്ചു. അവൾ അവളുടെ 24 വർഷത്തെ കുടുംബജീവിതം തുറന്നുവച്ചു. അതിന്റെ സംക്ഷിപ്തം ഇങ്ങനെയാണ്: ഏറെ പ്രതീക്ഷയോടെയും ഒത്തിരിയേറെ കൊച്ചുകൊച്ചു സ്വപ്നങ്ങളോടെയുമാണ് കുടുംബജീവിതത്തിൽ പ്രവേശിച്ചത്. പക്ഷേ വിവാഹം കഴിഞ്ഞ ആദ്യരാത്രിതന്നെ അവളുടെ സ്വപ്നങ്ങളെല്ലാം തകർന്നുവീണുടഞ്ഞ അനുഭവം. ശരിക്കും കുടിച്ചിട്ടു വന്ന ഭർത്താവ് അവളെ ഒരു വിധത്തിൽ പറഞ്ഞാൽ ബലാത്സംഗം ചെയ്യുകയായിരുന്നു; അവളുടെ ആഗ്രഹങ്ങളെയോ താല്പര്യങ്ങളെയോ ഒട്ടുംതന്നെ മാനിക്കാതെ. അത് അവളുടെ ജീവിതത്തിലെ

വലിയൊരാഘാതമായി. ആദ്യരാത്രിയേക്കാൾ ക്രൂരവും മൃഗീയവുമായിരുന്നു തുടർന്നുള്ള ദിവസങ്ങളിലെ അദ്ദേഹത്തിന്റെ ബന്ധപ്പെടൽ രീതി. ഇക്കഴിഞ്ഞ നീണ്ട 24 വർഷങ്ങൾ. 8 മക്കൾ. ഒരു ദിവസം പോലും അദ്ദേഹം മനുഷ്യനായി ബോധപൂർവ്വം, താല്പര്യപൂർവ്വം, സ്നേഹപൂർവ്വം അവളെ സമീപിച്ചിട്ടില്ല. ഈ ബന്ധം വേണ്ട എന്നു അല്പമൊരു സൂചനയെങ്കിലും പ്രകടിപ്പിച്ചാൽ, ബലപ്രയോഗം കഠിനവും നിന്ദ്യവുമാകും. അതുകൊണ്ട് അദ്ദേഹത്തിന്റെ കൂത്തിനു നിന്നുകൊടുക്കുക മാത്രമായിരുന്നു തന്റെ മുമ്പിലെ ഏക പോംവഴി. ഒരു ദിവസംപോലും ഹൃദ്യതയനുഭവിക്കാത്ത കുടുംബജീവിതം! അവളോട് അമ്മായിയപ്പനും അമ്മായിയമ്മയ്ക്കും മറ്റ് അനുജന്മാർക്കും എന്തു സ്നേഹമാണെന്നോ, നാട്ടുകാർക്കും. എത്ര നല്ല കുടുംബബന്ധം. അടിയും വഴക്കും ബഹളവുമില്ലാത്ത മാതൃകാകുടുംബം. അവൻ അല്പം മദ്യപിക്കും. അവൾക്കറിയാം അദ്ദേഹത്തെ നിലക്കു നിർത്താൻ. അങ്ങനെ വേണം കുടുംബജീവിതം നയിക്കാൻ. ഇങ്ങനെ പോയി വീട്ടുകാരുടെയും നാട്ടുകാരുടെയും കമന്റ്സ്.

എന്റെ വൈദികജീവിതത്തിലെ ഇടവകജന/കുടുംബബന്ധത്തെ ഒന്ന് അവലോകനം ചെയ്താൽ വ്യക്തമാകുന്ന ഒരു വസ്തുതയുണ്ട്. മേൽവിവരിച്ച ജീവിതകഥ ഒറ്റപ്പെട്ട ഒരു സംഭവമല്ല. വളരെയധികം കുടുംബങ്ങളുടെയും കഥയിതാണ്. ഈ വിവരിച്ച തരത്തിലുള്ള കുടുംബബന്ധം പൊതുവേ സാമ്പത്തികശേഷി കുറഞ്ഞവരുടെ ആണെന്നു പറയാം. പക്ഷേ സമ്പന്നരുടെ (മധ്യവർഗ്ഗം) കുടുംബാവസ്ഥ ഇതിലും ദാരുണമാണെന്നാണ് എന്റെ അനുഭവം. ഒരു കഥ മാത്രം വിവരിക്കട്ടെ.

എം. എസ്സി നല്ല മാർക്കോടെ ജയിച്ച സുന്ദരിയായ ഒരു യുവതിയെ സുമുഖനായ ഒരു ഡോക്ടർ വിവാഹം കഴിച്ചു. അവർ പലവട്ടം എന്റെ മേടയിൽ വന്നിട്ടുണ്ട്. എന്നോടു വലിയ ബഹുമാനമാണ്. വരുമ്പോഴെല്ലാം രണ്ടുപേരും എന്തു സന്തുഷ്ടരായി കണ്ടിരുന്നെന്നോ. നല്ല തമാശകൾ പറയും, ഒത്തു ചിരിക്കും. രണ്ടു കുഞ്ഞുങ്ങൾ - ഒരാണും ഒരു പെണ്ണും. സന്തോഷത്തോടെ രണ്ടുപേരും ഒത്തുള്ള യാത്രകൾ. നല്ലൊരു വീട്. സ്വന്തമായി കാർ. മറ്റു സൗകര്യങ്ങളൊക്കെയുണ്ട്. എല്ലാംകൊണ്ടും സംതൃപ്തകുടുംബം. വല്ലപ്പോഴും ഞാനും അവരുടെ വീട്ടിൽ പോകാറുണ്ട്. ഒരിക്കൽ അവരുടെ വീട്ടിൽ ചെന്ന്, ഡോക്ടറുമായി സംസാരിച്ചിരിക്കെ, ചായയിടാനായി ഭാര്യയുടെ അടുത്തു പറഞ്ഞു. അങ്ങനെ ഞങ്ങൾ രണ്ടുപേരും കുശലം പറഞ്ഞുകൊണ്ടിരിക്കെ, ഒരു ഫോൺ; ഉടൻ ആശുപത്രിയിലെത്തണം. വളരെ അപകടംപിടിച്ച ഒരു കേസ്സ്. ഉടൻതന്നെ അദ്ദേഹം കാറെടുത്ത് ആശുപത്രിയിലേയ്ക്കു വിട്ടു; ചായ കുടിച്ചിട്ടു പോയാൽ മതിയെന്നു പറഞ്ഞിട്ട്. അല്പം കഴിഞ്ഞപ്പോൾ ഭാര്യ ചായ കൊണ്ടുവന്നു. ചായ തന്നപ്പോൾ 'എന്താ സുഖമല്ലേ?' എന്നു ലോഹ്യത്തിനൊന്നു ചോദിച്ചു. തീർത്തും അപ്രതീക്ഷിതമായ പ്രതികരണം. അവൾ ഏങ്ങലടിച്ചുകരഞ്ഞു.

അവൾ വിങ്ങിപ്പൊട്ടുകയാണ്. 'എന്താ സുഖം? ഏതു പട്ടിക്കും എന്നേക്കാൾ സുഖമാണ്. ഒരു മനുഷ്യനെയും നോക്കാൻ പാടില്ല. ആരുമായും മിണ്ടാൻ പാടില്ല, അനങ്ങുന്നതു കുറ്റം, നടക്കുന്നതു കുറ്റം. കെട്ടിയിട്ടിരിക്കുന്ന പട്ടിക്കും വല്ലപ്പോഴും ഒന്നഴിച്ചുവിടുമ്പോൾ ഒരു സ്വാതന്ത്ര്യമുണ്ട്. ഇത് അതുപോലുമില്ല. എങ്ങനെ അച്ചനെ ഇവിടെയിരുത്തിയിട്ട് അദ്ദേഹം ആശുപത്രിക്കു പോയി! ഞാൻ മടുത്തു. എനിക്ക് ഈ ജീവിതം വേണ്ട. ...' ഇങ്ങനെ പോയി ആ സ്ത്രീയുടെ സംസാരം. ഇങ്ങനെയൊരു പ്രതികരണം, നേരത്തേ ഞാൻ കണ്ടിരുന്ന സ്ത്രീയിൽ നിന്നു ഒരിക്കലും പ്രതീക്ഷിക്കാൻ സാധിക്കുകയില്ല. അവരുടെ രണ്ടുപേരുടേയും ഇടപെടലും സംസാരവും പങ്കിടീലും അത്ര ഹൃദയഹാരിയായിരുന്നു. നോക്കണം യാഥാർത്ഥ്യം ഒന്ന്; അഭിനയം മറ്റൊന്ന്. കാപട്യത്തിന്റെ മുഖം എത്ര വിചിത്രം! ഇതും ഒറ്റപ്പെട്ട സംഭവമല്ല. ഈ രീതിയിലല്ലെങ്കിൽ മറ്റൊരു രീതിയിൽ നൂറുകണക്കിനു കുടുംബങ്ങളുടെ കഥയാണിത്.

ഈ രണ്ടു കഥകളും അതുപോലുള്ള ഒട്ടനവധി ജീവിതാനുഭവങ്ങളും എന്റെ മനസ്സിനെ വല്ലാതെ സ്പർശിച്ചു. എന്താണിതിന്റെ അർത്ഥം? എന്തിലേയ്ക്കാണു ഈവക കാര്യങ്ങൾ വിരൽചൂണ്ടുന്നത്? വളരെ ഗൗരവമായ പല ജീവിതയാഥാർത്ഥ്യങ്ങളെയും സൂചിപ്പിക്കുന്നതാണീ അനുഭവങ്ങൾ. എന്താണു ലൈംഗികത? എന്താണ് സ്ത്രീപുരുഷബന്ധം? എവിടെയാണ് സ്ത്രീപുരുഷബന്ധത്തിലൂടെ വളർച്ച പ്രാപിക്കുക? എവിടെയാണ് പരസ്പരം വിശ്വാസവും വളർച്ചയും സാധിതമാവുക? എന്താണു കുടുംബജീവിതം? ഇന്നത്തെ കുടുംബ സംവിധാനത്തിന്റെ അടിസ്ഥാനമെന്ത്? ഈ കുടുംബക്രമീകരണം സ്വാതന്ത്ര്യമാണോ അടിമത്തമാണോ പ്രദാനം ചെയ്യുക? ഇന്നത്തെ കുടുംബം ഭദ്രവും പവിത്രവുമോ? എത്ര ആഴത്തിലാണ് പുരുഷാധിപത്യവും ആൺകോയ്മാതാല്പര്യങ്ങളും നമ്മുടെ സമൂഹത്തിലും കുടുംബത്തിലും വേരോട്ടം നടത്തിയിരിക്കുക? നമ്മുടെ കുടുംബത്തിന്റെ കാപട്യം എത്ര കഠോരം? ഈ അനുഭവങ്ങൾ എന്റെ ചിന്തയ്ക്ക് നിരന്തരം വിഷയീഭവിച്ചിരുന്നു. ഈ അവസ്ഥയ്ക്കു മോചനമില്ലേ എന്ന ചിന്ത എന്നെ സദാ അലട്ടിയിരുന്നു. ഒറ്റയ്ക്കും സംഘമായും ഇതിനെപ്പറ്റി ചിന്തിക്കുകയും വേറിട്ടൊരു സ്ത്രീപുരുഷബന്ധം സ്ഥാപിതമാക്കേണ്ട അനിവാര്യതയിലേയ്ക്ക് എന്റെ ചിന്ത വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

**പാൽ കുടിക്കാൻ പശുവിനെ വാങ്ങണോ?**

യേശു ഇങ്ങനെ പഠിപ്പിച്ചു: 'നിങ്ങൾ നിയമജ്ഞരേ സൂക്ഷിച്ചുകൊള്ളുവിൻ. നിങ്ങൾ മേലങ്കികൾ ധരിച്ചു നടക്കാനും പൊതുസ്ഥലങ്ങളിൽ അഭിവാദനം സ്വീകരിക്കാനും സിനഗോഗുകളിൽ മുഖ്യസ്ഥാനങ്ങളും വിരുന്നുകളിൽ അഗ്രാസനങ്ങളും ലഭിക്കാനും ആഗ്രഹിക്കുന്നു. എന്നാൽ അവർ വിധവ

കളുടെ ഭവനങ്ങൾ വിഴുങ്ങുകയും ദീർഘമായി പ്രാർത്ഥിക്കുന്നുവെന്നു നടിക്കുകയും ചെയ്യുന്നു. ഇവർക്കു കൂടുതൽ കഠിനമായ ശിക്ഷാവിധി ലഭിക്കും.' (മാർക്ക് 12: 38-40)

വീണ്ടും,

'ആടുകളുടെ വേഷത്തിൽ വരുന്ന വ്യാജപ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളുവിൻ. ഉള്ളിൽ അവർ കടിച്ചുചീന്തുന്ന ചെന്നായ്ക്കളാണ്.' (മത്താ. 7: 15).

എന്റെ വൈദികജീവിതത്തിൽ വളരെ വേദനയുണ്ടാക്കിയ ഒരു സംഭവം ഇവിടെ കുറിച്ചില്ലെങ്കിൽ എന്നോടുതന്നെ കാണിക്കുന്ന വഞ്ചനയായിരിക്കും. കൊല്ലം രൂപതയിലെ ഒരു യുവവൈദികൻ. അച്ചനായിട്ട് അഞ്ചാറു വർഷം. അദ്ദേഹത്തിനു ഒരു യുവതിയുമായി ഹൃദയാടുപ്പം. പരസ്പരം താല്പര്യം. അവർ രണ്ടുപേരും ഒന്നിച്ചു താമസമായി. അന്വേഷണമായി. മാസങ്ങൾ രണ്ടു മൂന്നു കഴിഞ്ഞു. അവർ രണ്ടുപേർക്കും പശ്ചാത്താപം. ആ സ്ത്രീയെ വീട്ടുകാർ വീണ്ടും സ്വീകരിച്ചു. ആത്മശോധനയ്ക്കും ധ്യാനത്തിനും വിധേയമാക്കിയിട്ടു ബിഷപ് അച്ചനെ വൈദികശുശ്രൂഷയിലേയ്ക്കു സ്വീകരിച്ചു. നടന്ന കാര്യങ്ങളും ഇപ്പോഴും ആ സ്ത്രീയെപ്പറ്റിയുള്ള ചിന്ത അദ്ദേഹത്തെ മഥിക്കുന്ന കാര്യവും മറ്റും ഈ യുവവൈദികൻ 35 വർഷത്തോളം വൈദികശുശ്രൂഷയിൽ ഇടപെട്ടുകഴിയുന്ന, പൊതുവേ നല്ല അംഗീകാരമുള്ള, ഒരു സീനിയർ അച്ചനോടു സംസാരിച്ചു. അതിനു ഈ അനുഭവസമ്പത്തുള്ള വൈദികന്റെ മറുപടി തീർത്തും നിന്ദ്യമായിപ്പോയി. വളരെ ലാഘവബുദ്ധ്യാ അദ്ദേഹം ചോദിച്ചു: 'പാൽ കുടിക്കാൻ പശുവിനെ വാങ്ങണോടാ?' തീർത്തും ലജ്ജാവഹം. ഈ യുവവൈദികനാണു എന്നോടിതു പങ്കുവെച്ചത്. വ്യത്യസ്തമായൊരു രീതിയിൽ അദ്ദേഹത്തോട് ഇടപെട്ടുകൊണ്ട് ലൈംഗികതയോട് ആരോഗ്യകരമായ ഒരു സമീപനം വളർത്തിയെടുക്കേണ്ട കാര്യങ്ങളെപ്പറ്റി ഞങ്ങൾ ചർച്ച ചെയ്തു. ആ ചർച്ചയും പങ്കുവെയ്ക്കലും ഏറെ ഉൾക്കാഴ്ച നല്കുന്നവയായിരുന്നുവെന്നു അദ്ദേഹം തന്റെ ജീവിതം വഴി ഇന്നും സാക്ഷ്യം നല്കുന്നു.

ഈ വലിയച്ചന്റെ പ്രതികരണം വല്ലാത്തൊരനുഭവമായിരുന്നു എന്നിലുണ്ടാക്കിയത്. ഒപ്പം പല ചോദ്യങ്ങളും എന്നിലുണർത്തി. ഇതു വെറും ഒറ്റപ്പെട്ട സംഭവമോ? അതോ ഈ കാപട്യം ഒരു പൊതു സ്വഭാവമോ? ഞാൻ എന്നിലേയ്ക്കു തന്നെ തിരിഞ്ഞു. എന്റെ സഹവൈദികരിലേയ്ക്കു ഞാൻ കണ്ണോടിച്ചു. ഞങ്ങളുടെ ജീവിത ശൈലി സത്യസന്ധമായി ഒന്നു വിലയിരുത്താൻ ശ്രമിച്ചു. പലരുടേയും പല തരത്തിലുള്ള അനുഭവങ്ങളും ഹൃദയവികാരങ്ങളും തുറന്നു പങ്കുവെച്ചു. എല്ലാംകൂടി കൂട്ടിവായിക്കുമ്പോൾ, ചില നിഗമനങ്ങളിലേയ്ക്കു നാം അറിയാതെ എത്തുന്നു.

യേശുവിൽ വിശ്വസിക്കാത്ത ജനവിഭാഗം വൈദികഗണമാണ്. അധികാരം കൂടുംതോറും വിശ്വാസം തീരെയില്ലാതാകുന്നു. അങ്ങനെ യേശുവിൽ വിശ്വ

സിക്കാത്ത ഗണത്തിലാണ് ബിഷപ്, വൈദികർ, കന്യാസ്ത്രീകൾ, കപ്യാർമാർ. പക്ഷേ ഇവർക്കു ഒരു പിടിവള്ളിയുണ്ട്. സഭയുടെ നിർജ്ജീവമായ ആചാരാനുഷ്ഠാനങ്ങൾ. അതു കാപട്യത്തിന്റെ മുഖം മൂടിവയ്ക്കുന്നു; മറയ്ക്കുന്നു. യേശുവിൽ വിശ്വാസമുള്ളവരോ പാവം അൽമായ സഹോദരർ. എത്ര ഉദാഹരണം വേണമെങ്കിലും ഇതു വ്യക്തമാക്കാൻ നിരത്തിവയ്ക്കാൻ സാധിക്കും.

പുനലൂർ രൂപത കൊല്ലം രൂപതയുടെ അധീനതയിലായിരുന്ന കാലം. അന്നത്തെ കൊല്ലം ബിഷപ് ഇടമൺ ഇടവകയിലെ ഒരു സബ്സ്റ്റേഷനിലെ പുതിയ പള്ളി ആശീർവദിക്കാനായി എത്തി. വികാരിയച്ചനായ ഫാ. സെബാസ്റ്റ്യൻ ജോർജ് ഞങ്ങൾ കുറച്ചു വൈദികരെയും ക്ഷണിച്ചിരുന്നു. ബിഷപ്പും ഞങ്ങളും തിരുക്കർമ്മത്തിനെത്തി. ആശിർവാദത്തിനുള്ള ആദ്യഒരുക്കമായി ബിഷപ് പ്രത്യേകമായി ഒരുക്കിയിട്ടുള്ള ശുശ്രൂഷാ കുപ്പായമൊക്കെ അണിഞ്ഞു കഴിഞ്ഞു. ബിഷപ്പിന്റെ സഹായി ആശിർവാദത്തിനു ഉപയോഗിക്കുന്ന മലയാളത്തിലുള്ള പ്രാർത്ഥനാപുസ്തകം കൊണ്ടുവരാൻ മറന്നുപോയി. ബൈബിൾ വായിച്ചു സ്വതന്ത്രപ്രാർത്ഥനകൾ നടത്തി കർമ്മം അതിമനോഹരമാക്കാവുന്ന ഒരു സന്ദർഭം. ബിഷപ് പ്രതികരിച്ചത് ഇങ്ങനെയാണ്. 'പഴയ ലാറ്റിൻ പ്രാർത്ഥനാപുസ്തകമെടുക്കുക. നമുക്ക് ആഘോഷമായി ആശിർവാദം നടത്താം. ജനങ്ങൾക്ക് ഒന്നും മനസ്സിലാകില്ലെങ്കിലും എന്തോ വലിയകാര്യം ചെയ്യുന്നു എന്ന തോന്നലുണ്ടാകും.' ഈ കമന്റിന്റെ പിന്നിലെ വികാരമെന്താണ്? എവിടെയാണ് ഈ ബിഷപ്പിന്റെ വിശ്വാസം? ആർക്കുവേണ്ടിയാണീ ആശിർവാദം ? ജനത്തെ മാറ്റിനിർത്തിയിട്ടുള്ള ഈ ആഘോഷത്തിന്റെ അർത്ഥമെന്ത്? ആധ്യാത്മികതയെന്ത് ? വികാരിയച്ചനും ഞാനും പതുക്കെ പരസ്പരം പറഞ്ഞു: How low he thinks! It is awful! ഇത് വളരെ നിസാരമായൊരു കാര്യമായി തോന്നിയേക്കാം. പക്ഷേ മറ്റു വലിയ ആചാരാനുഷ്ഠാനങ്ങളുടെയും ആഘോഷങ്ങളുടെയും അർത്ഥശൂന്യതയിലേയ്ക്കും വിശ്വാസരാഹിത്യത്തിലേയ്ക്കും ഇത് വിരൽചൂണ്ടുന്നു.

എന്റെ ജ്യേഷ്ഠൻ അണ്ണാണ്ണന്റെ ഭാര്യ ലീലചേട്ടത്തി മരിച്ചിട്ടു ഏഴടിയന്തിരത്തിന്റെ കുർബാന. ഒരു ഞായറാഴ്ച ഉച്ചകഴിഞ്ഞു 3 മണിക്ക്. എന്നെക്കൂടാതെ 6 യുവവൈദികർ എത്തിയിട്ടുണ്ട് സാക്രിസ്റ്റി(ആരാധനാ ശുശ്രൂഷയ്ക്കുള്ള വസ്ത്രങ്ങളും മറ്റു ബന്ധപ്പെട്ട സാമഗ്രികളും വച്ചുസൂക്ഷിക്കുന്ന മുറി)യിൽ. സമയം 3.15 ആയി. അവർ അടിപൊളി തകർപ്പൻ തമാശുകൾ പറഞ്ഞു രസിക്കുകയാണ്. വേർപാടിന്റെ ദുഃഖവും നഷ്ടവും അനുഭവിച്ചുകൊണ്ടു ശുശ്രൂഷയ്ക്കു വേണ്ടി ഞാൻ മാനസികമായി ഒരുങ്ങി ഒറ്റയ്ക്കു മാറിനടക്കുകയായിരുന്നു. അപ്പോഴേയ്ക്കും വികാരിയച്ചൻ വന്നു എന്നോടു ക്ഷമാപണം പറഞ്ഞുകൊണ്ട്: 'അലോഷ്യസ്', ഒരു ജ്ഞാനസ്നാനമുണ്ട്. 2.30 നു പറഞ്ഞിരുന്നതാണ്. ഇപ്പോഴാണ് അവർ എത്തിയത്. അതു കഴിഞ്ഞിട്ടു

കുർബാനയായാൽ എന്ത്?' ഞാൻ സമ്മതിച്ചു. ഉടൻ വികാരിയച്ചൻ മറ്റു വൈദികരോടു 'നിങ്ങളിൽ ആരെങ്കിലും വേഗം പോയി സ്നാനം കൊടുക്കുക' എന്നു നിർദ്ദേശിച്ചു. ഒരാൾ പറഞ്ഞു 'എടാ നീ പോയി അടിച്ചുകലക്കി വേഗം വരൂ.' ഉടൻ തന്നെ അവരിലൊരു വൈദികൻ സ്റ്റോൾ (ശുശ്രൂഷയ്ക്കുള്ള ഔദ്യോഗിക ഡ്രസ്സ്) ധരിച്ചുകൊണ്ട് സ്നാനം നല്കാൻ പോയി. പറഞ്ഞതു പോലെ അദ്ദേഹം രണ്ടുമൂന്നു മിനിട്ട് കഷ്ടിയെടുത്തു 'അടിച്ചുകലക്കി വേഗം സ്നാനം കൊടുത്തു' തിരിച്ചുവന്നു. ഉടൻ കുർബാനയ്ക്ക് ഉടുപ്പിട്ടു കയറിക്കഴിഞ്ഞു. ഇവിടെ എവിടെയാണ് വിശ്വാസം? ആർക്കാണു വിശ്വാസം? എന്തിലാണു വിശ്വാസം? എന്തെങ്കിലും വിശ്വാസമുണ്ടെങ്കിൽ ആ കുഞ്ഞിന്റെ അച്ഛനും അമ്മയ്ക്കും ബന്ധുക്കൾക്കും അണ്ണാണ്ണനും ബന്ധുമിത്രാദികൾക്കും. ഞങ്ങൾ വൈദികർക്ക് യേശുവിലുള്ള വിശ്വാസം വട്ടപൂജ്യം.

ഞാൻ ഇലവുംതിട്ട വികാരിയായിരുന്നപ്പോൾ, എന്താണു യേശുവിലുള്ള വിശ്വാസമെന്ന് എന്നെ പഠിപ്പിച്ചത് അവിടത്തെ 'പുതു'ക്രിസ്ത്യാനികളാണ്. അവർക്കു വിശ്വാസമില്ലെന്നാണ് വയ്പ്. താണജാതിക്കാർ. പല തലമുറകൾ കഴിയണം വിശ്വാസമുറയ്ക്കാൻ. അതുകൊണ്ടുതന്നെ രണ്ടുമൂന്നു തലമുറ കഴിഞ്ഞേ വൈദികരാകാനോ കന്യാസ്ത്രീയാകാനോ സെലക്ഷൻ കിട്ടുകയുള്ളൂ. പക്ഷേ അവരാണ് വിശ്വാസത്തെ സംബന്ധിച്ചു എന്റെ ജീവിക്കുന്ന ഗുരുക്കൾ. ഒരു കഥ പറയട്ടെ. അവിടെ മണ്ണിൽ (അഞ്ചാറു കുടുംബങ്ങൾ താമസിക്കുന്ന കോളനി)ഒരു കുടുംബം. അച്ഛനും അമ്മയും മൂന്ന് ആൺമക്കളും. മൂത്തവൻ ബി. എഡ്. ജയിച്ചു. ഒരു ജോലിക്കുവേണ്ടി കൊല്ലം ബിഷപ്പിനെ സമീപിച്ചു. അദ്ദേഹം മൊഴി ഉരുവിട്ടു: 'ജോലിയില്ല; രണ്ട് എരുമയെ വാങ്ങിത്തരാം.' നിരാശനായി തിരിച്ചുവന്നു. പിന്നെ ദലിതരുടെ മോചകനെന്നു അറിയപ്പെട്ടിരുന്ന ഹാരിയച്ചനും മറ്റു ധാരാളം പേരും കൂടി കുറച്ചു പൈസ സംഭരിച്ചും കുറച്ചു പൈസ കടമെടുത്തും വസ്തു ഈടുവെച്ചും ബാക്കി പൈസ ഉണ്ടാക്കി ഈ ചെറുപ്പക്കാരനെ ഉഗാണ്ടയിലേയ്ക്ക് അയച്ചു. അവിടെ ജോലിചെയ്തുവെങ്കിലും - ഈദി അമീന്റെ ഭീകരകാലം - പൈസയൊന്നും നാട്ടിലേയ്ക്കയക്കാൻ അനുവാദമില്ല. മാസങ്ങൾ കഴിഞ്ഞു. അവൻ നിരാശനായി തിരിച്ചുവന്നു. എല്ലാവരുടേയും പ്രതീക്ഷ നശിച്ചതുപോലെ. കടക്കാർ വല്ലാത്ത ശല്യം. അങ്ങനെ പൊറുതിമുട്ടിനില്ക്കുന്ന ഒരു ദിവസം, വഴിയരികിലൂടെ നടന്നുപോയ ഒരു കൈനോട്ടക്കാരൻ കുടുംബിനിയുടെ അടുത്തുവന്നു കൈ നോക്കി ഭാവി പറയാമെന്നു നിർബന്ധിച്ചു. അവളുടെ മറുപടി ഇതായിരുന്നു 'എനിക്കു ദൈവം മൂന്നു മക്കളെ തന്നിട്ടുണ്ട്. അവർ മൂന്നുപേരും എന്റെ മുമ്പിൽ തലതല്ലി വീണുമരിച്ചാലും നിങ്ങൾ എന്റെ കൈ കാണുകയില്ല. ഞാൻ യേശുവിൽ വിശ്വസിക്കുന്നവളാണ്.' ഈ സ്ത്രീയുടെ വിശ്വാസം എവിടെ? ഞങ്ങൾ വൈദികഗണത്തിന്റെ വിശ്വാസം എവിടെ?

ഇപ്പറഞ്ഞതൊക്കെ ഞാൻ മുഖ്യധാര വൈദിക ശുശ്രൂഷയിൽ ആയിരുന്നപ്പോഴുണ്ടായ അനുഭവങ്ങൾ. കഴിഞ്ഞ 18 വർഷങ്ങളായി ഞാൻ മുഖ്യധാര ശുശ്രൂഷയിലല്ല. എങ്കിലും ഈയിടെ കൊല്ലം രൂപതിലെ രണ്ടു വൈദികരുമായി പങ്കുവെച്ച കാര്യം കൂടി പറയട്ടെ. ഒരു നല്ല വൈദികൻ. ധ്യാനപ്രസംഗകൻ. കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ വക്താക്കളിൽ ഒരാൾ. മാതൃകാവൈദികൻ. യദൃച്ഛികമായിട്ടാണ് കണ്ടത്. ഞാൻ എന്തെങ്കിലുമൊന്നു സംസാരിക്കാൻ വേണ്ടി എങ്ങനെയുണ്ട് ജീവിതവും പ്രവർത്തനങ്ങളും? എന്നു ചോദിച്ചു. മറുപടി തീർത്തും അപ്രതീക്ഷിതം. എല്ലാവരും കള്ളന്മാർ. വൈദികസംഘത്തിന്റെ ഇരട്ടമുഖം കണ്ടു മടുത്തു. വിശ്വാസവഞ്ചന അവരുടെ തൊഴിലാണ്.... ഇങ്ങനെ അദ്ദേഹം പൊട്ടിത്തെറിച്ചു. വല്ലാത്ത വെട്ടിലായതുപോലെ എനിക്കു തോന്നി. ഞാൻ മുഖ്യധാരയിലല്ലല്ലോ എന്നും മറ്റും പറഞ്ഞുനോക്കി. പിന്നെ ഒരുകാര്യം ചെയ്തു. അദ്ദേഹത്തിന്റെ കൂടെ അദ്ദേഹത്തിന്റെ മേടയിൽ പോയി. അദ്ദേഹത്തിനു പറയാനുള്ളതൊക്കെ സാവകാശം കേട്ടു. അവസാനം പോകാൻ നേരത്ത് അദ്ദേഹം ഇങ്ങനെ പറഞ്ഞു: താനുമായുള്ള ഹൃദയം തുറന്ന സംഭാഷണം - ഏതോ ഭാരം കുറഞ്ഞതുപോലെ. ഇനിയും വല്ലപ്പോഴും വരണേ. അതെ, ഇരട്ടമുഖത്തിന്റെ ദുഷ്ട് എന്നാണു നാം മനസ്സിലാക്കുക; ഒരല്പം ആത്മാർത്ഥ ഹൃദയത്തിന്റെ സൗന്ദര്യവും.

മറ്റൊരു വൈദികൻ. മിടുക്കൻ. സമർത്ഥൻ. പല വൻ പുള്ളികളും പ്ലാനിട്ടു പരാജയപ്പെട്ട പള്ളികെട്ടു സ്തുത്യർഹമാംവിധം പൂർത്തിയാക്കിയ കാര്യശേഷിയുള്ളവൻ. എല്ലാവരേയും ഒന്നിച്ചുകൊണ്ടുപോകാൻ ത്രാണിയുള്ള തന്ത്രജ്ഞൻ. പൊതുവേ ശാന്തശീലൻ. അങ്ങനെ എല്ലാംകൊണ്ടും മാതൃകാവികാരി. ഒരു ദിവസം രാത്രി അദ്ദേഹത്തോടൊപ്പം എനിക്കു കഴിയേണ്ടിവന്നു. വൈദികജീവിതമായി ഞങ്ങളുടെ ചർച്ചാവിഷയം. ഒത്തിരിയേറെ കാര്യങ്ങൾ ഞങ്ങൾ പരസ്പരം പങ്കുവെച്ചു. പലതും വളരെ വ്യക്തിപരമായ കാര്യങ്ങളും. ഏതാണ്ടു കണ്ണിൽ ഉറക്കം പിടിക്കാറായി. ഞാൻ അദ്ദേഹത്തോടു ചോദിച്ചു: 'താൻ തൃപ്തനാണോ?' 'ഇല്ലച്ചാ മടുത്തച്ചാ, മടുത്തു.' ഇത്രമാത്രം നന്മ ചെയ്തു നീങ്ങുന്നവനെന്നു ലോകം വിധിക്കുമ്പോൾ, വ്യക്തിഗതമായി അവൻ ഏറ്റുപറയുന്നു 'മടുത്തു' എന്ന്. എന്റെ മനസ്സിൽ പല പല ചോദ്യങ്ങളും ഉയർന്നുവന്നു. എന്റെ ഇപ്പോഴത്തെ അവസ്ഥയെ അദ്ദേഹത്തിനു അറിയാവുന്ന രീതിയിൽ വിലയിരുത്തിയിട്ട്, ഇങ്ങനെയൊക്കെ പോയാൽ താൻ തൃപ്തനോ എന്നു എന്നോടുചോദിച്ചു. എന്റെ മറുപടി: 'തീർച്ചയായും, ഞാൻ തൃപ്തനാണ്.' അദ്ദേഹത്തിന് അതു വിശ്വസിക്കാൻ സാധിച്ചില്ല. കാപട്യത്തിന്റെ മുഖം എത്ര വിരൂപം, നികൃഷ്ടം; സുതാര്യതയുടെ മുഖമോ എത്ര മനോഹരം.

# 35

## ഇടവകയിൽ ഒരു പാർലമെന്ററി പരീക്ഷണം

**പടപ്പക്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി (PSSS)**

കൊല്ലം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പടപ്പക്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി (PSSS) പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഞാൻ വന്നപ്പോൾ അതു തീർത്തും നിർജ്ജീവമായിരുന്നു. PSSS നെ സജീവമാക്കി ശക്തിപ്പെടുത്തുക എന്റെ മുഖ്യലക്ഷ്യങ്ങളിൽ ഒന്നായി. ഇതു തീർത്തും ഒരു രാഷ്ട്രീയപ്രക്രിയയിലൂടെത്തന്നെയാകണമെന്നു എനിക്കു നിർബന്ധമുണ്ടായിരുന്നു. അംഗത്വം, സ്ഥാനാർത്ഥിനിർണ്ണയം, തിരഞ്ഞെടുപ്പു പ്രചാരണം, രഹസ്യബാലറ്റിലൂടെ വോട്ടിംഗ്, റിട്ടേണിംഗ് ഓഫീസർ - അങ്ങനെ തികച്ചും ഒരു ജനാധിപത്യ പ്രക്രിയയിലൂടെയാണ് പ്രവർത്തനമേഖലയിലേയ്ക്കു കടന്നത്. അതുപോലെതന്നെ ശക്തമായൊരു പ്രതിപക്ഷവുമുണ്ടായിരുന്നു. ഇങ്ങനെ കൊല്ലം രൂപതയിൽ ഏറ്റവും കൂടുതൽ വീടുകളുടെ നിർമ്മാണം, ഏറ്റവും കൂടുതൽ 'സേവ്-എ-ഫാമിലി' പ്രോഗ്രാമിന്റെ ഗുണഭോക്താക്കൾ, മറ്റു വിവിധങ്ങളായ സാമൂഹ്യപ്രവർത്തനങ്ങൾ എല്ലാം സുതാര്യതയോടും കാര്യക്ഷമതയോടും നടന്നു.

ഇവയെല്ലാം കാണിച്ചുകൊണ്ടു മറ്റൊരു ചെറുപുസ്തകം തന്നെ പ്രസിദ്ധീകരിച്ചിട്ടുള്ളതുകൊണ്ടു ഇവിടെ അതു വിസ്തരിക്കുന്നില്ല.

ഒരു കാര്യം മാത്രം. പടപ്പക്കരയിൽ സജീവമായി നടന്ന സാമൂഹ്യക്ഷേമപ്രവർത്തനം ഒരു രാഷ്ട്രീയവിദ്യാഭ്യാസമായിരുന്നു, ഒരു രാഷ്ട്രീയ പ്രക്രിയതന്നെയായിരുന്നു.

**ജനാധിപത്യ പ്രക്രിയയിലൂടെ ഒരു ഇടവകക്കമ്മിറ്റിയോ?**

വീടു സന്ദർശനം കഴിഞ്ഞു, PSSS ന്റെ ശാക്തീകരണത്തോടൊപ്പം നടന്നത്, പടപ്പക്കര മുഴുവൻ 4 വാർഡുകളായി തിരിച്ചിട്ട്, ഓരോ വാർഡിനേയും 5 കുടുംബ യൂണിറ്റുകളായി തിരിക്കുകയായിരുന്നു. അങ്ങനെ ആകെ 20 യൂണിറ്റുകൾ. ഈ യൂണിറ്റുകൾ ആഴ്ചതോറും കൂടും. ബൈബിൾ വായിക്കും, ജീവിതപ്രശ്നങ്ങളെ പുരസ്കരിച്ചു വിശകലനം ചെയ്യാൻ ശ്രമിക്കും.

ഓരോ യൂണിറ്റിനും പ്രസിഡന്റിനെയും സെക്രട്ടറിയെയും ട്രഷററെയും തിര ഞ്ഞെടുത്തു. വികാരിയച്ചനും ഈ ഭാരവാഹികളും കൂടുന്നതാണ് (20 X 3 + 1 = 61) ഇടവക കോൺഫറൻസ്. 20 പ്രസിഡന്റുമാരും വികാരിയച്ചനും കൂടി യുള്ളത് (20 + 1 = 21) ഇടവകകമ്മിറ്റി. ഇതായിരുന്നു പ്രവർത്തനശൈലി. ഏതാണ്ടു മൂന്നു കിലോമീറ്റർ നീണ്ടുകിടക്കുന്ന പടപ്പക്കരയുടെ എല്ലാ സ്ഥല ത്തുനിന്നും കമ്മിറ്റിയിലും കോൺഫറൻസിലും പങ്കാളിത്തം ഉറപ്പുവരുത്തു മായിരുന്നു ഈ രീതി. ഓരോ യൂണിറ്റിലെ തെരഞ്ഞെടുപ്പും സജീവമായിരു ന്നു. അങ്ങനെ ഇതിനൊരു രാഷ്ട്രീയമുഖം കൂടിയുണ്ടായിരുന്നു. ഇങ്ങനെ തെരഞ്ഞെടുത്ത ഇടവക കമ്മിറ്റിയെ അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ടു ബിഷപ്പിനെ സമീപിച്ചപ്പോൾ, മൂന്നു ഞായറാഴ്ച പള്ളിയിൽ വിളി ച്ചുപറഞ്ഞിട്ടു, കൂടുന്ന ആളുകളിൽ നിന്നു തിരഞ്ഞെടുക്കുന്ന കമ്മിറ്റിയേ അംഗീകരിക്കൂ എന്നറിയിച്ചു. എല്ലാ രീതിയിലും പ്രാതിനിധ്യജനാധിപത്യ പ്രക്രി യയിലൂടെ ഉറപ്പുവരുത്തിയ കമ്മിറ്റിയെ അംഗീകരിച്ചില്ല. ഇതു വിചിത്രമല്ലേ?

വിരോധാഭാസം എന്നു പറയട്ടെ, ഇന്ന് മേൽവിവരിച്ച പ്രക്രിയയിലൂടെ മാത്രമേ കമ്മിറ്റിയെ തിരഞ്ഞെടുക്കാവൂ എന്നു രൂപതയിൽ നിയമമുണ്ടെന്നാണു കേൾവി. കേരളാ കത്തോലിക്കാ ബിഷപ്സ് കോൺഫ്രൻസും ഈ രീതി നട പ്പിലാക്കിയെന്നാണ് മനസ്സിലാകുന്നത്.

## നെഞ്ചിനു നേരേ ഉയർന്ന കഠാര

കൊല്ലം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പടപ്പക്കര കുറേയേറെ സാമൂഹ്യസേവന പ്രവൃത്തികൾ ചെയ്തിട്ടുണ്ടെന്നു സൂചിപ്പിച്ചല്ലോ. ഇവയിലുള്ള ഒരു പദ്ധതിയാണ് 'സേവ് എ ഫാമിലി പ്രോഗ്രാം.' പദ്ധതിയുടെ ചുരുക്കമിതാണ്. വിദേശത്തുള്ള ചില കുടുംബങ്ങൾ നമ്മുടെ നാട്ടിലുള്ള (മൂന്നാം ലോകരാഷ്ട്രങ്ങളിലുള്ള) കുടുംബങ്ങളെ ഏതാണ്ടു ദത്തെ ടുക്കുന്നതു പോലെ നേരിട്ടു ചെറിയ രീതിയിൽ അവരുടെ കുട്ടികളുടെ വിദ്യാ ഭ്യാസം, വീടുപണി, പശുവളർത്തൽ, രോഗികളുടെ ശുശ്രൂഷ മുതലായ വിവിധ രംഗങ്ങളിൽ സഹായിക്കുക. വീടുവീടാന്തരമുള്ള ഇടപെടലിന് പ്രാമുഖ്യം നല്കി ക്കൊണ്ടാണിതിനു രൂപംനല്കിയത്. പടപ്പക്കര ഏതാണ്ട് 100 കുടുംബങ്ങൾക്ക് ഈ പരിപാടി പ്രയോജനകരമാകുമെന്നു QSSS അറിയിച്ചു. അതിലേയ്ക്കു അപേക്ഷകൾ ക്ഷണിച്ചുകൊണ്ടു പള്ളിയിൽ അറിയിച്ചു; ധാരാളം അപേക്ഷ കൾ കിട്ടി. അവയിൽ ഏറ്റം അർഹരെന്നു കമ്മിറ്റി വിലയിരുത്തിയവരുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി QSSS ഓഫീസിലേയ്ക്കു അയച്ചുകൊടുക്കുകയും ചെയ്തു.

അങ്ങനെയിരിക്കെ ഒരു ദിവസം ഏതാണ്ടു ഉച്ചയ്ക്ക് പന്ത്രണ്ടര മണി യോടെ പടപ്പക്കരയിലെ ഒരു ഇടത്തരം കുടുംബത്തിലെ ഒരു സ്ത്രീ (വിധവ)

മേടയിൽ കയറിവന്നു. അവരെ എന്തുകൊണ്ടു സേവ് എ ഫാമിലി സ്കീമിൽ ചേർത്തില്ല എന്നു ചോദിച്ചുകൊണ്ട് വളരെ ചൂടായി സംസാരിച്ചു. ആകെ 100 കുടുംബങ്ങൾക്കേ ഈ ആനുകൂല്യമുള്ളുവെന്നും, അതിൽ സ്ഥലത്തെ അപേക്ഷകരിൽ തീർത്തും പാവപ്പെട്ടവർക്കാണു മുൻഗണന നല്കിയതെന്നും അങ്ങനെയുള്ള ലിസ്റ്റ് കമ്മിറ്റിക്കാരുടെ സൂക്ഷ്മപരിശോധനയുടെ അടിസ്ഥാനത്തിൽ ക്രമപ്പെടുത്തി കൊല്ലത്തു QSSS ന്റെ ഓഫീസിൽ അയച്ചുകൊടുത്തുവെന്നും മറ്റുമുള്ള വിവരങ്ങൾ അവരെ അറിയിച്ചു. അവർക്ക് എന്റെ മറുപടിയിൽ തൃപ്തി വന്നില്ല. അവർ പിന്നെയും ചൂടായി സംസാരിച്ചു. ഇവിടെ നടക്കുന്നതു നീതിയല്ലെന്നും അവരെ തീർച്ചയായിട്ടും ഈ സ്കീമിൽ ചേർത്തേ പറ്റൂ എന്നും പറഞ്ഞുകൊണ്ട് അവരുടെ ബ്ലൗസിനടിയിൽ മാറോടു ചേർത്ത് ഒളിച്ചുവച്ചിരുന്ന കഠാര ഊരിയെടുത്തു കുത്താൻ കൈയുയർത്തി. അതിനോടു എന്റെ പ്രതികരണം ഏതാണ്ടു ഇതുപോലെയായിരുന്നു. സഹോദരീ, ആ തുറുപ്പുചീട്ട് അങ്ങു വച്ചേക്കൂ. ഞാനും ഈ സ്ഥലത്തുതന്നെ ജനിച്ചു വളർന്നവനാണ്. ഈ ചോരത്തിളപ്പും ചൂടുമൊക്കെ എനിക്കുമുണ്ട്. കഠാരയങ്ങു മടക്കിവച്ചിട്ട് തിരികെപ്പോവുക. ഈ സ്കീമിൽ താങ്കളെ ചേർക്കുന്ന പ്രശ്നമേ ഉദിക്കുന്നില്ല. എന്തൊക്കെയോ പറഞ്ഞിട്ട് അവർ തിരികെപ്പോയി. ഉച്ചയ്ക്കു 12 മണിക്കു ത്രികാലജപത്തിനു വേണ്ടിയുള്ള മണിയടിക്കാൻ വന്നിരുന്ന കണക്കൻ ഇതെല്ലാം കണ്ടും കേട്ടും അടുത്ത മുറിയിലുണ്ടായിരുന്നു.

ഏറ്റം രസകരമായ കഥ. ആ സ്ത്രീ പള്ളിമേടയിൽ നിന്നിറങ്ങി തിരികെപ്പോയ വഴിക്കു കടകളും ചന്തയും മറ്റു കച്ചവടസ്ഥാപനങ്ങളും ബസ്സ്റ്റോപ്പും ഒക്കെ ഉണ്ടായിരുന്നു. അവർ റോഡിലിറങ്ങിയിട്ട് ഏതാണ്ടിങ്ങനെ പറഞ്ഞെന്നു പലരും എന്നോടു പറഞ്ഞു: ഞാൻ പള്ളിമേടയിൽ കാര്യങ്ങൾ സംസാരിക്കാൻ ചെന്നപ്പോൾ, ആ പാതിരി എന്നെ കേറിപ്പിടിച്ചു ചുംബിക്കാൻ വന്നു. ദുഷ്ടൻ. ഞാൻ തെറിയും പറഞ്ഞു ഇറങ്ങിപ്പോന്നു.

അവിവാഹിതരായ വ്യക്തികളെ, വിധവകളെ, പുരോഹിതരെ ഒക്കെ നിശബ്ദരാക്കാവുന്ന ഒരു മേഖലയാണല്ലോ ലൈംഗികത. ഓരോരുത്തർക്കും ഒരു മനഃസാക്ഷിയുണ്ട്. ആ മനഃസാക്ഷിയോടുള്ള വിശ്വസ്തതയാണ് അടിസ്ഥാനപരമായ നമ്മുടെ ധാർമ്മികതയും വലിപ്പവും എന്നൊക്കെ അറിയാമെങ്കിലും, മറ്റുള്ളവർ എന്തുപറയും എന്ന ചിന്ത നമ്മെ പൊതുവേ അലട്ടാറുണ്ട്. ഇതിനെ അതിജീവിക്കേണ്ടത് ഉത്തരവാദിത്വമുള്ള ഓരോ വ്യക്തിയുടെയും ധർമ്മമാണ്. എനിക്കും ആദ്യമൊരങ്കലാപ്പുണ്ടായി. പക്ഷേ എന്റെ മനഃസാക്ഷിയുടെ നേരും കണക്കൻ ഇവയെല്ലാം കണ്ടും കേട്ടും നിന്ന വസ്തുതയും പ്രശ്നം രൂക്ഷമാക്കിയില്ല. അവരെ പിന്നെ ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്; ഒന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ അവർ നടന്നു നീങ്ങുമായിരുന്നു, ഞാനും.

# 36

## ബൈബിൾ : മാറ്റപ്രക്രിയയ്ക്കു പ്രേരകശക്തി

**ബൈബിൾ വിതരണവും പഠനവും**

ബിഷപ് പൗലോസ് മാർ പൗലോസിന്റെ അഭിപ്രായത്തിൽ ദൈവത്തിനു മനുഷ്യരോടുള്ള കരുതലിന്റെ ചരിത്രമാണ് ബൈബിൾ. അതായത് എഴുതപ്പെട്ട വേദപുസ്തകത്തിന്റെ പൂർത്തീകരണം സാധ്യമാകുന്നത് ഈ കാലഘട്ടത്തിൽ മനുഷ്യജീവിതവുമായി ബന്ധപ്പെടുത്തി വചനം/ബൈബിൾ പ്രവർത്തിക്കുമ്പോഴാണ്.

ചരിത്രത്തിൽ നീതിക്കുവേണ്ടിയുള്ള മനുഷ്യന്റെ ആത്മദാഹം സാക്ഷാത്ക്കരിച്ചു നിർവൃതിദായകമാകുന്നത് നിരന്തരമായ പോരാട്ടങ്ങളിലൂടെയാണെന്നു ബൈബിൾ സാക്ഷ്യപ്പെടുത്തുന്നു. മാത്രമല്ല, ഈ പോരാട്ടങ്ങൾക്കു ബൈബിൾ ശക്തി പകരുകയും ചെയ്യുന്നു. ലത്തീൻ അമേരിക്കയിലെ കർദ്ദിനാളായ ഏണസ്റ്റോ പറയുന്നു: ഞങ്ങളെ രാഷ്ട്രീയമായി ഏറ്റവുമധികം തീവ്രവാദികളാക്കിയത് സുവിശേഷങ്ങൾ തന്നെയാണ്. ചരിത്രത്തിൽ നിരന്തരമായി ഇടപെടുന്ന ദൈവത്തിന്റെ പ്രവാചകശബ്ദമായി ബൈബിൾ അന്നും ഇന്നും നിലകൊള്ളുന്നു. അതുകൊണ്ടുതന്നെ കാലികമായി ബൈബിൾ സന്ദേശം ജനമദ്ധ്യത്തിൽ എത്തിക്കുകയെന്ന ശ്രദ്ധേയവും അതിവിശിഷ്ടവുമായ ദൗത്യത്തിൽ ഏർപ്പെടുക എന്നത് ഏതൊരു യേശുവിശ്വാസിയുടെയും കടമയാണ്.

ഇതിന്റെ ആദ്യപടിയെന്ന നിലയിൽ ഒരു വീട്ടിൽ ഒരു ബൈബിൾ എന്ന പദ്ധതിക്കു രൂപംകൊടുത്തു. 20 രൂപ വില. 50% (10 രൂപ) സബ്സിഡി; 50% തന്ന് ഓരോ വ്യക്തിയും എടുക്കണം. മുഴുവൻ തുകയും തരാൻ പറ്റുന്നവർ മുഴുവൻ തരണം. അങ്ങനെ കിട്ടുന്ന പൈസയുപയോഗിച്ച് 50% എടുക്കാൻ പറ്റാത്തവർക്ക് അതിലും കുറച്ചോ സൗജന്യമായോ നല്കണം. ഈ സ്കീമിനോടു താല്പര്യമുള്ള എല്ലാവരും പേരു നല്കണം. ഒരു നിശ്ചിത ദിവസമായിരിക്കും ബൈബിൾ വിതരണം. പരിപാടി താല്പര്യപൂർവ്വം വളരെ ധൃതിയിൽത്തന്നെ നടന്നു. രണ്ടാഴ്ച കൊണ്ട് 400-ൽപ്പരം കുടുംബങ്ങൾ പേരു രജിസ്റ്റർ ചെയ്തു. അടുത്ത ആഴ്ചയിൽ ആഘോഷമായി ബൈബിൾ വിതരണം നടത്താമെന്നു വിചാരിച്ചു. ബൈബിൾ വാങ്ങിയത് പാലായിൽ ഓശാന

മാസികയും ക്രിസ്ത്യൻ സ്റ്റഡിസെന്ററും നടത്തുന്ന ശ്രീ ജോസഫ് പുലിക്കുന്നേലിൽ നിന്നായിരുന്നു. അദ്ദേഹം 50% സബ്സിഡിക്ക് 1000 ബൈബിൾ പടപ്പക്കരയിൽ എത്തിച്ചുകഴിഞ്ഞു. കൊല്ലം രൂപതയിലെ വികാരി ജനറൽ മൊൺ. അഗസ്റ്റിൻ റോസാരിയൊയെ ബൈബിൾ വിതരണത്തിനു ക്ഷണിക്കാമെന്നു കമ്മിറ്റി തീരുമാനിച്ചു. അങ്ങനെ ഒരു ഞായറാഴ്ചത്തെ പൂജയ്ക്കും അതു കഴിഞ്ഞു ബൈബിൾ വിതരണത്തിനും അദ്ദേഹത്തെ ക്ഷണിച്ചു. അദ്ദേഹം വന്നു കുർബാന ആരംഭിച്ചു. ആമുഖമായി എങ്ങനെ ബൈബിളിനു ശക്തമായ മാറ്റപ്രക്രിയയിൽ ഇടപെടുന്ന തീവ്രവാദികളാക്കാം നമ്മെയെന്നു അനുഭവങ്ങൾ നിരത്തി ഞാൻ വിശദീകരിച്ചു. അതുകൊണ്ടു ബൈബിളിനെ പരിചയപ്പെടുക അനിവാര്യമായ കടമയാണെന്നും വ്യക്തമാക്കി. മൊൺ. റൊസാരിയൊ ഇതു ഏറ്റുപിടിച്ചിട്ടു ബൈബിൾ ശരിക്കും പഠിക്കണമെന്ന ആഹ്വാനത്തോടെ കുർബാന കഴിഞ്ഞ ചടങ്ങിൽ വച്ച് എല്ലാവർക്കും ബൈബിൾ വിതരണം ചെയ്തു. സംതൃപ്തി നിറഞ്ഞ ഒരു ദിവസമായിരുന്നു അത്.

അടുത്തപടിയായി മൊൺ. റോസാരിയൊ പറഞ്ഞ കാര്യം ഉദ്ധരിച്ചുകൊണ്ടു ബൈബിൾ പഠനത്തിനും ബൈബിൾ ക്ലാസ്സുകൾക്കും മുൻതൂക്കം നല്കിക്കൊണ്ടു വിപുലമായ പ്രവർത്തനപരിപാടിക്കു രൂപംനല്കി. അങ്ങനെ ബൈബിളിനെ ഇടവകക്കാർക്കു എല്ലാവർക്കും പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ, പ്രശസ്ത ദൈവശാസ്ത്രപണ്ഡിതനായ ഫാ. സാമുവൽരായൻ എസ്. ജെ. യെ ഒരാഴ്ച നീണ്ടുനില്ക്കുന്ന ക്ലാസ്സുകൾക്കു വേണ്ടി കൊണ്ടുവന്നു. എന്നും രാവിലെയും വൈകിട്ടും കുർബാനയോടുകൂടിയായിരുന്നു ബൈബിൾ പഠനം. നല്ല പ്രതികരണങ്ങളുണ്ടായി. ചോദ്യങ്ങളും സംവാദങ്ങളും നടന്നു. ആ ഒരാഴ്ച എല്ലാംകൊണ്ടും ബൈബിൾമയ ദിനങ്ങളായിരുന്നു. തുടർന്നു എല്ലാ ശനിയാഴ്ചയും ഞായറാഴ്ചയും അരമണിക്കൂർ സമയം സാമുവലച്ചന്റെ ചുവടുപിടിച്ച്, അതിന്റെ തുടർച്ചയായി ഞാൻ ക്ലാസ്സെടുത്തു.

മൂന്നു മാസങ്ങൾ കഴിഞ്ഞപ്പോൾ തലശ്ശേരി രൂപതയുടെ സന്ദേശനിലയം ഡയറക്ടറും ബൈബിളിൽ ഡോക്ടറേറ്റ് എടുത്ത ബൈബിൾ പണ്ഡിതനും ബൈബിളിനെ അധികരിച്ചു ധാരാളം പുസ്തകങ്ങളുടെ കർത്താവുമായ ഡോ. (ഫാ.) മൈക്കൽ കാരിമറ്റത്തെയാണ് കൊണ്ടുവന്നത്. അദ്ദേഹത്തിന്റെ ക്ലാസ്സ് ലളിതവും വിജ്ഞാനപ്രദവും ചരിത്രപരവുമായിരുന്നു. പഴയനിയമത്തോടു നല്ലൊരു ആഭിമുഖ്യം വരുത്താൻ അദ്ദേഹത്തിന്റെ ശാസ്ത്രീയവും ചരിത്രപരവുമായ ബൈബിൾ പഠനസമീപനം സഹായകമായി.

തുടർന്നു കൊണ്ടുവന്നതു ഫാ. സെബാസ്റ്റ്യൻ കാപ്പൻ എസ്. ജെ. യെ ആണ്. ഫാ. സാമവൽരായന്റെ അടിസ്ഥാന പരിചയപ്പെടുത്തലിലും ഫാ. കാരിമറ്റത്തിന്റെ ചരിത്രപരമായ സമീപനത്തിലും നിന്ന് ഒരു പടി കൂടി മുന്നോട്ടായിരുന്നു കാപ്പനച്ചന്റെ പഠനപരിപാടി നീങ്ങിയത്. ഇന്നത്തെ സാമൂഹ്യപ്രശ്ന

ങ്ങളുമായി ബന്ധിപ്പിച്ച് എങ്ങനെ ബൈബിൾ മാറ്റത്തിന്റെ സ്വരമായി, സാമൂഹ്യപരിവർത്തനത്തിന്റെ ശംഖനാദമായി മാറുന്നു എന്ന് അദ്ദേഹം വ്യക്തമാക്കി. മറ്റു പലരെയും വല്ലപ്പോഴുമൊക്കെ കൊണ്ടുവന്നു ക്ലാസ്സ് എടുപ്പിച്ചിട്ടുണ്ട്. ഇടവകജനം പല ഗ്രൂപ്പുകളായി നിരന്തര പഠനവും ചർച്ചയും നടത്തിപ്പോന്നു. അതിന്റെ ഫലമായി ചെറിയ രീതിയിലെങ്കിലും ഇടവകയിലും സമൂഹത്തിലും ആളുകൾ പ്രതികരിക്കാൻ തുടങ്ങി. അങ്ങനെയാണ് പടപ്പക്കരയിലെ യുവജനങ്ങൾ പെരുകിവരുന്ന കുരിശടിഭ്രമത്തിനെതിരെ സ്വരമുയർത്തി രംഗത്തുവന്നത്. അങ്ങനെ പലതും. ബൈബിൾ പരിചയം ജനത്തെ നിശ്ചലരാക്കിയില്ല; അവരെ കർമ്മോത്സുകരാക്കി മാറ്റപ്രക്രിയയിൽ സജീവമായി ബന്ധപ്പെടുത്തി.

### കുരിശടിക്കൃഷിയ്ക്കെതിരെ

ഇസ്രായേലിനെ നയിക്കാൻ തുടങ്ങിയതു മുതൽ ഇന്നു വരെ ഞാൻ ആലയത്തിൽ വസിച്ചിട്ടില്ല; കൂടാരത്തിൽ നിന്നു കൂടാരത്തിലേയ്ക്കും ഒരിടത്തു നിന്നു മറ്റൊരിടത്തേയ്ക്കും ഞാൻ സഞ്ചരിച്ചു. ഇസ്രായേലിനോടുകൂടെ സഞ്ചരിക്കുമ്പോൾ എപ്പോഴെങ്കിലും എന്റെ ജനത്തെ മേയിക്കാൻ നിയോഗിച്ച ഇസ്രായേൽ ന്യായാധിപന്മാരിൽ ആരോടെങ്കിലും എനിക്കു ദേവദാരു കൊണ്ട് ആലയം പണിയിക്കാത്തതെന്തുകൊണ്ട് എന്നു ഞാൻ ചോദിച്ചിട്ടുണ്ടോ? (1 ദിനവൃത്താന്തം 17: 5-6)

പടപ്പക്കരയിൽ ഞാൻ ചാർജ്ജെടുത്തപ്പോൾ, പടപ്പക്കരപള്ളിയുടെ അധീനതയിൽ കിഴക്ക് രണ്ടു കുരിശടികളും പടിഞ്ഞാറ് ഒരു കുരിശടിയും സജീവമായി പ്രവർത്തിച്ചിരുന്നു. പടിഞ്ഞാറ് മറ്റൊന്നിന്റെ പണി മിക്കവാറും പൂർത്തീകരിച്ചിരുന്നു. ഇടവകയിലെ വീടുകൾ സന്ദർശിക്കുന്നതിനിടെ, ഇടവകയുടെ പൊതു ആവശ്യങ്ങൾ എന്താണെന്നുള്ള അന്വേഷണത്തിൽ, ഒരു മുഖ്യ ആവശ്യമായി ഓരോ ഭാഗത്തുള്ളവരും ഉന്നയിച്ചത് ഓരോ കുരിശടിയാണ്. അതിനുവേണ്ട അനുവാദം ബിഷപ്പിൽ നിന്നു വാങ്ങിയാൽ, കുരിശടി പണിയുന്നതിനു വേണ്ട സ്ഥലം, പണം മുതലായവ അവർ തന്നെ ഉണ്ടാക്കിക്കൊള്ളാം എന്നു സമ്മതിക്കുകയും ചെയ്തു. പടപ്പക്കരയുടെ ഭൂമിശാസ്ത്രപരമായ കിടപ്പനുസരിച്ചു അഷ്ടമുടിക്കായലിന്റെ ഒരു മുടിയാണ് ഈ പടപ്പക്കര ഭാഗം. ഇതിനു പത്തുപതിനഞ്ചു ചെറിയ മുടികളുണ്ടുതാനും. അവിടെയൊക്കെ ഓരോ കുരിശടി വേണമെന്നാണ് ഇവർ ആവശ്യപ്പെട്ടത്. കുരിശടി കൊണ്ടു രണ്ടു ഗുണങ്ങളുണ്ടെന്നാണ് അവർ പറയുന്നത് - ഒന്ന്, ആ ചെറിയ മുടിയിലെ കുടുംബക്കാർ ഒത്തുവന്നു പ്രാർത്ഥിക്കാൻ സാധിക്കുന്ന സ്ഥലം; രണ്ട്, നേർച്ചകാഴ്ചകളിലൂടെ പള്ളിക്കു വരുമാനം കൂടും.

കുരിശടി പണിയാനുള്ള ജനത്തിന്റെ വ്യഗ്രതയെ വിലയിരുത്താനും വിശ

കലനം ചെയ്യാനും ഞാൻ ശ്രമിച്ചു. പല ചർച്ചകൾ നടത്തി. കുരിശടികൾ നമ്മുടെ എന്തുമാത്രം പണം അപഹരിക്കുന്നു; നിർജ്ജീവവും അർത്ഥശൂന്യവും അന്ധ വിശ്വാസ ജടിലവുമായ ആചാരാനുഷ്ഠാനങ്ങൾക്ക് മൂകസാക്ഷിയായി നില്കു കയല്ലോ കുരിശടികൾ. എന്നിട്ടു വീണ്ടും ഇടവകയിൽ തെക്കും വടക്കും കിഴക്കും കിഴക്കുവടക്കും വടക്കുപടിഞ്ഞാറും എന്നും മറ്റും വിശേഷിപ്പിച്ച് ഇടവക വിഭ ജിക്കപ്പെടാൻ കളമൊരുക്കുന്നു. ചെറിയ ചെറിയ സബ്സ്ഥാപനങ്ങളുടെ സൃഷ്ടി യിലൂടെ ഇന്നുള്ള സ്ഥാപനവല്ക്കരണം കൂടുതൽ ശക്തിപ്രാപിക്കുന്നു. എല്ലാ റ്റിനുമുപരി, മനുഷ്യന്റെ നീറുന്ന അനുദിന പ്രശ്നങ്ങളിൽ ശ്രദ്ധ ചെലുത്താ തെ, ഭക്താനുഷ്ഠാനങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചു നീങ്ങാൻ പ്രേരകശ ക്തിയായി ഈ കുരിശടികൾ മാറുന്നു. ഇങ്ങനെയുള്ള പല സംവാദങ്ങളും കൂട്ടായ ചർച്ചകളും നടന്നു. ഇവയ്ക്കൊക്കെ നേതൃത്വം നല്കുമ്പോൾ, ഞാൻതന്നെ മുൻകയ്യെടുത്തു ഇലവുംതിട്ടയിൽ പത്തു പന്ത്രണ്ടു വർഷങ്ങൾക്കു മുമ്പ് പണിത കുരിശടി എന്റെ മുമ്പിൽ ചോദ്യചിഹ്നമായി നില്ക്കുന്നുണ്ടായി രുന്നു. ഈ ചർച്ചയിൽ ജനം പങ്കെടുത്തെങ്കിലും എല്ലാവരും ഈ ആശയം ഉൾക്കൊള്ളാൻ തയ്യാറായില്ല. പക്ഷേ പടപ്പക്കരയിലെ യുവജനങ്ങളിൽ നല്ലൊരു ഭാഗം ഇങ്ങനെ കുരിശടി സ്ഥാപിക്കുന്ന ശൈലിയെ എതിർത്തു. പരസ്യമാ യിത്തന്നെ ഇങ്ങനെയുള്ള സംരംഭങ്ങളെ നിരുത്സാഹപ്പെടുത്തി. ഈ കുരിശ ടികൃഷിയ്ക്കെതിരെ അവർ പൊതുയോഗം വരെ സംഘടിപ്പിച്ചു. ബൈബിൾ പഠനത്തിലൂടെ ലഭിച്ച ഉൾക്കാഴ്ചയുടെ, അടിസ്ഥാനമാറ്റത്തിന്റെ ഗുണകര മായ ഒരു വശമായി ഇതിനെ ഞാൻ വിലയിരുത്തുന്നു.

### നിരാഹാരസമരം - ആത്മദാനത്തിന്റെ പ്രതീകം

കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സജീവമായി സംഘ ടിപ്പിച്ചുകൊണ്ടിരിക്കുന്ന കാലം. ഞാൻ അതിൽ പൂർണ്ണമായും മുഴുകി, പ്രത്യേ കിച്ചു കൊല്ലം ജില്ലയിലുള്ള പ്രവർത്തനത്തിൽ. എനിക്കു മാത്രമല്ല, സാമാന്യജ നതയ്ക്ക് കൂടി ഈ അവകാശ സംഘടനയുമായി ബന്ധപ്പെട്ടു പോകാൻ ആത്മാർത്ഥമായ ബൈബിൾ പഠനം സഹായകമായി. അടിച്ചമർത്തപ്പെട്ട ജന തയുടെ വിമോചനപ്പോരാട്ടത്തിൽ പങ്കുചേരുകയാണ് യഥാർത്ഥ ക്രൈസ്ത വികത എന്ന ഉത്തമബോധ്യത്തിൽ ഞങ്ങൾ ഈ നീക്കത്തിൽ സജീവമായി സഹകരിച്ചു.

1984 ൽ കേരളത്തെ ആകെ പിടിച്ചുകുലിക്കിയ സുദീർഘവും ചരിത്രപ്ര സിദ്ധവുമായ മത്സ്യത്തൊഴിലാളി സമരം. കോഴിക്കോട്, എറണാകുളം, ആല പ്പുഴ, മാവേലിക്കര, കൊല്ലം, തുരുവനന്തപുരം എന്നീ കേന്ദ്രങ്ങളിലൊക്കെ ഒരേ സമയം സമരം നടന്നു. നേതാക്കൾ നിരാഹാര സത്യഗ്രഹം നടത്തി. ഞാനും 11. 6. 1984 മുതൽ കൊല്ലം കളക്ട്രേറ്റിനു മുമ്പിൽ 11 ദിവസത്തെ നിരാഹാരം

കിടന്നു. സമരപ്പന്തലിൽ നിന്ന് ഈ ധർമ്മസമരത്തിൽ തിരുമേനിയുടെ എല്ലാവിധ ആശംസകളും സഹകരണവും പ്രാർത്ഥനയും അഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരു തുറന്ന കത്ത് കൊല്ലം ബിഷപ്പിനു ഞാനെഴുതിയയച്ചു.

ഞങ്ങൾ അമ്പതിലേറെപ്പേർ പല സ്ഥലങ്ങളിലായി നിരാഹാരം കിടന്നു. ഒരു ഘട്ടത്തിൽ പല സ്ഥലങ്ങളിലെ നിരാഹാരം പിൻവലിച്ചിട്ട് തിരുവനന്തപുരം കേന്ദ്രമാക്കി, മരണംവരെ നിരാഹാരം എന്ന മുദ്രാവാക്യത്തോടെ, സിസ്റ്റർ ഫിലമിൻ മേരി നിരാഹാരം ആരംഭിച്ചു. 28 ദിവസം. മത്സ്യത്തൊഴിലാളികളുടെ അമ്മയായ സിസ്റ്റർ ഫിലമിൻമേരി ഞങ്ങളുടെയെല്ലാം പ്രിയപ്പെട്ട പി. എം. ആയി.

സമരങ്ങളൊക്കെ തീർന്നിട്ടു മത്സ്യത്തൊഴിലാളികളുടെ പോരാട്ടത്തിന്റെ ദൈവശാസ്ത്രാന്വേഷണമെന്ന നിലയിൽ, 1984 ൽ നിരാഹാരം കിടന്ന എല്ലാവരും 5 ദിവസം താമസിച്ചുകൊണ്ടുള്ള ഒരു ക്യാമ്പ് പത്തനംതിട്ട (കോഴഞ്ചേരി) ചരൽക്കുന്നിൽ നടന്നു. ഫാ. സാമുവൽ രായൻ എസ്. ജെ. യാണ് ക്യാമ്പിനു നേതൃത്വം നല്കിയത്. നിരാഹാരത്തിന്റെ അർത്ഥവും നിരാഹാരം കിടന്നപ്പോൾ ഓരോരുത്തർക്കും ഉണ്ടായ ഹൃദയവികാരവും അനുഭൂതിയുമൊക്കെ പങ്കുവെച്ചുകൊണ്ടാണ് ക്യാമ്പ് ആരംഭിച്ചത്. ഏറെ ഉൾക്കാഴ്ചകളും പോരാട്ടങ്ങൾക്ക് ഉൾക്കരുത്തും പകരുന്ന വളരെ വിലപ്പെട്ട വിചിന്തനങ്ങളാണവിടെ നടന്നത്. സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും വിളയാടുന്ന, എല്ലാവർക്കും എപ്പോഴും നീതി ലഭിക്കുന്ന, എല്ലാവർക്കും എല്ലാം പങ്കുവെയ്ക്കപ്പെടുന്ന ഒരു സമൂഹസൃഷ്ടിക്കുവേണ്ടിയുള്ള ആത്മദാനം/ആത്മാർപ്പണമാണ് നമ്മുടെ ജീവിതത്തിൽ നമുക്കു ചെയ്യാവുന്ന ഏറ്റവും ശ്രേഷ്ഠമായ പ്രവൃത്തി. ആ പ്രവർത്തനപ്രക്രിയയുടെ പ്രതീകമാണ് നിരാഹാരസമരം എന്ന കാഴ്ചപ്പാടാണ് അവിടെ തെളിഞ്ഞുവന്നത്.

# 37

# വെളുത്ത കുർബാനയും കറുത്ത കുർബാനയും

**കുർബ്ബാനയിൽ വിവേചനമോ?**

ഞാൻ പടപ്പക്കര വികാരിയായിരിക്കുന്ന കാലയളവിലാണ് റവ. എം. ജെ. ജോസഫ് പത്തനംതിട്ട കുമ്പളാംപൊയ്ക·സി. എസ്. ഐ. പള്ളിവികാരിയായി വന്നത്. കുമ്പളാംപൊയ്ക ഇടവകയിൽ 15% സുറിയാനി ക്രിസത്യാനികളും 85% ദലിത്ക്രിസ്ത്യാനികളുമാണ് ഇടവകക്കാർ. തലമുറകളായി ഈ 15% ജന വിഭാഗമാണ് പള്ളിഭരണം നടത്തിയത്; ഏതു ഇടവകതെരഞ്ഞെടുപ്പിലും അവ രിൽ നിന്നു തന്നെയായിരിക്കും പള്ളിക്കമ്മിറ്റിക്കാർ ഉണ്ടാവുക. റവ. എം. ജെ. ജോസഫ് ചാർജ്ജെടുത്തതിനു ശേഷം ഇതിൽ ഒരു മാറ്റം വരുത്തേണ്ടത് ചരിത്രധർമ്മമാണെന്നു അദ്ദേഹം കണ്ടു. ജനസംഖ്യാനുപാതികമായി കമ്മിറ്റി യിൽ സിറിയൻ ക്രിസ്ത്യാനികളും ദലിത്ക്രിസ്ത്യാനികളും ഉണ്ടാകണമെന്ന് അദ്ദേഹം സമർത്ഥിച്ചു. ഒപ്പം സ്ത്രീകൾക്ക് പ്രാതിനിധ്യവും. അങ്ങനെ കമ്മി റ്റിക്കു രൂപം കൊടുത്തു.

ദലിത്ക്രിസ്ത്യാനികളും സ്ത്രീകളും പള്ളിക്കമ്മിറ്റിയിൽ വരികയോ! പാടി ല്ല. അവർ നിശ്ചയിച്ചു. അടുത്ത ഞായറാഴ്ച കുർബാന കഴിഞ്ഞു പ്രഥമകമ്മി റ്റിയോഗം നടക്കുമെന്നു റവ. എം. ജെ. അറിയിച്ചു. കുർബാന കഴിഞ്ഞു കമ്മിറ്റി മീറ്റിംഗിന്റെ സമയമായി. അവിടെ പ്രശ്നമുണ്ടാക്കണമെന്നും പോലീസിനെ വരുത്തണമെന്നും ക്രമസമാധാനത്തിന്റെ പേരിൽ ദലിതരെ മർദ്ദിക്കണമെന്നും സുറിയാനി ക്രിസ്ത്യാനികൾ നേരത്തേതന്നെ പ്ലാൻ ചെയ്തു. പള്ളിയിൽ വച്ചു യോഗം ആരംഭിച്ചപ്പോൾ അവർ പ്രശ്നമുണ്ടാക്കി. സംസാരവും വാക്കു തർക്കവും ബഹളവുമുണ്ടായി. തൽക്ഷണം അവിടെ പോലീസ് എത്തി. ദലിത് ക്രിസ്ത്യാനികളെ പ്രത്യേകം തിരഞ്ഞു പിടിച്ചു തല്ലി. 27 ദലിത് സ്ത്രീപുരുഷ ന്മാരെയാണ് അവർ തല്ലിച്ചതച്ചത്. റവ. എം. ജെ. പ്രതിഷേധിച്ച് ഇതിന് ഒരു പരിഹാരം ഉണ്ടാകുന്നതു വരെ കുർബാന ഇല്ല എന്നു പറഞ്ഞുകൊണ്ട് പള്ളി യിൽ നിന്നുമിറങ്ങി.

സുറിയാനിക്രിസ്ത്യാനികൾ നേരിട്ടുപോയി ബിഷപ്പിനെ കണ്ടു. അടുത്താ ഴ്ചത്തേയ്ക്കു വേറെ അച്ചനെ അയയ്ക്കാമെന്നു ബിഷപ് സമ്മതിച്ചു. പിറ്റേ

ഞായറാഴ്ച അരമനയിൽ നിന്നു മറ്റൊരച്ചൻ വരികയും പോലീസ് സംരക്ഷണത്തോടെ കുർബാന നടത്തുകയും ചെയ്തു. ദലിത്ക്രൈസ്തവർ കുർബാനയ്ക്കു ചെന്നപ്പോൾ പോലീസും സുറിയാനി ക്രൈസ്തവരും കൂടി അവരെ പള്ളിയിലേയ്ക്കു പ്രവേശിപ്പിച്ചില്ല. സുറിയാനി ക്രിസ്ത്യാനികളെ മാത്രം പള്ളിയിൽ പ്രവേശിപ്പിച്ചു. അങ്ങനെ സുറിയാനി ക്രിസ്ത്യാനികൾക്കു വേണ്ടി മാത്രമുള്ള വെളുത്ത കുർബാന അവിടെ നടന്നു.

ദലിത്ക്രൈസ്തവർ തെരുവിൽ ഒത്തുകൂടാനും കുർബാന അർപ്പിക്കാനും തീരുമാനിച്ചു. ഈ വിവരം ഞാനറിഞ്ഞു. ഈ കുർബാനയിൽ പങ്കാളിയാകാൻ ഞാനും കുമ്പളാംപൊയ്കയിൽ പോയി. അവിടെ തെരുവിൽ എല്ലാവരും കൂടി. റവ. എം. ജെ. യും ഞാനും കുർബാനയ്ക്കു നേതൃത്വം കൊടുത്തു. പാട്ടുകൾ പാടി; വചനപ്രഘോഷണത്തിൽ ദൈവത്തിന്റെ ദരിദ്രപക്ഷവും നീതിക്കു വേണ്ടിയുള്ള പ്രവർത്തനവും ഉയർന്നുനിന്നു.

അപ്പവും വീഞ്ഞും വാഴ്ത്തുന്ന സമയമായപ്പോൾ, റവ. എം. ജെ. യും ഞാനും ജനങ്ങളുടെയൊപ്പം മാറി നിന്നിട്ട്, പോലീസ് തല്ലിച്ചതച്ച - പുതിയൊരു സമൂഹനിർമ്മിതിക്കായി മുറിക്കപ്പെട്ട - ആ 27 സ്ത്രീപുരുഷന്മാരെ ഞങ്ങളുടെ മുമ്പിൽ നിറുത്തി. എന്നിട്ടു സമൂഹം മുഴുവനും അവരുടെ നേരേ കരങ്ങൾ ഉയർത്തിയിട്ടു പറഞ്ഞു: 'ഇതെന്റെ ശരീരം; വാങ്ങി ഭക്ഷിക്കുവിൻ. ഇതെന്റെ രക്തം; പുതിയൊരു മനുഷ്യത്വത്തിനും ദൈവികതയ്ക്കും വേണ്ടി ചിന്തപ്പെട്ട എന്റെ രക്തം; വാങ്ങി കുടിക്കുവിൻ. ആമേൻ.' ഒരുമയുടെയും നീതിക്കുവേണ്ടി പോരാടാനുള്ള നിശ്ചയദാർഢ്യത്തിന്റെയും വികാരങ്ങൾ നിറഞ്ഞു തുളുമ്പുന്ന നിമിഷങ്ങൾ. യേശുവിന്റെ ബലി അർത്ഥപൂർണ്ണമായ സന്ദർഭം. യേശുവിന്റെ ബലിയുടെ സജീവത മുറ്റിനില്ക്കുന്ന അനുഭവം. ഞാൻ അർപ്പിച്ചിട്ടുള്ള ബലികളിൽ എന്നും വൈകാരിക തീവ്രതയോടെ സ്മരിക്കുന്ന ഒരു കുർബാനാനുഭവമായിരുന്നു കുമ്പളാംപൊയ്കയിലെ അപരർക്കായി മുറിക്കപ്പെട്ട കറുത്ത കുർബാന.

കറുത്ത കുർബാനയെപ്പറ്റി പ്രതിപാദിക്കുന്നിടത്ത് ഒരനുഭവകഥ കൂടി കുറിക്കട്ടെ. പുത്തൻപീടിക ഇടവകയിൽ ആദ്യകുർബാന സ്വീകരണത്തിനായുള്ള ഒരുക്കത്തിന്റെ ഭാഗമായി നാലഞ്ചു മാസങ്ങളായി കുട്ടികളെ എല്ലാ ഞായറാഴ്ചയും കുർബാന കഴിഞ്ഞ് കന്യാസ്ത്രീകൾ വേദപാഠം പഠിപ്പിക്കുകയാണ്. ഈ കുട്ടികൾ ദലിത്ക്രൈസ്തവ കുടുംബങ്ങളിലേതാണ്. അവർക്ക് വേദപാഠ പരീക്ഷയ്ക്കു ജയിച്ച സർട്ടിഫിക്കറ്റ് വേണം കുർബാന സ്വീകരിക്കാനുള്ള അനുവാദം കിട്ടാനായിട്ട്. അതുകഴിഞ്ഞ് ഡിസംബർ മാസം ക്രിസ്തുമസ്സിനോടനുബന്ധിച്ച് എല്ലാവർക്കും ഒന്നിച്ച് ആദ്യകുർബാന കൊടുക്കും; ഇതാണ് പതിവ്. അങ്ങനെ ആദ്യകുർബാനയ്ക്കുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇനി രണ്ടാഴ്ചത്തെ പഠനവും അതു കഴിഞ്ഞ് പരീക്ഷയമുണ്ട്. ആ

ഞായറാഴ്ച രണ്ടു സുറിയാനി കത്തോലിക്കാ കുട്ടികൾ ആദ്യകുർബാന യ്ക്കുള്ള പുത്തൻ ഉടുപ്പുകളും ധരിച്ച് അലങ്കരിച്ച തിരിയും പിടിച്ചു കുർബാ നയിൽ പങ്കെടുക്കുകയും അച്ചനവർക്ക് ആദ്യകുർബാന കൊടുക്കുകയും ചെയ്തു. കുർബാന കഴിഞ്ഞ് കന്യാസ്ത്രീകൾ ദലിത്കുട്ടികളെ വേദപാഠത്തിനു വിളിച്ചപ്പോൾ, അവർ പ്രതിഷേധിച്ചു ക്ലാസ്സിനു പോയില്ല. അവർ ചോദിച്ചു: എന്തുകൊണ്ട് മറ്റു കുട്ടികൾക്കു വേദപാഠം പഠിക്കുകയോ, പഠിച്ചു പാസ്സായ തിന്റെ സർട്ടിഫിക്കറ്റോ വേണ്ട? കന്യാസ്ത്രീകൾ പ്രശ്നം ഒതുക്കാൻ ശ്രമിച്ചിട്ടു, കുട്ടികൾ മറുപടി കിട്ടണമെന്നു വാശിപിടിച്ചു. വികാരിയച്ചൻ വന്നു ബന്ധപ്പെ ട്ടു. പ്രശ്നപരിഹാരമായില്ല. സംസാരം മൂത്തപ്പോൾ, പുത്തൻപീടിക ലക്ഷംവീ ട്ടിലെ ശ്രീമതി ശോശാജോർജ്ജ് ശാന്തമായി കുഞ്ഞുങ്ങളോടു പറഞ്ഞു: 'എന്തിനാ മക്കളേ ബഹളമുണ്ടാക്കുന്നത്? ഇന്നത്തേത് വെളുത്ത കുർബാന; നമ്മുടേതു കറുത്ത കുർബാന - അത് ഇനി രണ്ടാഴ്ച കഴിഞ്ഞു വരുന്നതേ യുള്ളു.' ശ്രീമതി ശോശാജോർജ്ജിന്റെ ഉൾക്കാമ്പു നിറഞ്ഞ ദൈവശാസ്ത്രാവ ബോധം എന്റെ ചിന്തയെ ഗൗരവമായ ആത്മപരിശോധനയ്ക്കു വിധേയമാ ക്കി. ദരിദ്രരെ മറന്നുകൊണ്ടും മാറ്റിനിറുത്തിക്കൊണ്ടുമുള്ള ഏതു നീക്കവും യേശുവിരുദ്ധമാണ്; അത് അവിശുദ്ധ കൂട്ടുകെട്ടിന്റെ ജാരസന്തതിയാണ് എന്നുള്ള അവബോധം ഈ സംഭവം നമ്മിൽ ഉണർത്തുന്നു.

### രാഷ്ട്രീയ ധ്രുവീകരണം - എന്റെ സേവനനേട്ടം

പടപ്പക്കരയിൽ ഏതാണ്ടു മൂന്നു വർഷമേ വികാരിയായിരുന്നുള്ളു. എടു ത്തുപറയാനുള്ള അനുഭവങ്ങളോ അനേകവും. പക്ഷേ എല്ലാ അനു ഭവങ്ങൾക്കും ഒരു പ്രത്യേക സ്വഭാവമുണ്ടായിരുന്നു. അതുമാത്രം ഇവിടെ സൂചി പ്പിക്കാമെന്നു കരുതുന്നു.

പടപ്പക്കര ഇടവകയിൽ സാധാരണ നടന്നുകൊണ്ടിരിക്കുന്ന കുർബാന, അടക്കം, പെരുന്നാൾ, ദൈവവചനശുശ്രൂഷ, കല്യാണം, ആദ്യകുർബാന, കുരി ശിന്റെ വഴി തുടങ്ങി എല്ലാ ഭക്തകൃത്യങ്ങളും ക്രമമായി നടക്കുന്നുണ്ടായിരു ന്നു. പക്ഷേ എല്ലാത്തിനേയും നോക്കിക്കാണുന്ന കണ്ണു വ്യത്യാസപ്പെട്ടതായി രുന്നു; അവയെപ്പറ്റിയുള്ള വ്യാഖ്യാനവും ദരിദ്രപക്ഷത്തു നിന്നുകൊണ്ടുള്ള സമീപനവും പരമ്പരാഗത അനുഷ്ഠാനങ്ങൾക്കൊക്കെത്തന്നെ പുതിയ മാനവും പുതിയ അർത്ഥവും നല്കാൻ സഹായകമായി ഭവിച്ചു. ഇതു ബോധപൂർവ്വവും ശ്രമകരവുമായ ഒരു വിമോചന-വിദ്യാഭ്യാസ പ്രക്രിയതന്നെയായിരുന്നു. ഏതു ഭക്തകൃത്യാനുഷ്ഠാനവുമായി ബന്ധപ്പെട്ടു പള്ളിമേടയിൽ ആരുതന്നെ വന്നാലും, അതുമായി ബന്ധപ്പെട്ട പണത്തിനുപരി, ആ പ്രത്യേക ഭക്തകൃത്യാ നുഷ്ഠാനത്തിന്റെ ചരിത്രത്തിലെ തുടക്കം, വിവിധങ്ങളായ പരിണാമഘട്ടങ്ങൾ, ഇപ്പോൾ എത്തിനില്ക്കുന്ന അവസ്ഥ, ഇതിനു ആരംഭത്തിലുണ്ടായിരുന്ന സജീ

വാർത്ഥം, ഇപ്പോൾ വെറും ഭക്തകൃത്യമായി മാത്രം രൂപാന്തരപ്പെടൽ ഇങ്ങനെ ആ ആചാരാനുഷ്ഠാനത്തിന്റെ വിവിധ വശങ്ങളിലേയ്ക്കു ഒരു തുറന്ന ചർച്ച നടന്നിരുന്നു. പലരും ഈ ശൈലിയോടു അനുകൂലിക്കുകയും സഹകരിക്കുകയും ഈ തുറന്ന ആശയവിനിമയ സംരംഭം അവരെ സ്വാധീനിച്ചതായി ജീവിതംകൊണ്ടു സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പക്ഷേ വളരെ ചുരുക്കം വലിയവർക്ക് ഈ പ്രക്രിയ അരോചകമായിത്തീർന്നു. വളരെ വളരെ വിരളമായി ഇവരിൽ ചിലർ അവരുടെ വിയോജിപ്പ് നേരിട്ടു പറയുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഇക്കൂട്ടരിൽ കൂടുതൽ പേരും സംസാരിക്കുമ്പോൾ നിശബ്ദരായി നിന്നു കേട്ടിട്ട്, പുറത്തുപോകുമ്പോൾ വലിയൊരു വിപ്ലവകാരി വന്നിരിക്കുന്നു; ഇത് ഇവിടെ പറ്റില്ല എന്നും മറ്റും ധ്വനിപ്പിക്കുന്ന സംസാരം. ഇങ്ങനെ സംസാരിക്കുന്നവരുടെ അഭിപ്രായത്തെ ഖണ്ഡിച്ചുകൊണ്ടു മറ്റാളുകൾ ബൈബിളും വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖകളും ബിഷപ്പുമാരുടെ കൗൺസിലിന്റെ സാമൂഹ്യപഠനങ്ങളും മറ്റും ഉദ്ധരിച്ചുകൊണ്ടുള്ള സംസാരം പടപ്പക്കരയുടെ ഏതു മൂലയിലും നടക്കുന്നുണ്ടായിരുന്നു. ഈ ചർച്ച ചിലപ്പോൾ സംഘട്ടനത്തിൽ എത്തിയിട്ടുണ്ട്. എന്റെ ദരിദ്രപക്ഷം കാരണം ചിലരെന്നെ വൈരിയായി കണ്ടു. ഒപ്പം കൂടെ നിന്ന പാവപ്പെട്ട ജനത്തെയും. യേശുദൗത്യത്തിന്റെ അനിവാര്യഘടകമാണീ ധ്രുവീകരണമെന്ന ബോധ്യത്തിൽ ഞങ്ങൾ ദൃഢനിശ്ചയത്തോടെ നീങ്ങി.

ഒരിക്കൽ ഒരിടവകക്കാരൻ എന്നെ സമീപിച്ച് പറഞ്ഞു: രണ്ടു വർഷമായി ഞാൻ ഗൾഫിലാണ്. ഇപ്പോൾ സാമാന്യം പണവുമുണ്ട്. ദൈവം എന്നെ ഗൾഫിൽ കൊണ്ടുപോയി അനുഗ്രഹിച്ചതിനു നന്ദിപ്രകടനമായി ഞാനൊരു നേർച്ച നേർന്നിട്ടുണ്ട്. 5 ദിവസം നീണ്ടുനിൽക്കുന്ന പള്ളിപ്പെരുന്നാൾ നടത്താമെന്ന്. എല്ലാം കേട്ടിട്ടു പെരുന്നാളിന്റെ വിവിധ വശങ്ങളെപ്പറ്റിയും ദൈവം നന്ദിപ്രിയനോ സ്തോത്രപ്രിയനോ വെടിക്കെട്ട് പ്രിയനോ സാഘോഷ സമൂഹബലി പ്രിയനോ അല്ലെന്നും ഈ ഏറ്റം എളിയവനു ചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത് എന്നു പറഞ്ഞുകൊണ്ടു സാധുജനത്തോടു സാരൂപ്യം പ്രാപിക്കുന്നവനാണെന്നും അലിഞ്ഞുചേരുന്നവനാണെന്നും, കണക്കു കൂട്ടാതെ സ്നേഹിക്കുന്നവനാണെന്നും മറ്റും അയാളുമായി ചർച്ച ചെയ്തു. ഈ നേർച്ച ആഘോഷത്തോടെ ചെയ്തില്ലെങ്കിൽ ആ യുവാവിന്റെ മനസ്സിൽ ഉള്ള ഉൽക്കണ്ഠയും ഭയവും നിറഞ്ഞൊരവസ്ഥയും പങ്കുവെയ്ക്കപ്പെട്ടു.

ദീർഘമായ പങ്കുവെയ്ക്കലിന്റെ വെളിച്ചത്തിൽ ഉണ്ടായ ധാരണ ഇതാണ്: ഒരുലക്ഷം രൂപയാണ് പെരുന്നാളിനു ചെലവാക്കാൻ അദ്ദേഹം ബഡ്ജറ്റിട്ടിരുന്നത്. അത് 20,000 രൂപയായി കുറച്ചിട്ട് ബാക്കി 80,000 രൂപ കൊണ്ട് ഒരു പാവപ്പെട്ട പെൺകുട്ടിയുടെ വിവാഹം നടത്തിക്കൊടുക്കുകയും അവളുടെ പേരിൽ 5 സെന്റ് ഭൂമി വാങ്ങിക്കൊടുക്കുകയും ചെയ്യുക. 5 ദിവസത്തെ

ആഘോഷം അർത്ഥപൂർണ്ണമാക്കുന്നത് ബൈബിളിനെ ദരിദ്രന്റെ പക്ഷത്തു നിന്നു വ്യാഖ്യാനിക്കാൻ കെല്പുള്ള ധ്യാനഗുരുവിനെ കൊണ്ടുവന്നു രാവിലെയും വൈകിട്ടും വചനപ്രഭാഷണം നടത്തിയായിരിക്കണമെന്നും തീരുമാനിച്ചു. അങ്ങനെ അന്നു കേരളസഭയിൽ വിമോചകനായ യഹോവയെയും ക്രിസ്തുവിനെയും ബൈബിളിലൂടെ പ്രഘോഷിച്ചു നടന്ന ഫാ. (ഡോ.) മൈക്കൽ കാരിമറ്റത്തെയാണ് ധ്യാനഗുരുവായി കൊണ്ടുവന്നത്. മാത്രമല്ല, ബൈബിൾ വാങ്ങാൻ സാമ്പത്തിക ബുദ്ധിമുട്ടുള്ള 50 പേർക്ക് ബൈബിളിന്റെ പ്രതികൾ വാങ്ങി വിതരണം ചെയ്തു. രാത്രിയിൽ കലാമേളയ്ക്കു പകരം ഇടവകയുടെ 20 യൂണിറ്റുകളിലും കുടുംബസദസ്സുകൾ നടത്തി. അന്നന്നു രാവിലെയും വൈകിട്ടും കേട്ട ബൈബിൾ ഭാഗത്തെപ്പറ്റി അവിടെ തുറന്ന ചർച്ച നടന്നു. ആഘോഷമായ സമൂഹബലികൊണ്ടു സമാപിപ്പിക്കുന്നതിനു പകരം ലളിതമായ പാട്ടുകുർബാന കൊണ്ടു പെരുന്നാൾ കുർബാന നടത്തി സമാപിപ്പിച്ചു.

എല്ലാം കഴിഞ്ഞിട്ടു, ആ യുവാവുമായി ഞാൻ ഒരു വിലയിരുത്തൽ നടത്തി. അദ്ദേഹം അങ്ങേയറ്റം സംതൃപ്തനായിരുന്നു. ഒരു പാവപ്പെട്ട പെൺകുട്ടിക്കു അടിസ്ഥാന അവകാശമായ ഒരു തുണ്ടു ഭൂമി, വിവാഹം - എന്തൊരു അഭിമാനമായിരുന്നു അദ്ദേഹത്തിന്. മാത്രമല്ല, ആ പെരുന്നാളാഴ്ച പടപ്പക്കര എല്ലാംകൊണ്ടും സജീവമായിരുന്നു. അന്തരീക്ഷം തന്നെ വിമോചകനായ ക്രിസ്തുവിനെയും തന്റെ വചനത്തെയും കൊണ്ടു നിറഞ്ഞു നിന്നു. ഇടവകയ്ക്കും ഒരു നവചൈതന്യം കൈവന്ന അനുഭവമായിരുന്നു അത്.

മറ്റൊരുദാഹരണം. ദുഃഖവെള്ളിയാഴ്ച കുരിശിന്റെ വഴി വിലാപയാത്രയായി ദുഃഖമയമായ ഗാനാലാപനങ്ങളോടെ നടത്തുകയായിരുന്നു പരമ്പരാഗത രീതി. കുരിശിന്റെ വഴിയിൽ ഉയർപ്പിന്റെ, പ്രത്യാശയുടെ, ജീവന്റെ തുടിപ്പു നിറഞ്ഞുനില്ക്കുന്ന ഒന്നല്ലേ ബൈബിൾ ദർശനത്തോടു കൂടുതൽ അനുയോജ്യം എന്നു കണ്ട് കുരിശിന്റെ വഴി സമാപിക്കുക, യേശുവിനെ കല്ലറയിൽ അടക്കുന്നതോടെയല്ല, ഉയിർപ്പോടു കൂടിയാണ് എന്ന ദൈവശാസ്ത്രചിന്തയിൽ ഞാൻ കുരിശിന്റെ വഴി പടപ്പക്കരയുടെ വീഥികളിലൂടെ സംഘടിപ്പിച്ചു. 15 സ്ഥലത്തും (14 + 1 ഉയർപ്പ്) ഫാ. ജോസ്. ജെ. കളീയ്ക്കൽ തന്റെ സ്വതസിദ്ധമായ ശൈലിയിൽ, ശക്തമായ ഭാഷയിൽ, യേശുവിന്റെ ഉയർപ്പിന്റെ, പ്രത്യാശയുടെ കിരണങ്ങൾ പരത്തിക്കൊണ്ടുള്ള വചനപ്രഘോഷണം നടത്തി.

എല്ലാം നടന്നുകഴിഞ്ഞപ്പോൾ പലരും പറഞ്ഞു: എന്തോ ഒരു പുതിയ അനുഭവം തോന്നുന്നു. ക്രൈസ്തവജീവിതത്തിനു അർത്ഥമുണ്ട് എന്നൊരു ചിന്ത രൂഢമൂലമായി. ജീവിതം ഇനി നിരാശയല്ല, പ്രത്യാശയാണ്. അത് ജീവൻതന്നെയാണ്. ഇങ്ങനെ പോയി പ്രതികരണങ്ങൾ.

ചുരുക്കത്തിൽ ഇടവകജീവിതത്തെ മുഴുവൻതന്നെ വേറിട്ടൊരു നോട്ട

ത്തിനു വിധേയമാക്കി. ഫലമോ? അവിടെ ശക്തമായൊരു രാഷ്ട്രീയ ധ്രുവീകരണം തന്നെ സംഭവിച്ചു.

### വലിച്ചെറിയപ്പെട്ട സ്തോത്രകാഴ്ച

പടപ്പക്കരയിലെ രണ്ടാം വർഷത്തെ വിശുദ്ധവാരം. ദുഃഖവെള്ളിയാഴ്ച കുരിശിന്റെ ആരാധനയുണ്ട്. സാധാരണ പള്ളിയിൽ പോകാത്ത ക്രൈസ്തവരും പള്ളിയിൽ വരുന്ന ഏകദിവസം ദുഃഖവെള്ളിയാണ്. വരുന്നതോ വാഴ്ത്തപ്പെട്ട കുരിശു മുത്താനും. അന്നു എല്ലാവരും സ്തോത്രകാഴ്ച ഇടുകയും ചെയ്യും. നല്ലൊരു തുക കിട്ടും. 50% വികാരിയച്ചനും 50% പള്ളിക്കും. ഇതാണു പാരമ്പര്യ ഭക്താഭ്യാസം.

വിശുദ്ധവാരാഘോഷത്തിന്റെ വിവിധ വശങ്ങളെപ്പറ്റി ഇടവകക്കമ്മിറ്റിയിൽ ചർച്ച ചെയ്തപ്പോൾ ഞങ്ങൾ സംസാരിച്ച ഒരു വിഷയം യൂദാസിന്റെ ചുംബനത്തിന്റെ കാപട്യമാണ്. കുരിശിന്റെ വഴിയിലോ പീഡാനുഭവകഥയിലോ ആകെ ഒരു ചുംബനത്തെപ്പറ്റിയേ പറയുന്നുള്ളു. 30 വെള്ളിനാണയത്തിനു വേണ്ടി യേശുവിനെ ഒറ്റിക്കൊടുക്കുന്ന യൂദാസിന്റെ ചുംബനം. ഈയൊരു വിഷയത്തിന്റെ ബഹുമുഖവശങ്ങളെപ്പറ്റി ഞങ്ങൾ ചർച്ച നടത്തി; ഇന്നിന്റെ യാഥാർത്ഥ്യങ്ങളുമായി, നമ്മുടെ അനുദിന ജീവിതവുമായി ബന്ധിപ്പിച്ചുകൊണ്ട്. 30 വെള്ളിനാണയവും വാങ്ങി അപ്പോൾ മുതൽ അവൻ യേശുവിനെ ഒറ്റിക്കൊടുക്കുവാൻ അവസരം അന്വേഷിച്ചുകൊണ്ടിരുന്നു (മത്താ: 26:16) എന്നു പറഞ്ഞതുപോലെ, യേശുവിനെയും തന്റെ ജീവിതദൗത്യത്തെയും നിരന്തരം ഒറ്റിക്കൊടുത്തുകൊണ്ടുള്ള, അവയോടു അവിശ്വസ്തത പുലർത്തിക്കൊണ്ടുള്ള ദുഃഖവെള്ളിയിലെ ആവേശകരവും ഭക്തിനിർഭരവുമായ കുരിശുമുത്തവും സ്തോത്രകാഴ്ചയും അവനെ വീണ്ടും ഒറ്റിക്കൊടുക്കാനുള്ള അവസരം അന്വേഷിക്കുന്നതിന്റെ പ്രതീകമല്ലേയെന്നും മറ്റുമുള്ള ഗൗരവമായ ആശയവിനിമയം നടന്നു. അതിന്റെയെല്ലാം ഫലമായി ഞങ്ങളെടുത്ത തീരുമാനമിതായിരുന്നു.

ഈ വർഷത്തെ കുരിശാരാധനയിലുള്ള കുരിശുമുത്തൽ കർമ്മത്തിൽ, കുറഞ്ഞപക്ഷം അതുമായി ബന്ധപ്പെട്ടു നിലകൊള്ളുന്ന പണബന്ധമെങ്കിലും ഒഴിവാക്കുക. വർഷം മുഴുവൻ കൈക്കൂലി, വഞ്ചന, ചൂഷണം, അഴിമതി, പിടിച്ചുപറി, ബ്രോക്കറേജ് മുതലായ അധാർമ്മികരീതിയിൽ സ്വരൂപിച്ചതിന്റെ ഒരു പങ്കു കുരിശുമുത്തു കർമ്മത്തിലൂടെ വികാരിയച്ചനും പള്ളിക്കും ദാനംചെയ്തു മുക്തി പ്രാപിക്കുന്ന പരമ്പരാഗത ശൈലിക്കു എതിരെയുള്ള പ്രതീകാത്മകമായ പ്രതിഷേധം ആയിരിക്കും സ്തോത്രകാഴ്ച ഒഴിവാക്കുന്ന രീതി എന്നു തീരുമാനിച്ചു. ഈ വർഷത്തെ കുരിശുമുത്തം നിഷ്കളങ്കരക്തത്തെ ഒറ്റിക്കൊടുത്ത് ഞാൻ പാപം ചെയ്തിരിക്കുന്നു (മത്തായി 27:4) എന്ന ബോധ്യത്തിൽ നിന്നുയരുന്ന ആത്മാർത്ഥമായ പശ്ചാത്താപത്തിന്റെയും, അനീതിയുടെയും

അഴിമതിയുടെയും ചൂഷണത്തിന്റെയും വഴിയിൽ നിന്നുമുള്ള ബോധപൂർവ്വമായ തിരിഞ്ഞുപോക്കിന്റെയും, പ്രതീകമാകണം. ഇതെല്ലാം അച്ചൻ പള്ളിയിൽ ഓശാന ഞായറാഴ്ച വിശദമായി പറയണം.

ഓശാന ഞായറിലും വലിയ വ്യാഴാഴ്ചയും ഇക്കാര്യം വ്യക്തമായി സംസാരിച്ചു. ദുഃഖവെള്ളിയാഴ്ച സാധാരണ കുരിശിന്റെ രണ്ടുവശത്തും വയ്ക്കാറുള്ള സ്തോത്രകാഴ്ചയിടാനുള്ള രണ്ടു വലിയ ബയിസ്സിനുകളും എടുത്തു മാറ്റി. കുരിശാരാധനാ ശുശ്രൂഷ ആരംഭിച്ചു. കുരിശു ചുംബനകർമ്മം ആരംഭിക്കുകയായി, ആളുകൾ അങ്ങനെ വരിവരിയായി കുരിശിൻ ചുവട്ടിലേയ്ക്കു നീങ്ങുകയായി. സ്തോത്രകാഴ്ചയിടുന്ന ബയിസ്സിനുകൾ കാണാഞ്ഞിട്ടു കുരിശുമുത്താൻ വന്നവരിൽ മിക്കവരും അവർ കൊണ്ടുവന്ന സ്തോത്രകാഴ്ച കുരിശിന്റെ ഇരുവശത്തേയ്ക്കും വലിച്ചെറിഞ്ഞു. ഫലമോ? കഴിഞ്ഞ വർഷങ്ങളിൽ ദുഃഖവെള്ളിയാഴ്ച കിട്ടിയ സ്തോത്രകാഴ്ചയുടെ മൂന്നിരട്ടിയാണ് ലഭിച്ചത്! എന്തൊരു വിരോധാഭാസം! എനിക്കുള്ള 50% പാവപ്പെട്ട കുട്ടികളുടെ പഠനത്തിനു കൊടുത്തു. ബാക്കി 50% പള്ളിക്കും.

തുടർന്നു നടന്ന കമ്മിറ്റിയിൽ ഇതിനെപ്പറ്റി വിലയിരുത്തി. ഇതു ഒരു പരാജയമല്ല; തുടക്കമാണ്. പാരമ്പര്യരീതികൾ രൂഢമൂലമാണ്. അവ മാറ്റുക സാവകാശമേ പറ്റൂ; നിരന്തരമായ ബോധവൽക്കരണത്തിലൂടെ. അർത്ഥവത്തായ ഇത്തരം പഠനത്തിലൂടെയും പരീക്ഷണങ്ങളിലൂടെയും ഈ മാറ്റപ്രക്രിയകൾ തുടരണമെന്നു തീരുമാനിച്ചു. അതനുസരിച്ചു പ്രവർത്തിച്ചുകൊണ്ടിരുന്നു.

അങ്ങനെ പോർച്ച്ഗീസുകാരുടെ ഭരണത്തിന്റെയും മതപരിവർത്തനത്തിന്റെയും അവശിഷ്ടമായി ചില ഇടവകകളിലൊക്കെ അർത്ഥശൂന്യമായി നിലനിർത്തിക്കൊണ്ടുവന്നിരുന്ന 'കൊമ്പ്രിയ'യ്ക്ക് ഇന്ന് ജനകീയ ജനാധിപത്യസാഹചര്യത്തിൽ, പ്രായോഗികമായി ഒരു പ്രസക്തിയും ഇല്ലെന്ന ധാരണയിൽ, അതിനെ നിഷ്പ്രഭമാക്കുന്ന രീതിയിലുള്ള പല ഇടപെടലുകളും കമ്മിറ്റി എടുത്തു. പെരുന്നാൾ-തിരുന്നാൾ ആഘോഷങ്ങളിൽ സുപ്രധാന സ്ഥാനം ബൈബിൾപഠനത്തിനു കൊടുത്തു. മറ്റു ബാഹ്യാചാരങ്ങൾക്ക് ഏറ്റം മിനിമം ശ്രദ്ധയും. സെന്റ് വിൻസന്റ് ഡി പോൾ സംഘടനയുടെ പടപ്പക്കര യൂണിറ്റിന്റെ യോഗത്തിൽ ബൈബിൾ പഠനം ഒരു അജണ്ടയായി മാറി. മാതാവിന്റെ സൊഡാലിറ്റി, ലിറ്റിൽ വേ അസോസ്സിയേഷൻ തുടങ്ങിയ എല്ലാ സംഘടനകളും മാറ്റത്തിന്റെ വാഹകരായി മാറി. അങ്ങനെ പടപ്പക്കര ഇടവകയിൽ ബൈബിൾ അടിസ്ഥിത വ്യതിയാനത്തിന്റെ ഒരു സജീവത നിലനിന്നത് ഓർക്കുമ്പോൾ അഭിമാനം തോന്നുന്നു.

# 38

## കണക്കുപറഞ്ഞ് ...
## വില പേശി ...
## സ്വർഗ്ഗത്തിലേയ്ക്ക്

കത്തോലിക്കാ സഭയിൽ നവംബർ ഒന്നാം തീയതി സകലവിശുദ്ധരുടെയും തിരുനാളും രണ്ടാംതീയതി മരിച്ച സകല വിശ്വാസികളുടെയും ഓർമ്മയും ആചരിച്ചുവരുന്നു. ഇതിൽ സാമാന്യജനത്തിനിടയിൽ പ്രാധാന്യം നവംബർ രണ്ടിലെ സകലാത്മാക്കളുടെ ദിനാചരണത്തിനാണ്. സാധാരണ രീതി ഇതായിരുന്നു. രാവിലെ പള്ളിയിൽ മരിച്ച വിശ്വാസികൾക്കു വേണ്ടിയുള്ള കുർബാന. തുടർന്നു സെമിത്തേരിയിൽ ഓരോ വ്യക്തിയുടേയും കുഴിമാടത്തിങ്കൽ വൈദികനും മൂസ്കും (പള്ളിയിൽ ഔദ്യോഗികമായി പാടുന്ന വ്യക്തി) ചെന്നുള്ള പ്രാർത്ഥന. നമ്മിൽ നിന്നും വേർപെട്ടുപോയവരെ വർഷത്തിലൊരിക്കൽ ഓർത്തു പ്രാർത്ഥിക്കുന്ന രീതിയാണിത്. അതു ചെയ്തിരുന്നത് ഒരു വിചിത്രമായ രീതിയിലായിരുന്നു. ഒന്നാം തീയതി വൈകിട്ടേ സെമിത്തേരി ചെത്തി വൃത്തിയാക്കിയിരിക്കും; ഓരോ കുടുംബക്കാരും അവരവരുടെ ബന്ധുക്കളുടെ കുഴിമാടം അലങ്കരിക്കും. ഓരോ വ്യക്തിയെയും പേരുചൊല്ലി പ്രാർത്ഥിക്കുന്ന ഒരു രീതിയുണ്ട്. അതു നേരത്തേതന്നെ രജിസ്റ്റർ ചെയ്തിരിക്കണം. ഒരാളിന്റെ പേരുതന്നെ പലവട്ടം ചൊല്ലി പ്രാർത്ഥിക്കാം. ഓരോ പ്രാവശ്യവും ഇങ്ങനെ പ്രാർത്ഥിക്കുന്നതിനു ഇത്ര രൂപാ (ഉദാ: 2 രൂപ) എന്ന കണക്കുണ്ട്. അങ്ങനെ എത്ര എണ്ണം, ആർക്കെല്ലാം എന്നു നേരത്തെതന്നെ ഓരോ വീട്ടുകാരും തീരുമാനിച്ച് അതിന്റെ പൈസ അഡ്വാൻസായി കൊടുത്ത് രജിസ്റ്റർ ചെയ്തിരിക്കണം. ഈ പൈസയുടെ ചെറിയൊരു ശതമാനം മൂസ്കിനു കൊടുത്താൽ ബാക്കിയെല്ലാം വികാരിയച്ചനാണ് ലഭിക്കുന്നത്. ധാരാളമെണ്ണം വരുന്നതുകൊണ്ട് വികാരിയച്ചന് ഒറ്റയ്ക്ക് പ്രാർത്ഥിച്ചു തീർക്കാൻ പറ്റില്ല. അന്നത്തേയ്ക്കു സഹായിക്കാനായി ഇടവകയില്ലാത്ത അച്ചന്മാരെ ക്ഷണിക്കാറുണ്ടായിരുന്നു. അവർ രാവിലെ കുർബാന കഴിഞ്ഞു സെമിത്തേരിയിൽ പോയാൽ, ഉച്ചഭക്ഷണം വരെ അവിടെ ഓരോ കുഴിമാടത്തിലും പ്രാർത്ഥിക്കും; പലപ്പോഴും ഊണു കഴിഞ്ഞു വൈകിട്ടുവരെയും. വൈകിട്ടു സഹായിക്കാൻ വന്ന അച്ചനു

കൂലി കൊടുത്തു വിടുകയും ചെയ്യും. ഇത്രമാത്രം വലിയ എണ്ണമുണ്ടാകുന്നതിനു ഒരു പ്രത്യേക കാരണം കൂടിയുണ്ട്. ഒരാൾക്കു തന്നെ എണ്ണം കൂട്ടി രജിസ്റ്റർ ചെയ്യുന്നത്, തന്റെ ബന്ധുവിനോടുള്ള കൂടുതൽ സ്നേഹത്തിന്റെ അടയാളം. മാത്രമല്ല, അയാളുടെ അപ്പനുവേണ്ടി അയാൾ 100 പ്രാവശ്യം പ്രാർത്ഥിക്കാൻ പൈസ കൊടുത്താൽ മറ്റേയാളുടെ അപ്പനു വേണ്ടി അയാൾ 200 പ്രാവശ്യത്തേയ്ക്കു രജിസ്റ്റർ ചെയ്യും. അങ്ങനെ ചെറിയ മത്സരവും ഇതിൽ വന്നു കൂടി. ഫലമോ? നവംബർ 2, അച്ചനു നല്ലൊരു വരുമാനമാർഗ്ഗദിനമായി മാറി. എണ്ണം കൂട്ടാനായി, ഇന്ന ആളുടെ മകൾ അവളുടെ അമ്മയ്ക്കു 100 തവണ പ്രാർത്ഥനയ്ക്കു രജിസ്റ്റർ ചെയ്തെന്നു പറഞ്ഞുകൊണ്ട്, പിന്നെ വരുന്നവരെ അതിൽക്കൂടുതൽ രജിസ്റ്റർ ചെയ്യിക്കാൻ പരോക്ഷമായിട്ടെങ്കിലും പ്രോത്സാഹിപ്പിച്ചിരുന്ന കണക്കന്മാരെ ഞാൻ കണ്ടിട്ടുണ്ട്.

ചുരുക്കത്തിൽ ദൈവവുമായി ഏതാണ്ടു വിലപേശി, കണക്കുപറഞ്ഞ് തന്റെ അപ്പനെ/അമ്മയെ/ബന്ധുക്കളെ സ്വർഗ്ഗത്തിൽ എത്തിക്കുന്ന ശ്രമകരമായ ജോലിയിൽ വ്യാപൃതരായിരിക്കുന്ന പ്രതീതിയാണ് ഇവിടെ കാണുക. ഈ രീതിയെ ഞങ്ങൾ കുറച്ചു വൈദികർ ഒത്തിരുന്നു വിലയിരുത്തി. ഈ കണക്കുവച്ചുള്ള പ്രാർത്ഥനയുടെ അർത്ഥശൂന്യതയെപ്പറ്റി ഞങ്ങൾ ചർച്ച ചെയ്തു. ഇതിനൊരു മാറ്റമുണ്ടാകണം. ഇത് ജനത്തിന്റെ ഒരു വൈകാരിക പ്രശ്നമായി മാറിയിട്ടുണ്ട്. അതുകൊണ്ട് ഇതിനെ വെറുതെ ബൗദ്ധികമായി പറഞ്ഞു മാറ്റം വരുത്താൻ പ്രയാസമാണുതാനും. കാഞ്ഞിരകോട്-നാന്തിരിക്കൽ വികാരിയായ ഫാ. എ. സോളമൻ, കുമ്പളം വികാരിയായ ഫാ. മാത്യു അറയ്ക്കൽ, പടപ്പക്കര വികാരിയായ ഞാൻ - ഞങ്ങൾ ഒത്തു ഇതിനെപ്പറ്റി ചർച്ച ചെയ്തു. ഈ മൂന്നിടവകകളും ഭൂമിശാസ്ത്രപരമായി അടുത്തു കിടക്കുന്നവയാണ്. ആഗസ്റ്റ്മാസം തൊട്ടേ ഞങ്ങൾ ഒരു ബോധവൽക്കരണ പ്രക്രിയയ്ക്കു തുടക്കംകുറിച്ചു. ദൈവം പാപങ്ങളുടെ ലിസ്റ്റ് പ്രാർത്ഥനയ്ക്കനുസരിച്ചു കുറയ്ക്കുന്ന കണക്കപ്പിള്ളയല്ലെന്നും, നമ്മളെല്ലാവരും ഒരു ദൈവകുടുംബത്തിലെ അംഗങ്ങളാകയാൽ മരിച്ചുപോയ ഓരോ വ്യക്തിക്കും വേണ്ടി കണക്കും എണ്ണവും വച്ചു പ്രാർത്ഥിക്കുന്നതിനുപരി അവരെയെല്ലാം ഒരുമിച്ചു നാം സ്നേഹപൂർവ്വം ഓർക്കുകയായിരിക്കും കൂടുതൽ അഭികാമ്യമെന്നും, നമ്മുടെ നവംബർ രണ്ടാം തീയതിയിലെ മരിച്ചവരുടെ സ്മരണ കൂടുതൽ അർത്ഥപൂർണ്ണമാക്കണമെന്നും മറ്റും ഒറ്റയ്ക്കും പെട്ടയ്ക്കും ഗ്രൂപ്പായും പൊതുവായും വ്യാപകമായ ചർച്ച നടന്നു. പള്ളിക്കമ്മിറ്റികളിലും ചർച്ച നടത്തി.

തുടർന്നു ഞങ്ങൾ താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

1. നവംബർ രണ്ടിലെ കുർബാന പള്ളിയിൽ നിന്നും സെമിത്തേരിയിൽ സൗകര്യമുള്ള ഒരു സ്ഥലത്ത് അല്പം സ്ഥലം കണ്ടെത്തി ഒരു മേശയിട്ട് അൾത്താര ക്രമീകരിച്ച് അർപ്പിക്കുക.

2. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയിൽ എല്ലാ തരത്തിലുമുള്ള പണബന്ധം ഇല്ലാതാക്കുക.

3. മരിച്ച ഓരോ വ്യക്തിയെയും പേരു ചൊല്ലി ഓർക്കുകയോ അവരുടെ പേരുകൾ രജിസ്റ്റർ ചെയ്തു പ്രാർത്ഥിക്കുകയോ ചെയ്യരുത്.

4. നമ്മുടെ ഇടവകയിൽ നിന്നു മരിച്ചുപോയ എല്ലാവരേയും ഓർക്കുക - അവർ നമുക്കു വ്യക്തിഗതമായും സമൂഹത്തിനും സഭയ്ക്കും ചെയ്ത നല്ല കാര്യങ്ങളെ സ്മരിക്കുക - അവരിലൂടെ നാം അനുഭവിച്ച സ്നേഹവായ്പുകളെ നന്ദിയോടെ സ്മരിക്കുക - അവർ നല്കിയ നല്ല മാതൃകകൾ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുമെന്നു പ്രതിജ്ഞ ചെയ്യുക - അങ്ങനെ ഇതു പ്രതീക്ഷയുടെ നിമിഷങ്ങളാക്കുക.

5. അങ്ങനെ നവംബർ രണ്ട് ഇടവക എന്ന വിശാലകുടുംബത്തിന്റെ കുടുംബദിനമായി ആചരിക്കുക; ഒരു കൂട്ടായമയുടെ മാധുര്യം തുളുമ്പിനില്ക്കുന്ന ദിനമായി അതിനെ രൂപാന്തരപ്പെടുത്തുക.

അങ്ങനെ ഈ മൂന്ന് ഇടവകകളിൽ നവംബർ രണ്ടാംതീയതിയിലെ മരിച്ച വിശ്വാസികളുടെ ഓർമ്മ അർത്ഥപൂർണ്ണണമായി, ഒരു രീതിയിലും കണക്കുവയ്ക്കലും പണബന്ധവുമില്ലാതെ കുടുംബാനുഭൂതിയിൽ ആഘോഷിച്ചു. തുടർന്നു കമ്മിറ്റിയിലും ഇടവകപൊതുയോഗത്തിലും ഇതിനെപ്പറ്റിയുള്ള വിലയിരുത്തൽ നടത്തി. എല്ലാം കൊണ്ടും അർത്ഥഗർഭമായ ഒരു ശുശ്രൂഷ -ആരാധന- യായി അനുഭവിച്ചെന്നു മിക്കവരും പറഞ്ഞു. വർഷങ്ങളായി നടന്നുവന്ന അർത്ഥശൂന്യമായ ഒരു പാരമ്പര്യചടങ്ങിനു തീർത്തും ജീവനും അർത്ഥവും പകർന്ന ഒരു പുതിയ നീക്കമായി ഇതിനെ അവർ വിലയിരുത്തി. എന്നെ സംബന്ധിച്ചിടത്തോളം, വ്യക്തിഗതമായി അന്നത്തെ ആരാധനാ ശുശ്രൂഷ ശക്തമായ ഒരനുഭവമായിരുന്നു. ഗോതമ്പുമണി നിലത്തുവീണഴുകണം; എങ്കിലതു 50 മേനിയും 100 മേനിയും വിളവു നല്കും എന്ന ബൈബിൾ വചനവിചിന്തനത്തോടെ തുടക്കംകുറിച്ച കുർബാനയും ഓർമ്മശുശ്രൂഷയും ഇന്നും എന്റെ ഹൃദയത്തിൽ നിറഞ്ഞുനില്ക്കുന്നു.

# 39

## സൗഹൃദവലയം

**എടുത്തുപറയേണ്ട ചില വൈദികർ**

എന്റെ വൈദികജീവിതത്തിൽ അഭിമാനത്തോടെ നോക്കിക്കാണുന്ന ധാരാളം വൈദികരുമുണ്ട്. അവരുടെ ആത്മാർത്ഥത, സത്യസന്ധത, ലാളിത്യം, ത്യാഗസന്നദ്ധത, അർപ്പണബോധം, ഒക്കെയെന്നെ ഹഠാദാകർഷിച്ചു. എല്ലാവരേയും പറ്റി പറയാൻ പറ്റുകയില്ലെങ്കിലും വളരെ കുറച്ചു പേരെപ്പറ്റിയെങ്കിലും പറയേണ്ടതു ധാർമ്മിക കടമയാണെന്നു കരുതുന്നു.

തങ്കശ്ശേരി ഇൻഫന്റ് ജീസസ് ആഗ്ലോ ഇൻഡ്യൻ സ്കൂളിൽ എട്ടാം തരത്തിൽ പഠിക്കാനെത്തിയപ്പോഴാണ്, സ്കൂളിന്റെ ഹെഡ്മാസ്റ്ററായിരുന്ന ഫാ. സ്റ്റീഫൻ ഗോമസിനെ പരിചയപ്പെടുന്നത്. സ്കൂളിന്റെ ഒരു മുറിയിൽ തന്നെയാണ് താമസം. ആ മുറി എപ്പോഴും തുറന്നിട്ടിരിക്കും. പകൽ ഒരിക്കൽപ്പോലും ആ മുറി പൂട്ടിയിട്ടു അദ്ദേഹം ഇറങ്ങിപ്പോകുന്നത് കണ്ടിട്ടില്ല. രാത്രിയിലെ കാര്യം എനിക്കറിയില്ല. ആർക്കും എപ്പോഴും ആ മുറിയിലേയ്ക്കു കടന്നുചെല്ലാം. ആ മുറിയിൽ ഒരു ചെറിയ മേശയും തടികൊണ്ടുള്ള 3 കസേരകളും 3 ബഞ്ചുകളും ഒരു തടിക്കട്ടിലും ഒരു പുസ്തകഷെൽഫുമാണുള്ളത്. കട്ടിലിൽ പായില്ല, തലയിണയില്ല. ഒരു പുതപ്പ് കട്ടിലിന്റെ പടിയിൽ മടക്കിയിട്ടിരിക്കും. ആർക്കും എവിടെയും ഇരുന്നു അച്ചനോടു സംസാരിക്കാം. ഈ മുറിയിൽത്തന്നെയാണ് പഠനത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് ഉച്ചയ്ക്കും ഫ്രീടൈമിലുമുള്ള പ്രത്യേക ട്യൂഷനും. അവരിലൊരാൾ ഞാനായിരുന്നു. കുട്ടികൾ ട്യൂഷന്റെ ഗൃഹപാഠം അവിടെ ബഞ്ചിലും കട്ടിലിലും ഇരുന്നു ചെയ്യുമ്പോൾ, ഒരു ബഞ്ചിൽ ഉച്ചയ്ക്ക് പത്തുപതിനഞ്ചു മിനിട്ടു നീണ്ടുനിവർന്നു കിടന്ന് ഒന്നു വിശ്രമിക്കുക അച്ചന്റെ പതിവായിരുന്നു. ഇന്നു അദ്ദേഹത്തിനു 95 വയസ്സിൽ കൂടുതലായി. കൊട്ടിയത്ത് പ്രീസ്റ്റ് ഹോമിൽ താമസിക്കുന്നു. ലാളിത്യം, കഠിനാദ്ധ്വാനം, കരുതലോടെയുള്ള ഇടപെടൽ, എല്ലാ ബന്ധങ്ങളിലും തികഞ്ഞ ആത്മാർത്ഥത - ഇവയൊക്കെ ഗോമസച്ചന്റെ സവിശേഷതകൾ. ഇവയൊക്കെ പരോക്ഷമായി

ട്ടെങ്കിലും എന്നെ സ്വാധീനിച്ചിട്ടുണ്ട്. ഗുരു-ശിഷ്യ ബന്ധത്തിൽ എപ്പോഴും ഇപ്പോഴും വളരെ അർത്ഥം കണ്ടെത്തിയ/കണ്ടെത്തുന്ന ഒരനുഭവമാണ് ഗോമസച്ചനുമായുള്ള അടുപ്പം.

ഫാ. എം. നിക്ലസ്, ഫാ. ജോസ് ജെ. കളീയ്ക്കൽ, ഞാൻ - ഞങ്ങൾ മൂവരും ത്രിമൂർത്തികളെപ്പോലെ ഏറെ വർഷങ്ങൾ എല്ലാക്കാര്യത്തിലും ഒത്തു നടന്നു നീങ്ങി. മാസത്തിൽ ഞങ്ങളിൽ ഒരാളിന്റെ ഇടവകയിൽ കൂടിയിരിക്കും. ഓരോരുത്തരും മറ്റു രണ്ടുപേരുടെ ഇടവകകളിൽ വരുക മാത്രമല്ല, അവിടത്തെ ജനങ്ങളുമായും അവടുത്തെ പ്രവർത്തനങ്ങളുമായും നല്ല ബന്ധം പുലർത്തുകയും ചെയ്തിരുന്നു. അങ്ങനെ ഞങ്ങളുടെ സുഹൃദ്ബന്ധത്തിന് ഒരു ജനകീയ അടിത്തറ നല്കാൻ ഞങ്ങൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഒരു ശക്തിക്കും ഞങ്ങളെ വേർപെടുത്താനാകില്ലെന്നുള്ള അഹന്തവരെ ഞങ്ങൾക്കുണ്ടായിരുന്നു. ഞങ്ങളുടെ ഈ കൂടിവരവ് പരസ്പരം തിരുത്താനും ശക്തിപ്പെടുത്താനും വളർത്താനും അവസരമൊരുക്കിയെന്നു എടുത്തുപറയേണ്ടതുണ്ട്. ഒരു സംഭവം മാത്രം കുറിക്കട്ടെ.

നിക്ലസ് തിരുവനന്തപുരം നെല്ലിമൂട്ടിൽ വികാരിയാണ്. ജോസ് കൊല്ലം രൂപതയിലെ (ഇന്നു പുനലൂർ രൂപത) കൊഴുവല്ലൂരിലും ഞാൻ ഇലവുംതിട്ട-ആറന്മുളയിലും വികാരിമാർ. സാധാരണ നടക്കുന്ന രീതിയിൽ നിക്ലസിന്റെ ഇടവകയിൽ ഒരു ദിവസം ഞങ്ങൾ ഒത്തുകൂടി. സാധാരണ ഞങ്ങൾ ഒത്തുകൂടുന്നത് വൈകിട്ടാണ്. രാത്രിയും അടുത്ത ദിവസം പൂർണ്ണമായും തുടരും. മൂന്നാം ദിവസമാണ് തിരിച്ചുപോരുക പതിവ്. ജോസ് ഉജ്ജ്വല വാഗ്മിയാണ്; അദ്ദേഹത്തിന്റെ വായിൽ നിന്നും അക്ഷരസ്ഫുടതയോടെ വാക്കുകൾ ഒഴുകിവീഴുന്നത് എന്തു രസമാണെന്നോ. നിക്ലസിൽ ചിന്തയും വാഗ്മിത്വവും സരസമായി സമ്മേളിച്ചിരിക്കുന്നു. അന്നു രാത്രി ഞങ്ങൾ മൂവരും ഒത്തിരുന്നു ഹൃദയവികാരങ്ങൾ പങ്കുവച്ചപ്പോൾ, ഞാനെന്റെ ഹൃദയത്തിന്റെ അസ്വസ്ഥത പങ്കുവെച്ചു: നിങ്ങൾ രണ്ടുപേരും വലിയ പ്രാസംഗികർ, മിടുക്കർ; എനിക്കാണെങ്കിൽ പ്രസംഗിക്കാൻ ബുദ്ധിമുട്ടുണ്ട്, വാക്കുകൾ കിട്ടില്ല, മാത്രമല്ല അല്പം വിക്കും ... ഇങ്ങനെയൊക്കെ പങ്കുവച്ചിട്ട് എന്റെ അപകർഷതാബോധം പ്രകടമാക്കി. അതിനുള്ള അവരുടെ മറുപടി ഏതാണ്ട് ഇങ്ങനെയായിരുന്നു. ജോസ് പ്രതികരിച്ചു. കാര്യങ്ങൾ അങ്ങനെയല്ല കാണേണ്ടത്. ഇന്നത്തെ കാര്യം തന്നെയെടുക്കുക. ഞാൻ കൊഴുവല്ലൂരിൽ നിന്ന് ഉച്ചയ്ക്ക് ഊണു കഴിഞ്ഞ് ഇറങ്ങി നേരിട്ടു നെല്ലിമൂട്ടിലെത്തി. അലോഷ്യസോ? രാവിലെ ഇലവുംതിട്ടയിൽ നിന്നിറങ്ങി. വന്ന വഴിക്കുള്ള പത്തുപതിനഞ്ചു വീടുകളിൽ, പള്ളികളിൽ, സ്ഥാപനങ്ങളിൽ ഒക്കെ കയറി സുഹൃദ്ബന്ധം പുതുക്കി. ആ ബന്ധം സജീവമാക്കി. മാത്രമല്ല, അലോഷ്യസിന്റെ തീരുമാനം നടപ്പിലാക്കുന്ന ദൃഢനിശ്ചയശൈലി അപാരമല്ലേ. ഇത് എനിക്കു പറ്റുകയില്ല ... ഇങ്ങനെ നീങ്ങി

ജോസിന്റെ ഇടപെടൽ. തുടർന്ന് നിക്ലസ് പറഞ്ഞു. വീണ്ടും ഇന്നു നിങ്ങൾ രണ്ടും ഇവിടെ എത്തിയിട്ടു, നമ്മൾ മൂന്നു പേരുംകൂടി നെല്ലിമൂട്ടിലെ ഒരു കുടുംബം സന്ദർശിച്ചു. നിങ്ങൾക്കു രണ്ടുപേർക്കും പുതിയ കുടുംബം. ജോസ് പൂമുഖത്തുള്ള കസേരയിലിരുന്നു കുഞ്ഞുങ്ങളുമായി സംസാരിച്ചപ്പോൾ, അലോഷ്യസ് ആ വീട്ടിലുള്ള എല്ലാവരുമായും ഇടപെട്ട് അടുക്കളവരെയെത്തി കറിച്ചട്ടിയിൽ നിന്നും കലത്തിൽ നിന്നുമൊക്കെ എടുത്തു ഭക്ഷിച്ചു അവരിൽ ഒരാളായി മാറിക്കഴിഞ്ഞു. അലോഷ്യസിന്റെ സ്വതന്ത്രമായ ഇടപെടൽ അവർക്കു നന്നേ ഇഷ്ടപ്പെട്ടു. സ്നേഹത്തിന്റെ ഊഷ്മളത നാം അനുഭവിച്ചു. ... ഇതു ഞങ്ങൾക്ക് ബുദ്ധിമുട്ടാണ്. ഇവയോടു ഞാനും പ്രതികരിച്ചു. വളരെ ഹൃദയം തുറന്നുകൊണ്ടുള്ള ഈ പങ്കുവെയ്ക്കൽ എന്നിലെ അപകർഷതാബോധത്തെ പമ്പകടത്തി. എന്നിൽ ആത്മവിശ്വാസമുണർത്തി. മാത്രമല്ല, അവർ രണ്ടുപേരും അവരുടെ പള്ളിപ്പെരുന്നാളുകളിലും മറ്റും ബോധപൂർവ്വം എന്നെ പ്രസംഗിപ്പിക്കുമായിരുന്നു. കുർബാന കഴിഞ്ഞ് ആ പ്രസംഗത്തെപ്പറ്റിയുള്ള വിമർശനവും പ്രോത്സാഹനവും. അവിടെയും ഞാൻ ആത്മവിശ്വാസം നേടി. ഇന്നു എനിക്കു പറയേണ്ട കാര്യം വ്യക്തമാക്കേണ്ട രീതിയിൽ സംസാരിച്ച് പ്രതിഫലിപ്പിക്കാൻ സാധിക്കുന്നുണ്ട് എന്നാണെന്റെ വിശ്വാസം. എന്നിലുണ്ടായ ഈ മാറ്റത്തിനു ജോസും നിക്ലസും വഹിച്ച പങ്ക് വലുതാണ്.

കൊല്ലം രൂപതയിലെ യുവവൈദികസംഘം (YPA - Young Priests' Association) ലോപിച്ച് FRCS എന്ന ചെറിയൊരു സംഘമായ കാര്യം നേരത്തേ സൂചിപ്പിച്ചുവല്ലോ. ആ ചെറുസംഘത്തിലുണ്ടായിരുന്ന രണ്ടു വ്യക്തികളെ - ഫാ. എ. സോളമൻ, ഫാ. വിൻസന്റെ മച്ചാഡോ - എനിക്കു എടുത്തു പറയേണ്ടതുണ്ട്. എന്റെ ജീവിതത്തിൽ അവർക്കു വലിയ സ്ഥാനമുണ്ടുതാനും. എന്നെ ഹഠാദാകർഷിച്ചത് അവരുടെ ആത്മാർത്ഥത, സത്യസന്ധത, കാര്യങ്ങളെപ്പറ്റിയുള്ള വ്യക്തത, പൗരോഹിത്യദൗത്യത്തിന്റെ ആത്മസത്ത കണ്ടെത്താനുള്ള ഗൗരവമായ അന്വേഷണം, ഇരട്ടമുഖമില്ലായ്മ, നിശ്ചയദാർഢ്യം, ഹൃദയംതുറന്ന സംഭാഷണം തുടങ്ങിയവയായിരുന്നു. അവരുടെ ഹൃദയത്തിന്റെ വലിപ്പം പ്രകടമാക്കുന്ന പല അനുഭവകഥകളുണ്ട്.

കൊല്ലം രൂപതയുടെ മിഷൻ ഇടവകകളായ ശൂരനാട്ട് ഫാ. റൊമാൻസ് ആന്റണിയും പത്തനംതിട്ടയിൽ ഞാനും ഇടവകശുശ്രൂഷ നടത്തുകയായിരുന്നു. ഫാ. ജോസ് ജെ. കളീയ്ക്കൽ ചെറിയനാടും. ഈ സ്ഥലങ്ങളിൽ ഞങ്ങളുടെ ശുശ്രൂഷയും ജനബന്ധങ്ങളും സഭാധികാരികൾക്കു തലവേദനയുണ്ടാക്കുന്നതായി അവർക്കനുഭവപ്പെട്ടു. ജനങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ ഇടപെടൽ അവർക്കു വളർച്ചയ്ക്ക് ഏറെ കാരണമായി എന്നാണ് അവർ വിലയിരുത്തുന്നത്. ഏതായാലും ബിഷപ് ഞങ്ങളെ കൂട്ട സ്ഥലംമാറ്റം നടത്താൻ തീരുമാനിച്ചു, ഓർഡറിട്ടു. ഞങ്ങൾ യുവവൈദികസംഘം ഒത്തു

കൂടി ഈ നടപടിയെ വിലയിരുത്തി; ഇതിലെ അനീതിയേയും അധികാര ഗർവിനേയും തിരിച്ചറിഞ്ഞു. ഞങ്ങൾ മൂവരും ഒന്നിച്ചു ഈ ഓർഡർ സ്വീകരിക്കില്ല എന്ന നിലപാടെടുത്തു. അതിനു ഫാ. സോളമനും (കാഞ്ഞിരകോട് വികാരി) ഫാ. വിൻസന്റ് മച്ചാഡോ(ചെമ്മക്കാട് വികാരി)യും കൂട്ടുചേർന്നു. ഞങ്ങൾ മൂവരുടെ മേൽ നടപടിയുണ്ടായാൽ, അവർ രണ്ടുപേരും ഇടവക ജോലിയിൽ നിന്നും സ്വമനസാ രാജിവയ്ക്കുമെന്നും അഞ്ചുപേരും ഒത്ത് അവധിയെടുത്തു ജനത്തിനുവേണ്ടി പ്രവർത്തിക്കുമെന്നും കൂട്ടായി തീരുമാനിച്ചു. അങ്ങനെ സ്ഥലമാറ്റ ദിവസം കഴിഞ്ഞപ്പോൾ, പുതിയ സ്ഥലമായ പുത്തൂർ പോകാതെ, ചെറിയനാട്ടിൽ നിന്നു ജോസ്, മാവേലിക്കര എം. ജെ. എം. സെന്ററിലേയ്ക്കും പടപ്പക്കരയിലേയ്ക്കു പോകാതെ ഞാൻ പത്തനംതിട്ടയിൽ നിന്നും നാരങ്ങാനത്തെ വി. വി. കെ. യിലേയ്ക്കും ശൂരനാട്ടിൽ നിന്നും കല്ലട പള്ളിയുടെ ചാർജ്ജെടുക്കാൻ പോകാതെ റോമാൻസ് തന്റെ വീട്ടിലേയ്ക്കും താമസം മാറ്റി. ഞങ്ങളുടെ സംഘത്തിന്റെ ഒത്തൊരുമ പ്രതിഷേധത്തിന്റെ ശക്തി വർദ്ധിപ്പിച്ചു. ദിവസങ്ങൾ കഴിഞ്ഞു. സഭാധികാരികൾ ഞങ്ങളുടെ ചെറുസംഘത്തിന്റെ കൂട്ടായ്മയെ ശിഥിലപ്പെടുത്താൻ നന്നേ ശ്രമിച്ചു. അവരുടെ യത്നം വിജയിച്ചു. ഫാ. റൊമാൻസ് ആന്റണിയെ സ്വാധീനിച്ചു കല്ലട പള്ളിയുടെ ചാർജ്ജെടുപ്പിച്ചു. പിന്നെ ജോസും ഞാനും ചാർജ്ജെടുക്കാതിരിക്കുന്നതിന്റെ പ്രസക്തിയെപ്പറ്റി സംഘം ചർച്ചചെയ്തു. ഞങ്ങൾ രണ്ടുപേരും പുത്തൂരും പടപ്പക്കരയും ചാർജ്ജേറ്റെടുത്തു. അതുകഴിഞ്ഞുള്ള ഞങ്ങളുടെ വൈദികസംഘ കൂടിവരവിൽ മച്ചാഡോ, ഗ്രൂപ്പിന്റെ ഐക്യമില്ലായ്മയെ നിശിതമായി വിമർശിച്ചു. ആലോചിച്ചു തീരുമാനമെടുത്താൽ, അത് എന്തുവില കൊടുത്തും പാലിക്കാൻ ബാധ്യസ്ഥരാണ് എന്ന ബോധ്യമില്ലെങ്കിൽ, സംഘം ശക്തമായി വളരുകയില്ലെന്നു അദ്ദേഹം അസന്ദിഗ്ധമായി പറഞ്ഞു. എനിക്കു മച്ചാഡോയൊടു എന്തെന്നില്ലാത്ത ആദരവ് തോന്നി. സോളമനും ഇതേ നിലപാടായിരുന്നു; കുറച്ചു കൂടി ഉറപ്പോടുകൂടിയെന്നു മാത്രം. ആ സംഭവം കഴിഞ്ഞിട്ട് വൈദികസംഘത്തിൽ നിന്നും റൊമാൻസ് പിന്മാറി, മച്ചാഡോ സംഘത്തിൽ സജീവമല്ലാതായി. സോളമൻ സജീവമായിത്തന്നെ മുന്നോട്ടു നീങ്ങി. ജോസഫ്തോമസ് സംഘവുമായി ബന്ധപ്പെട്ടു നീങ്ങാനും തുടങ്ങി.

കൊല്ലം രൂപതയുടെ വികാരി ജനറലും എന്റെ ജ്യേഷ്ഠനും (കസിൻബ്രദർ) ആയ മൊൺ. ചാൾസ് എം. ഫെർണാന്റസിനെപ്പറ്റി ഒരു വാക്ക്. അദ്ദേഹം നല്ലവനായിരുന്നു. തന്റെ ജോലി ചെയ്തിരുന്ന എല്ലാ ഇടവകയിലേയും ജനങ്ങൾക്ക് അദ്ദേഹം അവരുടെ പ്രിയപ്പെട്ട 'ചാർളിയച്ചൻ' ആയിരുന്നു. എന്നോടു വലിയ കാര്യമായിരുന്നു. അദ്ദേഹം വികാരി ജനറൽ ആയിരിക്കുമ്പോഴാണ് കാർഷിക-മത്സ്യമേഖലകളിലുള്ള എന്റെ സജീവമായ ഇടപെടൽ നടന്നത്. സാമൂ

ഹ്യവിശകലനത്തിന്റെ വെളിച്ചത്തിൽ തഴയപ്പെട്ട ജനത്തോടൊപ്പം നിന്നുകൊണ്ടുള്ള, അവരുടെ ജീവിതസമരപ്പോരാട്ടങ്ങളിൽ പങ്കെടുത്തുകൊണ്ടുള്ള എന്റെ ജീവിതശൈലിയെപ്പറ്റിയും മറ്റും ഞങ്ങൾ തുറന്ന മനസ്സോടെ സംസാരിക്കുമായിരുന്നു. അങ്ങനെയൊരിക്കൽ ഞങ്ങൾ ദീർഘമായി സംസാരിച്ചപ്പോൾ, അദ്ദേഹം പറഞ്ഞ ഒരു വാചകം അദ്ദേഹത്തിന്റെ വലിപ്പത്തെ എടുത്തുകാട്ടുന്നു. അദ്ദേഹം പറഞ്ഞു: പാവപ്പെട്ടവരെ ഞാനും സ്നേഹിക്കുന്നുണ്ട്. അച്ചൻ പറയാൻ ശ്രമിക്കുന്നത് സത്യത്തിൽ എനിക്കു മനസ്സിലാകുന്നില്ല. (I also serve the poor; I really don't understand what you are trying to say). ഇതൊരു ഏറ്റുപറച്ചിലായിരുന്നു, ആത്മാർത്ഥതയുള്ള ഏറ്റുപറച്ചിൽ. അദ്ദേഹം വിധിക്കാൻ തയ്യാറല്ലായിരുന്നു. ഞങ്ങൾ ചെയ്യുന്ന നന്മയെ കാണാൻ അദ്ദേഹം ശ്രമിച്ചു. സാമൂഹ്യാപഗ്രഥനമില്ലാഞ്ഞതിനാൽ, അതിന്റെ ആഴത്തിൽ കാണാൻ സാധിച്ചില്ലെന്നു മാത്രം.

കൊല്ലം രൂപതയിലല്ലാത്ത മറ്റു രണ്ടു വൈദികരെയെങ്കിലും കൂടി പറയേണ്ടതുണ്ട്. റിഡംപ്റ്ററിസ്റ്റ് അച്ചനായ തോമസ് കോച്ചേരിയും ചർച്ച് ഓഫ് സൗത്ത് ഇൻഡ്യ (മധ്യകേരളം) അംഗമായ റവ. എം. ജെ. ജോസഫും. ഇവർ രണ്ടുപേരെയും കൂട്ടുകാരും ഗുരുക്കന്മാരും എന്ന ദ്വന്ദ്വഭാവത്തിലാണ് ഞാൻ കാണുക. എന്തും തുറന്നു പറയാവുന്ന കൂട്ടുകാർ ആയിരിക്കുമ്പോൾതന്നെ എന്റെ ജീവിതനീക്കത്തിൽ ദിശാബോധം പകരാൻ നല്ലൊരു പങ്കു ഇവർ വഹിച്ചിട്ടുള്ളതിനെ നന്ദിപൂർവ്വം സ്മരിക്കുന്നു.

ഇനിയും എടുത്തുപറയേണ്ട വളരെയധികം വൈദികസുഹൃത്തുക്കളുണ്ട്. അവരുടെ പേരുകളും എന്റെ വളർച്ചയിൽ അവർ നിർവഹിച്ച പങ്കും വിവരിക്കാൻ തുടങ്ങിയാൽ എങ്ങും എത്തുകയില്ല. അത്ര വിശാലമാണ് ആ ക്യാൻവാസ്. അതുകൊണ്ട് ഈ വിവരണം ഇവിടെ നിറുത്തട്ടെ.

**മരണത്തെ അതിജീവിക്കുന്ന സുഹൃദ്ബന്ധം**

1972 ജൂൺ 21. വിശുദ്ധ അലോഷ്യസ് ഗൊൻസാഗയുടെ തിരുനാൾ. കത്തോലിക്കാസഭയിൽ ഒരു അംഗീകൃത രീതിയുണ്ട്. പുണ്യവാളന്റെ തിരുനാൾ ദിനത്തെ ആ പേരുകാരന്റെ ഫീസ്റ്റായി കണക്കാക്കും. എന്റെ പേര് അലോഷ്യസാണല്ലോ. അപ്പോൾ അലോഷ്യസ് പുണ്യവാളന്റെ ദിനമായ ജൂൺ 21 എന്റെ ഫീസ്റ്റായി കാണുന്നു. അന്നു സഹവൈദികരും സുഹൃത്തുക്കളും ബന്ധുജനങ്ങളും ഇടവകജനങ്ങളും ഒക്കെ അഭിവാദനങ്ങൾ, ആശംസകൾ അർപ്പിക്കാൻ വരിക പതിവാണ്. ഒപ്പം നല്ല ഭക്ഷണവും കേക്കു മുറിക്കലും പായസം പങ്കുവെയ്ക്കലും മിഠായി കൊടുക്കലും ഒക്കെ നടക്കുന്നു.

1972-ലെ ഫീസ്റ്റ് ദിവസം. ആഘോഷമായ പാട്ടുകുർബാന. തുടർന്നു ചാരുംമൂടു ഇടവകയിലെ ശിശുഭവനിലെ കുട്ടികളും സെന്റ് ജോസഫ്സ് ഹോമിലെ

കുഞ്ഞുങ്ങളും ജനങ്ങളും സിസ്റ്റേഴ്സും വലിയച്ചനും (ഫാ. ഏലിയാസ് ജോസ്) കൂടിയുള്ള ആശംസാഗാനങ്ങളും മധുരം പങ്കുവെയ്ക്കലും നടന്നു. പല സഹവൈദികരും ഈ ആഘോഷത്തിൽ പങ്കെടുക്കാൻ വന്നിട്ടുണ്ട്. അവരോടൊപ്പം എന്റെ ആത്മാർത്ഥ സുഹൃത്തുക്കളായ ഫാ. ജോസ് ജെ. കളീയ്ക്കലും ഫാ. എം. നിക്ലസും എത്തിയിട്ടുണ്ട്. ഞങ്ങൾ കളിച്ചു രസിച്ചു ആ ദിവസം ചെലവിട്ടു. മിക്കവരും തന്നെ തിരിച്ചുപോയി. ജോസും നിക്ലസും ഞാനും മാത്രം അവശേഷിച്ചു.

ഞങ്ങൾ മൂവരും പരസ്പരം കാലുവാരിയും തമാശ്പറഞ്ഞു രസിച്ചും ആർത്തുല്ലസിക്കുകയാണ്. ചാരുംമൂട് പള്ളിവികാരി ഫാ. ഏലിയാസ് ജോസ് (ഏലിയാസച്ചൻ; ഞാൻ പള്ളിയുടെ അസിസ്റ്റന്റ് വികാരിയും) ആഹാരത്തിനു ക്ഷണിക്കാൻ ഞങ്ങളുടെ അടുക്കലേയ്ക്കു വന്നു. ഞങ്ങൾ മൂവരും ഒരു പായിൽ കിടന്നുകൊണ്ടുള്ള ഗുസ്തിയും തമാശും കണ്ട് തൃപ്തനായി നിന്നു; ആനന്ദനിർവൃതിയിലായതു പോലെ. തുടർന്ന് അദ്ദേഹം ചോദിച്ചു: നിങ്ങളിൽ ഒരാൾ മരിച്ചാൽ എന്തായിരിക്കും സംഭവിക്കുക? എങ്ങനെ നിങ്ങളതു താങ്ങും? അതേ, സുഹൃദ്ബന്ധത്തിന്റെ മാധുര്യം മരണത്തെ അതിജീവിക്കും എന്നു ഞങ്ങൾ അന്നു പറഞ്ഞു. ഞങ്ങൾ മൂവരുടെ സൗഹൃദബന്ധം കാലക്രമേണ വർദ്ധിച്ചു. ഞങ്ങൾ ശക്തിപ്രാപിച്ചുവന്നു.

പിന്നീട് ഓറ മാസികയുടെ മതേതര സ്വഭാവം, ഇൻഡ്യൻ സാഹചര്യത്തിൽ വിമോചന ദൈവശാസ്ത്രം എന്ത്, പരമ്പരാഗത മത്സ്യത്തൊഴിലാളി സമരത്തെപ്പറ്റിയുള്ള വിശകലനം, തുല്യരിൽ പ്രമുഖൻ എന്ന ചിന്ത, ജനജാഗൃതിയുടെ സ്വതന്ത്ര തുടക്കം, സുഹൃദ്ബന്ധത്തെപ്പറ്റിയുള്ള ധാരണ - ഇവയിലൊക്കെത്തന്നെ ജോസുമായി അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായി. പ്രത്യയശാസ്ത്രപരമായി ഞങ്ങൾ അകന്നു. അങ്ങനെ 1993 ൽ ജോസ് എന്റെ സൗഹൃദവലയത്തിൽ നിന്നു വഴുതിമാറി. അതിൽ ഞാൻ ഏറെ വേദനിച്ചു; ഒത്തിരി കണ്ണുനീർ പൊഴിച്ചു. അവസാനം യുക്തിയുക്തം കാര്യങ്ങളെ കാണാനും, വികാരത്തെ വിചാരം കൊണ്ടു കീഴ്പ്പെടുത്താനുമുള്ള തീവ്രമായ യത്നത്തിലൂടെയാണ് ആ ബന്ധത്തെ സ്വസ്ഥമായിട്ടൊന്നു നോക്കിക്കാണാൻ സാധിച്ചത്. ഇന്നും ഫാ. നിക്ലസുമായിട്ടുള്ള ബന്ധം ശക്തിയും ജീവനും പകരുന്ന ഒന്നാണ് - മരണത്തെ അതിജീവിക്കും സുഹൃദ്ബന്ധം.

# 40

## അണ്ണാണ്ണനും ലീല ചേട്ടത്തിയും എന്റെ വൈദികജീവിതവും

പൗരോഹിത്യം സ്വീകരിച്ച ദിവസം പൊതുവായി പ്രഖ്യാപിച്ചതുപോലെ, കുടുംബത്തിൽ നിന്നും രക്തബന്ധത്തിൽ നിന്നും അകന്നുനിന്നുകൊണ്ടുള്ള ജനസേവനമായിരുന്നു എന്നു പൊതുവേ പറയാം. സാധാരണ കുമ്പളത്തു വീട്ടിൽ വരാറില്ല; പ്രത്യേക സന്ദർഭത്തിലോ ഏതെങ്കിലും ആവശ്യങ്ങളിലോ സന്ദർഭത്തിലോ ഒഴിച്ച്. പട്ടം കഴിഞ്ഞു രണ്ടാമത്തെ വർഷം തന്നെ അപ്പാപ്പൻ മരിച്ചു; പിന്നെ അമ്മാമ്മയെ നിർബന്ധമായും വന്നു കണ്ടിരുന്നത് എന്റെ പിറന്നാൾ എന്ന് അമ്മാമ്മ പറഞ്ഞിരുന്ന ചിങ്ങത്തിലെ ഓണദിവസം. അത് അമ്മാമ്മയുടെ മരണംവരെയും കൃത്യമായി ചെയ്തിരുന്നു. എപ്പോൾ വന്നാലും വീട്ടിൽ നിന്ന് എന്തെങ്കിലും ഭക്ഷിക്കണം എന്നത് എനിക്കു നിർബന്ധമായിരുന്നു.

അപ്പാപ്പന്റെ മരണം കഴിഞ്ഞു. അപ്പനും ജ്യേഷ്ഠനും കാരണവനുമായി എന്റെ ജീവിതത്തിൽ ഇടപെട്ട വ്യക്തി അണ്ണാണ്ണനായിരുന്നു. ഞാൻ ഇടവകയിലായിരുന്നപ്പോൾ, അവിടെ നടക്കുന്ന എല്ലാ പ്രത്യേക പരിപാടിയുടെയും നോട്ടീസ് അണ്ണാണ്ണനു അയച്ചുകൊടുത്തിരുന്നു. അണ്ണാണ്ണൻ അവയിലൊക്കെ കൃത്യമായി വന്നു പങ്കെടുത്തിരുന്നു താനും. ഈ സമീപനം എന്നെ അണ്ണാണ്ണനുമായി കുറേശ്ശേ മനസ്സടുപ്പിച്ചു. അങ്ങനെ വല്ലപ്പോഴുമൊക്കെ കുമ്പളത്തു വീട്ടിലും നാന്തിരിക്കലിലുള്ള അണ്ണാണ്ണന്റെ വീട്ടിലും വരുന്ന രീതിയായി. സാവകാശം നാന്തിരിക്കലിലെ വീട് എന്റെ രണ്ടാംഭവനം പോലെ ആയി മാറി.

അണ്ണാണ്ണനുമായുള്ള താല്പര്യവും ബന്ധവും അരക്കിട്ടുറപ്പിക്കുന്നതിന് ലിലചേടത്തി നിശബ്ദമായിട്ടാണെങ്കിലും വലിയൊരു പങ്കു വഹിച്ചിട്ടുണ്ട്. വീട്ടിലേയ്ക്കു കടന്നുചെല്ലുക പൊതുവേ രാത്രിയാണ്, പലപ്പോഴും അർദ്ധരാത്രിയിൽ. രാത്രിയുടെ ഇരുട്ടിൽ ചെന്നു കതകിനു കൊട്ടുമ്പോൾ, ഉറക്കത്തിൽ നിന്നെണീറ്റു പുഞ്ചിരിയോടെ വന്നു കതകു തുറന്നു സ്വീകരിക്കുന്ന ജ്യേഷ്ഠ

ത്തിയുടെ ചിത്രം മറക്കാനാകില്ല. ജ്യേഷ്ഠത്തിയുടെ കയ്യിൽ നിന്നും എന്തെങ്കിലും ഭക്ഷിച്ചിട്ടേ എത്ര രാത്രിയായാലും, എത്ര വയറു നിറഞ്ഞാലും ഉറങ്ങുകയുള്ളു. ഒരു കൂട്ടുകാരിയുടെ ഹൃദ്യതയോടെയാണ് ജ്യേഷ്ഠത്തി ഇടപെട്ടിരുന്നത്. ജ്യേഷ്ഠത്തിയുടെ മരണശേഷം, അണ്ണാണ്ണനും മൂന്നു മക്കളുടെ കുടുംബങ്ങളും ഞാനും ഒത്തിരുന്നു വേർപാടിന്റെ ദുഃഖഭാരം പങ്കുവച്ചു പ്രാർത്ഥിച്ച സന്ദർഭത്തിൽ, അവരുടെ രണ്ടാമത്തെ മകൻ ജോൺസൺ (ജോണി) പറഞ്ഞത് ഏതാണ്ടിങ്ങനെയാണ്: 'എനിക്കിന്നു നഷ്ടപ്പെട്ടത് മമ്മായേക്കാൾ എനിക്കു എന്തും എപ്പോഴും തുറന്നുപറയാവുന്ന എന്റെ കൂട്ടുകാരിയെയാണ്.'

അണ്ണാണ്ണൻ എന്റെ എല്ലാ നീക്കങ്ങളും സസൂക്ഷ്മം നിരീക്ഷിക്കുന്നുണ്ടായിരുന്നു. ഞാൻ ഇടവകയിലായിരുന്നപ്പോൾ എന്റെ നേതൃത്വത്തിൽ നടത്തിയിരുന്ന പള്ളിപ്പരിപാടികളിലും പള്ളിയേതര സംരംഭങ്ങളിലും (ഉദാ: സെമിനാർ, സ്റ്റഡിക്ലാസ്, സംവാദം മുതലായവ) അദ്ദേഹം വന്നു പങ്കെടുത്തിരുന്നു. ക്ലാസ്സിൽ പങ്കെടുക്കുമ്പോൾ നല്ലൊരു കുട്ടിയുടെ തീക്ഷ്ണത കാണിച്ചിരുന്നു. ക്ലാസ്സുകൾ ശ്രദ്ധിച്ചു കേട്ട് നോട്ടുകൾ കുറിക്കുമായിരുന്നു, സംശയങ്ങൾ അപ്പോഴപ്പോൾ ചോദിക്കുമായിരുന്നു. ഏതു പരിപാടി കഴിയുമ്പോഴും എങ്ങനെയുണ്ട്? എന്ന ചോദ്യത്തിനു കൊള്ളാമായിരുന്നു എന്നുത്തരവും തുടർന്നു ചില കൂട്ടിച്ചേർക്കലുകളും കിട്ടിയിരുന്നു. പ്രായപൂർത്തിയായിടം തൊട്ട് ഉറച്ച കോൺഗ്രസുകാരനായിരുന്ന അണ്ണാണ്ണനിൽ ഏതോ ചില വ്യതിയാനങ്ങൾ സംഭവിക്കുന്നതായി ഞാൻ ശ്രദ്ധിച്ചു. ഈ ക്ലാസ്സുകളും മറ്റും അദ്ദേഹത്തിന്റെ പഴയ ബോധ്യങ്ങളെ വിലയിരുത്താനും ചരിത്രപരമായി അപഗ്രഥിക്കാനും സഹായിച്ചു. പുതിയൊരു സമൂഹസൃഷ്ടിക്കു ദരിദ്രപക്ഷം പിടിച്ചുകൊണ്ടുള്ള പ്രവർത്തനം അനിവാര്യമാണെന്നു അദ്ദേഹം സ്വമേധയാ മനസ്സിലാക്കിയെന്നു മാത്രമല്ല, തന്റെ സ്വതസിദ്ധമായ അദ്ധ്യാപകപാടവത്തോടെ ഇക്കാര്യം തന്നെ സമീപിക്കുന്നവരെ പറഞ്ഞു മനസ്സിലാക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്.

പള്ളിയുടെ ഔദ്യോഗിക വികാരിയായി ഞാൻ അവസാനം ശുശ്രൂഷ നടത്തിയത് പടപ്പക്കര ഇടവകയിലാണ്. അവിടെനിന്നും കൃത്യമായും രണ്ടു മാസത്തേയ്ക്കു ബിഷപ് അവധി അനുവദിച്ചു. സ്വാഭാവികമായും രണ്ടു മാസം കഴിയുമ്പോൾ എനിക്കു രൂപതയുടെ ഏതെങ്കിലും തസ്തികയിൽ നിയമനം നല്കണം. അതാണു സാമാന്യനീതി. പക്ഷേ അവധി കഴിഞ്ഞു ഞാൻ കൃത്യമായ ദിവസം തിരിച്ചെത്തിയപ്പോൾ എനിക്കു നിയമനം നല്കിയില്ല. ഇങ്ങനെ ഔദ്യോഗിക നിയമനം ഇല്ലാതെ നടന്ന കാലയളവിൽ, പ്രത്യേകിച്ചു 1987 കളിൽ, കുണ്ടറ ഡി. പി. ഐ. എഫ്. സി. ഓഫീസ് (വാടകക്കെട്ടിടം) ഉണ്ടായിരുന്നെങ്കിലും, നാന്തിരിക്കലിലെ അണ്ണാണ്ണന്റെ വീട് എന്നും എനിക്കായി തുറന്നിട്ടിരു

ന്നു. ചേട്ടത്തി എനിക്കായി ഒരു മുറിതന്നെ ഒരുക്കിയിരുന്നു. അങ്ങനെ കുണ്ട റയിലെ അണ്ണാണ്ണന്റെ വീട് ഹൃദയത്തിന്റെ ഭാഗമായി മാറി.

അണ്ണാണ്ണനോടുള്ള ബഹുമാനവും ആദരവും ഏറെ വർദ്ധിക്കാൻ ഒരു പ്രത്യേക കാരണവുമുണ്ടായി. അണ്ണാണ്ണനു സ്വന്തമായി ഉപയോഗിക്കാൻ ഒരു മുറിയുണ്ട്. ആരും അങ്ങനെ ആ മുറിയിൽ കയറാറില്ല; വളരെ അത്യാവശ്യ ത്തിനു ഒരിക്കൽ ഞാൻ ആ മുറിയിൽ കയറി. കയറിയ കാര്യം പരിശോധി ക്കുന്ന മുറയ്ക്ക്, യാദൃച്ഛികമായി ഒരു കത്ത് കണ്ടു - അണ്ണാണ്ണൻ കൊല്ലം ബിഷപ്പിനു എഴുതിയ കത്തിന്റെ കോപ്പി. അണ്ണാണ്ണൻ എന്തിനാണു ബിഷപ്പി നെഴുതിയത് എന്ന ജിജ്ഞാസയോടെ ഞാനതു വായിച്ചു. കത്തിന്റെ രത്ന ച്ചുരുക്കം ഇതായിരുന്നു. എന്തുകൊണ്ടു ഫാ. അലോഷ്യസിനു നിയമനം കൊടു ക്കുന്നില്ല? എന്ന ചോദ്യത്തെ വളരെ ശാസ്ത്രീയമായും വസ്തുനിഷ്ഠമായും കാര്യങ്ങളെ വിലയിരുത്തി വിശദീകരിക്കുകയായിരുന്നു. ഹാസ്യം കലർത്തിയ ഗൗരവത്തോടെ, പാവങ്ങൾക്കുവേണ്ടി നിന്നതുകൊണ്ടാണോ, യേശുവിനെ പ്പോലെ ലളിതജീവിതം നയിച്ചതുകൊണ്ടാണോ, പാവപ്പെട്ട മത്സ്യത്തൊഴിലാ ളികൾക്കുവേണ്ടി കഷ്ടപ്പെടുന്നതുകൊണ്ടാണോ, അവരുടെ ബോധതലം വളർത്താൻ വേണ്ട പഠനങ്ങൾ കൊടുക്കുന്നതു കൊണ്ടാണോ, കുർബാന ജന ത്തിനു ഹൃദ്യവും അനുഭവവേദ്യവുമാക്കിയതുകൊണ്ടാണോ ... ഇങ്ങനെ 20 -24 ചോദ്യങ്ങൾ അക്കമിട്ട് എഴുതി ഉന്നയിക്കുകയായിരുന്നു ആ കത്തിലൂടെ. ആ കത്തു വായിച്ചപ്പോൾ അടിസ്ഥാനപരമായി അണ്ണാണ്ണൻ എവിടെനി ല്ക്കുന്നു എന്ന് എനിക്കു വ്യക്തമായി. അറിയാതെ ഞാൻ അദ്ദേഹത്തെ ആഴ ത്തിൽ സ്നേഹിച്ചു.

ഇങ്ങനെ ഔദ്യോഗിക സഭയുടെ ഉത്തരവാദിത്തം ഇല്ലാഞ്ഞപ്പോഴാണ്, കുണ്ടറ കേന്ദ്രമാക്കിയുള്ള ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തെ ലക്ഷ്യംവച്ചുകൊണ്ട് ആരംഭിച്ച് പ്രവർത്തിച്ചുകൊണ്ടിരുന്ന ഡി. പി. ഐ. എഫ്. സി (Development Programme for Inland Fishermen Community) യുടെ പ്രവർത്തനം കൂടുതൽ സജീവമാക്കിയത്. ഓഫീസ് വാടകക്കെട്ടിടത്തിലായി രുന്നെങ്കിലും തെരുവുനാടകങ്ങളുടെ പരിശീലനം, സ്ത്രീകളുടെ സെമിനാർ മുതലായ പ്രധാനപരിപാടികൾ നടത്തിയിരുന്നത് അണ്ണാണ്ണന്റെ വീട്ടിലും പറ മ്പിലും വച്ചായിരുന്നു. പാചകം ചെയ്യാൻ ഡി. പി. ഐ. എഫ്. സി പ്രവർത്ത കർ വരുമായിരുന്നെങ്കിലും പാചകത്തിന്റെ പൂർണ്ണ ഉത്തരവാദിത്തം ചേട്ടത്തി ക്കായിരുന്നു. ഒരു അമ്മയുടെ കരുതലോടെയാണ് ചേട്ടത്തി ഇവയെല്ലാം ചെയ്തത്. ഓരോ പഠനക്ലാസ്സും ഉണ്ടെന്നറിയിച്ചാൽ എന്തായിരിക്കണം ഓരോ ദിവസവും അവരുടെ ആഹാരം എന്നു ചർച്ചയുണ്ടാകും. ചേട്ടത്തി അതി നുള്ള ഒരുക്കങ്ങൾ, പലവ്യഞ്ജനവും മലക്കറിസാധനങ്ങളും മീനും മറ്റും വാങ്ങു ന്നതു വരെ, നടത്തിയിരിക്കും. പിന്നെ സഹായിക്കാൻ വരുന്നവർക്ക് ജോലി

എളുപ്പമായിരിക്കും. ഇവയൊക്കെ ചെയ്യുന്ന രീതിക്കു വളരെ വലിയൊരു പ്രത്യേകതയുണ്ടായിരുന്നു - നിശബ്ദമായിട്ടുള്ള സേവനം. ഇപ്പോൾ ഡി. പി. ഐ. എഫ്. സി പ്രവർത്തിക്കുന്ന സ്വന്തം കെട്ടിടത്തിന്റെ പണിയിലും ചേട്ടത്തിക്കു വ്യക്തിപരമായ താല്പര്യവും ത്യാഗപൂർണമായ ഇടപെടലും ഉണ്ടായിരുന്നു.

ചേട്ടത്തിയുടെ മരണം ഞങ്ങൾക്കെല്ലാം വളരെ വലിയ നഷ്ടമായിരുന്നു. മരണം കഴിഞ്ഞുള്ള ചടങ്ങുകൾ ലളിതമാക്കാനുള്ള നിർദ്ദേശത്തെ അണ്ണാണ്ണൻ പോസിറ്റീവായിട്ടാണ് എടുത്തത്. അങ്ങനെ ഏഴടിയന്തിരം മരിച്ചുകഴിഞ്ഞു വന്ന ഞായറാഴ്ച വൈകിട്ടുള്ള കുർബാനയും ലഘുഭക്ഷണവും കൊണ്ടു നിർത്തി. ഒരാൾ മരിച്ചുകഴിഞ്ഞാൽ, അവരുടെ ആദ്യ ആണ്ടു വളരെ ആഘോഷമായിട്ടു അനുസ്മരിക്കുക ക്രൈസ്തവരുടെ ഇടയിൽ ഇന്നത്തെ അംഗീകൃതരീതിയാണ്. ഇതിലും അണ്ണാണ്ണൻ വ്യതിരിക്തത കാണിച്ചു. ആദ്യ ആണ്ടിന് അണ്ണാണ്ണനിട്ട ബഡ്ജറ്റ് 35,000 രൂപയായിരുന്നു. എല്ലാ പരിപാടികളും 5000 രൂപയ്ക്കു ചുരുക്കിയിട്ടു, അന്നുതന്നെ 30,000 രൂപ കൊടുത്ത് ഒരു പാവപ്പെട്ട പെൺകുട്ടിയുടെ വിവാഹം നടത്തിക്കൊടുക്കാൻ തീരുമാനിച്ചു. ഒരു ദലിത്പെൺകുട്ടിയുടെ കല്യാണം നടത്തി, ആ ദിവസം സമ്പന്നമാക്കി. മറ്റു പള്ളിച്ചടങ്ങുകളും കാപ്പിസല്ക്കാരവും മറ്റും ഏറ്റം ലളിതമാക്കുകയും ചെയ്തു.

ജ്യേഷ്ഠത്തിയുടെ മരണശേഷം അണ്ണാണ്ണന് ഒത്തിരി ഏകാന്തത അനുഭവപ്പെട്ടെങ്കിലും, ജനകീയപ്രസ്ഥാനങ്ങളുമായുള്ള ബന്ധപ്പെടലിൽ ആനന്ദം കണ്ടെത്തി; അതുപോലെ അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും ഇടപെടലും എനിക്കു വലിയ ശക്തിയും ഊർജ്ജവുമായിരുന്നു. മരിക്കുമ്പോൾ അണ്ണാണ്ണന്റെ കണ്ണ് ദാനം ചെയ്യണമെന്നുള്ള ആഗ്രഹം എന്നോടു പറഞ്ഞിരുന്നു. അദ്ദേഹം മരിച്ചപ്പോൾ അണ്ണാണ്ണന്റെ മക്കൾ തോംസണും ജോൺസണും എന്നോടൊപ്പം വന്നു കൊല്ലം ഗവണ്മെന്റ് ആശുപത്രിയിൽ കണ്ണു ദാനം ചെയ്തത് അഭിമാനത്തോടെ ഓർക്കുന്നു. തുടർന്ന് എല്ലാ വർഷവും അദ്ദേഹത്തിന്റെ അനുസ്മരണം ഞങ്ങൾ നടത്തുന്നു.

അങ്ങനെ ഇവർ രണ്ടുപേരും എന്റെ വൈദികജീവിതത്തിന്റെ ധന്യതയ്ക്ക് നല്ലൊരു പങ്കുവഹിച്ചു. അവർ രണ്ടുപേരുടെയും മരണം എനിക്കു തീരാനഷ്ടമാണ്.

# 41

## ദരിദ്രപക്ഷം

**ജോസഫ്പിതാവും ഞാനും**

ബിഷപ് ജോസഫ് ജി. ഫെർണാന്റസ് കൊച്ചുസെമിനാരിയിൽ ഫാ. പ്രീഫക്ടായിരുന്ന കാര്യവും അന്നു അദ്ദേഹം എന്നോടു കാട്ടിയ സ്നേഹവും കരുതലും നേരത്തെ ഞാൻ വിവരിച്ചിട്ടുണ്ട്. അതുപൊലെതന്നെ എന്റെ പൗരോഹിത്യ ശുശ്രൂഷാവേളയിൽ അദ്ദേഹവുമായി ഉണ്ടായിട്ടുള്ള ചില അനുഭവങ്ങളും നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. ഇവിടെ പറയാൻ പോകുന്നത് കൂടുതലും വ്യക്തിപരമായി എന്നെ സ്പർശിച്ച ഒന്നുരണ്ടു കാര്യങ്ങളാണ്.

ഒരു വൈദികൻ, പ്രത്യേകിച്ച് ഒരു രൂപതാ വൈദികനെന്ന നിലയിൽ, തന്റെ രൂപതാദ്ധ്യക്ഷനുമായുള്ള ബന്ധം ജീവിതയാത്രയിൽ നിർണ്ണായകമായ പങ്കു വഹിക്കുന്നു. ബിഷപ് ജെറോമിന്റെ കുറച്ചുകാലത്തെ ഭരണാനന്തരം ഏറെക്കാലവും എന്റെ ബിഷപ് ജോസഫ് തിരുമേനിയായിരുന്നു. ഇപ്പോൾ ബിഷപ് സ്റ്റാൻലി റോമനും. ബിഷപ് ജോസഫുമായുള്ള എന്റെ നീണ്ടകാലത്തെ ഇടപെടലിൽ, എനിക്കു ഏറ്റം ശക്തിപകർന്ന അനുഭവം ഒരിക്കലും എന്റെ ആത്മാർത്ഥതയെ അദ്ദേഹം സംശയിച്ചില്ല എന്നതാണ്. അഭിപ്രായവ്യത്യാസങ്ങൾ, എതിർപ്പ് ഒക്കെയുണ്ടായിട്ടുണ്ടെങ്കിലും, ഫാ. അലോഷ്യസ് അദ്ദേഹം മനസ്സിലാക്കിയ സത്യത്തോടു വിശ്വസ്തത പുലർത്തുന്നവനാണെന്നു ചിലരുടെ അടുത്തെങ്കിലും പറഞ്ഞതായി കേട്ടിട്ടുണ്ട്.

എനിക്കുള്ള അനുഭവങ്ങൾ ഇതു സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. അതുപോലെ എനിക്ക് ജോസഫ്പിതാവിനോടു മനസ്സിൽ അല്പംപോലും കെറുവില്ല. എന്നോടു കരുതലും സ്നേഹവുമുള്ള ഒരു മേലധികാരിയായിട്ടേ അന്നും ഇന്നും അദ്ദേഹത്തെ ഞാൻ കാണുന്നുള്ളു. ഒരിക്കലും ഞങ്ങൾ വഴക്കിട്ടു പിരിഞ്ഞിട്ടില്ല. കാര്യങ്ങൾ പരസ്പരം പറഞ്ഞിട്ട് സന്തോഷമായിട്ടാണ് എപ്പോഴും വിടവാങ്ങിയിട്ടുള്ളത്. മുഖ്യധാരയിലല്ലാത്ത ഒരു വൈദികനെന്ന നിലയിൽ, ബിഷപ്പിന്റെ ഈ ഇടപെടൽ ശൈലിയെ ഞാൻ ആദരവോടെയാണ് വിലയിരുത്തുക. ധാരാളം അനുഭവങ്ങളുണ്ട്.

കേരള സ്വതന്ത്രമത്സ്യത്തൊഴിലാളി ഫെഡറേഷൻ രൂപംകൊണ്ട കാലം. ഫാ.

ആൽബർട്ട് പരിശവിളയായിരുന്നു സംസ്ഥാനപ്രസിഡന്റ്. ഫെഡറേഷന്റെ പ്രവർത്തനത്തിൽ പ്രത്യയശാസ്ത്രപരമായ ചില അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാവുകയും ഫാ. ജോസ് ജെ. കളീയ്ക്കൽ സംസ്ഥാനപ്രസിഡന്റായി ഫെഡറേഷൻ പുനഃക്രമീകരിക്കുകയും ചെയ്തു. ഫാ. ജോസിന്റെ നേതൃത്വത്തിൽ കൊല്ലം ടൗണിനെ ഇളക്കിമറിക്കുന്ന കൂറ്റൻ പ്രകടനം ഫെഡറേഷൻ പ്ലാനിട്ടുകഴിഞ്ഞു. പ്രകടനത്തിന്റെ തലേന്നു കൊല്ലം രൂപതയിലെ വൈദികരുടെ പൊതുയോഗമുണ്ടായിരുന്നു. ബഹു. ബിഷപ് ജോസഫ് ആണ് അദ്ധ്യക്ഷൻ. മിക്ക വൈദികരും സന്നിഹിതരായിരുന്നു. അവിടെ ഏകസ്വരത്തിൽ ഉയർന്നുവന്ന ഒരഭിപ്രായം ഫാ. ജോസ് ജെ. കളീയ്ക്കലിന്റെ നീക്കത്തിൽ പ്രതിഷേധിക്കാനും അദ്ദേഹത്തെ സസ്പെന്റ് ചെയ്യാനുമാണ്. ഇങ്ങനെ ചെയ്യുന്നതിനുള്ള കാരണങ്ങൾ പല വൈദികരും ശക്തിയുക്തമായും വികാരതീവ്രതയോടും കൂടി അവതരിപ്പിക്കുകയും ശബ്ദായമാനമായ കയ്യടിയോടെ സപ്പോർട്ട് ചെയ്യുകയും ചെയ്തു. അഭിപ്രായ ഏകീകരണം ശക്തമായിക്കൊണ്ടിരിക്കെ എന്റെ അഭിപ്രായം പറയാൻ ഞാൻ കൈ ഉയർത്തി. ബിഷപ് എന്റെ പേരുവിളിച്ചു, സംസാരിക്കാൻ അവസരം നല്കി. എന്റെ അഭിപ്രായം ഏതാണ്ടിങ്ങനെയായിരുന്നു: 'ഇവിടെ എന്റെ സഹവൈദികർ ഫാ. ജോസിനെതിരായി നിരത്തിയ ആരോപണങ്ങൾ ശരിയാണെങ്കിൽ അദ്ദേഹത്തെ തീർച്ചയായും ശിക്ഷിക്കണം. പക്ഷേ ഫാ. ജോസ് ഇവിടെയില്ല. അദ്ദേഹത്തെ കേൾക്കാതെ വിധിയെഴുതുക സ്വാഭാവികനീതിക്ക് എതിരാണ്. അതുകൊണ്ട് ഫാ. ജോസിനെ കേട്ടിട്ട് വേണം തീരുമാനമെടുക്കാൻ.' എന്റെ അഭിപ്രായത്തെ മിക്ക വൈദികരും എതിർത്തു. പ്രകടനം നയിക്കുന്നു എന്നു കാണിക്കുന്ന നോട്ടീസ് തെളിവിനായിട്ടുണ്ട്. ഫാ. ജോസിനെ ഉടൻ ശിക്ഷിക്കണമെന്നു തന്നെയാണ് വൈദികസമിതിയുടെ പൊതു അഭിപ്രായം. വീണ്ടും ഞാൻ കയ്യുയർത്തി നിലകൊണ്ടു. ബിഷപ് രണ്ടാമതും എനിക്കു സംസാരിക്കാൻ അവസരം നല്കി. വൈദികസമിതിയുടെ ഈ നീക്കം നീതിക്കു ഒട്ടും നിരക്കുന്നതല്ലെന്നും ഫാ. ജോസിനെ കേട്ടേ നടപടി പാടുള്ളുവെന്നും അല്ലാതൊരു നടപടിയെടുത്താൽ അതിൽ എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തണമെന്നും വ്യക്തമായി അഭിപ്രായപ്പെട്ടു. അവസാനം ബിഷപ് എന്റെ അഭിപ്രായത്തോടാണ് യോജിച്ചത്. നടപടിക്കു മുമ്പ് ഫാ. ജോസിനെക്കണ്ടു സംസാരിക്കണമെന്ന് തീരുമാനിച്ചു. അടുത്ത ദിവസത്തെ മത്സ്യത്തൊഴിലാളി പ്രകടനം തുടങ്ങുന്നതിനു മുമ്പ് ഫാ. ജോസിനെ കണ്ടെത്തി ബിഷപ്പിന്റടുത്തു ഹാജരാക്കാൻ ഒരു വൈദികസംഘം ബിഷപ്പിന്റെ കത്തോടുകൂടി പുറപ്പെട്ടു. അവർക്കു അദ്ദേഹത്തെ കാണാൻ പറ്റിയില്ല. അടുത്ത ദിവസം ഉച്ചകഴിഞ്ഞുള്ള കേരള സ്വതന്ത്രമത്സ്യത്തൊഴിലാളി ഫെഡറേഷന്റെ പ്രകടനം ഫാ. ജോസ് നയിക്കുകയും ചെയ്തു.

മറ്റൊരു സംഭവം. പടപ്പക്കരയിൽ നിന്നും ബിഷപ്പിന്റെ അനുവാദത്തോടെ

ഞാൻ 2 മാസത്തെ അവധിയെടുത്തു. അവധി കഴിഞ്ഞു തിരിച്ചെത്തിയപ്പോൾ എനിക്ക് ഇടവകയുടെ ചാർജ്ജ് തരുന്നതിനു മുമ്പ് സംസാരിക്കാനുണ്ട് എന്നു ബിഷപ് അറിയിച്ചു. അങ്ങനെ അരമനയിൽ സംസാരിക്കാൻ ചെന്നപ്പോൾ, ബിഷപ്പും വികാരി ജനറലും ഒന്നിച്ചാണ് എന്നെ കണ്ടത്. വികാരി ജനറൽ ചില ആരോപണങ്ങൾ നിരത്തി. ഞാൻ അവയോടുള്ള എന്റെ പ്രതികരണം നടത്തി. അവസാനം ബിഷപ് പറഞ്ഞു: 'നമുക്ക് ഈ ചർച്ച തുടരാം' (We will continue this discussion) അങ്ങനെ തീരുമാനമാകാതെ പിരിഞ്ഞു. മാസങ്ങൾ കഴിഞ്ഞു വീണ്ടും ബിഷപ് വിളിച്ചു. ചെന്നപ്പോൾ ബിഷപ്പും അദ്ദേഹത്തിന്റെ ഉപദേശകസമിതിയുമുണ്ട്. അവർ എല്ലാവരും അർദ്ധവൃത്താകൃതിയിലിരുന്ന് എന്നെ ചോദ്യം ചെയ്തു. രാവിലെ 9.30 നു ചർച്ച ആരംഭിച്ചു. അവർക്കെല്ലാം എന്നെ ശിക്ഷിച്ചാൽ കൊള്ളാമെന്നുണ്ടായിരുന്നു. അവരുടെ ഓരോ ആരോപണത്തോടും എന്റെ വ്യക്തമായ നിലപാട് സാവകാശം വിശദീകരിച്ചു. സമയം ഉച്ച കഴിഞ്ഞ് 2.30 ആയി. ബിഷപ് അവസാനം പറഞ്ഞു: 'നമുക്ക് ഈ ചർച്ച തുടരാം.' ഉച്ചഭക്ഷണം കഴിച്ചു ഞങ്ങൾ പിരിഞ്ഞു. പിന്നെ ചർച്ച നടന്നിട്ടില്ല; ഞാൻ എന്റെ അവധിയിൽ ഇന്നും തുടരുന്നു. ഇതു കഴിഞ്ഞു പലവട്ടം ബിഷപ്പുമായി ഞാൻ ബന്ധപ്പെട്ടിട്ടുണ്ട്. എപ്പോഴും സ്നേഹത്തോടെയാണ് ഞങ്ങൾ പിരിഞ്ഞിട്ടുള്ളത്. വൈദികസമിതിയും ഉപദേശകസമിതിയും ഒന്നടങ്കം പറഞ്ഞിട്ടും, നീതിയുടെ പക്ഷം അന്വേഷിക്കാമെന്ന നിലപാടെടുത്ത ബിഷപ് ജോസഫിനെ എനിക്കു ആദരവോടെ മാത്രമേ കാണാൻ പറ്റൂ.

**ദരിദ്രപക്ഷത്ത് ഉറച്ചുനില്ക്കാൻ**
**ചെറു വൈദികസംഘം**

ഞങ്ങളുടെ ചെറുവൈദികസംഘം രൂപപ്പെടുന്നതിൽ പ്രാർത്ഥന വലിയൊരു പങ്കുവഹിച്ചു. പക്ഷേ അത് അച്ചിട്ടു ചിട്ടപ്പെടുത്തിയ പരമ്പരാഗത പ്രാർത്ഥന ഉരുവിടലല്ലായിരുന്നു. എല്ലാ മാസവും ഉണ്ടായിരുന്ന ഞങ്ങളുടെ സംഘകൂടിവരവിന് ഏറെ പ്രാധാന്യം കൊടുത്തിരുന്നു. മറ്റു പരിപാടികളൊക്കെ മാറ്റിയിട്ടു ഇതിനു വരുമായിരുന്നു. ഒത്തുവരാനും ഒത്തു രസിക്കാനും ഒത്തു പഠിക്കാനും ഒത്തു ഭക്ഷിക്കാനും പ്രശ്നങ്ങളും ജീവിതാനുഭവങ്ങളും ഒത്തു പങ്കുവെയ്ക്കാനും ഒത്തു പ്രാർത്ഥിക്കാനുമുള്ള മനോഹരവും വിലപ്പെട്ടതുമായ അവസരമായിട്ടാണ് ഞങ്ങൾ അതിനെ കണ്ടിരുന്നത്. പലവട്ടം ഞങ്ങളുടെ ഈ കൂടിവരവ് ഹൃദയസ്പർശിയായ അനുഭവങ്ങൾ സംഭാവന ചെയ്തിട്ടുണ്ട്. ഈ കൂടിവരവിലാണ് ആത്മാർത്ഥമായി പ്രാർത്ഥിക്കാൻ പഠിച്ചത്; പ്രാർത്ഥന ജീവിതബന്ധിയായ ഒരനുഭവമാക്കി രൂപാന്തരപ്പെടുത്തിയത്. സ്വതന്ത്രമായി എന്തും എങ്ങനെയും തുറന്നു പ്രകാശിപ്പിക്കാമായിരുന്ന ഒരിടമായിരുന്നു ഈ സന്ദർഭങ്ങൾ. ഗ്രൂപ്പിനുള്ളിൽ ശക്തമായ പ്രോത്സാഹനങ്ങളും കൈതാങ്ങും

ഒപ്പം നിശിതമായ വിമർശനങ്ങളും നടക്കുമായിരുന്നു. അവയൊക്കെ സംഘത്തെ ശക്തിപ്പെടുത്തി ഉറപ്പിക്കുന്നൊരു അനുഭവമായിരുന്നു.

എന്റെ ജീവിതത്തെ വല്ലാതെ സ്പർശിച്ച ഒന്നുരണ്ട് അനുഭവങ്ങൾകൂടി പറയട്ടെ. സോളമനച്ചൻ പത്തനംതിട്ട വികാരിയായിരുന്ന്, ജനങ്ങളെ ഹൃദ്യമായൊരു കുടുംബാന്തരീക്ഷത്തിൽ വളർത്തിക്കൊണ്ടുവന്ന കാലം. അദ്ദേഹത്തിനു കാഞ്ഞിരകോട്ടേയ്ക്കു സ്ഥലംമാറ്റമായി; പകരം പത്തനംതിട്ട വികാരിയായി നിയമിച്ചതു എന്നെയായിരുന്നു. ബാഗ്ലൂർ ഇൻഡ്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിലെ പരിശീലനത്തിന്റെയും മറ്റു ചിന്തകളുടെയും പഠനത്തിന്റെയും വെളിച്ചത്തിൽ ശാസ്ത്രീയമായ സാമൂഹ്യാപഗ്രഥനത്തെ ആദ്യമായി ഗൗരവമായി കണക്കിലെടുത്തിരുന്ന കാലം. നാരങ്ങാനത്തെ ഒരു ദലിത്സഹോദരൻ സ്ഥലത്തെ ഒരു സവർണ്ണൻ ഇരുന്ന ബഞ്ചിന്റെ ഒരറ്റത്ത് ഒപ്പം ഇരുന്നതിൽ രോഷാകുലനായി അവനെയും മറ്റു രണ്ടു ദലിതരെയും മർദ്ദിച്ച സംഭവത്തിൽ പ്രതിഷേധിക്കാൻ തീരുമാനമെടുത്തു; ഒരു വർഗ്ഗസംഘട്ടനത്തിന്റെ വഴി തെളിയുന്നതുപോലെ എനിക്കു തോന്നി. ഒരു നിശ്ചിതദിവസം പ്രഷേധറാലിയും പൊതുയോഗവും നടത്താൻ തീരുമാനിച്ചു. അതിനുവേണ്ട മറ്റു ക്രമീകരണങ്ങൾ നടത്താൻ വേണ്ട ഏർപ്പാടുകളും ചെയ്തു.

അതിനു മുമ്പ് അഞ്ചു ദിവസത്തെ ധ്യാനം ഞങ്ങൾ - ചെറുവൈദിക സംഘം - നടത്താൻ നേരത്തെതന്നെ തീരുമാനിച്ചിരുന്നു. നാഗർകോവിൽ ചുങ്കാങ്കടയിലെ തിരുമലയിലുള്ള ആശ്രമമായിരുന്നു ഞങ്ങളുടെ ധ്യാനസ്ഥലം. പരസ്പരം പങ്കുവെച്ചുകൊണ്ട്, അവിടത്തെ ഡയറക്ടറിന്റെ മേൽനോട്ടത്തിലായിരുന്നു ധ്യാനം. ധ്യാനത്തിനുള്ള ചിന്താസഹായിയായി എല്ലാ ദിവസവും രാവിലെ ഈ ഡയറക്ടർ ഒരു ആശയം പങ്കുവെയ്ക്കും. അതിന്റെ അടിസ്ഥാനത്തിലുള്ള വിചിന്തനവും ചർച്ചയും പങ്കുവെയ്ക്കലും പ്രാർത്ഥനയും ദിവസം മുഴുവൻ ഞങ്ങൾ സംഘമായി ചെയ്യും. ഇതായിരുന്നു പ്രവർത്തന രീതി. ഒരു ദിവസം ഡയറക്ടർ നല്കിയ സന്ദേശം ഇതായിരുന്നു: മധ്യത്തിൽ നിന്നു പാലം പണിയുക സാധ്യമല്ല. ഏതെങ്കിലും ഒരു കരയിൽ നിന്നു തുടങ്ങണം. നിങ്ങൾ പക്ഷം പിടിച്ചേ പറ്റൂ. (You can't build a bridge from the middle. You need to start from one side or the other. You have to take sides.) ഇതിനെപ്പറ്റിയുള്ള വിചിന്തനം നടക്കവേ, നാരങ്ങാനത്തെ സംഭവം ഞാൻ വിവരിച്ചു. താത്വികമായി ഇതൊക്കെ പറയുകയും മറ്റും ചെയ്യുന്നെങ്കിലും, എന്റെ മനസ്സിന്റെ ഉള്ളിന്റെയുള്ളിൽ ഒരു സന്ദേഹമുണ്ടായിരുന്നു - സോളമൻ അവിടെ വളർത്തിക്കൊണ്ടു വന്നിരുന്ന കുടുംബാന്തരീക്ഷത്തെ ഞാൻ സംഘട്ടനത്തിലൂടെ ശിഥിലമാക്കുകയാണോ എന്ന്. പ്രാർത്ഥനയിൽ ഞാനിതു കണ്ണീരോടെ ഹൃദയം തുറന്നു പങ്കുവെച്ചു. സോളമൻ എഴുന്നേറ്റുവന്നു എന്റെ തോളിൽ കയ്യിട്ടു ആലിംഗനം ചെയ്തിട്ടു പറഞ്ഞു: അലോഷ്യസ് ഇപ്പോൾ ചെയ്യാൻ

തീരുമാനിച്ചത് എനിക്കു ചെയ്യാൻ പറ്റാത്ത കാര്യമാണ്. ഞാൻ ചെയ്തുവന്നതിന്റെ അടുത്തപടിയാണത്. കുടുംബാന്തരീക്ഷം അർത്ഥപൂർണ്ണമാകുന്നത് അതിന്റെ വർഗ്ഗസ്വഭാവത്തിൽത്തന്നെ. അലോഷ്യസ് മുന്നോട്ടുപോകണം. എനിക്കും സോളമനും കൂടെയുണ്ടായിരുന്ന മറ്റു സംഘാംഗങ്ങൾക്കും വ്യക്തമായ നിലപാടെടുത്തു മുന്നേറുവാൻ ഈ പങ്കുവെയ്ക്കൽ വലിയ പ്രചോദനമായി. ആത്മസംഘർഷത്തിൽ സാന്ത്വനവും വ്യക്തതയും കിട്ടാൻ ഗ്രൂപ്പു എപ്പോഴും വലിയ പങ്കുവഹിച്ചിട്ടുണ്ട്; പലപ്പോഴും മേലധികാരികൾക്കും മറ്റും വഹിക്കാൻ പറ്റാത്ത വിലപ്പെട്ട പങ്ക്.

സംഘം ശക്തിപ്പെടുത്താൻ മാസംതോറുമുള്ള കൂടിവരവും വർഷത്തിലൊരിക്കലുള്ള ധ്യാനവും നടത്തി. രണ്ടുപ്രാവശ്യം മെഡിക്കൽ മിഷൻ സിസ്റ്റർ ഡോ. കരോളിന്റെ നേതൃത്വത്തിൽ കുറച്ചുദിവസങ്ങൾ ഞങ്ങൾ ഒത്തു ചെലവഴിച്ചിട്ടുണ്ട്. ഒന്ന്, പത്തനംതിട്ട റാന്നി - പെരുനാട്ടിലുള്ള ഒരു വീട്ടിൽ. മറ്റേത്, അടൂരിനടുത്തുള്ള പറന്തലിൽ. റാന്നി പെരുനാട്ടിൽ ഞങ്ങളുടെ ബന്ധത്തെ അരക്കിട്ടുറപ്പിക്കാൻ സഹായിക്കുമാറ് ട്രാൻസാക്ഷനൽ അനാലിസിസ് (Transanctional Analysis) എന്ന മനഃശാസ്ത്രശാഖയെ പരിചയപ്പെടുത്തിക്കൊണ്ടായിരുന്നു പരിശീലനപരിപാടി നടത്തിയത്. റ്റി. എ. കോഴ്സ് എന്നാണ് പൊതുവേ അതിനെ വിശേഷിപ്പിക്കുന്നത്. വളരെ വലിയൊരനുഭവമായിരുന്നു. അതിൽ ഒരു കാര്യം മാത്രം എടുത്തുപറയട്ടെ. റ്റി. എ. യിൽ ഒരു പ്രധാന ഘടകം സ്ക്രിപ്റ്റ് അപഗ്രഥനം ആണ്. 7 ദിവസത്തെ പ്രോഗ്രാമിൽ 2 പൂർണ്ണ ദിവസം സ്ക്രിപ്ടിനായി മാറ്റുന്നു. പങ്കെടുക്കുന്ന ഗ്രൂപ്പംഗങ്ങളിൽ ഏറ്റം നല്ല സുഹൃത്തുക്കൾ രണ്ടുപേർ വീതം ഓരോ സബ്ഗ്രൂപ്പാകും. ഞങ്ങൾ 12 പേരായിരുന്നു. നല്ലതുപോലെ അറിയാവുന്നവർ ആദ്യം 5 സബ്ഗ്രൂപ്പുകൾ ആയിക്കഴിഞ്ഞു. പിന്നെ ചോയിസില്ല. ഞാനും ബാക്കിയുണ്ടായിരുന്ന ഫിലിപ്പും ആറാമത്തെ സബ്ഗ്രൂപ്പായി. ഫിലിപ്പിനു ഞാനും, ഫിലിപ്പ് എനിക്കും തീർത്തും അപരിചിതൻ. ആകെ കണ്ടത് അവിടെ കോഴ്സിൽ പങ്കെടുക്കാൻ വന്നപ്പോൾ. ചെയ്യേണ്ടത് 6 സബ്ഗ്രൂപ്പിലുമുള്ള ഈരണ്ടുപേർ പരസ്പരം ജീവിതാനുഭവങ്ങൾ ആഴത്തിൽ തുറന്നു പങ്കുവെയ്ക്കണം. കുടുംബപശ്ചാത്തലം, വളർന്നുവന്ന വിവിധ പടവുകൾ, സുഹൃത്തുക്കൾ, നേട്ടങ്ങൾ, പരാജയങ്ങൾ, കുറവുകൾ, നഷ്ടബോധം, താല്പര്യങ്ങൾ ... എല്ലാം സാവകാശം പരസ്പരം തുറക്കുക - രണ്ടുദിവസങ്ങൾ ഇതിനുവേണ്ടി മാത്രം. മൂന്നാംദിവസം എല്ലാവരും ഒത്തുകൂടി ഓരോരുത്തരും തന്റെ സുഹൃത്തിനെ വലിയ ഗ്രൂപ്പിനു പരിചയപ്പെടുത്തിക്കൊടുക്കണം. അങ്ങനെ ഫിലിപ്പ് എന്നെയും ഞാൻ ഫിലിപ്പിനെയും ഗ്രൂപ്പിനു പരിചയപ്പെടുത്തി. അപ്പോൾ കോഴ്സിന്റെ ലീഡർ സിസ്റ്റർ കരോൾ എന്നോടു ചോദിച്ചു: അലോഷ്യസ്, ഈ ഫിലിപ്പ് തന്റെ ജീവിതത്തിന്റെ അഴുക്കുചാലുകൾ ഇങ്ങനെ തുറന്നുകാട്ടിയപ്പോൾ അലോഷ്യസിനു എന്തു തോന്നി?

'ഓ, ഫിലിപ്പ് ഒരു നല്ല മനുഷ്യൻ; ഞാൻ അവനെ സ്നേഹിക്കുന്നു' എന്നായിരുന്നു എന്റെ മറുപടി. വീണ്ടും സിസ്റ്റർ കരോൾ ഫിലിപ്പിനോട്: 'ഫിലിപ്പ്, ഈ അലോഷ്യസ് തന്റെ ജീവിതത്തിലെ കുസൃതിത്തരങ്ങളും കുറവുകളുമൊക്കെ ഇങ്ങനെ വാതോരാതെ പങ്കുവെച്ചപ്പോൾ എന്തുതോന്നി?' 'അലോഷ്യസ് ഒരു വലിയ മനുഷ്യനാണ്. എനിക്കദ്ദേഹത്തെപ്പറ്റി അഭിമാനം മാത്രമേയുള്ളു' എന്നായിരുന്നു ഫിലിപ്പിന്റെ മറുപടി. തുടർന്നു സിസ്റ്റർ കരോൾ എന്റെ ജീവിതത്തെ ധന്യമാക്കുന്ന ഒരു പ്രസ്താവന ഏതാണ്ടിങ്ങനെ ഇറക്കി: 'നീ തുറക്കുമ്പോഴേ അപരൻ തുറക്കുകയുള്ളു. 90% വ്യക്തിയിലും, തുറക്കുന്നതിൽ ആഴത്തിലുള്ള ബന്ധമുണ്ടാകുന്നു. 10% റിസ്ക്കുള്ളതുകൊണ്ട് പരസ്പരം കണക്കുകൂട്ടിയുള്ള തുറവി, അത് തുറവിയാകുകയില്ല; അവിടെ ബന്ധം ശക്തമാകില്ല. മറിച്ച്, നീ തുറക്കുക; മറ്റേയാളും തുറക്കും; ബന്ധം ശക്തമാകുകയും ദൃഢമാവുകയും ചെയ്യും.' അവസാനം കോഴ്സ് തീർന്നു പിരിയാൻ നേരത്ത് സിസ്റ്റർ കരോൾ ഹസ്തദാനം നല്കിയിട്ട് എന്നോടു പറഞ്ഞു: 'സ്നേഹിച്ചു ജീവിക്കുക.' എന്റെ ജീവിത വളർച്ചയ്ക്ക് പങ്കുവഹിച്ച അനുഭവമായി ഈ റ്റി. എ. കോഴ്സിനെ ഞാൻ എന്നും കാണുന്നു.

ഞങ്ങളുടെ വൈദികസംഘത്തോടു കുറച്ചടുത്തിടപഴകിയ ഒരു ചെറു വൈദികസംഘമാണ് ദരിദ്രപക്ഷം പിടിക്കാൻ തുനിഞ്ഞപ്പോൾ ശിക്ഷിക്കപ്പെട്ട തൃശൂർരൂപതയിലെ 5 വൈദികർ. അവരും ഞങ്ങളുടെ സംഘവും ഒത്തു അടൂരിനടുത്തുള്ള പറന്തലിൽ കൂടി. ഗ്രൂപ്പിന്റെ ബന്ധക്രമത്തിൽ ശൈഥില്യത്തിന്റെ ചില ലാഞ്ചന കണ്ടപ്പോഴാണീ കൂടിവരവ് നടത്തിയത്. സോളമനും ഞാനും മുഖ്യധാര ശുശ്രൂഷയിൽ നിന്നു മാറിക്കഴിഞ്ഞു. ജോസും ജോസഫ്തോമസും ഇടവകയിലാണെങ്കിലും, മതേതരപ്രവർത്തനങ്ങൾക്കാണ് ഊന്നൽ നല്കിപ്പോന്നത്. പഠനം കഴിഞ്ഞു ഞാൻ അമേരിക്കയിൽ നിന്നു വന്നകാലം; സോളമൻ സരോവരയിൽ ഒറ്റയ്ക്കു താമസിക്കുന്നു. ഈ പശ്ചാത്തലത്തിൽ ഈ കൂടിവരവിന്റെ സ്വഭാവത്തിനു ഏറെ പ്രാധാന്യമുണ്ട്. സിസ്റ്റർ കരോളും സഹായിക്കാൻ സിസ്റ്റർ ഫിലമിൻ മേരിയും ഉണ്ടായിരുന്നു. വ്യത്യസ്തമായൊരു ബദൽ ശുശ്രൂഷ/ധർമ്മം ഏറ്റെടുക്കാൻ താല്പര്യം കാണിക്കുന്ന ഞങ്ങൾക്കു എന്തായിരിക്കണം ഞങ്ങളുടെ ദിശാബോധം, സംഘബോധം, കൂട്ടായപ്രവർത്തനം എന്നൊക്കെ തുറന്ന ചർച്ചയും പങ്കുവെയ്ക്കലുമുണ്ടായി. അവിടെ വച്ചാണ് സംഘത്തിനു വ്യക്തമായും ഒരു സ്ത്രീപക്ഷ കാഴ്ചപ്പാട് വേണം എന്ന വ്യക്തത എന്നിൽ രൂഢമൂലമായത്. ആ കാഴ്ചപ്പാടിൽത്തന്നെ മുന്നോട്ടുപോകാൻ സാധിച്ചതിൽ എനിക്കു തൃപ്തിയുണ്ട്.

# 42

# അമേരിക്കയിലേയ്ക്ക്

**ബോസ്റ്റൺ കോളേജിലെ പഠനം**

അവധി കഴിഞ്ഞു തിരിച്ചുവന്നപ്പോൾ ഇടവക തരാതെ സഭാധികാരിയിട്ടു തട്ടിയപ്പോൾ, ഞങ്ങളുടെ ചെറുവൈദികസംഘവും ജനകീയസംഘങ്ങളും ശക്തിപകർന്നു. ഇടവകയില്ലാത്തതിന്റെ ശൂന്യാവസ്ഥയ്ക്കുള്ള ചുട്ട മറുപടി, മതേതരസ്വഭാവത്തോടു കൂടിയുള്ള നിരന്തര ഇടപെടലുകളായിരുന്നു. ഈ അവസ്ഥയിൽ സോളമനും ജോസും ശക്തിപകരുന്നതിൽ നല്ല പങ്കുവഹിച്ചതിനെ സ്നേഹപൂർവ്വം സ്മരിക്കുന്നു.

അങ്ങനെ കാര്യങ്ങളിലിടപെട്ടു നില്ക്കവേയാണ് അമേരിക്കയിൽ ബോസ്റ്റനിൽ പോകാൻ അവസരം കിട്ടുന്നതും ബിഷപ് ജോസഫ് ജി. ഫെർണാന്റസിന്റെ അനുമതിയോടെ പഠനത്തിനു പോയതും. അവിടെ ജ്യേഷ്ഠൻ ജോസഫച്ചാച്ചന്റെ സഹായത്തോടെ ബോസ്റ്റൻ കോളേജിൽ അഡ്മിഷൻ കിട്ടി. പള്ളിയിൽ ജോലി ചെയ്തു പഠനം നടത്തുന്നതിലും ഭേദം, എന്തെങ്കിലും മതേതര ജോലിചെയ്തു പഠിക്കുന്നതാകുമെന്ന എന്റെ ചിന്തയ്ക്കു ജ്യേഷ്ഠൻ ഒത്തിരി ഒത്താശ നല്കി. അങ്ങനെ ജ്യേഷ്ഠന്റെ തന്നെ ഗ്യാസ് സ്റ്റേഷനിൽ (പെട്രോൾ പമ്പ്) കുറച്ചുനാൾ ഞാൻ ജോലി ചെയ്തു; പിന്നെ മറ്റൊരു സ്ഥലത്തും. ആ സമയമൊക്കെ പഠിക്കുകയും ചെയ്തു. പഠനാനന്തരമുള്ള ഗ്രാജുവേഷൻ കഴിഞ്ഞ് പിറ്റേന്നു തന്നെ ഞാൻ നാട്ടിലേയ്ക്കു യൂറോപ്പുവഴി തിരിച്ചുപോന്നു.

പഠനം വലിയൊരനുഭവമായിരുന്നു. ഏറെ ആളുകളുമായി ബന്ധപ്പെടാനും മിടുക്കരായ പ്രൊഫസർമാരുടെ ഗൈഡൻസിൽ പഠിക്കാനുമൊക്കെ കിട്ടിയ വലിയ അനുഗ്രഹമായി ഞാനതിനെ കാണുന്നു. രണ്ടുമൂന്നു കാര്യങ്ങൾ ചെറുതായിട്ടെങ്കിലും എടുത്തുപറഞ്ഞില്ലെങ്കിൽ ഒരു വിഷമം.

1. ബോസ്റ്റൻ കോളേജിൽ വിസിറ്റിംഗ് പ്രൊഫസറായി വന്ന ഫാ. ഗുസ്താവോ ഗുറ്റിയേറസിന്റെ ക്ലാസ്സിൽ പങ്കെടുക്കാൻ സാധിച്ചത് ജീവിതത്തിലെ മോഹനനിമിഷങ്ങളിൽ ചിലതായി ഞാൻ വിലയിരുത്തുന്നു. ബൈബിളിനെ ജനവും ജനത്തിന്റെ പ്രശ്നങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള യേശുസാക്ഷ്യം അദ്ദേഹത്തിന്റെ ക്ലാസ്സുകളിൽ അതിശക്തമായിരുന്നു.

2. ഭാരതത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ദേശീയ വേദിയുടെ ആഭിമുഖ്യത്തിൽ, ഗോവയിൽ നിന്നും പശ്ചിമബംഗാളിൽ നിന്നും രണ്ടു ജാഥകൾ 'ജലം സംരക്ഷിക്കൂ ജീവൻ രക്ഷിക്കൂ '(Protect water, protect life) എന്ന മുദ്രാവാക്യവുമായി കന്യാകുമാരിയിലെത്തിയ 1988 മേയ് ഒന്നിന്, ബോസ്റ്റൻ കോളേജിലെ കുറച്ചു പ്രൊഫസർമാരെയും കുറച്ചു വിദ്യാർത്ഥികളെയും സംഘടിപ്പിച്ച്, ഇതേ മുദ്രാവാക്യം മുഴക്കി ജാഥ നടത്തി മത്സ്യത്തൊഴിലാളികളുടെ ജീവൽമരണപ്പോരാട്ടത്തിൽ ഐക്യദാർഢ്യം പ്രകടിപ്പിക്കാൻ സാധിച്ചത് കോരിത്തരിപ്പിക്കുന്ന ഒരനുഭവമായി ഇന്നും മനസ്സിൽ മായാതെ നില്ക്കുന്നു.

3. അമേരിക്കയിൽ പഠനത്തിന്റെ ഓരോ സ്റ്റേജിലും ഗ്രാജുവേഷൻ പരിപാടി വളരെ മോടിയായി നടത്താറുണ്ട്. ഗ്രാജുവേഷനു പ്രത്യേക ഡ്രസ്സും കാണും. ഡ്രസ്സുവാങ്ങാൻ പറ്റാത്തവർക്ക് വാടകയ്ക്ക് യൂണിഫോം കിട്ടും. ആ ചടങ്ങിൽ വച്ചാണ് സർട്ടിഫിക്കറ്റ് വിതരണം നടത്തുക. ഈ വലിയ ആഢംബരത്തിനു കൂട്ടുനില്ക്കുകയില്ലെന്നും, ഗ്രാജുവേഷനു പ്രത്യേക ഡ്രസ്സ് ധരിക്കുകയില്ലെന്നും സാധാരണരീതിയിൽ ചെന്നു സർട്ടിഫിക്കറ്റ് വാങ്ങുമെന്നും പ്രഖ്യാപിച്ചു. കൂട്ടുകാരുടെയിടയിലും പ്രൊഫസർമാരുടെയിടയിലും ചില സംസാരമുണ്ടായെങ്കിലും ഞാനതിൽ ഉറച്ചുനിന്നു. ഈ വലിയ ധൂർത്തിനോടുള്ള എന്റെ ലളിതമായ പ്രതിഷേധത്തിന്റെ അടയാളമായി ഞാൻ ആ ചടങ്ങിനെ ബഹിഷ്കരിച്ചു. അന്ന് അങ്ങനെ ചെയ്യാൻ സാധിച്ചല്ലോ എന്നോർക്കുമ്പോൾ ഇന്ന് അഭിമാനം തോന്നുന്നു.

ജ്യേഷ്ഠനുമായി പ്രത്യയശാസ്ത്രപരമായി ചില അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായെങ്കിലും, അമേരിക്കയിൽ ബോസ്റ്റൻ കോളേജ് പഠനം എനിക്കു നല്ലൊരു ഓപ്പണിംഗായി ജീവിതത്തിൽ എന്നും നിലകൊള്ളുന്നു.

**ഒന്നുകിൽ ദൈവം, അല്ലെങ്കിൽ പണം**

കാണപ്പെടുന്ന സ്വർഗ്ഗമെന്നു പറഞ്ഞുകേട്ടിട്ടുള്ള അമേരിക്കയിൽ എത്തിയ ദിവസം മുതൽ 25 മാസങ്ങൾക്കു ശേഷം തിരിച്ചുപോരുന്നതു വരെ 'അറ്റ് ഹോം'(feel at home) തോന്നാത്ത ഒരവസ്ഥയായിരുന്നു എന്റേത്. എല്ലാ സുഖസൗകര്യങ്ങളുമുണ്ട്. ജ്യേഷ്ഠനും കുടുംബവും എനിക്കു വേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കിത്തന്നു. മലയാളി സുഹൃത്തുക്കളുടെ വീടുകളിൽ കൊണ്ടുപോയി. കോളേജിൽ പ്രവേശനം കിട്ടാൻ വേണ്ട എല്ലാ ഒത്താശകളും ചെയ്തു തന്നു. അങ്ങനെയൊക്കയായിരുന്നിട്ടും എന്റെ ഹൃദയത്തിന്റെ അഗാധതയിൽ ഒരു തേങ്ങൽ.

മുതലാളിത്തംകൊണ്ടും മുതലാളിത്ത മൂല്യങ്ങൾകൊണ്ടും അന്തരീക്ഷം കവി

ഞ്ഞൊഴുകുകയാണ്. ഒറ്റ മൂല്യമേയുള്ളു, ലാഭം. ഒറ്റ ഇടപെടൽ ശൈലിയേയുള്ളു, കടുത്ത മത്സരം. ഒറ്റ ശേഷിയേയുള്ളു. അപരനെ അടിച്ചമർത്തൽ. നേരത്തെതന്നെ മുതലാളിത്തത്തെ വിമർശനബുദ്ധ്യാ കണ്ടിരുന്ന എനിക്ക്, അമേരിക്കയിലെ ജനജീവിതശൈലി, മുതലാളിത്തം തിന്മയാണെന്നും ദുഷ്ടാണെന്നും അനുഭവത്തിലൂടെ ബോധ്യപ്പെട്ടു. ഇപ്പോൾ കണ്ട മനുഷ്യനോടും പത്തിരുപതു വർഷം ഒരേ ഫ്ളാറ്റിൽ അപ്പുറവും ഇപ്പുറവും താമസിക്കുന്ന അയൽവാസിയോടും, തീർത്തും നിർവികാരമായി 'ഹായ്' എന്നു പറഞ്ഞു നീങ്ങുന്ന മുതലാളിത്തത്തിന്റെ നിർജ്ജീവത അപാരം. എവിടെയും ഈ മൂല്യങ്ങൾ നമ്മെ ചൂഴ്ന്നു തിന്നുന്നു. നാം ഈ മൂല്യങ്ങളെ വേണ്ടെന്നുവച്ചാലും അവ അന്തരീക്ഷത്തിൽ നിറഞ്ഞുകിടക്കുന്നതു കൊണ്ട്, അവയെ ശ്വസിക്കാൻ, അറിയാതെ തന്നെ സ്വാംശീകരിക്കാൻ നാം ബാധ്യസ്ഥരാകുന്നു. ജ്യേഷ്ഠനും കുടുംബവും എന്നെ ധാരാളം മലയാളികുടുംബങ്ങളിൽ കൊണ്ടുപോയി; പല പാർട്ടികൾക്കും മറ്റും. അവിടെയെല്ലാം എനിക്കനുഭവപ്പെട്ടത്, ഇവർക്ക് ഒരേയൊരു ലക്ഷ്യമേയുള്ളു - പണം ഉണ്ടാക്കണം; എത്ര കിട്ടിയാലും മതിയാകാത്ത, മനസ്സിന്റെ പണത്തോടുള്ള തൃഷ്ണ. ഈ പാർട്ടി നടത്തലും ബന്ധങ്ങളുമൊക്കെ തീർത്തും യാന്ത്രികം മാത്രം. നിർജ്ജീവവും യാന്ത്രികവുമായ ഈ പാർട്ടികൾ കണ്ടു മടുത്തു. ഒരുദിവസമിങ്ങനെ പങ്കെടുക്കാൻ പോയ പാർട്ടിയിൽ പലരും പാട്ടും ആട്ടവും നടത്തിയപ്പോൾ എന്റടുത്തും പാടാൻ ആവശ്യപ്പെട്ടു. അവിടെ എന്റെ ഹൃദയവികാരം പ്രകടമാക്കുമാറ് 'പ്രഹസനങ്ങൾ കണ്ടു മടുത്തു ...' എന്ന മുതലാളിത്തത്തെ കടുത്ത ഭാഷയിൽ വിമർശിക്കുന്ന പാട്ടു പാടി.

ഈയൊരു യാന്ത്രികജീവിതരീതിയിൽ വീഴാതിരിക്കാൻ നന്നേ പണിപ്പെടേണ്ടിയിരുന്നു. അതിനു രസകരമായ ഒരു കാര്യം ഞാൻ ചെയ്തിരുന്നു. അമേരിക്കക്കു പോയപ്പോൾ തിരുവല്ല കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഡൈനമിക് ആക്ഷൻ സംഘം പുറത്തിറക്കിയ ജനകീയഗാനങ്ങൾ എന്ന ഓഡിയോ കാസെറ്റ് എടുത്തിരുന്നു. എല്ലാ ദിവസവും ജോലിയും പഠനവും കഴിഞ്ഞ് ഉറങ്ങാൻ കിടക്കുമ്പോൾ, തലയണക്കീഴിൽ കൊച്ചൊരു ടേപ്റിക്കാർഡർ വച്ച് ഈ ജനകീയഗാനങ്ങൾ കേട്ടുകേട്ടു ഉറങ്ങുമായിരുന്നു. രാത്രിയുടെ നിശബ്ദതയിൽ എന്റെ കർണപുടങ്ങളിൽ മാറ്റത്തിന്റെ പാട്ടുകൾ നിരന്തരം അലയടിച്ചതിന്റെ ശക്തിയോടെയാണ് അടുത്തദിവസം രാവിലെ ഞാൻ ഉണരുക. കാര്യമായി ആരുമായും എന്റെ ഹൃദയവികാരം പങ്കുവെയ്ക്കാനില്ലാത്തതുകൊണ്ട്, ഈ പാട്ടുകളും അവയിലെ സന്ദേശവുമായി ഞാൻ നിരന്തരം സംവദിച്ചുകൊണ്ടിരുന്നു, മൂളിപ്പാട്ടും പാടിക്കൊണ്ട്.

മാത്രമല്ല, ഇക്കാലയളവിൽ ദൈവശാസ്ത്രപരമായി ചില ബോധ്യങ്ങളും എന്നിൽ വേരൂന്നി. എല്ലാദിവസവും അല്പസമയം ബൈബിൾ വായിക്കുമാ

യിരുന്നു, സുവിശേഷങ്ങളിൽ നിന്ന്. ആ വായന യേശുവിനെ കണ്ടെത്താൻ ഏറെ സഹായിച്ചു. പുതിയനിയമത്തിൽ ഏറ്റം അർത്ഥഗർഭമായ വചനം 'നിങ്ങൾക്കു ദൈവത്തെയും മാമനെയും (പണദേവത/മൂലധനം/സമ്പത്ത്) ഒന്നിച്ചു സേവിക്കുക സാധ്യമല്ല' (മത്താ. 6: 24) എന്നാണെന്നു ശക്തമായും വൈകാരികമായും മനസ്സിലായി ബോധ്യപ്പെട്ടതു അമേരിക്കയിൽ വച്ചാണ്. പണം എത്രയുണ്ടെങ്കിലും മതിയാകാത്ത മനസ്സിന്റെ വരമ്പുകളില്ലാത്ത തൃഷ്ണ എനിക്കവിടെ മൂർത്ത ഭാവത്തിൽ കാണാൻ സാധിച്ചു. എങ്ങനെ കൂടുതൽ കൂടുതൽ ലാഭമുണ്ടാക്കാം, അതും ഏതു മാർഗ്ഗമുപയോഗിച്ചുകൊണ്ടും എന്നത് എല്ലാവരാലും അംഗീകരിക്കപ്പെട്ട അലംഘനീയ സദാചാരമായിരുന്നു. ആരാണ് നല്ല ബിസിനസ്സുകാരൻ? എല്ലാ സമയത്തും, രാത്രിയും പകലും, എങ്ങനെ കൂടുതൽ മുതൽ കൂട്ടാം എന്ന ചിന്തയിൽ സദാ നീങ്ങുന്നവൻ. ഈയൊരു മുതൽ കൂട്ടലിനു കൂട്ടാളിയായിട്ടാണ് ദൈവഭക്തിയും ഈശ്വരചിന്തയും കട ന്നുവരുന്നത്. അതുകൊണ്ടുതന്നെ പള്ളിയിൽ കൃത്യമായി പോയി കുർബാന യിലും മറ്റു ഭക്തകൃത്യങ്ങളിലും സജീവമായി പങ്കെടുത്തിട്ട് ഒരു മനക്കടിയും ഇല്ലാതെ കൂടുതൽ പണസമ്പാദനത്തിനായി ഏതു മാർഗ്ഗവും സ്വീകരിക്കാൻ പറ്റുക, ആരുമായുള്ള ബന്ധം വിച്ഛേദിക്കാൻ സാധിക്കുക, ഏതു വഞ്ചകനോടും കൂട്ടുചേരാൻ പ്രയാസമില്ലാതിരിക്കുക.

ഒന്നുകിൽ ദൈവം അല്ലെങ്കിൽ സമ്പത്ത്; ഇതിന് ഒരു മധ്യവഴിയില്ല. യേശു വിന്റെ വചനം അത്ര കാറ്റഗോറിക്കലായി (categorically)വ്യക്തമാണ്. ഇവിടെ യാതൊരുവിധമായ വിട്ടുവീഴ്ചയ്ക്കും വകുപ്പില്ല, സാധ്യതയില്ല. തിരഞ്ഞെ ടുപ്പ് അനിവാര്യം - ദൈവം അല്ലെങ്കിൽ പണം. കർശനമായ യേശുവിന്റെ ഈ നിലപാടിന്റെ വില ശരിക്കും മനസ്സിലാക്കിയത് അമേരിക്കയിലെ ജീവിതകാല ത്താണ്. ആ രീതിയിൽ മുതലാളിത്തം എല്ലാംകൊണ്ടും ദുഷ്ടാണെന്നും സമ്പത്തു രക്ഷിക്കുകയില്ലെന്നുമുള്ള വീക്ഷണത്തിന് ആക്കം കൂട്ടാൻ അവി ടത്തെ ജീവിതം എനിക്കു സഹായകമായി.

അമേരിക്കയിൽ നിന്നു തിരിച്ചുവന്ന വഴിക്ക് ഒരു മാസം കൊണ്ട് മിക്ക യൂറോപ്യൻ രാജ്യങ്ങളും സന്ദർശിക്കാൻ സാധിച്ചത് വലിയ അനുഗ്രഹം. വെസ്റ്റ് ജർമ്മനിയിലെ താമസത്തിനായിരുന്നു കൂടുതൽ ഗുണമേന്മ. എക്സ്പോഷർ പ്രോഗ്രാമിനു ജനജാഗൃതിയിൽ വന്നിട്ടുണ്ടായിരുന്ന സർവ്വശ്രീ ജോവാൻ, തോമസ്, ഡാനിയേല, ഡോറിസ്, മൈക്കൽ, സബീന മുതലായവരുമൊത്തു ഗ്രീൻ പാർട്ടിയുടെ കാലികപ്രസക്തിവിലയിരുത്തപ്പെട്ടു.. സെമിനാരിയിലെ പഠ നകാലംതൊട്ടു മരണം (23. 10. 2003) വരെ എന്റെ ജീവിതത്തിൽ ഇടപെട്ടു കൊണ്ടിരുന്ന, രോഗബാധിതയായ ശ്രീമതി ജെട്രൂഡ മലൂക്കിനെ ജർമ്മനി യിൽ തന്റെ വീട്ടിൽ പോയി കാണാൻ സാധിച്ചത് ഏറെ ആനന്ദം പകർന്ന നിമിഷങ്ങളായിരുന്നു.

# 43

## ബ്രസീലിലേയ്ക്ക്

അമേരിക്കയിൽ പോകാൻ സാധിച്ചതിന്റെ പരിണതഫലമായി ഒരു അവധിക്കാലത്ത് ബ്രസ്സീലിലും പഠനശേഷം ഈസ്റ്റ്ജർമ്മനിയിലും പോകാൻ സാധിച്ചു. മൂന്നാഴ്ചത്തെ ബ്രസ്സീൽ ജീവിതം പലരീതിയിലും എന്റെ ഭാവിജീവിതത്തെ കരുപ്പിടിപ്പിക്കാൻ സഹായകമായി. അടിസ്ഥാന ക്രൈസ്തവസമൂഹ(BCC - Basic Christian Community)ത്തിന്റെ രൂപീകരണത്തിന്റെ പിന്നിലെ ത്യാഗപൂർണവും നിരന്തരവുമായ യത്നം ഞാൻ നേരിട്ടു കണ്ടു മനസ്സിലാക്കി. വെറുതെ കൂട്ടായിട്ടിരുന്ന് ബൈബിൾ വായിച്ചു കൂട്ടപ്രാർത്ഥനയും സ്വയംപ്രേരിത പ്രാർത്ഥനയും സ്തോത്രം പറച്ചിലും നടത്തിയാലൊന്നും അടിസ്ഥാന ക്രൈസ്തവസമൂഹമാകില്ല എന്ന ബോധ്യം അവിടത്തെ അനുഭവത്തിൽ നിന്നുണ്ടായി. അവിടെ കണ്ട ബി. സി. സി., ജനങ്ങളുടെ വിവിധങ്ങളായ അനുദിന പ്രശ്നങ്ങളിൽ സജീവമായി ഇടപെടുന്ന ഒരു രാഷ്ട്രീയപ്രസ്ഥാനമായിട്ടാണ് എനിക്ക് അനുഭവപ്പെട്ടത്. അതിന്റെ ഒരു വികൃതരൂപമായി മാത്രമേ ഇന്നു കേരളത്തിൽ രൂപംകൊണ്ടു പ്രവർത്തിക്കുന്നെന്ന് അവകാശപ്പെടുന്ന അടിസ്ഥാന ക്രൈസ്തസമൂഹത്തെ കാണാൻ കഴിയൂ. ഇതിനെപ്പറ്റി കേരളത്തിലെ ബി.സി.സി പ്രസ്ഥാനത്തിൽ മുൻപന്തിയിൽ നില്ക്കുന്ന തിരുവനന്തപുരം ആർച്ച് ബിഷപ് ഡോ. സൂസാപാക്യവുമായി 1990 ൽ സംസാരിച്ചപ്പോൾ, എന്റെ നിലപാടിനെ അദ്ദേഹം എതിർത്തുവെങ്കിലും, ഇന്നു ബി.സി.സി. കേരളത്തിൽ ഒരു അരാഷ്ട്രീയ കൂട്ടായ്മയായി തരംതാണുകഴിഞ്ഞത് ഒരു പ്രവചനം പോലെ യാഥാർത്ഥ്യമായി നില്ക്കുന്നു.

ബ്രസീലിലെ സാൻ പാവുളോ അതിരൂപതയിലെ ആർച്ച് ബിഷപ്പിനെ കാണാൻ അവസരം ലഭിച്ചു. തീർത്തും ലളിതമായ വസ്ത്രധാരണം -ഒരു സാധാരണ മനുഷ്യൻ. അദ്ദേഹത്തെ 'His Grace Archbishop' എന്നു ഞാൻ അഭിസംബോധന ചെയ്തപ്പോൾ, അദ്ദേഹം ഇടപെട്ടിട്ടു പറഞ്ഞു 'വെറും സഹോദരൻ; പിതാവേ എന്നുപോലുമാകരുത്.' അങ്ങനെ പറഞ്ഞിട്ട് അദ്ദേഹം എന്നെ അദ്ദേഹത്തിന്റെ മാറോടടുപ്പിച്ച് ആഞ്ഞൊരു മുത്തം നല്കി. കേരളത്തിൽ ഇങ്ങനെയല്ലെന്നും ഇന്നലെവരെ ഒന്നിച്ചു കളിച്ചു രസിച്ചു നടന്ന വൈദികരിൽ ഒരാൾ മെത്രാനായാൽ ഉടൻ മറ്റുള്ളവർ അദ്ദേഹത്തെ 'His Lordship' 'പിതാവേ' എന്ന അഭിസംബോധനയുമായി; കുമ്പിട്ടു മോതിരം

മുത്തായി - അങ്ങനെ പലതും. അതിന് അദ്ദേഹത്തിന്റെ മറുപടി എന്റെ വൈദികജീവിതത്തിനു വലിയൊരു പാഠമായി. അദ്ദേഹം പറഞ്ഞു: 'ആ രീതികളൊക്കെത്തന്നെ യേശുവിരുദ്ധമാണ്, ബൈബിൾ വിരുദ്ധമാണ്, ക്രൈസ്തവികമല്ല.' അദ്ദേഹത്തിന്റെ അധീനതയിൽ 5 ബിഷപ്പുമാരുണ്ട്, ധാരാളം വൈദികരും സ്ഥാപനങ്ങളുമൊക്കെയുണ്ട്. അദ്ദേഹത്തിന്റെ ലാളിത്യവും യേശുചിന്തയും എന്റെ വൈദികജീവിതശൈലിയെ എന്നവണ്ണം കേരള സഭാധികാരികളുടെ പ്രവർത്തനരീതിയെയും വിലയിരുത്താൻ സഹായിച്ചു.

സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പോരാട്ടത്തിനു നേതൃത്വം നല്കിയ ഡയസിനെ മിലിട്ടറി വ്യൂഹം നിഷ്ഠുരമാംവിധം കൊലപ്പെടുത്തിയതിന്റെ വാർഷികം ഞാൻ ബ്രസീലിലായിരുന്നപ്പോഴാണ് നടന്നത്. സാൻ പാവ്ലോയുടെ ആർച്ച്ബിഷപ്പും, എട്ടൊമ്പതു ബിഷപ്പുമാരും, ധാരാളം വൈദികരും, കന്യാസ്ത്രീകളും, ലക്ഷക്കണക്കിനു ജനങ്ങളും അതിഗംഭീരമായൊരു പ്രകടനവും തുടർന്ന് സമൂഹബലിയുമായിരുന്നു ആഘോഷപരിപാടി. കുർബാനയ്ക്കിടയിൽ പ്രസംഗം നടത്തിക്കൊണ്ടിരിക്കെ നാടകീയമായ രീതിയിൽ ആർച്ച്ബിഷപ് ഡയസിന്റെ ഭാര്യയായ അന്നഡയസിനെ അൾത്താരയിലേയ്ക്കു ക്ഷണിച്ചു മുഖ്യ ഇരിപ്പിടം കൊടുത്തു. യേശുവിന്റെ പുതുസമൂഹത്തിന്റെയും ദൈവരാജ്യത്തിന്റെയും സാക്ഷാത്ക്കാരത്തിനായി ജീവൻ ഹോമിച്ച ഡയസിനെയും അതിനായി ഇപ്പോൾ അഹോരാത്രം പണിയെടുക്കുന്ന അന്നഡയസിനെയും അദ്ദേഹം ഓർത്തിട്ട്, അവർ നമുക്കു പ്രചോദനമാണെന്ന് ഓർമ്മിപ്പിച്ചു. അന്നത്തെ അനുഭവം മറക്കാനാവാത്ത ഒന്നായി ഇന്നും ഹൃദയത്തിൽ കുടികൊള്ളുന്നു.

അന്നു വൈകിട്ട് ഒരച്ചനും ഞാനും കൂടി അന്നഡയസിന്റെ വീട്ടിൽ പോയി. മൂന്നു കുട്ടികൾ - എല്ലാവരും ഹൈസ്കൂളിനു താഴെയുള്ള ക്ലാസ്സുകളിൽ. അന്ന വിമോചന പ്രക്രിയയിൽ സജീവം. അവരുടെ ജീവിതകഥയെല്ലാം കേട്ടപ്പോൾ ഞാൻ ഒരു മണ്ടൻ ചോദ്യം ചോദിച്ചു: 'ഏതായാലും ഡയസ് പുതിയൊരു സമൂഹത്തിനായി ജീവൻ കൊടുത്തു. അന്നയ്ക്കു മൂന്നു കുട്ടികൾ. ഇനി അവരുടെ നല്ലഭാവി നോക്കി, അവരെ ശ്രദ്ധിക്കുകയല്ലേ ഉത്തമം?' അതിനുള്ള അവരുടെ മറുപടി തീർത്തും ഹൃദയസ്പർശിയും വീകാരതീവ്രവുമായിരുന്നു. ഏതാണ്ടിങ്ങനെ: 'തീർത്തും നേരത്തേ ഡയസ് ജീവനൊടുക്കി. ഡയസ് തുടങ്ങിവച്ച പലതും തീരാതെ കിടക്കുകയാണ്. ഡയസില്ലാത്ത സാഹചര്യത്തിൽ, ഉത്തരവാദിത്തം ഇരട്ടിയാണ്. അതു ഞാൻ ഏറ്റെടുത്തേ പറ്റൂ. ഇനി കുഞ്ഞുങ്ങളുടെ കാര്യം. അത് സമൂഹം നോക്കിക്കൊള്ളും.' അന്ന വെറും ഒരു സാധാരണ സ്ത്രീയാണ്. അവളുടെ വ്യക്തത, നിശ്ചയദാർഢ്യം, അർപ്പണബോധം, സ്വയം വലിച്ചെറിയാനുള്ള തീർപ്പ് - എല്ലാം എന്നെ ഹഠാദാകർഷിച്ചു.

അടിസ്ഥാന ക്രൈസ്തവസമൂഹത്തിന്റെ ഒരു കുർബാനയ്ക്ക് എനിക്കു പങ്കെടുക്കണമെന്നുള്ള ആഗ്രഹം ക്രിസ്മസ് രാത്രിയിൽ സാക്ഷാത്ക്കരിച്ചു. അവിടെയുള്ള അച്ചനും ഞാനും സമൂഹബലി അർപ്പിക്കുകയാണ്. കുർബാന അർപ്പിക്കുന്ന ശൈലിയിൽ അച്ചനും ജനങ്ങളും എടുക്കുന്ന സ്വാതന്ത്ര്യവും അവ അനുഷ്ഠിക്കുന്നതിലുള്ള സ്വാഭാവികതയും ഹൃദയസ്പർശിയായി. ഒരു ചടങ്ങോ അനുഷ്ഠാനമോ ഭക്തകൃത്യമോ ആയി കുർബാനയെ കാണാതെ, ജീവിതബന്ധിയായ ഒരു ജീവിക്കുന്ന അനുഭവമായാണ് അവർ അതിൽ ഇടപെട്ടിരുന്നത്. കുർബാനയുടെ ഇടയ്ക്കുവച്ചുതന്നെയാണ് കുശലം പറച്ചിൽ, വിശേഷം അന്വേഷിക്കൽ, ആശംസകൾ നേരൽ, ഇൻഡ്യാക്കാരനായ എന്നെ സ്വീകരിക്കൽ, സ്നേഹാശംസകൾ പങ്കുവെയ്ക്കൽ - എല്ലാം നടക്കുക. അണയാത്ത ഒരനുഭവമായി ഇന്നും അതു ഹൃദയത്തിൽ സൂക്ഷിക്കുന്നു.

കുർബാന കഴിഞ്ഞ് അച്ചനും ഞാനും ജനങ്ങളുടെ മധ്യത്തിൽ നിന്നുകൊണ്ടു കുശലം പറയുകയാണ്. അപ്പോൾ ഒരു സ്ത്രീ തന്റെ കുഞ്ഞിനു പാൽ കൊടുത്തുകൊണ്ടുതന്നെ കടന്നുവന്നു, അച്ചനും എനിക്കും ക്രിസ്മസ് മംഗളങ്ങൾ നേർന്നു. തുടർന്നു ഞങ്ങളുടെ മുമ്പിൽ നിന്നുകൊണ്ട് കുഞ്ഞിനെ പാലൂട്ടിക്കൊണ്ടുതന്നെ ഇൻഡ്യയിലെ വിശേഷങ്ങളും ഇൻഡ്യൻ സഭയിലെ സാമൂഹികനീക്കങ്ങളുമൊക്കെ സംസാരിച്ചു. ഏതാണ്ട് 10 മിനിട്ട്. എന്തു സ്വാഭാവികമായ ഇടപെടൽ. സംസാരിക്കുന്നതിനിടയിൽത്തന്നെ കുഞ്ഞിനെ ഒരു മുലയിൽ നിന്നു അടുത്ത മുലയിലേയ്ക്കു മാറ്റുന്നു. സ്ത്രീകളുടെ മുലകളും കുഞ്ഞിനെ പാലൂട്ടുന്നതും സ്വാഭാവികമായ ഒന്നാണെന്നും അവിടെ നാണവും ഒളിച്ചുകളിയും മറയും ഒന്നും വേണ്ടെന്നുമുള്ള ചിന്ത എന്നിൽ ഉണർന്നത് അന്നാണ്. ആദ്യം എന്തോ ഒരു ജാള്യത എനിക്കു തോന്നിയെങ്കിലും, ആ സ്ത്രീയുടെ സ്വാഭാവികത എന്നിൽ വ്യതിയാനം സൃഷ്ടിച്ചു; സ്ത്രീശരീരത്തെ അതിന്റെ തനമിയിലും പവിത്രതയിലും നോക്കിക്കാണാനുള്ള ഒരു ചേതന ഈ സംഭവം എന്നിലുളവാക്കി.

എന്നെ സ്പർശിച്ച മറ്റൊരു സംഭവം. ബ്രസീലിൽ വളരെ കുറച്ചു സമ്പന്നരും ബഹുഭൂരിപക്ഷം ദരിദ്രരുമാണ്. പതിനായിരക്കണക്കിന് ഏക്കർ ഭൂമി സ്വന്തമായി വച്ചിരുന്ന് പാഴാക്കുന്ന ജന്മികളുണ്ട്. ഭൂമിയില്ലാത്തവർ ഈ സ്ഥലത്തു കയറി പാർക്കുന്ന രീതി (occupation of land) ഏറെ ചിന്താർഹമാണ്. ഏതാണ്ടു രണ്ടുമൂന്നു വർഷത്തെ ഒരുക്കമുണ്ട് ഇങ്ങനെ കയറി പാർക്കാനുദ്ദേശിക്കുന്ന കുടുംബങ്ങൾക്ക്. ബൈബിൾ പഠനവും വിചിന്തനവും നിരന്തരം നടക്കുന്നു. ഇത് ആരുടെയോ ഭൂമി നാം അനധികൃതമായി കൈകടത്തുകയല്ല; മറിച്ച് ഇതു ദൈവത്തിന്റെ ഭൂമി. നമ്മുടെ ഭൂമി; ആ ഭൂമിയിൽ നമ്മൾ കയറി പാർക്കുകയാണ് എന്നു മാത്രം. ഈയൊരു ചിന്തയുടെ ഉടമയായാലേ ശക്തമായി എന്തു വിലകൊടുത്തും ഭൂമിയിൽ കയറി താമസമുറപ്പിക്കാൻ പറ്റൂ.

തുടർന്ന് ഇങ്ങനെ കയറി താമസിക്കാൻ വേണ്ടി വരുന്ന കുടിലുകൾക്ക് വേണ്ട സാമഗ്രികൾ എല്ലാം സംഘടിപ്പിച്ചുകൊണ്ട് ജനങ്ങൾ ബിഷപ്പിനോടും അച്ചന്മാരോടുമൊപ്പം പാട്ടുപാടിയും നൃത്തം ചെയ്തും കുർബാന അർപ്പിച്ചിട്ടുമാണ് ഭൂമിയിൽ കയറി താമസമുറപ്പിക്കുക. ഇതൊരു നീണ്ട പ്രക്രിയയാണ്. ഫലമോ ? ഏത് എതിർപ്പിനെയും നേരിടാനുള്ള തന്റേടത്തോടും നിശ്ചയദാർഢ്യത്തോടുമാണ് അവർ ഈ പരിപാടിയിൽ ഇടപെടുക. ഞാൻ അവിടെ ആയിരുന്നപ്പോൾ ഇങ്ങനെ ഒരു കയറിപ്പാർക്കൽ നടന്നില്ലെങ്കിലും, ഞാൻ ബ്രസീലിൽ എത്തുന്നതിനു 3 മാസം മുമ്പ് ഇങ്ങനെ കയറിത്താമസിച്ച ഒരു കോളനിയിൽ പോയി അവരെ കാണാനും പങ്കുവെയ്ക്കാനും സാധിച്ചത് കണ്ണുതുറപ്പിക്കുന്ന അനുഭവമായിരുന്നു.

ബ്രസീലിൽ സാമാന്യജനത്തിനിടയിലുള്ള ആശയവിനിമയ സമ്പ്രദായം എടുത്തുപറയേണ്ട ഒരു കാര്യമാണ്. ഗ്രാമഗ്രാമാന്തരങ്ങളിൽ ഉടനീളം അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുണ്ട്. ഇവർ തമ്മിൽ നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുന്ന നെറ്റ്‌വർക്കിംഗ് ഉണ്ട്. പല മേഖലകളിലേയ്ക്കും വിവിധ സ്ഥലങ്ങളിലേയ്ക്കും സന്ദേശം അതിന്റെ തനിമയിലും പുതുമയിലും എത്തിക്കുവാനും മറ്റെല്ലാ മേഖലകളിലും സഹകരിക്കാനും ധാരാളമാളുകൾ സൗജന്യസേവനം ചെയ്യുന്നുണ്ട്. വേതനംപറ്റി പ്രവർത്തിക്കുന്നവർ ഇല്ലെന്നുതന്നെ പറയാം. പക്ഷേ, വേതനം പറ്റി പണിയെടുക്കുന്നതിനേക്കാൾ തൃപ്തിയോടും ത്യാഗബുദ്ധിയോടും അർപ്പണബോധത്തോടുമാണ് അവർ ഈ പണികൾ ചെയ്യുന്നത്. ഉദാഹരണത്തിന് ഒരു സ്ഥലത്തുവെച്ച് തൊഴിലിന്റെ ദൈവശാസ്ത്രത്തെപ്പറ്റി ഒരു സെമിനാർ നടന്നാൽ, അതിന്റെ ബേസിക് പേപ്പർ രണ്ടു ദിവസത്തിനകം ബ്രിസിലിലെല്ലായിടത്തും എത്തിച്ചിരിക്കും; അവയെ ലളിതവല്ക്കരിച്ചുകൊണ്ടുള്ള സ്വതന്ത്ര തർജ്ജമ എത്തിച്ചിരിക്കും; കുട്ടികൾക്കും നിരക്ഷരർക്കും മനസ്സിലാകുന്ന രീതിയിൽ പടങ്ങളും ചെറിയ കുറിപ്പുകളും എത്തിച്ചിരിക്കും; സെമിനാർ സന്ദേശത്തിന്റെ അന്തഃസത്ത ഉൾക്കൊള്ളുന്ന കാർട്ടൂണുകളും വരകളും എത്തിച്ചിരിക്കും. വളരെ താമസിയാതെ ഇവയൊക്കെ സ്വരൂപിച്ചുകൊണ്ടുള്ള ശാസ്ത്രീയ പുസ്തകവും പുറത്തിറങ്ങിയിരിക്കും. കമ്പ്യൂട്ടറിന്റെ അത്ഭുതസിദ്ധിയെ മറികടന്നുകൊണ്ടുള്ള ഈ വ്യക്തിയടിസ്ഥിത ആശയ-വിനിമയ-ശൃംഖല എന്നെ ആകെയങ്ങു സ്പർശിച്ച ഒരനുഭവമായി നിലകൊള്ളുന്നു. 'മാധ്യമം സാമൂഹ്യമാറ്റത്തിന്' എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള ജനജാഗ്രതിയുടെ രൂപീകരണത്തിന് ഈ അനുഭവം പ്രചോദനമായി.

അന്തർദ്ദേശീയ കടക്കെണിയുടെ ഊരാക്കുടുക്കു വെളിപ്പെടുത്തുന്ന ഒരു സംഭവം. ബ്രസീലിൽ എത്തിയന്നു തന്നെ ഒരു പോസ്റ്റോഫീസിൽ പോയി, കുറച്ചു എയർമെയിൽ ഇൻലന്റ് വാങ്ങാനായിട്ട്. 20 എണ്ണം ആവശ്യപ്പെട്ടു. പോസ്റ്റുമാസ്റ്റർ എന്നോട്: ഇന്ന് എത്ര കത്തെഴുതും? അത്ര മാത്രം വാങ്ങുക.

ഏതു ദിവസവും വില കൂടും, ഒരു നിയന്ത്രണവുമില്ലാതെ. അദ്ദേഹം പറഞ്ഞത് വാച്യാർത്ഥത്തിൽ ശരിയായിരുന്നു. മൂന്നാഴ്ച കൊണ്ട് ഇൻലന്റിനു ഇരട്ടി വിലയായി. അങ്ങനെ ഓരോന്നിനും. എന്തേയിത് എന്നന്വേഷണത്തിൽ മനസ്സിലായത് കടക്കെണിയുടെ സ്വാഭാവിക സന്തതിയാണ് അനിയന്ത്രിത വിലക്കയറ്റം. കടം തന്നു നമ്മെ 'വികസന'ത്തിന്റെ പാതയിലേയ്ക്കു അതിവേഗം നയിക്കുന്നതിന്റെ പരിണതഫലം. അതുകൊണ്ടു തന്നെ 'കടം തിരിച്ചുകൊടുക്കില്ല' എന്നതായിരുന്നു ലൂളയുടെ തിരഞ്ഞെടുപ്പു പ്രഖ്യാപനത്തിൽ ആദ്യത്തെ ഇനം.

ഞാൻ അവിടെ ആയിരുന്നപ്പോഴാണ് ഏറെ വർഷങ്ങൾക്കു ശേഷം, ബ്രസീലിലെ പ്രസിഡന്റ് തെരഞ്ഞെടുപ്പു നടന്നത്. തൊഴിലാളിപാർട്ടി (workers' party)യുടെ സ്ഥാനാർത്ഥി ലൂളയായിരുന്നു. അടിസ്ഥാന ക്രൈസ്തവസമൂഹങ്ങളിലൂടെ വളർന്നുവന്നയാളാണ് ലൂള (ബ്രസീലിൽ ഇപ്പോഴത്തെ പ്രസിഡന്റ്). സാമാന്യജനം തെരഞ്ഞെടുപ്പിൽ സജീവമാകുന്നു എന്ന കാര്യം രഹസ്യാന്വേഷണവകുപ്പ് അമേരിക്കൻ അധികാരികളെ അറിയിച്ചു. അവർ അതേ നാണയത്തിൽത്തന്നെ മറുതെരഞ്ഞെടുപ്പു പ്രചരണം നടത്തി. ധാരാളം പ്രോട്ടസ്റ്റന്റ് മിഷനറിമാരെ കനത്ത വേതനം കൊടുത്ത് രംഗത്തിറക്കി. ബ്രസീലിന്റെ എല്ലാ മുക്കിലും മൂലയിലും ബാനർ കെട്ടി. 'എല്ലാ ചോദ്യത്തിനും ഉത്തരം യേശു; എല്ലാ പ്രശ്നത്തിനും പരിഹാരം യേശു.' ധാരാളം പൈസയും ഇറക്കി. തെരഞ്ഞെടുപ്പു നടന്നു. ലൂളയ്ക്ക് 48% വോട്ടേ കിട്ടിയുള്ളു. ലൂള തോറ്റു. അധീശവർഗ്ഗം വിജയിച്ചു. ഈ പശ്ചാത്തലത്തിൽ, തൊഴിലാളിപാർട്ടിയുടെ ഒരു സമുന്നതനായ നേതാവിനെ കണ്ട് തെരഞ്ഞെടുപ്പുഫലത്തെക്കുറിച്ചു രാഷ്ട്രീയവിശകലനം നടത്തി. അദ്ദേഹത്തിന്റെ പ്രതികരണം തീർത്തും ദൈവശാസ്ത്രാടിസ്ഥിതമായിരുന്നു. "ഞങ്ങളുടെ തൊഴിലാളിപാർട്ടി ഇപ്പോൾ തോറ്റു. ഞങ്ങൾ ഇനിയും കൂടുതൽ പ്രയത്നിക്കണമെന്നു ഈ ഫലം ഓർമ്മിപ്പിക്കുന്നു. തൊഴിലാളിപാർട്ടിയുടെ നേതാവ് പ്രസിഡന്റാകുമ്പോൾ എല്ലാം ശുഭമാകുമെന്നു പറയുന്നില്ല. തൊഴിലാളികളുടെ പക്ഷത്തുനിന്നു നയങ്ങളും തീർപ്പുകളും ഉണ്ടാകും. ഇതുവഴി ഉടൻ ദൈവരാജ്യം കരഗതമാകും എന്നുമല്ല പറയുന്നത്; പക്ഷേ തീർച്ചയായും തൊഴിലാളിപാർട്ടി ദൈവരാജ്യത്തിന്റെ വരവ് ത്വരിതപ്പെടുത്തും; തീർച്ച." ഇതു പറഞ്ഞത് ഒരു അൽമായ രാഷട്രീയനേതാവ്. എന്തൊരു ശുഭാപ്തി വിശ്വാസി; എത്ര നല്ല രാഷ്ട്രീയ വ്യക്തത; എത്ര വലിയ ഉത്തരവാദിത്തബോധം. കേരളത്തിലെ ബിഷപ്പുമാർക്കോ വൈദികഗണത്തിനോ ഇത്ര സ്ഫടികതുല്യമായി രാഷ്ട്രീയത്തിന്റെ ഈ ദൈവശാസ്ത്രദർശനത്തെ നോക്കിക്കാണാൻ പറ്റുന്നില്ല എന്നതാണ് യാഥാർത്ഥ്യം. നമ്മുടെ രാഷ്ട്രീയപ്രവൃത്തി ദൈവരാജ്യത്തിന്റെ സാക്ഷാത്ക്കാരം ത്വരിതപ്പെടുത്തുമെന്നുള്ള ദൈവശാസ്ത്രദർശനം എത്ര അഗാധം.

# 44

## ഈസ്റ്റ് ജർമ്മനിയിലേയ്ക്ക്

ബ്രസീലിൽ പോയ അതേ കൊതിയോടെയാണ് സോഷ്യലിസ്റ്റു പരീക്ഷണം നടത്തിയ ഒരു സ്ഥലമെന്ന രീതിയിൽ കിഴക്കൻ ജർമ്മനി സന്ദർശിക്കാൻ അവസരം കാത്തത്. അമേരിക്കയിൽ നിന്നു തിരിച്ചു പോരുംവഴി യൂറോപ്പിലുള്ള രാജ്യങ്ങൾ ഒന്നോടിക്കണ്ടിട്ടു വരുന്നത് ഗുണകരമെന്നു ചിന്തിച്ചു. അതിൽ മുഖ്യ ഊന്നൽ കിഴക്കൻ ജർമ്മനിയായിരുന്നു. കിഴക്ക് - പടിഞ്ഞാറ് ജർമ്മനികൾ ഒന്നിക്കാൻ തീരുമാനമായിരുന്ന കാലം. ഒരു വെസ്റ്റ് ജർമ്മൻ സുഹൃത്തിന്റെ സഹായത്തോടെ രണ്ടു പ്രാവശ്യം ഈസ്റ്റ് ജർമ്മനിയിൽ പോകാൻ സാധിച്ചു. മറ്റു രാജ്യങ്ങൾ സന്ദർശിച്ചതുപോലെയല്ല ഞാൻ ഇതിനെ കണ്ടത്. കാറിൽ യാത്ര ചെയ്തപ്പോൾ കണ്ട സ്ഥലങ്ങളല്ലാതെ, പ്രധാനപ്പെട്ട ഒരു ടൗണുകളിലോ സന്ദർശന കേന്ദ്രങ്ങളിലോ പോയില്ല. രണ്ടു തവണയും സന്ദർശിച്ചത് കുടുംബങ്ങളെയാണ്. 28 കുടുംബങ്ങളുമായി ബന്ധപ്പെടാൻ സാധിച്ചു. വൈകിട്ടു തുടങ്ങുന്ന സന്ദർശനം പാതിരാത്രി വരെ പോയി. പകൽ വീട്ടിൽ ആരും കാണുകയില്ല - സ്ത്രീയും പുരുഷനും ജോലിസ്ഥലത്ത്; കുഞ്ഞുങ്ങൾ സാമൂഹ്യനേഴ്സറിയിൽ; വിദ്യാർത്ഥികൾ സ്കൂളിൽ/കോളേജിൽ. വൈകിട്ടാണ് എല്ലാവരും ഒന്നിക്കുന്നത്. യാത്രക്കിടയിൽ ശ്രദ്ധിച്ചത് വീടുകളിൽ കാര്യമായ വ്യത്യാസങ്ങളില്ല. മിക്കവയും ലൈൻ കെട്ടിടങ്ങൾ. വീടുകൾ സന്ദർശിച്ചപ്പോൾ എന്നിലുണ്ടായ വികാരങ്ങൾ തീർത്തും സുഖകരമായിരുന്നു.

വൈകിട്ട് അമ്മയോ അച്ഛനോ കുഞ്ഞുങ്ങളെ ഡേ-കെയർ നേഴ്സറിയിൽ നിന്നു കൊണ്ടുവരും, മറ്റേയാൾ ഷോപ്പിംഗ് നടത്തും, വിദ്യാർത്ഥികൾ വീട്ടിൽ തിരിച്ചെത്തും - എല്ലാവരും ഒത്തുള്ള വൈകിട്ടത്തെ അവസരം തീർത്തും അർത്ഥപൂർണ്ണമായിരുന്നു. വിദ്യാർത്ഥികൾ ഗൃഹപാഠം ചെയ്യുമ്പോഴേക്ക്, ഭാര്യയും ഭർത്താവും ആഹാരം പാകംചെയ്യലും കുഞ്ഞുങ്ങളെ ശുശ്രൂഷിക്കലും തുണി അലക്കലും വീടു വൃത്തിയാക്കലുമൊക്കെ കഴിയും. ഗൃഹപാഠം കഴിഞ്ഞാൽ അവരും ഇവയിലൊക്കെ സഹകരിക്കും. വളരെ ശ്രദ്ധേയമായ ഒരു കാര്യം സ്ത്രീപുരുഷ ബന്ധമാണ്. അമേരിക്കയിലും യൂറോപ്പിലുമൊക്കെ ത്തന്നെ സ്ത്രീക്കു ഇൻഡ്യയിലേക്കാൾ സ്വതന്ത്ര ഇടപെടൽ(independance)ഉണ്ട്

എന്നത് വ്യക്തം. പക്ഷേ സ്ത്രീപുരുഷ സമത്വം അവിടെയും ഇല്ല. എന്നാൽ ഞാൻ കണ്ട രാജ്യങ്ങളിൽ സ്ത്രീപുരുഷ സമത്വവും സ്നേഹത്തിലൂന്നിയ പരസ്പര ബഹുമാനവും അതിന്റെ മനോഹാരിതയിൽ അനുഭവപ്പെട്ടത് കിഴക്കൻ ജർമ്മനിയിലായിരുന്നു. വീട്ടിൽ ഒരിടവും ഒരു ജോലിയും ആർക്കെങ്കിലുമായി പ്രത്യേകം മാറ്റി വച്ചിട്ടില്ല. എല്ലാവർക്കും എല്ലാ ചുമതലയുമുണ്ട്; ഓരോരുത്തരുടേയും ആവശ്യമനുസരിച്ചു മറ്റുള്ളവർ സഹകരിക്കും. കൂട്ടായ്മയുടെയും തുല്യതയുടെയും മനോഹരമായ ഒരനുഭൂതിതന്നെയായിരുന്നു ജർമ്മനിയിൽ ചെലവഴിച്ച രണ്ടുദിവസം.

മറ്റൊരു കാര്യം കൂടി പങ്കുവെയ്ക്കട്ടെ. ബന്ധപ്പെട്ട 28 കുടുംബങ്ങളോടും പലതും സംസാരിച്ചിടത്ത് ഞാൻ നിർബന്ധമായും ഒരു ചോദ്യം ചോദിച്ചിരുന്നു. 'നിങ്ങൾ ഈസ്റ്റ്-വെസ്റ്റ് ജർമ്മനികളുടെ ഏകീകരണം എങ്ങനെ കാണുന്നു?' 27 പേരും ആ സംഭവത്തെ ഉൽക്കണ്ഠയോടും സംശയത്തോടും കൂടിയാണ് വീക്ഷിച്ചിരുന്നത്. അവരുടെ പ്രതികരണങ്ങൾ ചുരുക്കി ഇങ്ങനെ പറയാം. 'ഇപ്പോൾ ഞങ്ങൾക്കെല്ലാം ജോലിയുണ്ട്; താമസിക്കാൻ വീടുണ്ട്, ധരിക്കാൻ വസ്ത്രമുണ്ട്, യാത്ര ചെയ്യാൻ വാഹനസൗകര്യങ്ങളുണ്ട്, രോഗം വന്നാൽ മരുന്നുണ്ട്, അതിലൊക്കെ ഉപരി ഞങ്ങൾക്കെല്ലാം ഭക്ഷിക്കാൻ ആഹാരമുണ്ട്. ഈ പറയപ്പെടുന്ന ഏകീകരണം വന്നാൽ എന്താകുമെന്നു വ്യക്തമല്ല. കുറച്ചു പേർക്ക് എല്ലാം ഉണ്ടാകുമ്പോൾ, പലർക്കും ജോലി ഇല്ലാതാകില്ലേ? പലരും പട്ടിണി കിടക്കേണ്ടിവരില്ലേ? കിടപ്പാടം ഇല്ലാതെ വരില്ലേ? ...' ഇങ്ങനെയുള്ള ചോദ്യങ്ങൾ ഞങ്ങളെ വല്ലാതെ അലട്ടുന്നു. ഒരു കുടുംബം മാത്രമാണ് ഏകീകരണത്തെ അനുകൂലിച്ചു സംസാരിച്ചത്. ഏതായാലും ഇന്ന് ഏകീകരണം കഴിഞ്ഞു. അതിനെപ്പറ്റി വിലയിരുത്തുമ്പോൾ, അവരുടെ ഉത്ക്കണ്ഠ 100% വും യാഥാർത്ഥ്യമായിരിക്കുന്നു എന്നു ചരിത്രം തെളിയിക്കുന്നു. കിഴക്കൻ ജർമ്മനിയിലെ സാധാരണജനങ്ങൾ ഇന്നു ജർമ്മനിയിലെ ഏതാണ്ട് രണ്ടാംതരക്കാരാണ്; ജോലികളിൽ ഹീനവും മെച്ചപ്പെട്ടതും എന്ന വിഭജനവും ഹീനജോലികൾ ചെയ്യേണ്ടവർ കിഴക്കൻ ജർമ്മനിക്കാരുമായി മാറിയിരിക്കുന്നു. എന്തിന്, പലർക്കും ഈ ഹീനജോലികൾ പോലും ഇല്ലാതായി. ദാരിദ്ര്യം വർദ്ധിച്ചു. തൊഴിലില്ലായ്മ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇതാണ് ഇന്നത്തെ ഏകീകരിച്ച ജർമ്മനിയുടെ ചിത്രം. സോഷ്യലിസത്തിൽ വിശ്വസിക്കുന്ന ഒരു വ്യക്തി എന്ന നിലയ്ക്ക്, എന്തെല്ലാം പാളിച്ചകളും പരിമിതികളും ഉണ്ടെങ്കിലും, ഈസ്റ്റ് ജർമ്മനി സന്ദർശിക്കാൻ കിട്ടിയത് അതുല്യ അവസരമായി ഞാൻ കണക്കാക്കുന്നു, വിലമതിക്കുന്നു. ഇന്നത്തെ കുടുംബസംവിധാനത്തിൽ മാറ്റം വരണമെന്നു ഇന്നു ഞാൻ പറയുമ്പോൾ, ഈസ്റ്റ് ജർമ്മനിയിലെ തുല്യതയിലധിഷ്ഠിതമായ സ്ത്രീ-പുരുഷബന്ധ വ്യവസ്ഥ എന്റെ മനസ്സിൽ മായാതെ നില്ക്കുന്നു.

# 45

## ജനജാഗൃതിയുടെ തുടക്കം

### മാധ്യമം സാമൂഹ്യമാറ്റത്തിന്

അമേരിക്കയിൽ നിന്നു വന്നിട്ടു പിറ്റേദിവസം തന്നെ രാവിലെ കൊല്ലം ബിഷപ് ഡോ. ജോസഫ് ജി. ഫെർണാന്റസിനെ തങ്കശ്ശേരി ബിഷപ്സ് ഹൗസിൽ പോയി കണ്ട്, ഒത്തിരുന്നു പ്രഭാതഭക്ഷണം കഴിച്ച്, വളരെ നേരം കുശലപ്രശ്നങ്ങൾ സംസാരിച്ചു സന്തോഷമായി പിരിഞ്ഞു. തുടർന്നു ഫാ. ജോസ് ജെ. കളീയ്ക്കലിനോടൊപ്പം താമസിച്ചുകൊണ്ട്, അന്നു പ്രവർത്തിച്ചുകൊണ്ടിരുന്ന ജനകീയപ്രസ്ഥാനങ്ങളായ എം. ജെ. എം. സെന്റർ, വി. വി. കെ., ജെ. വി. പി., ആഡസ്, എസ്. സി. ഡി. ചണ്ണപ്പേട്ട, എസ്. സി. ഡി. കടമ്പനാട്, ഡി. പി. ഐ. എഫ്. സി., സരോവര തുടങ്ങിയവയെ കൂടുതൽ ശക്തിപ്പെടുത്താൻ സഹായകമായ വിലയിരുത്തലിലും കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുന്നതിലും നിർണ്ണായകപങ്കുവഹിച്ചു. ഇതിനിടയിൽ എവിടെയായിരിക്കണം എന്റെ ബെയ്സ് എന്നു ഞങ്ങൾ നേതൃസംഘം ഗൗരവമായി ചർച്ചചെയ്യുന്നുണ്ടായിരുന്നു. അങ്ങനെയാണ് ബ്രസീലിലെ അനുഭവത്തിൽ നിന്നും ഊർജ്ജം സ്വീകരിച്ച് ആലപ്പുഴ പറവൂർ കേന്ദ്രമാക്കി 'മാധ്യമം സാമൂഹ്യമാറ്റത്തിന്' എന്ന ലക്ഷ്യത്തോടെ ജനജാഗൃതിക്ക് തുടക്കംകുറിച്ചത്.

ജനജാഗൃതിയുടെ തുടക്കം വളരെ ലളിതമായ ഒരു ചടങ്ങിൽ 'മതം, മതമൗലികതാവാദം, വർഗ്ഗീയത' എന്ന പുസ്തകം 1991 മേയ് 30 നു പ്രകാശനം ചെയ്തുകൊണ്ടാണ്. പ്രശസ്ത ചിന്തകനായ ഡോ. കെ. മഹേശ്വരൻ നായരാണ് ഗ്രന്ഥകർത്താവ്. ഞങ്ങൾക്ക് എപ്പോഴും പ്രചോദനമായിരുന്ന ഫാ. തോമസ് കോച്ചേരിയാണ് അവതാരിക എഴുതിത്തന്നത്. പ്രസാധനത്തിന് സഹായിച്ചത് ഞങ്ങളുടെ പ്രസ്ഥാനത്തെ അല്പം ദൂരെനിന്നു വീക്ഷിച്ചിട്ട് ഒപ്പം നടക്കുന്ന എ. ജോൺസൺ. മുഖചിത്രത്തിന്റെ കർത്താവ് ജനജാഗൃതിയുടെ ആത്മാവുൾക്കൊള്ളുന്ന മാവേലിക്കര രവിവർമ്മ ലളിതകലാ ഇൻസ്റ്റിറ്റ്യൂട്ട് റിട്ടയേർഡ് പ്രിൻസിപ്പൽ പ്രൊഫ. ടി. എ. എസ്. മേനോൻ. പുസ്തകം പ്രകാശനം ചെയ്തത് സാംസ്കാരിക-സാഹിത്യ നായകനും മാർക്സിസ്റ്റ് ചിന്തകനും ജനജാഗൃതിയുടെ ഗുരുസ്ഥാനീയനുമായ ശ്രീ. പി. ഗോവിന്ദപ്പിള്ള. പുസ്തകം

ഏറ്റുവാങ്ങിയത് കേരള സ്വതന്ത്രമത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി ശ്രീമതി മേഴ്സി അലക്സാണ്ടർ. തിരുവനന്തപുരത്ത് പി. സി. ഒ. സെന്ററിൽ വച്ചാണ് ഈ ധന്യകർമ്മം നിർവഹിക്കപ്പെട്ടത്. ജനജാഗൃതിയുടെ പ്രഥമസംരംഭം (പുസ്തകം) സമർപ്പിച്ചിരിക്കുന്നത് വ്യത്യസ്തമായൊരു ജീവിതവീക്ഷണത്തോടെ ഇറങ്ങിത്തിരിക്കാൻ എനിക്ക് ഏറ്റവും ആഴത്തിലുള്ള പ്രേരകശക്തിയായ എന്റെ അപ്പാപ്പന്റെ സ്മരണയ്ക്കു മുമ്പിലാണ് - 'വിശ്വമാനവികതയ്ക്കായി ജീവിച്ച് മരിച്ച് ഇന്നും ജീവിക്കുന്ന ഡേവിഡ് വി. ഫെർണാന്റസിന്റെ സ്മരണയ്ക്ക്.' വളരെ ലളിതവും നിസാരവുമായ ചടങ്ങായിരുന്നെങ്കിലും, എന്നെ സംബന്ധിച്ചിടത്തോളം എന്നും ആദരവോടെ ഓർക്കുന്ന ഒരനുഭവം.

ജനജാഗൃതി ഒരു ബദൽ മാധ്യമകേന്ദ്രമായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ബ്രസീലിലെ എന്റെ അനുഭവം ജനത്തിന്റെ വിമോചനപ്രക്രിയയിൽ ഊന്നിയ ഒരു മാധ്യമസംസ്കാരത്തിന്റെ കാലികപ്രസക്തി പ്രസ്പഷ്ടമാക്കി. വിമോചനപ്രസ്ഥാനങ്ങളുമായി ഇടപെട്ടു പ്രവർത്തിക്കുന്നവർക്ക് ആകെത്തന്നെ ഈയൊരു മാധ്യമകേന്ദ്രം സഹായകമാകുമെന്ന ധാരണയിലാണ് ജനജാഗൃതിക്കു മൂർത്തരൂപം കൊടുത്തത്.

"ജനശക്തിയിൽ വിശ്വാസമർപ്പിച്ചുകൊണ്ട്, ജനതയുടെ ആദ്ധ്യാത്മിക-ഭൗതികതലങ്ങളിൽ നൂതനാവബോധവും പുത്തൻ ചരിത്രവും രചിക്കുന്നതിനും, സാംസ്കാരിക-സാമൂഹിക മണ്ഡലങ്ങളിൽ ഇന്നു നാം കാണുന്ന ജീർണതകൾക്കെതിരെ പ്രതികരിക്കുന്നതിനും, കഴിവതും പാവപ്പെട്ട ജനതയുടെ ജീവിതസംസ്കൃതിയെ തെളിമയുള്ളതാക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന ഒരു ജനകീയ പ്രസ്ഥാനമാണ് ജനജാഗൃതി. അതിനുള്ള ശ്രമമാണ് മാധ്യമങ്ങളിലൂടെ ഞങ്ങൾ ചെയ്യുന്നത്." ജനജാഗൃതിയുടെ താത്വിക അടിത്തറയെപ്പറ്റി കൂടുതൽ വ്യക്തത നല്കുന്നതാണ് 1991 ജൂൺ 15 ൽ ഇറക്കിയ നോട്ടീസിലെ ഈ വാക്കുകൾ.

സാമ്പത്തികമായും സാംസ്കാരികമായും വിദ്യാഭ്യാസപരമായും രാഷ്ട്രീയമായും സമൂഹത്തിന്റെ ഓരങ്ങളിലേയ്ക്കു തള്ളിനീക്കപ്പെടുന്ന ബഹുഭൂരിപക്ഷം വരുന്ന ജനവിഭാഗത്തെ ഊന്നിനിന്നു കൊണ്ട്, മേധാവിത്വത്തിനും പുരുഷാധിപത്യത്തിനും വർഗ്ഗീയതയ്ക്കും ദാരിദ്ര്യത്തിനും സാമ്രാജ്യത്വത്തിനും അജ്ഞതയ്ക്കുമെതിരെ ജനജാഗൃതി നിലപാടെടുക്കുന്നു (വിശ്വാസവും പോരാട്ടവും പേജ് 93).

കാലികപ്രസക്തവും ജനോന്മുഖവുമായ മുപ്പത്തഞ്ചോളം പുസ്തകങ്ങൾ ജനജാഗൃതി പ്രസിദ്ധീകരിച്ചു. പ്രതിമാസ സാംസ്കാരിക സംവാദസദസ്സുകൾ, ആനുകാലിക വിഷയങ്ങളെ കേന്ദ്രീകരിച്ച പഠനങ്ങളും പൊതുസമ്മേളനങ്ങളും, ചിത്രരചനാശില്പശാലകൾ, കാർട്ടൂൺക്യാമ്പുകൾ, ജനകീയ ക്രിസ്തുമ

സ്, കുട്ടികളിൽ അന്തർലീനമായ കഴിവുകളെ തൊട്ടുണർത്താൻ സഹായിക്കുമാറ് കളിയിലൂടെ പഠനം എന്ന താത്വിക അടിത്തറയിൽ ബദൽശിശുവാടിയും കളിക്കൂട്ടവും .... ഇവയൊക്കെ ഒരു ബദൽ സംസ്കാരരൂപീകരണത്തിനു ഉതകുന്നവയായിരുന്നു. ഓഡിയോ-വീഡിയോ കാസെറ്റുകളും 'മീൻതോണി' എന്ന ഫീച്ചർ ഫിലിമും ജനജാഗൃതിയുടെ സൃഷ്ടികളാണ്. ഇവയിലൂടെയൊക്കെ ഒരു നൂതനാവബോധം വളർത്തുന്നതിൽ ചെറിയൊരു പങ്കു ജനജാഗൃതി വഹിക്കുന്നു.

സമൂഹത്തിന്റെ ഓരങ്ങളിൽ കാലാകാലങ്ങളായി പ്രതിഷ്ഠിച്ചിരിക്കുന്ന സ്ത്രീകൾ മുഖ്യധാരാ സമൂഹത്തിന്റെ നടുത്തൂണാണെന്നുള്ള വിശ്വാസമാണ് സ്ത്രീകളുടെ സർവ്വോന്മുഖമായ വളർച്ചയ്ക്കു വേണ്ടി നിലകൊള്ളാൻ ജനജാഗൃതിയെ പ്രേരിപ്പിക്കുക. അങ്ങനെ 'സമന്വയം കേരളം' എന്ന ഒരു സ്ത്രീസംഘടനയ്ക്കു രൂപം നല്കാൻ സാധിച്ചു. പുരുഷാധിപത്യത്തിലും ആൺകോയ്മാ സമൂഹസമ്പ്രദായത്തിലും അടിയുറച്ച ഒരു സാമൂഹ്യസാഹചര്യത്തോടു നിരന്തരം കലഹിക്കുന്ന, വ്യക്തമായ സ്ത്രീപക്ഷ കാഴ്ചപ്പാടോടെ പ്രവർത്തിക്കാൻ ശ്രമിക്കുന്ന ഒരു സ്ത്രീസംഘടനയാണ് സമന്വയം. നിരന്തരമായ പഠനവും സ്ത്രീപക്ഷത്തു നിന്നുകൊണ്ടുള്ള സാമൂഹ്യവിശകലനവും ഇതിന്റെ സവിശേഷതയാണ്. സ്ത്രീസ്വാതന്ത്ര്യത്തിനും സ്ത്രീപുരുഷ തുല്യതയ്ക്കും ഒക്കെ നിദാനമായി വരുന്നത്, സ്ത്രീ സ്വന്തം കാലിൽ നില്ക്കാനുള്ള ഒരവസ്ഥ സംജാതമാകുമ്പോഴാണ്. ഈ ലക്ഷ്യത്തോടെ സ്ത്രീകൾക്കുള്ള തൊഴിൽസാദ്ധ്യതകളും സമന്വയത്തിന്റെ മുൻഗണനയിലുണ്ട്. കഴിഞ്ഞ 10 വർഷം കൊണ്ട് സമൂഹത്തിൽ സമന്വയത്തിനു ഒരിടം സാധിതമായി എന്നതു ഈ പ്രസ്ഥാനത്തിന്റെ കാലിക പ്രസക്തിയുടെ തെളിവാണ്. ജനജാഗൃതിയുടെ പിൻബലത്തോടെയാണ് സമന്വയം തുടക്കംകുറിച്ചതെങ്കിലും, ഒരു സ്ത്രീസംഘടനയെന്ന നിലയിൽ സമന്വയം സ്വതന്ത്രമായി നിലപാടെടുത്തു സമൂഹത്തിൽ വേരുറപ്പിക്കാനുള്ള നീക്കങ്ങൾ നടക്കുന്നു. അതിന്റെ ചുക്കാൻ പിടിക്കുന്നത് ശ്രീമതി കൊച്ചുമോളാണ്.

ജനജാഗൃതിയുടെ ദർശനത്തെയും നിലപാടിനെയും എടുത്തുകാട്ടുന്ന ഒരു പ്രവർത്തനപരിപാടിയാണ് കഴിഞ്ഞ 23 വർഷങ്ങളായി എല്ലാ മാസവും രണ്ടാം തീയതി പ്രസിദ്ധീകരിക്കുന്ന ഓറ (Organ for Radical Action - ORA) എന്ന മാസിക. പേരു സൂചിപ്പിക്കുന്നതു പോലെ, സാമൂഹ്യമാറ്റം ഓറയുടെ അന്തരാത്മാവാണ്. 1980 കളിൽ കേരളത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സ്വതന്ത്രസംഘാടനവും പോരാട്ടങ്ങളും സജീവമായിരുന്നു; ഒപ്പം ദലിത് ക്രിസ്ത്യൻ വിഭാഗങ്ങൾ അവരുടെ സ്വത്വാന്വേഷണത്തിന്റെ ഭാഗമായി നടത്തുന്ന പോരാട്ടങ്ങളും. ഈ നീക്കങ്ങളുടെ താത്വികാടിത്തറയ്ക്ക് സഹായകമാകുമാറ്, വിമോചന ദൈവശാസ്ത്രത്തിന്റെ ജിഹ്വയായി 1982 ൽ ആരംഭിച്ച

ഓറ, ഇൻഡ്യയുടെ സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക-മതപര സാഹചര്യത്തിൽ, ചരിത്രത്തിന്റെ പരിണാമ പ്രക്രിയയിൽ മതേതര-ദരിദ്രപക്ഷ സ്വഭാവത്തോടെയും കാഴ്ചപ്പാടോടെയും മനുഷ്യവിമോചന ജിഹ്വയായി പ്രവർത്തിച്ചുവരുന്നു. സർവ്വശ്രീ എൻ. ജി. ശാസ്ത്രി, സി. പി. സുധാകരൻ, ഒ. പി. പ്രസന്നകുമാർ, കൊച്ചുമോൾ, പി. വി. വേണുഗോപാൽ, ഡോ. ജോർജ്ജ് കെ. അലക്സ്, ഓറയുടെ സ്ഥാപകാംഗങ്ങളിൽ ഒരാളായ ഞാനും കൂടിയ ഒരു ചെറുസംഘം ഓറയുടെ വളർച്ചയ്ക്കായി അവരുടെ ചോരയും നീരും കൊടുക്കുന്നു. വായനക്കാരുടെ നിരന്തരമായ പ്രതികരണവും ഇടപെടലും ഞങ്ങളുടെ വീക്ഷണവ്യക്തതയും ഓറയുടെ ചരിത്രപരമായ പ്രസക്തി എടുത്തുകാട്ടുന്നു. എന്റെ വളർച്ചയിൽ ഓറയ്ക്കു നിർണ്ണായകമായ പങ്കുണ്ട്.

ചുരുക്കത്തിൽ മാധ്യമം സാമൂഹികമാറ്റത്തിന് എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ജനജാഗൃതിക്ക് ഏറെ കാലികപ്രാധാന്യവും സാംഗത്യവുമുണ്ട്. ആ പ്രക്രിയയിൽ സജീവമായിരിക്കുക എന്റെ ആനന്ദവും.

ജനജാഗൃതിയുടെ ആത്മസത്ത് ഇങ്ങനെ വിശേഷിപ്പിക്കാം. ദൈവം ഓംകാരമായിരുന്നു. ബൈബിളിൽ വചനവും. വചനം മാംസമായി, മനുഷ്യനായി. മനുഷ്യനെക്കുറിച്ചാണ് ഞങ്ങളുടെ വ്യഗ്രത. മനുഷ്യനെക്കുറിച്ചു മാത്രമല്ല, അവനിൽ/അവളിൽ ജീവൻ സന്നിവേശിപ്പിച്ചു വളർത്തുന്ന പ്രകൃതിയെക്കുറിച്ചും. പ്രകൃതിയുടെ സന്തുലിതാവസ്ഥ ജീവന്റെ താളമാണ്. ജനമൊന്നാകെ ജീവന്റെ ആനന്ദനൃത്തം ഏറ്റെടുത്തു പകരുന്നത് ഞങ്ങളുടെ സ്വപ്നമാണ്. ജനശക്തിയിലും ജനത്തിന്റെ സർഗ്ഗാത്മകതയിലും ഞങ്ങൾ വിശ്വസിക്കുന്നു; ഒപ്പം, ജനത്തിന്റെ ദൈവികതയിലും. ജനത്തോടൊത്ത് ചരിത്രം രചിക്കുന്ന ജീവിതനൃത്തത്തിൽ പങ്കുചേരുന്ന ഞങ്ങളുടെ എളിയ പരിശ്രമമാണ് ജനജാഗൃതി.

**ഇനി 99,999 അടി മതി**

ഏതൊരു ചെറിയ, തീർത്തും അനൗദ്യോഗികമായമായ മീറ്റിംഗ് നടക്കുമ്പോഴും അവിടെ നടക്കുന്ന കാര്യങ്ങൾ കുറിക്കുക എന്റെ സ്വഭാവമാണ്. ഇങ്ങനെ എഴുതിയിരുന്നതു കൊണ്ട് വളരെയധികം ഗുണങ്ങളുണ്ടായിട്ടുണ്ട്. ഈ സ്വഭാവമുള്ളതുകൊണ്ടു തന്നെ YPA (Young Priests' Asociation) തൊട്ടു മിക്ക ഗ്രൂപ്പിന്റെയും സെക്രട്ടറിയായി എന്നെ തെരഞ്ഞെടുക്കാറുണ്ടായിരുന്നു. ആ ജോലി കൃത്യമായി ചെയ്യുമായിരുന്നു താനും. അതുകൊണ്ടുതന്നെ ഗ്രൂപ്പുയോഗത്തിന്റെ ഫലമായി എന്തെങ്കിലും പ്രസ്താവനകളോ തീരുമാനങ്ങളോ എഴുതി ഒപ്പിടീക്കണമെങ്കിൽ, അത് ഡ്രാഫ്റ്റ് ചെയ്യുന്ന സബ്കമ്മിറ്റിയിൽ ഞാൻ കാണും; ഒട്ടുമിക്കപ്പോഴും അതിന്റെ സെക്രട്ടറിയായിട്ടും. ഇങ്ങനെ സഭയിലുള്ള കാലികപ്രശ്നങ്ങളോടു ഞങ്ങൾ ഗ്രൂപ്പായി ഒപ്പിട്ടു പ്രതികരിക്കുക ഒരു സാധാരണരീതിതന്നെയായിരുന്നു. അനീതി കാണുന്നിടത്ത് പ്രതികരിക്കുക

ഞങ്ങളുടെ വൈദികധർമ്മമായിതന്നെയാണ് ഞങ്ങൾ കണ്ടത്. മുഖ്യധാരാ പൗരോഹിത്യത്തിൽ നിന്നു മാറിയിട്ടും എന്റെ ഈ ശൈലി തുടരുന്നു.

സഖാവ് ഗൗരിയമ്മയുടെ മേൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്) നടപടിക്കുള്ള വിവിധ സ്റ്റെപ്പുകൾ എടുത്തുകൊണ്ടിരുന്നപ്പോൾ, പാർട്ടിയുടെ ജനറൽ സെക്രട്ടറിയായിരുന്ന സഖാവ് ഇ. എം. എസ്സിന് ഈ വിഷയത്തെപ്പറ്റി, ചൊറിഞ്ഞുപൊട്ടിയതിനെ വലിയ മുറിവും പിന്നെ വ്രണവുമാക്കി കാൽ മുറിക്കുന്ന രീതിയിലേയ്ക്കു നീങ്ങുന്നത് അനഭിമതമെന്ന് എഴുതി അറിയിച്ചു. അദ്ദേഹം അതിനു മറുപടിയും നല്കി.

1984 ൽ കൊല്ലം കളക്ട്രേറ്റ് പടിക്കലെ നിരാഹാര പന്തലിൽ നിന്നും അഭിവന്ദ്യ കൊല്ലം മെത്രാനു 'സ്നേഹിതർക്കു വേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല' എന്നു കാണിച്ചു തുറന്ന കത്തയച്ചു. ഇതിന് ആത്മഹത്യശ്രമത്തിന്റെ പേരിൽ 309 IPC പ്രകാരം ST No. 794/84 നമ്പറായി കൊല്ലം ഫസ്റ്റ്ക്ലാസ് അഡീഷണൽ ജുഡീഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെ പോലീസ് കേസെടുത്തിട്ടുണ്ട്.

1993 ൽ ബാബറി മസ്ജിദ് തകർത്തപ്പോൾ, അത് അക്ഷന്തവ്യമായ നിരുത്തരവാദിത്തമാണ് എന്നു കാണിച്ച് അന്നത്തെ പ്രധാനമന്ത്രി ശ്രീ. പി. വി. നരസിംഹറാവുവിനു കത്തെഴുതി; അദ്ദേഹം ആ സ്ഥാനത്തിരിക്കുമ്പോൾ തന്നെ തന്റെ തെറ്റു തിരുത്തണമെന്നും അദ്ദേഹത്തോടാവശ്യപ്പെട്ടു.

ഓരോ പ്രത്യേക സന്ദർഭത്തിലും ഇങ്ങനെ പലർക്കും കർശനമായ ഭാഷയിൽ, സ്നേഹത്തിന്റെ ഭാഷയിൽ, ശാസനയുടെ ഭാഷയിലൊക്കെ കത്തയക്കുക ഒരു രീതിതന്നെയായിരുന്നു. അവസാനം ഫാ, സ്റ്റാൻലി റോമനെ കൊല്ലം ബിഷപ്പായി നിയോഗിച്ചുകൊണ്ടുള്ള റോമിന്റെ ഓർഡർ വന്നപ്പോൾ, അദ്ദേഹത്തിന്റെ പുതിയ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിന്റെ ആത്മീയ ഒരുക്കമായി, ബോധപൂർവ്വം ദരിദ്രപക്ഷം പിടിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുകയും ആ വെല്ലുവിളി ഏറ്റെടുക്കാൻ, എത്ര ദുഷ്കരമാണെങ്കിലും, തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തുകൊണ്ട് ഞാൻ കത്തയച്ചു. താൻ ദരിദ്രർക്കു മുൻഗണന കൊടുക്കാൻ ശ്രമിക്കും എന്നു കാണിച്ചുകൊണ്ട് അദ്ദേഹം മറുപടിയും അയച്ചു.

ഇങ്ങനെ എഴുതിയിട്ടു കാര്യങ്ങളൊന്നുമില്ലായെന്ന് വിലയിരുത്തുന്നവർ ധാരാളമുണ്ട്. പക്ഷേ ഞാൻ അങ്ങനെയല്ല കാണുക. ഒരുലക്ഷം അടികൊണ്ട് ഒരു വൻ പാറ (ദുഷിച്ച, അനീതി നിറഞ്ഞ സാമൂഹിക വ്യവസ്ഥിതി) പൊട്ടിക്കാൻ സാധിക്കുമെങ്കിൽ, അവിടെ എന്റെ ഒരടിക്കും വിലയുണ്ട് എന്നു ഞാൻ വിശ്വസിക്കുന്നു. ഇനി 99,999 അടി മതി. പുതിയൊരു സമൂഹത്തിനായുള്ള നമ്മുടെ നിരന്തര പോരാട്ടത്തിന്റെ അവിഭാജ്യഘടകമായിട്ടാണ് ഞാനിവയെ കാണുക.

# 46

# ജസ്സിയും ബോസ്കോയും

**ജസ്സിയും ജനജാഗ്യതിയും**

ജനജാഗൃതിയിലെ ഞങ്ങളുടെ ജീവിതം ധന്യമാക്കിയതിൽ ഒരു പങ്കുവ ഹിച്ചത് അവിടെ എക്സ്പോഷർ പ്രോഗ്രമിനു വന്നിട്ടുള്ള സെമിനാരിക്കാർ, ദൈവശാസ്ത്ര പഠിതാക്കൾ, മത്സ്യ-കാർഷിക മേഖലയെ തൊട്ടറിയാൻ താല്പ ര്യമുള്ള വിദേശികൾ മുതലായവരാണ്. ഞങ്ങൾ അവരുടെ കാഴ്ചപ്പാടുകളെ ചോദ്യം ചെയ്യുമ്പോൾ, അവർ ഞങ്ങളുടെ നിലപാടിന്റെ അപ്രായോഗികത എടുത്തുകാട്ടും. അങ്ങനെ അവരുമൊത്തുള്ള ജീവിതം ഞങ്ങൾ രണ്ടുകൂ ട്ടർക്കും ആരോഗ്യപരമായ സംവാദത്തിനും വളർച്ചയ്ക്കും കാരണമായി.

ഇങ്ങനെ വന്ന ഒരു വ്യക്തിയുടെ ഇടപെടൽ എടുത്തുപറയണമെന്നു കരു തുന്നു. എന്റെ ജ്യേഷ്ഠന്റെ മകൾ ജസ്സി ജെ. ഫെർണാന്റസ്. അവൾ ജനിച്ചു വളർന്നത് അമേരിക്കയിലാണ്. ഞാൻ ബോസ്റ്റൻ കോളേജിൽ പഠിക്കുമ്പോൾ ജസ്സിക്കു 12 വയസ്സ്. ഞങ്ങൾ തമ്മിൽ സംസാരിക്കുമ്പോൾ ദരിദ്രരെ സ്നേഹി ക്കുക (Love the Poor) എന്നതു ജീവിതധർമ്മമാക്കണമെന്നു വല്ലപ്പോഴുമൊക്കെ പറഞ്ഞിട്ടുണ്ട്. ജസ്സി വളർന്നപ്പോൾ ഇക്കാര്യം ഗൗരവമായി എടുത്തു. അമേരി ക്കൻ സമൂഹത്തെ പഠിച്ചു. അവിടെ നടമാടുന്ന അനീതിയും അക്രമവും വർണ്ണ വിവേചനവും പട്ടിണിയും പാർപ്പിടമില്ലായ്മയുമൊക്കെ അവൾ കണ്ണുതുറന്നു കണ്ടു. ശാസ്ത്രീയമായ സാമൂഹ്യ അപഗ്രഥനത്തിലൂടെ ജസ്സി ദരിദ്രരുടെ പക്ഷം പിടിച്ചു ജീവിക്കാൻ തീരുമാനിച്ചു.

ഈ ചിന്തയെ ദൃഢീകരിക്കാനും മറ്റും ജനജാഗൃതിയിൽ മൂന്നാഴ്ചത്തെ എക്സ്പോഷറിനു ജസ്സി വന്നു. ഇവിടെ ഹോംനേഴ്സിംഗ് പരിശീലനം അന്ന് ആരംഭിക്കുകയാണ്. ജസ്സിക്കു വേണ്ടി ഒരു മുറി ഞാനൊരുക്കി - കിടക്കയും. പക്ഷേ ജസ്സി ഹോംനേഴ്സിംഗിനു വന്ന സ്ത്രീകളോടൊപ്പം പുൽപ്പായിൽ തറയിൽ തലയിണ ഇല്ലാതെയാണ് രണ്ടാഴ്ച ജീവിച്ചത്. ജസ്സിയുടെ സാന്നിദ്ധ്യം ഞങ്ങളുടെ ദരിദ്രപക്ഷംചേരലിനെ ഒന്നു വിലയിരുത്താനും പുനഃ പരിശോധിക്കാനും സഹായകമായി.

കൊച്ചുമോളും ഞാനും തമ്മിലുള്ള സൗഹൃദബന്ധം എന്തു വിലകൊ

ടുത്തും നിലനിർത്തണമെന്നും വളർത്തണമെന്നും അതിനു എപ്പോഴും കൂടെ ഉണ്ടാകുമെന്നുമാണ് ജസ്സിയുടെ നിലപാട്. കൊച്ചുമോളുടെ സ്ത്രീപക്ഷ കാഴ്ചപ്പാടിന്റെ വ്യക്തതയും തീവ്രമായ വികാരത്തോടെയുള്ള പറച്ചിലും ജസ്സി നോക്കിക്കണ്ട് അതിന്റെ യഥാർത്ഥ അർത്ഥത്തിൽ പ്രതികരിക്കുമായിരുന്നു. ജസ്സിയുടെ തന്നെ സ്ത്രീപക്ഷ കാഴ്ചപ്പാട് പങ്കുവെയ്ക്കുകയും അതിൽ ഉറച്ചു നില്ക്കേണ്ട ആവശ്യകതയെപ്പറ്റി ഞങ്ങൾ മൂവരും തീർപ്പെടുക്കുകയും ചെയ്തു.

പത്തനംതിട്ട വാലുതറയിലുള്ള സോളമനച്ചൻ അനുസ്മരണ ഹാളിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ചു ജസ്സി വാലുതറയിൽ പോയി അവിടത്തെ ദലിത ജനത്തോടൊപ്പം അവരുടെ വീടുകളിൽ താമസിച്ചു ഉദ്ഘാടനത്തിനു വേണ്ട കായികജോലികളിൽ സജീവമായി പങ്കെടുത്തു. മാത്രമല്ല, സോളമനച്ചന്റെ അനുസ്മരണാഘോഷങ്ങളിലുണ്ടായിരുന്ന സാംസ്കാരിക പരിപാടികളിൽ ജസ്സിയും പങ്കു ചേർന്നു.

ജസ്സിയുടെ ദരിദ്രപക്ഷ-സ്ത്രീപക്ഷ-സോഷ്യലിസ്റ്റ് ചിന്താഗതി അവളുടെ കുടുംബത്തിൽ കുറച്ചു പ്രശ്നങ്ങൾ തന്നെ ഉണ്ടാക്കി. രാജനച്ചനാണ് ജസ്സിയെ വഴിതെറ്റിക്കുന്നത് എന്ന ഒരു പൊതു ആരോപണം തന്നെ ഒറ്റയ്ക്കും പെട്ടയ്ക്കും വന്നിട്ടുണ്ട്. ഒരു ദിവസം ജസ്സിയുമായിട്ടു ഇതിനെപ്പറ്റി ഒരു തുറന്ന സംഭാഷണം നടത്തി. ജസ്സിയുടെ പ്രതികരണത്തിലുള്ള വ്യക്തത എന്നിൽ വലിയ അഭിമാനം തോന്നിച്ചു. അവൾ ഏതാണ്ടിങ്ങനെ പറഞ്ഞു: 'ഈയൊരു ചിന്തയ്ക്കു തുടക്കം കുറിക്കാൻ രാജനച്ചൻ പ്രേരകമായി. പക്ഷേ ഞാൻ വായിച്ചും പഠിച്ചും അനുഭവിച്ചും ഈ ചിന്തയിൽ വളർന്നു. ഇന്ന് എന്റെ ബോധ്യത്തിൽ നിന്നു ഞാനാണ് തീരുമാനം എടുത്തിരിക്കുന്നത്. ആ തീരുമാനത്തിന്റെ പൂർണ്ണ ഉത്തരവാദിത്തം എനിക്കു തന്നെയാണ്. പപ്പയ്ക്ക് അതു മനസ്സിലാവുകയില്ല. എങ്കിലും എന്നെ സ്നേഹിക്കുന്നു എന്നു പറയുമ്പോൾ, എന്റെ വിശ്വാസത്തെയും ബോധ്യത്തെയും മാനിക്കുകയല്ലേ വേണ്ടത്. രാജനച്ചനെ പറഞ്ഞിട്ടു കാര്യമില്ല. ഇതെന്റെ ഉറച്ച തീരുമാനമാണ്.' ജനജാഗൃതിയുമായി സഹകരിക്കുന്നതിൽ സന്തോഷമേയുള്ളു എന്ന ജസ്സിയുടെ നിലപാട് ഞങ്ങൾക്കു ശക്തി പകരുന്നതാണ്.

### ജോൺ ബോസ്കോയും ഞാനും

വലിയവിള കുടുംബത്തിലെ ആഞ്ചിയണ്ണന്റെ കുടുംബം ഞങ്ങൾക്കെല്ലാവർക്കും ഇഷ്ടമുള്ള ഒരു കുടുംബമാണ്; എല്ലാവരുമായും ബന്ധമുണ്ട്. പക്ഷേ ജോൺ ബോസ്കോയുമായുള്ള ബന്ധത്തിനു മറ്റൊരു മുഖമാണ്.

എന്റെ ജ്യേഷ്ഠൻ ജോസഫ് അച്ചാച്ചൻ ആന്ധ്രാപ്രദേശത്ത് ഏലൂര് രൂപതയിൽ വലിയവിള ഡേവിഡ് മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റി(VDMCTrust)ന്റെ കീഴിൽ ഒരു ഡെന്റൽ കോളേജ് തുടങ്ങാൻ തീരുമാനിച്ചു. ഏലൂര് ബിഷപ്

റൈറ്റ് റവ. മൊൺസിഞ്ഞോർ എം. ജോണും സംഘവും അതിനു വേണ്ട എല്ലാ ഒത്താശകളും ചെയ്യാമെന്നു വാക്കും നല്കി. അങ്ങനെ കാര്യങ്ങൾക്ക് തുടക്കം കുറിച്ചു. ജ്യേഷ്ഠൻ അമേരിക്കയ്ക്കു തിരിച്ചു പോയി. ജ്യേഷ്ഠന്റെ പ്രതിനിധിയായി ഏലൂരിൽ സേവനമനുഷ്ഠിച്ചത് ബോസ്ക്കോയാണ്. ചില പ്രത്യേക സന്ദർഭങ്ങളിൽ ഞാനും പരിപാടിയിൽ പങ്കെടുക്കുമായിരുന്നു. അവിടെ ഞങ്ങൾ രണ്ടുപേരും നല്ല സുഹൃത്തുക്കളായി.

ഡെന്റൽ കോളേജിന്റെ പ്രാരംഭപ്രവർത്തനങ്ങൾ നടക്കുകയാണ്. ഡെന്റൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാനായി ജസ്റ്റിസ് എസ്. വി. മാരുതി ചെയർപേഴ്സണായുള്ള മാരുതി കമ്മീഷന്റെ സന്ദർശനത്തിനു ഞങ്ങളെല്ലാം ധൃതിപിടിച്ചു ഒരുക്കങ്ങൾ നടത്തുകയാണ്. 2001 ഫെബ്രുവരി 21 നു അവർ സ്ഥലം സന്ദർശിച്ചു; ജ്യേഷ്ഠന്റെ ഭാഗത്തെ പ്രതി നിധീകരിച്ചു ബോസ്ക്കോയും ജോൺസനും ഞാനുമുണ്ടായിരുന്നു. സന്ദർശനം കഴിഞ്ഞു നാട്ടിലേയ്ക്കു തിരിക്കും മുമ്പു തന്നെ ഏലൂര് ഈ സ്ഥാപനം വളർന്നുവരുമ്പോഴുണ്ടാകാവുന്ന ഭവിഷ്യത്തിനെപ്പറ്റിയും സാധ്യത കളെപ്പറ്റിയുമൊക്കെ ഞങ്ങൾ മൂവരും ജ്യേഷ്ഠന് ഇ-മെയിൽ അയച്ചു.

ബോസ്ക്കോയുമായി രണ്ടുമൂന്നു പ്രാവശ്യം ആലപ്പുഴയിൽ നിന്നും ഏലൂ ർക്കും തിരിച്ചും ട്രെയിനിൽ യാത്ര ചെയ്യാൻ അവസരമുണ്ടായി. വളരെ ഹൃദ്യ മായുള്ള ആശയപങ്കുവെയ്ക്കലുകൾ നടന്നു. രണ്ടു പ്രാവശ്യം ഞങ്ങളുടെ ചിന്തയ്ക്കു ആധാരമായത് കേരള കൗമുദിയിൽ ആഴ്ചതോറും പ്രസിദ്ധീകരി ച്ചിരുന്ന 'ധന്യമാം ജീവിതം' എന്ന ഓർമ്മക്കുറിപ്പുകളായിരുന്നു. ഭിന്നജീവിത ത്തിന്റെ വിവിധമേഖലകളിൽ തെളിമയാർന്ന കർമ്മവും ഉറച്ചധർമ്മവും കൊണ്ടു മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച സമൂഹത്തിലെ നാനാവിധ മണ്ഡലങ്ങളിലെ ആളുകളുടെ ഓർമ്മക്കുറിപ്പുകൾ ഞങ്ങളുടെ ചർച്ചയ്ക്കു മാറ്റുകൂട്ടി. ജീവിത ത്തിൽ ഇവരോരോരുത്തരും വെട്ടിത്തെളിച്ച തനതായ പാതയ്ക്ക് അതിന്റേ തായ വേറിട്ടൊരു സ്വരമുണ്ടായിരുന്നു; അതായിരുന്നു അതിന്റെ ധന്യത. അതായിരുന്നു ഞങ്ങൾക്ക് ഉൾക്കാഴ്ച നല്കാൻ സഹായകമായതും. ആ വായ നയും വിചിന്തനങ്ങളും ചർച്ചകളും ഞങ്ങളെ രണ്ടുപേരെയും എത്തിച്ച ഒരു നിഗമനമുണ്ട്: നീ നിന്റെ പാത വെട്ടിത്തെളിക്കുക. ആ ചർച്ചയ്ക്കിടയിൽ ഞങ്ങളെ സ്പർശിച്ച ചില വാക്യങ്ങൾ ഓർമ്മയിൽ വരുന്നതു കുറിക്കട്ടെ.

* പ്രതിബന്ധങ്ങളോടു ചിരിക്കുക.

* കടുംപിടുത്തമല്ല, ദൃഢനിശ്ചയമാണു വേണ്ടത്.

* ഏറ്റെടുക്കുന്ന കാര്യം ആത്മാർത്ഥതയോടെ ചെയ്യുക; ചെയ്തു കഴിഞ്ഞതിനെയോർത്തു പശ്ചാത്തപിക്കാതിരിക്കുക, തിരിച്ചടിയുണ്ടാ കുമ്പോഴും ആത്മവിശ്വാസം വിടാതിരിക്കുക.

* മനുഷ്യൻ - അവൻ എന്റെ ഏറ്റം അടുത്ത ബന്ധു.

* അപരനിൽ നിന്നു നേടുകയല്ല, അപരനു വേണ്ടി സ്വയം നഷ്ടമാവുകയാണ് ശ്രേഷ്ഠമെന്നു കരുതുക.

* എന്റെ വഴികൾ നിശ്ചയിക്കേണ്ടത് ഞാനാണ്..

* മനുഷ്യനെ ബാധിക്കുന്ന ഏതു പ്രശ്നവും എനിക്കു അന്യമല്ല.

* മൂല്യങ്ങൾ പണയപ്പെടുത്തരുത്, അത് എന്തു ലാഭത്തിനു വേണ്ടിയാണെങ്കിലും.

* കർത്തവ്യത്തെ ധർമ്മമായും കർമ്മമായും കരുതുക.

* വായനയ്ക്കു പകരം വെയ്ക്കാൻ മറ്റൊന്നില്ല; പുസ്തകങ്ങളിൽ സുഹൃത്തിനെ കാണുക; വായന തലയ്ക്കുപിടിക്കുന്ന അനുഭവം നല്ലതാണ്.

* ആരും ആരുടെയും അടിമകളാകാതിരിക്കുക.

* സമൂഹത്തിന്റെ ജീർണ്ണതകളോടുള്ള കലാപം എപ്പോഴും മനസ്സിൽ ഉണ്ടാവുക.

* ആഗ്രഹവും പ്രയത്നവും കൂടിയാൽ വിജയം സുനിശ്ചിതം.

* എനിക്ക് ഒരുപാട് പരിചയക്കാരുണ്ട്; പക്ഷേ വളരെക്കുറച്ചു സുഹൃത്തുക്കളേയുള്ളു. പ്രതിസന്ധിയിലാണ് നല്ല സുഹൃത്തുക്കളെ തിരിച്ചറിയുക. സുഹൃത്ത് ഒരു സ്വത്താണ്; പക്ഷേ സമ്പാദിക്കാൻ പ്രയാസവും.

* എപ്പോഴും നല്ലതുമാത്രം പ്രതീക്ഷിക്കുക; ചീത്ത പ്രതീക്ഷിച്ചു സ്ഥിതി കൂടുതൽ മോശമാക്കാമെന്നല്ലാതെ നമുക്കു മറ്റെന്തെങ്കിലുമാകുമോ?

* എന്തു ചെയ്യുന്നു എന്നതല്ല, നിങ്ങൾ അത് എങ്ങനെ ചെയ്യുന്നു എന്നതാണ് പ്രധാനം. ഇതായിരിക്കണം ജീവിതത്തിന്റെ തത്വശാസ്ത്രം.

* വേദനാജനകമെങ്കിലും പ്രിയതരമാണ് ജന്മം/ജീവിതം.

സത്യത്തിൽ ഞങ്ങളുടെ ഈ പങ്കിടീൽ പ്രക്രിയ ഞങ്ങളെ അറിയാതെ ഏറെ അടുപ്പിച്ചു. ബോസ്കോ ജനജാഗൃതിയിലും വന്നു. ഓറ മാസികയുടെ നിലപാടിലുള്ള തന്റെ ആഭിമുഖ്യം കൊണ്ട്, ഓറ മറ്റു വ്യക്തികളിൽ എത്തിക്കാൻ ശരിക്കും താല്പര്യം കാട്ടി, കാട്ടുന്നു. ഇന്നു ബോസ്കോ അമേരിക്കയിലാണ്. മാസത്തിൽ ഒരു കത്തെങ്കിലും പരസ്പരം എഴുതി ഞങ്ങളുടെ ഹൃദയവികാരങ്ങളും നിലപാടുകളും പങ്കുവെയ്ക്കുന്നുണ്ട്. ഇങ്ങനെയൊരു സുഹൃത്തിനെ കണ്ടെത്തിയതിൽ ഞാൻ അഭിമാനിക്കുന്നു.

# 47

## എന്റെ രാഷ്ട്രീയ നിലപാട്

എന്റെ ജീവിതവീക്ഷണ രൂപീകരണത്തിൽ യേശുവിലുള്ള വിശ്വാസം, ബൈബിൾ പഠനം, സഭാപഠനങ്ങൾ, രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖകൾ, മറ്റു പഠനപ്രക്രിയകൾ, പ്രത്യേകിച്ചു ബാംഗ്ലൂർ ഐ. എസ്. ഐ. യിലെ സാമൂഹ്യ സംഘാടനം എന്ന കോഴ്സ്, സാമാന്യജനവുമായി ഇഴുകിച്ചേർന്നുള്ള ജീവിതാനുഭവങ്ങൾ - ഇവയൊക്കെ നിർണ്ണായകമായ പങ്കു വഹിച്ചു. ഇവിടെ എന്റെ ഇടതുപക്ഷ ആഭിമുഖ്യത്തിന്റെ കഥ കൂടി സൂചിപ്പിക്കേണ്ടത് ആവശ്യമെന്നു കരുതുന്നു.

ബാഗ്ലൂർ ഐ. എസ്. ഐ കോഴ്സ് കഴിഞ്ഞിട്ടാണ് മാവേലിക്കര കേന്ദ്രമാക്കി കൊല്ലം രൂപതയിലെ വടക്കു-കിഴക്കൻ ഇടവകകളിലെ യുവജനങ്ങളെയും ആലപ്പുഴ ജില്ലാ ഉൾനാടൻ മത്സ്യത്തൊഴിലാളി നേതാക്കളേയും സംഘടിപ്പിച്ചുകൊണ്ടുള്ള 'പരിവർത്തനത്തിനു വേണ്ടിയുള്ള വിദ്യാഭ്യാസം' (Education for change programme) എന്ന തുടർ പഠനപ്രക്രിയയ്ക്ക് ആരംഭം കുറിച്ചത്. ആ പഠനത്തിന്റെ ഭാഗമായി, ഞങ്ങളുടെതന്നെ പ്രത്യയശാസ്ത്ര വ്യക്തതയ്ക്കായി വളരെ ഗൗരവമായ ഒരന്വേഷണം നടന്നു. കേരളത്തിലെ പ്രമുഖരായ തത്വചിന്തകരുടെ നേതൃത്വത്തിൽ 5 ദിവസത്തെ ക്യാമ്പ്. അവിടെ നടന്ന ഒരു കാര്യം എടുത്തുപറയേണ്ടതുണ്ട്.

ഈ ക്യാമ്പിനു നേതൃത്വം കൊടുത്ത പ്രമുഖരിൽ ഒരാൾ സഖാവ് പി. ഗോവിന്ദപ്പിള്ളയാണ്. പഠനവും സംവാദവും തീക്ഷ്ണതയോടെതന്നെ നടന്നു. ദരിദ്രജനതയോടുള്ള ആഭിമുഖ്യം ഞങ്ങളിൽ നിറഞ്ഞുനിന്നു. അവർക്കുവേണ്ടി ജീവൻ വരെ കൊടുക്കാൻ തയ്യാറുള്ള തീർപ്പോടെയാണ് ഞങ്ങളുടെ നീക്കം. അവരുടെ പക്ഷംപിടിച്ചുകൊണ്ടുള്ള നീക്കം ഞങ്ങളുടെ ജീവിതലക്ഷ്യമായി മാറി. ചർച്ച പുരോഗമിച്ചു. ഞങ്ങൾ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അംഗത്വം സ്വീകരിക്കാൻ വരെ തയ്യാറായി. അവിടെ ഗോവിന്ദപ്പിള്ളസാർ ഇടപെട്ടു ഏതാണ്ടിങ്ങനെ പറഞ്ഞു: നിങ്ങൾ പാർട്ടിയംഗത്വം എടുക്കരുത്. പാർട്ടിയുടെ കാര്യം അതിന്റെ ഗുണദോഷങ്ങളോടെ, ഞങ്ങൾ നോക്കിക്കൊള്ളാം. പക്ഷേ ഞങ്ങൾക്കു കടന്നുവരാൻ പറ്റാത്ത ചില മേഖലകളും സ്ഥലങ്ങളും വ്യക്തിക

ളുമുണ്ട്. അവിടെ നിങ്ങൾക്കു കടന്നുചെല്ലാം. അവിടെ ദരിദ്രാഭിമുഖ്യവും തൊഴിലാളിവർഗ്ഗബോധവും വളർത്താനുള്ള ചരിത്രപരമായ ദൗത്യമാണ് നിങ്ങൾ ഏറ്റെടുക്കേണ്ടത്. അവിടെവച്ചു ഞങ്ങൾ തീർപ്പെടുത്തു; 'ഞങ്ങൾ വ്യക്തമായും ഇടതുപക്ഷത്താണ്. പക്ഷേ ഞങ്ങൾ സംഘമായി ഒരു രാഷ്ട്രീയപാർട്ടിയുടേയും അംഗത്വമെടുത്തു അതിന്റെ അവിഭാജ്യഘടകമായി മാറുകയില്ല.' ഈ വിശാല ക്യാൻവാസിലാണ് എന്റെ രാഷ്ട്രീയ നിലപാട് വളർന്നു വന്നിട്ടുള്ളത്.

ഇടതുപക്ഷ-വലതുപക്ഷ രാഷ്ട്രീയം വളരെ ഗൗരവമായ പഠനത്തിനു ഞങ്ങൾ വിധേയമാക്കി. രണ്ടിലും കുറവുകളും പിശകുകളും ഒക്കെയുണ്ടെങ്കിലും, ദരിദ്രജനതയോടു ആഭിമുഖ്യമുള്ള നയങ്ങൾ രൂപീകരിക്കുന്നതിലും അവരുടെ താല്പര്യസംരക്ഷണത്തിലും ശ്രദ്ധ ചെലുത്തിയിരുന്നത് ഇടതുപക്ഷ പാർട്ടികളാണെന്നും വലിയവരുടെ താല്പര്യം സംരക്ഷിക്കാനുതകും വിധമുള്ള നയങ്ങളുടെ വക്താക്കൾ വലതുപക്ഷപാർട്ടികളാണെന്നുമുള്ള വ്യക്തത രൂഢമൂലമായി. ഇവിടെ എന്നോടും എന്റെ മനഃസാക്ഷിയോടും ബോധ്യത്തോടുള്ള വിശ്വസ്തതയുടെ ഭാഗമായിത്തന്നെ ഒരു തീർപ്പെടുക്കൽ അനിവാര്യമായി. ഞാൻ ദരിദ്രജനതയുടെ പക്ഷം ചേർന്നു. ഞാനതിൽ സംതൃപ്തനാണ്.

ഇങ്ങനെയൊരു വ്യക്തതയോടെയും ബോധ്യത്തോടെയും ഒരു രാഷ്ട്രീയ തെരഞ്ഞെടുപ്പ്, അതിന്റെ വില എന്തുതന്നെയായാലും, നടത്താൻ എനിക്കു സഹായകമായവരും ഒപ്പം നടന്നവരുമായ ചെറുതും വലുതുമായ ധാരാളം വ്യക്തികളുണ്ട്. അവരുടെയെല്ലാം പേരു കുറിക്കുക അസാധ്യം.അവരെയെല്ലാം ഞാനാദരവോടെ ഓർക്കുന്നു. സമൂഹത്തിന്റെ അടിസ്ഥാന-സമൂലമാറ്റത്തിനു വേണ്ടി ജീവാർപ്പണം ചെയ്തവരുടെ ആത്മകഥകളും ജീവചരിത്രങ്ങളും ഈ വ്യക്തതയ്ക്കു നിർണ്ണായകമായ പങ്കുവഹിച്ചു. ഈ രാഷ്ട്രീയ പ്രക്രിയയിൽ ഒപ്പം നടന്ന ആയിരക്കണക്കിനു മനുഷ്യരെ നിറഞ്ഞ ഹൃദയവികാരത്തോടെയാണ് ഓർക്കുക.

പരമ്പരാഗത വിശ്വാസത്തിലും യാഥാസ്ഥിതിക കുടുംബസാഹചര്യങ്ങളിലും ഇടുങ്ങിയ രാഷ്ട്രീയ പ്രതലത്തിലും ജനിച്ച എനിക്ക് ഇങ്ങനെയൊരു വിശാല രാഷ്ട്രീയ കാഴ്ചപ്പാടോടെ വളരാനും രാഷ്ട്രീയ തീർപ്പോടുകൂടി ജീവിക്കാനും സാധിച്ചതിൽ അഭിമാനം മാത്രമേയുള്ളു. ഈ നിലപാടിൽ ഞാൻ സംതൃപ്തനാണ്.

# 48

## ബദൽ അന്വേഷണ കൂട്ടായ്മ

ബന്ധങ്ങളുടെ ഒരു സജീവസമാഹാരമാണ് മനുഷ്യജീവിതമെന്നു പ്രശസ്ത മനഃശാസ്ത്രജ്ഞൻ മാർട്ടിൻ ബൂബർ പറയുന്നു. അപരനെ വസ്തുവാക്കുന്ന നിർജ്ജീവബന്ധത്തിനപ്പുറം, അപരനെ എന്നെപ്പോലെ കാണുന്ന ഞാൻ-നീ ബന്ധത്തിന്റെ സജീവതയും സ്വാതന്ത്ര്യവും പാരസ്പര്യവും ബന്ധത്തിന് ഊർജ്ജവും ശക്തിയും പകരുന്നു. കഴിഞ്ഞ 35 വർഷത്തെ വൈദികജീവിതത്തിലെ വിവിധങ്ങളായ ഇടപെടലുകളെയും ബന്ധശൈലികളെയും കുടുംബങ്ങളുമായുള്ള സംസർഗ്ഗത്തെയും വൈദികസുഹൃത്സംഘവുമായിട്ടുള്ള പങ്കുവെയ്ക്കലിനെയും എന്റെ കൂട്ടുകാരിയുമായുള്ള സഹവാസത്തെയും ഒക്കെ ഒന്നു കണ്ണുതുറന്നു വിലയിരുത്തുമ്പോൾ, മാർട്ടിൻ ബ്യൂബർ പറഞ്ഞ ബന്ധജീവിതത്തിന്റെ അർത്ഥവ്യാപ്തിയുടെ ഉൾക്കാമ്പിലേയ്ക്കു ഇവയെല്ലാം വെളിച്ചം വീശുന്നു. വിശാലമായ ഈ ബന്ധവലയം സ്ത്രീപുരുഷബന്ധത്തിന്റെ, വിവാഹത്തിന്റെ, കുടുംബത്തിന്റെ, സൗഹൃദത്തിന്റെ വിവിധ മാനങ്ങളിലേയ്ക്കു വിരൽചൂണ്ടുന്നു.

ഇങ്ങനെ ജീവിതത്തെ മുപ്പതു മുപ്പത്തഞ്ച് വർഷങ്ങളായി ആത്മാർത്ഥമായി നോക്കിക്കാണാൻ ശ്രമിച്ച കുറച്ചു സുഹൃത്തുക്കൾ ഒത്തിരുന്നു ഞങ്ങളുടെ ബന്ധജീവിതത്തെപ്പറ്റിയും അതിനെ ആധാരമാക്കിയുള്ള ലോകവീക്ഷണം, മൂല്യസംഹിത, അർത്ഥഘടന (world vission, value system and meaning system)എന്നിവയെപ്പറ്റിയും ഗൗരവമായി ചർച്ച ചെയ്തു. ഫാ. മാണി പറമ്പാട്ടിന്റെ നേതൃത്വത്തിൽ ഒരു ബദൽ അന്വേഷണ കൂട്ടായ്മയ്ക്കു തന്നെ രൂപംകൊടുത്തുവരുന്നു.

ഈ ബദൽ അന്വേഷണത്തിൽ, സ്ത്രീയും പുരുഷനും പ്രസവവും പാലൂട്ടലും ഒഴിച്ചാൽ മറ്റെല്ലാ കാര്യത്തിലും സമരാണെന്ന അടിസ്ഥാന കാഴ്ചപ്പാടാണ് സ്വീകരിക്കുന്നത്. അങ്ങനെ സ്ത്രീക്കും പുരുഷനുള്ളതുപോലെ ഒരിടം ഉണ്ട്. സ്ത്രീയും പുരുഷനും ഒത്ത് തീരുമാനങ്ങളെടുക്കുന്നു. ഇന്നത്തെ വിവാഹ സമ്പ്രദായത്തിൽ സ്ത്രീ ബലഹീനയായും കൈമാറ്റം ചെയ്യാവുന്ന ഭോഗവസ്തുവായും, ഉല്പാദന പ്രജനന യന്ത്രമായും, മറ്റുള്ളവരെ പ്രലോഭി

പ്പിക്കാൻ കഴിവുള്ള മോഹിനിയായും, മാസമുറ കാരണം വൃത്തികെട്ടവളായും ചിത്രീകരിക്കപ്പെടുന്നു. ഫലമോ? അവൾ ഇവിടെ തുല്യത അനുഭവിക്കുന്നതേയില്ല. എന്നും രണ്ടാംതരം. അവൾ അമ്മയായും ദേവതയായും മറ്റും ചിത്രീകരിക്കപ്പെടുമ്പോഴും, അവൾ പുരുഷനു വിധേയപ്പെട്ടു കഴിയണം. അവൾ ഒരിക്കലും ഒരു സമ്പത്തല്ല; മറിച്ച്, ബാധ്യതയാണ്. ബാധ്യതയെങ്കിൽ, ഈ ബാധ്യതയെ ഏറ്റെടുക്കാനുള്ള കൂലിയായി സ്ത്രീധനം വേണം. അങ്ങനെ ഇന്നത്തെ വിവാഹസമ്പ്രദായത്തിന്റെ സ്വാഭാവിക ഭവിഷ്യത്താണ് ഇന്നത്തെ സമൂഹത്തെ കാർന്നുതിന്നുന്ന സ്ത്രീധന രീതി. സ്വതന്ത്രമായി ചിന്തിക്കുന്ന, തീരുമാനിക്കുന്ന, പ്രണയിക്കുന്ന വ്യക്തികളുണ്ടാകുമ്പോഴേ ഈ അവസ്ഥയ്ക്കു മാറ്റമുണ്ടാകൂ.

ഇതിനേക്കാൾ വിചിത്രമായിട്ടുള്ളത് ഇന്നത്തെ കുടുംബസംവിധാനമാണ്. ഇന്നു പ്രചാരത്തിൽ നിലകൊള്ളുന്ന വിശുദ്ധിയോ പവിത്രതയോ കുടുംബക്രമത്തിനില്ല. ഇന്നത്തെ കുടംബമാണ് സ്വാർത്ഥതയുടെ വിളനിലം. ഏതാണു നല്ല കുടുംബം? എന്റെ ഭർത്താവ്, എന്റെ ഭാര്യ, എന്റെ മകൾ, എന്റെ മകൻ, എന്റെ സ്വത്ത്, ... എല്ലാം 'എന്റേ-'തായ കൊച്ചൊരു ലോകം. ഇന്നത്തെ കുടുംബസംവിധാനത്തിൽ കുറച്ചു കുഴപ്പങ്ങളുണ്ട്. കുറച്ചു നല്ലതുമുണ്ട്. കുഴപ്പങ്ങൾ ശരിയാക്കി നവീകരിച്ചാൽ മതിയെന്നാണ് പൊതുധാരണ. ഇതു തീർത്തും തെറ്റാണ്. പ്രശ്നം അടിസ്ഥാനപരമാണ്. സമൂല മാറ്റമാണ് ആവശ്യം. ഈ കുടുംബസംവിധാനം തന്നെ പൊളിച്ചെഴുതേണ്ടതുണ്ട്. ഞാൻ നിനക്കു വേണ്ടി, ഞങ്ങൾ നിങ്ങൾക്കു വേണ്ടി, സമൂഹത്തിനു വേണ്ടി എന്ന ചിന്ത സാമാന്യരീതിയാകുന്നിടത്താണ് സുഹൃദ്ബന്ധം സ്ഥാപിക്കപ്പെടുക. സുഹൃദ്ബന്ധത്തിലൂന്നിയ, സ്വാതന്ത്ര്യത്തിനും സമത്വത്തിനും ഉത്തരവാദിത്വത്തിനും മൂല്യം കല്പിക്കുന്ന, സ്ത്രീയുടെയും പുരുഷന്റെയും സ്വതന്ത്രമായ തെരഞ്ഞെടുപ്പാണ് വിവാഹത്തിന്റെ അടിസ്ഥാനം. ഇവിടെ ലിംഗനീതിയും ലിംഗവൈവിധ്യവും ഇണക്കത്തിനും സംഗമത്തിനും പരസ്പര പൂരകത്വത്തിനും ഉള്ളതാകുന്നു. ബലപ്രയോഗമോ വിധേയത്വമോ മേധാവിത്വമോ ഇല്ല. നിയമപ്രധാനമല്ല കുടുംബം. മറിച്ച്, സ്നേഹപ്രധാനമായ സ്ത്രീപുരുഷബന്ധത്തിലുള്ള പരസ്പര പൂരകത്വമാണ് വിവാഹത്തിന്റെ കാതൽ.

ഈ ദർശനത്തിന്റെ വെളിച്ചത്തിൽ നമ്മുടെ ആൾദൈവസങ്കല്പങ്ങളെയും അന്ധവിശ്വാസനിബിഡമായ മതവിശ്വാസങ്ങളെയും അപഗ്രഥനം ചെയ്തു വിലയിരുത്തുവാൻ നാം ബാധ്യസ്ഥരാണ്. ഈയൊരു ബദലന്വേഷണത്തിന്റെ പാതയിലാണിപ്പോൾ. ചിന്തയ്ക്കും പഠനത്തിനും പ്രായോഗികകർമ്മപരിപാടികൾക്കും ഏറെ സമയം ചെലവഴിക്കേണ്ട ഒരു മണ്ഡലമാണിത്.

# 49

## ഇപ്പോൾ അലോഷ്യസ് ആര്?

**ബിഷപ് സ്റ്റാൻലിയും ഞാനും**

ബിഷപ് സ്റ്റാൻലി റോമൻ ഇന്നു കൊല്ലം രൂപതയുടെ ബിഷപ്പാണ്. കാനോനിക്കൽ നിയമപ്രകാരം ഞാൻ കൊല്ലം രൂപതയിലെ ഒരു പുരോഹിതനും. അതിരുകളും വരമ്പുകളുമില്ലാത്ത ഒരു വിശ്വപുരോഹിതൻ എന്ന വിശേഷണമാണ് വ്യക്തിപരമായി ഞാൻ കൂടുതൽ ഇഷ്ടപ്പെടുക എന്നു കൂടി ഇവിടെ പറയട്ടെ.

ഞാൻ വലിയസെമിനാരിയിൽ പഠിക്കുമ്പോൾ അദ്ദേഹം വൈദികനായി. റോമിൽ എന്റെ ജ്യേഷ്ഠൻ ജോസഫച്ചാച്ചനുമായി ഒത്തു പഠിച്ചു. എന്റെ മൂത്ത സഹോദരി മേരിയക്കാക്കയും കുടുംബവും അളിയന്റെ ഉദ്യോഗസ്ഥലമായ പുനലൂരിൽ താമസിച്ചിരുന്നപ്പോൾ സ്റ്റാൻലിയെ എന്റെ പെങ്ങൾ സ്വന്തം മകനെപ്പോലെ കരുതി സ്നേഹിച്ചിരുന്നെന്നു പറഞ്ഞിട്ടുണ്ട്. റോമിൽ പഠനം കഴിഞ്ഞുവന്നിട്ട്, കൊച്ചുസെമിനാരിയിൽ ഫാ. പ്രീഫക്റ്റ്, ബിഷപ്പിന്റെ സെക്രട്ടറി, ഫാത്തിമാ മാതാ നാഷണൽ കോളേജ് പ്രിൻസിപ്പൽ, ആലുവ സെമിനാരിയിലെ വൈസ് റെക്ടർ എന്ന നിലയിലൊക്കെ ജോലി ചെയ്തിരുന്നപ്പോഴൊക്കെ, ഹൃദ്യമായൊരു ബന്ധമാണ് ഞങ്ങൾ വച്ചുപുലർത്തിയിരുന്നത്. എന്നെ അലോഷി എന്നും അദ്ദേഹത്തെ സ്റ്റാൻലി എന്നുമായിരുന്നു പരസ്പരം വിളിച്ചിരുന്നത്. നല്ല സ്വാതന്ത്ര്യബോധത്തോടെയുള്ള ഇടപെടൽ. ആലപ്പുഴ ജനജാഗൃതിയിൽ താമസമായിക്കഴിഞ്ഞിട്ടു വിരളമായേ കണ്ടിട്ടുള്ളു. കണ്ടപ്പോഴൊക്കെ പറഞ്ഞിട്ടുണ്ട് ആലുവാ സെമിനാരിയിലേയ്ക്കുള്ള യാത്രയിൽ, അലോഷിയെ ഒന്നു കാണണമെന്നുണ്ടായിരുന്നു; പറവൂരിൽ വരുമ്പോൾ അലോഷിയെ ഓർക്കും; സമയക്കുറവും ജോലിത്തിരക്കും കാരണം കയറാൻ പറ്റിയില്ല. അടുത്ത തവണ കയറാമെന്നു പറയുകയും ചെയ്യുമായിരുന്നു. ചുരുക്കത്തിൽ, വളരെ ആഴത്തിലുള്ള ബന്ധമല്ലായിരുന്നുവെങ്കിലും, ഹൃദ്യവും സഹവൈദികർക്കടുത്ത സാഹോദര്യത്തിലൂന്നിയതുമായിരുന്നു ഇടപെടൽ ശൈലി.

അങ്ങനെയിരിക്കെ, ഒരു ദിവസം പത്രത്തിൽ സ്റ്റാൻലി കൊല്ലം മെത്രാനായി നിയുക്തനായെന്നും 16. 12. 2001 ൽ മെത്രാഭിഷേകം നടക്കുമെന്നു

മുള്ള വാർത്ത വായിച്ചു. അദ്ദേഹത്തെ അഭിനന്ദിച്ചുകൊണ്ടും ഒരു മെത്രാനിൽ നിന്നും യേശുവിന്റെ സഭ എന്തു പ്രതീക്ഷിക്കുന്നുവെന്നും കാണിച്ചുകൊണ്ട് 30. 10. 2001 ൽ ഒരു കത്തയച്ചു. അതിന്റെ ശരിപ്പകർപ്പ് താഴെ കൊടുക്കുന്നു.

30. 10. 2001

Dear Bishop Elect, Stanley

നന്മ നേരുന്നു. അഭിനന്ദനങ്ങൾ.

കനത്ത വെല്ലുവിളിയാണ് സ്റ്റാൻലിയുടെ മുമ്പിൽ നിലകൊള്ളുന്നത്. സോളമനച്ചന്റെ ഭാഷയിൽ താങ്കൾ ഇരിക്കാൻ പോകുന്ന കസേര 'haunted chair' ആണ്. ഇത് എന്നും ഓർമ്മയിൽ വേണമെന്നാണ് എന്റെ അഭ്യർത്ഥന.

സ്റ്റാൻലി ഒരു വലിയ തെരഞ്ഞെടുപ്പിന്റെ മുന്നിലാണിപ്പോൾ നിലയുറപ്പിച്ചിരിക്കുന്നത്. ഒന്നുകിൽ, അധികാരകേന്ദ്രീകരണം, അടിച്ചമർത്തൽ, ചൂഷണം, സ്ഥാനക്കൊതി, അംഗീകാരതൃഷ്ണ, സ്വയം നീതീകരണം, സാമ്പത്തിക സുരക്ഷിതത്വം, ആത്മീയതയുടെ കുത്തക മുതലായ മൂല്യങ്ങൾക്കു മുൻതൂക്കം കൊടുക്കേണ്ടിവരികയും തത്ഫലമായി സമൂഹത്തെ നിരന്തരം ചൂഷണം ചെയ്തു നീങ്ങുന്ന 'വലിയ'വന്റെ പക്ഷം ചേരൽ ജീവിതശൈലിയായി മാറ്റുകയും ചെയ്യുക. ഇതു താരതമ്യേന എളുപ്പമാണ്.

അല്ലെങ്കിൽ, സമൂഹത്തിലെ അവശർ, ആർത്തർ, നിരാലംബർ, വിദ്യാശൂന്യർ, ദലിതർ, തഴയപ്പെട്ടവർ, തിരസ്കൃതർ, ജീവിതത്തിന്റെ അടിസ്ഥാനാവശ്യങ്ങൾ പോലും നിഷേധിക്കപ്പെട്ടവർ - ഇവരോടൊപ്പമുള്ള ജീവിതം. ബോധപൂർവ്വമുള്ള, തീർപ്പോടെയുള്ള ദരിദ്രരുടെ പക്ഷം ചേരൽ. ഈ പാത ഇടുങ്ങിയ വഴിയാണ്. ഈ തെരഞ്ഞെടുപ്പ് എളുപ്പമല്ല; ഏറെ വില കൊടുക്കേണ്ടിവരും, തീർച്ച.

ഇവ രണ്ടിനും മദ്ധ്യേ ഒരു വഴിയില്ല. യേശു പഠിപ്പിച്ചതും തന്റെ ജീവിത പ്രവർത്തനശൈലികൊണ്ടു കാട്ടിത്തന്നതും മറ്റൊന്നല്ല. യേശു രണ്ടാമത്തെ വഴി തീർത്തും ഗൗരവബുദ്ധ്യാ തെരഞ്ഞെടുത്തു. ഫലമോ? നിഷ്ഠുരമാംവിധം കൊലചെയ്യപ്പെട്ടു. യേശുവിന്റെ കാലത്തുനിന്നും, സാമൂഹ്യ-രാഷ്ട്രീയ-മതപരമായ സാഹചര്യങ്ങളിൽ വലിയ മാറ്റം വന്നിട്ടില്ല - കൂടുതൽ വഷളായിട്ടുണ്ടെന്നതിൽ കവിഞ്ഞ്. ഈ തെരഞ്ഞെടുപ്പിന്റെ വില ചിലപ്പോൾ മരണം തന്നെയാകാം. പക്ഷേ ആ മരണം ജീവന്റെ ഉയിർപ്പാണ്.

ഒന്ന് ഓർക്കുക. എൽസാൽവഡോറിൽ, എസ്റ്റാബ്ലിഷ്മെന്റിന്റെ ആളായാണ് റോം ബിഷപ് റോമീറോയെ നിയമിച്ചത്. പക്ഷേ തന്റെ പഴയ ശൈലി മാറ്റി; തുറന്ന മനസ്സോടെ തന്റെ ജനത്തെയും ജനത്തിന്റെ പ്രശ്നങ്ങളെയും കണ്ടറിഞ്ഞു. അവരിൽ ഒരാളായി മാറി. അവരോടൊപ്പം അവരുടെ പട്ടിണി മാറ്റാൻ, ജീവിതം ജീവിതയോഗ്യമാക്കാൻ, തിന്മയ്ക്കും ചൂഷണത്തിനും എതിരായി ഇടയലേഖനങ്ങളിറക്കാൻ, അവരോടൊപ്പം നിലകൊണ്ട് അവരുടെ പോരാട്ടങ്ങളിൽ പങ്കുചേരാൻ, പട്ടാളക്കാരാൽ കൊല്ലപ്പെട്ട ജനത്തിന്റെ രക്തക്കളത്തിൽ ചെന്ന് ആ രക്തത്തിൽ തൊട്ടിട്ട്, 'ഇത് എന്റെ ജനത്തിന്റെ രക്ത'മാണെന്നു ഏറ്റുപറയാനും അതിൽ നിന്ന് ഊർജ്ജം സ്വീകരിച്ച് അവരുടെ മോചനപ്രക്രിയയിൽ നൂറുശതമാനവും മുഴുകാൻ അദ്ദേഹം തയ്യാറായി. ഫലമോ? കുർബാന അർപ്പിച്ചുകൊണ്ടിരിക്കുമ്പോൾ, വൈരികളുടെ വെടിയുണ്ടകൾ ഏറ്റുവാങ്ങി അൾത്താരയിൽ തന്നെ വീണുമരിച്ചു. പക്ഷേ ഇന്ന് അദ്ദേഹം ശക്തമായി ജീവിക്കുന്നു.

ഇനിയുള്ള ഒന്നരമാസം സ്റ്റാൻലിയ്ക്ക് ഈ തെരഞ്ഞെടുപ്പിനുള്ള ഒരുക്ക സമയമായി ഞാൻ കാണുന്നു. നല്ലതുപോലെ ധ്യാനിച്ച് ആരുടെ പക്ഷമാണ് - ലോകത്തിന്റെ അധികാരസഭയുടെയോ ദരിദ്രരുടെ യേശുസഭയുടെയോ - സ്റ്റാൻലി നിലയുറപ്പിക്കാൻ പോകുന്നു എന്നു തീരുമാനിക്കുക. തീരുമാനത്തിന്റെ ആത്യന്തിക ഉത്തരവാദി സ്റ്റാൻലി തന്നെയായിരിക്കും. ഈ തീരുമാനമായിരിക്കും ഡിസംബർ പതിനാറാം തീയതി അർത്ഥസംപുഷ്ടമോ അർത്ഥശൂന്യമോ ആയ ദിവസമാക്കി മാറ്റുക.

കവി വയലാറിന്റെ രണ്ടു വരികൾ കൊണ്ട് ഈ അഭിനന്ദനക്കുറിപ്പ് അവസാനിപ്പിക്കാമെന്നു കരുതുന്നു.

സ്നേഹിക്കയില്ല ഞാൻ, നോവുമാത്മാവിനെ
സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും.

അതേ, നോവുമാത്മാവിനെ, ദരിദ്രജനത്തെ ആഞ്ഞു പുൽകുന്ന ഒരു തീരുമാനത്തിലേയ്ക്കു സ്റ്റാൻലി നടന്നു നീങ്ങട്ടെ എന്നാശിക്കുന്നു.

നന്മ നേരുന്നു.
സ്നേഹത്തോടെ,
ഫാ. അലോഷ്യസ് (ഒപ്പ്)

അതിന്റെ മറുപടിയായി, ദരിദ്രർക്കു മുൻഗണന കൊടുക്കാൻ ശ്രമിക്കുമെന്നു കാണിച്ചുകൊണ്ടു അദ്ദേഹം ചെറിയൊരു കത്തയച്ചതിൽ സന്തോഷമുണ്ട്. തുടർന്നു രൂപതയിൽ മെത്രാഭിഷേകത്തിനു വേണ്ടിയുള്ള ഗംഭീര ഒരുക്കങ്ങളും സ്വർണ്ണ കോട്ടിംഗോടു കൂടിയ മെത്രാഭിഷേക ക്ഷണക്കത്തും അതിവിപുലമായ ചടങ്ങുകളുടെ ശൃംഖലയും എന്നിൽ അസ്വസ്ഥത ഉളവാക്കി. കാര്യങ്ങളിങ്ങനെ നീങ്ങിക്കൊണ്ടിരിക്കുന്നിടത്ത്, 16. 12. 2001 ലെ മെത്രാഭിഷേക ചടങ്ങിൽ, ഒരു വിയോജനം എന്ന രീതിയിൽ ഞാൻ പങ്കെടുക്കുകയില്ലായെന്ന് അദ്ദേഹത്തെ അറിയിച്ചു. അന്നയച്ച കത്തിന്റെ ശരിപ്പകർപ്പ് ചുവടേ ചേർക്കുന്നു.

10. 12. 2001

പ്രിയ സ്റ്റാൻലി അച്ചാ,

നന്മ നേരുന്നു.

ബിഷപ് ഇലക്റ്റ് ആയതിൽ അഭിനന്ദിച്ചുകൊണ്ട് അയച്ച കത്തിനു മറുപടി നല്കിയതിൽ സന്തോഷം. അതിൽ പറഞ്ഞ കാര്യം try to give priority to the poor - മെത്രാഭിഷേകചടങ്ങിൽത്തന്നെ മങ്ങിയതായാണെന്റെ അഭിപ്രായം. ഇപ്പോൾ മുഖ്യധാരയിലല്ലാത്തതിനാൽ, പരിപാടികളുടെ ഉൾക്കളികൾ അവയുടെ യഥാർത്ഥ അർത്ഥത്തിൽ മനസ്സിലാക്കാൻ എനിക്ക് ഏറെ പരിമിതികളുണ്ട്. എങ്കിലും പുതിയ കാർ ഉൾപ്പെടെ 25 ലക്ഷം രൂപയാണ് ചടങ്ങിന്റെ ബഡ്ജറ്റ് എന്നാണ് കേട്ടത്. ഇതു ശരിയെങ്കിൽ, പരമ്പരാഗത-തീരദേശ-ഉൾനാടൻ മത്സ്യത്തൊഴിലാളികൾ ബഹുഭൂരിപക്ഷം വരുന്ന കൊല്ലം രൂപതയിൽ, യേശുവിനെ സ്വയം കണ്ടെത്താനും യേശുവിനു സാക്ഷ്യം നല്കാനും സ്റ്റാൻലിയുടെ ഈ ആദ്യസംരംഭം എത്രമാത്രം പ്രസക്തമെന്നു ആത്മപരിശോധന നടക്കേണ്ടത് അനിവാര്യമാണെന്നും ഇതു യേശുവിരുദ്ധമാണെന്നുമാണ് എന്റെ ചിന്ത. മനസ്സിൽ തോന്നിയ കാര്യം സത്യസന്ധമായി അറിയിച്ചെന്നു മാത്രം.

ഇവിടെ സ്വാമി വിവേകാനന്ദന്റെ ഒരു വാക്യം ധ്യാനത്തിന് ഉപകരിച്ചേക്കും:

"ഒരു പട്ടിയെങ്കിലും ആഹാരം കിട്ടാതെ ഇവിടെ അവശേഷിക്കുന്നുണ്ടെങ്കിൽ, അതിനു ഭക്ഷണം നല്കുകയാണ് എന്റെ മതം.

മറ്റുള്ള ചർച്ചകളെല്ലാം നിർമതത്വാധിഷ്ഠിതമാണ്; അതിലൊന്നും മതചിന്തയില്ല" - സ്വാമി വിവേകാനന്ദൻ.

2001 ഡിസംബർ പതിനാറാം തീയതി ക്രമീകരിച്ചിരിക്കുന്ന പരിപാടിയോടുള്ള വിയോജനമായി ഞാൻ അതിൽ പങ്കെടുക്കുന്നതല്ല.

ദരിദ്രരെ സ്നേഹിക്കാനും അവരുടെ പക്ഷം ബോധപൂർവ്വം പിടിക്കാനുള്ള മനക്കരുത്തും ധൈര്യവും അതിന്റെ എല്ലാ അർത്ഥത്തിലും വ്യാപ്തിയിലും ലഭിക്കട്ടെ എന്ന പ്രാർത്ഥനയോടെ,

സ്നേഹവും നന്ദിയും

ഫാ. അലോഷ്യസ് (ഒപ്പ്).

അങ്ങനെ അന്നത്തെ ശുശ്രൂഷയിൽ ഞാൻ പങ്കെടുക്കാൻ പോയില്ല. തുടർന്ന് അര ഡസൻ അവസരങ്ങളിലെങ്കിലും ബിഷപ് സ്റ്റാൻലിയുമായി കണ്ടു സംസാരിക്കാൻ ഇട വന്നിട്ടുണ്ട്. എപ്പോഴും ഹൃദ്യമായ സമീപനമാണ് എടുത്തിട്ടുള്ളത്.

**ബിഷപ് സ്റ്റാൻലി റോമന്റെ ജനജാഗൃതിസന്ദർശനം**

കഴിഞ്ഞ 18 വർഷങ്ങളായി മുഖ്യധാരാ വൈദികശുശ്രൂഷയിലല്ല ഞാൻ പ്രവർത്തിക്കുക. ആലപ്പുഴ പറവൂർ കേന്ദ്രമാക്കി ജനജാഗൃതിയിലായിട്ടു 15 വർഷങ്ങളായി. സാമാന്യജനത്തെ മുൻനിറുത്തി അർത്ഥവത്ത് എന്നു ബോധ്യമുള്ള കാര്യങ്ങൾ, ഉള്ള പരിമിതികൾക്കുള്ളിൽ, ചെയ്തുനീങ്ങുകയാണ് ജനജാഗൃതി. 15. 01. 2004 വ്യാഴാഴ്ച കൊല്ലം ബിഷപ് ഡോ. സ്റ്റാൻലി റോമനും സെക്രട്ടറിയച്ചനും ജനജാഗൃതിയിൽ വന്നു. ബിഷപ് എന്നെ കണ്ടു സംസാരിച്ചു. ആ സന്ദർശനത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട്, സംഭാഷണത്തിന്റെ ചുരുക്കം പറയാതെ അന്ന് എന്റെ ഡയറിയിൽ കുറിച്ചവ അതേപടി ഇവിടെ കൊടുക്കുകയായിരിക്കും ഉചിതമെന്നു വിചാരിക്കുന്നു.

15. 01. 2004 വ്യാഴാഴ്ച വൈകിട്ടു 5.40. ചെടികൾക്കു ഞാൻ വെള്ളമൊഴിക്കാൻ തുടങ്ങിയപ്പോൾ, ബിഷപ് സ്റ്റാൻലി റോമനും സെക്രട്ടറിയച്ചനും ജനജാഗൃതിയിൽ വന്നു. സ്നേഹപൂർവ്വം സ്വീകരിച്ചിരുത്തി. 'കുടിക്കാൻ വെള്ളം?' 'വേണ്ടാ, ഒന്നും വേണ്ട. ഇപ്പോൾ അടക്കം കഴിഞ്ഞു കാപ്പി കുടിച്ചതേയുള്ളു' എന്നു പറഞ്ഞു. ജോസഫച്ചാച്ചന്റെ (എന്റെ ജ്യേഷ്ഠന്റെ) വിശേഷങ്ങളും മറ്റും അന്വേഷിച്ചു. 'ജോസഫ് ഒത്തിരി പൈസ ഇറക്കുന്നു. ഞാൻ എതിർത്തില്ല; കുമ്പളത്ത് ഒരു സ്ഥാപനം വരുകയല്ലേ. ആര് ഇതു തുടരും എന്നെനിക്കു വ്യക്തമല്ല.' - ഏതാണ്ടിങ്ങനെ പ്രതികരിച്ചു.

തുടർന്ന് എന്റെ കാര്യത്തിലേയ്ക്കു കടന്നു.

**ബിഷപ്** : അലോഷ്യസ് ഇവിടെ എന്തൊക്കെ ചെയ്യുന്നു?

**ഞാൻ** : ഓറ മാസിക, സാംസ്കാരികസമ്മേളനങ്ങൾ, സ്ത്രീപക്ഷകാഴ്ചപ്പാ

ടോടു കൂടിയ സ്ത്രീസംഘാടനം, സമന്വയം, ഹോംനേഴ്സിംഗ്: പരിശീലനവും തൊഴിൽ തരപ്പെടുത്തലും, മറ്റു പരിപാടികൾക്കു ജനജാഗൃതി സ്ഥലം സജ്ജമാക്കിക്കൊടുക്കുന്നു.

**ബിഷപ്:** കൊള്ളാം. ഇപ്പോൾ അലോഷ്യസ് ആരാണ്, layman or priest or neither?

**ഞാൻ :** എന്റെ അഭിപ്രായത്തിൽ ഞാനൊരു വൈദികൻ തന്നെയാണ്. പരമ്പരാഗതകർമ്മങ്ങളും മറ്റും ചെയ്യുന്ന വൈദികനല്ല. മറിച്ച്, യേശുവിന്റെ പഠനത്തോടു കഴിവതും വിശ്വസ്തത പുലർത്തി, എവിടെയും യേശുവിനു സാക്ഷ്യം വഹിക്കാൻ ശ്രമിക്കുന്ന പൗരോഹിത്യം.

**ബിഷപ് :** You are an ordained priest. ഈ വ്യതിരിക്തത എങ്ങനെ പ്രകടമാക്കുന്നു?

**ഞാൻ :** ഞാൻ എവിടെയെല്ലാം ഇടപെടുന്നോ (ഉദാ: കേരളശാസ്ത്രസാഹിത്യ പരിഷത്ത്, പുരോഗമന കലാസാഹിത്യസംഘം, കേരളസ്ത്രീവേദി, ഇതര പ്രസ്ഥാനങ്ങൾ, യോഗങ്ങൾ മുതലായവ) അവിടെയെല്ലാം എന്റെ വൈദികനെന്ന സ്വത്വം (identity) വെളിപ്പെടുത്തുകയും യേശുവിന്റെ നിലപാടും പഠനവും പ്രഖ്യാപിക്കുകയും ചെയ്യുന്നുണ്ട്. മാത്രമല്ല, തിരുമേനിക്കും മറ്റു സാധാരണ വ്യവസ്ഥാപിത വൈദികർക്കും കടന്നുചെല്ലാനോ ഇടപെടാനോ പറ്റാത്ത പല മതേതര/മതനിരപേക്ഷ മേഖലകളിലും എനിക്കു കടന്നുചെന്നു ഇടപെടാൻ കഴിയുന്നുണ്ട്. അതു വളരെ വലിയ മൂല്യമായി ഞാൻ കാണുന്നു.

**ബിഷപ് :** അതു ശരിയാണ്; കൊള്ളാം.

**ഞാൻ :** ഈ മേഖലകളിൽ യേശുവിനും എന്റെ പൗരോഹിത്യത്തിനും ഈ രീതിയിൽ സാക്ഷ്യം വഹിക്കുക അനിവാര്യമായിക്കൂടി കാണുന്നു.

**ബിഷപ് :** ഞാൻ ബിഷപ് ആയപ്പോൾ ആദ്യം വളരെ നല്ലൊരു കത്തയച്ചു. പിന്നെ രണ്ടാമത് ആർഭാടമായ ബിഷപ്പാരോഹണം (25 ലക്ഷം രൂപ ചെലവു വരുന്ന) ആയതുകൊണ്ടു വരുന്നില്ല എന്ന് എഴുതിയിരുന്നു. അലോഷ്യസ് എങ്ങനെയറിഞ്ഞു 25 ലക്ഷമെന്ന്?

**ഞാൻ :** ഞാനെഴുതിയത് 25 ലക്ഷം ബഡ്ജറ്റ് എന്നു കേട്ടു എന്നാണ്. ഞാൻ മുഖ്യധാരയിലല്ലല്ലോ. കടവൂർ വികാരി പറഞ്ഞറിഞ്ഞതാണ്.

**ബിഷപ് :** അലോഷ്യസ് ഒരു കാര്യമറിയണം. ഞാൻ നീറ്റ് (neat) ആണ്. അതേ സമയം പണ്ടും ഇന്നും സിമ്പിൾ ആണ്. 10 ലക്ഷമായിരുന്നു എസ്റ്റി

മേറ്റ്; 15 ലക്ഷമായി. കൊല്ലം പട്ടണം മുഴുവൻ കളർഫുൾ ആയി അലങ്കരിച്ചിരുന്നു. അതു പലരുടെയും സ്പോൺസർഷിപ്പായിരുന്നു. 11 മണിക്കുള്ള പരിപാടി - പന്തൽ, മൈക്ക്, ആഹാരം, കൊയർ മുതലായവയ്ക്കു തന്നെ പൈസ വേണമല്ലോ. എന്റെ നയപ്രഖ്യാപനം കേൾക്കാൻ ജനമില്ലായിരുന്നു. കുർബാന കഴിഞ്ഞുള്ള പൊതുയോഗത്തിൽ എല്ലാ രാഷ്ട്രീയക്കാരെയും പ്രീതിപ്പെടുത്താൻ എല്ലാവരേയുംകൊണ്ടു പ്രസംഗിപ്പിച്ചു. പ്രസംഗിച്ചു, അവർ പോയി. രാത്രി 9 മണി. ദൂരേന്നു വന്നവർക്ക് നില്ക്കാൻ പറ്റുമോ. എന്റെ സമയമായപ്പോഴേക്കും രൂപതയെപ്പറ്റിയുള്ള എന്റെ സ്വപ്നം കേൾക്കാൻ ആളുകൾ കുറവായിരുന്നു.

ഈ വിഷയം ഇങ്ങനെ നീട്ടുന്നതിൽ കാര്യമില്ല എന്നെനിക്കു തോന്നി. ഇതിനോടൊന്നുമേ ഞാൻ പ്രതികരിച്ചില്ല. വീണ്ടും എന്നിലേയ്ക്കു വന്നു. ബിഷപ് ഒരു കാര്യം ഓർമ്മിപ്പിച്ചു. ഞാൻ അമേരിക്കയിൽ നിന്നു വന്നിട്ട് ഫാ. സ്റ്റാൻലിയുമായി സംസാരിച്ചപ്പോൾ, അലോഷ്യസ് എന്നും ഒരു വൈദികനായി നിലകൊള്ളും എന്നു പറഞ്ഞ കാര്യം.

ഞാൻ : ഇന്നും ഞാൻ ഒരു വൈദികനായിത്തന്നെ തുടരുകയാണ്. വൈദികജീവിതത്തിന് സെക്യുലറായിട്ടുള്ള സാക്ഷ്യം, ഇന്ന്, പ്രത്യേകിച്ച് വർഗ്ഗീയത കൊടികുത്തി വാഴുന്ന ഇന്ന്, വളരെ അത്യാവശ്യമാണ് എന്നാണ് എന്റെ ചിന്ത. ഞാനിടപെടുന്ന മേഖലകളിൽ യേശുവിനും തന്റെ ദൗത്യത്തിനും സാക്ഷ്യം വഹിക്കുന്നുണ്ട് എന്നു ഞാൻ കരുതുന്നു.

ബിഷപ് : ഒരു വൈദികന്റെ യഥാർത്ഥ കർമ്മങ്ങളായ കുർബാന, കുമ്പസാരം മുതലായവ വൈദികനേ ചെയ്യാൻ പറ്റൂ. ഇവയൊക്കെ ചെയ്യാത്തപ്പോൾ counter- witness അല്ലേ നടക്കുക?

ഞാൻ : അല്ല, counter- witness അല്ല. ഞാൻ വിശ്വസിക്കുന്നതാണ് ചെയ്യുന്നത്. പറയുന്നത് യേശുവിനെയും തന്റെ പഠനത്തേയും ബൈബിളിനെ അടിസ്ഥാനമാക്കിയുമാണ്. ഒരിക്കലും എന്റെ വൈദികജീവിതത്തെ ഒളിച്ചുകൊണ്ടുള്ള പ്രവർത്തനമോ ഇടപെടലോ ഇല്ല.

ബിഷപ് : ഒരു കമ്മിറ്റഡ് ആയിട്ടുള്ള ലെയ്മനു ചെയ്യാവുന്നതല്ലേ അലോഷ്യസ് ചെയ്യുന്നത്?

ഞാൻ : അതേ. കമ്മിറ്റഡ് ആയ ആർക്കും ചെയ്യാം. പക്ഷേ യേശുവിന്റെ ദൗത്യത്തെ വ്യക്തമായി കാട്ടിക്കൊണ്ട് ഇങ്ങനെ ചെയ്യാൻ പൊതുവേ സാധ്യമല്ല. പണ്ടു ദൈവശാസ്ത്രത്തിലും മറ്റും പഠിപ്പിച്ച കാര്യങ്ങൾ ഇന്നും വായിക്കുകയും ഇന്നത്തെ സാഹചര്യങ്ങളുമായി തട്ടിച്ചുനോക്കി പുനർവ്യാ

ഖ്യാനിക്കുകയും ചെയ്യാൻ ഒരു ലെയ്മാനു ബുദ്ധിമുട്ടാണ്. ഞാൻ വൈദികനായതുകൊണ്ടും ദൈവശാസ്ത്രം പഠിച്ചതുകൊണ്ടുമാണ് ഇങ്ങനെ പറയാനും പഠിപ്പിക്കാനും നിലപാടെടുക്കാനും സാധിച്ചത്.

ബിഷപ് : ഒരു കാര്യം ഞാൻ ചോദിക്കട്ടെ. ഇങ്ങനെയൊക്കെ അലോഷ്യസിനു ചെയ്യാനും നിലപാടെടുത്തു മാറാനും സാമ്പത്തികമില്ലായിരുന്നെങ്കിൽ പറ്റുമായിരുന്നോ?

ഞാൻ : സാമ്പത്തികം ഒരു പ്രധാനപ്പെട്ട ഘടകം തന്നെ. പക്ഷേ ഞങ്ങളുടെ ചരിത്രം നോക്കുമ്പോൾ, ഇങ്ങനെ വ്യത്യസ്തമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തുതുടങ്ങിയ 1975 കളുടെ കാലഘട്ടത്തിൽ, അഞ്ചാറു വർഷങ്ങളിൽ നടന്ന പ്രവർത്തനങ്ങൾ എല്ലാംതന്നെ ജനങ്ങളുടെ പൂർണ്ണസഹകരണത്തോടെയും പൂർണ്ണ പങ്കാളിത്തത്തോടെയുമായിരുന്നു. അവർ പൈസ എടുത്തിരുന്നു. തുടർന്നു മുന്നോട്ടുള്ള പോക്കിൽ, കുറച്ചൊക്കെ സ്ഥാപനവൽക്കരിക്കപ്പെട്ടപ്പോൾ, ഞങ്ങൾ പ്രത്യേകിച്ചു ഫാ. ജോസഫ് തോമസും ഞാനും, ഞങ്ങളുടെ കുടുംബസ്വത്തു വിറ്റുകൊണ്ടാണ് ഇവ ഉണ്ടാക്കിയത്; ഇപ്പോൾ ജോസഫ്തോമസുമായി അല്പം പ്രശ്നമുണ്ടെങ്കിലും.

ബിഷപ് : അതേ. ഇങ്ങനെ കുടുംബപരമായും മറ്റും സാമ്പത്തികം ഇല്ലായിരുന്നെങ്കിൽ ഇങ്ങനെ പ്രവർത്തിക്കാൻ പറ്റുമോ?

ഞാൻ : സാമ്പത്തികം ഒരു പ്രധാനഘടകമേ ആകുന്നുള്ളു. ബോധ്യവും അർപ്പണവുമാണ് കൂടുതൽ പ്രധാനം.

ബിഷപ് : പ്രായമൊക്കെ ആയിവരികയാണ്. അലോഷ്യസ് ഒരു പുനഃചിന്ത നടത്തണം. ഇനിയും തുടർന്നു കാണാമെന്നു കരുതുന്നു.

ഞാൻ : തീർച്ചയായും കാണാം. വന്നതിനു വളരെ നന്ദി. Thank you very much.

ബിഷപ്പിന്റെ തുറന്ന മനസ്സിനോട് എനിക്ക് അങ്ങേയറ്റത്തെ സ്നേഹവും ബഹുമാനവുമുണ്ട്. തീർത്തും അപ്രതീക്ഷിതമായ വരവ്. അതുകൊണ്ടുതന്നെ എന്റെ മറുപടിയിൽ സ്വാഭാവികത തെളിഞ്ഞു നിന്നു എന്നാണെന്റെ ചിന്ത.

# 50

## ഇപ്പോൾ ഞാൻ
## ഒരു 'കൂടുതൽ' പുരോഹിതനാണ്

1970 ഡിസംബർ 21 നു കൊല്ലം ബിഷപ് ബഹുമാനപ്പെട്ട ജെറോം എം. ഫെർണാന്റസിന്റെ കാർമ്മികത്വത്തിൽ ഞാൻ ഒരു പുരോഹിതനായി. യേശു 33 വർഷം ജീവിച്ചു എന്നാണ് പൊതു ധാരണ. പരസ്യ ദൗത്യജീവിതം വെറും മൂന്നു വർഷം മാത്രം. മൂന്നു വർഷം തികയും മുമ്പേ അതി നിഷ്ഠുരവും ഭീകരവും മ്ലേച്ഛവുമായ കുരിശുമരണത്തിനു വിധിക്കപ്പെട്ടു. ഞാൻ 35 വർഷത്തെ പൗരോഹിത്യജീവിതം പൂർത്തിയാക്കിക്കഴിഞ്ഞു; അതും കാര്യമായ ഒരു പീഡനവും ഏല്ക്കാതെ തന്നെ. ഈ യാഥാർത്ഥ്യം എന്റെ പൗരോഹിത്യശുശ്രൂഷയെ ഒരു പുനഃപരിശോധനയ്ക്കു വിധേയമാക്കാൻ എന്നെ ബാധ്യസ്ഥനാക്കുന്നു.

പരമ്പരാഗത ക്രൈസ്തവകുടുംബത്തിൽ ജനിച്ചു, ആചാരാനുഷ്ഠാനങ്ങളൊക്കെ നിർവഹിച്ചു വളർന്നു. ചെറുപ്പത്തിലെ തന്നെ സെമിനാരി ജീവിതം ആരംഭിച്ചു. അവിടെയും ഭക്തകൃത്യങ്ങളും മതാനുഷ്ഠാനങ്ങളും നിർവഹിക്കുന്നതിൽ ആത്മാർത്ഥത കാട്ടി; പഠനത്തിൽ താല്പര്യവും. ഇവയൊക്കെ ചെയ്യുമ്പോഴും അടിസ്ഥാനപരമായി ഒരു സത്യാന്വേഷകനായി നിലകൊണ്ടു. അന്വേഷണത്തിൽ കണ്ടെത്തുന്ന സത്യത്തോടു വിശ്വസ്തത പുലർത്തണമെന്നു എനിക്കെന്നും നിർബന്ധമുണ്ടായിരുന്നു.

രണ്ടാം വത്തിക്കാൻ സൂനഹദോസ് കഴിഞ്ഞു. അതിന്റെ പ്രമാണരേഖകളും തീരുമാനങ്ങളുമൊക്കെ സഭാതലത്തിൽ പ്രാവർത്തികമാക്കാൻ ശ്രമിക്കുന്ന കാലഘട്ടത്തിലാണ് എന്റെ വൈദിക ശുശ്രൂഷ ആരംഭിക്കുന്നത്. ഈ ചരിത്രഘട്ടം എന്റെ പൗരോഹിത്യ ദൗത്യം അർത്ഥപൂർണ്ണമാക്കുന്നതിന് ഏറെ സഹായകമായി. നിരന്തര അന്വേഷണങ്ങൾക്കും പരീക്ഷണങ്ങൾക്കും പുതിയ കണ്ടെത്തലുകൾക്കും അത് അവസരമൊരുക്കി.

പഴകുളം പള്ളിയിൽ വച്ചുള്ള 1971 ലെ വിശുദ്ധവാര പെസഹാ ശുശ്രൂഷയായിരുന്നു എന്റെ ആദ്യത്തെ വൈദികദൗത്യ നിർവ്വഹണപ്രവൃത്തി. വലിയ വ്യാഴാഴ്ച വൈകിട്ട് 12 ദലിത് സുഹൃത്തുക്കളുടെ കാലുകഴുകൽ ശുശ്രൂഷയോടെയാണ് എന്റെ പൗരോഹിത്യജീവിതം ആരംഭിക്കുന്നത്. അന്നും ഇന്നും അഭിമാനത്തോടെ സ്മരിക്കുന്ന ഒരു സംഭവമാണത്. അവിടെ വച്ച് എന്റെ

മാനസാന്തരത്തിനു തുടക്കംകുറിച്ചു. വൈദികവൃത്തി ശുശ്രൂഷയ്ക്കുള്ളതാണ്, ശുശ്രൂഷിക്കപ്പെടാനുള്ളതല്ല എന്ന ചിന്തയ്ക്കു പ്രായോഗികമായി തുടക്കംകുറിച്ചു.

തുടർന്നു ചാരുംമൂട് ഇടവകയിൽ അസിസ്റ്റന്റ് വികാരിയായും വികാരിയുടെ ചാർജ്ജ് വഹിച്ചും ചെലവഴിച്ച മൂന്നു വർഷങ്ങൾ, അവിടെ ആഴത്തിൽ ഇടപഴകാൻ സാധിച്ച ദലിത്ക്രൈസ്തവർ, പടനിലം-വെട്ടിയാറിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ, നൂറനാട് കുഷ്ഠരോഗാശുപത്രിയിലെ രോഗികൾ, സെന്റ് ജോസഫ്സ് ഹോമിലെ അന്തേവാസികൾ, ശിശുഭവനിലെ കുട്ടികൾ, ഒപ്പം എന്റെ എല്ലാ ഇടപെടലിലും സജീവമായി ഉൾചേർന്നു പ്രചോദനമായി നിലകൊണ്ട വികാരിയായ ഏലിയാസ് ജോസച്ചൻ - ഇവരെല്ലാവരും എന്റെ വൈദികവൃത്തിയുടെ സ്വഭാവം എന്തായിരിക്കണമെന്നു പഠിപ്പിക്കുകയായിരുന്നു. യൗസേപ്പും മേരിയും യേശുവിനെ സമയോചിതമായി ഒരുക്കിയ രീതിയിൽ, ഇവരെല്ലാവരും എന്റെ ഹൃദയത്തെയും ചിന്താശക്തിയെയും ഒരുക്കി, പൗരോഹിത്യത്തിന്റെ പുത്തൻമാനങ്ങളിലേയ്ക്കു വിരൽചൂണ്ടുകയായിരുന്നു. പള്ളിക്കകത്തെ സജീവ ആരാധനാക്രമത്തിനും പുറത്തുള്ള സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്കും അപ്പുറം യഥാർത്ഥ വൈദികൻ നടന്നുനീങ്ങാനുണ്ട് എന്ന പാഠം ഇവർ എന്നെ പഠിപ്പിച്ചു. സഭാപാരമ്പര്യത്തിലുള്ള ആചാരാനുഷ്ഠാനങ്ങൾ മാത്രം പോരാ എന്ന തോന്നൽ ശക്തമായി. അന്വേഷണം തുടരുകതന്നെ, ഞാൻ നിശ്ചയിച്ചു.

ഇലവുംതിട്ട മിഷനും ആറന്മുള ഇടവകയും എന്റെ വൈദികവൃത്തിക്കു പുതിയ വെല്ലുവിളികളുണർത്തി. ദലിതസമൂഹവും (ക്രൈസ്തവരും അക്രൈസ്തവരും) പരമ്പരാഗത മത്സ്യത്തൊഴിലാളിസമൂഹവും (ക്രൈസ്തവരും അക്രൈസ്തവരും) എന്റെ ഇടപെടലിന്റെ കർത്താക്കളായി. പാവപ്പെട്ടവർക്കു സുവിശേഷം, ബന്ധിതർക്കു മോചനം, അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യം ... (ലൂക്ക്. 4: 11-18) എന്ന യേശുവിന്റെ ജീവിതദൗത്യം ചരിത്രത്തിൽ തുടരുന്നതിന്റെ ഒരു കാൽവെയ്പായി അനുഭവപ്പെട്ടു. ജറുസലേം ദേവാലയത്തിൽ നിന്നും ഗലീലിയാ തടാകത്തിലേയ്ക്കും പ്രാന്തപ്രദേശത്തേയ്ക്കുമുള്ള യേശുവിന്റെ നടന്നുനീങ്ങൽ എന്റെ പൗരോഹിത്യദൗത്യനിർവഹണത്തിന്റെ കാതലായി മാറി. അതുപോലെ നിരന്തരമായ സെമിനാറുകളും മറ്റു ബോധവൽക്കരണപരിപാടികളും അവകാശങ്ങൾക്കുവേണ്ടിയുള്ള ജനത്തിന്റെ പോരാട്ടത്തിലുള്ള പങ്കുചേരലും - എല്ലാം തന്നെ എന്റെ പൗരോഹിത്യത്തിനു കൂടുതൽ അർത്ഥവത്തായ ദിശാബോധം നല്കി.

തുടർന്നു പത്തനംതിട്ടയിലെ ദലിത്ജനതയുടെ ജാതിമതഭേദമെന്യേയുള്ള കൂട്ടായ്മകളും സംഘാടനവും അവരെ അടിച്ചമർത്തി അടിമതുല്യരാക്കുന്ന മേധാവിത്വശക്തികൾക്കെതിരെയുള്ള പോരാട്ടങ്ങളും അവരുടെ മനുഷ്യാവ

കാശങ്ങൾക്കു വേണ്ടിയുള്ള സമരങ്ങളും ഞാൻ കണ്ടറിഞ്ഞു. എന്റെ ജനത്തിന്റെ നിലവിളി ഞാൻ കേട്ടു, അവരുടെ കണ്ണുനീർ ഞാൻ കണ്ടു, അവരുടെ ഹൃദയവ്യഥ ഞാൻ മനസ്സിലാക്കി - ഞാനിതാ ഇറങ്ങിവരുന്നു അവരെ മോചിപ്പിക്കുവാൻ എന്ന യഹോവയുടെ പുറപ്പാടു സംഭവത്തിലേയ്ക്കാണ് അത് വിരൽചൂണ്ടുന്നത്. ദേവാലയത്തിലെ ആരാധനയും ഭക്തകർമ്മങ്ങളും ഗാനങ്ങളുമൊക്കെ വിമോചനത്തിന്റെ അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്നവയായി പരിണമിച്ചു. ഇവിടെയെല്ലാം കർത്താവിന്റെ ദരിദ്രരുടെ സഭ (Church of the Poor) സാവകാശം രൂപംകൊള്ളുകയായിരുന്നു. പാവപ്പെട്ടവരോടും ചുങ്കക്കാരോടും പാപികളോടും സമരിയാക്കാരോടും വേശ്യകളോടും പുറജാതിക്കാരോടും അംഗവൈകല്യമുള്ളവരോടും സ്ത്രീകളോടുമൊക്കെയുള്ള യേശുവിന്റെ നിരന്തര സമ്പർക്കവും അവരുടെ പക്ഷംപിടിച്ചുള്ള തന്റെ ഇടപെടലും ദൗത്യനിർവ്വഹണവും ഫരിസ്യരെയും സദുക്യരെയും പുരോഹിതഗണത്തെയും ഭരണാധികാരികളെയും അസ്വസ്ഥരാക്കുന്നു. അവരുടെ നേരേ ഇരുതലയ്ക്കും മൂർച്ചയുള്ള വാളു പോലെ ശകാരവർഷം തന്നെ യേശു നടത്തുന്നു. തന്റെ നിലപാട് അസന്ദിഗ്ധമായി യേശു വെളിപ്പെടുത്തുന്നു. അപകടം പിടിച്ചതാണ് ഈ നിലപാടെങ്കിലും യേശു അതിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും തയ്യാറാകാതെ ഉറച്ചുനിന്നു. ഫലമോ, കുരിശിലേറ്റപ്പെടലും. ഈ ദിശയിലുള്ള ഒരു കാൽവെയ്പായിരുന്നു പത്തനംതിട്ടയിൽ വച്ച് ഞാനെടുത്തത്. പൗരോഹിത്യത്തിന്റെ അർത്ഥവ്യാപ്തി സമൂഹത്തിന്റെ മോചനവും മനുഷ്യന്റെ പൂർണ്ണതയും ഉൾക്കൊള്ളുന്നു എന്ന മോഹനമായൊരു അനുഭവം, ബോധപൂർവ്വമുള്ള തീർപ്പിന്റെയും പക്ഷംചേരലിന്റെയും അനുഭവം.

ഈ തീർപ്പോടു കൂടിയാണ് പടപ്പക്കര വികാരിയായി ചാർജ്ജെടുക്കുന്നത്. യേശുവിന്റെ രക്ഷയുടെയും മോചനത്തിന്റെയും പാത തെളിക്കുന്നതാവണം എല്ലാ ആരാധനാശുശ്രൂഷയും വചനപ്രഘോഷണവുമെന്നും അടിച്ചമർത്തപ്പെട്ട ജനത്തിന്റെ മോചനപ്രവർത്തനപ്രക്രിയയിലുള്ള ഇടപെടലും സമരത്തിലുള്ള പങ്കാളിത്തവും യേശുപൗരോഹിത്യത്തിന്റെ ഉൾക്കാമ്പാണെന്നും ബോധ്യപ്പെട്ടു. എല്ലാവിധ അനീതിയുടെയും തിന്മയുടെയും അധികാരദുർവിനിയോഗത്തിന്റെയും പ്രതീകമായ ജെറുസലേം ദേവാലയത്തിലേയ്ക്ക് തന്റെ ജനത്തോടൊപ്പമുള്ള യേശുവിന്റെ മുന്നേറ്റം (ഹോസാന ഞായർ) ജനത്തിന്റെ വിമോചനത്തിന്റെ കാഹളധ്വനിയാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾക്കു വേണ്ടി കൊല്ലം കളക്ട്രേറ്റിനു മുന്നിൽ 1984 ൽ 11 ദിവസം നിരാഹാരം കിടന്നതിന്റെ ദൈവശാസ്ത്ര അടിത്തറ ഇവിടെയാണ് ഞാൻ ദർശിച്ചത്.

അന്വേഷണത്തിന്റെ ഈ പാതയിൽ ഒരു കാര്യം എനിക്കു തീർത്തും മനസ്സിലായി. യേശുവിന്റെ പൗരോഹിത്യവും പൗരോഹിത്യ ശുശ്രൂഷയും, ആചാ

രാനുഷ്ഠാനങ്ങൾക്കും മതാചാരങ്ങൾക്കും കൗദാശികാടയാളങ്ങൾക്കുമൊക്കെ അപ്പുറം വളരെ വിശാലവും പരിധികളില്ലാത്ത സാധ്യതകളും തുറവിയും ഉള്ള തുമാണ്. മനുഷ്യമോചനത്തിനും പ്രകൃതിയുടെ സാക്ഷാത്ക്കാരത്തിനും പൂർണിമയ്ക്കുമായി സ്വയം വലിച്ചെറിയുന്ന, അപരർക്കായി സ്വയം ശൂന്യവ ല്ക്കരിക്കുന്ന, സ്വന്തമെന്ന അവസ്ഥയെ മറന്നു അപരനുവേണ്ടി സ്വയം കൊടു ക്കുന്ന പ്രക്രിയയാണ് പൗരോഹിത്യത്തിന്റെ അന്തഃസത്ത. ഈ സ്വയം ത്യജി ക്കലിൽ ഒരു ധ്രുവീകരണമുണ്ട്; വ്യക്തമായും ഒരു പക്ഷംപിടിക്കലുണ്ട്. വില കൊടുക്കേണ്ടിവരും - അതും ജീവൻ തന്നെ. അതുകൊണ്ടുതന്നെയാണ് യേശുവിനു തന്റെ ജീവിതദൗത്യനിർവഹണത്തിൽ മൂന്നു വർഷം തികയ്ക്കാൻ സാധിക്കാതെപോയത്. ഗൗരവമായി ഈ ധ്രുവീകരണപ്രക്രിയയിൽ ഇടപെ ടാൻ എനിക്കു സാധിക്കാത്തതുകൊണ്ട്, അതാവശ്യപ്പെടുന്ന വില കൊടുക്കു വാൻ തയ്യാറാകാത്തതുകൊണ്ട് എന്റെ വൈദികജീവിതത്തിൽ ഞാൻ 35 വർഷം തികച്ചു. ഏറെ ചിന്തയ്ക്കു വിഷയീഭവിക്കേണ്ട കാര്യമാണിത്.

പടപ്പക്കര പള്ളിയിൽ നിന്നും രണ്ടുമാസത്തെ അവധികഴിഞ്ഞു തിരിച്ചുവ ന്നപ്പോൾ, സഭാധികാരികൾ പള്ളി തരാതെ അവധി വർഷങ്ങളോളം നീട്ടി. ഈ പ്രക്രിയയെ യേശുവിനു ജറുസലേം ദേവാലയത്തിലുണ്ടായ അനുഭവമാ യിട്ടാണ് ഞാൻ കാണുക. പ്രവാചകന്റെ പുസ്തകം നല്കപ്പെട്ടു. വചനം പ്രഘോ ഷിച്ചു. .. സിനഗോഗിലുണ്ടായിരുന്ന എല്ലാവരും അവനെപ്പറ്റി പ്രശംസിച്ചു. ... (ലൂക്ക് 4: 16-24). തുടർന്ന് യേശു വ്യക്തമാക്കി: ഏലിയ പ്രവാചകന്റെ കാലത്ത് ഇസ്രയേലിൽ അനേകം വിധവകളുണ്ടായിട്ട്, സീദോനിൽ സെറപ്തായിലെ വിധവയുടെ അടുക്കലേയ്ക്കല്ലാതെ മറ്റാരുടെ അടുക്കലേയ്ക്കും ഏലിയ അയ യ്ക്കപ്പെട്ടില്ല. ഏലീശാ പ്രവാചകന്റെ കാലത്ത് ഇസ്രയേലിൽ അനേകം കുഷ്ഠ രോഗികളുണ്ടായിരുന്നിട്ടും, അവരിൽ സിറിയക്കാരനായ നാമാൻ അല്ലാതെ മറ്റാരും സുഖമാക്കപ്പെട്ടിട്ടില്ല. ഇതു കേട്ടപ്പോൾ സിനഗോഗിലുണ്ടായിരുന്ന എല്ലാവരും കോപാകുലരായി. അവർ അവനെ പട്ടണത്തിൽ നിന്നും പുറത്താ ക്കുകയും തങ്ങളുടെ പട്ടണം സ്ഥിതിചെയ്യുന്ന മലയുടെ ശൃംഗത്തിൽ നിന്നു താഴേക്കു തള്ളിയിടാനായി കൊണ്ടുപോവുകയും ചെയ്തു. എന്നാൽ അവൻ അവരുടെ ഇടയിലൂടെ നടന്നു അവിടംവിട്ടുപോയി. (ലൂക്കാ 4: 25-30). യേശു പോയതോ കഫർണാമിലും ഗലീലിയായിലെ കടൽത്തീരത്തെ ജനങ്ങളുടെ മധ്യത്തിലേയ്ക്കും. പള്ളി വിട്ടപ്പോഴാണ് യേശു തന്റെ പൗരോഹിത്യദൗത്യം അതിന്റെ വിശാലതയിലും അർത്ഥവ്യാപ്തിയിലും, സമയമെന്നോ അസമയ മെന്നോ, രാത്രിയെന്നോ പകലെന്നോ ഇല്ലാതെ നിർവഹിച്ചത്. ഈ അന്വേ ഷണം എന്നെ കൊണ്ടെത്തിക്കുന്ന നിഗമനമിതാണ്, ഇന്നു ഞാൻ ഒരു 'കൂടു തൽ' പുരോഹിതനാണ്, യേശുദർശനത്തിന്റെ അടിസ്ഥാനത്തിൽ.

# അനുബന്ധം – 1

# JANAJAGRTHY

Reg: No. A. 310/91
Paravoor, Alappuzha - 688 014, Keralam, S. India.
Phone: 0477 - 257602

Fr. Aloysius D. Fernandez

On the 21st day of September 1998, I, Fr Aloysius D Fernandez, Janajagrthy Bhavan, Paravoor, Alappuzha 688 014 declare it as my desire and 'Will' to donate my body, both as whole or as part as the case may be, to the Department of Anatomy, Alappuzha Medical College or to any other Medical College closest to the place of my death. It is approved and signed by only brother Mr Joseph D Fernandez and my only sister Mrs. Varithal Samson called Baby who are my legal successors at present. The two witnesses are: (i) my elder brother's son Mr Johnson A and one of the staff of Janajagrthy, Paravoor, Alappuzha where I am working now, namely Mr N.G.Sasthri Valiyaparambil, Perigalipuram.

Fr Aloysius D. Fernandez.

Signature of legal successors:
1. Joseph D. Fernandez
2. Varithal Samson

Signature of the witnesses:
1. Johnson A
2. N.G.Sasthri

8439

# അനുബന്ധം - 2

## ഫാ. അലോഷ്യസ് ഡി. ഫെർണാന്റസ്

1947 ആഗസ്റ്റ് 29 നു ജനനം. അച്ഛൻ ദാവീദ് വി. ഫെർണാന്റസ്, അമ്മ ത്രേസ്യാമ്മ. കേരളാ യൂണിവേഴ്സിറ്റിയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബി. എ., ആലുവ സെന്റ് ജോസഫ് പൊന്റിഫിക്കൽ സെമിനാരിയിൽ നിന്ന് ബി. ഡി., അമേരിക്കയിലെ ബോസ്റ്റൻ കോളേജിൽ നിന്ന് ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം.

ബാംഗ്ലൂരിലെ ഇൻഡ്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് കമ്മ്യൂണിറ്റി ഓർഗനൈസേഷൻ കോഴ്സിൽ സർട്ടിഫിക്കറ്റ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസും അമേരിക്കൻ കൗൺസിലേഴ്സ് അസോസിയേഷനും ട്രാഡയും സംയുക്തമായി നടത്തിയ അഡ്വാൻസ്ഡ് സൈക്കോതെറാപ്പിയിലും കൗൺസലിംഗിലും ഡിപ്ലോമ, ന്യൂഡൽഹിയിലെ ഇൻഡ്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ സോഷ്യൽ വർക്കേഴ്സ് പ്രൊമോഷൻ കോഴ്സിൽ ഡിപ്ലോമ, ഡോ. എം. എം. തോമസിൽ നിന്ന് സോഷ്യൽ ആക്ഷനെപ്പറ്റിയും ഫാ. സെബാസ്റ്റ്യൻ കാപ്പനിൽ നിന്ന് മാർക്സിസത്തെപ്പറ്റിയും ഗുരുകുല അനുഭവപഠനം, ബ്രസീലിൽ അടിസ്ഥാന ക്രൈസ്തവസമൂഹങ്ങളുമായുള്ള ഇടപഴകൽ.

ഇവയിൽ നിന്നൊക്കെ പ്രചോദനമുൾക്കൊണ്ട് കേരളത്തിൽ വിമോചന ദൈവശാസ്ത്രപാത വെട്ടിത്തെളിക്കുന്നതിൽ കർമ്മനിരതൻ. കർഷകത്തൊഴിലാളികളുടെയും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെയും സമൂഹത്തിലെ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെയും അവകാശ-വിമോചന പോരാട്ടങ്ങളിൽ അവരോടൊപ്പം പങ്കുചേരുന്നു. ഈ പോരാട്ട പ്രക്രിയയിൽനിന്ന് ഉരുത്തിരിഞ്ഞ സാമൂഹ്യപ്രതിരോധ സംഘങ്ങളായ എം. ജെ. എം. (മാവേലിക്കര), വി. വി. കെ. (പത്തനംതിട്ട), ഡി. പി. ഐ. എഫ്. സി. (കൊല്ലം), സരോവര (കൊട്ടാരക്കര), ജനജാഗ്വതി (ആലപ്പുഴ), സമന്വയം കേരളം (ആലപ്പുഴ), ഭൈരവി സ്ത്രീസംഘം (പത്തനംതിട്ട) എന്നിവയുടെയും, ഇവയുടെയെല്ലാം ഏകോപനം ലക്ഷ്യംവച്ചുകൊണ്ടുള്ള ജനകീയസംഘ ഏകോപനസമിതിയുടെയും രൂപീകരണത്തിലും വളർച്ചയിലും നിർണായകമായ പങ്കുവഹിച്ചു. സാമൂഹ്യാപഗ്രഥനത്തിലൂന്നിയ നേതൃത്വപരിശീലന കോഴ്സ് നല്കുന്നതിൽ അനുഭവസമ്പന്നൻ. ക്രിസ്തുദർശനത്തിലെ മാർക്സിയൻ ചിന്താധാരകളെയും മാർക്സിയൻ പ്രത്യയശാസ്ത്രത്തിലെ ക്രിസ്തുദർശനങ്ങളെയും മനുഷ്യവിമോചനത്തിനായി സമന്വയിപ്പിച്ചു വളർത്തുന്ന വിമോചനദൈവശാസ്ത്ര വക്താവ്. 23 വർഷങ്ങളായി പ്രസിദ്ധീകരിച്ചുവരുന്ന ഓറ മാസികയുടെ സ്ഥാപകാംഗം; ഇപ്പോൾ മാനേജിംഗ് എഡിറ്റർ.

**പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ**

1. സഭയും സംസ്കാര സാത്മീകരണവും
2. സോളമനച്ചൻ: ആത്മസമർപ്പണത്തിന്റെ പ്രതീകം
3. അവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ
4. നേർക്കാഴ്ചകൾ (പണിപ്പുരയിൽ)

**വിലാസം:**

*ജനജാഗ്വതി ഭവൻ, പുന്നപ്ര നോർത്ത് പി. ഒ.*

*ആലപ്പുഴ - 688 014 ഫോൺ 0477 - 2287602*

PC Library & Research Centre

# കറുത്ത കുർബ്ബാന

## ഞാൻ നടന്ന വഴികൾ

ഫാ. അലോഷ്യസ് ഡി. ഫെർണാന്റസ്



ഫാ. അലോഷ്യസ്, പൗരോഹിത്യം ഉപേക്ഷിച്ചിട്ടില്ലാത്ത,
എന്നാൽ വഴിമാറി നടക്കുന്ന, പുരോഹിതനാണ്.
മസ്തിഷ്ക്ക പ്രക്ഷാളനങ്ങളെ ചോദ്യംചെയ്യാനും,
സ്വന്തമായ ആന്തരികാസ്വസ്ഥതകൾ നിർമ്മിക്കാനും,
അവയുടെ തീപ്പൊരികൾ വിതറുന്ന വെളിച്ചത്തിലൂടെ
ഒറ്റയ്ക്ക് സഞ്ചരിക്കാനും തയ്യാറായ
ഒരു പുരോഹിതൻ തുറന്നുപിടിയ്ക്കുന്ന
ജീവിതവാതിലാണ് കറുത്തകുർബ്ബാന.
സമകാലീന ക്രൈസ്തവപൗരോഹിത്യത്തിന്റെ
അസംഖ്യം കാണാപ്പുറങ്ങളിലേയ്ക്ക്
അത് നമ്മെ നയിക്കുന്നു.

*സക്കറിയ*

മലയാളത്തിന് ഇന്നും അപരിചിതമായ
പൗരോഹിത്യ മേഖലയുടെ നേർചിത്രങ്ങൾ
മലയാളിക്ക് മുന്നിൽ
ആദ്യമായി വരച്ചുകാട്ടുന്ന കൃതി.
പൗരോഹിത്യത്തിന്റെ കാപട്യങ്ങളെ
ചോദ്യംചെയ്യുന്ന
അസാധാരണ ആത്മാന്വേഷണം.

*ബിഷപ്പ് ഡോ. പൗലോസ് മാർ പൗലോസ് ഫൗണ്ടേഷൻ*
*ഫോർ സോഷ്യോ-കൾച്ചറൽ ഡവലപ്പ്മെന്റ്*
*തൃശൂർ*

വില: 130 രൂപ.

# കറുത്ത കുർബ്ബാന

## ഞാൻ നടന്ന വഴികൾ

ഫാ. അലോഷ്യസ് ഡി. ഫെർണാന്റസ്



242

Indic Digital Archive Foundation
gpura.org